ശീലം (അ-ന-പ്ര-ഏ) നല്ല ചരിതത്തിന്റെ പേർ. ഉന്മാദഃ, ചിത്തവിഭ്രമഃ (അ-പു-പ്ര-ഏ) ഇവ ഭ-ം ഭ്രാന്തിന്റെ പേർ. പ്രേമാ (ന-പു-പ്ര-ഏ) പ്രിയതാ (അ-സ്ത്രീ-പ്ര-ഏ) ഹാർദ്ദം (അ-ന-പ്ര-ഏ) പ്രേമ (ന-ന-പ്ര-ഏ) സ്നേഹഃ (അ-പു-പ്ര-ഏ) ഇവ ഭ-ം സ്നേഹത്തിന്റെ പേർ. ദോഹളഃ (അ-പു-പ്ര-ഏ) ദോഹളം പുന്ന നപുംസകമായിട്ടും പാഠം കാണുന്നു. ഇച്ഛാ, കാങ്ക്ഷാ, സ്പൃഹാ, ഈഹാ (അ-സ്ത്രീ-പ്ര-ഏ) തൃഡ് (ഷ-സ്ത്രീ-പ്ര-ഏ) വാഞ്ഛാ, ലിപ്സാ (അ-സ്ത്രീ-പ്ര-ഏ) മനോരഥഃ (അ-പു-പ്ര-ഏ) കാമഃ, അഭിലാഷഃ, തൃഷ്ണഃ (അ-പു-പ്ര-ഏ) ഇവ ഫ-ം ഇച്ഛയുടെ പേർ. ലാലസാ (അ-സ്ത്രീ-പ്ര-ഏ) അകാരാന്ത പുല്ലിംഗമായിട്ടുമാം. അധികമായ ഇച്ഛയുടെ പേർ.

ഉപാധിനാ ധർമ്മചിന്താ പുംസ്യുപധിർമ്മാനസീ വൃഥാ
സ്യാച്ചിന്താ സ്മൃതിരാധ്യാന മുൽകണ്ഠോൽകലികേ സമേ.

ഉപാധിഃ (ഇ-പു-പ്ര-ഏ) ധർമ്മവിചാരത്തിന്റെ പേർ. അപധിഃ (ഇ-പു-പ്ര-ഏ) മനസ്സിലുണ്ടാകുന്ന വ്യഥയുടെ പേർ. ചിന്താ (അ-സ്ത്രീ-പ്ര-ഏ) സ്മൃതിഃ (ഇ-സ്ത്രീ-പ്ര-ഏ) ആധ്യാനം (അ-ന-പ്ര-ഏ) ഇവ ന-ം ചിന്തയുടെ പേർ. ഉൽകണ്ഠാ, ഉൽകലികാ (അ-സ്ത്രീ-പ്ര-ഏ) ഇവ ഫ-ം ഉൽകണ്ഠയുടെ പേർ.

ഉത്സാഹോ വ്യവസായസ്സ്യാൽ സവീര്യമതിശക്തിഭാക്
കപടോ5സ്ത്രീ വ്യാജദംഭോപധയച്ഛദ്മ കൈതവേ. ന

ഉത്സാഹഃ, വ്യവസായഃ (അ-പു-പ്ര-ഏ) ഇവ ര-ം ഉത്സാഹത്തിന്റെ പേർ. വീര്യം (അ-ന-പ്ര-ഏ) അതിശക്തിയോടുകൂടിയ ഉത്സാഹത്തിന്റെ പേർ. കപടഃ (അ-പു-പ്ര-ഏ) കപടം എന്ന നപുംസകമായിട്ടുമാം. വ്യാജഃ, ദംഭഃ (അ-പു-പ്ര-ഏ) ഉപധിഃ (ഇ-പു-പ്ര-ഏ) ചതുരം (ന-ന-പ്ര-ഏ) കൈതവം (അ-ന-പ്ര-ഏ) ഇവ സ-ം വ്യാജത്തിന്റെ പേർ.

കൃത്രിനികൃതിശ്ശാഠ്യം പ്രമാദോऽനവധാനതാ
കൌതൂഹലംകൌതുകഞ്ച കുതുകഞ്ച കുതൂഹലം. ൫൬

കൃത്രിമഃ, നികൃതിഃ (ഇ-സ്ത്രീ-പ്ര-ഏ) ശാഠ്യം (അ-ന-പ്ര-ഏ)ഇവ ന-ം ശാഠ്യത്തിന്റെ പേർ. കപടാദിശബ്ദങ്ങൾ ഒൻപതും സമാനാർത്ഥങ്ങളാകുന്ന എന്ന ചിലരുടെപക്ഷം. കപടാദിശബ്ദങ്ങൾ പ്രയോഗിക്കപ്പെടുന്നതിന്ന പകരമായിട്ട് കൃത്യാദിശബ്ദങ്ങൾ ഒരെടത്തും പ്രയോഗിക്കപ്പെട്ട കാണുന്നതുമില്ല. അപ്രകാരം പ്രയോഗമുണ്ടായിരുന്നാൽ നിശ്ചിന്തിസ്മരനാരാചാഃ കാന്താ ദൃക്പാതകൈതവാൽ എന്നുള്ള പ്രയോഗംപോലെ കാന്താദൃക്പാതശാഠ്യേന വിശ്ചിന്തിസ്മരസായകാഃ എന്നുമാവാമെന്നുവരാം. രണ്ടുവിധത്തിലായാലും അർത്ഥസാമ്യമുണ്ട് എന്ന അനുഭവവുമില്ല. അതുഹേതുവായിട്ട് വ്യാജവും ശാഠ്യവും വേറെതന്നെ എന്ന ഞാൻ വിചാരിക്കുന്ന. നേർവഴിക്കു നടക്കായ്ക അതെ ശാഠ്യമാകുന്നതു്. പ്രമാദഃ (അ-പു-പ്ര-ഏ) അനവധാനതാ (അ-സ്ത്രീ-പ്ര-ഏ) ഇവ ര-ം അവധാനമില്ലായ്കയുടെ പേർ. ഈ അർത്ഥത്തെത്തന്നെ സാവധാനമില്ലാത്തതിന്റെ പേർ എന്ന വാക്കുകൊണ്ടു ചിലർ പറഞ്ഞിരിക്കുന്ന. കൌതൂഹലം, കൌതുകം, കുതുകം, കുതൂഹലം (അ-ന-പ്ര-ഏ) ഇവ ര-ം കൌതുകത്തിന്റെ പേർ.

സ്ത്രീണാം വിലാസബ്വിംബ്വോകവിഭ്രമാ ലളിതം തഥാ
ഹേലാ ലീലേത്യമീ ഹാവാഃ ക്രിയാശ്ശൃംഗാരഭാവജാഃ.

വിലാസഃ, ബ്വിംബ്വോകഃ, വിഭ്രമഃ (അ-പു-പ്ര-ഏ) ലളിതം (അ-ന-പ്ര-ഏ) ഹേലാ, ലീലാ (ആ-സ്ത്രീ-പ്ര-ഏ) ഹാവാഃ (അ-പു-പ്ര-ബ) വിലാസാദികൾ ന-ം ഹാവങ്ങളാകുന്ന എന്നർത്ഥം. ഹാവമെന്നതു് വിലാസാദികളുടെ പേരാകുന്ന എന്നു് അതിന്റെ ഭാവമാകുന്ന. ക്രിയാശ്ശൃംഗാരഭാവജാഃ എന്നതുകൊണ്ടു വിലാസാദികളുടെ സാമാന്യരൂപത്തെ പറഞ്ഞിരിക്കുന്ന. സ്ത്രീകളുടെ ശൃംഗാരരസസംഭൃതകളായിരിക്കുന്ന ചേഷ്ടകളത്രേ വിലാസാദികൾ എന്നർത്ഥം. അതുകളിൽ വച്ചു് വിലാസമെന്നതു് മുഖം, കണ്ണുകൾ, പുരികങ്ങൾ ഇവകൾക്കു് ശൃംഗാരരസം നിമി

ത്തമായിട്ടു യൌവനത്തിങ്കൽ ഉണ്ടായികാണപ്പെടുന്ന വിശേഷമാകുന്നു. ബിംബൊകമെന്നതു് ഗർഭം നിമിത്തമായി ഇഷ്ടപ്രാപ്തിയിങ്കൽ കൂടെ ഉണ്ടാകുന്ന അനാദരമാകുന്നു. ചിത്തവൃത്തിയുടെ അനവസ്ഥാനമത്രേ വിഭ്രമമാകുന്നതു്. ലളിതമെന്നതു് അത്യാസ്ഥാപദേശംകൂടാതെ രതികാലത്തിങ്കൽ താനേതോന്നുകയാൽ പ്രവർത്തിക്കപ്പെടുന്ന ചേഷ്ടാവിശേഷമാകുന്നു. സുരതത്തിങ്കൽ ഉള്ള അത്യാഗ്രഹമത്രേ വിഹലയാകുന്നതു്. ലീലാ എന്നതു് വിശേഷചേഷ്ടകൾകൊണ്ടു് ഭർത്താവിനെ അനുകരിക്കുന്നതാകുന്നു. മേൽചറഞ്ഞ വിലാസാദികൾ അറിഞ്ഞുകൊൾകയും വേണം.

ഭ്രുവകേളിപരീഹാസാഃ ക്രീഡാ ലീലാ ച നർമ്മ ച
വ്യാജോപദേശോ ലക്ഷ്മഞ്ച ക്രീഡാ കേലാ ച കർത്തനം.

ഭ്രുവഃ (അ-പു-പ്ര-ഫ്ലു) കേളിഃ (ഇ-സ്ത്രീ-പ്ര-ഫ്ലു) പരീഹാസഃ (അ-പു-പ്ര-ഫ്ലു) ക്രീഡാ, ലീലാ (ആ-സ്ത്രീ-പ്ര-ഫ്ലു) നർമ്മ (ന-ന-പ്ര-ഫ്ലു) ഇവ നു-ം ക്രീഡയുടെ പേർ. വ്യാജഃ, അപദേശഃ (അ-പു-പ്ര-ഫ്ലു) ലക്ഷ്മം (അ-ന-പ്ര-ഫ്ലു) ഇവ നു-ം സ്വരൂപാച്ഛാദനത്തിന്റെ പേർ. ലക്ഷ്മാസ്ത്രീ എന്നുള്ള പാഠം തൊഴുതതെന്നെ. ക്രീഡാ, കേലാ (ആ-സ്ത്രീ-പ്ര-ഫ്ലു) കർത്തനം (അ-ന-പ്ര-ഫ്ലു) ഇവ നു-ം ബാലക്രീഡയുടെ പേർ.

ഹർഷോ നിദ്രാഗമഃ സ്വപ്നസ്യാൽ പ്രളയോ നഷ്ടചേഷ്ടിതാ
അവഹിത്ഥാകാരഗൂഹ്യചിസ്സമെ സംവേഗസംഭ്രമെ.

ഹർഷമഃ, നിദ്രാഗമഃ, സ്വപ്നഃ (അ-പു-പ്ര-ഫ്ലു) ഇവ നു-ം വിയപ്പിന്റെ പേർ. പ്രളയഃ (അ-പു-പ്ര-ഫ്ലു) നഷ്ടചേഷ്ടിതാ (അ-സ്ത്രീ-പ്ര-ഫ്ലു) ഇവ പു-ം മൂർച്ഛഹേതുവായിട്ടു് ഇളക്കംകൂടാതെ ഉള്ള കിടപ്പിന്റെ പേർ. അവഹിത്ഥാ, (അ-സ്ത്രീ-പ്ര-ഫ്ലു) ആകാരഗൂഹ്യഃ (ഇ-സ്ത്രീ-പ്ര-ഫ്ലു) ഇവ പു-ം മനസ്സിലുള്ള വികാരത്തെ മറയ്ക്കുന്നതിന്റെ പേർ. സംവേഗഃ, സംഭ്രമഃ (അ-പു-പ്ര-ഫ്ലു) ഇവ പു-ം സംഭ്രമത്തിന്റെ പേർ.

സ്യാദാഛ്ശ്രുതികം ഹാസസ്സോൽപ്രാശസ്സ്മനാക് സ്മിതം
മധ്യമസ്യാദ്വിഹസിതം തോമാഞ്ചോ തോമഹർഷണം നൃ൪൫

ആഛ്ശ്രുതികം (അ-ന-പ്ര-ഫ്ലു) പൊട്ടിച്ചിരിക്കുന്നതിന്റെ പേർ. സ്മിതം (അ-ന-പ്ര-ഫ്ലു) അല്പമായുള്ള ചിരിയുടെ പേർ. വിഹസിതം (അ-ന-പ്ര-ഫ്ലു) ഒത്തവണ്ണം ചിരിക്കുന്നതിന്റെ പേർ. തോമാഞ്ചഃ (അ-പു-പ്ര-ഫ്ലു) തോമഹർഷണം. (അ-ന-പ്ര-ഫ്ലു)ഇവ പു-ം കോരിമയിർകൊള്ളുന്നതിന്റെ പേർ.

ക്രന്ദിതം രുദിതം ക്രുഷ്ടം ജൃംഭസ്തു ത്രുഷു ജൃംഭണം
വിപ്രലംഭോ വിസംവാദോ തിംപണം സ്പന്ദനം സമേ.

ക്രന്ദിതം, രുദിതം, ക്രുഷ്ടം (അ-ന-പ്ര-ഏ) ഇവ ന-ം കരയുന്നതിന്റെ പേർ. ജൃംഭഃ (അ-പു-പ്ര-ഏ) ജൃംഭാ എന്ന സ്ത്രീലിംഗമായിട്ടും ജൃംഭമെന്ന നപുംസകമായിട്ടുമാം. ജൃംഭണം (അ-ന-പ്ര-ഏ) ഇവ ന-ം മൂരി നിവരുന്നതിന്റെ പേർ. ജൃംഭണശബ്ദത്തോടാകുന്ന ത്രിഷു എന്നതിന്റെ സംബന്ധമെന്ന വിഛാദിച്ചിട്ട ചിലർ ജൃംഭണം (ന-സ്ത്രീ-ക്ലീ) എന്ന കാണിച്ചിരിക്കുന്നു. അതു സിദ്ധാന്തവിരുദ്ധമാകയാൽ സ്വീകരിച്ചുകൂടുന്നതുമല്ല. വിപ്രലംഭഃ, വിസംവാദഃ (അ-പു-പ്ര-ഏ) ഇവ ന-ം ചതിവാക്കിന്റെ പേർ. മഹേശ്വരടീകയിൽ വഞ്ചനായുക്ത ഭാഷണസ്യ എന്നാകുന്നു. വഞ്ചനയോടുകൂടിയതായ വാക്കിന്റെ പേർ. എന്നു അതിന്റെ അർത്ഥമാകുന്നു. അതു ഹേതുവായിട്ടു തുടങ്ങിയതിന്റെ അന്യഥാത്വത്തിന്റെ പേർ എന്നുള്ള മതം നിസ്സാരമാകുന്നു. തിംപണം, സ്പന്ദനം (അ-ന-പ്ര-ഏ) ഇവ ന-ം സ്വധർമ്മാദിയുടെ ചലനത്തിന്റെ പേർ.

സ്വാന്നിദ്രാ സ്വപനം സ്വാപ സ്സ്വപ്ന സ്സംവേശ ഇത്യപി
തന്ത്രീ പ്രമീളാ ത്രുകുടിർ ത്രുകുടിർ ത്രുകുടിഃ സ്ത്രിയാം. ൩൬

നിദ്രാ (അ-സ്ത്രീ-പ്ര-ഏ) സ്വപനം (അ-ന-പ്ര-ഏ) സ്വാപഃ, സ്വപ്നഃ, സംവേശഃ (അ-പു-പ്ര-ഏ) ഇവ ത-ം ഉറക്കത്തിന്റെ പേർ. തന്ത്രീ (ഈ-സ്ത്രീ-പ്ര-ഏ) പ്രമീളാ (അ-സ്ത്രീ-പ്ര-ഏ) ഇവ ന-ം മടിയുടെ പേർ. ത്രുകുടിഃ, ത്രുകുടിഃ, ത്രുകുടിഃ (ഇ-സ്ത്രീ-പ്ര-ഏ) ഇവ ന-ം കോട്ടാഞരമ്പിന്റെ പേർ.

അദൃഷ്ടിസ്സ്യാദസൌമ്യേക്ഷ്ണീ സംസിദ്ധിപ്രകൃതീ സ്ത്രിയാം
സ്വരൂപഞ്ച സ്വഭാവശ്ച നിസർഗ്ഗശ്ചാഥ വേപഥുഃ
കംപോഥ ക്ഷ്വണ ഉത്സർഷോ മഹ ഉത്സവ ഉത്സവഃ. ൩൭

അദൃഷ്ടിഃ (ഇ-സ്ത്രീ-പ്ര-ഏ) ക്രൂരമായ നോക്കിന്റെ പേർ. സംസിദ്ധിഃ, പ്രകൃതിഃ (ഇ-സ്ത്രീ-പ്ര-ഏ) സ്വരൂപം (അ-ന-പ്ര-ഏ) സ്വഭാവഃ, നിസർഗ്ഗഃ (അ-പു-പ്ര-ഏ) ഇവ ത-ം സ്വഭാവത്തിന്റെ പേർ. വേപഥുഃ (ഉ-പു-പ്ര-ഏ) കംപഃ (അ-പു-പ്ര-ഏ) ഇവ ന-ം വിറയ്ക്കുന്നതിന്റെ പേർ. ക്ഷ്വണഃ, ഉത്സർഷഃ, മഹഃ, ഉത്സവഃ, ഉത്സവഃ (അ-പു-പ്ര-ഏ) ഇവ ത-ം ഉത്സവത്തിന്റെ പേർ.

ഇതി നാട്യവർഗ്ഗഃ.

പാതളഭോഗിവർഗ്ഗഃ പ്രാരംഭഃ

അധോഭുവന പാതാള ബിലിസപ്ത രസാതലം
നാഗലോകകാടക കുഹരം സുഷിരം വിവരം വിലം ക
ചരിത്രം നിർഗ്ഗമനം രോകം രന്ധ്രം ശുഭ്രം വപാ സുഷിഃ
ഗർത്താവടൌ ഭുവശ്ഛുഭ്രേ സരന്ധ്രേ സുഷിരം ത്രിഷു. ഖ

അധോഭുവനം, പാതാളം (അ-ന-പ്ര-ഏ) ബിലിസപ്ത (ന ന-പ്ര-ഏ) രസാതലം(അ ന-പ്ര-ഏ) നാഗലോകഃ (അ-പു-പ്ര ഏ) ഇവ ദ്വി-ം പാതാളത്തിന്റെ പേർ. കുഹരം, സുഷിരം, വിവരം, വിലം, ചരിത്രം, നിർഗ്ഗമനം, രോകം, രന്ധ്രം, ശുഭ്രം(അ ന-പ്ര-ഏ) വപാ (അ-സ്ത്രീപ്ര-ഏ) സുഷിഃ (ഇ-സ്ത്രീ-പ്ര-ഏ)ഇവ ക്ലീ-ം സാമാന്യമായ പൊത്തിന്റെ പേർ. മേല്പറഞ്ഞ, ശബ്ദങ്ങളിൽ രോകമെന്നതിന്റെ സ്ഥാനത്തു് രോകഃ എന്ന സകാരാന്തപുംസകവുമാം. സുഷിഃ എന്നതിന്റെ സ്ഥാനത്തു് ശുഷിഃ എന്നുമാം. ഗർത്തഃ (അ-പു-പ്ര-ഏ) ഗർത്താ എന്ന അകാരാന്തമായിട്ടുമാം. അവടഃ (അ-പു-പ്ര ഏ) അവടിഃ എന്ന ഇകാരാന്തമായിട്ടുമാം. ഇവ ക-ം ഭൂമിയിലുള്ള പൊത്തിന്റെ പേർ. ഭുവഃശുഭ്ര എന്നും ഭുവിശുഭ്ര എന്നും പാഠമുണ്ടു്. സുഷിരം (അ-ന-പ്ര-ഏ) ഇതിനു പൊതോടുകൂടിയതു് എന്നും അർത്ഥമുണ്ടു്. അപ്രകാരമായാൽ ത്രിലിംഗമാകയും ചെയ്യും.

അന്ധകാരോടസ്ത്രിയാം ധ്വാന്തം തമിസ്രം തിമിരം തമഃ
ധ്വാന്തേ ഗാഢന്ധതമസം ക്ഷീണേവതമസം തമഃ. ന

വിഷ്വക്സേനസ്തമസം നാഗാഃ കാദ്രവേയാസ്തദീശ്വരഃ
ശേഷോടനന്തോ വാസുകിസ്തു സർപ്പരാജ്ഞടഥ ഗോനസേ
തിമിതിമ്സഃ സ്യാദഗാധേ ശയുർവ്യാഹസ ഇത്യുഭേ
അജഗർഭോഗോ ജലവ്യാളസ്സമൌ രാജില ഡുണ്ഡുഭേ. ഒ

അന്ധകാരഃ (അ-പു-പ്ര-ഏ) അന്ധകാരം എന്ന നപുംസകമായിട്ടുമാം. ധ്വാന്തം, തമിസ്രം, തിമിരം (അ-ന-പ്ര-ഏ) തമഃ (സ-ന-പ്ര-ഏ) ഇവ ദ്വി-ം ഇരുട്ടിന്റെ പേർ, അന്ധതമസം (അ ന-പ്ര-ഏ) ക്ലീരുട്ടിന്റെ പേർ. അവതമസം (അ-ന-പ്ര-ഏ) ക്ഷീണമായ ഇരുട്ടിന്റെ പേർ. സന്തമസം(അ-ന-പ്ര-ഏ)എല്ലാടവും പരന്ന ഇരുട്ടിന്റെ പേർ. നാഗാഃ, കാദ്രവേയാഃ (അ-പു-പ്ര-ബ) ഇവ ബ-ം നാഗങ്ങളുടെ പേർ. ശേഷഃ, അനന്തഃ (അ-പു-പ്ര-ഏ) ഇവ ബ-ം അനന്തന്റെ പേർ. തദീശ്വരഃ എന്നതു

കൊണ്ടേ നാഗേശ്വരഃ, കാദ്രവേയേശ്വരഃ, എിന്നുള്ള രണ്ടുപയ്യായങ്ങളെക്കൂടെ സൂചിപ്പിച്ചിരിക്കുന്നു. വാസുകിഃ (ഇ-പു-പ്ര-ഏ) സപ്തശീർഷഃ (അ-പു-പ്ര-ഏ) ഇവ ൨-ം വാസുകിയുടെ പേർ. ശോനസഃ, തിലിതസഃ (അ-പു-പ്ര-ഏ) ഇവ ൨-ം മണ്ഡലിയുടെപേർ. അജഗരഃ (അ-പു-പ്ര-ഏ) ശയുഃ (ഉ-പു-പ്ര-ഏ) വാഹസഃ (അ-പു-പ്ര-ഏ) ഇവ ൩-ം പെരുമ്പാമ്പിന്റെ പേർ. അജഗർദ്ദഃ, ജലവ്യാളഃ (അ-പു-പ്ര-ഏ) ഇവ ൨-ം നീർക്കോലിയുടെ പേർ. രാജിലഃ ഡുണ്ഡുഭഃ (അ-പു-പ്ര-ഏ) ഇവ ൨-ം ചേരയുടെ പേർ. ദുണ്ഡുഭഃ എിന്നുമുണ്ടേ.

മാലുധാനോ മാതുലാഹി ന്നിർമ്മുകേതാ മുക്തകഞ്ചുകഃ
സപ്തഃപ്യദാങ്കർട്ടജുഗോട്ടജുംഗോ5ഹിർട്ടജുംഗമഃ. ൯

ആശീവിഷോ വിഷധരശ്ചക്രീ വ്യാളസ്സരീസൃപഃ
കുണ്ഡലീ ശ്രുധപാച്ചക്ഷുശ്രുവാഃ കാകോദരഃ ഫണീ. ൰

ദർവ്വീകരോ ടീർഘപൃഷ്ഠോദന്ദശൂകോ വിലേശയഃ
ഉരഗഃ പന്നഗോ ഭോഗീ ജിഹ്മഗഃ പവനാശനഃ. ൱

മാലുധാനഃ (അ-പു-പ്ര-ഏ)മാതുലാഹിഃ (ഇ-പു-പ്ര-ഏ)ഇവ ൨-ം മദനമണ്ഡലിയുടെ പേർ. ചിലർ മാതുധാനോ മാതുലാഹി എിന്നു പഠിക്കുന്നു. മഹേശ്വരടീകാദികളിൽ മാലുധാനോ മാതുലാഹിഃ എിന്നാകുന്നു. നിർമ്മുകുഃ, മുക്തകഞ്ചുകഃ (അ-പു-പ്ര-ഏ)ഇവ ൨-ം വള അഴിച്ചു പാമ്പിന്റെ പേർ. സപ്തഃ (അ-പു-പ്ര-ഏ) വ്യാങ്കഃ (ഉ-പു-പ്ര-ഏ)ട്ടജുഗഃ, ട്ടജുംഗഃ (അ-പു-പ്ര-ഏ) അഹിഃ(ഇ-പു-പ്ര-ഏ) ട്ടജുംഗമഃ, ആശീവിഷഃ (അ-പു-പ്ര ഏ) ആശീവ്വിഷഃ എിന്നുമാം. വിഷധരഃ (അ-പു-പ്ര-ഏ) ചക്രീ (ന-പു-പ്ര-ഏ)വ്യാളഃ, സരീസൃപഃ(അ-പു-പ്ര-ഏ)കുണ്ഡലീ (ന-പു-പ്ര-ഏ) ശ്രുധപാൽ (ദ-പു-പ്ര-ഏ) തകാരാന്തമാകുന്നു എിന്നു ചിലർ ഭമിച്ചിരിക്കുന്നു. ചക്ഷുഃശ്രുവാഃ (സ-പു-പ്ര-ഏ) കാകോദരഃ (അ-പു-പ്ര-ഏ) ഫണീ (ന--പു-പ്ര-ഏ) ദർവ്വീകരഃ, ടീർഘപൃഷ്ഠഃ, ദന്ദശൂകഃ, വിലേശയഃ, ഉരഗഃ, പന്നഗഃ (അ-പു-പ്ര-ഏ) ഭോഗീ (ന-പു-പ്ര-ഏ) ജിഹ്മഗഃ, പവനാശനഃ (അ-പു-പ്ര-ഏ) ഇവ ൭൫-ം പാമ്പിന്റെ പേർ.

ലേലിഹാനോ ടിരസനോ ഗോകർണ്ണഃ കഞ്ചുകീ തഥാ
കുംഭീനസഃ ഫണധരോ വാതിർഭോഗധരസ്ഥിരാ. ൧൯

ലേലിഹാനഃ, ടിരസനഃ, ഗോകർണ്ണഃ (അ-പു-പ്ര-ഏ) കഞ്ചുകീ (ന-പു-പ്ര-ഏ) തഥാ എിന്നതുകൊണ്ടു കഞ്ചുകീശബ്ദ

ത്തോടു സദൃശങ്ങളായ കഞ്ചുകവാൻ നിർമ്മോകീ ഇത്യാദി പദ്യാ
ന്തരങ്ങൾക്കുടെ ഉദാഹൃങ്ങളാകുന്നു. കുംഭീനസഃ, ഫണധരഃ
(അ-പു-പ്ര-ഏ) ഹരിഃ (ഇ-പു-പ്ര-ഏ) ഭോഗധരഃ (അ-പു-പ്ര
-ഏ) ഇവ രാ-ം പാമ്പിന്റെ പേർതന്നെ. ഈ ശ്ലോകം ഈ പ്ര
ദേശങ്ങളിൽ പ്രസിദ്ധമല്ല. മഹാശബ്ദടീകയിൽ നിന്നു ചേർക്ക
പ്പെട്ടതാകുന്നു. കടുക്കത്തെ തഥാശബ്ദംകൊണ്ടു ഭോഗധരഃ ഭോഗ
ടുൽ ഇത്യാദിശബ്ദങ്ങൾ ഉദാഹൃങ്ങളാകുന്നു.

അഹേർഗ്രീവം ഭോഗസ്സ്യാദ്ഭോഗിനീരപ്യഹിരംഷ്ട്രികാ

ത്രിഷ്വാഹേയം വിഷാസ്ഥ്യാദി സ്ഫടായാസ്തൂഫണാഭ്വയോഃ
ഭോഗഃ (അ-പു-പ്ര-ഏ) പാമ്പിന്റെ ശരീരത്തിന്റെ പേർ. അ
ശീഃ (സ-സ്ത്രീ-പ്ര-ഏ) അഹിദംഷ്ട്രികാ (അ-സ്ത്രീ-പ്ര-ഏ) ഇവ
ാ-ം പാമ്പിന്റെ ദംഷ്ട്രയുടെ പേർ. അഹേർഗ്രീവമിത്യാദി ര
ണ്ടു പാദം മഹാശബ്ദടീകയിൽ കാണപ്പെടുന്നപ്രകാരം ചേർക്ക
പ്പെട്ടതാകുന്നു. അഹേയം ഈ ശബ്ദം ത്രിലിംഗമാകുന്നു. ഉദാഹര
ണം അഹേയഃ, പൃച്ഛഃ, അഹേയീഫണാ, അഹേയംവിഷം പാ
മ്പിനെ സംബന്ധിച്ചിരിക്കുന്നതു് എന്നത്രേ. പാമ്പിന്റെ വി
ഷത്തിന്റെയും അസ്ഥി മുതലായതിന്റെയും പേർ. സ്ഫടാ ഫ
ണാ (അ-സ്ത്രീ-പ്ര-ഏ) ഫണഃ എന്ന പുല്ലിംഗമായിട്ടുമാം. ഇവ
ാ-ം പാമ്പിന്റെ പടത്തിന്റെപേർ. ഫടായാസ്തൂഫണാഭ്വയോഃ
എന്നുമാം. ആ പക്ഷത്തിങ്കൽ സ്ഫടാശബ്ദത്തിന്റെ സകാ
ത്തിനു ലോപമുണ്ടു്. സ്ഫടായാസ്തൂ ഫണാദ്വയോഃ എന്നും
ചിലർ പഠിക്കുന്നു. ശബ്ദവ്യൂഹതരംഗണിയിൽ സ്ഫടാ സ്ഫടാ
ഫടാ ച സ്ത്രീ പുമാൻഭോഗഃ ഫണാദ്വയോഃ എന്നു മേൽപറഞ്ഞ
പക്ഷങ്ങൾ നാ-ം സമ്മതിക്കപ്പെട്ടിരിക്കുന്നു.

സമൌ കഞ്ചുകനിർമ്മോകൌ ക്ഷ്വേളസ്തു ഗരളം വിഷം
പുംസി ക്ലീബേ ച കാകോളൂ കാളകൂട ഹലാഹലാഃ. ൫൫
സൌരാഷ്ട്രിക ഡുഢുക്ഷികേയോ ബ്രഹ്മപുത്രഃ പ്രദീപനഃ
ദാരദോ വത്സനാഭശ്ച വിഷ്ടരോ അമീ നവ
വിഷ്കയൌ ദ്വ്യാ ജാംഗുലികോവ്യാളഗ്രാഹ്യാഹിതുണ്ഡികഃ.

കഞ്ചുകഃ, നിർമ്മോകഃ (അ-പു-പ്ര-ഏ) ഇവ ാ-ം പാമ്പിൻ
വളയുടെ പേർ. ക്ഷ്വേളഃ (അ-പു-പ്ര-ഏ) ഗരളം, വിഷം (അ-
ന-പ്ര-ഏ) വിഷശബ്ദം പുല്ലിംഗമായിട്ടുമാം. പുംസിക്ലീബേ ച
ഏന്നതു മധ്യമണിന്യായേന വിഷശബ്ദത്തോടും കാകോളാദിശ
ബ്ദങ്ങളോടും സംബന്ധിക്കുമെന്നു ചിലർ പറഞ്ഞിരിക്കുന്നു. വി
ഷശബ്ദം കേവലം നപുംസകമെന്നതന്നെ ശബ്ദവ്യൂഹതരംഗി

ണിയിൽ കാണപ്പെടുന്നു. അതുകളിൽ വെച്ചു നപുംസകാംശത്തിങ്കൽ രണ്ടു് അചാന്ത്യന്മാക്കും സമ്മതി ഉണ്ടാകയാൽ പ്രയോഗിക്കുന്നവർ നപുംസകമായിട്ടുതന്നെ പ്രയോഗിക്കുന്നതുകൊണ്ടു മേൽപറഞ്ഞശബ്ദങ്ങൾ നാ-ം വിഷത്തിന്റെപേർ. കാകോളഃ, കാളകൂടഃ, ഹലാഹലഃ (അ-പു-പ്ര-ഏ) ഇവ നാ-ം നപുംസകമായിട്ടുമാം. പുംസിക്ലീബേ ച പിന്നെയല്ലോ. ഹാലാഹലഃ പിന്നതുപോലെ ഹാലാഹലഃ പിന്നും ഹാലഹലഃ പിന്നുമാം. സൌരാഷ്ട്രികഃ ശൌക്തികനഃ, ബ്രഹ്മപുത്രഃ, പ്രദീപനഃ, ദാരദഃ, വത്സനാഭഃ (അ-പു-പ്ര-ഏ) ഇവ ൻ-ം സ്ഥാവരവിഷഭേദങ്ങളുടെ പേർ. വൃക്ഷലതാദികളിലുള്ള വിഷത്തെ സ്ഥാവരവിഷമെന്നു പറയുന്നു. മേല്പറഞ്ഞ കാകോളാദികളിൽവെച്ചു കാകോളത്തെ കാകമേചകമെന്നു പറയുന്നു. കാളകൂടമെന്നതു പ്രസിദ്ധമാകുന്നു. ഹാലാഹലമെന്നതു താലപത്രാകൃതിയാകുന്നു. ഹാലാഹലശബ്ദത്തോടു സമാനാർത്ഥമായ ഹലാഹലശബ്ദത്തിനു കാളകൂടമെന്നും അർത്ഥമുണ്ടാകയാൽ അതു നാനാർത്ഥമാകുന്നു പിന്നും ഗ്രഹിക്കേണ്ടതാകുന്നു. സൌരാഷ്ട്രകമെന്നതു് സുസൌരാഷ്ട്രദേശത്തിങ്കൽ ഉണ്ടാകുന്നതാകുന്നു. ശൌക്തികേയമെന്നതു ശുക്തികയിൽ ഉണ്ടാകുന്നതാകുന്നു. ഈ പ്രദേശത്തിങ്കൽ ശൌക്തികയും പിന്നു അതിന്റെ വാചകമായ പദത്തെ പറിക്കുന്നു. മഹാശബ്ദടീകയിൽ ശൌക്തികേയ പിന്നപാഠവും ശുക്തികായാംഭവഃ പിന്നു പ്രകൃതിയെയും സോമളൻ പിന്നഭാഷയും കാണപ്പെടുന്നു. ബ്രഹ്മപുത്രമെന്നതു ബ്രഹ്മാവിങ്കൽനിന്നു ഉത്ഭവിച്ചതാകുന്നു. പ്രദീപനമെന്നതു അകത്തുചെന്നാൽ ഉടനെതന്നെ പ്രദീപിപ്പിക്കുന്നതാകുന്നു. ദാരദമെന്നതു ദൂരത്തെന്നു പേരോടുകൂടിയ ദേശത്തിങ്കൽ ഉണ്ടാകുന്നതാകുന്നു. നാരദോവത്സനാഭശ്ച പിന്നു ചിലർ പഠിക്കുന്നതു തെറ്റാകുന്നു. വത്സനാഭമെന്നതു വത്സനാഭിയെയത്രെ ആകുന്നതു്. വിഷവൈദ്യഃ ജാംഗുലികഃ (അ-പു-പ്ര-ഏ) ഇവ ഉ-ം വിഷവൈദ്യന്റെപേർ. വ്യാളഗ്രാഹീ (ന-പു-പ്ര-ഏ) ആഹിതുണ്ഡികഃ (അ-പു-പ്ര-ഏ) ഇവ ഉ-ം പാമ്പിനെ പിടിക്കുന്നവന്റെ പേർ. ചില പുസ്തകങ്ങളിൽ വിഷവൈദ്യോജ്ജാംഗലികഃ പിന്നും പാഠം കാണപ്പെടുന്നു. മഹാശബ്ദടീകയിൽ ജാംഗുലികഃ പിന്നതന്നെ ആകുന്നു.

ഇതി പാതാളഭോഗിവർഗ്ഗഃ.

നരകവർഗ്ഗപ്രാരംഭഃ.

സ്യാന്നാരകസ്യ നരകോ നിരയോ ദുർഗ്ഗതിഃ സ്ത്രിയാം
തദ്ഭേദോസ്ഥപനാവീചി മഹാരൌരവ രൌരവാഃ
സംഘാതഃ കാലസൂത്രേത്യാദ്യാസ്സ്യുതാസ്യ നാരകാഃ
പ്രേതാ വൈതരണീ സിന്ധുസ്സ്യാദ്വലക്ഷ്മീസ്തു നൈർഋതീ.

നാരകഃ, നരകഃ, നിരയഃ (അ-പു-പ്ര-വ്യ) ദുർഗ്ഗതിഃ (ഇ-സ്ത്രീ-പ്ര-വ്യ) ഇവ രു-ം നരകത്തിന്റെ പേർ. തപനഃ (അ-പു-പ്ര-വ്യ) അരവീചിഃ (ഇ-പു-പ്ര-വ്യ) മഹാരൌരവഃ, രൌരവഃ, സം ംഘാതഃ (അ-പു-പ്ര-വ്യ) സംഘാതഃ എന്നതിന്റെ സ്ഥാനത്തു സംഘാതഃ എന്നുമാം. മഹേശ്വരടീകയിൽ സംഘാതഃ എന്നാകുന്നു. കാലസൂത്രം (അ-ന-പ്ര-വ്യ) ഇവ സം-ം നരകഭേദങ്ങളാകുന്നു. ഇത്യാദ്യാ എന്നുള്ളിടത്തെ ആദ്യശബ്ദംകൊണ്ടു താമിസ്രകുംഭീപാകാദി നരകങ്ങളെ സംഗ്രഹിച്ചിരിക്കുന്നു. പ്രേതാഃ (അ-പു-പ്ര-ബ) നരകത്തിലുള്ള ജന്തുക്കളുടെ പേർ. നാരകാഃ സതശ്ച പ്രേതാഃ എന്ന അന്വയവും, നാരകങ്ങളായിരിക്കുന്ന സത്വങ്ങൾ പ്രേതങ്ങളെന്നു പറയപ്പെടുന്നു എന്ന് അന്വയാർത്ഥവും, നാരകങ്ങൾ നരകത്തിങ്കൽ ഭവിച്ചവ സത്വങ്ങൾ ജന്തുക്കൾ എന്നു പരിഭാഷയുമാകുന്നു. മഹേശ്വരടീകയിൽ നാരകാഃ നരകേ ഭവാഃ സത്വാഃ പ്രാണിനഃ പ്രേതാ ഇത്യുച്യതേ എന്നുള്ള സംസ്കൃതവാക്യംകൊണ്ടു മേൽവിവരിച്ചപ്രകാരമുള്ള അർത്ഥത്തെ സ്പഷ്ടമാക്കിയിരിക്കുന്നു. അതുകൊണ്ടു സത്വാഃ, നാരകാഃ, പ്രേതാഃ ഇവ മുന്നുമെന്നുള്ള മതം സ്വീകാര്യമല്ലെന്നു അറിഞ്ഞുകൊൾകയും വേണം. വൈതരണീ (ഈ-സ്ത്രീ-പ്ര-വ്യ) നരകത്തിങ്കലുള്ള നദിയുടെ പേർ. അലക്ഷ്മീഃ (ഈ-സ്ത്രീ-പ്ര-വ്യ) നൈർഋതീ (ഈ-സ്ത്രീ-പ്ര-വ്യ) ഇവ രു-ം നരകദേവതയുടെ പേർ. നിർഋതിശബ്ദത്തിനു ജ്യേഷ്ഠയോടുകൂടാത്തപക്ഷം എന്നും ജ്യേഷ്ഠശബ്ദത്തിനു കരുണയെന്നും അർത്ഥമാകുന്നു. നിർഋതിശബ്ദംതന്നെ സ്വാർത്ഥകമായ അൺപ്രത്യയംകൊണ്ടും മറുമുള്ള വൃദ്ധ്യാദികാര്യങ്ങൾകൊണ്ടും നൈർഋതി എന്നായിട്ടുംതീരും. അതുകൊണ്ടു നിർഋതിഃ എന്ന മേൽപ്പറഞ്ഞ ദേവതയുടെ പേരായിട്ടു ഗ്രഹിക്കപ്പെടുകയുമാം. അലക്ഷ്മീസ്ഥാനിർഋതിഃ എന്ന ചിലർ പഠിക്കുന്നതു വൃത്തഭംഗദോഷഗ്രസ്തമാകയാൽ അതിനെ ഉപേക്ഷിച്ചിരിക്കുന്നു.

വിഷ്ടിരാണ്ഡഃ കാരണാത്ര യാതനാ തീവ്രവേദനാ
പീഡാ ബാധാ വ്യഥാ ദുഃഖ മാമനസ്യം പ്രസൂതിജം
സ്യാൽകഷ്ടംക്രൂരമാഭീലം ത്രിഷ്വഷ്ടാം ഭേദ്യശാമിത്രൽ.

വിഷ്ടിഃ (ഇ-സ്ത്രീ-പ്ര-ഏ) അണ്ഡഃ (ഉ-സ്ത്രീ-പ്ര-ഏ) ഇവ ന-ം ബലാല്ക്കാരേണ നരകത്തിലിടുക എന്ന ക്രിയയുടെ പേർ. അമൽപ്രകാരം നരകത്തിലിടപ്പെടുന്ന പ്രാണിയുടെ പേർ എന്ന ചിലരുടെപക്ഷം. കാരണാ, യാതനാ, തീവ്രവേദനാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ന-ം നരകപീഡയുടെ പേർ. പീഡാ, ബാധാ (ആ ബാധാ വ്യുത്പത്തിമാം) വ്യഥാ (ആ-സ്ത്രീ-പ്ര-ഏ) ദുഃഖം, ആമനസ്യം, പ്രസൂതിജം, കഷ്ടം, ക്രൂരം, ആഭീലം (അ-ന-പ്ര-ഏ) ഇവ ൻ-ം ദുഃഖത്തിന്റെ പേർ. പീഡാ, ബാധാ, വ്യഥാ, ദുഃഖം ഇവ ര-ം മനഃപീഡയുടെ പേർ. ആമനസ്യം പ്രസൂതിജം ഇവ ന-ം മനോവൈമനസ്യത്തിന്റെ പേർ. കഷ്ടം, ക്രൂരം, ആഭീലം ഇവ ന-ം ശരീരപീഡയുടെ പേർ. ഇങ്ങിനെ ഒരു വിശേഷംകൂടെ ഇവിടെ ഗ്രഹിച്ചുകൊൾകയും വേണം. കഷ്ടം ക്രൂരം ആഭീലം ഇതുകൾ ദുഃഖത്തോടുകൂടിയ ഇ ഏന്ന അർത്ഥമാകുമ്പോൾ ത്രിലിംഗങ്ങളാകയും ചെയ്യും.

ഇതി നരകവർഗ്ഗഃ.

വാരിവർഗ്ഗപ്രാരംഭഃ.

സമുദ്രോ ऽബ്ധിരകൂപാരഃ പാരാവാരസ്സരിൽപതിഃ
ഉദന്വാനുദധിസ്സിന്ധു സ്സരസ്വാൻ സാഗരോ ऽർണ്ണവഃ.
രത്നാകരോ ജലനിധിർയാദഃ പതിരപാംപതിഃ
തസ്യ പ്രദേശോഃ ക്ഷീരോദോ ലവണോദ സ്ഥാപരേ.

സമുദ്രഃ (അ-പു-പ്ര-ഏ) അബ്ധിഃ (ഇ-പു-പ്ര-പു) അകൂപാരഃ, പാരാവാരഃ (അ-പു-പ്ര-ഏ) സരിൽപതിഃ (ഇ-പു-പ്ര-ഏ) ഉദന്വാൻ (ത-പു-പ്ര-ഏ) ഉദധിഃ (ഇ-പു-പ്ര-ഏ) സിന്ധുഃ (ഉ-പു-പ്ര-ഏ) സരസ്വാൻ (ത-പു-പ്ര-ഏ) സാഗരഃ, അർണ്ണവഃ, രത്നാകരഃ (അ-പു-പ്ര-ഏ) ജലനിധിഃ, യാദഃപതിഃ, അപാംപതിഃ (ഇ-പു-പ്ര-ഏ) ഇവ ക്ഷീ-ം കടലിന്റെ പേർ. ക്ഷീരോദഃ, ലവണോദഃ (അ-പു-പ്ര-ഏ) ഇവ ര-ം പലപ്രകാരമുള്ള കടലുകളിൽ ഓരോന്നിന്റെ പേർ. സ്ഥാപരേ എന്നതുകൊണ്ട് ഭൂമ്യുദഃ

ഘൃതോദഃ, സുരോദഃ, ഇക്ഷ്വുദഃ, സ്വാദൂദഃ ഇവ അഞ്ചിനേയും സംഗ്രഹിച്ചിരിക്കുന്നു. ലവണോദമെന്നതു് ലവണരസത്തോടുകൂടിയ വെള്ളത്തോടുകൂടി ജനങ്ങളാൽ കാണപ്പെട്ടവരുന്ന കടലിന്റെ പേരാകുന്നു. ഇപ്രകാരം ക്ഷീരോദാദികൾക്കുള്ള വിശേഷത്തെക്കൂടെ ഊഹിച്ചുകൊൾക. ക്ഷീരം=പാലു്. ദധി=തൈരു്. ഘൃതം=നെയ്യു്. സുരാ=മദ്യം. ഇക്ഷു=കരിമ്പിൻനീരു്. ക്ഷീരോദാദിശബ്ദങ്ങളിലെ ഉദശബ്ദത്തിനു ജലമെന്നർത്ഥമാകുന്നു. സ്വാദൂദമെന്നതു് ശുദ്ധജലത്തോടുകൂടിയ കടലിന്റെ പേരാകുന്നു.

അപഃ സ്ത്രീ ക്ലമ്നി വാർവ്വാരി സലിലം കമലം ജലം
പയഃ കീലാലമമൃതം ജീവനം ഭുവനം വനം. ൫൬
കബന്ധമുദകം പാഥഃ പുഷ്കരാം സ്വേതോമുഖം
ആംഭോഽണ്ണസ്തോയപാനീയ നീരക്ഷീരാംബു ശംബരം. ൫൭
മേഘപുഷ്പം ഘനരസസ്ത്രിഷു ദേവ അപ്യമമ്മയം
ഉംഗസ്തരംഗോ വീചിഃ സ്ത്രീ ദ്വയോരുർമ്മിരസ്ത്രിഷു. ൫൮
മഹൽസ്ഥല്ലോല കല്ലോലൌ ന്യാടാവത്തോംऽഭസോം ഭ്രമഃ
പുഷ്കരിണി ബിന്ദു പുഷ്പിതൌ പുമാംസ്യൌ വിപ്രുഷഃ സ്ത്രിയഃ.

അപഃ(പ-സ്ത്രീ-പ്ര-ബ) ക്ലമ്നി എന്നതണ്ടാകയാൽ ബഹുവചനാന്തമായിട്ടല്ലാതെ പ്രയോഗിക്കരുതു് എന്നു അറിഞ്ഞുകൊൾക. വാഃ (ര-ന-പ്ര-ഛ) വാരി (ഇ-ന-പ്ര-ഛ) സലിലം സരിലമെന്നുമാം സലിലം, സരിലം, ജലം എന്ന വാചസ്പതിവാക്യമുണ്ടു്. കമലം, ജലം (അ-ന-പ്ര-ഛ) പയഃ (സ-ന-പ്ര-ഛ) കീലാലം, അമൃതം, ജീവനം, ഭുവനം, വനം, കബന്ധം, കമന്ധമെന്നുമാമെന്നു മഹേശ്വരടീകയിൽ പറഞ്ഞിരിക്കുന്നു. ഉദകം (അ-ന-പ്ര-ഛ) ഉദകമെന്നതിന്റെ ഉകാരത്തിനു ലോപമുണ്ടായാലും അർത്ഥഭേദമില്ല. അതുകൊണ്ടു ടകമെന്നുമാം. പ്രോക്തം പ്രാജ്ഞൈർഭുവനമമൃതംജീവനീയം ടകബ്ധ എന്ന ഹലായുധവാക്യവും കംടകം ജലമെന്നു ത്രികാണ്ഡശേഷവാക്യവുമുണ്ടു്, ടകമെന്നു പടംചേർത്തു പഠിക്കണമെങ്കിൽ കബന്ധഞ്ചടകംപാഥഃ എന്നാക്കിക്കൊൾക. പാഥഃ (സ-ന-പ്ര-ഛ) പുഷ്കരം, സ്വേതോമുഖം (അ-ന-പ്ര-ഛ) അംഭഃ, അണ്ണഃ (സ-ന-പ്ര-ഛ) തോയം, പാനീയം, നീരം, നാരമെന്നുമാം, ക്ഷീരം (അ-ന-പ്ര-ഛ) അംബു (ഉ-ന-പ്ര-ഛ) ശംബരം, മേഘപുഷ്പം (അ-ന-പ്ര-ഛ) ഘനരസഃ (അ-പു-പ്ര-ത്രി) ഘനരസമെന്നു നപുംസകമായിട്ടുമാം. ഇവ ൨൭-ം ജലത്തിന്റെ പേർ. അപ്യം, അമ്മയം (അ-ന-പ്ര-ഛ) പുല്ലിംഗമാകുമ്പോൾ അപഃ എ

ണം സ്ത്രീലിംഗമാകുമ്പോൾ അനുപ്യാ എന്നും അനുപ്യ. ശബ്ദത്തിന്റെ രൂപമാകുന്നു. അമ്മയശബ്ദത്തിനു അമ്മയഃ,. അമ്മയീ ഇങ്ങിനെ പുല്ലിംഗമായാലും സ്ത്രീലിംഗമായാലും ക്രമേണ രൂപമാകുന്നു. മേല്പറഞ്ഞ ശബ്ദങ്ങൾ ര-ം ത്രിലിംഗങ്ങളാകുന്നു. ജലവികാരത്തിന്റെ പേർ ഭാഗഃ, തരംഗഃ (അ-പു-പ്ര-ഘ) വീചിഃ (ഇ-സ്ത്രീ-പ്ര-ഘ) ഊർമ്മിഃ (ഇ-സ്ത്രീ-പ്ര-ഘ) പുല്ലിംഗമായിട്ടുമാം. ഇവ ര-ം തിരയുടെ രൂപർ. ഭംഗഃ, തരംഗഃ ഇവ ര-ം ഒരുത്തിന്റെംരൂപർ. രണ്ടും വീചിഃ, ഊർമ്മിഃ ഇവ ര-ം തിരയുടെ പേർ രണ്ടും ചിലരുടെ പക്ഷമുണ്ട്. മഹാശബ്ദടീകയിലെ പാഠം ഭംഗസ്തരംഗ ഊർമ്മിവ്വാസ്ത്രിയാം വീചിര ഹോർമ്മിഷു രണ്ടാകുന്നു. വാസ്ത്രിയാമെന്നത്തു് കാകാക്ഷി ന്യായേന ഊർമ്മിശബ്ദത്തോടും വീചിശബ്ദത്തോടും ചേരുന്നതാകയാൽ ഊർമ്മിശബ്ദവും വീചിശബ്ദവും പുല്ലിംഗമായിട്ടും സ്ത്രീലിംഗമായിട്ടും പ്രയോഗിക്കാമെന്നു സിദ്ധമാക്കിയിരിക്കുന്നു. വീചിശബ്ദം ചിലരുടെ മതത്തിങ്കൽ സ്ത്രീലിംഗം തന്നെ രണ്ടും പറഞ്ഞിരിക്കുന്നു. ഉല്ലോലഃ, കല്ലോലഃ (അ-പു പ്ര-ഘ) ഇവ ര-ം വലിയ തിരയുടെ പേർ. ആവർത്തഃ (അ-പു പ്ര-ഘ) വെള്ളത്തിലെ ചുഴിയുടെ രൂപർ. പൃഷന്തി (ത-ന-പ്ര-ഞ) ബിന്ദുഃ (ഉ-പു-പ്ര-ഘ) പൃഷിതഃ (അ-പു-പ്ര-ഘ) വിപ്രുഷഃ (ഷ-സ്ത്രീ-പ്ര-ബ) ഇവ ര-ം നീർത്തുള്ളിയുടെ പേർ.

ചക്രാണി പുടഭേദാഃ സ്യുർ ഭ്രമാശ്ച ജലനിർഗ്ഗമാഃ
ക്ലുലം രോധശ്ച തീരം ച പ്രതീരം ച തടം ത്രിഷു. ൯

ചക്രാണി (അ-ന-പ്ര-ബ) ചക്രാണി രണ്ടിന്റെ സ്ഥാനത്തു് വക്രാണി രണ്ടുമാം. വക്രശ്ചനൈശ്ചരേപുംസിപുടഭേദേന പുംസകമെന്നു അഭിധാനാന്തരമുണ്ടു്. ഇതു് മഹാശബ്ദടീകയിൽ സ്പഷ്ടമാകുന്നു. പുടഭേദഃ, ഭ്രമാഃ ജലനിർഗ്ഗമാഃ (അ-പു-പ്ര-ബ) ഇവ ര-ം ഓവിന്റെ രൂപർ രണ്ടും ചിലർ വ്യാഖ്യാനിച്ചിരിക്കുന്നു. ചക്രാകാരേണ ജലത്തിന്റെ കീഴ്പ്പോട്ടുള്ള പോക്കിന്റെ പേർ രണ്ടും മതാന്തരവുമുണ്ടു്. ക്ലുലം (അ-ന-പ്ര-ഘ) രോധഃ (സ-ന പ്ര-ഘ) തീരം, പ്രതീരം, തടം (അ-ന-പ്ര-ഘ) തടശബ്ദം പുല്ലിംഗമായിട്ടും സ്ത്രീലിംഗമായിട്ടും കൂടെ പ്രയോഗിക്കത്തക്കതാകുന്നു. തടഃ പുല്ലിംഗമായാൽ ഉണ്ടാകുന്ന രൂപം. തടീ സ്ത്രീലിംഗമായാലുള്ള രൂപം. ഇവ ൩-ം തീരത്തിന്റെ പേർ.

പാരാവാരേ പരാവ്വാച്യീ തീരേപാത്രം തദന്തരം
ദ്വീപോടസ്ത്രിയാമന്തരീപം യദന്തർവ്വാരിണസ്ഥടം. ൧൨

പാഥം (അ-ന-പ്ര-ഏ) മറുകരയുടെ പേർ. അവാഥം (അ-ന-പ്ര-ഏ) യാതൊരു കരയിൽനിന്നു് മറുകരയെ നിശ്ചയിക്കുന്നുവോ ആ കരയുടെ പേർ. പാരം (അ-ന-പ്ര-ഏ) മേൽപറഞ്ഞ കരകളുടെ മദ്ധ്യത്തിന്റെ പേർ. ദ്വീപഃ (അ-പു-പ്ര-ഏ) നപുംസകലിംഗമായിട്ടുമാം. അന്തരീപം (അ-ന-പ്ര-ഏ) ഇവ ദ്വ-ം ദ്വീപത്തിന്റെ പേർ.

തോയേയാന്തർഗതം തൽ പുളിനം സൈകതം സികതാമയം
നിഷദ്വരസ്തു ജംബ്വാളഃ പാംശുകോസ്ത്രീ ശാദകർദ്ദമൗ ൯൫

പുളിനം (അ-ന-പ്ര-ഏ) വെള്ളം താഴ്ന്നുപോൾ കാണുന്ന പ്രദേശത്തിന്റെ പേർ. സൈകതം, സികതാമയം (അ-ന-പ്ര-ഏ) ഇവ ദ്വ-ം മണൽത്തിട്ടയുടെ പേർ. നിഷദ്വരഃ, ജംബ്വാളഃ (അ-പു-പ്ര-ഏ) പങ്കഃ (അ-പു-പ്ര-ഏ) നപുംസകലിംഗമായിട്ടുമാം. ശാദഃ, കർദ്ദമഃ (അ-പു-പ്ര-ഏ) ഇവ ദ്വി-ം ചളിയുടെ പേർ.

ഋലോച്ഛ്വാസാഃ പതീവാഹാഃ ക്രൂപകാസ്തു വിദാരകാഃ
നാവ്യം ത്രിലിംഗം നൌതാര്യസ്ത്രിയാന്നൌസ്തരണിസ്തരിഃ.

ഋലോച്ഛ്വാസാഃ, പതീവാഹാഃ (അ-പു-പ്ര-ബ) ഇവ ദ്വ-ം വെള്ളം ഒലിക്കുന്ന ചാലിന്റെ പേർ. ക്രൂപകാഃ, വിദാരകാഃ, (അ-പു-പ്ര-ണ) ഇവ ദ്വ-ം വെള്ളം വറ്റിയ പുഴയിൽ വെള്ളത്തിനായിക്കൊണ്ടു കുഴിക്കുന്ന കുഴികളുടെ പേർ. പ്രവാഹഭേദത്തെ ചെയ്യുന്ന കല്ലു മുതലായതിന്റെ പേർ ചിന്നം പക്ഷേമുണ്ടു്. നാവ്യം (അ-ന-പ്ര-ഏ) നാവ്യഃ എന്നു പുല്ലിംഗമായിട്ടും നാവ്യാ എന്നു സ്ത്രീലിംഗമായിട്ടുമാം. തോണികൊണ്ടു കടക്കപ്പെടുവാൻ യോഗ്യമായ പ്രദേശത്തിന്റെ പേർ. നൌഃ (ഔ-സ്ത്രീ-പ്ര-ഏ) തരണിഃ, തരിഃ (ഇ-സ്ത്രീ-പ്ര-ഏ) തരീ എന്നും പാഠമുണ്ടു്. അപ്രകാരമായാൽ ഈ കാരാന്തമാണെന്നു അറിഞ്ഞുകൊൾകയും വേണം. മേൽപറഞ്ഞ ശബ്ദങ്ങൾ ദ്വ-ം തോണിയുടെ പേർ.

ഉഡുപന്തുപ്ലവഃ കോലസ്ത്രോതോ/ംബുസരണം സ്രുതഃ
അതരസ്തരപണ്യം സ്യാദ്ദ്രോണീ കാഷ്ഠാംബുവാഹിനീ, ക്ഷ

ഉഡുപം (അ ന-പ്ര-ഏ) പ്ലവഃ, കോലഃ (അ-പു-പ്ര-ഏ) ഇവ ദ്വ-ം പൊങ്ങുതടിയുടെപേർ. സ്രോതഃ (സ-ന-പ്ര-ഏ) ജലപ്രവാഹത്തിന്റെ പേർ. അതരഃ(അ-പു-പ്ര-ഏ) തരപണ്യം (അ-ന-പ്ര-ഏ) ഇവ ദ്വ-ം തോണിക്കൂലിയുടെ പേർ. ദ്രോണീ (ഇ-സ്ത്രീ-പ്ര-ഏ) തൊട്ടിയുടെ പേർ.

സാംയാത്രികഃ പോതവണിക്കണ്ണധാരസ്തു നാവികഃ
നിയാമകാഃ പോതവാഹാഃ ക്ഷേപകോ ഗ്രണവൃക്ഷകഃ. ഫാ.

സാംയാത്രികഃ (അ-പു-പ്ര-ഏ) പോതവാണികഃ (ജ-പു-പ്ര-ഏ) ഇവ ച-ം കച്ചവൽക്കച്ചോടക്കാരന്റെ പേർ. കണ്ണധാരഃ, നാവികഃ (അ-പു പ്ര-ഏ) ഇവ ച-ം ചുക്കാൻ പിടിക്കുന്നവന്റെ പേർ. നിയാമകാഃ, പോതവാഹാഃ (അ-പു-പ്ര-ഏ)ഇവ ച-ം തുഴയുന്നവരുടെ പേർ. ക്ഷേപകഃ, ഗ്രണവൃക്ഷകഃ (അ-പു-പ്ര-ഏ)ഇവ ച-ം പായ്മരത്തിന്റെ പേർ.

നൌകാദണ്ഡഃ ക്ഷേപണീ സ്യാദരിത്രം കേനിപാതകഃ
അരിത്രഃ സ്ത്രീ കാഷ്ഠകുട്ടാലസ്സേകപാത്രം തു സേചനം. ഫനാ

നൌകദണ്ഡഃ (അ-പു-പ്ര-ഏ) ക്ഷേപണീ (ഇ-സ്ത്രീ-പ്ര-ഏ) ഇവ ച-ം തോണികുത്തുന്ന കഴുക്കോലിന്റെ പേർ. അരിത്രം (അ-ന-പ്ര-ഏ) കേനിപാതകഃ (അ-പു-പ്ര-ഏ) ഇവ ച-ം ചുക്കാന്റെ പേർ. അരിത്രഃ (ഇ-സ്ത്രീ-പ്ര-ഏ) അരിത്രീ എന്നും പാഠമുണ്ട്. അപ്രകാരം പാഠമായാൽ ഈകാരാന്തമാണെന്നു അറിഞ്ഞുകൊൾകയും വേണം. കാഷ്ഠകുട്ടാലഃ (അ-പു-പ്ര-ഏ) ഇവ ച-ം തോണികെട്ടുന്ന കുറ്റിയുടെ പേർ. സേകപാത്രം, സേചനം (അ-ന-പ്ര-ഏ) ഇവ ച-ം വെള്ളം മുക്കിക്കളവാനുള്ള പാത്രത്തിന്റെ പേർ.

യാനപാത്രന്തു പോതോടബ്ധിഭേ ത്രിഷു സമുദ്രിയം
സാമുദ്രികോ മനുഷ്യോടബ്ധിജ്ഞാതസ്സ്യാമുദ്രികാ തു നൌഃ. ക്രമ

യാനപാത്രം (അ-ന-പ്ര-ഏ) പോതഃ (അ-പു-പ്ര-ഏ) ഇവ ച-ം കപ്പലിന്റെ പേർ. സമുദ്രിയം (അ-ന-പ്ര-ഏ) സമുദ്രിയഃ എന്നു പുല്ലിംഗമായിട്ടും സമുദ്രിയാ എന്നു സ്ത്രീലിംഗമായിട്ടുമാം. സമുദ്രത്തിങ്കൽ ഭവിച്ചതിന്റെ പേർ. സാമുദ്രികഃ (അ-പു-പ്ര-ഏ) നീർമനുഷ്യന്റെ പേർ. സാമുദ്രികാ (അ-സ്ത്രീ-പ്ര-ഏ) കടൽ തോണിയുടെ പേർ

ക്ലീബേടല്പനാവം നാവോടല്പേതീതനൌകേടതിനു ത്രിഷു
ത്രിഷ്വഗാധാൽ പ്രസന്നോച്ഛഃ കലുഷോടനച്ഛ അസ്വിലഃ. ഫദ

അല്പനാവം (അ-ന-പ്ര-ഏ) തോണിയുടെ നേർപകുതിയുടെ പേർ. മുറിഞ്ഞ തോണിയുടെ പേരെന്നു ചിലർ വ്യാഖ്യാനിച്ചിരിക്കുന്നു. അതുത്തു സ്വീകാര്യയോഗ്യമല്ല; നിത്യനപുംസകമായ അല്പശബ്ദത്തിനാണു പാണിനിയാൽ അല്പം നപുംസകം എന്ന സൂത്രംകൊണ്ടു സമാസം വിധിക്കപ്പെട്ടതു്. സമാംശവാചിയായ അല്പശബ്ദമത്രെ നിത്യനപുംസകമായിട്ടുള്ളതു്. തോ

ണി മുറിഞ്ഞാൽ ഉണ്ടാകുന്ന മുറികളെ മുറിഞ്ഞ തോണി എന്ന വാക്കുകൊണ്ടു ഗ്രഹിച്ചാലും മുറിക്കാം സമയങ്ങളായിട്ടതന്നെ ഇങ്ങിങ്ങനെന്ന നിയമമില്ലായ്കയാൽ മുറിഞ്ഞ തോണികൾക്കു സാമാന്യേന മേല്പറഞ്ഞ പേരുണ്ടെന്നു പറഞ്ഞുകൂടാത്തതാകുന്നു. അതുമല്ല തോണിയുടെ നേർപകുതി ഭാഗമെന്നതു മുറിയാതെയും കൂട്ടിക്കളഞ്ഞിട്ടുവാൻ കഴിയുന്നതാകുന്നു. അതിനെ അർദ്ധാവപാതം കൊണ്ടു വ്യവഹരിക്കുന്നതു ഇപ്പോഴുമാകുന്നു. പുരാണാമിഭ്യഃ പൂർവ്വമുക്തിദൃശ്യാൽനാവം പ്രകല്പ്യവ്യംവരമഗിഞ്ഞാസ്ഥാപയതി എന്ന പ്രയോഗവുമുണ്ടു്. അതിന്നുമുമ്പിൽ നടക്കുന്ന അകമ്പടിക്കാക്കും പിന്നിൽ നടന്ന രക്ഷിച്ചുപോരുന്നവക്കുമായി തോണിയുടെ പകുതിഭാഗം വിട്ടുകൊടുത്തു ശേഷിച്ചിടത്തു് വ്യവഹാരികളെ സ്ഥിതിചെയ്യിപ്പിക്കുന്നു എന്നർത്ഥമാകുന്നു. അതു് ഹേതുവായിട്ടു മേൽ വിവരിച്ചുപ്രകാരംതന്നെ അർത്ഥത്തെ ഗ്രഹിച്ചുകൊൾകയും വേണം. അതിനു (ഉ-ന-പ്ര-ഏ) ഇതു ത്രിലിംഗമാകുന്നു എന്നു് അറിഞ്ഞുകൊൾകയും വേണം. തോണിയെ അതിക്രമിച്ചു വർത്തിക്കുന്നതിന്റെ പേർ. ഇനി അഗാധമതലസ്പർശമെന്നതുവരെ പറവാൻപോകുന്ന ശബ്ദങ്ങൾ ഒക്കെയും ത്രിലിംഗങ്ങളാകുന്നു. ത്രിഷുപാദാൽ എന്നതിന്നുമേൽ പറഞ്ഞതുതന്നെ അർത്ഥമാകുന്നു. പ്രസന്നഃ അച്ഛഃ (അ-പു-പ്ര-ഏ) ഇവ പു-ം തെളിഞ്ഞതിന്റെ പേർ. കലുഷഃ, അനച്ഛഃ, അവിലഃ (അ-പു-പ്ര-ഏ) ഇവ നു-ം കലങ്ങിയതിന്റെ പേർ.

നിമ്നം ഗഭീരം ഗംഭീരമുത്താനം തദ്വിപര്യയേ
അഗാധമതലസ്പർശം കൈവർത്ത ദാശ ധീവരൗ. ൫൬

നിമ്നം, ഗഭീരം ഗംഭീരം, (അ-ന-പ്ര-ഏ) ഇവ നു-ം ആഴമുള്ള പ്രദേശത്തിന്റെ പേർ. ഉത്താനം (അ-ന-പ്ര-ഏ) ആഴമില്ലാത്ത പ്രദേശത്തിന്റെ പേർ. അഗാധം, അതലസ്പർശം (അ ന-പ്ര-ഏ) നിലയില്ലാത്ത പ്രദേശത്തിന്റെ പേർ. കൈവർത്തഃ, ദാശഃ, ധീവരഃ (അ-പു-പ്ര-ഏ) ഇവ നു-ം മുക്കുവന്റെ പേർ.

ആനായഃ പുംസി ജാലംസ്യാ ച്ഛ്രണസൂത്രം പവിത്രകം
മത്സ്യാധാനീ കുവേണീസ്യാൽ ബളിശംമത്സ്യവേധനം. ൫൭

ആനായഃ(അ-പു-പ്ര-ഏ) ജാലം (അ-ന-പ്ര-ഏ)ഇവ നു-ം വലയുടെ പേർ. ശണസൂത്രം, പവിത്രകം (അ-ന-പ്ര-ഏ) ഇവ നു-ം ശണസൂത്രംകൊണ്ടുണ്ടാക്കിയ വലയുടെ പേർ. ശണപാത്രമെന്നും പാഠം കാണുന്നു. മത്സ്യാധാനീ, കുവേണീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ നു-ം മത്സ്യബന്ധനയന്ത്രവിശേഷത്തിന്റെ പേർ. കുത്തി

എന്ന ഉപദേശം. ബാളിശം, മത്സ്യവേധനം (അ-ന-പ്ര-ഏ) ഇവ ര-ം ചൂണ്ടലിന്റെ പേര്.

പൃഥുരോമാ ഝഷോ മത്സ്യോ മീനോ വൈസാരിണോ ഽണ്ഡജഃ
വിസാരശ്ശകുലീ ചാഥ ഗണ്ഡകശ്ശകുലാർട്ടകഃ. ൫൬

പൃഥുരോമാ(ന-പൃ പ്ര-ഏ) ഝഷഃ, മത്സ്യഃ, മീനഃ, വൈസാരിണഃ, അണ്ഡജഃ, വിസാരഃ (അ-പൃ-പ്ര-ഏ) ശകുലി (ന-പൃ-പ്ര ഏ) ഇവ പു-ം മത്സ്യത്തിന്റെപേർ. ഗണ്ഡകഃ (അ-പൃ-പ്ര-ഏ) ചിലർ ഗണ്ഡകഃ എന്ന പാഠിക്കുന്നു. മറ്റു ചിലർ ഗണ്ഡകഃ എന്നു പഠിക്കുന്നു. ശകുലാർട്ടകഃ (അ-പൃ-പ്ര-ഏ) ഇവ ര-ം മത്സ്യത്തിന്റെ കുട്ടിയുടെപേർ.

സഹസ്രദംഷ്ട്രഃ പാഠീന ഉളൂപീ ശിശുകസ്സമൌ
നളമീനശ്ചിളിചിമിഃ പ്രോഷ്ഠീ തു ശഫരീ ദ്വയോഃ. ൫൭

സഹസ്രദംഷ്ട്രഃ, പാഠീനഃ (അ-പൃ-പ്ര-ഏ) ഇവ ര-ം മൂക്കിന്മേൽ പല്ലുള്ള മത്സ്യത്തിന്റെ പേർ. ഉളൂപീ(ന-പൃ-പ്ര-ഏ) ശിശുകഃ(അ പൃ-പ്ര-ഏ) ഇവ ര-ം കൊഴമീനിന്റെ പേർ. നളമീനഃ ചിളിചിമിഃ (അ-പൃ-പ്ര-ഏ) ചിളിചിമിഃ എന്ന ഇകാരാന്തമായിട്ടുമാം. 'നളശ്ചിളിചിമശ്ചീളി ചിമശ്ചിളി ചിമസ്ത്വാ ചിളിചീമശ്ചസ രൂപ്യ മീനളമീനഉദാഹൃതാഃ' എന്ന ധാരാനാഥവചനമുണ്ട്. മേൽ പറഞ്ഞ ശബ്ദങ്ങൾ ര-ം ചെമ്മീനിന്റെ പേർ. പ്രോഷ്ഠീ, ശഫരീ (ഈ-സ്ത്രീ-പ്ര-ഏ) പ്രോഷ്ഠഃ, ശഫരഃ എന്ന പുല്ലിംഗമായിട്ടുമാം ഇവ ര-ം കരുമത്സ്യത്തിന്റെ പേർ.

ക്ഷുദ്രാണ്ഡാ മത്സ്യസംഘാതഃ പോതാധാനമഥോഽഷ്ടഃ
രോഹിതശ്ശകുലശ്ശാലാ രാജീവോ മദ്ഗുരസ്തിമിഃ ൫൮
തിമിംഗിലാദയശ്ചാഥ യാദാംസി ജലജന്തവഃ
തിമിംഗിലോ ശിംശുമാരോദ്ര ശംകവോ മകരാദയഃ. ൫൯

ക്ഷുദ്രാണ്ഡഃ, മത്സ്യസംഘാതഃ (അ-പൃ-പ്ര-ഏ) പോതാധാനം (അ-ന-പ്ര-ഏ) ഇവ ന-ം മീൻകുട്ടികളുടെ കൂട്ടത്തിന്റെ പേർ എന്ന ചിലരുടെ പക്ഷമാകുന്നു. മഹാശബ്ദകീകയിൽ ക്ഷുദ്രാണ്ഡമത്സ്യസംഘാതഃ എന്ന പാഠവും ക്ഷുദ്രങ്ങളായിരിക്കുന്ന അണ്ഡമത്സ്യങ്ങളുടെ സംഘാതമെന്ന അതിന്റെ വിവരണവും കാണപ്പെടുന്നു. അഥോഽഷ്ടഃ എന്നതിന്ന ഇനി മത്സ്യവിശേഷങ്ങളെ പറയുന്ന എന്നർത്ഥമാകുന്നു. രോഹിതഃ (അ-പൃ-പ്ര-ഏ) രോഹിതമത്സ്യത്തിന്റെ പേർ. ശകുലഃ (അ-പൃ-പ്ര-ഏ) പ

ലിന്റെ പേർ. ശാലഃ (അ-പു-പ്ര-ഏ) സാലഃ എന്നുമാം. ച
ക്രമത്സ്യത്തിന്റെ പേർ. രാജീവഃ (അ-പു-പ്ര-ഏ) രാജിമത്സ്യ
ത്തിന്റെ പേർ. രാജിരോരാജിമത്സ്യനാപുണ്ഡരീകേത്യനുസ്യൂ
തം എന്നുധാമാനാഥവാക്യമുണ്ട്. മേൽപ്പറഞ്ഞ മത്സ്യത്തി
ന്നു ദേശാന്തരത്തിങ്കൽ രാഥാ എന്നു വ്യവഹാരമുണ്ടെന്നും കാണ
പ്പെടുന്നു. മലയാളത്തിൽ ഭരതിനെ വരിമത്സ്യമെന്നു ചിലേടത്തു
പറഞ്ഞുവരുന്നു. തിമിഃ (ഇ-പു-പ്ര-ഏ) പെരുന്തലമത്സ്യത്തി
ന്റെ പേർ. തിമിംഗിലാദയശ്ച എന്നതുകൊണ്ടു തിമിംഗിലാ
ദികളും മത്സ്യവിശേഷങ്ങളാകുന്നു എന്നു പറയപ്പെട്ടിരിക്കുന്നു.
യാദാംസി (ന-ന-പ്ര-ബ) ജലജന്തവഃ (അ-പു-പ്ര-ബ) ഇവ ര-ം
ജലജന്തുക്കളുടെ പേർ. തദ്ഭേദാഃ ശിംശുമാരോദ്രശങ്കവോ മ
കരാദയഃ എന്നതിനു് ശിംശുമാരോദ്രശംകക്കളും മകരാദികളും
ജലജന്തുവിശേഷങ്ങളാകുന്നു എന്നർത്ഥമാകുന്നു. ശിംശുമാരമെന്ന
തു് നക്രാകൃതിയായ ഒരു ജലജന്തുവിശേഷമാകുന്നു. ശിശുമാരോ
ത്യാദസ്യുകശ്ചിന്നക്രാകൃതിർമ്മതഃ, എന്നു ധാമാനാഥവചനമുണ്ടു്.
ഉദ്രമെന്നതു നിർന്നായാകുന്നു. ശംകു എന്നതു നീർച്ചന്നിയാകുന്നു.
മകരമെന്നതു ചിറാകാകുന്നു. ഭാദിശബ്ദം കൊണ്ടു നീരാന മുത
ലായതിനെ സംഗ്രഹിച്ചിരിക്കുന്നു.

സ്യാൽ കുളീരഃ കർക്കടകഃ ക്രമ്മോ കമഠാ കച്ഛപൗ
ഗ്രാഹോ5വഹാരോ നക്രസ്തു കുംഭീരോഥ മഹീലതാ. ര൨
ഗണ്ഡൂപദഃ കിഞ്ജുളകാ നിഹാകാരോധികേ സമേ
കൂർമ്മപാ തു ജളകായാം സ്ത്രിയാം ഭ്രമ്നി ജളൌകസഃ. ര൩

കുളീരഃ, കർക്കടകഃ (അ-പു-പ്ര-ഏ) ഇവ ര-ം ഞണ്ടിന്റെ
പേർ. ക്രമ്മഃ, കമഠഃ, കച്ഛപഃ (അ-പു-പ്ര-ഏ) ഇവ ന-ം ആമയു
ടെ പേർ. ഗ്രാഹഃ, അവഹാരഃ (അ-പു-പ്ര-ഏ) അവഹാരഃ എ
ന്നും പാഠമുണ്ടു്. ഇവ ര-ം കോർമുതലയുടെ പേർ. നക്രഃ, കുംഭീരഃ
(അ-പു-പ്ര-ഏ) ഇവ ര-ം മുതലയുടെപേർ. മഹീലതാ (ആ-സ്ത്രീ
പ്ര-ഏ) ഗണ്ഡൂപദഃ, കിഞ്ജുളകഃ (അ-പു-പ്ര-ഏ) കിഞ്ജുളകഃ എ
ന്നും പാഠം കാണുന്നു. ഇവ ന-ം ഞാഞ്ഞൂലിന്റെ പേർ. നി
ഹാകാ, ഗോധികാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ര-ം നീരുടുമ്പി
ന്റെ പേർ. കച്ഛപാ, ജളകാ (ആ-സ്ത്രീ-പ്ര-ഏ) ജളൌകസഃ
(സ-സ്ത്രീ-പ്ര-ബ) ഇതു് ബഹുവചനാന്തമായിട്ടല്ലാതെ പ്രയോ
ഗിക്കരുതു്. ഇവ ന-ം അട്ടയുടെ പേർ.

മുക്താസ്ഫോടഃ സ്ത്രിയാം ശുക്തിഃ ശംഖഃ സ്യാൽകംബുഃ സ്ത്രിയാം
ക്ഷുദ്രശംഖൌ ഗുഞ്ജനഖൌ ശംഖ്യൌകാ ജലശുക്തയഃ.

ന

മുക്താസ്ഫോടഃ (അ-പു-പ്ര-ഏ) ശുക്തിഃ (ഇ-സ്ത്രീ-പ്ര-ഏ) ഇവ മുത്തുച്ചിപ്പിയുടെ പേർ. ശംഖഃ (അ-പു-പ്ര-ഏ) കംബുഃ (ഉ-പു-പ്ര-ഏ) നപുംസകമായിട്ടുമാം. ഇവ രണ്ടും ശംഖിന്റെ പേർ. ക്ഷുദ്രശംഖാഃ ശംഖനഖാഃ (അ-പു-പ്ര-ബ) ഇവ ചെറിയശംഖിന്റെ പേർ. ശംബൂകഃ (അ-പു-പ്ര-ബ) ജലശുക്തയഃ (ഇ-സ്ത്രീ-പ്ര-ബ) ഇവ ചെ-ം ഞവിഞ്ഞിന്റെപേർ.

ഭേകേ മണ്ഡൂകവഷ്ടാഭ്ര ശാലൂരപ്ലവദർദ്ദുരാഃ
ശിലീ ഗണ്ഡൂപദീ ഭേകീ വഷ്ടാഭീ കമഠീ ദുളിഃ. ൨൫

ഭേകഃ, മണ്ഡൂകഃ (അ-പു പ്ര-ഏ) വഷ്ടാഭ്രഃ (ഉ൪-പു-പ്ര ഏ) ശാലൂരഃ, പ്ലവഃ, ദർദ്ദുരഃ (അ-പു-പ്ര-ഏ) ഇവ സ-ം തവളയുടെ പേർ. ശിലീ, ഗണ്ഡൂപദീ (ഇ൪-സ്ത്രീ-പ്ര ഏ) ഇവ ചെ-ം ഞാഞ്ഞൂലിന്റെ സ്ത്രീയുടെ പേർ. ഭേകീ, വഷ്ടാഭീ (ഇ൪-സ്ത്രീ-പ്ര-ഏ) ഇവ രണ്ടും തവളയുടെ സ്ത്രീയുടെ പേർ. കമഠീ (ഇ൪-സ്ത്രീ-പ്ര-ഏ) ദുളിഃ (ഇ- സ്ത്രീ-പ്ര-ഏ) ഇവ ചെ-ം ആമയുടെ സ്ത്രീയുടെ പേർ.

മദ്ഗുരസ്യ പ്രിയാ ശൃംഗീ ദുന്നാമാ ദീർഘകോശികാ
ജലാശയോ ജലാധാരസ്തദ്രാഗാധജലേ ഹ്രദഃ. ൨൬

ശൃംഗീ(ഇ൪-സ്ത്രീ-പ്ര-ഏ) മദ്ഗുരമെന്ന മത്സ്യത്തിന്റെ സ്ത്രീയുടെ പേർ. ദുന്നാമാ, ദീർഘകോശികാ (ആ-സ്ത്രീ-പ്ര-ഏ)ഇവ ചെ-ം അട്ടയുടെ ആകൃതിപോലെയുള്ള ആകൃതിയോടുകൂടിയ ജലജന്തുവിശേഷത്തിന്റെ പേർ. ഞവണ്ണിപോലെയുള്ള അട്ടയുടെ പേരെന്നും ചിലർ വ്യാഖ്യാനിച്ചിരിക്കുന്നു. മഹേശ്വരടീകയിൽ അടിയിൽ പറഞ്ഞപ്രകാരംതന്നെ വ്യാഖ്യാനിച്ചിരിക്കുന്നു.ജലാശയഃ, ജലാധാരഃ (അ-പു-പ്ര-ഏ) ഇവ ചെ-ം വെള്ളം നില്ക്കുന്ന പ്രദേശത്തിന്റെ പേർ. ഹ്രദഃ (അ-പു-പ്ര-ഏ) കയത്തിന്റെ പേർ.

അഹാവസ്തു നിപാനം സ്യാദുപകൂപജലാശയേ
പുംസ്യുവാന്ധുഃ പ്രഹിഃ കൂപ ഉദപാനം തു പുംസി വാ. ൨൭

അഹാവഃ (അ-പു-പ്ര-ഏ) നിപാനം (അ-ന-പ്ര-ഏ) ഇവ ചെ-ം കിണറുകളെ വശ്യക്കരിക്കു വെള്ളംകുടിപ്പാനായി ഉണ്ടാക്കപ്പെട്ടുന്ന തൊട്ടിയുടെ പേർം അന്ധുഃ (ഉ-പു-പ്ര-ഏ) പ്രഹിഃ (ഇ-പു-പ്ര-ഏ) കൂപഃ (അ-പു-പ്ര-ഏ) ഉദപാനം (അ-ന-പ്ര-ഏ) പുല്ലിംഗമായിട്ടുമാം ഇവ രണ്ടുകിണറിന്റെ പേർ.

നേമിസ്ത്രികാസ്യ പീനാഹോ മുഖബന്ധനമസ്യ യത്
പുംസ്യുഖിണ്യാന്തു ഖാതം സ്യാദ്ഖാതം ദേവഖാതകം. ൨൮

ത്രികാ (അ-സ്ത്രീ-പ്ര-ഏ) നെല്ലിപ്പലകയുടെ പേർ എന്നു ചിലർ വ്യാഖ്യാനിച്ചിരിക്കുന്നു. മഹേശ്വരടീകയിൽ കയറിടുവാനാ

ന്നി മരംകൊണ്ടു ഉണ്ടാക്കുന്നതായ യന്ത്രവിശേഷത്തിന്റെ പേർ. വ്യന്നാകുന്നു. ഛാതശാ ഛാട വ്യന്നു അതിന്റെ ഭാഷയും വ്യിഴുത പ്പെട്ടിരിക്കുന്നു. പീനാഛഃ (അ-പു-പ്ര-വ്യ) വാദ്യക്കുട്ടിന്റെ പേർ. പുഷ്കരിണീ(ഈ-സ്ത്രീ-പ്ര-വ്യ) പാതം (അ-ന-പ്ര-വ്യ) ഇവ ന-ം കൊക്കരണിയുടെ പേർ. അപാതം, ദേവപാതകം (അ-ന-പ്ര-വ്യ) ഇവ ന-ം പൃണ്യതീർത്ഥത്തിന്റെ പേർ.

പത്മാകരസ്തടാകോടസ്ത്രീ കാസാര സ്സരസീ സമഃ
ദേശാന്തഃ പല്വലഞ്ചാല്പസരാ വാപീ തു ദീർഘികാ. ന൯

പത്മാകരഃ, തടാകഃ (അ-പു-പ്ര-വ്യ)തടാകമെന്നു നപുംസകമായിട്ടുമാം. കാസാരഃ (അ-പു-പ്ര-വ്യ) സരസീ (ഈ-സ്ത്രീ-പ്ര-വ്യ) സരഃ (സ-ന-പ്ര-വ്യ) ഇവ ദ-ം താമരക്കുളത്തിന്റെ പേർ. ദേശാന്തഃ (അ-പു-പ്ര-വ്യ) പല്വലം (അ-ന-പ്ര-വ്യ) അല്പസരഃ (സ-ന-പ്ര-വ്യ) ഇവ ന-ം ചിറക്കുഴിയുടെ പേർ. വാപീ (ഈ-സ്ത്രീ-പ്ര-വ്യ) ദീർഘികാ (അ-സ്ത്രീ-പു-വ്യ) ഇവ ര-ം നെട്ടംതകണിയുടെ പേർ.

ശ്രേയംസ്തു പരിഖാധാരസ്ത്വംഭസാം യത്ര ധാരണം
സ്യാദാലവാല മാവാല മാവാശ്ചാഥ നദീ സരിത് ന൯
തരംഗിണീ ശൈവലിനീ തടിനീ ഹ്രദിനീ ധുനീ
സ്രോതസ്വിനീ ദീപവതീ സ്രവന്തീ നിമ്നഗാപഗാ.

ശ്രേയം (അ-ന-പ്ര-വ്യ) പരിഖാ (അ-സ്ത്രീ-പ്ര-വ്യ) ഇവ ര-ം കിടങ്ങിന്റെ പേർ. ആധാരഃ (അ-പു-പ്ര-വ്യ) വ്യുതിയുടെ പേർ. ആലവാലം, ആവാലം (അ-ന-പ്ര-വ്യ) ആവാപഃ (അ-പു-പ്ര-വ്യ) ഇവ ന-ം തടത്തിന്റെ പേർ. നദീ (ഈ-സ്ത്രീ-പ്ര-വ്യ) സരിൽ (ത-സ്ത്രീ-പ്ര-വ്യ) തരംഗിണീ ശൈവലിനീ തടിനീ ഹ്രദിനീ ഹ്രാദിനീ വ്യന്നുമാം. ധുനീ സ്രോതസ്വിനീ, ദീപവതീ സ്രവന്തീ (ഈ-സ്ത്രീ-പ്ര-വ്യ) നിമ്നഗാ, ആപഗാ(അ-സ്ത്രീ-പ്ര-വ്യ) ഇവ ഛ-ം നദിയുടെ പേർ.

കുലംകഷാ നിർഝരിണീ രോധോവക്രാ സ്സരസ്വതീ
ഗംഗാ വിഷ്ണുപദീ ജഹ്നുതനയാ സുരനിമ്നഗാ. ന൯
ഭാഗീരഥീ ത്രിപഥഗാ ത്രിസ്രോതാ ഭീഷ്മസൂരപി
കാളിന്ദീ സൂര്യതനയാ യമുനാ ശമനസ്വസാ. ന൯

കുലംകഷാ (അ-സ്ത്രീ-പ്ര-വ്യ) നിർഝരിണീ (ഈ-സ്ത്രീ-പ്ര-വ്യ) രോധോവക്രാ (അ-സ്ത്രീ-പ്ര-വ്യ) സരസ്വതീ (ഈ-സ്ത്രീ-പ്ര-വ്യ) ഇവ ര-ം മഹേശ്വരടീകയിലെ പാഠപ്രകാരം അധിക

ങ്ങളായ നദീനാമങ്ങളാകുന്നു. ഗംഗാ(അ-സ്ത്രീ-പ്ര-ഏ) വിഷ്ണുപദീ (ഈ-സ്ത്രീ-പ്ര-ഏ) ജഹ്നുതനയാ, സുരനിമ്നഗാ (ആ-സ്ത്രീ-പ്ര-ഏ) ഭാഗീരഥീ (ഈ-സ്ത്രീ-പ്ര-ഏ) ത്രിപഥഗാ(ആ-സ്ത്രീ-പ്ര-ഏ) ത്രിസ്രോതാഃ (സ-സ്ത്രീ-പ്ര-ഏ) ഭീഷ്മസൂഃ (ഊ-സ്ത്രീ-പ്ര-ഏ) ഇവ പ-ം ഗംഗയുടെ പേർ. കാളിന്ദീ (ഈ-സ്ത്രീ-പ്ര-ഏ) സൂര്യതനയാ, യമുനാ (ആ-സ്ത്രീ-പ്ര-ഏ) ശമനസദസാ (ഊ-സ്ത്രീ-പ്ര-ഏ) ഇവ പ-ം കാളിന്ദിയുടെ പേർ

രേവാ തു നർമ്മദാ സോമോദ്ഭവാ മേഖലകന്യകാ
കൃതതോയാ സദാനീരാ ബാഹുദാ ശൈലവാഹിനീ. നപു

രേവാ, നർമ്മദാ, സോമോദ്ഭവാ, മേഖലകന്യകാ (ആ-സ്ത്രീ-പ്ര-ഏ) ഇവ പ-ം നർമ്മദയുടെ പേർ. കൃതതോയാ, സദാനീരാ (ആ സ്ത്രീ-പ്ര-ഏ) ഇവ പ-ം ശൈലീവിവാഹസമയത്തിങ്കൽ കന്യാദാനത്തിനായിക്കൊണ്ടു എടുത്ത ജലത്തിങ്കൽ നിന്നുണ്ടായ നദിയുടെ പേർ ബാഹുദാ (ആ-സ്ത്രീ-പ്ര-ഏ) ശൈലവാഹിനീ (ഈ-സ്ത്രീ പ്ര-ഏ) ഇവ പ-ം കാർത്തവീര്യാർജ്ജുനനാൽ അവതരിപ്പിക്കപ്പെട്ടതായ ഒരു നദിയുടെ പേർ. ഇങ്ങനെ മഹേശ്വരടീകയിൽ വ്യാഖ്യാനിച്ചിരിക്കുന്നു.

ശതദ്രുസ്തു ശുതുദ്രിസ്സ്യാദ്വിപാശാ തു വിപാഠ സ്ത്രിയാം
ശോണോ ഹിരണ്യവാഹസ്സ്യാൽ കുല്യാല്പാ കുത്രിമാസരിൽ.

ശതദ്രുഃ (ഉ-സ്ത്രീ-പ്ര-ഏ) ശുതുദ്രിഃ (ഈ-സ്ത്രീ-പ്ര-ഏ) ഇവ പ-ം സരയുവിന്റെ പേർ ചിന്ന ചിലർ വ്യാഖ്യാനിച്ചിരിക്കുന്നു. മഹേശ്വരടീകയിൽ ശതദ്രു എന്ന ദേശഭാഷയോടുകൂടിയ നദിയുടെ പേർ എന്നാകുന്നു. ശുതുദ്രി എന്നതിന്റെ സ്ഥാനത്തു ശിതദ്രു എന്ന ചിലർ പഠിക്കുന്നു. ബഹുസമ്മതമായ പാഠം ശുതുദ്രി എന്നാകുന്നു. വിപാശാ (ആ-സ്ത്രീ-പ്ര-ഏ) വിപാഠം (ശ-സ്ത്രീ-പ്ര-ഏ) ഇവ പ-ം പാശമോചിനി എന്ന നദിയുടെ പേർ. ശോണഃ (അ-പു-പ്ര-ഏ) ഹിരണ്യവാഹഃ (അ-പു-പ്ര-ഏ) ഇവ പ-ം ശോണനദത്തിന്റെ പേർ. കുല്യാ (ആ-സ്ത്രീ-പ്ര-ഏ) കൈത്തോടിന്റെ പേർ.

ശതാവതീ വേത്രവതീ ചന്ദ്രഭാഗാ സരസ്വതീ
കാശവതീ സരിതോന്യാശ്ച സംഭേദേസ്സിന്ധുസംഗമഃ. നപു

ശതാവതീ (ഈ-സ്ത്രീ-പ്ര-ഏ) വേത്രവതീ (ഈ-സ്ത്രീ-പ്ര-ഏ) ചന്ദ്രഭാഗാ (ആ-സ്ത്രീ-പ്ര-ഏ) ചാന്ദ്രാഭാഗാ എന്നും ചാന്ദ്രഭാഗി എന്നും ചന്ദ്രഭാഗി എന്നുമാം. 'ചന്ദ്രഭാഗാ ചാന്ദ്രഭാഗാ ച്യ

ഭോഗീ ച സാ മതാ ചന്ദ്രഭോഗീ ച സൈവോക്താ എന്ന ദ്വിരൂപകോശവാക്യമുണ്ട്. സരസ്വതീ (ഈ-സ്ത്രീ-പ്ര-ഏ) കാവേരീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ൪-ം നദീവിശേഷങ്ങളുടെ പേർ. സരിതോന്യാശ്ച എന്നതിന്റെ മേല്പറഞ്ഞതുകൾക്ക് പുറമെയും നദികൾ ഭേദിക്കുന്നു എന്നർത്ഥമാകുന്നു. സംഭേദഃ, സിന്ധുസംഗമഃ (അ-പു-പ്ര-ഏ) ഇവ ൨ ം സമുദ്രവും നദിയും ചേരുന്ന പ്രദേശത്തിന്റെ പേർ.

ദ്വയോഃ പ്രണാളീ പയസഃ പദവ്യാം തീർത്ഥോത്തരത്തേ
ദേവികായാം സരയ്വാശ്ച ദ്വേ ദ്വാവിഷ്കസാരവൌ. ൯൩

പ്രണാളീ (ഈ-സ്ത്രീ-പ്ര-ഏ) പ്രണാളഃ എന്നർത്ഥം. ഓവിന്റെ പേർ. തീർത്ഥോത്തരത്തേ എന്നതിന്റെ ഇനി പറവാൻപോകുന്ന ദ്വാവിഷ്കസാരവശബ്ദങ്ങൾ ത്രിലിംഗങ്ങളാണെന്നു അർത്ഥമാകുന്നു. ദ്വാവിഷ്കഃ (അ-പു-പ്ര-ഏ) ദേവികാനദിയിങ്കൽ ഭവിച്ചതിന്റെ പേർ. സാരവഃ (അ-പു-പ്ര-ഏ) സരയൂനദിയിങ്കൽ ഭവിച്ചതിന്റെ പേർ.

സൌഗന്ധികം തു കല്ഹാരം രക്തോത്പലം രക്തകുവലയം രക്തസന്ധ്യകം
സ്യാദ്രക്തോത്പലം കുവലയമഥ നീലാംബുജന്മ ച. ൯൪
ഇന്ദീവരഞ്ച നീലോത്പലസ്യാൽ സിതേ കുമുദകൈരവേ
ശാലൂകമേഷാം കന്ദസ്സ്യാദ്വാരിപർണ്ണീ തു കുംഭികാ. ൯൫

സൌഗന്ധികം, കല്ഹാരം (അ-ന-പ്ര-ഏ) ഇവ ൨-ം സൌഗന്ധികകുസുമത്തിന്റെ പേർ. രക്തോത്പലം, രക്തസന്ധ്യകം (അ-ന-പ്ര-ഏ) ഇവ ൨-ം ചുവന്ന സൌഗന്ധികത്തിന്റെ പേർ. രക്തോത്പലം, കുവലയം (അ-ന-പ്ര-ഏ) ഇവ ൨-ം ചെങ്ങഴിനീർപൂവിന്റെ പേർ. നീലാംബുജന്മ (ന-ന-പ്ര-ഏ) ഇന്ദീവരം (അ-ന-പ്ര-ഏ) ഇവ ൨-ം കരിംകുവളപ്പൂവിന്റെ പേർ. കുമുദം, കൈരവം (അ-ന-പ്ര-ഏ) ഇവ ൨-ം ആമ്പൽപ്പൂവിന്റെ പേർ. ശാലൂകം (അ-ന-പ്ര ഏ) ചെങ്ങഴിനീർ മുതലായതുകളുടെ കിഴങ്ങിന്റെ പേർ. വാരിപർണ്ണീ (ഈ-സ്ത്രീ-പ്ര-ഏ) കുംഭികാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ൨-ം നീർച്ചീരയുടെ പേർ.

ജലനീലീ തു ശേവാലം ശൈവലോഥ കുമുദ്വതീ
കുമുദിന്യാം നളിന്യാന്തു വിസിനീ പദ്മിനീമുഖാഃ. ൯൬

ജലനീലീ (ഈ-സ്ത്രീ-പ്ര-ഏ) ശേവാലം (അ-ന-പ്ര-ഏ) ശൈവാലമെന്നർത്ഥം. ശൈവലഃ (അ-പു-പ്ര-ഏ) ഇവ ൨-ം കരിമ്പായലിന്റെ പേർ എന്നു പൂർവ്വന്മാർ വിവരിച്ചിരിക്കുന്നു. ക

തിന്വായലെന്നതു കുത്ത ചണ്ടിയാകുന്നു. കുമുദപതീ, കുമുദിനീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ന-ം ആമ്പൽപ്പൂയ്യുടെ പേർ. നളിനീ, വിസിനീ, പത്മിനീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ന-ം താമരപ്പൂയ്യുടെ പേർ. പത്മിനീമുഖാഃ എന്ന മുഖശബ്ദംകൊണ്ടു സരോജിനീ പങ്കജിനീ ഇത്യാദി പര്യായങ്ങളെ സംഗ്രഹിച്ചിരിക്കുന്നു.

വാ പുംസി പദ്മം നളിനമരവിന്ദം മഹോൽപലം
സഹസ്രപത്രം കമലം ശതപത്രം കുശേശയം. ൨൨

പങ്കേരുഹം താമരസം സാരസംസരസീരുഹം
വിസപ്രസൂനരാജീവപുഷ്കരാംഭോരുഹാണി ച. ൨൩

പദ്മം (അ-ന-പ്ര-ഏ) പുല്ലിംഗമായിട്ടുമാം. നളിനം, അരവിന്ദം, മഹോല്പലം, സഹസ്രപത്രം, കമലം, ശതപത്രം, കുശേശയം, പങ്കേരുഹം, താമരസം, സാരസം, സരസീരുഹം, വിസപ്രസൂനം, രാജീവം, പുഷ്കരം, അംഭോരുഹം (അ-ന-പ്ര-ഏ) ഇവ ഏന-ം താമരപ്പൂവിന്റെ പേർ.

പുണ്ഡരീകം സിതാംഭോജമഥ രക്തസരോരുഹം
രക്തോൽപലം രകോകനദം നാളോനാളമഥാസ്ത്രിയാം. ൨൪

മൃണാളം വിസമബ്ജാദികന്ദംവേ ഷ്ണ്ഡമസ്ത്രിയാം
കരഹാടശ്ശിഫാകന്ദഃ കിഞ്ജല്കഃ കേസരോऽസ്ത്രിയാം
സംവർത്തികാ നവദളം ബീജകോശോ വരാടകഃ. ൨൫

പുണ്ഡരീകം, സിതാംഭോജം (അ-ന-പ്ര-ഏ)ഇവ ന-ം വെളുത്ത താമരപ്പൂവിന്റെ പേർ. രക്തസരോരുഹം, രക്തോൽപലം, രകോകനദം (അ-ന-പ്ര-ഏ) ഇവ ന-ം ചെന്താമരപ്പൂവിന്റെ പേർ. നാളഃ (അ-പു-പ്ര-ഏ) നാളം (അ-ന-പ്ര-ഏ) നാളാ എന്ന അകാരാന്തമായിട്ടും നാളീ എന്ന ഈകാരാന്തമായിട്ടുമാം. നാളാ, നാളീ ഇവ ബ-ം സ്ത്രീലിംഗങ്ങളാകുന്നു. ഇവ ന-ം താമരയുടെ തണ്ടിന്റെ പേർ. മൃണാളം, വിസം (അ-ന-പ്ര-ഏ) വിശേഷമെന്നുമാം. മൃണാളത്തുവിശംവിസമെന്ന ഭിന്നരൂപകോശവചനമുണ്ട്. വിസഃ എന്നുമാം. പുന്നപുംസകയോർവിസഃ എന്ന വിശേഷവാക്യമുണ്ട്. ഇവ ന-ം താമരവളയത്തിന്റെ പേർ. ഷണ്ഡം (അ-ന-പ്ര-ഏ) പുല്ലിംഗമായിട്ടുമാം. താമര മുതലായതുകളുടെ സമൂഹത്തിന്റെ പേർ. കരഹാടഃ (അ-പു-പ്ര-ഏ) ശിഫാകന്ദഃ (അ-പു-പ്ര-ഏ) ഇവ ന-ം താമരക്കിഴങ്ങിന്റെ പേർ. കരഹാടഃ, ശിഫാ, കന്ദഃ ഇവ ന-ം താമരക്കിഴങ്ങിന്റെപേർ എന്നും ഒരു പക്ഷമുണ്ട്. കിഞ്ജല്കഃ കേസരഃ (അ-പു-പ്ര-ഏ) കേ

സമശബ്ദം നപുംസകമായിട്ടുമാം. ഇവ ചതുരം അല്ലിയുടെ പേർ. സംവർത്തികാ (അ-സ്ത്രീ-പ്ര-ഏ) നവടളം (അ-ന-പ്ര-ഏ) ഇവ ചതുരം താമര മുതലായതിന്റെ പുതിയ ദളത്തിന്റെ പേർ. ബീജകോശഃ, വരാടകഃ (അ-പു-പ്ര-ഏ) ഇവ ചതുരം താമരപ്പൂവിന്റെ അകത്തുള്ള കണ്ണികയുടെ പേർ. ബീജകോശം എന്നതിന്നു ബീജങ്ങളെ ഉള്ളിൽ ഭവിക്കുന്നതായ കൂടെന്നത്ഥമാകുന്നു.

ഇതി വാരിവർഗ്ഗഃ

ഉക്തം സാർദ്ധശ്ലോകേനാകാശാധീശബ്ദാദി സനാഭ്യകം
പാതാളഭോഗിനരകം വാരിചൈഷ്വാഖ്യ സംഗതം.

സാർദ്ധശ്ലോകേനാകാശാധീശബ്ദാദിസനാഭ്യകം പാതാളഭോഗിനരകം വാരി ഏഷാം സംഗതം ച ഉക്തം എന്നു് ഇതിന്റെ അന്വയവും സാർദ്ധശ്ലോകേനാകാശാധീശബ്ദാദിയും സനാഭ്യകമായിരിക്കുന്ന പാതാളഭോഗിനരകവും വാരിയും ഇതുകളുടെ സംഗതവും വചിക്കപ്പെട്ടു എന്ന അന്വയാർത്ഥവും സാർദ്ധശ്ലോകേനാകാശാധീശബ്ദാദി=സാർദ്ധം ശ്ലോകവും ആകാശം കാലവും ധീയും ശബ്ദാദിയും. സാർദ്ധം=സാർദ്ധം. ശ്ലോകം=അകാശം. ധീ=ബുദ്ധി. ശബ്ദാദി=ശബ്ദം മുതലായതു്. സനാഭ്യകം=നാഭ്യത്തോടുകൂടിയതു്. പാതാളഭോഗി നരകം=പാതാളവും ഭോഗിയും നരകവും. ഭോഗി=സർപ്പം. വാരി=ജലം. ഇതുകൾ സാർദ്ധാദികൾ. (മേല്പറഞ്ഞ സാർദ്ധം മുതലായ പദാർത്ഥങ്ങൾ) സംഗതം=സംബന്ധി പദാർത്ഥം വചിക്ക=പറയുക എന്ന പദഭാഷ്യമാകുന്നു. ഇതിന്റെ സാരം സാർദ്ധവർഗ്ഗത്തിൽ സാർദ്ധവാചകശബ്ദങ്ങളും സാർദ്ധസംബന്ധികളായ ദേവാദികളെ പറയുന്ന ശബ്ദങ്ങളും വ്യോമവർഗ്ഗത്തിൽ ആകാശവാചക ശബ്ദങ്ങളും ദിഗ്വർഗ്ഗത്തിൽ ദിഗ്വാചകശബ്ദങ്ങളും പ്രാച്യാദി ദിഗ്വാചകശബ്ദാദികളും കാലവർഗ്ഗത്തിൽ കാലവാചകശബ്ദങ്ങളും പ്രതിപദാദിവാചകശബ്ദങ്ങളും ധീവർഗ്ഗത്തിൽ ബുദ്ധിവാചകശബ്ദങ്ങളും, ബുദ്ധിവിശേഷവാചകശബ്ദാദികളും ശബ്ദാദിവർഗ്ഗത്തിൽ ശബ്ദം മുതലായതിനെ പറയുന്ന ശബ്ദങ്ങളും വാഗാദിവാചകശബ്ദങ്ങളും നാട്യവർഗ്ഗത്തിൽ നിഷ്ഠാദാദി വാചകശബ്ദവും നാട്യവാചകശബ്ദങ്ങളും പാതാളഭോഗിവർഗ്ഗത്തിൽ പാതാളത്തെയും സർപ്പങ്ങളേയും ഇരുട്ടു മുതലായതുകളേയും പറയുന്ന ശബ്ദങ്ങളും നരകവർഗ്ഗത്തിൽ നരകസാമാന്യവാചകശബ്ദങ്ങളും നരകവിശേഷാദിവാചകശബ്ദങ്ങളും വാരിവർഗ്ഗത്തിൽ ജല

വാചകശബ്ദങ്ങളും സമുദ്രാദിവാചകശബ്ദങ്ങളും പറയപ്പെട്ടു എ
ന്നാകുന്നു.

ഇത്യമരസിംഹകൃതൌ നാമലിംഗാനുശാസനേ
സപ്രതാദികാണ്ഡഃ പ്രഥമസ്സാംഗോപാംഗസ്സമാപ്തിതഃ.

അമരസിംഹകൃതൌ നാമലിംഗാനുശാസനേ ഇതി പ്രഥമഃ

സപ്രതാദികാണ്ഡഃ സാംഗോപാംഗഃ സമാപ്തിതഃ എന്നു് ഇ
തിന്റെ അന്വയമാകുന്നു. സാരം—അമരസിംഹനെന്ന പേരോ
ടുകൂടിയ കവിയാൽ ഉണ്ടാക്കപ്പെട്ടതായി നാമലിംഗാനുശാസന
മെന്ന പേരോടുകൂടിയ ഈ നിഘണ്ടുവിൽ ഇപ്രകാരം ഒന്നാമത്തേ
തായിട്ടു സപ്രതാദികാണ്ഡം തന്റെ തന്റെ അംഗോപാംഗങ്ങ
ളോടുകൂടിയതായി സമാപിക്കപ്പെട്ടു എന്നാകുന്നു.

ഇതി വാഗ്ദാസോപനാമകരാമാനന്ദനാഥപണ്ഡിത
പ്രാരശരേന്ദ്രകൃതാവമരകോശവ്യാഖ്യായാം
ബാലപ്രിയാഖ്യായാം പ്രഥമകാണ്ഡഃ.

അമരകോശം.

ദ്വിതീയകാണ്ഡം.

ഭൂവഗ്ഗപ്രാരംഭഃ.

വർഗ്ഗാഃ പൃത്ഥ്വീപുരക്ഷ്മാട്ടവനൌഷധി ദ്രുഗാദിഭിഃ
നൃബ്രഹ്മക്ഷത്രവിഡ്ശൂദ്രൈസ്സാംഗോപാംഗൈരിഷ്ടാദിതാഃ.

ഇഹ സാംഗോപാംഗൈഃ പൃത്ഥ്വീപുരക്ഷ്മാട്ടവനൌഷധി ദ്രുഗാദിഭിഃ നൃബ്രഹ്മക്ഷത്രവിഡ്ശൂദ്രൈഃ വർഗ്ഗാഃ ഉദിതാഃ പ്രസ്താവയമാകുന്നു. സാരം—ഇവിടെ ഇനി പറവാൻപോകുന്ന ദ്വിതീയകാണ്ഡത്തിങ്കൽ ഭൂമി, ഭവനം, പർവ്വതം. വനം, ഔഷധി, മൃഗാദി, മനുഷ്യൻ, ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ ഇവരെ പറയുന്ന ശബ്ദങ്ങൾകൊണ്ടും മേൽപറഞ്ഞ ഭൂമി മുതലായതുകളുടെ അംഗങ്ങളായ മണ്ണു മുതലായതുകളെ പറയുന്ന ശബ്ദങ്ങൾകൊണ്ടും ഉപാംഗങ്ങളായ വഴി മുതലായതുകളെ പറയുന്ന ശബ്ദങ്ങൾകൊണ്ടും വർഗ്ഗങ്ങൾ പറയപ്പെടുന്നവയാകുന്നു പ്രസ്താവയെന്നാകുന്നു.

ഭൂർഭൂമിരചലാനന്താ രസാ വിശ്വംഭരാ സ്ഥിരാ
ധരാ ധരിത്രീ ധരണീ ക്ഷ്മാണീ ജ്യാ കാശ്യപീ ക്ഷിതിഃ. ൧
സർവ്വംസഹാ വസുമതീ വസുധോർവ്വീ വസുന്ധരാ
ഗോത്രാ കുഃ പൃഥിവീ പൃത്ഥ്വീ കുഷ്ഠാവനിരമ്മേദിനീ മഹീ. ൨
വിപുലാ ഗഹ്വരീ ധാത്രീ ഗൌരിളാ കുംഭിനീ ക്ഷമാ
ജഗതീ രത്നഗർഭാ സാ ഭ്രുതധാത്ര്യുർവ്വ്യാമേഖലാ. ൩

ഭൂഃ (ഊ-സ്ത്രീ-പ്ര ഏ) ഭൂമിഃ (ഈ-സ്ത്രീ-പ്ര-ഏ) ഭൂമീ എന്നു ഈകാരാന്തമായിട്ടുമാം. അചലാ, അനന്താ, രസാ, വിശ്വംഭരാ, സ്ഥിരാ, ധരാ (ആ-സ്ത്രീ-പ്ര-ഏ) ധരിത്രീ, ധരണീ (ഈ-സ്ത്രീ-പ്ര-ഏ) ധരണിഃ എന്നു ഇകാരാന്തമായിട്ടുമാം. ക്ഷ്മാണീ (ഈ-സ്ത്രീ-പ്ര-ഏ) ക്ഷ്മാണിഃ എന്നു ഇകാരാന്തമായിട്ടുമാം. ജ്യാ (ആ-സ്ത്രീ-പ്ര-ഏ) കാശ്യപീ (ഈ-സ്ത്രീ-പ്ര ഏ) ക്ഷിതിഃ (ഇ-സ്ത്രീ-പ്ര-ഏ) സർവ്വംസഹാ (ആ-സ്ത്രീ-പ്ര-ഏ) വസുമതീ (ഈ-സ്ത്രീ-പ്ര-ഏ) വസുധാ (ആ-സ്ത്രീ-പ്ര-ഏ) ഉർവ്വീ (ഈ-സ്ത്രീ-പ്ര-ഏ) വസുന്ധരാ (ആ-സ്ത്രീ-പ്ര-ഏ) ഗോത്രാ (ആ-സ്ത്രീ-പ്ര-ഏ) കുഃ (ഉ-

സ്ത്രീ-പ്ര-ഏ) പൃഥിവീ, പൃത്ഥവീ (ഈ-സ്ത്രീ-പ്ര-ഏ) ക്ഷ്മാ (ആ-സ്ത്രീ-പ്ര-ഏ) അവനിഃ (ഇ-സ്ത്രീ-പ്ര-ഏ) അവനീ എന്നു് ഈകാരാന്തമായിട്ടുമാം. മേദിനീ (ഈ-സ്ത്രീ-പ്ര-ഏ) മഹീ (ഈ-സ്ത്രീ-പ്ര-ഏ) മഹിഃ എന്നു് ഇകാരാന്തമായിട്ടുമാം. വിപുലാ (ആ-സ്ത്രീ-പ്ര-ഏ) ഗഹ്വരീ, ധാത്രീ (ഈ-സ്ത്രീ-പ്ര-ഏ) ഗൌഃ (ഓ-സ്ത്രീ-പ്ര-ഏ) ഇളാ (ആ-സ്ത്രീ-പ്ര-ഏ)കുംഭിനീ(ഈ-സ്ത്രീ-പ്ര-ഏ) ക്ഷമാ (ആ-സ്ത്രീ-പ്ര-ഏ) ജഗതീ (ഈ-സ്ത്രീ-പ്ര-ഏ) രത്നഗർഭാ (ആ-സ്ത്രീ-പ്ര-ഏ) ഭ്രുതധാത്രീ (ഈ-സ്ത്രീ-പ്ര-ഏ) അബ്ധിമേഖലാ (ആ-സ്ത്രീ-പ്ര-ഏ) ഇവ നവ്യം ഭൂമിയുടെ പേർ. മഹേശ്വരടീകയിൽ ജഗതീരത്നഗർഭാസാ ഇത്യാദി രണ്ടു പാദങ്ങളുടെ സ്ഥാനത്തു ഭ്രുതധാത്രീരത്നഗർഭാ ജഗതീ സാഗരാംബരാ എന്നു പാഠം കാണുന്നു. ഏപ്രകാരമായാലും ദോഷമില്ല.

മൃന്മൃത്തികാ പ്രശസ്യാ തു മൃത്സാ മൃത്സ്നാ ച മൃത്തികാ
ഉർവരാ സർവസസ്യാഢ്യാ സ്യാദൂഷഃ ക്ഷാരമൃത്തികാ. ൪

മൃൽ (ദ-സ്ത്രീ-പ്ര-ഏ) മൃത്തികാ (ആ-സ്ത്രീ-പ്ര-ഏ) ഇവ നപുംസകം മണ്ണിന്റെ പേർ. മൃത്സാ, മൃത്സ്നാ (ആ-സ്ത്രീ-പ്ര-ഏ) ഇവ നപുംസകം നല്ലമണ്ണിന്റെ പേർ. ഉർവരാ (ആ-സ്ത്രീ-പ്ര-ഏ) എല്ലാ സസ്യങ്ങളുമുള്ള ഭൂമിയുടെ പേർ. ഊഷഃ (അ-പു-പ്ര-ഏ) ക്ഷാരമൃത്തികാ (ആ-സ്ത്രീ-പ്ര-ഏ) ഇവ നപുംസകം ഓർമണ്ണിന്റെ പേർ.

ഊഷവാനൂഷരോ ഽപാവപ്യന്യലിംഗൌ സ്ഥലം സ്ഥലീ
സമാനൌ മരുധന്വാനൌ ദേഽഖിലാപ്രഹതേ സമേ. ൫

ത്രിഷ്വടഥാ ജഗതീ ലോകോ വിഷ്ടപം ഭുവനം ജഗൽ
ലോകോSയം ഭാരതം വർഷം ശരാവത്യാസ്തു നോ വയോഃ. ൬
ദേശഃ പ്രാഗ്ദക്ഷിണഃ പ്രാച്യ ഉദീച്യഃ പശ്ചിമോത്തരഃ
പ്രത്യന്തോ മ്ലേച്ഛദേശസ്സ്യാന്മധ്യദേശസ്തു മധ്യമഃ

ഊഷവാൻ (ത-പു-പ്ര-ഏ) ഊഷപതീ എന്ന സ്ത്രീലിംഗമായിട്ടും ഊഷവൽ എന്ന നപുസംകമായിട്ടുമാം. ഊഷരഃ (അ-പു-പ്ര-ഏ) ഊഷരാ എന്ന സ്ത്രീലിംഗമായിട്ടും ഊഷരമെന്ന നപുംസകമായിട്ടുമാം. ഇവ നാം ഓർനിലത്തിന്റെ പേർ. സ്ഥലം (അ-ന-പ്ര-ഏ) പ്രദേശസാമാന്യത്തിന്റെ പേർ. സ്ഥലീ (ഈ-സ്ത്രീ-പ്ര-ഏ) നന്നാക്കാതെ ഉള്ള പ്രദേശത്തിന്റെ പേർ. മരുഃ (ഉ-പു-പ്ര-ഏ) ധന്വാ (ന-പു-പ്ര-ഏ) ഇവ നാം നിർജ്ജലഭൂമിയുടെ പേർ. വിലം, അപ്രഹതം (അ-ന-പ്ര-ഏ) ഒന്നാലും വാഴാത്ത ഭൂമിയുടെ പേർ. വിലാപ്രഹതശബ്ദങ്ങൾ ത്രിലിംഗ

ങ്ങളാകുന്നു. ജഗതീ (ഈ-സ്ത്രീ-പ്ര-ഏ) ലോകഃ (അ-പു-പ്ര-ഏ) വിഷ്ണുപം, ഭുവനം (അ-ന-പ്ര-ഏ) ജഗൽ (ത-ന-പ്ര-ഏ) ഇവ ത്രി-ം ലോകത്തിന്റെ പേർ. ലോകോയം ഭാരതം വർഷമെന്നതിന്നു് ഈ ലോകം ഭാരതമാകുന്ന വർഷമാകുന്നു എന്നർത്ഥമാകുന്നു. ഹിമവാങ്കൽനിന്നു തെക്കുള്ള പ്രദേശത്തിന്നു ഭാരതവർഷമെന്നു പേരുണ്ടെന്നു് അതിന്റെ സാരമാകുന്നു. ഭാരതം, വർഷം (അ-ന-പ്ര-ഏ) ഭാരതോവർഷഃ എന്നു പുല്ലിംഗമായിട്ടുമാം. പുംനപുംസകയോവർഷമെന്നു കോശാന്തരവചനമുണ്ടു്. ഭാരതം വർഷം ഈ രണ്ടു ശബ്ദങ്ങളുംകൂടി ഒരു പേരായി ഗ്രഹിച്ചു കൊൾകയും വേണം. പ്രാച്യഃ (അ-പു-പ്ര-ഏ) ശരാവതിയാകുന്ന നദിയുടെ കിഴക്കും തെക്കുമുള്ള ദേശത്തിന്റെ പേർ. ഉദീച്യഃ (അ-പു-പ്ര-ഏ) ശരാവതിയാകുന്ന നദിയുടെ പടിഞ്ഞാറും വടക്കുമുള്ള ദേശത്തിന്റെ പേർ. പ്രത്യന്തഃ, മ്ലേച്ഛദേശഃ (അ-പു-പ്ര-ഏ) ഇവ ത-ം മ്ലേച്ഛദേശത്തിന്റെ പേർ. കാമരൂപാടികം ഒക്കെയും മ്ലേച്ഛദേശങ്ങളാകുന്നു. മ്ലേച്ഛദേശലക്ഷണം—വാത്തുവ്വിന്ന വ്യവസ്ഥാനം യസ്മിന്നേശേഷ്വവിദ്യതേ തംമ്ലേച്ഛവിഷയം പ്രാഹുരാര്യാവർത്തമതഃ പരം എന്നതുകൊണ്ടു് അറിയേണ്ടതാകുന്നു. ഇതിന്റെ അർത്ഥം ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ ഇങ്ങിനെയുള്ള ജാതിനിയമത്തോടുകൂടാത്തവരുകളായ ദേശങ്ങളെ മ്ലേച്ഛദേശങ്ങൾ എന്നു പറയുന്നു. മ്ലേച്ഛദേശങ്ങളിൽ ചേരാത്തതായ ദേശത്തെ ആര്യാവർത്തമെന്നു പറയുന്നു എന്നാകുന്നു. മധ്യദേശഃ, മധ്യമഃ (അ-പു-പ്ര-ഏ) ഇവ ത-ം മധ്യദേശത്തിന്റെ പേർ. ഹിമവാങ്കൽനിന്നു തെക്കോട്ടു വിന്ധ്യപർവ്വതം വരയ്ക്കും കുരുക്ഷേത്രത്തിങ്കൽനിന്നു കിഴക്കോട്ടു പ്രയാഗവരയ്ക്കുമുള്ള പ്രദേശത്തെ മധ്യദേശമെന്നറിഞ്ഞുകൊൾക. ഹിമവദ്വിന്ധ്യയോർമ്മധ്യം യത്പ്രാഗ്വിനശനാദപി പ്രത്യഗേവപ്രയാഗാച്ച മധ്യദേശഃ പ്രകീർത്തിതഃ എന്നുള്ള വചനം മേൽപറഞ്ഞതിന്റെ മൂലമാകുന്നു. മേൽപറഞ്ഞ വചനത്തിൽ വിനശനശബ്ദത്തിന്നു കുരുക്ഷേത്രമെന്നർത്ഥമാകുന്നു. ശേഷങ്ങളായ ശബ്ദങ്ങളുടെ അർത്ഥം സ്പഷ്ടമാകുന്നു.

ആര്യാവർത്തഃ പുണ്യഭൂമിർമ്മധ്യം വിന്ധ്യഹിമാലയോഃ
നീവ്യുജ്ജനപദേ ദേശവിഷയേ തൂപവർത്തനം. ൯

ആര്യാവർത്തഃ (അ-പു-പ്ര-ഏ) പുണ്യഭൂമിഃ (ഇ-സ്ത്രീ-പ്ര-ഏ) ഇവ ത-ം ഹിമവാന്റെയും വിന്ധ്യപർവ്വതത്തിന്റെയും മധ്യത്തിന്റെ പേർ. നീവ്യുൽ (ത-പു-പ്ര-ഏ) ജനപദഃ (അ-പു-പ്ര-

ഏ) ഇവ ൨-ം രാജ്യത്തിന്റെ പേർ. ദേശഃ, വിഷയഃ (അ-പു-പ്ര-ഏ) ഉപവർത്തനം (അ-ന-പ്ര-ഏ) ഇവ ൨-ം ദേശത്തിന്റെ പേർ.

ത്രിഷ്വാദ്ഗോഷ്വാനന്ധപ്രായേ നന്ധാനന്ധവല ഇത്യപി
കുമുദ്വാൻ കുമുദപ്രായേ വേതസ്വാൻ ബഹ്വവേതസേ.

ത്രിഷ്വാദ്ഗോഷ്വ് ൽ ഏന്നതിന്ന ദ്ഗോഷ്വം ഗോസ്ഥാനകമെന്നതിന്റെ മുമ്പേ പറയപ്പെടുന്ന ശബ്ദങ്ങൾ ത്രിലിംഗങ്ങളാകുന്ന ഏന്നത്ഥമാകുന്നു. നന്ധവാൻ (ത-പു-പ്ര-ഏ) വേഴലും വളരെ ഉള്ള പ്രദേശത്തിന്റെ പേർ. വേഴലും വളരെ ഉള്ള ഭൂമി ഏന്നിപ്രകാരം വിശേഷ്യത്തെ സ്ത്രീലിംഗമാക്കുമ്പോൾ നന്ധവതീ ഏന്ന സ്ത്രീലിംഗമാകയും വിശേഷ്യത്തെ നപുംസകലിംഗമാക്കിയാൽ നന്ധവത് ഏന്ന നപുംസകലിംഗമാകയും ചെയ്യും. ഈ വിശേഷം ദ്ഗോഷ്വം ഗോസ്ഥാനകമെന്നതിന്ന മുമ്പേ പറയപ്പെടുന്ന ശബ്ദങ്ങൾക്കും ഒക്കെയും ഊഹിച്ചുകൊൾകയും വേണം. കുമുദ്വാൻ (ത-പു പ്ര-ഏ) ആമ്പലധികമായുള്ള പ്രദേശത്തിന്റെ പേർ. വേതസ്വാൻ (ത-പു-പ്ര-ഏ) ആറുവഞ്ഞി അധികമായുള്ള പ്രദേശത്തിന്റെ പേർ.

ശാദ്വലശ്ശാദഹരിതേ സ ജംബ്വാളേ തു പങ്കിലഃ
ജലപ്രായമനൂപം സ്യാൽ പുംസി കച്ഛസ്തഥാവിധഃ. ൧൧

ശാദ്വലഃ (അ-പു-പ്ര-ഏ) വൻപുല്ലു് അധികമായുള്ള പ്രാദേശത്തിന്റെ പേർ. പങ്കിലഃ (അ-പു-പ്ര-ഏ) ചേറുള്ള പ്രദേശത്തിന്റെ പേർ. ജലപ്രായം, അനൂപം (അ-ന-പ്ര-ഏ) ഇവ ൨-ം വളരെ ജലവൃക്ഷാദികളോടുകൂടിയ പ്രദേശത്തിന്റെ പേർ. കച്ഛഃ (അ-പു-പ്ര-ഏ) പുംസി ഏന്ന വിശേഷിച്ചു പറകയാൽ ത്രിഷ്വാദ്ഗോഷ്വാൽ ഏന്നുള്ള വിധി കച്ഛശബ്ദത്തിന്ന സംബന്ധിക്കില്ലെന്നറിഞ്ഞുകൊൾകയും വേണം. അനൂപദേശത്തോടു സദൃശമായ പുഴയുടെ വക്ക മുതലായതിന്റെ പേർ. കച്ഛമെന്നും അനൂപത്തോടു തുല്യാർത്ഥമാകുന്ന ഏന്നു ചിലർ പറയുന്നു.

സ്ത്രീ ശക്വരശക്വരിലഃശ്ശാക്വരശ്ശക്വരാവതീ
ദേശർഗ്വാദിമാത്രേവമന്നേയാസ്സ്വികതാവതി. ൧൨

ശക്വരാ (അ-സ്ത്രീ-പ്ര-ഏ) സ്ത്രീ ഏന്ന വിശേഷിച്ചു പറകയാൽ ത്രിഷ്വാദ്ഗോഷ്വാൽഏന്ന വിധിശക്വരശബ്ദത്തിന്ന സംബന്ധിക്കയില്ലെന്നറിഞ്ഞുകൊൾക. ശക്വരിലഃ ശാക്വരഃ (അ-പു-പ്ര-ഏ) മേല്പറഞ്ഞ ശബ്ദങ്ങളിൽ ആദ്യങ്ങളായ ശക്വരാ, ശക്വരില

ഈ രണ്ടു ശബ്ദങ്ങൾ ചുക്കാൻകല്ലുകളോടുകൂടിയ ദേശത്തിന്റെ പേരാകുന്നു. ശാക്കരമെന്നത് ചുക്കാൻകല്ലുകളോടുകൂടിയ ദേശം മുതലായതിന്റെ പേർ. ചുവമുന്നേയാസ്സികതാവതി എന്നതിനു മണലോടുകൂടിയതിനെ പറയുന്നശബ്ദങ്ങൾ മേൽപറഞ്ഞപ്രകാരം ഊഹിക്കപ്പെടണമെന്നർത്ഥമാകുന്നു. അതുകൊണ്ടു സികതാസികതിലശബ്ദങ്ങൾ മണലോടുകൂടിയ ദേശത്തിന്റെ പേരാകുന്നു എന്നും സൈകതമെന്നതു മണലോടുകൂടിയ ദേശം മുതലായതിന്റെ പേരാകുന്നു എന്നും ഗ്രഹിച്ചുകൊൾക.

ദേശാ നദ്യംബുവൃഷ്ട്യംബു സംപന്നവ്രീഹിപാലിതഃ
സ്യാന്നദീമാതൃകോ ദേവമാതൃകശ്ച യഥാക്രമം. ൧൨

നദീമാതൃകഃ (അ-പു-പ്ര-ഏ) ആറുവെള്ളംകൊണ്ടു ഉണ്ടാകുന്ന സസ്യങ്ങൾകൊണ്ടുപജീവനത്തോടുകൂടിയ ദേശത്തിന്റെ പേർ. ദേവമാതൃകഃ (അ-പു-പ്ര-ഏ) മഴവെള്ളംകൊണ്ടുണ്ടാകുന്ന സസ്യങ്ങൾകൊണ്ടുപജീവനത്തോടുകൂടിയ ദേശത്തിന്റെ പേർ.

സുരാജ്ഞിദേശേ രാജന്വാൻ സ്യാത്തതോऽന്യത്ര രാജവാൻ
ഗോഷ്ഠം ഗോസ്ഥാനകം തത്തു ഗൌഷ്ഠീനം ഭൂതപൂർവ്വകം,

രാജന്വാൻ (ത-പു-പ്ര-ഏ) നല്ല രാജാവുള്ള ദേശത്തിന്റെ പേർ. രാജവാൻ (ത-പു-പ്ര-ഏ) മേൽപറഞ്ഞ പ്രകാരമല്ലാത്ത ദേശത്തിന്റെ പേർ. രാജ്ഞിയോടുകൂടിയതു് എന്നു പദാർത്ഥമാകുന്നു. ഗോഷ്ഠം, ഗോസ്ഥാനകം (അ-പു-പ്ര-ഏ) ഇവ ഫ-ം പശുക്കൾപാർക്കുന്ന സ്ഥലത്തിന്റെ പേർ. ഗൌഷ്ഠീനം (അ-ന-പ്ര ഏ) മുമ്പേ അതിൽവണ്ണമായിരുന്ന സ്ഥലത്തിന്റെ പേർ.

പന്ഥാനഭ്രൂഃ പരിസരഃസ്സേതുരാളശ സ്ത്രിയാം പുമാൻ
വാമലൂരശ്ച നാകുശ്ച വല്മീകം പുന്നപുംസകം. ൧൩

പന്ഥാനഭ്രൂഃ (ഊ-സ്ത്രീ-പ്ര-ഏ) പരിസരഃ (അ-പു-പ്ര-ഏ) ഇവ ഫ-ം നദീപർവ്വതാദിസമീപഭൂമിയുടെ പേർ. സേതുഃ (ഉ-പു-പ്ര-ഏ) ആളിഃ (ഇ-സ്ത്രീ-പ്രഏ)ഇവ ഫ-ം ചിറയുടെ പേർ. വാമലൂരഃ (അ-പു-പ്ര-ഏ). നാകുഃ (ഉ-പു-പ്ര-ഏ) വല്മീകം (അ-ന-പ്ര-ഏ) പുല്ലിംഗമായിട്ടുമാം. ഇവ ന-ം പുറ്റിന്റെ പേർ.

അയനം വർത്മമാർഗാധ്വപന്ഥാനഃ പദവീ സ്മൃതിഃ
സരണിഃ പദ്ധതിഃ പദ്യാ വർത്മന്യേകപദീതി ച. ൧൪

അയനം (അ-ന-പ്ര-ഏ) വർത്മ (ന-ന-പ്ര-ഏ) മാർഗഃ (അ-പു-പ്ര-ഏ) അധ്വാ, പന്ഥാഃ (ന-പു-പ്ര-ഏ) പദവീ (ഈ സ്ത്രീ-പ്ര-ഏ)സ്മൃതിഃ, സരണിഃ, പദ്ധതിഃ (ഇ-സ്ത്രീ-പ്ര-ഏ) പദ്യാ

(അ-സ്ത്രീ-പ്ര-ഏ) വർത്മനീ, ഏകപദീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ഫ-ം വഴിയുടെ പേർ.

അതിപന്ഥാസ്ത്വപന്ഥാശ്ച സൽപഥശ്ചാഥ്വിതേടധ്വനി
വ്യധ്വാ ദുരധ്വാ വിപഥഃ കദ്ധ്വാ കാപഥസ്സമാഃ. ൧൭

അതിപന്ഥാഃ, സുപന്ഥാഃ (ന-പു-പ്ര-ഏ) സൽപഥഃ (അ-പു-പ്ര-ഏ) ഇവ ന-ം നല്ല വഴിയുടെ പേർ. വ്യധ്വഃ, ദുരധ്വഃ, വിപഥഃ (അ-പു-പ്ര-ഏ) കദ്ധ്വാ (ന-പു-പ്ര-ഏ) കാപഥഃ (അ-പു-പ്ര-ഏ) ഇവ ള-ം ദുർമ്മാർഗ്ഗത്തിന്റെ പേർ.

അപന്ഥാസ്ത്വപഥം തുല്യേ ശൃംഗാടക ചതുഷ്പഥേ
പ്രാന്തരം ദുരതിക്രമ്യോധ്വാ കാന്താരം വർത്മദുർഗ്ഗമം. ൧൮

അപന്ഥാഃ (ന-പു-പ്ര-ഏ) അപഥം (അ-ന-പ്ര-ഏ) ഇവ ഫ-ം പിഴവഴിയുടെ പേർ. ശൃംഗാടകം, ചതുഷ്പഥം (അ-ന പ്ര-ഏ) നാലു പെരുവഴി കൂടുന്ന സ്ഥലത്തിന്റെ പേർ. പ്രാന്തരം (അ-ന-പ്ര-ഏ) ദൂരമായും വൃക്ഷജലാദ്യാദിയൊടുകൂടാത്തതായുമിരിക്കുന്ന വഴിയുടെ പേർ. കാന്താരം (അ-ന-പ്ര-ഏ) നടപ്പാൻ നിവ്വാഹമില്ലാത്ത വഴിയുടെ പേർ.

ഗവ്യൂതിഃ സ്ത്രീ ക്രോശയുഗം നലഃ കിന്ത്വഥ ചതുശ്ശതം
ഖണ്ഡോപഥസ്സംസരണം തൽപുരസ്യോപനിഷ്ഠരം. ൧൯

ഗവ്യൂതിഃ (ഇ-സ്ത്രീ-പ്ര-ഏ) അരക്കാതവഴിയുടെ പേർ. നലഃ (അ-പു-പ്ര-ഏ) നാന്നൂറുകാൽ നീളമുള്ള സ്ഥലത്തിന്റെ പേർ. ഖണ്ഡോപഥഃ (അ-പു-പ്ര-ഏ) സംസരണം (അ-ന-പ്ര ഏ) ഇവ ഫ-ം പത്തുവിൽപാടു വിസ്താരമുള്ള രാജമാർഗ്ഗത്തിന്റെ പേർ. ഉപനിഷ്ഠരം (അ-ന-പ്ര ഏ) രാജഗൃഹത്തിനടുത്തുള്ള രാജമാർഗ്ഗത്തിന്റെ പേർ.

ദ്യാവാപൃഥിവ്യൗ രോദസ്യൗ ദ്യാവാഭൂമീ ച രോദസീ
ദിവസ്പൃഥിവ്യൗ ഗ്രഞ്ജാ തു രമാ സ്യാല്ലവണാകരഃ. ൨൦

ദ്യാവാപൃഥിവ്യൗ രോദസ്യൗ (ഈ-സ്ത്രീ-പ്ര-ദ്വി) ദ്യാവാഭൂമീ (ഈ-സ്ത്രീ-പ്ര-ദ്വി) രോദസീ (സ-ന-പ്ര-ദ്വി) ദിവസ്പൃഥിവ്യൗ (ഈ-സ്ത്രീ-പ്ര-ദ്വി) ഇവ ള-ം ആകാശഭൂമികളുടെ പേർ. ഗ്രഞ്ജാ, രമാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ഫ-ം ഉപ്പുപടനയുടെ പേർ.

ഇതി ഭൂവർഗ്ഗഃ.

പുരവഗ്ഗപ്രാരംഭം.

പുഃ സ്ത്രീ പുരീ നഗന്ത്വേ വാ•പത്തനം പുടഭേദനം
സ്ഥാനീയം നിഗമോന്യത്ര യന്മൂലനഗരാൽ പുരം. ൧

തച്ഛാഖാ നഗരം വേശോ വേശ്യാജനസമാശ്രയഃ
ആപണസ്തു നിഷദ്യായാം വിപണിഃ പണ്യവീഥികാ. ൨

രഥ്യാ പ്രതോളീ വിശിഖാ സ്യാച്ചത്വരം വിപ്രമസ്ത്രീയാം
പ്രകാരോവരണസ്സാലഃ പ്രാചീനം പ്രാന്തരതോ വൃതിഃ. ൩

പുഃ (അ-സ്ത്രീ-പ്ര-ഏ) പുരി, നഗരീ (ഈ-സ്ത്രീ-പ്ര-ഏ) പുരം നഗരം എന്ന നപുംസകമായിട്ടുമാം. പത്തനം, പുടഭേദനം, സ്ഥാനീയം (അ-ന-പ്ര-ഏ) നിഗമഃ (അ-പു-പ്ര-ഏ) ഇവ ൧-ം രാജധാനിയുടെ പേർ. ശാഖാനഗരം (അ-ന-പ്ര-ഏ) മൂലനഗരമല്ലാത്ത നഗരത്തിന്റെ പേർ. വേശഃ (അ-പു-പ്ര-ഏ) വേശ്യാജനസമാശ്രയഃ (അ-പു-പ്ര-ഏ) ഇവ ൨-ം തേവിടിശ്ശിത്തെരുവിന്റെ പേർ. ആപണഃ (അ-പു-പ്ര-ഏ) നിഷദ്യാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ൨-ം വില്പാനായി നിരത്തപ്പെട്ട നാനാവസ്തുക്കളോടുകൂടിയ ശാലയുടെ പേർ. വിപണിഃ (ഇ-സ്ത്രീ-പ്ര-ഏ) വിപണീ എന്ന ഈകാരാന്തമായിട്ടുമാം. പണ്യവീഥികാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ൨-ം അങ്ങാടിത്തെരുവിന്റെ പേർ. രഥ്യാ (ആ-സ്ത്രീ-പ്ര-ഏ) പ്രതോളീ (ഈ-സ്ത്രീ-പ്ര-ഏ) വിശിഖാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ൩-ം ഗ്രാമങ്ങളുടെ നടുവിൽ കൂടെയുള്ള വഴിയുടെ പേർ. ചത്വരഃ (അ-പു-പ്ര-ഏ) വപ്രം (അ-ന-പ്ര-ഏ) വപ്രഃ എന്ന പുല്ലിംഗമായിട്ടുമാം. ഇവ ൨-ം മതിലടിയുടെ പേർ. പ്രാകാരഃ, വരണഃ, സാലഃ(അ-പു-പ്ര-ഏ)ഇവ ൩-ം മതിലിന്റെ പേർ പ്രാചീനം (അ-ന-പ്ര-ഏ) പുറമതിലിന്റെ പേർ എന്ന ചിലർ വ്യാഖ്യാനിച്ചിരിക്കുന്നു. മഹേശ്വരടീകയിൽ നഗരാദിയുടെ ചുറും മുളമുള്ള് മുതലായതുകൊണ്ടു കെട്ടപ്പെടുന്നതിനു് പ്രാചീനമെന്നപേർ എന്നാകുന്നു. ആ അഭിപ്രായത്തിനു് അനുരൂപമായ മലയാളവാക്കു വേലിയുടെ പേർ എന്നാകുന്നു. എന്നു ഞാൻ വിചാരിക്കുന്നു.

ഭിത്തിഃ സ്ത്രീ കുഡ്യമേഡ്മകം യദന്തർന്യസ്തകീകസം
ഗൃഹഗോഹാദവസിതവേശ്മ സദ്മ നികേതനം. ൪
നിശാന്തവസ്ത്ര്യസദന ഭവനാഗാരമന്ദിരം
ഗൃഹാഃ പുംസി ച ഭ്രമ്യേവ നികായ്യനിലയാലയാഃ ൫

ധിഷ്ണ്യമാരകോ നിവസനം സ്ഥാനം വാസ്തുനിവേശനം
ശരണം ധാമ സംസ്ത്യായയോ നിവാസാവസഥ ക്ഷയാഃ. സ

വാസഃ കൂടോ ടയയാഗ്ഗാലാ സടാ സഞ്ജീവനം ത്രിടം
ചത്തുഗ്ഗാലം മൂനീനാം ത്രു പണ്ണശാലോടജാ5സ്ത്രിയാം. ൭

അതിമുക്തഃ പുണ്ഡ്രകസ്ത്വ്യാ ലതാസന്തീ മാധവീലതാ. ൪൦

ശേഫാലികാ, ശിഫാലികാ ഏന്നുമാം. സുവഹാ, സുരസാ ഏന്നുമാം. (അ-സ്ത്രീ-പ്ര-ഏ) നിർഗ്ഗുണ്ഡീ (ഇ-സ്ത്രീ-പ്ര-ഏ) നിർഗ്ഗുണ്ഡീ ഏന്നുമാം. നീലികാ (അ-സ്ത്രീ-പ്ര-ഏ) ഇവ രു-ം കമ്പന്തിയുടെ പേർ. സുരസ.സുവഹാശീഫാദ്വികാ ശേഫാലികാതുല്യാ നിർഗ്ഗുണ്ഡീനീലികാ ചസ്യാന്നിർഗ്ഗുണ്ഡീ ഗ്രന്ഥമീതിച ഏന്നു ശബ്ദരത്നവ്യൂഹതരംഗിണിയിൽ ഉണ്ടാകയാൽ മുൻപറഞ്ഞ പാഠഭേദങ്ങൾ ഒക്കെയും പ്രമാണാന്തരഗൃഹീതങ്ങളാകുന്നു ഏന്നറിഞ്ഞുകൊൾകയും വേണം. ശ്വേതസുരസാ (അ-സ്ത്രീ-പ്ര-ഏ) ഭൃതവേശീ (ഇ-സ്ത്രീ-പ്ര-ഏ) ഇവ ര-ം വെള്ളത്തുമ്പയുടെ പേർ. സാസിതാശ്വേതസുരസാ ഭൃതവേശീ ച ഭൃമതീ ഭൃതകേശീതിച. ഭ്രാന്തയാ ഭൃതിദാ സരളേതിച ഏന്ന ശബ്ദരത്നവ്യൂഹതരംഗിണിയിലുണ്ടാകയാൽ ചിലപുസ്തകങ്ങളിൽ ഭൃതകേശ്യഥമാഗധീ ഏന്ന കാണപ്പെടുന്നതും യുക്തമത്രേ ആകുന്നതു്. മാഗധീ (ഇ-സ്ത്രീ-പ്ര-ഏ) ഗണികാ, യൂഥികാ അംബഷ്ഠാ(അ-സ്ത്രീ-പ്ര-ഏ) ഇവ രു-ം കുറുമൊഴിയുടെപേർ. ഹേമപുഷ്പികാ (അ-സ്ത്രീ-പ്ര-ഏ) ചെങ്കുറുമൊഴിയുടെ പേർ. അതിമുക്തഃ, പുണ്ഡ്രകഃ (അ-പു-പ്ര-ഏ) വാസന്തീ, മാധവീ (ഇ-സ്ത്രീ-പ്ര-ഏ) ലതാ (അ-സ്ത്രീ-പ്ര-ഏ) ഇവ ര-ം കുരുക്കുത്തിമുല്ലയുടെ ജാതിയിൽ ചേരുന്നതായി കസ്തൂരിയുടെ ഗന്ധംപോലെ ഇരിക്കുന്ന ഗന്ധത്തോടുകൂടിയതായിരിക്കുന്ന ഒരു ലതയുടെ പേർ. മാധ്യംകുന്ദംതദ്വദാഹുഃ കസ്തൂരീതുല്യഗന്ധിത്വേൽ വാസന്തീമാധവീത്യേത ദതിമുക്തശ്ച പുണ്ഡ്രകഃ ഏന്ന ശബ്ദരത്നവ്യൂഹതരംഗിണിയിൽ ഉണ്ടാകയാൽ മുൻപറഞ്ഞ വി

വർണം പ്രമാണാനുഗ്രഹീതമാകുന്ന ഫ്ലിന്നു് അറിഞ്ഞുകൊൾകയും വേണം.

സുമനാ മാലതീ ജ്ഞാതിസ്സുപുലാ നവമാലികാ
മാല്യം കുന്ദം മകരകസ്തു ബന്ധൂകോ ബന്ധുജീവകഃ. ൫൫

സുമനാഃ(സ-സ്ത്രീ-പ്ര-ഏ) സുമനാശബ്ദപര്യായേണ ഫ്ലിന്നു് സുശ്രുതഗ്രന്ഥത്തിൽ ഉണ്ടാകകൊണ്ടു് സുമനാ ഫ്ലിന്നു് ആകാരാന്തമായിട്ടുമാം. മാലതീ (ഈ-സ്ത്രീ-പ്ര-ദ്വ); ജ്ഞാതിഃ (ഇ-സ്ത്രീ-പ്ര-ഏ) ജ്ഞാതീഫലേചമാലത്യാമെന്നു ദമഭിന്നിധിയിൽ ഉണ്ടാകകൊണ്ടു് ഈകാരാന്തമായിട്ടുമാം. ഇവ സ-ം പിച്ചകത്തിന്റെ പേർ. സുപുലാ, നവമാലികാ (ആ-സ്ത്രീ-പ്ര-ഏ) നവമല്ലികാ ഫ്ലിന്നുമാം. ഇവ ര-ം ചെറുപിച്ചകത്തിന്റെ പേർ. മാല്യം, കുന്ദം (അ-ന പ്ര-ഏ) കുന്ദോമുകുന്ദാമാരേല്യൗ ച കുന്ദനാമ്നിചശേവധൗ ഫ്ലിന്ന ശബ്ദവ്യൂഹതരംഗിണിയിൽ ഉണ്ടാകയാൽ കുന്ദഃ ഫ്ലിന്ന പുല്ലിംഗമായിട്ടുമാം. ഇവ ര-ം കുരുക്കുത്തിമുല്ലയുടെ പേർ. മകരകഃ ബന്ധൂകഃ, ബന്ധുജീവകഃ (അ-പു-പ്ര-ഏ) ഇവ സ-ം ഉച്ചുമല്ലിയുടെ പേർ.

സഹാ കുമാരീ തരണിരമ്ലാനസ്തു മഹാസഹാ
തത്ര ശോണേ കുരവകസ്തുരപീതേ കുരണ്ടകഃ. ൫൬

സഹാ (ആ-സ്ത്രീ പ്ര-ഏ) കുമാരീ (ഈ-സ്ത്രീ-പ്ര-ഏ) തരണിഃ (ഇ-സ്ത്രീ-പ്ര-ഏ) കുമാരീശബ്ദസാഹചര്യം ഹേതുവായിട്ടു തരണിശബ്ദം സ്ത്രീലിംഗമാകുന്ന ഫ്ലിന്ന അറിഞ്ഞുകൊൾകയും വേണം. ദ്യുമണൗ തരണിഃ പുംസി കുമാരീനൗകയോഃ സ്ത്രിയാമെന്നു കോശാന്തരവചനമുണ്ടു്. ഇവ സ-ം കുറിഞ്ഞിയുടെ പേർ. അമ്ലാനഃ (അ-പു-പ്ര-ഏ) മഹാസഹാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ര-ം വാടാക്കുറിഞ്ഞിയുടെ പേർ. കുരവകഃ (അ-പു-പ്ര-ഏ) ചെംകുറിഞ്ഞിയുടെ പേർ. കുരണ്ടകഃ (അ-പു-പ്ര-ഏ) പൊൻകുറിഞ്ഞിയുടെ പേർ.

നീലാ ഝിണ്ടീ ദ്വയോർജ്ഞാണാ ദാസീ ചാത്തഗളശ്ച സാ
സൈരേയകസ്തു ഝിണ്ടീ സ്യാത്തസ്മിൻ കുരവകോടരൗ. ൫൭

നീലാ (ആ-സ്ത്രീ-പ്ര-ഏ) നീലീ ഫ്ലിന്ന ഈകാരാന്തമായിട്ടുമാം. ഝിണ്ടീ (ഈ-സ്ത്രീ-പ്ര-ഏ) ജ്ഞാണാ (ആ-സ്ത്രീ-പ്ര-ഏ) ദ്വയോഃ ഫ്ലിന്നുണ്ടാകയാൽ ജ്ഞാണഃ ഫ്ലിന്ന പുല്ലിംഗമായിട്ടുമാം. ദാസീ (ഈ-സ്ത്രീ-പ്ര-ഏ) ആത്തഗളഃ (അ-പു-പ്ര-ഏ) അന്തഗളഃ ഫ്ലിന്നുമാം. ഇവ ത-ം നീലക്കുറിഞ്ഞിയുടെ പേർ ഫ്ലിന്ന തമിഴ്ക്കരത്തിൽ കാണുന്നു. മഹേശ്വരടീകയിൽ നീലവർണ്ണയായിരിക്കു

ന്ന ഡിണ്ഡി യാരൊരുന്നോ അതിന്ന ബാണാ, ദാസീ, അത്യാദികളുടെ ഇങ്ങിനെ മൂന്ന പേരുണ്ടു് എന്ന പറഞ്ഞിരിക്കുന്ന. കുഴിഞ്ഞ ഭാഗങ്ങളിൽ ഡിണ്ടീ എന്ന ഒരേടത്തും പറഞ്ഞിട്ടില്ലായ്കയാൽ ഇവിടെ ഡിണ്ടീ എന്നു് ഇന്നതിന്റെ പേർ എന്ന പറയാതെ ബാണാദികൾ നീലവർണ്ണമായിരിക്കുന്ന ഡിണ്ടിയുടെ പേർ എന്ന പറഞ്ഞാൽ ഡിണ്ടീ എന്നാതു് എതൊന്നു് എന്നുള്ള അംശം ക്ഷയ്ക്കു ശമനമില്ലായ്കയാൽ മേൽപറഞ്ഞ വിവരണം ക്ലിഷ്ടമാണെന്ന ഞാൻ വിചാരിക്കുന്ന. ദ്വയോരാത്മഗളാനീലീ നീലാ ഛഗളനീലികാ ദാസീബാണാഖ്യ ബാണശ്യഡിണ്ഡിനീലസഹാമതാ എന്ന ശബ്ദവ്യൂഹതരംഗിണിയിലുണ്ടാകകൊണ്ടു് നീലാദി രണ്ടു ശബ്ദങ്ങൾ നീലക്കുറിഞ്ഞിയുടെ പേർ എന്ന അമരസിംഹനിൽ പറഞ്ഞപക്ഷംതന്നെ ഉത്തമമെന്നു് ഞാൻ വിചാരിക്കുന്ന. മേൽ പറഞ്ഞ ശബ്ദവ്യൂഹതരംഗിണിയെ അനുസരിക്കുമ്പക്ഷം ആത്മഗളശബ്ദം കേവലം പുല്ലിംഗമാകുന്ന എന്ന പറഞ്ഞുകൂടായ്കയാൽ സ്ത്രീലിംഗമായിട്ടും പ്രയോഗിക്കാമെന്ന ഞാൻ അഭിപ്രായപ്പെട്ടിരിക്കുന്ന. ചില പുസ്തകങ്ങളിൽ ദാസീദ്വാത്മഗളാദ്വയം എന്ന തന്നെ കാണ്മാനുമുണ്ടു്. അന്യഗളഃ എന്നുമാമെന്ന പറഞ്ഞതു മഹേശ്വരടീകയെ അനുസരിച്ചിട്ടാകുന്ന. സൈരേയകഃ (അ-ഉ-പ്ര-ഏ) ഡിണ്ടീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ രണ്ടും തെറുകുറിഞ്ഞിയുടെ പേർ. സൈരീയകഃ എന്നുമാമെന്ന മഹേശ്വരടീകയിൽ പറഞ്ഞിരിക്കുന്ന. കുരവകഃ (അ-ഉ-പ്ര-ഏ) തെറുതെങ്കുറിഞ്ഞിയുടെ പേർ.

പീതേ കുരണ്ഡകോ ഡിണ്ടീ തസ്മിൻ സഹചരീദ്വയോഃ
രുദ്രപുഷ്പം ജപാ വജ്രപുഷ്പം പുഷ്പം തിലസ്യ യൽ. ഇച്ച

പീതാകുരണ്ഡകോഡിണ്ടീ എന്നുള്ള പാഠം പ്രക്രമവിരുദ്ധമാകുന്ന. പ്രക്രമത്തിങ്കൽ അരുണേതസ്മിൻ എന്നാകുന്ന. അതു കൊണ്ടുവായിട്ടു് ഈ ശ്ലോകത്തിങ്കൽ പീതേതസ്മിൻ എന്നതന്നെ അനുവദിക്കുന്നതു യുക്തമാകയാൽ പീതേകുരണ്ഡകഃ എന്നുള്ള പാഠത്തെത്തന്നെ ഇവിടെ സ്വീകരിച്ചിരിക്കുന്ന. മേൽപറഞ്ഞ പാഠവും ചില പുസ്തകങ്ങളിൽ കാണപ്പെട്ടുവരുന്നതാകുന്ന.

കുരണ്ഡകഃ (അ-ഉ-പ്ര-ഏ) കുരണകഃ എന്നുമാം. പീതസൈരേയകേ ഡിണ്ടീ കുരണശ്ച കുരണ്ഡകഃ സഹചാര്യുപി നപുംസ്ത്രീ ലിംഗേതസ്മിൻ കുരവകോടരുണേ എന്ന ശബ്ദവ്യൂഹതരംഗിണിയിലുണ്ടു്. കുരണശബ്ദത്തിങ്കൽനിന്ന സ്വാർത്ഥികമായകപ്രത്യയത്തെ പരമായി ചേർത്താൽ കുരണകഃ എന്ന രൂപമുണ്ടാകയും ചെയ്യും.

ഝിണ്ടീ, സഫാചരീ (ഇ൪-സ്ത്രീ-പ്ര-ചു) ദ്വയോഃ പിന്നരണ്ടാകയാൽ സഫാചര പിന്ന പുല്ലിംഗമായിട്ടുമാം. ഇവ ന-ാ ചെറുപൊൻകുറുഞ്ഞിയുടെ പേർ. മേൽപറഞ്ഞ ശബ്ദങ്ങളിൽചെച്ചു ഝിണ്ടീ പിന്നതു് നീലകുറുഞ്ഞിയുടേയും ചെറുചെങ്കുറിഞ്ഞിയുടേയും ചെറുപൊൻകുറിഞ്ഞിയുടേയും പേരാകയാൽ നാനാത്ഥമാകുന്നു. അപ്രകാരംതന്നെ ശബ്ദവ്യൂഹതരംഗിണിയിൽ ഝിണ്ടീസൈരേയകകൊവാണസ്ഫോഫാത്ത്രുമപീഷ്യുരേ പിന്ന വചനംകൊണ്ടും സിദ്ധമാക്കിയിരിക്കുന്നു. ഗവാക്ഷകശബ്ദം ചെങ്കുറിഞ്ഞിയുടേയും ചെറുചെങ്കുറിഞ്ഞിയുടേയും പേരാകയാൽ നാനാത്ഥമാകുന്നു. ശോണകുരവകൊറ്റാനെ സൈരീയപിചതാദ്ധ്രീ പിന്ന ശബ്ദവ്യൂഹതരംഗിണിയിലുണ്ടു്. കുരണ്ടകശബ്ദം പൊൻകുറുഞ്ഞിയുടേയും ചെറുപൊൻകുറുഞ്ഞിയുടേയും പേരാകയാൽ നാനാത്ഥമാകുന്നു. പീതകുരണ്ടകൊറ്റാനേപീതസൈരീയകേപിച പിന്നും ശബ്ദവ്യൂഹതരംഗിണിയിലുണ്ടു്. ഈ വിശേഷത്തെക്കൂടെ ഗ്രഹിച്ചുകൊൾകയും വേണം. രുദ്രപുഷ്പം(അ-ന-പ്ര പു) ചില പുസ്തകങ്ങളിൽ ഭദ്രപുഷ്പമെന്നും കാണുന്നുണ്ടു്. ജപാ (അ-സ്ത്രീ-പ്ര-പു) ഇവ ന-ം ചെമ്പരത്തിയുടെ പേർ. ജവാസ്ത്രീ ഭദ്രപുഷ്പം ത്രി ന പുമാൻ പിച്ഛിലാദ്വയോഃ പുന്നാം രുദ്രപുഷ്പം ജപോന്മത്തകസുമാനുഷ്ണരശ്മിനു പിന്നാം ശബ്ദവ്യൂഹതരംഗിണിയിൽ ഉണ്ടാകയാൽ മേൽപറഞ്ഞ പാഠങ്ങൾ ന-ം സ്ത്രീകാരയോഗ്യങ്ങളാകുന്നു പിന്നറിഞ്ഞുകൊൾകയും വേണം. ഭദ്രപുഷ്പമെന്നുള്ള പകൃത്തിങ്കൽ നപുംസകമായി നിർദ്ദേശമിരുന്നാലും മേൽപറഞ്ഞ ശബ്ദവ്യൂഹതരംഗിണിയിലെ ശ്ലോകത്തിങ്കൽ ഭദ്രപുഷ്പം ത്രി ന പുമാൻ പിന്നാകയാൽ സ്ത്രീലിംഗമായിട്ടും ആ ശബ്ദത്തെ പ്രയോഗിക്കാമെന്നതു സിദ്ധമാകുന്നു. വജ്രപുഷ്പം (അ-ന-പ്ര-ഏ) എള്ളിൻപൂവിന്റെ പേർ.

പ്രതിഹാസശതപ്രാസക്ഷണ്ഡാതഹയമാരകാഃ
കരവീരേ കരീരേ ത്രി ക്രകരഗ്രന്ഥിലാവുഭൗ. ൩൯

പ്രതിഹാസഃ (അ-പു-പ്ര-ഏ) പ്രതീഹാസഃ പിന്നുമാം. ശതപ്രാസഃ ക്ഷണ്ഡാതഃ, ഹയമാരകഃ, കരവീരഃ (അ-പു-പ്ര-ഏ) ഇവ ൩-ം കണവീരത്തിന്റെ പേർ. കരീരഃ, ക്രകരഃ, ഗ്രന്ഥിലഃ(അ-പു-പ്ര ഏ) ഇവ ന-ം തുത്തുവളുടെ പേർ.

ഉന്മത്തഃ കിതവോധൂർത്താ ധുർദ്ധുരഃ കനകാഹ്വയഃ
മാതുലോമദനശ്ചാസ്യ ഫലേ മാതുലപുത്രകഃ. ൩൯൦

൯

ഉന്മത്തഃ കിതവഃ ധൂർത്തഃ ധൂർദ്ധൂരഃ ഈ പ്രദേശങ്ങളിൽ അനേകപുസ്തകങ്ങളിൽ ധൂർദ്ധൂരൗ എന്ന പാഠം കാണുന്നു. ചിലതിൽ ധൂർത്തുര എന്നും ധത്തൂരഃ എന്നും കാണുന്നു. മഹേശ്വരടീകയിൽ ധർത്തൂര എന്നും ധുസ്തൂരഃ എന്നും ധുസ്തൂരഃ എന്നും ധുത്തൂരഃ എന്നും പാഠം കാണുന്നു. കനകാഹ്വനഃ, മാതുലഃ, മദനഃ (അ-പു-പ്ര-ഏ) ഇവ ൩-ം ഉന്മത്തിന്റെറ പേർ. മാതുലപുത്രകഃ (അ-പു-പ്ര-ഏ) ഉന്മത്തിൻകായുടെ പേർ.

ഫലപൂരോ ബീജപൂരോ രുചകോ മാതുളുംഗകേ
സമീരണോ മരുവകഃ പ്രസ്ഥപുഷ്പഃ ഫണിജ്ജകഃ. സഫ
ജംബീരോSപ്യഥ പർണ്ണാസേ കഠിഞ്ജരകുഠേരകൌ
സിതേSജ്ജകോSഥ പാഠീ തു ചിത്രകോ വഹ്നിസംജ്ഞകഃ.

ഫലപൂരഃ,ബീജപൂരഃ, രുചകഃ,മാതുളുംഗകഃ (അ-പു-പ്ര-ഏ) ഇവ രു-ം മാതളനാരകത്തിന്റെറ പേർ. സമീരണഃ, മരുവകഃ, പ്രസ്ഥപുഷ്പഃ, ഫണിജ്ജകഃ, ജംബീരഃ (അ-പു-പ്ര-ഏ) ഇവ ൫-ം മണിക്കണ്ണകത്തിന്റെറ പേർ. പർണ്ണാസഃ, കഠിഞ്ജരഃ, കുഠേരകഃ (അ-പു-പ്ര-ഏ)ഇവ ൫-ം കണ്ണകത്തിന്റെറ പേർ. രേജ്ജകഃ (അ-പു-പ്ര-ഏ) വെങ്കണ്ണകത്തിന്റെറ പേർ. ചില പുസ്തകങ്ങളിൽ സ്സിതേബ്ജകഃ എന്ന പാഠം കാണുന്നു. മഹേശ്വരടീകയിലും മററു പല പുസ്തകങ്ങളിലും സിതേജ്ജകഃ എന്നാകുന്നു. പാഠീ (ന-പു-പ്ര-ഏ)ചിത്രകഃ, വഹ്നിസംജ്ഞകഃ (അ-പു-പ്ര-ഏ) ഇവ ൨-ം കൊടുവേലിയുടെ പേർ. വഹ്നിസംജ്ഞകഃ എന്നതിനു് തീയ്യിന്റെറ പേർകൂടെ ഇരിക്കുന്ന പേരോടുകൂടിയതു് എന്നതുമൂലമായാൽ അഗ്നിഃ വൈശ്വാനരഃ വഹ്നിഃ ഇത്യാദി ശബ്ദങ്ങൾ ഒക്കെയും കൊടുവേലിയുടെ പേരാകുന്നു എന്നറിഞ്ഞുകൊൾകയും വേണം.

അക്ഷാഹ്വവസുകാസ്ഫോടഗണത്രുപവികീരണാഃ
മന്ദാരശ്ചാക്ഷപർണ്ണാത്ര ശ്ലക്ഷ്ണേക്ഷ്വാതാപസെഷു.

അക്ഷാഹ്വഃ,വസുകഃ, ആസ്ഫോടഃ, ആസ്ഫോതഃഎന്നുമാം. ഗണത്രുപഃ, വികീരണഃ, മന്ദാരഃ, അക്ഷപർണ്ണഃ, (അ-പു-പ്ര-ഏ) ഇവ ൧-ം എരുക്കിന്റെറപേർ. ശബ്ദവ്യൂഹതരംഗിണിയിൽ സ്യാദക്ഷപർണ്ണആസ്ഫോട ആസ്ഫോതോ വസുകസ്തഥാവസ്യകോഗണത്രുപശ്ചമന്ദാരശ്ചവികീരണഃ തഥാവികീരണശ്ചായമക്ഷവാചകനാമകഃ എന്നുണ്ടാകയാൽ മുൻപറഞ്ഞ പാഠഭേദം പ്രമാണസിദ്ധമാകുന്നു എന്നും അപ്രകാരംതന്നെ വസുകഃ എന്നും വികീരണഃ എന്നുംകൂടെ പ്രയോഗിക്കാമെന്നു മേൽപറഞ്ഞ വചനംകൊണ്ടു

തന്നെ സിദ്ധിച്ചിരിക്കുന്നു എന്നും അറിഞ്ഞുകൊൾകെ. അളക്കഃ പ്രതാപസഃ (അ-പു-പ്ര-ഏ) ഇവ ൨-ം വെള്ളരുക്കിന്റെ പേർ.

ശിവമല്ലീപാശുപത ഏകാഷ്ഠീലോ ബുകോ വസുഃ
വന്ദാ വൃക്ഷാദനീ വൃക്ഷരുഹാ ജീവന്തികേത്യപി. ൯൯

ശിവമല്ലി(ഇ൪-സ്ത്രീ-പ്ര ൦ഏ)ശിവമല്ലിഃ എന്നു ഇകാരാന്തമായിട്ടുമാം. പാശുപതഃ, ഏകാഷ്ഠീലഃ, ബുകഃ (അ-പു-പ്ര-ഏ)ബകഃ എന്നും അംബകഃ എന്നും അംബുകഃ എന്നുമാം. അപരപക്ഷങ്ങളിൽ പ്രകാഷ്ഠീലോബ്രഃകാവസുഃ എന്നും ഏകാഷ്ഠീലോംബകോവസുഃ എന്നും, എകാഷ്ഠീലോംബുകോവസുഃ എന്നുമാക്കി പഠിച്ചുകൊൾകയും വേണം. വസുഃ (ഉ-പു-പ്ര-ഏ). ഇവ ദി-ം രുദ്രമന്ദാരത്തിന്റെ പേർ. അളക്കഃ, പ്രതാപസഃ ഇവ ൨-ം ശിവമല്ല്യാദികൾ. ദി-ം കൂടി ഏഴുശബ്ദങ്ങൾ വെള്ളരുക്കിന്റെ പേർ എന്ന ചിലർ വ്യാഖ്യാനിച്ചതു് നിർമ്മൂലമാക്കുന്നു എന്നറിഞ്ഞുകൊൾകയും വേണം.

ശബ്ദവ്യൂഹതരംഗിണിയിൽ സുരമീരുദ്രന്ദാരേ ശിവമല്ലീബുകോബകഃ അംബകശ്ചാംബുകോരുദ്ര എകാഷ്ഠീലോ വസുശ്ചയഃ

എന്നാകയാൽ മേൽപറഞ്ഞ പാഠഭേദങ്ങൾ ഒക്കെയും പ്രമാണസിദ്ധങ്ങളാകുന്നു എന്നു അറിഞ്ഞുകൊൾകയും വേണം. വന്ദാ (അ-സ്ത്രീ-പ്ര-ഏ) വൃക്ഷാദനീ (ഇ൪-സ്ത്രീ-പ്ര-ഏ) വൃക്ഷരുഹാ, ജീവന്തികാ (അ-സ്ത്രീ-പ്ര-ഏ) ഇവ ൨-ം ഇത്തിക്കണ്ണിയുടെ പേർ.

വത്സാദനീ ചർമ്മരുഹാ ഗ്രുച്ചീ തന്ത്രികാऽമൃതാ
ജീവന്തീകാ സോമവല്ലീ വിശല്യാ മധുപർണ്ണ്യപി. ൯൩

വത്സാദനീ (ഇ൪-സ്ത്രീ-പ്ര-ഏ) ചർമ്മരുഹാ (അ-സ്ത്രീ-പ്ര-ഏ) ഗ്രുച്ചീ (ഇ൪-സ്ത്രീ-പ്ര-ഏ)ഗ്രുച്ചി എന്നുമാം. അമൃതാ സോമവല്ലീ ച ഗ്രുച്ചീ ഗ്രുച്ചീചസാ എന്ന ശബ്ദവ്യൂഹതരംഗിണിയിലുണ്ടു്. തന്ത്രികാ, അമൃതാ, ജീവന്തികാ (അ-സ്ത്രീ-പ്ര-ഏ)സോമവല്ലീ (ഇ൪-സ്ത്രീ-പ്ര-ഏ) വിശല്യാ (ആ-സ്ത്രീ-പ്ര-ഏ) മധുപർണ്ണീ (ഇ൪-സ്ത്രീ-പ്ര-ഏ) ഇവ ൯-ം ചിറ്റമൃതിന്റെ പേർ.

മൂർവ്വാ ദേവീ മധുരസാ മോരടാ തേജനീ സ്രുവാ
മധുലികാ മധുശ്രേണീ ഗോകർണ്ണീ പീലുപർണ്ണ്യപി. ൯൪

മൂർവ്വാ (ആ-സ്ത്രീ-പ്ര-ഏ) ദേവീ (ഇ൪-സ്ത്രീ-പ്ര-ഏ) മധുരസാ, മോരടാ (ആ-സ്ത്രീ-പ്ര-ഏ) തേജനീ (ഇ൪-സ്ത്രീ-പ്ര-ഏ)സ്രുവാ (ആ-സ്ത്രീ-പ്ര-ഏ) മധുലികാ (അ-സ്ത്രീ-പ്ര-ഏ) മധുശ്രേണീ

ശ്രീകണ്ഠീ, പീലുപർണ്ണീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ൪-ം പെരുംകുമ്പയുടെ പേർ. മൂർവീ എന്നും സ്രുവാ എന്നുംകൂടെ അവാമെന്നു അറിഞ്ഞുകൊൾകയും വേണം. മൂർവ്വാമൂർവ്വീച്ശ്രീകണ്ഠീ മോടാച്ചമധുലികാ തേജനീച്ചമധുശ്രേണീ പീലുപർണ്ണീസ്രുവാസ്രുവാധ്രുവാമധുരസാദേവീമാധവീമധുമതീച്ചസാ എന്നു ശബ്ദവ്യൂഹതരംഗിണിയിലുണ്ടാകയാൽ മേൽപറഞ്ഞ പാഠഭേദങ്ങൾ ഒക്കെയും പ്രമാണസിദ്ധങ്ങളാകുന്നു. മയൂരികാമധുശ്രേണീ എന്നു ചിലർ പാഠിക്കുന്നു. അതിന്റെ മൂലം അന്വേഷിച്ചു അറിയേണ്ടതാകുന്നു.

പാഠാംബഷ്ഠാ ചിത്രകർണ്ണീ സ്ഥാപനീ ശ്രേയസീ രസാ
പൃക്കാപുഷ്പീലാ പാപചേലീ പ്രാചീനാ വനതിക്തികാ. ൩൭

പാഠാ, അംബഷ്ഠാ(അ-സ്ത്രീ-പ്ര ഏ)ചിത്രകർണ്ണീ അചിരശ്രവകർണ്ണീ എന്നാകുന്നു പരമെന്നു ചിലരുടെ മതമുണ്ടു്. സ്ഥാപനീ, ശ്രേയസീ (ഈ-സ്ത്രീ-പ്ര-ഏ്) രസാ, പൃക്കാപുഷ്പീലാ (അ-സ്ത്രീ-പ്ര-ഏ) പാപചേലീ (ഈ-സ്ത്രീ-പ്ര-ഏ) പ്രാചീനാ, വനതിക്തികാ (അ-സ്ത്രീ-പ്ര-ഏ) ഇവ ൪-ം പാടയുടെ പേർ.

കട്ഭിഃ കടംഭരാശോകരോഹിണീ കട്ഫലാഹിണീ
മത്സ്യപിത്താ കൃഷ്ണഭേദീ ചക്രാംഗീ ശകുലാദനീ. ൩൮

കട്ഭിഃ (ഉ-സ്ത്രീ-പ്ര-ഏ) കടീ എന്നർത്ഥമാം. അപ്രകാരമായാൽ ഈകാരാന്തമാകയും ചെയ്യും. കടംഭരാ കടംഭ്രാ എന്നർത്ഥമാം(അ-സ്ത്രീ-പ്ര-ഏ) അരശോകരോഹിണീ, കട്ഫലാഹിണീ (ഈ-സ്ത്രീ-പ്ര ഏ) അശോകാരോഹിണീ എന്നും പാഠമുണ്ടു്. ആ പക്ഷത്തിങ്കൽ അശോകാ (അ-സ്ത്രീ-പ്ര ഏ) രോഹിണീ(ഈ-സ്ത്രീ-പ്ര-ഏ) ഇങ്ങനെ ധരിച്ചുകൊൾക. കട്ഫലാഹിണീ (ഈ-സ്ത്രീ-പ്ര-ഏ) മത്സ്യപിത്താ (അ-സ്ത്രീ-പ്ര-ഏ) കൃഷ്ണഭേദീ (ഈ-സ്ത്രീ-പ്ര-ഏ) കൃഷ്ണഭേദാ എന്നു അകാരാന്തമായിട്ടുമാം. ചക്രാംഗീ, ശകുലാദനീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ൫-ം കട്ഫലരോഹിണിയുടെ പേർ. കട്ഭിഃ കടംഭരാ എന്നു ചിലർ പാഠിക്കുന്നു. ശക്രാംഗീശകുലാദനീ എന്നും പാഠിക്കുന്നു അതിന്റെ മൂലമെന്തെന്നു് അറിഞ്ഞില്ല. ശബ്ദവ്യൂഹതരംഗിണിയിൽ (കട്ഭിഃകടീകനിഷ്ഠാച്ചക്ഷുടകീച്ചകടംഭരാ കടംബരാച്ചരോഹിണ്യാ മശോകാകട്ഫലരോഹിണീ അശോകരോഹിണീ ഞൈവ ചക്രാംഗീശകുലാദനീ കേളരക്ഷുടകീമത്സ്യപിത്താച്ച കട്ഫലാച്ചസാ) എന്നാകയാൽ ശിഷ്ടങ്ങളായ പാഠഭേദങ്ങൾ ഒക്കെയും പ്രമാണസിദ്ധങ്ങളാകുന്നു എന്നറിഞ്ഞുകൊൾകയും വേണം.

ആത്മഗുപ്താജഗന്ധാവൃണ്ഡാ കണ്ഡൂരാ പ്രാവൃഷായണീ
ജീവ്യപ്രോക്താ ശുകശിംബിഃ കപികച്ഛൂഃശ്രുശ്രുമക്കടീ. ൩൯

ആത്മഗുപ്താ, അജഗന്ധാ (ജഗന്ധാ എന്നുമാം) അവ്യണ്ഡാ, കണ്ഡരാ (അ സ്ത്രീ-പ്ര-ഏ) കണ്ഡുരാ എന്നുമാം. പ്രാവൃഷ്കായണീ (ഈ-സ്ത്രീ-പ്ര-ഏ) ജുശ്യപ്രോക്താ (ആ-സ്ത്രീ-പ്ര-ഏ) ശുകശിംബിഃ (ഇ-സ്ത്രീ-പ്ര-ഏ) ശുകശിംബൊ എന്നും ഒരു മതമുണ്ട്. കപികച്ഛുഃ (ഉ-സ്ത്രീ-പ്ര-ഏ) കപികചരഃ ശുഃ എന്ന ഉകാരാന്തമായിട്ടുമാം. മക്കടീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ൪-ം നാമ്നാമണയുടെ പേർ. ശബ്ദവ്യൂഹതരംഗിണിയിൽ ആത്മഗുപ്താ സ്വയംഗുപ്താ സ്വഗുപ്താ ച ജഗാജഗാ എന്നങ്ങാകയാലും കപികചരഃ ദ്വുശ്ചകണ്ഡുരാ എന്ന ഇന്ദുവചനമുണ്ടാകയാലും മക്കടീവ്രുകശിംബൊ ച എന്ന വാചസ്പതിവചനമുണ്ടാകയാലും സ്വഗുപ്താകപികച്ഛുഃ ശ്രുശ്ചകപികച്ഛുഃ ദ്വുശ്ചമക്കടീ എന്ന ഏഷളവാക്യമുണ്ടാകയാലും മുൻപറഞ്ഞ പാഠഭേദങ്ങൾ ഒക്കെയും പ്രമാണാന്തരഗൃഹീതങ്ങളാകുന്നു എന്ന അറിഞ്ഞുകൊൾകയും വേണം.

ചിത്രൊചമിത്രാ നൃഗ്രോധീ ദ്രവന്തീ ശംബരീ വ്യൂഷാ
പ്രത്യക്ചശ്രേണിസുതശ്രേണീരണ്ഡാമൂഷികപർണ്ണ്യുപി.

ചിത്രാ, ഉപചിത്രാ (ഈ-സ്ത്രീ-പ്ര-ഒ) നൃഗ്രോധീ, ദ്രവന്തീ, ശംബരീ (ഈ-സ്ത്രീ-പ്ര-ഒ) വ്യൂഷാ (ഈ-സ്ത്രീ-പ്ര-ഒ) പ്രത്യക്ചശ്രേണീ, സുതശ്രേണീ (ഈ-സ്ത്രീ-പ്ര-ഒ) രണ്ഡാ (ആ-സ്ത്രീ-പ്ര-ഒ) ചണ്ഡാ എന്നും പാഠമുണ്ടെന്നു് മഹാശബ്ദടീകയിൽ പറഞ്ഞിരിക്കുന്നു. മൂഷികപർണ്ണീ (ഈ സ്ത്രീ-പ്ര-ഒ) ഇവ ൫-ം എലിച്ചെവിയുടെ പേർ

അപാമാർഗ്ഗഃ ശൈഖരികഃ ധാമാർഗ്ഗവ മയൂരകൌ
പ്രത്യക്പർണ്ണീ കീശപർണ്ണീ കിണിഹീ പരമഞ്ജരീ. ൭൫

അപാമാർഗ്ഗഃ, ശൈഖരികഃ, ധാമാർഗ്ഗവഃ, മയൂരകഃ (അ-പുപ്ര-ഏ) പ്രത്യക്പർണ്ണീ, കീശപർണ്ണീ, കിണിഹീ, പരമഞ്ജരീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ൫-ം കടലാടിയുടെ പേർ. ധാമാർഗ്ഗവഃ എന്നും അധാമാർഗ്ഗവഃ എന്നും പദമാക്കാമെന്നു മഹാശബ്ദടീകയിൽ പറഞ്ഞിരിക്കുന്നു.

ഭഞ്ജികാ ബ്രാഹ്മണീ പത്മാ ഭാർങ്ഗീ ബ്രാഹ്മണയഷ്ടികാ
അംഗാരവല്ലീ ബാലേയശാകബർഹ്യുരുപർണ്ണകഃ ൭൬

ഭഞ്ജികാ (അ-സ്ത്രീ-പ്ര-ഏ) ഛഞ്ജികാ എന്നും ഛഞ്ജികാ എന്നും ചില ദേശങ്ങളിൽ പാഠമുണ്ടു്. ഭഞ്ജികാഛഞ്ജികാ പത്മാഛഞ്ജികാപിച്ചസാമതാ എന്ന ശബ്ദവ്യൂഹതരംഗിണിയിലുമുണ്ടു്. ബ്രാഹ്മണീ (ഈ-സ്ത്രീ-പ്ര-ഏ) പത്മാ (അ-സ്ത്രീ-പ്ര-ഏ)

ഭാർങ്ഗീ (ഈ-സ്ത്രീ-പ്ര-ഏ) ബ്രാഹ്മണയഷ്ടികാ (ആ-സ്ത്രീ-പ്ര-ഏ) അംഗാരവല്ലീ (ഈ-സ്ത്രീ-പ്ര-ഏ) ബാലേയഃ, ശാകഃ (അ-പു-പ്ര-ഏ) ബാലേയശാകഃ എന്നും ചേർക്കാം. ബർബ്ബുരഃ (ശാകബർബ്ബുരഃ എന്നുമാം) പർവ്വകഃ (അ-പു-പ്ര-ഏ) അംഗാരവല്ലീബാലേയശാകബർബ്ബുരവന്ദകാഃ എന്നും പാഠമുണ്ട്. ആ പക്ഷത്തിൽ പർവ്വകഃ എന്നതിന്റെ സ്ഥാനത്തു വന്ദകഃ എന്നാക്കുന്നു എന്നു ധരിച്ചു കൊൾക. ഇവ ക്ഷ-ം ചെറുതേക്കിന്റെ പേർ. ഭാർങ്ഗീഭൃഗു ദേഹാനന്താ ബ്രാഹ്മീചബ്രാഹ്മയഷ്ടികാ ശാരദാംഗാരവല്ലീച ബാലേയശ്ചസ്ത്രിയാമപി ശാകോബാലേയശാകശ്ച ബർബ്ബുരഃശാകബർബ്ബരഃ പർവ്വകോവന്ദകഃക്ലണ്ണജാലകോപികാ സാമതാ എന്നുള്ള ശബ്ദവ്യൂഹതരംഗിണിയിൽ മേല്പറഞ്ഞ പാഠങ്ങൾ ഒക്കെയും സ്പഷ്ടങ്ങളാകുന്നു.

മഞ്ജിഷ്ഠാ വികസാജ്ഝിംഗീ സമംഗാ കാളമേഷികാ
മണ്ഡൂകപർണ്ണീ ഭണ്ഡീരീ ഭണ്ഡീ യോജനവല്ല്യപി. ൩൨

മഞ്ജിഷ്ഠാ വികസാ (അ-സ്ത്രീ-പ്ര-ഏ) വികഷ്യാ എന്നുമാം. ജ്ഝിംഗീ (ഈ-സ്ത്രീ-പ്ര-ഏ) സമംഗാ, കാളമേഷികാ (അ-സ്ത്രീ-പ്ര-ഏ) കാളമശികാ എന്നുമാം. മണ്ഡൂകപർണ്ണീ, ഭണ്ഡീരീ, ഭണ്ഡീ, യോജനവല്ലീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ൻ-ം മഞ്ജിഷ്ഠിയുടെ പേർ. മഞ്ജിഷ്ഠാവികസാസൈവവികഷ്യാരഞ്ജനീതഥാ സമംഗാ ഭണ്ഡീരീ കാളമശികാകാളമേഷികാ ഭണ്ഡീയോജനവല്ലീചഭണ്ഡീരീന്യുപവല്ല്യാ മണ്ഡൂകപർണ്ണീജ്ഝിംഗീച മഞ്ജിഷ്ഠാപര്യായ ദ്വയത എന്നുള്ള ശബ്ദവ്യൂഹതരംഗിണിയിൽ മുൻപറഞ്ഞ പാഠങ്ങൾ ഒക്കെയും സംഘടങ്ങളാകുന്നു. അത്രയുമല്ലാഭണ്ഡീരീ എന്നുമാമെന്നും അതുകൊണ്ടു സാധിക്കപ്പെട്ടിരിക്കുന്നു. തത്രാഭണ്ഡീരികാചച എന്ന ഇന്ദുവാക്യവുമുണ്ടു്. ഈ പ്രദേശങ്ങളിലെ പാഠം ഭാണ്ഡീയോജനവല്ല്യപി എന്നതത്രേ അതുകുന്നതു്.

യാഷ്ടോ യവാഷ്ടോ ദുസ്പർശോ ധനപയാഷ്ടഃ കുനാശകഃ
രോചനീ കച്ഛുരാനന്താ സമുദ്രാന്താ ദുരാലഭാ. ൩൩

യഷ്ടഃ, യവാഷ്ടഃ, ദുസ്പർശഃ, ധനപയാഷ്ടഃ, (ധനയ്യാഷ്ടഃ എന്നുമാം.) കുനാശകഃ (അ-പു-പ്ര-ഏ) (കുനാശകഃ എന്നുംപാഠമുണ്ടു്) രോചനീ (ഈ-സ്ത്രീ-പ്ര-ഏ) (രോചനീ എന്നുമാം) കച്ഛുരാ, അനന്താ, സമുദ്രാന്താ, ദുരാലഭാ (അ-സ്ത്രീ-പ്ര-ഏ) ഇവ ക്ഷ-ം കൊടിത്തുവയുടെ പേർ. യഷ്ടാദിശബ്ദങ്ങളിലെ ശകാരത്തിന്റെ സ്ഥാനത്തു സകാരമായിട്ടും പാഠമുണ്ടു്. യഷ്ടായാസോയവാഷ്ടശ്ച യവാസശ്ചകുനാശകഃ കുനാശകശ്ചദുസ്പർശസ്ത്വീ

ക്ഷ്ണശ്ലുകഃ കുവേധകഃ ധനസ്ത്വാഷ്ടോധനസ്ത്വാസോ ധനഞ്ജയാഷ്ട സ്ഥാപരഃ രോദനീചോദനീഭീഷ്മ പത്ര്യനന്താച കപ്പ്രൂരാ ദുരാ ലഭാസമുദ്ഗാന്താ ദുർഗ്രഹാചസമാഖ്യകാഃ എന്ന ശബ്ദവ്യൂഹതരംഗണിയിൽ ഉണ്ടു്. മഹേശ്വരടീകയിൽ യാസ ഇത്യാദി സകാരസഹിതങ്ങളായ ശബ്ദങ്ങൾതന്നെ പാഠിക്കപ്പെട്ടിരിക്കുന്നു. ഈ പ്രദേശങ്ങളിൽ യാഷ ഇത്യാദി ഷകാരസഹിതങ്ങളായ ശബ്ദങ്ങൾ പാഠിക്കപ്പെട്ടുന്നു.

പ്രശ്നിപർണ്ണീ പൃഥക്പർണ്ണീ ചിത്രപർണ്ണ്യംശുചിപർണ്ണികാ
ക്രോഷ്ടുവിനാ സിംഹപുച്ഛീ കലശീ ധാവനീ ഗ്രഹാ.

പൃശ്നിപർണ്ണീ, പൃഥക്പർണ്ണീ, ചിത്രപർണ്ണീ, (ഈ-സ്ത്രീ-പ്ര ത്യ) അംശുചിപർണ്ണികാ (ആ-സ്ത്രീ-പ്ര-ത്യ) അംശുവല്ലികാ എന്ന ചിലർ പാഠിക്കുന്നു. ക്രോഷ്ടുവിനാ (ആ-സ്ത്രീ-പ്ര-ത്യ) സിംഹപുച്ഛീ, കലശീ, ധാവനീ (ഈ-സ്ത്രീ-പ്ര-ത്യ) ഗ്രഹാ (ആ-സ്ത്രീ-പ്ര ത്യ) ഇവ ൻ-ം മൂവ്വിലയുടെ പേർ. ഓരിലയുടെ പേരെന്നു് ചിലർ വ്യാഖ്യാനിച്ചതു തെറ്റാകുന്നു.

നിദിഗ്ധികാ സ്പൃശീ വ്യാഘ്രീ ബ്രുഹതീ കണ്ടകാരികാ
പ്രചോദനീ കുലീ ക്ഷുദ്രാ ദുസ്പർശാ രാഷ്ട്രീകേത്യപി. ൯൩

നിദിഗ്ധികാ (ആ-സ്ത്രീ-പ്ര-ത്യ)സ്പൃശീ, വ്യാഘ്രീ, ബ്രുഹതീ (ഈ-സ്ത്രീ-പ്ര-ത്യ) കണ്ടകാരികാ (ആ-സ്ത്രീ-പ്ര-ത്യ) പ്രചോദനീ, കുലീ (ഈ-സ്ത്രീ-പ്ര-ത്യ) ക്ഷുദ്രാ, ദുസ്പർശാ, രാഷ്ട്രീകാ (ആ സ്ത്രീ-പ്ര-ത്യ) ഇവ ൧൦-ം കണ്ടകാരിവൃക്ഷത്തിന്റെയുടെ പേർ.

നീലീകാളാ ക്ലീതകികാ ഗ്രാമീണാ മധുപർണ്ണികാ
രഞ്ജനീ ശ്രീഫലീ തുത്ഥാ ദ്രോണീ ദോളാ ച നീലിനീ. ൯൪

നീലീ (ഈ-സ്ത്രീ-പ്ര-ത്യ) കാളാ (ആ-സ്ത്രീ-പ്ര-ത്യ) കാളീ എന്നും പാഠമുണ്ടു്. ഈ പക്ഷത്തിൽ ഈകാരാന്തമെന്നു ധരിച്ചു കൊൾകയും വേണം. കാളിഃ എന്ന ഇകാരാന്തമായിട്ടുമാം. ക്ലീതകികാ, ഗ്രാമീണാ, മധുപർണ്ണികാ (ആ-സ്ത്രീ പ്ര-ത്യ) രഞ്ജനീ, ശ്രീഫലീ (ഈ-സ്ത്രീ-പ്ര-ത്യ) തുത്ഥാ (ആ-സ്ത്രീ-പ്ര-ത്യ) ദ്രോണീ (ഈ സ്ത്രീ-പ്ര-ത്യ) തുണീ എന്നുമാം. ദോളാ, മേളാ, എന്നുമാം. (ആ-സ്ത്രീ-പ്ര-ത്യ) നീലിനീ (ഈ-സ്ത്രീ-പ്ര-ത്യ) ഇവ ൧൧-ം ഔഷധിയുടെ പേർ. നീലികാളാഖതാളിശ്യാനീലിനീ മധുപർണ്ണികാ എന്ന ശബ്ദവ്യൂഹതരംഗിണിയിലും തുണിനീല്യാംനിഷംഗേച എന്ന മേദിനിയിലും തുല്യാശ്രീഫലീകാമേളാസാരവാഹീചരാജ്ഞനീ എന്ന വൈദ്യനിഘണ്ടുവിലുമുണ്ടാകയാൽ മുൻപറഞ്ഞ പാഠ

ങ്ങളൊക്കെയും പ്രമാണസിദ്ധങ്ങളാകുന്നു എന്നു അറിഞ്ഞുകൊൾകയും വേണം.

അവൽഗ്രജസ്സോമരാജിസ്സുവല്ലിസ്സോമവല്ലികാ
കാളമേഷീ കൃഷ്ണഫലാ വാകുചീ പൂതിഫല്യപി. ൫൬

അവൽഗ്രജഃ (അ-പു-പ്ര-ഏ) അവൽഗ്രജാ എന്നു ആകാരാന്തമായിട്ടുമാം. സോമരാജിഃ (ഇ-സ്ത്രീ-പ്ര-ഏ) സോമരാജ്യീ എന്നു ഈകാരാന്തമായിട്ടും അത്രതന്നെ നകാരാന്തമായിട്ടുമാം. സുവല്ലിഃ (ഇ-സ്ത്രീ-പ്ര-ഏ) സുവല്ല്യീ എന്നു് ഈകാരാന്തമായിട്ടുമാം. സോമവല്ലികാ (അ-സ്ത്രീ-പ്ര-ഏ) കാളമേഷീ(ഇ-സ്ത്രീ-പ്ര-ഏ) കാളമേഷ്യീ എന്നുമാം. കൃഷ്ണഫലാ (അ-സ്ത്രീ-പ്ര-ഏ) വാകുചീ, വാഗ്രുചീ എന്നുമാം. പൂതിഫലീ(അ-സ്ത്രീ-പ്ര-ഏ)ഇവ ൩-ം കാട്ടുകോകിലിന്റെ പേർ. അവൽഗ്രജാദ്യോദാഹരണങ്ങൾ കൃഷ്ണഫലാപൂതിഫലീ ചാസാവാകുചീവാഗ്രുചീ സോമരാജിസ്സോമലതാപിച അനുവല്ലീസുവല്ലീച കാളമേഷീചമേഷികാകാളമേശീമേഷാച സോമരാജീചനാമൈസാ എന്ന ശബ്ദവ്യുൽപത്തിയെ അനുസരിച്ചു ഉണ്ടാകയാൽ മുൻപറഞ്ഞ വാചകങ്ങൾ എല്ലാം സാധുക്കളാകുന്നു എന്നറിഞ്ഞുകൊൾകയും വേണം.

കൃഷ്ണോപകുല്യാ വൈദേഹീ മാഗധീ ചപലാ കണാ
ഉഷ്ണാ പിപ്പലീ ശൌണ്ഡീ കോളാഥ കപിപിപ്പലീ. ൫൭

കപിവല്ലീ കോലവല്ലീ ശ്രേയസീ വസിരഃ പുമാൻ
ചവ്യസ്തു ചവികാ കാകചിഞ്ചാ ഗ്രന്ഥിത്തു കൃഷ്ണവാ. ൫൮

കൃഷ്ണാ, ഉപകുല്യാ (അ-സ്ത്രീ-പ്ര-ഏ) വൈദേഹീ, മാഗധീ (ഇ-സ്ത്രീ-പ്ര-ഏ) ചപലാ, കണാ, ഉഷ്ണാ (അ-സ്ത്രീ-പ്ര-ഏ) പിപ്പലീ, ശൌണ്ഡി (ഇ-സ്ത്രീ-പ്ര-ഏ) കോളാ (അ-സ്ത്രീ-പ്ര-ഏ) ഇവ ൭-ം തിപ്പലിയുടെ പേർ. കണാ എന്ന ഇവിടെ സ്ത്രീലിംഗമായിട്ടു പറകപ്പെട്ടു എങ്കിലും പുല്ലിംഗമായിട്ടുമാമെന്നും ഉഷ്ണാ എന്ന ഊകാരാദിയായിട്ടു പറയപ്പെട്ടിരിക്കിലും ഉകാരാദിയായിട്ടുമാണെന്നും അറിഞ്ഞുകൊൾക. മാഗധീചപലാകൃഷ്ണാവൈദേഹീചകണാദ്വയോഃ ഉഷ്ണാത്വോഷ്ണാസീതാ കോളാ ശൌണ്ഡീചപിപ്പല എന്ന ശബ്ദവ്യുൽപത്തിയിൽ. ഉണ്ടു്. ത്രായന്തിമുസ്താ ഭ്രനിംബാ കലിംഗകണചന്ദനൈഃ എന്നു് അഷ്ടാംഗഹൃദയത്തിലും ഉഷ്ണാമൂലേനവക്ഷ്യാംഭസി എന്ന സിദ്ധയോഗസമുച്ചയത്തിങ്കലുമുണ്ടു്. കപിപിപ്പലീ, കപിവല്ലീ, കോലവല്ലീ, ശ്രേയസീ (ഇ-സ്ത്രീ-പ്ര-ഏ) വസിരഃ (അ-പു-പ്ര-ഏ)

വശിരഃ എന്നുമാം. ഇവ ൪-ം അത്തിത്തിപ്പലിയുടെ പേർ. വസിരോവശിരഃ കോലവല്ലീ ചഗജപിപ്പലീ ശ്രേയസീ കപിവല്ലീചകപിലാകുംഭികാചസാ എന്ന ശബ്ദവ്യൂഹതമംഗിണിയിലുണ്ടാകയാൽ വശിരഃ എന്നുമാമെന്നു പറഞ്ഞതു സമൂലമാകുന്നുവെന്നറിഞ്ഞുകൊൾകയും വേണം. ചവ്യം (അ-ന-പ്ര-ഏ) ചവ്യാകോലാചവികാ എന്ന രേറമചന്ദ്രവചനമുണ്ടാകയാൽ അകാരാന്തമായിട്ടുമാം. എന്നാൽ സ്ത്രീലിംഗമാകയും ചെയ്യും. ചവികാ (അ-സ്ത്രീ-പ്ര-ഏ) ചവികശ്ചവികാചവ്യമെന്ന ശബ്ദവ്യൂഹതമംഗിണിയിലുണ്ടാകയാൽ അകാരാന്തമായിട്ടുമാം. എന്നാൽ പുല്ലിംഗമാകയും ചെയ്യും. ഇവ ൫-ം കാട്ടുമുളകിന്റെ പേർ. കാകചിഞ്ചാ (അ-സ്ത്രീ-പ്ര-ഏ) കാകചിഞ്ചീ എന്ന പാഠാന്തരം. അ പക്ഷത്തിൽ ഇകാരാന്തമെന്നു അറിഞ്ഞുകൊൾകയും വേണം. കാകചിഞ്ചിഃ എന്നും പ്രയോഗിക്കാം. കാകചിഞ്ചി സ്ത്രീയാം കാകചിഞ്ചാഗ്രന്ഥാ ചല്ലുല്ലി എന്ന ശബ്ദവ്യൂഹതമംഗിണിയിലുണ്ട്. കാകചിഞ്ചിശബ്ദംതന്നെ കൃതികാരാദികനാട എന്നുള്ള വചനംകൊണ്ടു കാകചിഞ്ചി എന്നുമായിത്തീരുന്നു. ഗ്രന്ഥാ (അ-സ്ത്രീ-പ്ര-ഏ) കാകചിഞ്ചാഗ്രന്ഥാ കുഞ്ചലാ എന്നുള്ള പാഠവും അതിനെ ഓരനുസരിച്ചിട്ടുള്ള വ്യാഖ്യാനവും തെറ്റാകുന്നു. തപന്താഥാദിനാമൂവ്ടാക എന്ന പരിഭാഷയിൽ ഉണ്ട്. ത്ര എന്ന അന്തരനികരലാ ഗംഥ എന്ന ആദിയിലോ ഉണ്ടെങ്കിൽ അ പദങ്ങൾ പൂവ്വപദങ്ങളോടു ചേരുന്നതല്ലെന്ന അതിന്റെ അർത്ഥമാകുന്നു. അത്ര രഥത്രയായിട്ട് കാകചിഞ്ചാ ഗ്രന്ഥാത്ര കുഞ്ചലാ എന്ന പഠിച്ചാൽ ഗ്രന്ഥാശബ്ദം തപന്തമായി വരികയാൽ അത്ര കാകചിഞ്ചാ എന്നതിനോടു ചേരുകയില്ല എന്നുവരും. എന്നാൽ കാകചിഞ്ചാ എന്നത്ര കാട്ടുമുളകിന്റെ പേരുകളിൽ ചേർന്നുപോകയും ചെയ്യും. സിദ്ധാന്തം അങ്ങനെയല്ല. ഗ്രന്ഥാത്രകാകചിഞ്ചായാ എന്ന മേദിനിയിലുമുണ്ട്. കാകചിഞ്ചാ ഗ്രന്ഥാത്രകുഞ്ചലാ എന്ന പഠിച്ചാൽ കാകചിഞ്ചാഗ്രന്ഥാ എന്ന സമസ്തപദമാകയാൽ അതു മുൻപറഞ്ഞ പരിഭാഷകൊണ്ട് ചവ്യചവികശബ്ദങ്ങളോടു ചേരാത്തതാകയാൽ കുഞ്ചലാശബ്ദത്തോടു ചേരുകയും ചെയ്യും. മേൽപറഞ്ഞ സമസ്തപദത്തിങ്കൽ കാകചിഞ്ചാ എന്നതു് അവാന്തരപദമാകയാൽ കാകചിഞ്ചാ ഗ്രന്ഥാ, കുഞ്ചലാ ഇങ്ങിനെ മൂന്നുപദങ്ങൾ ഏകാർത്ഥങ്ങളാണെന്നു പറയേണ്ടതിന്നു വിരോധവുമില്ല. അതുകൊണ്ട് കാകചിഞ്ചാഗ്രന്ഥാത്ര എന്നതന്നെ പഠിച്ചുകൊൾകയും വേണം. കുഞ്ചലാ (അ-സ്ത്രീ-പ്ര-ഏ) ഇവ ൬-ം കുന്നിയുടെ പേർ.

പലംകഷാ തപിക്ഷുഗന്ധാ ശ്വദംഷ്ട്രാ സ്വാദുകണ്ടകഃ
ഗോകണ്ടകോ ഗോക്ഷുരവോ വനശൃംഗാട ഇത്യപി. പഫ

പലംകഷാ, ഇക്ഷുഗന്ധാ, ശ്വദംഷ്ട്രാ (ആ-സ്ത്രീ-പ്ല-ഏ) സ്വാദുകണ്ടകഃ, ഗോകണ്ടകഃ, ഗോക്ഷുരകഃ, വനശൃംഗാടഃ (അ-പു-പ്ല-ഏ) ഇവ ൪-ം ഞെരിഞ്ഞിലിന്റെ പേർ..

വിശ്വാ വിഷ്വാ പ്രതിവിഷാതിവിഷോപവിഷാരുണാ
ശൃംഗീ മഹൌഷധഞ്ചാഥ ക്ഷീരാവീ ദുഗ്ധികാ സമേ. പുന

വിശ്വാ, വിഷ്വാ, ഭവിഷ്വാ എന്നും അവിഷ്വാ എന്നും വിശ്വംവിഷ്വാ എന്ന സമസ്തമായിട്ടുമാം. പ്രതിവിഷ്വാ, അതിവിഷ്വാ, ഉപവിഷ്വാ, അരുണാ (അ-സ്ത്രീ-പ്ല-ഏ) ശൃംഗീ (ഈ-സ്ത്രീ-പ്ല-ഏ) നകരാന്തമായിട്ടുമാം. മഹൌഷധം (അ-ന-പ്ല-ഏ) ഇവ പ-ം അതിവിടയത്തിന്റെ പേർ. വിഷ്വാപ്രതിവിഷ്വാഛാതിവിഷ്വാശ്ചോപവിഷ്വാരുണാ വിശ്വാവിശ്വാവിഷ്വാശൃംഗിണ്യാവിഷ്വാപ്യവിഷ്വാനഘ്വാ ശൃംഗീവേശ്യാചവിശ്വംഷ്ടശൃംഗീപുംസിമഹൌഷധം എന്ന ശബ്ദോദ്ധൃതരംഗിണിയിലുണ്ടാകയാൽ മേൽ പറഞ്ഞ പക്ഷങ്ങൾ ഒക്കെയും സാധുക്കൾതന്നെ എന്ന അറിഞ്ഞുകൊൾകയും വേണം. ക്ഷീരാവി (ഈ-സ്ത്രീ-പ്ല-ഏ) ദുഗ്ധികാ (അ-സ്ത്രീ-പ്ല-ഏ) ഇവ ൨-ം കിണികിണിപ്പാലയുടെ പേർ.

ശതമൂലീ ബഹ്വസുതാഭീരുകിന്ദീവരീ വരീ
ദൃശ്യപ്രോക്താഭീരുപത്രീ നാരായണ്യൃശ്യതാവരീ. പുന

അരോഹരുഹപീതദ്രുകാലേയകഹരിദ്രവഃ
ഓവ്വീ പചംപചാ ദാരുഹരിദ്രാ പഞ്ജനീത്യപി. പുപ

ശതമൂലീ (ഈ-സ്ത്രീ-പ്ല-ഏ) ബഹ്വസുതാ(അ-സ്ത്രീ-പ്ല-ഏ) ഭീരുഃ (ഉ-സ്ത്രീ-പ്ല-ഏ) ഇന്ദീവരീ, വരീ (ഈ സ്ത്രീ-പ്ല-ഏ) ദൃശ്യപ്രോക്താ (അ-സ്ത്രീ-പ്ല-ഏ)|ഭീരുപത്രീ, നാരായണീ, ശതാവരീ, (ഈ-സ്ത്രീ-പ്ല-ഏ)അരോഹരുഃ (ഉ-സ്ത്രീ-പ്ല-ഏ) ഇവ ൫-ം ശതാവരിയുടെ പേർ. പീതദ്രുഃ (ഉ-പു-പ്ല-ഏ) കാലേയകഃ(അ പു-പ്ല-ഏ) ഹരിദ്രുഃ (ഉ-പു-പ്ല-ഏ) ഓവ്വീ (ഈ-സ്ത്രീ-പ്ല-ഏ) പചം പചാ, ദാരുഹരിദ്രാ (അ-സ്ത്രീ-പ്ല-ഏ) പഞ്ജനീ (ഈ സ്ത്രീ-പ്ല-ഏ) ഇവ ൬-ം മരമഞ്ഞളിന്റെ പേർ. കാലേയകഃ എന്നതിന്റെ സ്ഥാനത്തു് കാലീയകഃ എന്നും പചംപചാ എന്നതിന്റെ സ്ഥാനത്തു് പചംവചാ എന്നുമാമെന്നു മഹൌഷധീടികയിൽ പറഞ്ഞിരിക്കുന്നു.

വചോഗ്രഗന്ധാ ഷഡ്ഗ്രന്ഥാ ഗോലോമീ ശതപർവ്വികാ
ശുക്ലാ ഹൈമവതീ വൈദ്യമാതൃസിംഹ്യൌ തു വാശികാ.
വൃഷോഽടരൂഷസ്സിംഹാസ്യോ വാസകോ വാജിദന്തകഃ
ആസ്ഫോടാഗിരികർണ്ണ്യൌസ്യാദ്വിഷ്ണുക്രാന്താപരാജിതാ.

വചാ, ഉഗ്രഗന്ധാ, ഷഡ്ഗ്രന്ഥാ (ആ-സ്ത്രീ-പ്ര-ഏ) ഗോലോമീ (ഈ-സ്ത്രീ-പ്ര-ഏ) ശതപർവ്വികാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ൩-ം വയസ്സിന്റെ പേർ. ഹൈമവതീ (ഈ-സ്ത്രീ-പ്ര-ഏ) വെൺവയസ്സിന്റെ പേർ. വൈദ്യമാതാ (ആ-സ്ത്രീ-പ്ര-ഏ) സിംഹീ (ഈ-സ്ത്രീ-പ്ര-ഏ) വാശികാ (ആ-സ്ത്രീ-പ്ര-ഏ) വാശികാവ്വാസികാ ഛസ്ത്രീ പ്പന്ന ശബ്ദവ്യൂഹതരംഗിണിയിലുണ്ടാകകൊണ്ടു വാസികാ പ്പന്ന സകാരമധ്യമായിട്ടുമാം. വൃഷഃ, അടരൂഷഃ, വൃഷാടരൂഷൌ പ്പന്നുമാം. അപ്രകാരമായാൽ വൃഷ അടരൂഷഃ പ്പന്നും, അടരൂഷ പ്പന്നതിന്റെ സ്ഥാനത്തുതന്നെ അടരൂഷഃ പ്പന്നും പദമാക്കാം. അടരൂഷോടരൂഷശ്വേതഢാടരൂഷഇത്യപി പ്പന്ന ശബ്ദവ്യൂഹതരംഗിണിയിൽ ഉണ്ടാകകൊണ്ടു മേൽപറഞ്ഞ പദവിശേഷങ്ങൾ ഒക്കെയും പ്രമാണസിദ്ധങ്ങളാകുന്നു പ്പന്നറിഞ്ഞുകൊൾകയുംവേണം. സിംഹാസ്യഃ, വാസകഃ വാസകോവാശകഃപ്പുമാൻ പ്പന്ന ശബ്ദവ്യൂഹതരംഗിണിയിലുണ്ടാകകൊണ്ടു വാശകഃ പ്പന്ന സകാരമധ്യമായിട്ടുമാം. വാജിദന്തകഃ (അ-പു-പ്ര-ഏ) ഇവ പു-ം അടലോടകത്തിന്റെ പേർ. ആസ്ഫോടാ|(ആ-സ്ത്രീ-പ്ര-ഏ) ആസ്ഫോതാ പ്പന്നുമാമെന്നു മേദിനീപ്രയോഗംകൊണ്ടു സിദ്ധമാകുന്നു. ഗിരികർണ്ണീ (ഈ-സ്ത്രീ-പ്ര-ഏ) വിഷ്ണുക്രാന്താ, അപരാജിതാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ര-ം വിഷ്ണുക്രാന്തിയുടെ പേർ.

ഇക്ഷുഗന്ധാ തു കാണ്ഡേക്ഷുഃ കോകിലാക്ഷേക്ഷുരക്ഷുരഃ
ശാലേയസ്സ്യാച്ഛീതശിവശ്ചത്രാ മധുരികാ മിസിഃ. ൭൬
മിശ്രേയാപ്യഥസിംഹ്യണ്ഡാ വജ്രംദുസ്സംനകുസ്സംനഹീ-
(ഡ്ഡാ
സമന്തദുർഗ്ഗാധാരോ വേല്ലമമോഘാ ചിരുതണ്ഡുലാ. ൭൭

തണ്ഡുലശ്ച കുമിള്ളശ്ച വിളംഗം പുന്നപുംസകം
ബലാവാട്യാമകാ മണ്ഡൂരവാ തു ശണപുഷ്പികാ. ൭൮

ഇക്ഷുഗന്ധാ (ആ-സ്ത്രീ-പ്ര-ഏ) കാണ്ഡേക്ഷുഃ (ഉ-പു-പ്ര-ഏ) കോകിലാക്ഷഃ, ഇക്ഷുരഃ, ക്ഷുരഃ (അ-പു-പ്ര-ഏ) ഇവ ൩-ം വയൽച്ചുള്ളിയുടെ പേർ. ശാലേയഃ, ശീതശിവഃ (അ-പു-പ്ര-ഏ) ഛത്രാ, മധുരികാ (ആ-സ്ത്രീ-പ്ര-ഏ) മിസിഃ (ഈ-സ്ത്രീ-പ്ര-ഏ)

മിസീ എന്ന ഈകാരാന്തമായിട്ടുമാം. മേല്പറഞ്ഞ രണ്ടു ശബ്ദങ്ങളുടെയും സകാരത്തിന്റെ സ്ഥാനത്തു് ശകാരമായിട്ടുമാം. ശാലേയശ്ശിവശീതശ്ച പംസിശീതശിവോദ്ഭവഃ കഫിഗ്രഥശ്ശഗോധാസ്ത്രീ ശിവച്ഛത്രാമിസിമ്മിസീ മിശിമ്മിശീച സുച്ഛത്രാ ച്ഛത്രാ മധുകികാപി ച എന്ന ശബ്ദവ്യൂഹതരംഗിണിയിലുണ്ടാകയാൽ മേൽപറഞ്ഞ പക്ഷങ്ങൾ ഒക്കെയും സാധുക്കളാകുന്നു എന്നു അറിഞ്ഞുകൊള്ളുകയും വേണം. മിശ്രേയാ (അ-സ്ത്രീ-പ്ര-ഏ) ഇവ നാ-ം കുങ്കിവെണ്ണയുടെ പേർ. നിശ്രേയാ എന്ന ചിലർ പഠിക്കുന്നതിന്റെ മൂലമെന്തെന്നു് അറിഞ്ഞില്ല. സിംഹണ്ഡഃ (അ പു-പ്ര-ഏ) വജ്രംഭഃ (ഉ-പു-പ്ര-ഏ) സംഘഃ (ഹ-സ്ത്രീ-പ്ര-ഏ) പുല്ലിംഗമാകുന്നു എന്ന ചിലർ ഭ്രമിച്ചിരിക്കുന്നു. വജ്രംസംഘഃ കുസ്തീസംഘഹീഡ്യാ എന്നതന്നെ മഹേശ്വരടീകാദികളിൽ പഠിച്ചിരിക്കുന്നു. സംഘാഡീ (ഇ-സ്ത്രീ-പ്ര-ഏ) സംഘഹിഃ എന്നു ഇകാരാന്തമായിട്ടുമാം, സംഘഹാ എന്നുമാം. സംഘഃസംഘഹിഃ ശ്ചസംഘഹാ എന്നു ശബ്ദവ്യൂഹതരംഗിണിയിൽ ഉണ്ടു്. അപ്രകാരംതന്നെ അമരഭരതാദികളും പറഞ്ഞിരിക്കുന്നു. ഹ്രഡാ, സമന്തദുർഘ്ന്യാ, (അ-സ്ത്രീ-പ്ര-ഏ : ഇവ നാ-ം ചതുരക്കള്ളിയുടെ പേർ വേല്ലം (അ-ന-പ്ര-ഏ) അരമാഷ്ടാ, ചിത്രതണ്ഡുലാ (അ-സ്ത്രീ-പ്ര-ഏ) തണ്ഡുലഃ തണ്ടുലഃ എന്നും തന്തുലഃ എന്നുംകൂടെ പ്രയോഗിക്കാം. തണ്ഡുലസ്തണ്ടുലസ്തന്തുസ്തന്തുലശ്ചാവിളംഗകേ എന്ന ശബ്ദവ്യൂഹതരംഗിണിയിൽ ഉണ്ടു്. കുമിള്ളഃ (അ-പു-പ്ര-ഏ) വിളംഗം (അ ന-പ്ര-ഏ : പുന്നപുംസകമെന്നുണ്ടാകയാൽ പുല്ലിംഗമായിട്ടുമാം. ഇ: സ-ം വിഴാലിന്റെ പേർ. ബലാ, വാട്യാലകാ (അ-സ്ത്രീ-പ്ര-ഏ) വാട്യാലകഃ എന്ന അകാരാന്തമായിട്ടുമാം. പുന്നാൽ പുല്ലിംഗമാം. ഇവ ന-ം കുറുന്തോട്ടിയുടെ പേർ.

ദ്വയോർവ്വാട്യാലകകുബ്ജലാ എന്ന ശബ്ദവ്യൂഹതരംഗിണിയിലുണ്ടാകകൊണ്ടു് മേൽപറഞ്ഞ ലിംഗഭേദം പ്രമാണാനുഗൃഹീതമാകുന്നു എന്നറിഞ്ഞുകൊൾകയും വേണം. ഹ്രണ്ഡാരവാ (അ-സ്ത്രീ-പ്ര-ഏ)ഃ ഹ്രണ്ഡാരവഃ എന്നുള്ള പാഠം തെറ്റാകുന്നു. കിരാതാരഹ്രണ്ഡാ ശ്രീഹ്രണ്ഡാവാച്ചാലഹ്രലികാസ്ത്രിയഃ ഹ്രണ്ഡാരവായാം സുസ്സൈവവിജ്ഞേയാശണപുഷ്പികാ എന്നുള്ള ശബ്ദവ്യൂഹതരംഗിണിയിൽ സ്ത്രീത്വംതന്നെ വ്യക്തമായിരിക്കുന്നു. അതുകൊണ്ടു് ഹ്രണ്ഡാരവസ്യ എന്നുള്ള പാഠത്തെ ഉപേക്ഷിച്ചുകൊൾകയും വേണം. ശണപുഷ്പികാ (അ-സ്ത്രീ-പ്ര-ഏ) ഇവ ന-ം കലിക്കാപ്പുട്ടിന്റെ പേർ.

മൃദ്വീകാ ഗോസ്തനീ ദ്രാക്ഷാ സ്വാദ്വീ മധുരസേതി ച
സ്വയ്ഗുപ്താനുഭൂതിസ്സുരളാ ത്രിപുടാ ത്രിവൃതാ ത്രിവൃൽ. ൻാ

ത്രിഖണ്ഡീ ദേചനീ ശ്യാമാ പാലിന്യൌ ദ്വേ സുഷേണികാ
കാളാ മസൂരവിദലാഽഭ്രച്ഛദാ കാളമേഷികാ. ൻഫ

മൃദ്വീകാ (ആ-സ്ത്രീ-പ്ര-ഏ) ഗോസ്തനീ (ഈ-സ്ത്രീ-പ്ര-ഏ) ദ്രാക്ഷാ (ആ-സ്ത്രീ-പ്ര-ഏ) സ്വാദ്വീ (ഈ-സ്ത്രീ-പ്ര-ഏ) മധുരസാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ദ്വി-ം മുന്തിരിയുടെ പേർ. ഗോസ്തനീശബ്ദത്തിന്റെ സ്ഥാനത്തു് ഗോസ്തനാ എന്നുമാം. ഗോസ്തനീഗോസ്തനാ ച സാ എന്ന ശബ്ദവ്യൂഹതരംഗിണിയിൽഉണ്ടു്. സ്വയ്ഗുപ്താനുഭൂതിഃ (ഇ-സ്ത്രീ-പ്ര-ഏ)ൂസുരളാ, ത്രിപുടാ, ത്രിവൃതാ (ആ-സ്ത്രീ-പ്ര-ഏ) ത്രിവൃൽ (ഈ-സ്ത്രീ-പ്ര-ഏ) ത്രിഖണ്ഡീ, ദേചനീ (ഈ-സ്ത്രീ പ്ര-ഏ) ഇവ ൈ-ം ത്രിദേകോല്പക്കൊന്നയുടെ പേർ. ശ്യാമാ (ആ-സ്ത്രീ പ്ര-ഏ) പാലിനീ (ഈ-സ്ത്രീ-പ്ര-ഏ) പാലിന്ദീ പാലിനീച്ചസാ എന്ന ശബ്ദവ്യൂഹതരംഗിണിയിൽ ഉണ്ടാകകൊണ്ടു് ശ്യാമാപാലിന്ദ്യൌ എന്നുമാം. സുഷേണികാ, കാളാ, മസൂരവിദലാ, അഭ്രച്ഛദാ, കാളമേഷികാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ൈ-ം നാല്പക്കോല്പക്കൊന്നയുടെ പേർ.

മധുകം ക്ലീതകം യഷ്ടിമധുകം മധുയഷ്ടികാ
വിദാരീ ക്ഷീരശുക്ലേക്ഷു ഗന്ധാ ക്രോഷ്ടീ ച യാസിതാ.

മധുകം, ക്ലീതകം ക്ലീതകഃ ക്ലീതകസ്ത്വചൽ എന്ന ശബ്ദവ്യൂഹതരംഗിണിയിൽ ഉണ്ടാകയാൽ ക്ലീതകമെന്നുമാം. മഹേശ്വരടീകാനുസാരികളായവർ ക്ലീതകമെന്നുതന്നെ പാഠിക്കുന്നു. യഷ്ടിമധുകം (അ-ന-പ്ര-ഏ) മധുയഷ്ടികാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ദ്വ-ം ഇരട്ടിമധുരത്തിന്റെ പേർ. വിദാരീ (ഈ-സ്ത്രീ-പ്ര-ഏ) വിദാര്യഃ എന്നുമാം. സ്ത്രീവിദാര്യിവ്വിദാരീ ച വിദാര്യൌവൈദാരീതി ച എന്ന ശബ്ദവ്യൂഹതരംഗിണിയിൽ ഉണ്ടു്. വിദാര്യിപഞ്ചാംഗ്ലവൃശ്ചികാളിഃ എന്ന അഷ്ടാംഗഹൃദയത്തിൽ ഇകാരാന്തമായിട്ടു പ്രയോഗിച്ചിട്ടുമുണ്ടു്. ക്ഷീരശുക്ലാ, ഇക്ഷുഗന്ധാ (ആ-സ്ത്രീ-പ്ര-ഏ) ക്രോഷ്ടീ (ഈ-സ്ത്രീ-പ്ര-ഏ) യാ വിദാരീ അസിതാസാ എന്നു് അനാദ്യമാകയാൽ ക്ഷീരശുക്ലാദികം മൂന്നും കരുമുതക്കിന്റെ പേർ. എന്നു പരിശുദ്ധാത്മമാകുന്നു. തമിഴ്ക്കരത്തിൽ വിദാരീ, ക്ഷീരശുക്ലാ, ഇക്ഷുഗന്ധാ ഇവ നു-ം മുതക്കിന്റെ പേർ എന്നും, ക്രോഷ്ടീ എന്നതു് കരുമുതക്കിന്റെ പേർ എന്നും ക്ഷീരവിദാരീ ഇത്യാദികം പാൽമുതക്കിന്റെ പേർ എന്നും വിചാരിച്ചിരിക്കുന്നു. ആയതു ഭേദമണമെങ്കിൽ മുതക്കു് എന്നും കരുമുതക്കു് എന്നും

പാൽമുതക്കു് എന്നും മുരുക്കിൽ നു ജാതികഠം ഉണ്ടായിരിക്കണം. അസിതാ എന്ന പദത്തിനു് കറുത്തതു് എന്നർത്ഥമാകയാൽ അന്യാശബ്ദംകൊണ്ടു് കറുത്തതല്ലാത്തതു് എന്നുള്ള അർത്ഥത്തെ ഗ്രഹിക്കുമ്പോഠം പിന്നെ വ്യത്തൊരു നിറമായാലും ആ മുതക്കു് അന്യാശബ്ദാർത്ഥമാകകൊണ്ടു് അതിനെ ക്ഷീരവിദാര്യാദിശബ്ദങ്ങഠംകൊണ്ടുതന്നെ പറയണമെന്നു് അന്യാക്ഷീരവിദാരീസ്യാൽ എന്നുള്ള ഉത്തരവാക്യംകൊണ്ടു് സിദ്ധിക്കുന്ന അവസ്ഥയെ ആലോചിക്കുമ്പോഠം മുതക്കിൽ മേൽപറഞ്ഞ പ്രകാരം നു ജാതികളുണ്ടായാലും വിദാരീക്ഷീരശുക്ലേത്യാദിപദങ്ങൾക്കു വിഷയം ദുർല്ലഭമായി വരുന്നതാകയാൽ പിന്നെയും മൂഢവിരോധഹേതുവായിത്തീരുന്നതാകകൊണ്ടു ദുർഘടമായി തീരുകയും ചെയ്യും. അന്യാ എന്നതിനു വെളുത്തതു് എന്നർത്ഥമായാൽ മേല്പറഞ്ഞ പക്ഷത്തിൽ കറുപ്പും വെളുപ്പുമല്ലാത്ത നിറത്തിൽ ഒരു മുതക്കു ഉണ്ടായിരിക്കണം, അപ്രകാരം ഒരു മുതക്കു കാണുന്നതുമില്ല. ഈ വ്യാഖ്യാതാവിന്റെ കണ്ണിന്റെ കാഴ്ചയിലകപ്പെട്ടിട്ടില്ല എന്നതെന്നതല്ലു ദ്വിധാവിദാരീകൃഷ്ണാച ശുക്ലാചേതിനി ർദ്ദേശിതാ പ്രഥമംക്ഷീരശുക്ലാസ്യാദിക്ഷുഗന്ധാചകഥൃതേ വിദാരിശ്വവിദാരീച വിദരാ വൈദരീതിച അന്യാക്ഷീരവിദാരീസ്യാച്ഛ്വേതാസൈവമഹാമതാസ്യാദ്ഭക്ഷുഗന്ധികാഖ്യാച ക്ഷീരേണസഹിതാമതാ വിതരണോതിവിരുദ്ധേതാ ദ്വിക്യതിംകായച്ഛേതസോഃ സദൃശ്ശിഃരണവാതസ്മാത് സക്ഷീരാം താം വിദ്യാജ്ജയൽ അന്യാത്രക്ഷീരസംയുക്താഗ്രണോൽക്കർഷം പ്രപദ്യതേ എന്നു ധന്വന്തരിവചനമുണ്ടാകയാൽ കറുത്തതും വെളുത്തതുമെന്നല്ലാതെ മൂന്നാമത്തതായിട്ടു ഒരുത്തരുടെ കാഴ്ചയിലുമുണ്ടായിട്ടില്ലെന്നു പറയാതെ നിർവ്വാഹമില്ല. അതു ഹേതുവായിട്ടു മേൽപറഞ്ഞ മതത്തെ ഉപേക്ഷിച്ചിരിക്കുന്നു. മഹേശ്വരടീകയിൽ ക്രോഷ്ടീതു യാസിതാ എന്ന പാഠത്തെ കാണിക്കയും വിദാരീ-ക്ഷീരശുക്ലാ ഇക്ഷുഗന്ധാ-ക്രോഷ്ടീ -ചതുഷ്ടയീ ഇത്യാദിവാക്യംകൊണ്ടു് വിദാര്യാദി ശബ്ദങ്ങഠം നാലും ഏകാർത്ഥങ്ങളാകുന്നു എന്നു അഭ്യുപഗമത്തിൽ പറകയും ചെയ്തിരിക്കുന്നു. അതിനും വിരോധമുണ്ടു്. 'തന്ത്രാഥാദിനപൂർവ്വഭാക്' എന്ന പരിഭാഷയുണ്ടാകകൊണ്ടു് അപ്രകാരം വ്യാഖ്യാനിപ്പാൻ വഴിയില്ലെന്നു് അറിഞ്ഞുകൊഠകയുംവേണം. ദ്വിതീയകല്പത്തിൽ വിദാരീ, ക്ഷീരശുക്ലാ, ഇക്ഷുഗന്ധാ, ക്രോഷ്ടീ ഇവ രു-ം ഏകാർത്ഥങ്ങളാകുന്നു എന്നും ക്ഷീരവിദാരീ ഇത്യാദി മൂന്നുശബ്ദങ്ങഠം ഏകാർത്ഥങ്ങളാകുന്നു എന്നും പറഞ്ഞിരിക്കുന്നു. ആ പക്ഷത്തിൽ ഇക്ഷുഗന്ധ

ക്കാ എന്നതു ഏതിന്റെപേർ എന്നു നിശ്ചയിപ്പാൻ വഴിയില്ല. മുൻപറഞ്ഞ പരിഭാഷാവിരോധം ഈ പക്ഷത്തിങ്കലുമുണ്ടു്. അതു ഹേതുവായിട്ടു ക്രോഷ്ടീചയാസിതാ എന്നു പാഠിക്കയും യാസിതാ എന്നു സ്ഥലത്തിങ്കൽ യാ അസിതാ എന്ന പദവിഭാഗത്തെ കല്പിക്കയും മേൽപറഞ്ഞപ്രകാരം അർത്ഥത്തെ ഗ്രഹിച്ചുകൊൾകയും വേണം. അതുമല്ല മേൽകാണിക്കപ്പെട്ട ധന്വന്തരിവചനത്തിനു ഭേധാവിദാരീ കൃഷ്ണാചശുക്ലാച എന്നു വിദാരീശബ്ദത്തിനു സാമാന്യവാചിത്വമുണ്ടെന്നു മനസ്സിൽവെച്ചു പറകയാൽ വിദാരീശബ്ദംകൊണ്ടു എല്ലാ മുതക്കുകളെയും പറയാമെന്നു സിദ്ധിച്ചിരിക്കുന്നു. അതുകൊണ്ടു കറുത്തതു എന്നും ചെമ്മത്തു എന്നും ഉള്ള വിശേഷത്തെ ഗ്രഹിച്ചുകൂടാ എന്നില്ല. വിദാരിശ്വവിദാരീച എന്ന വചനശേഷംകൊണ്ടു കറുത്തതിനെ തന്നെ മേൽപറഞ്ഞ ശബ്ദംകൊണ്ടു ഗ്രഹിക്കാമെന്നു പറഞ്ഞിരിക്കയാൽ വിദാരീശബ്ദവും കരുമുതക്കിന്റെ പേരാകുന്നു എന്നു പറയണമെങ്കിൽ പറയാമെന്നും അറിഞ്ഞുകൊൾക. സാമാന്യവാചിത്വംകൂടെ ഉണ്ടാകകൊണ്ടു വിദാര്യാദികഷായന്തിന്റെ മരുന്നുകളെ വൈദ്യന്മാർ പറയുമ്പോൾ പൽമുതക്കിൻകിഴങ്ങു് എന്നു തുടങ്ങിയുള്ള അനാദിയായ വ്യവഹാരത്തിനും വിരോധമില്ല. ധാന്വന്തരതൈലത്തിന്റെ മരുന്നുകളിൽ പാൽമുതക്കിൻകിഴങ്ങു് ചേർക്കപ്പെടുന്നതു യുക്തമല്ല. അശ്വഗന്ധാവരീ ക്ഷീരശുക്ലായഷ്ടീവരാരസൈഃ എന്നുള്ള പ്രമാണത്താൽ ക്ഷീരശുക്ലാ എന്ന പദത്തെ ചേർത്തിരിക്കകൊണ്ടു കരുമുതക്കിൻകിഴങ്ങതേ ചേർപ്പുള്ളതെന്നും അറിയേണ്ടതാകുന്നു ധാന്വന്തരതൈലത്തിന്റെ മരുന്നുകളിലും പാൽമുതക്കിൻകിഴങ്ങുതന്നെ ചേരണമെങ്കിൽ യാസിതാ എന്ന പദച്ഛേദത്തെ ചെയ്തു് യാവിഭാരീസിതാ എന്നന്വയിച്ചു് ക്ഷീരശുക്ലാദി മൂന്നു ശബ്ദങ്ങളും വെള്ളത്തമുതക്കിന്റെ പേർ എന്നു വ്യാഖ്യാനിക്കയും വെള്ളത്തമുതക്കിനെത്തന്നെ പാൽമുതക്കു് എന്നു വ്യവഹരിക്കുന്നു എന്നും പാൽമുതക്കു എന്നുള്ള വ്യവഹാരം ക്ഷീരവിദാരീ എന്ന ശബ്ദത്തിന്റെ അവയവാർത്ഥത്തെ അനുസരിച്ചു കല്പിക്കപ്പെട്ടതല്ലെന്നും ക്ഷീരശുക്ലാ എന്ന ശബ്ദം കരുമുതക്കിനെ പറയുന്നതാകുന്നു എന്നുള്ള മതക്കാർക്കു പാൽപോലെ വെളുത്തതു എന്നുള്ള അതിന്റെ അവയവാർത്ഥത്തിനു ബാധകമുള്ളതുകൊണ്ടു യാതൊരുപ്രകാരമോ ആപ്രകാരന്തന്നെ ഈ മതത്തിങ്കൽ കരുമുതക്കിന്റെ വാചകമായ ക്ഷീരവിദാരീശബ്ദത്തിന്റെ അവയവാർത്ഥത്തിനും ബാധകമില്ലാതെയോ എന്നുപറഞ്ഞുനില്ക്കുകയും ചെയ്താൽ അതിനു നിവാഹ

മുണ്ട്. ക്രൌഷ്ടീസ്തുഗാലികാകുണ്ഡാ വിദാരീലാം ഗലീഷ്ടുച എന്ന മേദിനീവചനത്തിന്റെയും മുൻപറഞ്ഞ ധന്വന്തരീവചനത്തിന്റെയും വിരോധമുള്ളതു്, അപ്രകാരമായാലും ഭാരമായിട്ടുതന്നെ തീരുകയും ചെയ്യും. അതു ഹേതുവായിട്ടു് ക്ഷീരശുക്ലാ എന്ന പറഞ്ഞിട്ടുള്ള യോഗങ്ങളിലൊക്കെ കരുമുതക്കു തന്നെ ചേരേണ്ടതാകുന്നു. സക്ഷീരാംതാംവിവഞ്ജയേൽ പുന്നള്ള നിഷേധം മുതക്കിൻകിഴങ്ങുതന്നെയോ തുക്കത്തിന്റെ ആധിക്യം കൊണ്ടു പ്രധാനമായിട്ടോ ചേരുന്ന സ്ഥലങ്ങളിലല്ലാതെ പ്രവർത്തിക്കയില്ല എന്നു മുൻപറഞ്ഞ വചനത്തിന്റെ അവസാനഭാഗത്തിങ്കൽ സ്പഷ്ടമാകുന്നു എന്നും അറിഞ്ഞുകൊൾക.

അന്യാ ക്ഷീരവിദാരീസ്യാന്മഹാശ്വേതർക്ഷഗന്ധികാ
ലാംഗലീ ശാരദീ തോയപിപ്പലീ ശകുലാദനീ. ൻ൩

ക്ഷീരവിദാരീ (ഈ-സ്ത്രീ-പ്ര-ഏ) മഹാ, ശ്വേതാ, ഋക്ഷഗന്ധികാ (ആ-സ്ത്രീ-പ്ര-ഒ) ഇവ രു-ം വെൺമുതക്കിന്റെ പേർ. ലാംഗലീ, ശാരദീ, തോയപിപ്പലീ, ശകുലാദനീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ രു-ം നീർത്തിപ്പുലിയുടെ പേർ.

പരാശ്വാ കാശവീ ദീപ്യാ മയൂരോ ലോമമസ്തകഃ
ഗോപീ ശ്യാമാ ശാരിബാ സ്യാദനന്തോൽപലശാരിബാ.

പരാശ്വാ (ആ-സ്ത്രീ-പ്ര-ഏ) പരാഹ്വാസ്ത്രീപരാശ്വാ എന്ന ശബ്ദവ്യൂഹരത്നരംഗിണിയിൽ ഉണ്ടാകകൊണ്ടു പരാഹ്വാ എന്നുമാം. കാശവീ (ഈ-സ്ത്രീ-പ്ര-ഒ) ദീപ്യഃ (അ-പു-പ്ര-ഏ) മയൂരഃ ലോമമസ്തകഃ (അ-പു-പ്ര-ഏ) ലോമമക്കടഃ എന്നുമാണെന്ന മഹേശ്വരടീകയിൽ പറഞ്ഞിരിക്കുന്നു. ഇവ ൩-ം മയൂരശിഖയുടെ പേർ എന്ന മഹേശ്വരടീകയിലും, കരിംജീരകത്തിന്റെ പേർ എന്ന തമിഴ്ക്കുത്തിലും കാണുന്നു. ശബ്ദവ്യൂഹരത്നരംഗിണിയിൽ പരാഹ്വാസ്ത്രീപരാശ്വാ കാശവീത്വോപകുഞ്ചികാ ദീപ്യശ്ച മയൂരകേശ്യപ്പേ എന്ന വാക്യംകൊണ്ടു് പരാശ്വാകാശവീ ദീപ്യഃ ഈ മൂന്നു ശബ്ദങ്ങൾ കരിംജീരകത്തിന്റെ പേർ എന്നും വേറെ ഒരു ഭാഗത്തിങ്കൽ മയൂരോലോമകോലോമമസ്തകഃ കേകികിച്ഛികാ എന്ന വാക്യംകൊണ്ടു മയൂരഃ ലോമമസ്തകഃ ഈ രണ്ടു ശബ്ദങ്ങൾ മയൂരശിഖയുടെ പേർ എന്നും പറഞ്ഞിരിക്കുന്നു. ഗോപീ (ഈ-സ്ത്രീ-പ്ര-ഏ) ശ്യാമാ, ശാരിബാ, അനന്താ, ഉൽപലശാരിബാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ൩-ം നന്നാറിയുടെ പേർ. ചന്ദനോൽപലശാരിബാ എന്നും പാഠമുണ്ടു്. അതു പ

ക്ഷത്തിൽ അനന്താ, എന്നതിന്റെ സ്ഥാനത്തു ചന്ദനാ (അ-സ്ത്രീ-പ്ര-ഏ) ഇങ്ങിനെ ധരിച്ചുകൊൾകയും വേണം.

യോഗ്യബുദ്ധിസ്സിദ്ധിലക്ഷ്മ്യൗ വൃദ്ധേരപ്യാഖ്യയാ ഇമേ
കളീ വാരുണ്യുസാ രംഭാ മോചാംശുമൽഫലാ.

കാഷ്ഠീലാ മുദ്ഗപർണ്ണീത്ര കാകമുദ്ഗാ സഹാത്മഗുപ്താ
വാത്താകീ ഹിംഗ്രലീ സിംഹീ ഭണ്ഡകീ ദൃഷ്പ്രധർഷിണീ.

യോഗ്യം (അ-ന-പ്ര-ഏ) ബുദ്ധിഃ, സിദ്ധിഃ, (ഇ-സ്ത്രീ-പ്ര-ഏ) ലക്ഷ്മീഃ (ഈ-സ്ത്രീ-പ്ര-ഏ) ഇവ രു-ം •കാട്ടഴന്നിന്റെ പേർ എന്നു തമിഴ്ക്കത്തിൽ കാണുന്നു. മഹേശ്വരടീകയിൽ ബുദ്ധി എന്ന പേരോടുകൂടിയ ഒരു ഔഷധിയുടെ പേർ എന്നു സംസ്കൃത വാക്യംകൊണ്ടു പറകയും കേവണി എന്ന ഭാഷ കാണിക്കയും ചെയ്തിരിക്കുന്നു. കാട്ടുമുതിരയുടെ പേരാകുന്നു എന്നു ധരിച്ചുകൊൾകയും വേണം. വൃദ്ധേരപ്യാഖ്യയാഇമേ എന്നതിനു ഇതുകൊണ്ടു വൃദ്ധി എന്ന പേരോടുകൂടിയ ഔഷധിയുടെ പേരുകളാകുന്നു എന്നും ഇതുകൊണ്ടു എന്നതുകൊണ്ടു മുൻപറഞ്ഞ യോഗ്യാദിശബ്ദങ്ങളെ ഗ്രഹിക്കേണമെന്നും മഹേശ്വരടീകയിൽ പറഞ്ഞിരിക്കുന്നു. അപ്രകാരമായാൽ ഋദ്ധിശബ്ദം നിരർത്ഥമായി വരുന്നതാകയാൽ വൃദ്ധേഃ, ആഖ്യയാരൂപിഇമേസ്യുഃ എന്ന അന്വയിക്കയും സമൃദ്ധിയുടെ പേരുകൾ എല്ലാംകൊണ്ടും മേല്പറഞ്ഞതിന്റെ പേരുകളാകുന്നു എന്നു അതിന്റെ അർത്ഥത്തെ ഗ്രഹിക്കയും വേണ്ടതാകുന്നു. കടളീ (ഈ-സ്ത്രീ-പ്ര-ഏ) കടളാ എന്ന അകാരാന്തമായിട്ടും കടളഃ എന്ന അകാരാന്തമായിട്ടും പ്രയോഗിക്കാം. കടളീ കടളാചസാ എന്നും കടളശ്ചകടഭ്യസു എന്നും കോശാന്തരങ്ങളിലുണ്ടാകകൊണ്ടു മേല്പറഞ്ഞ പക്ഷഭേദങ്ങൾ എല്ലാംകൊണ്ടും ഗ്രാഹ്യങ്ങളാകുന്നു. വാരുണ്യുസാ (അ-സ്ത്രീ-പ്ര-ഏ) വാരുണ്യുഷ്ണാ എന്നുമാകുമെന്നു മഹേശ്വരടീകയിൽ പറഞ്ഞിരിക്കുന്നു. വാരുണ്യുഷ്ണാ എന്ന ഔഷ്ണ്യാചയുക്തമായിട്ടു് തമിഴ്ക്കത്തിൽ കാണുന്നു. അപ്രകാരം ഒരു പക്ഷമുണ്ടായിരിക്കുമെന്നു വിചാരിക്കുന്നു. രംഭാ, മോചാ, അംശുമൽഫലാ, കാഷ്ഠീലാ (അ-സ്ത്രീ-പ്ര-ഏ) ഇവ നാ-ം വാഴയുടെ പേർ. മുദ്ഗപർണ്ണീ (ഈ-സ്ത്രീ-പ്ര-ഏ) കാകമുദ്ഗാ, സഹാ (അ-സ്ത്രീ-പ്ര-ഏ)ഇവ നാ-ം ചെറുവിടക്കോലിന്റെ പേർ എന്നു തമിഴ്ക്കത്തിൽ പറഞ്ഞിരിക്കുന്നു. മഹേശ്വരടീകയിൽ കാകമുദ്ഗായഃ എന്ന സംസ്കൃതവും കാകമുഗ ഇത്യാദി ഭാഷയും കാണുന്നു. കാക്കച്ചെറുപയറെന്നു ധരിച്ചുകൊൾകയും വേണം. വാത്താകീ (ഈ-സ്ത്രീ-പ്ര-ഏ) വാത്താകഃ

എന്നും വാത്സ്യഗന്ധഃ എന്നുമാം. എന്നാൽ അകാരാന്തമാകയും പുല്ലിംഗമാകയും ചെയ്യും. വാത്സ്യകഃ എന്നു ഉകാരാന്തമായിട്ടുമാം. ആ പക്ഷത്തിൽ സ്ത്രീലിംഗംതന്നെ എന്നു അറിഞ്ഞുകൊൾകയും വേണം. വാതിംഗണസ്തുവാത്സ്യഗോവാത്സ്യകശ്ചാകവിലപകഃ എന്നു രഭസകോശത്തിങ്കലും, വാത്സ്യകഃഷോഷ്ണഗുണസംപ്രയുക്താ എന്നു വൈദ്യശാസ്ത്രത്തിങ്കലുമുണ്ടെന്നു മഹേശ്വരടീകയിൽ പറഞ്ഞിരിക്കുന്നു. ഹിംഗുലീ, സിംഹീ, ഭണ്ഡാകീ, ദൃഷ്പ്രധൃഷ്ണീ (ഈ-സ്ത്രീ-പ്ര-എ.)ഇവ ൫-ം ചെറുവഴുതിനയുടെ പേർ.

നാകുലീ സുരസാ രാസ്നാ സുഗന്ധാ ഗന്ധനാകുലീ
നകുലേഷ്ടാഭുജംഗാക്ഷീ ചത്രാകീ സുവഹാചസാ

നാകുലീ (ഈ-സ്ത്രീ-പ്ര-എ) സുരസാ, രാസ്നാ, സുഗന്ധാ (അ-സ്ത്രീ-പ്ര-എ; ഗന്ധനാകുലീ (ഈ-സ്ത്രീ-പ്ര-എ) നകുലേഷ്ടാ (അ-സ്ത്രീ-പ്ര-എ)ഭുജംഗാക്ഷീ, ചത്രാകീ (ഈ സ്ത്രീ-പ്ര-എ) സുവഹാ(അ-സ്ത്രീ-പ്ര-എ) ഇവ ൯-ം അരത്തയുടെ പേർ. നാകുലീ സുരനാഗസുഗന്ധാ എന്നും പാഠമുണ്ട്. അ പക്ഷത്തിൽ രാസ്നാ, സുഗന്ധാ എന്നീ രണ്ടുപദങ്ങളുടെ സ്ഥാനത്തു് നാഗസുഗന്ധാ എന്നു ഒരു പദമാക്കി ചേർത്തുകൊൾകയും വേണം.

വിദാരീഗന്ധാംശുമതീ സാലപർണ്ണീ സ്ഥിരാ ധ്രുവാ
ത്രണ്ഡികേരീ സമുദ്രാന്താ കാപ്പാസീ ബദരേതിച. ൯൫

വിദാരീഗന്ധാ (അ-സ്ത്രീ-പ്ര-എ) അംശുമതീ, സാലപർണ്ണീ (ഈ-സ്ത്രീ-പ്ര-എ) സ്ഥിരാ, ധ്രുവാ (അ-സ്ത്രീ- പ്ര-എ) ഇവ ൫-ം ടീഡ്മൂലി എന്നും ചെമ്മല്ലി എന്നും പറയുന്നതിന്റെ പേർ എന്നു തമിഴ്ക്കുത്തിൽ പറഞ്ഞിരിക്കുന്നു. മഹേശ്വരടീകയിൽ സാലപർണ്ണ്യാഃ എന്ന സംസ്കൃതവും ഡാവാ, ഡവലാ ഇത്യാദി ഭാഷയും കാണിക്കപ്പെട്ടിരിക്കുന്നു. ഓരിലയുടെ പേരാകുന്നു എന്നു ധരിച്ചുകൊൾകയും വേണം. ത്രണ്ഡികേരീ, (ഈ-സ്ത്രീ-പ്ര എ) ത്രണ്ഡീകേരീ എന്നു രണ്ടുപദമാക്കിയതിനു തമിഴ്ക്കുത്തുകാരൻ എന്തു പ്രമാണമാണു് കണ്ടിരിക്കുന്നതു് എന്നു ഞാൻ അറിയുന്നില്ല. മഹേശ്വരടീകയിൽ ത്രണ്ഡികേരീ എന്നുതന്നെ കാണിക്കപ്പെട്ടിരിക്കുന്നു. സമുദ്രാന്താ (അ-സ്ത്രീ-പ്ര-എ) കാപ്പാസീ (ഈ-സ്ത്രീ-പ്ര എ) ബദരാ (അ-സ്ത്രീ-പ്ര-എ) ഇവ ൫-ം പങ്തിയുടെ പേർ.

ഭാരദ്വാജീ ത്രിസാ വന്ധ്യാ ശൃംഗീ ത്രിവൃഷരോ വൃഷഃ
ഗാംഗേരുകീ നാഗബലാ ത്രയഷ്ടാ ഹ്രസ്വഗവേധുകാ.

ഭാരദ്വാജീ (ഈ-സ്ത്രീ-പ്ര-ഏ)കാട്ടുപടുത്തിയുടെ പേർ. ശൃംഗീ (ന-പു-പ്ല-ഏ) വൃഷഭഃ ഋഷഭഃ എന്നർത്ഥം. മഹേശ്വരടീകയിലെ പാഠം ശൃംഗീതു ഋഷഭോ വൃഷഭഃ എന്നാകുന്നു. വൃഷഭഃ (അ പു-പ്ല-ഏ) ഇവ രു-ം ഇടവകത്തിന്റെ പേർ. നാഗബലാ (ഈ-സ്ത്രീ-പ്ര-ഏ) നാഗബലാ, ബഹ്വീ ഹ്രസ്വഗർഭവഹുകാ (ആ-സ്ത്രീ-പ്ര-ഏ) ഹ്രസ്വഗർഭവഹുകാ എന്നും പാഠമുണ്ട്. ഇവ നാലും സംസ്കൃതത്തിൽ നാഗബലാ എന്നും തമിഴിൽ പീര എന്നും പറയുന്നതിന്റെപേർ എന്നു തമിഴ്ക്കുത്തിൽ പറഞ്ഞിരിക്കുന്നു. കുറുന്തോട്ടി പലജാതിയായിട്ടുണ്ട്. അതിലൊന്നിനെ നാഗബലാ എന്നും പറയുന്നു. ഇതുകുറുന്തോട്ടി എന്നു അതിന്റെ പേരാകുന്നു. നാഗബലാഎന്നത്, ഇരുകമാകുന്നു എന്നും ഒരു പക്ഷമുണ്ട്.

ധാമാർഗ്ഗവാ രോഷകസ്ത്ര്യാന്മഹാജാലീ സപീതകഃ
ജ്യോത്സ്നീ പടോലികാ ജാലീ നാടേയീ ഭ്രമിജംബുകാ.

ധാമാർഗ്ഗവഃ, രോഷകഃ (അ-പു-പ്ല-ഏ) ഇവ ര-ം പീരയുടെ പേർ മഹാജാലീ(ഈ-സ്ത്രീ-പ്ര-ഏ)മഞ്ഞപ്പീരയുടെ പേർ. മഹാജാലീ എന്നതു പുല്ലിംഗമാകുന്നു എന്നും നകാരാന്തമാകുന്നു എന്നും തമിഴ ക്കുത്തിൽ കാണുന്നു. മഹേശ്വരടീകയിൽ സ്ത്രീലിംഗമെന്നു പറഞ്ഞിരിക്കുന്നു. ജ്യോത്സ്നീ (ഈ-സ്ത്രീ-പ്ര-ഏ) പടോലികാ (ആ-സ്ത്രീ-പ്ര-ഏ) ജാലീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ര-ം പടോലത്തിന്റെ പേർ. ചെറുപീരയുടെ പേർ എന്നു തമിഴ്ക്കുത്തിൽ കാണുന്നു. ഏതൊരു ഭാഗത്തിലെങ്കിലും പടോലത്തിനു ചെറുപീര എന്നു വ്യവഹാരമുണ്ടെങ്കിൽ അതു സാധുവായിരിക്കും. പടോലത്തെ ചെറുപീര എന്നും, പറയുന്നതു അനുഭവഗോചരമായിട്ടില്ല. നാടേയീ (ഈ-സ്ത്രീ-പ്ര-ഏ) ഭ്രമിജംബുകാ (ആ സ്ത്രീ-പ്ര-ഏ) ഇവ ര-ം നിലഞാവലിന്റെ പേർ. ഐരാവതോ നാഗരംഗോ നാടേയീ ഭ്രമിജംബുകാ എന്ന സ്ഥലത്തിങ്കൽ ഐരാവതഃ, നാഗരംഗഃ, നാടേയീ, ഭ്രമിജംബുകാ ഇവ രു-ം നിലഞാവലിന്റെപേർ എന്നു പറഞ്ഞവർ പുനരുക്തിദോഷത്തെ വിചാരിക്കാതെ ഇവിടെയും നാടേയീ ഭ്രമിജംബുകാ ഇവ ര-ം നിലഞാവലിന്റെ പേർഎന്നു പറഞ്ഞിരിക്കുന്നു. അയതു് അവരുടെ ഓർമ്മക്കേടുകൊണ്ടു വന്നതാണെന്നു് സ്പഷ്ടമാകുന്നു. ഐരാവതഃ നാഗരംഗഃ ഇവ ര-ം നാഗരംഗത്തിന്റെ പേർഎന്നും നാടേയീ ഭ്രമിജംബുകാ ഇവ ര-ം നിലഞാവലിന്റെ പേർഎന്നും വ്യാഖ്യാനിച്ചുവക്കും മേൽപറഞ്ഞ ദോഷം തുല്യമാകുന്നു. സിദ്ധാന്തത്തിന്റെ സ്ഥിതി മേൽപറഞ്ഞ ശബ്ദങ്ങൾ രു-ം നാഗരംഗത്തിന്റെ

പേർ പ്യിന്നായാൽ ഇവിടെ നില ഞാവലിന്റെ പേർ പ്യിന്ന വിവരിക്കുന്നതു വിരുദ്ധമല്ല പ്യിന്നാകുന്നു.

സ്യാല്പ്യാംഗലികൃഗ്നിശിഖാ കാകാംഗീ കാകനാസികാ
ഗോധാപദീ ത്രു സുവഹാ മുസലീ താലമൂലികാ. ൧൦൯

ലാംഗലികീ (ഇ-സ്ത്രീ-പ്ര ഏ) അഗ്നിശിഖാ (അ-സ്ത്രീ-പ്ര-ഏ) ഇവ ര-ം മരത്തോന്നിയുടെ പേർ. കാകാംഗീ (ഇ-സ്ത്രീ-പ്ര-ഏ) കാകനാസികാ (അ-സ്ത്രീ-പ്ര-ഏ) ഇവ ര-ം കാക്കുഞ്ഞാ പ്യിന്ന വേറൊരു പേരോടുകൂടിയ ഒരു ഓഷധിയുടെ പേർ പ്യിന്ന മദ്ധഹശ്വരടീകയിൽ പറഞ്ഞിരിക്കുന്നു. മേൽപറഞ്ഞ ലാംഗലികീ അഗ്നിശിഖാ ഇവയും കാകാംഗീ കാകനാസികാ ഇവയും മേദത്താന്നിയുടെ പേർ പ്യിന്ന തമിഴ്ക്കുത്തിലും കാണുന്നു. സ്യാല്പ്യാംഗലികൃഗ്നിശിഖാ കാകാംഗീ കാകനാസികാ പ്യിന്നതു കഴിഞ്ഞിട്ടു ഗോധാപദീത്രുസുവഹാ പ്യിന്നതിന്റെ മുമ്പിൽ ഛത്രാവതോനംഗരംഗാ നാഭേയീ ഭൂമിജംബൂകാ പ്യിന്ന രണ്ടുപാഠങ്ങളെ മൂലത്തിൽ ചേർത്തും ഉഴിഞ്ഞയുടെ പേർ പ്യിന്ന തുടങ്ങി ഭൂതകളെ വിവരിച്ചതും തമിഴ്ക്കുത്തിന്നൊരു കേടായി വന്നിരിക്കുന്നു പ്യിന്നു് ഓർിഞ്ഞുകൊൾകയും വേണം. ഗോധാപദീ (ഇ-സ്ത്രീ-പ്ര-ഏ) സുവഹാ (അ-സ്ത്രീ-പ്ര-ഏ) ഇവ ര-ം ഹംസപാദികാ പ്യിന്ന വേറെ ഒരു പേരോടുകൂടിയ ഒരു മരുന്നിന്റെ പേർ പ്യിന്ന മദ്ധഹശ്വരടീകയിൽ പറഞ്ഞിരിക്കുന്നു. തമിഴ്ക്കുത്തിൽ ഉഴിഞ്ഞയുടെ പേർ പ്യിന്ന തുടങ്ങിയതായ മേൽപറഞ്ഞ വിവരണത്തിൽ ചേരുംവിധത്തിൽ പറഞ്ഞിരിക്കുന്നു. മുസലീ (ഇ-സ്ത്രീ-പ്ര-ഏ) താലമൂലികാ (അ-സ്ത്രീ-പ്ര-ഏ) ഇവ ര-ം നിലമ്പനയുടെ പേര.

അജ്ഗന്ധീ വിഷ്വാണീ സ്യാദ്ഗോജിഹ്വാടാവ്യികേ സമേ
താംബൂലവല്ലീ താംബൂലീ നാഗവല്ല്യുപ്യുഥ ടവിജ്വാ. ൧൧൦

ഹരേണു രേണുകാ കൈന്തീ കപിലാ ഭസ്മഗന്ധിനീ
ഏലാവാലുകമൈലേയം സുഗന്ധി ഹരിവാലുകം. ൧൧൧

വാലുകമ്പ്രാഥ പാലക്യാം മുകുന്ദഃ കുന്ദ കുന്ദുരു
ബാലം ത്രീബേരബർഹിഷ്യോടീച്യം കേശാംബുനാമ ച. ൧൧൨

അജ്ഗന്ധീ, വിഷ്വാണീ (ഇ-സ്ത്രീ-പ്ര-ഏ) ഇവ ര-ം ആട്ടുതീണ്ടാപ്പാലയുടെ പേർ പ്യിന്ന തമിഴ്ക്കുത്തിൽ പറഞ്ഞിരിക്കുന്നു. ആട്ടുകൊട്ടപ്പാല് പ്യിന്നതു വൈദ്യഗ്രന്ഥങ്ങളിൽ കാണുന്നുണ്ടു്. പ്യിങ്കിലും ഭാഷാഭേദമെന്നല്ലാതെ അർത്ഥഭേദമില്ല പ്യിന്നു

തോരണം. ഗോജ്ഝിഹാ ദാവ്വികാ (അ-സ്ത്രീ-പ്ര-ഏ) ദവ്വികാ എന്നുമാം. ഗോജ്ഝിഹാ ദവ്വികാദാരുനിശാഗോമസന്നാസൂച എന്നും, ദവ്വികാതേമനാദസ്സ്യാൽ പാത്രാദ്ഭൂതിസാധനേ ദാവ്വികായാഞ്ചപജ്ജന്യാം എന്നും ശബ്ദവ്യൂഹതരംഗിണിയിൽ നാനാർത്ഥപ്രകരണത്തിങ്കൽ പറഞ്ഞിരിക്കുന്നു. മേല്പറഞ്ഞ ശബ്ദങ്ങൾ ൨-ം തോമുഞ്ഛിയുടെപേർ എന്നു തമിഴ്ക്കുത്തിൽ പറഞ്ഞിരിക്കുന്നു. മഹേശ്വരടീകയിൽ ദവലീ എന്നും പാഠരി എന്നും പ്രസിദ്ധമായിരിക്കുന്ന ശാകഭേദത്തിന്റെ പേർ എന്നു പറഞ്ഞിരിക്കുന്നു താംബൂലവല്ലീതാംബൂലീ നാഗവല്ലീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ൨-ം വെറ്റിലക്കൊടിയുടെപേർ. ദാഡിമാ(ആ-സ്ത്രീ-പ്ര-ഏ) ഹരേണുഃ (ഉ സ്ത്രീ പ്ര-ഏ) രേണുകാ (ഊ-സ്ത്രീ-പ്ര-ഏ) കൌന്തീ (ഈ-സ്ത്രീ-പ്ര-ഏ) കപിലാ (ആ-സ്ത്രീ-പ്ര-ഏ) ഭൂസുഗന്ധിനീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ൫-ം അരേണുകത്തിന്റെ പേർ. ഏലാവാലുകം,യെലുവം (അ-ന-പ്ര-ഏ സുഗന്ധി(ന-ന-പ്ര-ഏ) സുഗന്ധി (ക്ലീ-അ) എന്നു തമിഴ്ക്കുത്തിൽ കാണുന്നതു പിഴയാകുന്നു. ഹരിവാലുകം, വാലുകം (അ-ന-പ്ര-ഏ)ഇവ ൫-ം ഏലാവാലുകത്തിന്റെ പേർ. പാലകീ (ഈ-സ്ത്രീ-പ്ര-ഏ) പാലംകീ എന്നു പാഠാന്തരമുണ്ട്. മഹാശ്വരടീകയിൽ പാലങ്കീ എന്നു തന്നെ കാണുന്നു. എങ്കിലും പാലംകീ പാലകീചസാ എന്നുശബ്ദവ്യൂഹതരംഗിണിയിലുണ്ടാകകൊണ്ടു പാലകീ എന്നുള്ള പാഠവും സാധുവത്രെ ആകുന്നതു്. മുകുന്ദഃ, കുന്ദഃ (അ-പു-പ്ര-ഏ) കുന്ദുഃ (ഉ-പു-പ്ര-ഏ) ഇവ ൪-ം കുന്നുരുക്കന്തിന്റെ പേർ എന്നു തമിഴ്ക്കുത്തിൽ കാണുന്നു. (കുന്ദോമുകുന്ദഃ കന്ദുശ്ച കുന്ദുരുഃ കുന്ദുരോപിമ കന്ദുഃ കുന്ദളികാ കുല്യാ പാലംകീ പാലകീചസഃ) എന്ന ശബ്ദവ്യൂഹതരംഗിണിയിൽ ഉണ്ടാകകൊണ്ടു മുകുന്ദഃ കുന്ദുകുന്ദത്തെ ചൂണ്ടുമാമെന്നു് അറിഞ്ഞുകൊൾകയും വേണം. ബാലം (അ-ന പ്ര-ഏ) ബാലോനാകുന്തരളSശവസ്യ ഗജസ്യാപിച ബാലധൌ വാച്യലിംഗോSർഭകേ മൂർഖേ ക്ലീബേഽപ പുന്നപുംസക)മെന്നു മേദിനിയിലുണ്ടാകയാൽ ബാലഃ എന്നുമാം. അപക്ഷത്തിൽ ബാലോക്ലീബേബർഹിഷ്യോ ദീച്യം എന്നു പഠിക്കയും വേണം. ക്ലീബേരം (അ-ന-പ്ര-ഏ) ബാലോസ്ത്രീബോളബർഹിഷ്യവാളകാനി ച വാളികാക്ലീഃബേരം ച ഹരിതബേരം ഹിതബേരകം കേശാംബുനാമചോദീച്യേ എന്നു ശബ്ദവ്യൂഹതരംഗിണിയിലുണ്ടാകയാൽ ഹരിബേരമെന്നുമാം. ബർഹിഷ്യം ഉദീച്യം (അ-ന-പ്ര-ഏ) ഇവ ൨-ം ഇരുവേലിയുടെ പേർ. കേശാംബുനാമ ച എന്നതിന്നു് തലമുടിയുടെയും വെള്ളത്തിന്റെ

യും പേരുകൾപോലെ ഇരിക്കുന്ന പേരോടുകൂടിയതു് എന്നത്ഥമാകയാൽ തലമുടിയെ പറയുന്ന ശബ്ദങ്ങൾ ഒക്കെയും വെള്ളത്തെ പ്പറയുന്ന ശബ്ദങ്ങൾ ഒക്കെയും ഇരുവേലിയുടെ പേരാകുന്നു എന്നറിഞ്ഞുകൊൾകയും വേണം.

കാളാനുസാര്യവൃദ്ധാശുപുഷ്പശീതശിവാനി ത്ര
ശൈലേയം താലപർണ്ണീ ത്ര ശൈത്യാഗന്ധകുടീ മുരാ. ൧൦൪

ഗന്ധിനീ ശജഭക്ഷ്യാ ത്രസുവഹാ സുരഭി രസാ
മധുഹരണാ കുന്ദുരുകീ സല്ലകീ ഹ്രാദിനീതി ച.

കാളാനുസാര്യം, വൃദ്ധം, അശുപുഷ്പം, ശീതശിവം, ശൈലേയം (അ-ന-പ്ര-യു) ഇവ ൪-ം ചേലേയത്തിന്റെ പേർ. ചേലേയത്തിന്റെ പേർ എന്ന ചില പുസ്തകങ്ങളിൽ കാണുന്നു. വൈദ്യഗ്രന്ഥങ്ങളിൽ ചേലേയമെന്നതത്രെ ഭാഷ കാണപ്പെടുന്നതു്. ഈ പ്രദേശങ്ങളിലുള്ള വൈദ്യന്മാരുടെ വ്യവഹാരവും ചേലേയമെന്നതന്നെ ആകുന്നു താലപർണ്ണീ (ഈ-സ്ത്രീ-പ്ര-ഏ) ശൈത്യാ (അ-സ്ത്രീ പ്ര-ഏ) ഗന്ധകുടീ (ഈ-സ്ത്രീ-പ്ര-ഏ) മുരാ (അ-സ്ത്രീ-പ്ര-ഏ) ഗന്ധിനീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ൫-ം ചിറനീന്തലിന്റെ പേർ. ഗജഭക്ഷ്യാ, സുവഹാ (അ-സ്ത്രീ-പ്ര-ഏ) സുരഭി (ഇ-സ്ത്രീ-പ്ര-ഏ) രസാ (അ-സ്ത്രീ-പ്ര-ഏ) മധുഹരണാ (അ-സ്ത്രീ പ്ര-ഏ) കുന്ദുരുകീ സല്ലകീ, ഹ്രാദിനീ (ഈ-സ്ത്രീ-പ്ര ഏ) ഇവ ൬-ം ഈന്തിന്റെ പേർ. ഗജഭക്ഷ്യാ എന്നതിന്റെ സ്ഥാനത്തു ഗജഭക്ഷാ എന്നുമാം സുരഭീരസാ എന്നുള്ള സ്ഥലത്തിങ്കൽ സുരഭി എന്ന ഇകാരാന്തമായിട്ടും പാഠമാക്കാം. സല്ലകീ എന്നതിന്റെ സ്ഥാനത്തു ശല്ലകീ എന്ന ശകാരാദിയായിട്ടും സില്ലകീ എന്നുമാം ഹ്രാദിനീ എന്നതിന്റെ സ്ഥാനത്തു് ഹ്ലാദിനീ എന്നും ഹ്ലാദനീ എന്നുമാം. മേല്പറഞ്ഞ ൬ പക്ഷങ്ങൾ ഒക്കെയും, സുവഹാഗജഭക്ഷ്യാസ്യാദ് ഗജഭക്ഷാച സാ മതാ ശല്ലകീസല്ലകീ ച സ്യാൽ സില്ലകീ ച മധുഹരണാ ഹ്രാദിനീഹ്ലാദിനീസൈവ സുരഭിസ്സുരഭീരസാ ഹ്ലാദനീശുക ശ്യാച ജ്ഞേയാകുന്ദുരുകീതിച ഏന്ന വാക്യംകൊണ്ടു ശബ്ദച്ഛന്ദ്രഹതരംഗിണിയിൽ പറയപ്പെട്ടവയാകുന്നു. പ്രായേണ മധുഹരശതകത്തിലുമുണ്ടു്.

അഗ്നിജ്വാലാ സുദിക്ഷ്ണ ത്ര ധാതകീ ധാതുപുഷ്പികാ
പൃത്ഥ്വീകാ ചന്ദ്രജ്വാലൈലാ നിഷ്കുടിർ ബഹ്വലാഥ സാ.

സൂക്ഷ്മൈലകഞ്ചികാ ത്രുടാ കോരംഗീ ത്രിപുടാ ത്രുടിഃ
വ്യാധിഃ കുഷ്ഠം പാരിഭാവ്യം വാഹ്യം പാകലമുൽപലം. ൧൦൫

അഗ്നിജ്വാലാ, സുദീക്ഷ്ണാ (അ-സ്ത്രീ-പ്ര-ഏ) ധാതകീ (ഈ-സ്ത്രീ-പ്ര-ഏ) ധാതുപുഷ്പികാ (അ-സ്ത്രീ-പ്ര-ഏ) ഇവ ൪-ം താതിരിയുടെ പേർ. ധാതുപുഷ്പികാ ഏന്നുമാണെന്നു മഹേശ്വരടീകയിൽ പറഞ്ഞിരിക്കുന്നു. പൃത്ഥ്വീകാ, ചന്ദ്രജ്വാലാ, ഏലാ (അ-സ്ത്രീ-പ്ര-ഏ) നിഷ്കുടിഃ (ഇ-സ്ത്രീ-പ്ര-ഏ) ബഹുലാ (അ-സ്ത്രീ-പ്ര-ഏ) ഇവ ൩-ം ഏലത്തിന്റെ പേർ. ഉപകുഞ്ചികാ, ത്വക്പത്രാ (അ-സ്ത്രീ-പ്ര-ഏ) കോരംഗീ (ഈ-സ്ത്രീ-പ്ര-ഏ) തിപ്പടാ (അ-സ്ത്രീ-പ്ര-ഏ) ത്വടിഃ (ഇ-സ്ത്രീ-പ്ര-ഏ) ഇവ ൫-ം ചിറ്റേലത്തിന്റെ പേർ. വ്യാധിഃ (ഇ-പു-പ്ര-ഏ) രുഷ്യം, പാരിഭാവ്യം, വാച്യം, പാകലം, ഉൽപലം (അ-ന-പ്ര-ഏ) ഇവ ൬-ം കൊട്ടത്തിന്റെ പേർ.

ശംഖിനീ ചോരപുഷ്പീ സ്യാൽ കേശിന്യൗ വിത്തുന്നതഃ
ഝടാമലാഝടാ താളീ ശിവാ താമലകീതി ച.

ശംഖിനീ, ചോരപുഷ്പീ, കേശിനീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ൭-ം ചണ്ണയുടെ പേർ. വിത്തുന്നകഃ (അ-പു-പ്ര-ഏ) ഝടാ, അമലാ, ഝടാമലാ ഏന്നു സമസ്തപദമായിട്ടുമാം. അഝടാ (അ-സ്ത്രീ-പ്ര-ഏ) താളീ (ഈ-സ്ത്രീ-പ്ര-ഏ) ശിവാ (അ-സ്ത്രീ-പ്ര-ഏ) താമലകീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ൯-ം കിഴുകാനെല്ലിയുടെ പേർ. ഝടാമലാശിവാതാളീ താമലക്യമലാഝടാ അഝടാരാജ്ഞിധാത്രീ ച സ്ത്രിയാം പുംസി വിത്തുന്നകഃ ഏന്നു ശബ്ദവ്യൂഹതരംഗിണിയിലുണ്ടാകയാൽ പദവിഭാഗത്തിൽ പറഞ്ഞ പക്ഷഭേദങ്ങൾ സമൂലങ്ങളാകുന്നു ഏന്നറിഞ്ഞുകൊൾകയും വേണം.

പ്രപൌണ്ഡരീകം പൌണ്ഡര്യമഥ ത്രുന്നഃ കുമ്പരകഃ
പണിഃ കച്ഛുഃ കാകുളകോ നന്ദീവൃക്ഷോഽഥ രാക്ഷസീ. ൧൮൦
ചണഡാ ധനഹരീ ക്ഷ്വേളദ്രുഷ്പുത്രഗണഹാസകാഃ
വ്യാളായുധം വ്യാഘ്രനഖം കരഞ്ജം ചക്രകാരകം. ൧൮൧

പ്രപൌണ്ഡരീകം, പൌണ്ഡര്യം (പുണ്ഡര്യമെന്നുമാം.) (അ-ന-പ്ര-ഏ) ഇവ ൧-ം വീരപുണ്ഡരിയുടെ പേർ. ശബ്ദവ്യൂഹതരംഗിണിയിൽ (പ്രപൌണ്ഡരീകംപൌണ്ഡര്യം പൌണ്ഡരീകമ്പുണ്ഡര്യകം പുണ്ഡരീകമ്പുണ്ഡര്യം പുണ്ഡരീവീരപുണ്ഡരീ ഏന്നുണ്ടാകയാൽ പദവിഭാഗത്തിങ്കൽ കാണിച്ച മതഭേദം സമൂലമാകുന്നു ഏന്നു് അറിഞ്ഞുകൊൾകയും വേണം. ത്രുന്നഃ കുമ്പരകഃ (അ-പു-പ്ര-ഏ) കുണ്ണിഃ (ഇ-പു-പ്ര-ഏ) ത്രുണിഃ ഏന്നുമാം. കച്ഛുഃ കാകുളകഃ, (കാരുളകഃ ഏന്നും ചിലർ പാഠിക്കുന്നു. മറു ചിലർ കാന്തലകഃ ഏന്നു പാഠിക്കുന്നു. കാകുകരഃ ഏന്നും ചിലർ പാഠിക്കുന്നുണ്ടു്.) നന്ദീവൃക്ഷഃ (അ-പു-പ്ര-ഏ) നന്ദിവൃക്ഷഃ ഏന്നു

ഹ്രസ്വമായിട്ടുമാം. ഇവ നാ-ം പടുകർണയുടെ പേർ. പടുകർണ എന്നു തമിഴ് വാക്കാകുന്നു. മരത്തിന്റെ ആകൃതികണ്ടാൽ അരയാലോ എന്നു സംശയമുണ്ടാകയും ചെയ്യും. ത്രണിസ്പന്നഃ കുണിഃ കച്ചുഃ കാകുഃ കാകുളഃകോപി ച കാന്തഃ കാന്തലഃകോനന്നിപാദപോനന്ദിപാദപഃ കാരുഃകാരുളകശ്ചാസൗ ജ്ഞേയഃ കാകുകശ്വസഃ എന്നു ശബ്ദവ്യൂഹതരംഗിണിയിലുണ്ടാകയാൽ മുൻപറഞ്ഞ മതഭേദങ്ങളൊക്കെയും പ്രമാണസിദ്ധങ്ങളാകുന്നു എന്നു് അറിഞ്ഞുകൊൾകയും വേണം. രാക്ഷസീ (ഇഈ-സ്ത്രീ-പ്ര-ഏ) ചണ്ഡാ (ആ-സ്ത്രീ-പ്ര-ഏ) ധനഹരീ (ഇഈ-സ്ത്രീ-പ്ര-ഏ) ക്ഷേമഃ, ദുഷ്പുത്രഃ, ശണഹാസകഃ (അഃ-പു-പ്ര-ഏ) ഇവ നാ-ം അടവിക്കച്ചോലത്തിന്റെ പേർ. വ്യാളായുധം, വ്യാഘ്രനഖം, കരജം, വക്രകാരകം (അ-ന-പ്ര-ഏ) ഇവ രു-ം പുലിച്ചുവടിന്റെ പേർ എന്നു തമിഴ്ക്കത്തിൽ പറഞ്ഞിരിക്കുന്നു. മഹേശ്വരടീകയിൽ വ്യാഘ്രനഖമെന്നു പേരോടുകൂടിയ ഒരു ഗന്ധദ്രവ്യത്തിന്റെ പേർ എന്നാകുന്നു.

സുഷിരാ വിദ്രുമലതാ കപോതാംഘ്രിസ്തഥാ നളീ
ർമന്യുഞ്ജനകേശീ ച ഹന്തർഹട്ടവിലാസിനീ. - ൫൮

സുഷിരാ, വിദ്രുമലതാ (ആ-സ്ത്രീ-പ്ര-ഏ) കപോതാംഘ്രിഃ (ഇ-സ്ത്രീ-പ്ര-ഏ) നടീ, നളീ, ധമനീ, അഞ്ജനകേശീ (ഇഈ-സ്ത്രീ-പ്ര-ഏ) ഇവ ൪-ം നളിനാമലകത്തിന്റെ പേർ. നളിനാമലകമെന്നതു് ഒരു ഗന്ധദ്രവ്യമാകുന്നു എന്നും ഉത്തരദേശത്തിങ്കലല്ലാതെ ആയതിന്റെ പ്രസിദ്ധിയില്ല എന്നും മഹേശ്വരടീകയിൽ പറഞ്ഞിരിക്കുന്നു. തമിഴ്ക്കത്തിൽ മേൽപറഞ്ഞ ശബ്ദങ്ങൾ ൪-ം ഹന്തഃ, ഹട്ടവിലാസിനീ എന്നു രണ്ടു ശബ്ദങ്ങളും ഇങ്ങനെ ഒൻപതു ശബ്ദങ്ങൾ പവിഴക്കൊടിയുടെ പേർ എന്നാകുന്നു. ഹന്തഃ (ഉ-സ്ത്രീ-പ്ര-ഏ) ഹട്ടവിലാസിനീ (ഇഈ-സ്ത്രീ-പ്ര-ഏ) ഇവ ൨-ം ഉത്തരാനപായികളാകുന്നു എന്നു മഹേശ്വരമതമാകുന്നു. മഹേശ്വരമതത്തിങ്കൽ മേല്പറഞ്ഞ ശബ്ദങ്ങൾ രണ്ടും ഇന്നതിന്റെ പേർ എന്നു് അനന്തരശ്ലോകത്തിന്റെ വ്യാഖ്യാനത്തിങ്കൽ പറകയും ചെയ്യും.

ശുക്തിശ്ശംഖഃ പുടഃ കോലദലം നഖമഥാന്ധകീ
കാക്ഷീ മുൽസ്നാ ത്രുവരികാ മുത്താളകസുരാഷ്ട്രജേ. ൫൯

ശുക്തിഃ (ഇ-സ്ത്രീ-പ്ര-ഏ) ശംഖഃ, പുടഃ (അ-പു-പ്ര-ഏ) കോലദലം, നഖം (അ-ന-പ്ര-ഏ) ഇവ ൩-ം ഹന്തഃ ഹട്ടവിലാസിനീ ഇവയും നഖമെന്ന പേരോടുകൂടിയതായിരിക്കുന്ന ഒരു ഗ

ഗന്ധദ്രവ്യത്തിന്റെ പേർ എന്നു മഹേശ്വരമതമാകുന്നു. മല്ലയാളികൾ അതിനെ നാഗ്രണമെന്നു പറയുന്നു. മഹേശ്വരടീകയിൽ അതിനു നഖലാ എന്നു സ്വദേശഭാഷയെ കാണിച്ചിരിക്കുന്നു. തമിഴ്ക്കുത്തിൽ ശുക്ത്യാദികളായ അഞ്ചു ശബ്ദങ്ങൾ മുത്തിന്റെ പേർ എന്നു പറഞ്ഞിരിക്കുന്നു. രാജാദനഃപ്രിയാളുസ്ത്യാൽ ഇത്യാദി ശ്ലോകത്തിന്റെ വ്യാഖ്യാനത്തിങ്കൽ രാജാദനഃ ഇത്യാദി ശബ്ദങ്ങൾ മുത്തിന്റെ പേർ എന്നു തമിഴ്ക്കുത്തിലുമുണ്ട്. അതുകൊണ്ടു് ഇവിടെയും അപ്രകാരം പറഞ്ഞതു യുക്തമായിട്ടുമില്ല. അന്ധകീ, കാക്ഷീ (ഇ-സ്ത്രീ-പ്ര-ഏ) കാകീ എന്നും പാഠമുണ്ടു്. കാകീകാകാംഗനാന്ധക്യോഃ എന്ന ശബ്ദവ്യൂഹതരംഗിണിയിലുണ്ടാകയാലതു മേല്പറഞ്ഞ പാഠഭേദം സിദ്ധമായതെന്നു അറിഞ്ഞുകൊൾക. മൃത്സ്നാ, ത്രുവരികാ (ആ-സ്ത്രീ-പ്ര-ഏ) മുത്താളകം സുരാഷ്ട്രജം (അ-ന-പ്ര-ഏ) ഇവ ത്രുവരയുടെ പേർ. മുത്താളകമെന്നതന്നെ അല്ല മുതാളകമെന്നുമാണെന്നു മഹേശ്വരടീകയിൽ പറഞ്ഞിരിക്കുന്നു.

കുടന്നടം ഭാശപുരം വാനേയം പരിപേലവം
പ്ലവഗോപുരഗോനർദ്ദകൈവർത്തീമുസ്തകാനി ച. ൧൫൬

കുടന്നടം, ഭാശപുരം, വാനേയം, പരിപേലവം, പ്ലവം, ഗോപുരം, ഗോനർദ്ദം, കൈവർത്തീമുസ്തകം (അ-ന-പ്ര-ഏ) ഇവ പ-ം കഴിമുഞ്ഞയുടെ പേർ. ചില പുസ്തകങ്ങളിൽ ഭാശപുരമെന്നു പാഠം കാണപ്പെടുന്നു. ക്ഷുദ്രമുസ്താംബുമുസ്താസ്യാ ദ്വിശപുരം ച ഗോപുരം പ്ലവങ്ഗശപുരംഭാശപുരം ഭാശപുരം ച സാ വാനേയസ്യാനഗോനർദഗോപുരപ്ലവനാനി ച എന്ന ശബ്ദവ്യൂഹതരംഗിണിയിലുണ്ടാകയാൽ ആയതും സാധുവത്രേ ആകുന്നതു്. അതുമല്ല ഗോപുരശബ്ദത്തിന്റെ സ്ഥാനത്തു ചിലർ ഗോപ്രപുരശബ്ദത്തെ പഠിക്കുന്നതും യുക്തമാകുന്നു എന്നു് അറിഞ്ഞുകൊൾകയും വേണം.

ഗ്രന്ഥിപർണ്ണം ശുകം ബർഹപുഷ്പം സ്വയംനേയകുക്കുരേ
മരുന്മാലാ ത്രു പിശുനാ സ്പൃക്കാ ദേവീ ലതാ ലഘുഃ
സമുദ്രാന്താവധൂഃ കോടിവഷ്പാ ലംകോപികേത്യപി
തപസ്വിനീ ജടാമാംസീ ജടിലാ ഭൂതമശാ മിശീ. ൧൫൭

ഗ്രന്ഥിപർണ്ണം (അ-ന-പ്ര-ഏ) ഗ്രന്ഥിപർണ്ണഃ എന്നു് പുല്ലിംഗമായിട്ടുമാം. ഗ്രന്ഥിപർണ്ണോസ്ത്രിയാമിത്യാദി ശബ്ദവ്യൂഹതരംഗിണിയിൽ അസ്ത്രിയാമെന്നതുകൊണ്ടു സ്ത്രീലിംഗത്തെ നിഷേധിക്കയാൽ ലിംഗശേഷത്തെ അനുവദിച്ചിരിക്കുന്നു എന്നു് അറി

ഞ്ഞുകൊൾകയും വേണം. ശുകം (അ-ന-പ്ര-ഏ) ശുഃകാവ്യാസു സുതേകീരേ രാവണസ്യ ച മന്ത്രിണി ശിരീഷപാദപേ പുംസി ഗ്രന്ഥിപർണ്ണേ നപുംസകമെന്ന കോശാന്തരവുമുണ്ട്. ബഹ്വപുഷ്പം ഗ്രന്ഥിപർണ്ണം ശുകം ബഹ്വം പുഷ്പമെന്നും പാഠമുണ്ട്. ആ പക്ഷത്തിൽ ബഹ്വപുഷ്പം എന്ന വ്യസ്തമായി ഗ്രഹിച്ചുകൊൾകയും വേണം. ബഹ്വിപുഷ്പമെന്നും ചിലർ പഠിക്കുന്നു. മറുചിലർ ബഹ്വിഃ പുഷ്പമെന്ന പഠിക്കുന്നു. ആ പക്ഷത്തിൽ ബഹ്വിഃ പുഷ്പമെന്ന വ്യസ്തമായിട്ടും ബഹ്വിഃ പുഷ്പമെന്ന സമസ്തമായിട്ടുമാം. സ്ഥാണേയം, കുക്കുരം (അ-ന-പ്ര-ഏ) ഇവ ൩-ം തൃണിയാങ്കത്തിന്റെ പേർ. ഗ്രന്ഥിപർണ്ണാസ്ഥിയാം പുനഃ ബഹ്വപുഷ്പഞ്ച കുക്കുരം ബഹ്വിശ്ച ബഹ്വിഃപുഷ്പഞ്ച ബഹ്വിപുഷ്പഞ്ച ബഹ്വവൽ സ്ഥാണേയശുകവാചാല മുപരൈണപുരാണി ച എന്ന ശബ്ദവ്യൂഹത്തിൽ ഗിണിയിൽ ഉണ്ടാകയാൽ മേല്പറഞ്ഞ പക്ഷങ്ങൾ ഒക്കെയും ഗ്രാഹ്യങ്ങളാകുന്ന എന്നു് അറിഞ്ഞുകൊൾകയും വേണം. മരുന്മാലാ (അ-സ്ത്രീ-പ്ര-ഏ) മരുൽ മാലാ ഇങ്ങിനെ രണ്ടുപദമാക്കുകയുമാം. ആ പക്ഷത്തിൽ മരുൽ (ത-സ്ത്രീ-പ്ര-ഏ) മാലാ (അ-സ്ത്രീ-പ്ര-ഏ) ഇങ്ങിനെ ധരിച്ചുകൊൾകയും മരുന്മാലാച്ച എന്ന പാഠത്തെ സ്വീകരിക്കയും വേണം. മഹേശ്വരടീകയിൽ മരുന്മാലാ എന്ന സമസ്തമായിട്ടും വ്യസ്തമായിട്ടുമാമെന്ന പറഞ്ഞിട്ട് അതിനെ ദൃഢമാക്കുവാനായിക്കൊണ്ട് സംപൃക്താ ത്ര ബ്രാഹ്മിണീദേവീ മരുന്മാലാ ലതാ ഉഷ്ണഃ സമുദ്രാന്താ വധൂഃകോടിവഷ്ടാലംകോപി കാമരുൽ മുനിമ്മാല്യവതീമാലാ മോഹനാകുടിലാ ലതാ എന്ന വാചസ്പതിവചനത്തെ കാണിച്ചിരിക്കുന്നു. ത്ര എന്നതിന്റെ സ്ഥാനത്തു് ച എന്നാക്കി പഠിക്കണമെന്ന പറഞ്ഞിട്ടുമില്ല. എങ്കിലും തന്ത്രാഭിധാനാദിനപൂർവ്വമാക്ക എന്ന ഭാഷാവിരോധത്തെ പരിഹരിപ്പാനായിക്കൊണ്ട് മുൻപറഞ്ഞപ്രകാരം പാഠഭേദത്തെ ചെയ്തുകൊള്ളണമെന്നും അഭിപ്രായമുണ്ട് എന്ന ഊഹിച്ചുകൊൾകയും വേണം. പിശുനാ, സംപൃക്ക (അ-സ്ത്രീ-പ്ര-ഏ) പൃക്കാ എന്നും പാഠമുണ്ടാകയാൽ ആ പക്ഷത്തെ അനുസരിക്കുന്നവർ സംപൃക്കാ എന്ന പദത്തിന്റെ സ്ഥാനത്തു പൃക്കാ എന്നതിനെ ഗ്രഹിച്ചുകൊൾകയും വേണം. ഇപ്പുറത്തുള്ളത് മഹേശ്വരടീകയിൽ സ്പഷ്ടമാക്കുന്നു. ദേവീ (ഈ-സ്ത്രീ-പ്ര-ഏ) ലതാ (അ-സ്ത്രീ-പ്ര-ഏ) ലവലിഃ (ഇ-പു-പ്ര-ഏ) സമുദ്രാന്താ (അ-സ്ത്രീ-പ്ര-ഏ) വധൂഃ (ഊ-സ്ത്രീ-പ്ര-ഏ) കോടിവഷ്ടാ, ലംകോപികാ (അ-സ്ത്രീ-പ്ര-ഏ) ഈ പ്രദേശങ്ങളിൽ പ്രായേണ പഠിച്ചുവരുന്നതു് ലംകായികാ എന്നാകുന്നു. തമിഴ്ക്കത്തിൽ ലംകാസികാ എന്ന പാഠാന്തര

മെന്നും കാണുന്നു. എങ്കിലും മഹേശ്വരടീകയിലും വാചസ്പതി കോശത്തിങ്കലും കോപികാ എന്നാകയാൽ അപ്രകാരംതന്നെ വേണമെന്നു് ഞാൻ വിചാരിക്കുന്നു. ഇവ ൧൦-ം ചോനകപ്പുല്ലി ന്റെറ പേർ. തപസ്വിനീ (ഈ-സ്ത്രീ-പ്ര ഏ) ജടാ (അ-സ്ത്രീ-പ്ര-ഏ) മാംസീ (ഈ-സ്ത്രീ-പ്ര-ഏ) ജടിലാ—ശ്ലാമശാ (അ-സ്ത്രീ-പ്ര-ഏ) മീശി (ഈ-സ്ത്രീ പ്ര ഏ) മിശിഃ എന്നും മിഷിഃ എന്നും മിഷീ എന്നും മിസിഃഎന്നും മിസീ എന്നും പാഠാന്തരങ്ങളുണ്ടു്. ഇവ ൩-ം മാഞ്ചിയുടെ പേർ. ജടാമാംസി എന്ന സമസ്തമായിട്ടുമാം. മാംസീജടാജടാമാംസീ ജടിലാചതപസ്വിനീ മിശിമ്മിശീചകൃഷ്ണാച നളദാ ച മിഷിമ്മിഷീ ഹിംഗ്രാമിസിമ്മീ സീചസ്യാൽ ക്രവ്യാദീലോമശാപിച എന്ന ശബ്ദവ്യൂഹതരംഗിണിയിൽ ഉണ്ടാകകൊണ്ടു് മേൽപറഞ്ഞ പക്ഷങ്ങൾ ഒക്കെയും പ്രമാണാനുഗൃഹീതങ്ങളാകുന്ന എന്നു് അറിഞ്ഞുകൊൾകയും വേണം. മേല്പറഞ്ഞ പക്ഷങ്ങളൊക്കയും മഹേശ്വരടീകയിലും കാണിക്കപ്പെട്ടതുകളാകുന്നു. തമിഴ്ക്കുത്തിൽ ജടിലാലോമശാമിഷീ എന്ന പാഠത്തെ കാണിച്ചു് പടവിഭാഗത്തിങ്കൽ അമിഷീ എന്ന പദത്തെ കാണിച്ചിരിക്കുന്നു. അമിഷീ എന്നുമാണെങ്കിൽ മേൽപറഞ്ഞ ശബ്ദവ്യൂഹതരംഗിണീവചനത്തിങ്കലോ മഹേശ്വരടീകയിലോ അതുകൂടെ ഉണ്ടാവാനായിക്കൊണ്ടു് സംഗതി ഉള്ളതാകുന്നു. അതുകൂടെ കാണായ്കയാൽ അമിഷീ എന്നുള്ള പക്ഷത്തെ വിശ്വാസയോഗ്യമെന്നു ഞാൻ വിചാരിക്കുന്നില്ല.

തക്കപത്രമുൽകടം ഭംഗം തപ്രം ഛോദം വരാംഗകം
കച്ചൂ°ശ്ശുരകോ ദ്രാവിഡകഃ കാല്യകോ വേധമുഖ്യകഃ.൧൦൯

തക്കം (അ-സ്ത്രീ-പ്ര-ഏ) പത്രം, ഉൽകടം, ഭംഗം, തപ്രം ഛോദം, വരാംഗകം (അ-ന-പ്ര-ഏ) ഇവ ൪-ം ഇലവംഗത്തിന്റെ പേർ. കച്ചൂരകഃ, ദ്രാവിഡകഃ കാല്യകഃ, വേധമുഖ്യകഃ (അ-പു-പ്ര ഏ) ഇവ ൪-ം കച്ചൂരത്തിന്റെ പേർ. കച്ചൂ°ശ്ശുരക ശബ്ദം സ്വാർത്ഥികമായിക പ്രത്യയത്തോടുകൂടി പ്രയോഗിക്കപ്പെട്ടതാകയാൽ അതുകൊണ്ടു കച്ചൂ°ശ്ശുരശബ്ദത്തെക്കൂടെ ഗ്രഹിക്കുകയുമാം. ദ്രാവിഡകാദികളും മേൽപറഞ്ഞ പ്രകാരമാകയാൽ ദ്രാവിഡഃ കാല്യഃ വേധമുഖ്യഃ എന്നീ ൩ ശബ്ദങ്ങളെക്കൂടെ ഗ്രഹിക്കുകയുമാം. കച്ചൂ°ശ്ശുരകശബ്ദത്തിന്റെ സ്ഥാനത്തു ചിലർ കർബ്ബുരക ശബ്ദത്തെ പഠിക്കുന്നു. അതുകൊണ്ടു് കർബ്ബുരശബ്ദത്തെക്കൂടെ ഗ്രഹിക്കുകയുമാം. ശബ്ദവ്യൂഹതരംഗിണിയിൽ കച്ചൂ°ശ്ശുരാദ്രാവിഡഃ കാല്യോവേധമുഖ്യശ്ചകർബ്ബുരഃ കർബ്ബുരശ്ചാരകശ്ചാതൃഷ്ഡിഃസ്ത്രീ

ശഡിതിത്യുപി ഫ്യിന്നാകന്യാൽ മേൽപറഞ്ഞതു സിദ്ധമായിരി ക്കുന്നു.

ഔഷധ്യോ ജാതിമാത്രേ സ്യുരജാതൌ സർവ്വമൌഷധം
ശാകാഖ്യം പത്രപുഷ്പ്പാദി തണ്ഡുലീയോടലൂമാദിഷുഃ, ക്രമം

ഓഷധ്യഃ (ഈ സ്ത്രീ-പ്ര-ബ) ജാതിമാത്രേ (അ-ന-സ-ഏ) സ്യുഃ (ലിങ്ങ്-ചതു-പു-ബ) അജാതൌ (ഇ-സ്ത്രീ-പ്ര-ഏ) സർവ്വം മൌഷധം (അ-ന-പ്ര-ഏ) ഓഷധ്യഃ ജാതിമാത്രേസ്യുഃ അജാതൌസർവ്വംഔഷധം സ്യാൽ എന്ന മേൽപറഞ്ഞ പദങ്ങളുടെ അന്വയമാകുന്നു. അത്രം ഫലങ്ങൾ മൂത്താൽ നശിക്കുന്നവയായ ശാല്യാദികളെ ഓഷധിശബ്ദംകൊണ്ടു പറയുന്നു. അതുകൊണ്ടു ജാതിക്കുടെ തോന്നുകയും ചെയ്യും. ജാതിപ്രതീതി വേണമെന്നില്ലാ എങ്കിൽ എല്ലാറ്റിനേയും ഔഷധമെന്നു പറയുകയുമാം എന്നാകുന്നു. ഇതുകൊണ്ടു ഔഷധിശബ്ദത്തെ പ്രയോഗിച്ചാൽ ഓഷധിത്വമെന്നുള്ളൊരു ജാതി യാവചില വസ്തുക്കളിലുണ്ടോ അതുകൊണ്ടതന്നെ അതിന്റെ അർത്ഥമായിരിക്കുമെന്നും, ഔഷധമെന്നു പ്രയോഗിച്ചാൽ രോഗഹരങ്ങളായ സർവവസ്തുക്കളും അതിന്റെ അർത്ഥമായിരിക്കുമെന്നും അറിഞ്ഞുകൊൾക. ഓഷധിത്വമെന്നുള്ള ജാതിഫലങ്ങൾമൂത്താൽ നശിക്കുന്നവയായ വസ്തുക്കളിൽ കല്പിക്കപ്പെട്ടതുമാകുന്നു. ശാകാഖ്യം (അ-ന-പ്ര-ഏ) പത്രപുഷ്പാദി (ഇ-ന-പ്ര-എ) കറിവെപ്പാൻ യോഗ്യതയുള്ള ഇല, പൂവു മുതലായതു ശാകമെന്ന പേരോടുകൂടിയതാകുന്നു എന്നു മേല്പറഞ്ഞ പദങ്ങൾകൊണ്ടു സിദ്ധമായ അർത്ഥമാകുന്നു. തണ്ഡുലീയഃ, അല്ലമാദിഷുഃ (അ-പു-പ്ര-ഏ) ഇവ രണ്ടും ചെറുചീരയുടെ പേർ.

വിശല്യാഗ്നിശിഖാനന്താ ഫലിനീ ശക്രപുഷ്പികാ
സ്യാദൃക്ഷഗന്ധാ ത്വഗന്ധ്യാവേഗീ വൃദ്ധദാരകഃ. ക്രമം

ജ്ഞംഗാ ബ്രാഹ്മീ തു മത്സ്യാക്ഷീ വയസ്ഥാ സോമവല്ലരീ
പടുവർണ്ണീ ഹൈമവതീ സർപ്പാക്ഷീതി ഹിമാവതീ. ക്രമൻ

വിശല്യാ, അഗ്നിശിഖാ, അനന്താ (ആ-സ്ത്രീ-പ്ര-ഏ) ഫലിനീ (ഈ-സ്ത്രീ-പ്ര-ഏ) ശക്രപുഷ്പികാ (ആ-സ്ത്രീ-പ്ര-ഏ) ഇവ മൂ-ം കൂവ്വളത്തിന്റെ പേർ. ഫലിനീശക്രപുഷ്പ്യപി എന്നും പാഠമുണ്ടു്. ഋക്ഷഗന്ധാ (ആ-സ്ത്രീ-പ്ര-ഏ) കരഗലാണ്ഡീ, അവേഗീ (ഈ-സ്ത്രീ-പ്ര-ഏ) വൃദ്ധദാരകഃ, ജ്ഞംഗഃ (അ-പു-പ്ര-ഏ) ഇവ മൂ-ം മറിക്കുന്നിയുടെ പേർ. ഋക്ഷഗന്ധാ എന്നതിന്റെ സ്ഥാനത്തു് ഋഷ്യഗന്ധാ എന്ന പദത്തെ ചേർത്തിട്ടും ചിലർ പഠിക്കുന്നു. മറുചിലർ ഋഷ്യഗന്ധ എന്ന പദത്തെ ചേർത്തു

പഠിക്കുന്നു. ഹരിദ്രാണ്ഡീ എന്നതിന്റെ സ്ഥാനത്തു് ഹരിദ്രാ സ്ത്രീ എന്ന പദത്തെയും ഹരിദ്രാന്ധ്രീ എന്ന പദത്തെയും ചേർത്തു പഠിക്കുന്നവരുമുണ്ടു്. ഹരിദ്രാന്ധ്രീ എന്നുള്ളപക്ഷത്തിൽ ഹരിദ്രാ, അന്ധ്രീ എന്നു വ്യസ്തമായിട്ടുമാം. ശബ്ദവ്യൂഹരത്നാഗിണിയിൽ ജ്യോതിഷ്മതീ ശീസ്യാദൃഷ്യഗന്ധായശസ്വിനീ ഭൂകുഷ്മാണ്ഡസാജ്ഞേതയാ ഹരിദ്രാഹരിദ്രാണ്ഡ്യുപി അന്ധ്രീ ഹരിദ്രാന്ധ്രീ ഹരിദ്രാസ്ത്രീചകസൃചിൽ എന്നാകയാൽ മേൽപറഞ്ഞ പക്ഷങ്ങൾ രണ്ടും ഒക്കെയും ഗ്രാഹ്യങ്ങളുമാകുന്നു. ബ്രാഹ്മീ, മത്സ്യാക്ഷീ (ഈ-സ്ത്രീ-പ്ര-ഏ) വയസ്ഥാ (ആ-സ്ത്രീ-പ്ര-ഏ) സോമവല്ലരീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ രണ്ടിനും സോമലതയുടെ പേർ എന്നു മഹേശ്വരടീകയിൽ പറഞ്ഞിരിക്കുന്നു. സോമലതാ എന്നതു യാഗത്തിനു വേണ്ടുന്ന ഒരു വള്ളിയാകുന്നു. അതിന്റെ ഇലകൾ ശുക്ലപക്ഷത്തിങ്കൽ ഓരോടിവിടെ ഉണ്ടായിട്ടു ക്രമേണ എല്ലാപ്രദേശങ്ങളിലും നിറകയും കൃഷ്ണപക്ഷത്തിങ്കൽ ക്രമേണകൊഴിഞ്ഞു ഒടുവിൽ ഒന്നുമില്ലാതെ ആകയും ചെയ്യും. ബ്രാഹ്മീ ഇത്യാദി നാലുശബ്ദങ്ങൾ മീനങ്ങാണിയുടെ പേർ എന്നു തമിഴ്ക്കുത്തിൽ പറഞ്ഞിരിക്കുന്നു. മത്സ്യാക്ഷി എന്നതിനു മീനങ്ങാണി എന്നു വൈദ്യഗ്രന്ഥങ്ങളിൽ ഭാഷ എഴുതിക്കാണുന്നുണ്ടു്. ബ്രാഹ്മീശബ്ദവും അതിനോടു ചേരുന്നതാകയാൽ ബ്രാഹ്മീ, മത്സ്യാക്ഷീ ഇവ രണ്ടും മീനങ്ങാണിയുടെ പേരെന്നും വയസ്ഥാ, സോമവല്ലരീ ഇവ രണ്ടും സോമലതയുടെ പേരെന്നും വ്യാഖ്യാനിക്കേണ്ടതാകുന്നു എന്നു തോന്നുന്നു. പടുപർണ്ണീ, ഹൈമവതീ, സുപർണ്ണക്ഷീരീ, ഹിമാവതീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ രണ്ടും മലയെരുമയുടെ പേർ. എരുമത്താളി എന്നും പറയും.

ഹയപുച്ഛീ തു കാംബോജീ മാഷപർണ്ണീ മഹാസഹാ
തുണ്ഡികേരീ രക്തഫലാ ബിംബികാ പീലുപർണ്ണ്യപി.

ഹയപുച്ഛീ, കാംബോജീ, മാഷപർണ്ണീ (ഈ-സ്ത്രീ-പ്ര-ഏ) മഹാസഹാ (ആ-സ്ത്രീ പ്ര-ഏ) ഇവ രണ്ടിനും പെരുംകാണത്തിന്റെ പേർ. തുണ്ഡികേരീ (ഈ-സ്ത്രീ-പ്ര-ഏ) രക്തഫലാ, ബിംബികാ (ആ-സ്ത്രീ-പ്ര-ഏ) പീലുപർണ്ണീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ രണ്ടിനും കോവയുടെ പേർ. തുണ്ഡികേശീ രക്തഫലാ എന്നും പാഠമുണ്ടു്. വീരാബിംബീ ലതാംബാ ച ബിംബികാമദനാശിനീ തുണ്ഡികേരീ കിശോരീ ച തുണ്ഡികേശീ ച കേശിനീ എന്നുശബ്ദവ്യൂഹരത്നാഗിണിയിൽ ഉണ്ടാകയാൽ മേല്പറഞ്ഞ രണ്ടു പാഠങ്ങളും സമ്മതിക്കപ്പെടേണ്ടതുകളാകുന്നു.

ബർബ്ബുരാ കമ്പഠീ ഭൃംഗീ പരപുഷ്പ്പാ ച ഗന്ധികാ
ഏലാപർണ്ണീ ച സുവഹാ രാസ്നാ യുക്തരസാ ച സാ. ൧൨൫

ബർബ്ബുരാ (അ-സ്ത്രീ-പ്ര-ഏ) കമ്പഠീ, ഭൃംഗീ (ഈ-സ്ത്രീ-പ്ര-ഏ) പരപുഷ്പ്പാ, ഗന്ധികാ (അ-സ്ത്രീ-പ്ര-ഏ) ഇവ ൩-ം നായർവെണ്ണയുടെ പേർ. ബർബ്ബുഠീകമ്പരാഭൃംഗീ എന്നും ബ്ലർബ്ബുരാകമ്പരാഭൃംഗാ എന്നും പാഠാന്തരങ്ങളുണ്ട്. (ബർബ്ബുരാബർബ്ബുഠീഭൃംഗാ ഭൃംഗീചകമ്പരാവരാ കമ്പഠീചാഗന്ധാ ച പരപുഷ്പ്പാചമാലിനീ) എന്നു് ശബ്ദവ്യുഹതരംഗിണിയിലുണ്ടാകയാൽ ഗ്രന്ഥത്തിൽ പറഞ്ഞ പാഠങ്ങളൊക്കയും സാധുക്കളാകുന്നു എന്നു് അറിഞ്ഞു കൊൾകയും വേണം. ഏലാപർണ്ണീ (ഈ-സ്ത്രീ-പ്ര-ഏ) സുവഹാ, രാസ്നാ, യുക്തരസാ (അ-സ്ത്രീ-പ്ര-ഏ) ഇവ ൨-ം ചിറ്റരത്തയുടെ പേർ.

ചാർങ്ഗേരീ ഛുക്രികാ ഗന്തശഠാംബ്ഷ്ഠാമ്ലലോണികാ
സഹസ്രവേധീ ഛുക്രോऽമ്ലവേതസശ്ശതവേധ്യുപി. ൧൨൬

ചാർങ്ഗേരീ (ഈ-സ്ത്രീ-പ്ര-ഏ) ഛുക്രികാ, ഗന്തശഠാ, അംബ്ഷ്ഠാ, അമ്ലലോണികാ (അ-സ്ത്രീ-പ്ര-ഏ) ഇവ ൩-ം പുളിയാരലിന്റെ പേർ. സഹസ്രവേധീ (ന-പു-പ്ര-ഏ) ഛുക്രഃ അമ്ലവേതസഃ (അ-പു-പ്ര-ഏ) ശതവേധീ (ന പു-പ്ര-ഏ) ഇവ ൨-ം ഞെരിഞ്ഞാംപുളിയുടെ പേർ. ചാർങ്ഗേരീഛുക്രി ൩-ം പുളിയാരലിന്റെ പേർ എന്നും ഒരു മതമുണ്ടു്.

നമസ്കാരീ ഗന്ധകാളീ സമംഗാ ഖദിരേത്യപി
ജീവന്തീ ജീവനീ ജീവാ ജീവനീയാ മധുസ്രവാ. ൧൨൭

നമസ്കാരീ, ഗന്ധകാളീ (ഈ-സ്ത്രീ-പ്ര-ഏ) സമംഗാ; ഖദിരാ (അ-സ്ത്രീ-പ്ര-ഏ) ഇവ ൨-ം കറിച്ചൂണ്ടയുടെ പേർ. ജീവന്തീ, ജീവനീ (ഈ-സ്ത്രീ-പ്ര-ഏ) ജീവാ, ജീവനീയാ, മധുസ്രവാ (അ-സ്ത്രീ-പ്ര-ഏ) ഇവ ൩-ം അടപൊതിയന്റെ പേർ.

ക്ഷുച്ഛീഷ്ഠാ മധുകശ്ശൃംഗഗ്രാസപാംഗജീവകാഃ
കിരാതതിക്തോ ഭ്രുനിംബോऽനാര്യതിക്തോऽഥ സപ്തലാ.
വിമലാ സാതലാ ഭ്രുരിഫേനാ ചമ്മകഷ്ഠേത്യപി
വായസോളീ സപാദ്ഘരസാ കായസ്ഥാഥ മക്കുലകഃ. ൧൨൮
നികുംഭോ ദന്തികാ പ്രത്യക്പുഷ്പ്പീ ശ്രേണ്യുദുംബരപർണ്ണ്യപി
അജഗന്ധാ തുഗ്രഗന്ധാ ബ്രഹ്മദർഭോ യവാനികാ. ൧൨൯

ക്ഷുച്ഛീഷ്ഠഃ, മധുകശ്രുഃ, ശൃംഗഃ, ഗ്രാസപാംഗഃ, ജീവകഃ (അപു-പ്ര-ഏ) ഇവ ൩-ം ജീവകത്തിന്റെ പേർ. താഴ്ക്കുത്തിൽ

തിരുനാമപ്പാലയുടെ പേർ എന്നു പറഞ്ഞിരിക്കുന്നു. എങ്കിലും മഹേശ്വരടീകയിൽ മേൽവിവരിച്ചപ്രകാരമാകയാൽ അതിനെ ഉപേക്ഷിച്ചിരിക്കുന്നു. ക്ഷീരശുക്ലാമധുരകഃ എന്ന മഹേശ്വരടീകയിൽ കാണുന്നു എങ്കിലും ജീവകഃക്ഷീരശുക്ലാ ശൃംഗാമധുകഃ ശൃംഗാമധുരകോഽസ്യാശൃംഗാഽസ്യാംഗേതി പി എന്ന ശബ്ദവ്യുൽപത്തിയിൽ ഉണ്ടാകയാൽ മധുകഃ പുന്നാമാണെന്ന് അറിഞ്ഞുകൊൾകയും വേണം. കിരാതതിക്തഃ ത്രിനിംബഃ, അനാര്യതിക്തഃ (അ-പു-പ്ര-ഏ) ഇവ നാ-ം പുരുതിപ്പുണ്ണയുടെപേർ. കിരാതതിക്തോ ത്രിനിംബശ്ചിരതിക്തോ ऽഥ സപ്തച്ഛദാ എന്നും ചിലദേശങ്ങളിൽ പാഠമുണ്ട്. ത്രിനിംബോഽഗ്നിമകസ്ത്രികഃതിക്തശ്ചകണ്ടകീ കിരാതതിക്തകോ ऽനാര്യതിക്തശ്ച ഭേസമാർത്ഥകാഃ* എന്ന ശബ്ദവ്യുൽപത്തിയിലുണ്ടാകയാൽ ആയത്തും സാധുവത്രെ അതുകൊണ്ടാകുന്നതു്. സപ്തച്ഛദാ, വിമലാ, സാതലാ, ത്രിഫലാ, ചർമ്മകഷാ (അ-സ്ത്രീ-പ്ര-ഏ) ഇവ മി-ം ചർമ്മച്ഛദയുടെ പേർ. വിമലാ ശാതലാ എന്നും പാഠമുണ്ട്. മഹേശ്വരടീകയിൽ ശാതലാ എന്നാകുന്നു. കോശാന്തരത്തിങ്കൽ സാതലാ എന്നുമുണ്ട്. വായുസാളീ (ഈ-സ്ത്രീ-പ്ര-ഏ) സുഗന്ധസാ, കാന്തസ്ഥാ (അ-സ്ത്രീ-പ്ര-ഏ) ഇവ നാ-ം കാകോളിയുടെ പേർ. മധുലകഃ, നികുംഭഃ (അ-പു-പ്ര-ഏ) ദന്തികാ (അ-സ്ത്രീ-പ്ര-ഏ) പ്രതൃക്ചഃശ്രേണീ, ഉദുംബരപർണ്ണീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ മി-ം നാഗദന്തിയുടെ പേർ. തമിഴ്ക്കുത്തിൽ മത്തുലകഃ എന്ന പാഠം കാണുന്നു. എങ്കിലും മഹേശ്വരടീകയിലും മറ്റും പല പുസ്തകങ്ങളിലും മക്കൂലകഃ എന്നാകയാൽ അപ്രകാരംതന്നെ ചേർത്തിരിക്കുന്നു. അജഗോലാ, ഉഗ്രഗന്ധാ, ബ്രഹ്മദർഭാ, യവാനികാ (അ-സ്ത്രീ-പ്ര-ഏ) ഇവ രു-ം അയമോദകത്തിന്റെ പേർ. അജഗോലാ ജാതുഗ്രഗന്ധാ എന്നും പാഠമുണ്ട്. അജഗോജഗോദാചദീപ്യകോമോദകോചി ച എന്ന ശബ്ദവ്യുൽപത്തിയിൽ ഉണ്ടാകകൊണ്ടു് രണ്ടും സാധുതന്നെ എന്ന അറിഞ്ഞുകൊൾകയും വേണം.

മൂലേ പുഷ്കരകാശ്മീരപദ്മപത്രാണി പൌഷ്കരേ
അവ്യഥാതിവിഷാ പദ്മാ ചാരടീ പദ്മചാരിണീ. ൧൬൪

പുഷ്കരം, കാശ്മീരം, പദ്മപത്രം (അ-ന-പ്ര-ഏ) ഇവ നാ-ം പുഷ്കരമൂലത്തിന്റെ പേർ. അവ്യഥാ, അതിവിഷാ, പദ്മാ (അ-സ്ത്രീ-പ്ര-ഏ) ചാരടീ, പദ്മചാരിണീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ദ്വി-ം നിലത്താമരയുടെ പേർ എന്നു് മഹേശ്വരടീകയിൽ പറഞ്ഞിരിക്കുന്നു. നിലത്താമര എന്നതു് വെള്ളമില്ലാത്ത പ്രദേ

ശത്തിലുണ്ടാകുന്ന താമരയ്ക്കുപേര. തമിഴ്ക്കുത്തിൽ കാതിലത്താമരയുടെ പേർ പറയുന്നാകുന്നു.

കാംപില്യഃ കർക്കശശ്ചത്രോ തകതാംഗോ രേചനീത്യപി
പ്രപുന്നാടസ്സുപാളകജ്യോട ദ്വിഷ്ടശുക്രമർദ്ദകഃ. ൧൨൬
പത്മാട ഉരണാഖ്യശ്ച പലണ്ഡുസ്തു സുകന്ദകഃ
ലതാർക്കദുഗ്ധമഥ തത്ര ഹരിതഥ മഹൌഷധം. ൧൨൭
ലശുനം ഗൃഞ്ജനാരിഷ്ടമഹാകന്ദരസോനകാഃ
പുനർന്നവാ തു ശ്വേതാഖ്യാ വിത്തുന്നം സുനിഷണ്ണകം. ൧൨൮
സ്യാദ്ധാതകീപുഷ്പസമാഖ്യിതാ ശത പർണ്ണ്യപി ...
പാരാവതാംഘ്രിരേകടഭീപുന്യാഭ്യാഖ്യാതിഷ്ഠതീ ലതാ. ൧൨൯

കാംപില്യഃ, കർക്കശഃ, ചിത്രഃ, തകതാംഗഃ "(അ-പു-പ്ര എ) രേചനീ (ഈ-സ്ത്രീ-പ്ര-എ) ഇവ ൩-ം കമ്പിപ്പാലയുടെ പേർ. കാംപില്യഃ എന്നതിനു കാംബിലഃ എന്നും കാംബില്ലഃ എന്നും പാഠങ്ങൾ കാണപ്പെടുന്നു. രേചനീ എന്നതിന്റെ സ്ഥാനത്തു രോചനീ എന്നുമുണ്ട്. ശബ്ദവ്യൂഹതരംഗിണിയിൽ രേചനീരോചനീശബ്ദൌ പര്യായവാചകീചഖരദ്വയാധികാ ചിത്രകാംപില്യകാംപില്യകാംബില്ലാശ്ചതുർപ്രവിക്ഷിതഃ കാംബില്യഃകർക്കശഃശ്യാംഗീഫലോരുകതാംരഫലാത്യപി എന്നുണ്ടാകയാൽ മേല്പറഞ്ഞ പാഠങ്ങൾ ഒക്കെയും സാധുക്കളാകുന്നു. പ്രപുന്നാടഃ എന്നുള്ളതു, ദ്വിഷ്ടഃ, ചിത്രമർദ്ദകഃ, പത്മാടഃ, ഉരണാഖ്യഃ (അ-പു-പ്ര-എ) ഇവ ന-ം തകരയുടെ പേർ. ഉരണാഖ്യഃ എന്നതിനു ആടിന്റെ പേർപോലെ ഇതിക്കുന്ന പേരോടുകൂടിയതു് എന്നർത്ഥമാകയാൽ ആടിന്റെ പേരുകൾ ഒക്കെയും തകരയുടെ പേരായിവരുമെന്നു അറിഞ്ഞുകൊൾകയും വേണം. പ്രപുന്നാഡഃ എന്നു ചിലർ പഠിക്കുന്നു. പളുകജ്ജുഃ എന്നതിന്റെ സ്ഥാനത്തു് പുളഗജ്ജും എന്നും പളുജ്ജകം എന്നുമുണ്ടു്. ദർഭഃ എന്നതുപോലെ ദർഭ്മഃ ദർഭ്മഃ ദർഭ്വഃ എന്നുമുണ്ടു്. ഉരണാഖ്യഃ എന്നതിന്റെ സ്ഥാനത്തു ഉരണാക്ഷഃ എന്നും കാണുന്നു. ശബ്ദവ്യൂഹതരംഗിണിയിൽ പ്രപുന്നാടസ്തു രാപീഡകടപത്രനിപീഡകാഃ പ്രപുന്നാഡശ്ച ദർഭഃ ദർഭ്മഃ ദർഭ്വഃ ശുക്രമർദ്ദകഃ ദർഭ്വഃ പിചദർഭ്മഃ പത്മാടഉരണാഹ്വയഃ ഉരണാക്ഷശ്ചളുകജ്ജസ്തഥൈളുകമിത്യപി എന്നു ഉണ്ടാകയാൽ മേൽപറഞ്ഞ പാഠങ്ങൾ ഒക്കെയും സാധുക്കളാകുന്നു. പലണ്ഡുഃ (ഉ-പു-പ്ര-എ) സുകന്ദകഃ (അ-പു-പ്ര-എ) ഇവ ൨-ം ഫുവന്ന ഉള്ളിയുടെ പേർ. മഹോശ്വരടീകയിൽ പലാണ്ഡുഃ എന്നാകുന്നു എങ്കിലും ഈ പ്രദേശത്തിങ്കൽ അനേകപുസ്തകങ്ങളിലും കാ

വൃശ്ചികാദികളിലും പലണ്ടു പിന്നെ ദീർഘം കൂടാതെതന്നെ കാ
ങ്കകൊണ്ടും അഥവാ തദ്ദ്യോപദേശം പലണ്ടു പിന്നതന്നെ അനു
കൊണ്ടും ദീർഘകാരം ചേർത്തിരിക്കുന്നു. ലതാക്കൾ, ദൂർവ (അ-പൂ
പ്ര-ഖ്യ) ഇവ രണ്ടും പച്ചനിറമായുള്ളിയുടെ പേർ. ലതാക്കളെ
മെന്നു പിന്നെ ചില പുസ്തകങ്ങളിൽ കാണുന്നു. അതുതന്നെ സാധുവ.
തന്നെ അനുകൂലിക്കുന്നതു്. ലതാശബ്ദാവസാനത്തോടുകൂടിയോ ചേർത്തോ പിച്ച പി
ന്നെ ശബ്ദവ്യൂഹത്തരംഗിണിയിൽ ഉണ്ടു്. മഹൗഷധം, ലശുനം
(അ-ന-പ്ര-ഖ്യ) ഗൃഞ്ജനം, അരിഷ്ടം, രഥാകുമ്പം, രസോനകം (അ
പു-പ്ര-ഖ്യ) ഇവ അതും വെളുത്ത ഉള്ളിയുടെ പേർ. ലശുനമെ
ന്നതുമാം. ലശുനം ലശുനഞ്ചാപ്യുള്ളുക്ലേവിഷ്ടശുഷ്കഞ്ജനം പിന്നെ ശ
ബ്ദവ്യൂഹത്തരംഗിണിയിലുണ്ടു്. പൂരാൻവാ (അ-സ്ത്രീ-പ്ര-ഖ്യ) ശോ
ഫാല്ലീ (ഈ-സ്ത്രീ-പ്ര-ഖ്യ) ഇവ രണ്ടും തമിഴാമരുടെ പേർ. വിഭു
ന്നം സുനിഷണ്ണകം (അ-ന-പ്ര-ഖ്യ)ഇവ രണ്ടും നീരാരലിന്റെ
പേർ. സുനിഷണ്ണകമെന്നതു പുല്ലിംഗമായിട്ടും പ്രയോഗിക്കാം. ക്ലീ
ബമെ വിഭുന്നാമതുസ്യാദസ്ത്രിയാം സുനിഷണ്ണകമെന്ന ശബ്ദവ്യൂഹ
തരംഗിണിയിലുണ്ടു്. കപ്രത്യയം സ്വാർത്ഥികമായി ചേർന്നതാക
ന്നാൽ സുനിഷണ്ണഃ പിന്നുമാം. സുനിഷണ്ണാഗ്നിക്ലേദപൂഷ്യഃ പിന്നു
പ്രയോഗവുമുണ്ടു്. ധാതകഃ, ശീതളഃ (അ-പു-പ്ര-ഖ്യ) അപമാർഗ്ഗി
താ (അ-സ്ത്രീ-പ്ര-ഖ്യ) ശതപർണ്ണി (ഈ-സ്ത്രീ-പ്ര-ഖ്യ) ഇവ രണ്ടും
ശണപർണ്ണിയുടെ പേർപിന്നു മദ്ധോശ്വരടീകയിൽ പറഞ്ഞിരിക്കു
ന്നു. തമിഴ്ക്കുത്തിൽ വിഭുന്നാ സുനിഷണ്ണകം ഇവ രണ്ടും ധാത
കാടി രണ്ടും നീരാരലിന്റെ പേരായിട്ടുതന്നെ പറഞ്ഞിരിക്കുന്നു.
സ്യാദ്ധാതകഃ പിന്നു ശതപർണ്ണി പിന്നതിന്റെ സ്ഥാനത്തു് ശണ
പർണ്ണി പിന്നും സനപർണ്ണി പിന്നും പാഠങ്ങൾ കാണപ്പെടുന്നു. സ
നപർണ്ണി പിന്നുള്ള പക്ഷത്തിൽ സനപർണ്ണി പിന്നും ആസനപ
ർണ്ണി പിന്നും പദമാക്കുകയുമാം. (ധാതകീപുഷ്പിതളോവാതുല്യോതാവാ
തകശീതളഃ വാതഘ്നകോടസനപർണ്ണീ ചസനപർണ്ണ്യുപരാജിതാ സ
ഖുവാസനപർണ്ണീ ച ശണപർണ്ണീ ശതച്ഛദാ ശതമംഗലികാശീത
വാതികാ ചശതച്ഛദാ പിന്ന ശബ്ദവ്യൂഹതരംഗിണിയിലുണ്ടാക
നാൽ മേല്പറഞ്ഞ പക്ഷങ്ങളൊക്കെയും പ്രമാണാനുഗുണങ്ങളാ
കുന്നു പിന്നും അറിഞ്ഞുകൊൾകയും വേണം.) പാഠാവതാംഗ്ലിഃ
(ഇ-സ്ത്രീ-പ്ര-ഖ്യ) കടഭീ (ഈ-സ്ത്രീ-പ്ര-ഖ്യ) പുണ്യാ (അ-സ്ത്രീ-പ്ര
ഖ്യ) ജ്യോതിഷ്മതീ (ഈ-സ്ത്രീ-പ്ര-ഖ്യ) ലതാ (അ-സ്ത്രീ-പ്ര-ഖ്യ)ഇ
വ രണ്ടും വാലുഴവത്തിന്റെ പേർ. പിന്ന ഭാഷ കാണപ്പെടുന്നു.
വാലുഴവമെന്നതു് ഈ പ്രദേശത്തിങ്കൽ പ്രസിദ്ധിയുള്ളതുമല്ല.

വാഷ്പികം ത്രായമാണാസ്യാത്ത്രായന്തി ബലഭദ്രികാ
വിഷ്വക്സേനപ്രിയാ ഗുഷ്ടിവ്വാരാഹീ ബദരേത്യപി. ഫനവ

വാഷ്പികം (അ-ന-പ്ര-ഏ) ത്രായമാണാ (അ-സ്ത്രീ-പ്ര-ഏ) ത്രായന്തീ ഈ-സ്ത്രീ-പ്ര-ഏ) ബലഭദ്രികാ (അ-സ്ത്രീ പ്ര-ഏ) ഇവ രം-ം ബ്രഹ്മിയുടെ പേർ. വിഷ്വക്സേനപ്രിയാ (അ-സ്ത്രീ പ്ര-ഏ) ഗുഷ്ടിഃ (ഇ-സ്ത്രീ-പ്ര-ഏ) ഷ്ടുഷ്ടിഃ എന്ന കാണപ്പെടുന്നതു തെറാ കുന്നു. വാരാഹീ (ഈ-സ്ത്രീ പ്ര-ഏ) ബദരാ (അ-സ്ത്രീ,പ്ര-ഏ) ഇവ രം-ം നിലപ്പനയുടെ പേർ. തമിഴ്ക്കുത്തിൽ വാഷ്പികാദി പ്ര-ം ബ്രഹ്മിയുടെ പേർ, എന്നു പറഞ്ഞിരിക്കുന്നു. അതു ടീ കാവിരുദ്ധമാകയാൽ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു.

മാക്ഷവാ ഭൃംഗരാജസ്സ്യാൽ കാകമാചീതു വായസീ
ശതപുഷ്പാ സിതച്ഛത്രാതിച്ഛത്രാ മധുരാ മിസിഃ. ഫനവ
അവാക്പുഷ്പീ കാരവീ ച സാരണീ തു പ്രസാരണീ
തസ്യാശം കടഭരാ രാജബലാ ഭദ്രബലേതി ച, ഫനര

മാക്ഷവഃ, ഭൃംഗരാജഃ (അ-പു-പ്ര-ഏ) ഇവ ര-ം കഞ്ഞുണ്ണിയുടെ പേർ. കാകമാചീ (ഈ-സ്ത്രീ-പ്ര-ഏ) വായസീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ര-ം കരുമുത്തളിന്റെ പേർ. കരിന്താളിയുടെ പേർ എന്നും ഒരു പക്ഷിമുണ്ട്. ശതപുഷ്പാ, സിതച്ഛത്രാ, അതിച്ഛത്രാ, മധുരാ (അ-സ്ത്രീ-പ്ര-ഏ) മിസിഃ (ഇ-സ്ത്രീ-പ്ര-ഏ) അവാക്പുഷ്പീ, കാരവീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ഭ-ം ശതക്കുപ്പയുടെ പേർ. സാരണീ, പ്രസാരണീ (ഈ-സ്ത്രീ-പ്ര-ഏ) കടംഭരാ, രാജബല, ഭദ്രബലാ (അ-സ്ത്രീ-പ്ര-ഏ) ഇവ ത-ം പ്രസാരണിയുടെ പേർ. പ്രസാരണിയെത്തന്നെ തലനീളി എന്നും പറയുന്നു.

ജനീ ജന്തുകാ ജനനീ ജന്തുകുച്ചക്രവർത്തിനീ
സംസ്പർശാഢ്യ ശടീഗന്ധമൂലീ ഷഡ്ഗ്രന്ഥികേത്യപി.
കച്ഛുരോടപി പലാശോട പി കാരവേല്ലഃ കഠില്ലകഃ
സുഷവി ചാഢകുളകഃ പടോലസ്ഥികകഃ പട്ടഃ. ഫനസ

ജനീ (ഈ-സ്ത്രീ-പ്ര-ഏ) ജന്തുകാ(അ-സ്ത്രീ-പ്ര-ഏ)ജനനി (ഈ-സ്ത്രീ-പ്ര-ഏ) ജന്തുകുൽ (ത-സ്ത്രീ-പ്ര-ഏ) ചക്രവർത്തിനീ(ഈ സ്ത്രീ-പ്ര-ഏ)സംസ്പർശാ(അ-സ്ത്രീ-പ്ര-ഏ)ഇവ സ-ം വെങ്കച്ചോ ലത്തിന്റെപേർ. ശടീ,ഗന്ധമൂലീ(ഈ-സ്ത്രീ-പ്ര-ഏ)ഷഡ്ഗ്രന്ഥി കാ(അ-സ്ത്രീ-പ്ര-ഏ) കച്ഛുരഃ, പലാശഃ (അ-പു-പ്ര-ഏ) ഇവ ട-ം ചെറുകച്ചോലത്തിന്റെ പേർ. തമിഴ്ക്കുത്തിൽ (ജനീജന്തുകാ ജനനീജന്തുകുച്ചക്രവർത്തിനീ) എന്നാകുന്നു. എങ്കിലും മഹോശ്വത

ടീകയിൽ മേൽപറഞ്ഞ പ്രകാരമാകയാൽ അതിനെ അനുസരിച്ചു ചേത്തിരിക്കുന്നു. കച്ഛ്രുടാപി വ്യാഖ്യാനത്തിങ്കൽ മഹേശ്വരടീകയിൽ കച്ഛ്രുടഃ വ്യാഖ്യാനത്തിന്റെ സ്ഥാനത്തു് കർച്ചുടഃ വ്യാഖ്യാനമാകുന്നു വ്യങ്കിലും തമിഴ്ക്കുത്തിലും മറ്റും പല പുസ്തകങ്ങളിലും കച്ഛ്രുടഃ എന്നു കാണുകയാലും ഈ പ്രദേശങ്ങളിൽ പ്രാമാണിക പാഠം കച്ഛ്രുടഃ എന്നതന്നെ ആകയാലും ആ ഭാഗത്തിങ്കൽ തമിഴ്ക്കുത്തിലെ പാഠത്തെ അനുസരിച്ചുചേത്തിരിക്കുന്നു. കാരവെല്ലുഃ, കാട്ടില്ലകഃ (അ-പു-പ്ര-ഏ) സുഷവീ(ഈ-സ്ത്രീ-പ്ര-ഏ) ഇവ നാ-ം പാവലിന്റെപേർ. കുളകഃ (അ-പു-പ്ര-ഏ) മഹേശ്വരടീകയിൽ കുളകമെന്നു പഠിക്കയും അപ്രകാരംതന്നെ പദവിഭാഗത്തിങ്കൽ കാണിക്കയും ചെയ്തിരിക്കുന്നു. തമിഴ്ക്കുത്തിൽ കുളകഃ എന്നു പാഠത്തെ കാണിക്കയും കുളകം, ക്ലീ എന്നു പദവിഭാഗത്തിങ്കൽ നപുംസകമായി കാണിക്കയും ചെയ്തിരിക്കുന്നു. ഈ പ്രദേശത്തിങ്കൽ പ്രായേണ ഇന്നു നടന്നുവരുന്ന പാഠം കുളകഃ എന്നാകുന്നു. പടോലഃ കുളകോദ്ഭവയോഃ എന്നു കോശാന്തരമുണ്ടാകയാൽ ഏതുതു സാധുവെന്നു് അറിഞ്ഞുകൊൾകയും വേണം. പടോലഃ, തികതകഃ (അ-പു-പ്ര-ഏ) പട്ടഃ (ഉ-പു-പ്ര-ഏ) ഇവ രണ്ടാ പടോലത്തിന്റെ പേർ. ജ്യോത്സ്നീ പടോലികാ ജാലീ എന്നതിന്റെ വിവരണത്തിങ്കൽ പറഞ്ഞതു് കയ്പുള്ള പടോലമാകുന്നു എന്നും ഇവിടെ പറഞ്ഞതു് കയ്പില്ലാത്തതാകുന്നു എന്നും ഗ്രഹിച്ചുകൊൾകയും വേണം. പടോലശബ്ദത്തിനു് സാമാന്യവാചിത്വവുമുണ്ടു്. അതു ഹേതുവായിട്ടു് പടോലനിംബകടുകാ ഇത്യാദി പ്രയോഗങ്ങൾക്കും വിരോധവുമില്ല.

കുശ്മാണ്ഡകസ്തു കക്കാരുത്രുവ്വാരുഃ കക്കടീ സ്ത്രിയൌ
ഇക്ഷ്വാകുഃ കടുത്രുംബീസ്യാത്തുംബ്യലാബ്വൌ തുമ്ബിനീ സമേ.

കുശ്മാണ്ഡകഃ (അ-പു-പ്ര-ഏ) കക്കാരുഃ (ഉ-പു-പ്ര-ഏ) ഇവ രണ്ടും കുമ്പളത്തിന്റെ പേർ. കുശ്മാണ്ഡകസ്തുകക്കാലുഃ എന്നും പാഠമുണ്ടു്. കുശ്മാണ്ഡകസ്തുകക്കാരുഃ കക്കാലുഃ കക്കൂശ്ചസഃഎന്നു ശബ്ദവ്യൂഹതരംഗിണിയിലുമുണ്ടു്. ഉത്രുവ്വാരുഃ (ഉ-സ്ത്രീ-പ്ര-ഏ)കക്കടീ (ഈ-സ്ത്രീ-പ്ര-ഏ) കക്കടിഃ എന്നു് ഇകാരാന്തമായിട്ടുമാം. ഇവ രണ്ടും വെള്ളരിയുടെ പേർ. ഉത്രുവ്വാരുഃ എന്നതിന്റെ സ്ഥാനത്തു് ഊത്രുവ്വാരുഃ എന്നും ഉത്രുവ്വാലുഃ എന്നും ഊത്രുവ്വാലുഃ എന്നും ഇർവ്വാരുഃ എന്നും ഈത്രുവ്വാരുഃ എന്നും ഇത്രുവ്വാലുഃ ഈത്രുവ്വാലുഃ എന്നുമാം. (സ്ത്രിയാമിത്രുവ്വാരുരിത്രുവ്വാലുഃ കക്കടിസ്ത്വഥാ ഈത്രുവ്വാലുരുത്രോവ്വാരുത്രുവ്വാരുമിതി ശേഷഃ്യതേ ഊത്രുവ്വാലുശ്ചതത്രോവ്വാലുരുത്രുവ്വാരുകലതേതി ച) എന്നുള്ള

ശബ്ദവ്യൂഹതരംഗിണി മേൽപറഞ്ഞ പാഠഭേദങ്ങൾക്ക് അവലംബമാകുന്നു. അതിന്റെ പദാർത്ഥനിഷ്കർഷത്തിങ്കൽ കക്കടീ എന്നുള്ള പദം കണ്ടുകിട്ടുകയുണ്ടായില്ലെങ്കിലും അതിങ്കൽനിന്നു ലഭിക്കപ്പെടുകയും ചെയ്യും. അപ്രകാരംതന്നെ ഇവ്വാരുഃ, ഈവ്വാരുഃ, ഇവ്വാലുഃ, ഈർവ്വാലുഃ, ഉർവ്വാരുഃ, ഊവ്വാരുഃ, ഉർവ്വാലുഃ, ഊവ്വാലുഃ ഇവയും ഉവ്വാരുലതാ ഉവ്വാരുകവല്ലീ ഇത്യാദികളും ലഭിക്കപ്പെടുന്നതാകയാൽ അതുകളും വെള്ളരിയുടെ പേരുകളാകുന്നു എന്നും ഗ്രഹിച്ചുകൊൾക. ഇക്ഷ്വാകുഃ (ഉ-സ്ത്രീ-പ്ര-ഏ) കടുത്തുംബീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ന-ം പേച്ചുരയുടെ പേർ. തുംബീ (ഈ-സ്ത്രീ-പ്ര-ഏ) അലാബ്വുഃ (ഊ-സ്ത്രീ-പ്ര-ഏ) ഇവ ന-ം ചുരയുടെ പേർ. തുംബൊലാ ബൃതഭേസമേ എന്നും തുംബലാബൂതുഭേസമേ എന്നും തുംബൃലാബൂതുഭേസമേ എന്നുമാം. തുംബി സ്തുംബീചതുഃ ബാസ്യാദലാബൂർല്ലാബൂരിത്യപി അലാബ്വുശ്ചതഥാലാബ്വുസ്തുംബാലാബ്വുശ്ചസാമതാ എന്നു ശബ്ദവ്യൂഹതരംഗണിയിൽ ഉണ്ടു്.

ചിത്രാ ഗവാക്ഷീ ഗോത്തുംബാ വിശാലാ തപിന്ദുവാരുണീ
അരേശ്വാഷ്ഠഃ സുരണഃ കന്ദോ ഗണ്ഡീരസ്തു സമഗ്ധിലാ. ഫനുപ

ചിത്രാ (ആ-സ്ത്രീ-പ്ര-ഏ) ഗവാക്ഷീ (ഈ-സ്ത്രീ-പ്ര-ഏ) ഗോത്തുംബാ(ആ-സ്ത്രീ-പ്ര-ഏ)ഇവ ന-ം ചെറുകുമ്മട്ടിയുടെ പേർ. ചിത്രാ ഗവാക്ഷീഗോഡുംബാ എന്ന മഹേശ്വരടീകയിൽ കാണുന്നു. പാഠഭേദത്തെക്കുറിച്ചു് ഒന്നും പറഞ്ഞിട്ടുമില്ല. എങ്കിലും ചിത്രാഗവാക്ഷീഗോത്തുംബാ ഗോഡുംബേതി ച സാ മതാ എന്നു ശബ്ദവ്യൂഹതരംഗണിയിലുണ്ടാകയാൽ ഗോത്തുംബാ എന്നുള്ള പാഠവും പ്രാമാണികമാകുന്നു എന്നു വിചാരിച്ചു് അപ്രകാരംതന്നെ ചേർത്തിരിക്കുന്നു. വിശാലാ (ആ-സ്ത്രീ-പ്ര-ഏ) ഇന്ദ്രവാരുണീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ന-ം കാട്ടുവെള്ളരിയുടെ പേർ. അരേശ്വാഷ്ഠഃ, സുരണഃ, കന്ദഃ (അ-പു-പ്ര-ഏ) ഇവ ന-ം കാട്ടുചേനയുടെ പേർ. ഗണ്ഡീരഃ (അ-പു-പ്ര-ഏ) സമഗ്ധിലാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ന-ം വാതക്കൊടിയുടെ പേർ.

കുളുംബ്യുപോഢകാസ്ത്രീത്വ മൂലകം ഹില്ലമോചികാ
വാസ്തുകം ശാകഭേദാസ്സ്യുർ ദ്വ്വാ ത്വ ശതപവ്വികാ. ഫനൻ

സഹസ്രവീര്യ്യാരോർഗ്ഗല്യൗ രുഹാനന്താഥ സാ സിതാ
ഗോലോമി ശതവീര്യ്യാ ച ഗണ്ഡാലീ ശകുലാക്ഷികഃ, ഫരം

കളുംബീ (ഈ-സ്ത്രീ-പ്ര-ഏ) ഉപോഢകാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ന-ം വശളച്ചീരയുടെ പേർ. കളുംബ്യുപോഢകാ എന്നുള്ളപാ

ഠവും അപോദകാ സ്ത്രീ അ എന്നുള്ള വിചരണവും തെറ്റാകുന്നു. മൂലകം (അ-ന-പ്ര-ഫ്) പുല്ലിംഗമായിട്ടും പ്രയോഗിക്കാം. ഹിലമോചികാ (അ-സ്ത്രീ-പ്ര-ഫ്) ഇവ ഫ-ം കാനകവാഴയുടെ പേർ എന്നു തമിഴ്ക്കുത്തിൽ പറഞ്ഞിരിക്കുന്നു. മഹേശ്വരടീകയിൽ രണ്ടു വസ്തുക്കളുടെ പേരായിട്ടും പറഞ്ഞിരിക്കുന്നു. മൂലകത്തിനു മൂലാ എന്നും ഹിലമോചികയ്ക്കു ഹലഹഞ്ചി എന്നും ഭാഷ കാണിക്കപ്പെട്ടിട്ടുമുണ്ട്. അഷ്ടാംഗഹൃദയത്തിന്റെ വ്യാഖ്യാനങ്ങളിൽ മൂലകത്തിനു മൂഷലതിക്കിഴങ്ങു് എന്നു ഭാഷ വ്യക്തീകരിക്കാണുന്നു. ഹിലമോചികാ എന്നതിനു ഭാഷ കണ്ടിട്ടുമില്ല. വാസ്തുകം (അ-ന-പ്ര-ഫ്) വാസ്തുച്ചീരയുടെ പേർ. ശാകശബ്ദോസ്പൃഃ എന്നതിനു് തണ്ടുലീയം മുതൽ വാസ്തുകം വരെ പറഞ്ഞതെല്ലാം ശാകഭേദങ്ങളാകുന്നു എന്നർത്ഥമാകുന്നു. ദ്രുവ്വാ, ശതപുഷ്പികാ, സഹസ്രവീര്യാ (അ-സ്ത്രീ-പ്ര-ഫ്) ഭാർഗ്ഗവീ (ഈ-സ്ത്രീ-പ്ര-ഫ്) രുഹാ, അനന്താ (അ-സ്ത്രീ പ്ര ഫ്) ഇവ സ-ം കുകയുടെ പേർ. ഗോലോമീ (ഈ-സ്ത്രീ-പ്ര-ഫ്) ശതവീര്യാ (അ-സ്ത്രീ-പ്ര-ഫ്) ഗണ്ഡാലീ (ഈ-സ്ത്രീ-പ്ര-ഫ്) ശകുലാക്ഷകഃ (അ-പു-പ്ര-ഫ്) ഇവ ര-ം വെങ്കുകയുടെ പേർ. ഗണ്ഡാലീ ശകുലാക്ഷകഃ ഇവ ഫ-ം അമ്മാമൻമുതങ്ങയുടെ പേർ. എന്നുള്ള മതം ടീകാവിരുദ്ധമാകുന്നു.

കുരുവിന്ദോ മേഘനാമാ മുസ്താ മുസ്തകമസ്ത്രിയാം
സ്യാദ്ഭദ്രമുസ്തകോ ഗ്രന്ഥാ ചൂഡാലാ ചക്രലോച്ചടാ. ൫൬൫

കുരുവിന്ദഃ (അ-പു-പ്ര-ഫ്) മേഘനാമാ (ന-പു-പ്ര-ഫ്) മുസ്താ (അ-സ്ത്രീ പ്ര-ഫ്) മുസ്തകം (അ-ന-പ്ര-ഫ്) അസ്ത്രീയാമെന്നു പറഞ്ഞിരിക്കയാൽ മുസ്തകഃ എന്നും പ്രയോഗിക്കാമെന്നറിഞ്ഞുകൊൾക. ഇവ ര-ം മുത്തങ്ങയുടെ പേർ. . മേഘനാമാ എന്നതിനു മേഘത്തിന്റെ പേർപോലെ ഇരിക്കുന്ന പേരായിട്ടുണ്ടു് എന്നർത്ഥമാകയാൽ മേഘനിന്റെ പേരുകളൊക്കെയും മുത്തങ്ങയുടെ പേരുകളാകുന്നു എന്നറിഞ്ഞുകൊൾക. ഭദ്രമുസ്തകഃ (അ-പു-പ്ര-ഫ്) ഗ്രന്ഥാ, ചൂഡാലാ, ചക്രലാ, ഉച്ചടാ (അ-സ്ത്രീ-പ്ര-ഫ്) ഇവ ദ-ം പെരുങ്കോരപ്പുല്ലിന്റെ പേർ എന്നു തമിഴ്ക്കുത്തിൽ കാണപ്പെട്ടുന്നു. മഹേശ്വരടീകയിൽ ഭദ്രമുസ്തകഃ ഗ്രന്ഥാ ഇവ ഫ-ം ഭദ്രമുസ്തയുടെ പേർ എന്നു വ്യാഖ്യാനിക്കയും മുത്തങ്ങയ്ക്കു ഗോഥ എന്നും ഭദ്രമുസ്താ എന്നതിനു നാഗമോഥാ എന്നും വേറെ ഭാഷ കാണിക്കയും ചൂഡാലാ, ചക്രലാ, ഉച്ചടാ ഇവ ന-ം ഉച്ചടാമൂലത്തിന്റെ പേർ എന്നു പറഞ്ഞിട്ടു് അനന്തയും ഉച്ചടാമൂലമെന്നതു് കുരണ്ടി എന്നു കൊങ്കണദേശ

ത്തിങ്കൽ പ്രസിദ്ധമാകുന്നു. മുത്തങ്ങടെ വകയിൽ ചേരുന്നതുമാകുന്നു എന്നു പറകയും ചെയ്തിരിക്കുന്നു.

വംശേ ത്വക്സാരകർമ്മാരത്വചിസാരതൃണധ്വജാഃ
ശതപുഷ്പാ യവഫലോ വേണുമസ്കൃതേജനാഃ. ൧൭൮

വംശഃ, ത്വക്സാരഃ, കർമ്മാരഃ ത്വചിസാരഃ, തൃണധ്വജഃ (അ-പു-പ്ര-ഏ) ശതപുഷ്പാ (ന-പു-പ്ര-ഏ) യവഫലഃ (അ പു-പ്ര-ഏ) വേണുഃ (ഉ-പു-പ്ര-ഏ) മസ്കൃതഃ, തേജനഃ (അ-പു-പ്ര-ഏ) ഇവ ൧൦-ം മുളയുടെ പേർ.

വേണവഃ കീചകാസ്ത്വ സൃക്ത്വ സ്വനന്ത്യനിലോദ്ധതഃ
ഗ്രന്ഥിർന്നാ പവ്വപരുഷീ ഗ്രന്ഥിസ്തജ്ജനകശ്ശമഃ. ൧൭൯

കീചകാഃ (അ-പു-പ്ര-ബ) തുമ്പിത്തുളകളുടെ ഉള്ളിൽ കാറുനിറയുക ഹേതുവായിട്ട് ശബ്ദിച്ചിരുങ്ങുന്ന മുളയുടെ പേർ. മേൽപ്രകാരമുള്ള മുള ഒന്നേയുള്ളു എങ്കിൽ ഏകവചനാന്തമായിട്ടും രണ്ടുണ്ടെങ്കിൽ ദ്വിവചനാന്തമായിട്ടും പ്രയോഗിച്ചുകൊൾക. ഗ്രന്ഥിഃ (ഇ-പു-പ്ര-ഏ) പവ്വ (ന-ന-പ്ര-ഏ) പരുഃ (സ-ന-പ്ര-ഏ) പരു, ക്കു, ന എന്നു തമിഴ്ക്കുത്തിൽ കാണുന്നതു പിഴയാകുന്നു. ഇവ നു-ം കന്വിന്റെ പേർ. ഗ്രന്ഥുഃ, തേജനകഃ, ശമഃ (അ-പു-പ്ര-ഏ) ഇവ നു-ം അമയുടെ പേർ. ഇന്ദ്രസ്തജ്ജനകസ്സുരഃ എന്നുമാമെന്നു മഹേശ്വരടീകയിൽ പറഞ്ഞിരിക്കുന്നു.

നഡസ്തു ധമനഃ പോടഗളോഥോ കാശമസ്ത്രിയാം
ഇക്ഷുഗന്ധാ പോടഗളഃ പുംഭ്രുമന്യിതു ബഭ്രുഃ. ൧൮൦

നഡഃ, ധമനഃ, പോടഗളഃ (അ-പു-പ്ര-ഏ) ഇവ നു-ം വേ ഴലിന്റെ പേർ. നളസ്തു ധമനഃ എന്നും പാഠമുണ്ടു്. കാശം (അ-ന-പ്ര-ഏ) അസ്ത്രിയാമെന്നു പറകയാൽ കാശഃ എന്നും പ്രയോഗിക്കാം. ഇക്ഷുഗന്ധാ (അ-സ്ത്രീ-പ്ര-ഏ) പോടഗളഃ (അ-പു-പ്ര-ഏ) ഇവ നു-ം ആറുദർഭയുടെ പേർ. ബഭ്രുഃ (അ-പു-പ്ര-ബ) ബഹുവചനാന്തമായിട്ടുതന്നെ പ്രയോഗിക്കണമെന്നുള്ള നിയമത്തെ ഭ്രമ്നി എന്നതുകൊണ്ടു് പറകപെട്ടു എങ്കിലും ആ വചനം പ്രായികമാകുന്നു എന്നു് ഏകാബഭ്രുഃ എന്നുള്ള ഭാഷ്യപ്രയോഗബലേന കല്പിക്കപ്പെടുകയും വേണം. ബഭ്രുഃ എന്നതു് ഒരു പുല്ലിന്റെ പേരാകുന്നു. തമിഴ്ക്കുത്തിൽ ആറുവഞ്ഞിയുടെപേരുകളിൽ ചേർത്തു പറഞ്ഞിരിക്കുന്നു. അതുയുക്തമായുമില്ല. മഹേശ്വരടീകയിൽ വേറെ ഒന്നിന്റെ പേരായിട്ടുതന്നെ പറകയും അതിനു മൂന്നു ഭാഷ്യകർത്താക്കന്മാരുടെ

ണിക്കുയും ചെയ്തിരിക്കുന്നു. അതിനു വിരുദ്ധമാകയാൽ ആ മതത്തെ സ്വീകരിക്കുന്നതു യുക്തമല്ലു എന്നു് അറിഞ്ഞുകൊൾകയും വേണം.

രസാളഇക്ഷ്വസ്ഥിഭേദാഃ പുണ്ഡ്രകാന്താരകാടയഃ
സ്യാദ്വീരണം വീരതരം മൂലേസ്യോശീരമസ്ത്രിയാം. ൧൭൫

അഭയം നളദം സേവ്യമമൃണാളം ജലാശയം
ലാമജ്ജകം ലാവ്വുലയമവാതാഹ്വേഷ്ടകാപഥേ. ൧൭൬

രസാളഃ (അ-വ്യ-പ്ര-പു) ഇക്ഷ്വഃ (ഉ-പു-പ്ര-പു) ഇവ ൨-ം കരിമ്പിന്റെ പേർ. തദ്ഭേദാഃ പുണ്ഡ്രകാന്താരകാടയഃ എന്നതിനു് പുണ്ഡ്രകാന്താരകാടികം ഒരോതരമായ കരിമ്പിന്റെ പേരാകുന്നു എന്നർത്ഥമാകുന്നു. പുണ്ഡ്രഃ=നല്ലതരിമ്പു്. കാന്താരകം=ഇഞ്ചക്കരിമ്പു് ആദിശബ്ദംകൊണ്ടു് ദണ്ഡക്കരിമ്പു മുതലായതിനെ പറയുന്ന ദർഭക്ഷു ഇത്യാദി ശബ്ദങ്ങളെ ഗ്രഹിച്ചുകൊൾകയും. പുണ്ഡ്രകാന്താരകാദി ശബ്ദങ്ങൾ ഒക്കെയും പുല്ലിംഗങ്ങളാകുന്നു എന്നു മഹാശാടീകയിൽ സ്പഷ്ടമാണു്. പുണ്ഡ്രഃ, ക്ലീ, കാന്താരകം, ക്ലീ എന്നു തമിഴ്ക്കുത്തിൽ കാണുന്നതു് തെറ്റുതന്നെ എന്നു് അറിഞ്ഞുകൊൾകയും വേണം. വീരണം, വീരതരം (അ-ന-പ്ര-പു) ഇവ ൨-ം രാമച്ചത്തിന്റെ പേർ. സ്യാദ്വീരണം വീരത്തുണമെന്നും പാഠമുണ്ടു്. ശബ്ദവ്യൂഹതരംഗിണിയിൽ വീരത്തുണമെന്നും • വീരതരമെന്നും കാണ്മാനുണ്ടു്. ഉശീരം (അ-ന-പ്ര-പു) അസ്ത്രിയാമെന്നു പറകയാൽ ഉശീരഃ എന്നും പ്രയോഗിക്കാം. അഭയം, നളദം, സേവ്യം, അമൃണാളം, ജലാശയം, ലാമജ്ജകം, ലാവ്വുലയം, അവതാഹ്യം, ഇഷ്ടകാപഥം (അ-ന-പ്ര-പു) ഇവ ൭-ം രാമച്ചത്തിൻഭവതിന്റെ പേർ. ലാമജ്ജകമെന്നു ലാമജ്ജം എന്നു ശബ്ദവ്യൂഹതരംഗിണിയിൽ ഉണ്ടാകയാൽ ലാമജ്ജമെന്നും പ്രയോഗിക്കാം. അവതാഹമെന്നതിന്റെ സ്ഥാനത്തു അവതാഹനെന്നും പാഠമുണ്ടു്. അഭയം നളദംസേവ്യമവതാഹംജലാശയം അവതാഹമുശീരഞ്ചാമൃണാളേഷ്ടകാപഥേ എന്ന ശബ്ദവ്യൂഹതരംഗിണിയാൽ അയത്തു് അംഗീകരിക്കപ്പെട്ടതുമാകുന്നു.

നഡാദയസ്തൃണം ഗന്ധ്യാമാകപ്രമുഖാ അപി
അസ്ത്രീ കുശം കുശോ ദർഭഃ പവിത്രമഥ കത്തൃണം. ൧൭൭

പൈതരസൈതഗന്ധികധ്യാമ ദേവജഗ്ധകമൈഹിഷം
ചരത്രാതിച്ഛത്രപാലഭേദ്യ മാലാതൃണകഭ്രസ്തൃണം. ൧൭൮

നഡാദയഃ (ഇ-പു-പ്ര-ബ) തൃണം (അ-ന-പ്ര-ഏ) ഗമ്മൂ ശ്യാമാകപ്രമുഖാഃ (അ-പു-പ്ര-ബ) അപി (അ) നഡാദയഃതൃ ണം ഏന്നു് അനപയമാകുന്നു. നഡം മുതലായി മേല്പറഞ്ഞ പദാ ത്ഥങ്ങളെ തൃണമെന്നു പറയുമെന്നു് അതിന്റെ അത്ഥമാകുന്നു. നളാദയഃ ഏന്നും പാഠമുണ്ടു്. ഗമ്മൂശ്യാമാകപ്രമുഖാഃ അപി ഏന്നു് അനപയമാകുന്നു. ഗമ്മൂത്തു് ശ്യാമാകം ഇത്യാദികളെയും തൃണമെന്നു പറയുമെന്നു് അതിന്റെ അത്ഥമാകുന്നു. ഗമ്മൂത്തു്= അരച്ചുപുല്ലു്. ശ്യാമാകം=ചാമ. ഗമ്മൂൽ (ത-പു-പ്ര-ഏ) ശ്യാ മാകഃ (അ-പു പ്ര-ഏ) ക്ലീ-ത-ച്ചിന്നത്തും ഗമ്മൂൽ ഏന്ന പാഠവും തെറ്റാകുന്നു. പ്രമുഖശബ്ദംകൊണ്ടു വ്രീഹിനെല്ലു മുതലായതുകളെ സംഗ്രഹിച്ചിരിക്കുന്നു. കുശം (അ-ന-പ്ര-ഏ) അസ്ത്രീ ഏന്ന പറകയാൽ കുശഃ ഏന്ന പുല്ലിംഗമായിട്ടും പ്രയോഗിക്കാമെന്നു് അറിഞ്ഞുകൊൾകയും വേണം. കുഥഃ, ദർഭഃ (അ പു-പ്ര-ഏ) പ വിത്രം (അ-ന-പ്ര-ഏ) ഇവനാലും കുശയുടെ പേർ. ദർഭയുടെ പേർ ഏന്നും ഒരു മതമുണ്ടു്. കുത്തൃണം, പൈശം, സൈഗന്ധി കം, ധ്യാമം, ദേവജ്ഗ്ധകം, രൌഹിഷം (അ-ന-പ്ര-ഏ) ഇവ ന-ം മഹേശ്വരടീകയിൽ ഗഞ്ജാണ ഏന്ന പേരോടുകൂടിയ ഒരു പുല്ലിന്റെ പേർ ഏന്നു പറഞ്ഞിരിക്കുന്നു. തമിഴ്ക്കുത്തിൽ അഥ കുത്തൃണമെന്നതിനു് ഇനി കുത്തൃണമെന്നപേരായവയെ പറയു ന്നു ഏന്നത്ഥത്തെ കാണിച്ചതിന്റെശേഷം പൈശമെന്നതു് ചു ണ്ടപ്പുല്ലിന്റെ പേർ ഏന്നും, സൈഗന്ധികമെന്നതു കാവട്ടപ്പു ല്ലിന്റെ പേർ ഏന്നും, ധ്യാമമെന്നതു നാനുകപ്പുല്ലിന്റെ പേർ ഏന്നും, ദേവജ്ഗ്ധകമെന്നതു് കാട്ടിക്കണ്ടയുടെ പേർ ഏന്നും, രൌഹിഷമെന്നതു ദേവപ്പിറയുടെ പേരെന്നും പറഞ്ഞിരിക്കുന്നു. ചരത്രാ (അ-സ്ത്രീ-പ്ര-ഏ) അതിച്ഛത്രഃ (അ-പു-പ്ര-ഏ) പാലഘ്നഃ (അ-പു-പ്ര-ഏ) മാലാതൃണകം, ഭ്രസ്തൃണം (അ-ന-പ്ര-ഏ) ഇ വ ത-ം വയമ്പിന്റെ ആകൃതിപോലെ ഇരിക്കുന്ന ആകൃതിയോടു ക്കൂടി വെള്ളത്തിൽ ഉണ്ടാകുന്ന ഒരു പുല്ലിന്റെ പേർ ഏന്നും മ ഹേശ്വരടീകയിൽ പറഞ്ഞിരിക്കുന്നു. തമിഴ്ക്കുത്തിൽ ചരത്രാതി ച്ഛത്രബാലഘ്നേത്യാദി പാഠവും ചരത്രാ ഏന്നതു കുത്തൃണഭേദ മെന്നു സ്വാമിമതമെന്നും അതിച്ഛത്രഃ ബാലഘ്നഃ ഇവ ര-ം കൂടപ്പു ല്ലിന്റെ പേർ ഏന്നും മാലാതൃണകം ഭ്രസ്തൃണം ഇവ ര-ം പൂ തണക്കപ്പുല്ലിന്റെ പേർ ഏന്നും കാണപ്പെടുന്നു.

ശഷ്പം ബാലതൃണം ഘ്രാസോ യവസം തൃണമഭ്യൂനം
തൃണാനാം സംഹതിസ്തൃണ്യാ നഡ്വാ ത്തു നഡസംഹതിഃ.

ശഷ്പം ബാലതൃണം (അ-ന-പ്ര-ഏ) ഇവ ഉ-ം ഇളയപുല്ലിന്റെ പേർ. ഫാസഃ (അ-പു-പ്ര-ഏ) യവസം (അ-ന-പ്ര-ഏ) ഇവ ഉ-ം പശുമുതലായതിനു ഭക്ഷിപ്പാൻ യോഗ്യമായ പുല്ലിന്റെ പേർ. ശഷ്പംബാലതൃണംഫാസോയവസമെന്നുള്ള ഭാഗത്തിന്നു് ഈ പുസ്തകത്തിൽ പറഞ്ഞപ്രകാരമല്ലാതെ തമിഴ്ക്കുഞ്ഞിൽ ചിലതു കാണപ്പെടുന്നു. അതു വിശ്വാസയോഗ്യമല്ല എന്നു് അറിഞ്ഞുകൊൾകയും വേണം. തൃണം അസ്ത്രീനാം (അ-ന-പ്ര-ഫ്ലു) ഇവ ഉ-ം തൃണസാമാന്യത്തിന്റെ പേർ. തൃണ്യഃ (അ-സ്ത്രീ-പ്ര-ഏ) തൃണസമൂഹത്തിന്റെ പേർ. നാഡ്യഃ (അ-സ്ത്രീ-പ്ര-ഫ്ലു) നാഡസമൂഹത്തിന്റെ പേർ.

തൃണരാജാഹ്വയസ്താലോ നാളികേരസ്യ ലാംഗലീ
മോണ്ടോ തു പൂഗഃ ക്രമുകോ ഗ്രുവാകഃ പെപുരോടസ്യ തു.
ഫലമുദ്ഭേദഗമേരേ ച ഹിന്താലസഹിതാസ്ത്രയഃ
ഖർജ്ജൂരഃ കേതകീ താളീ ഖർജ്ജൂരീ ച തൃണദ്രുമാഃ. ഫിഫ

തൃണരാജാഹ്വയഃ, താലഃ (അ-പു-പ്ര-ഫ്ലു) ഇവ ഉ-ം കരിമ്പനയുടെ പേർ. തൃണരാജാഹ്വയഃ എന്ന പദത്തിലെ ആഹ്വയശബ്ദത്തോടുകൂടാതെ തൃണരാജഃ എന്നതുതന്നെയും പ്രയോഗിക്കാം. ആഹ്വയശബ്ദത്തിന്റെ പ്രയോജനം തൃണശബ്ദത്തിങ്കൽ നിന്നും പരമായി രാജവാചകശബ്ദം ഏതെങ്കിലും ചേർന്നാൽ അതു കരിമ്പനയുടെ പേരാകുമെന്നറിയിക്കയത്രേ അതുകൊണ്ടു്. നാളീകേരഃ (അ-പു-പ്ര-ഏ) ലാംഗലീ (ഈ-സ്ത്രീ-പ്ര-ഏ) (ന-പു-പ്ര-ഏ) ഇങ്ങിനെയും ഒരു പക്ഷമുണ്ടു്. ഇവ ഉ-ം തെങ്ങിന്റെ പേർ. സ്യാല്ലാംഗലിനിലാംഗല്യോ നാളീകേരഃ കുബേരകഃ നാരികേരശ്ച കേരോനാകേരീകേളകളത്യപി നാരികേളശ്ചനാളീകോനാരികേളിശ്ചനാളകഃ നാരീകേളീശ്ചകേരീസ്ത്രിലാംഗലീനാളവത്യപി എന്ന ശബ്ദവ്യൂഹതരംഗിണിയിലുണ്ടാകയാൽ ഇവിടെ നാളികേരഃ എന്നതിന്റെ സ്ഥാനത്തു നാരികേരഃ എന്നും നാരികേളഃ എന്നും നാരികേളിഃ എന്നും നാരീകേളീഃ എന്നുമാം. ഇതിന്നുംപുറമേ നാഡികേരഃ എന്നും നാരീകേളീ എന്നുംകൂടെ ആമെന്നു മഹേശ്വരടീകയിൽ പറഞ്ഞിരിക്കുന്നു. മോണ്ടോ (അ-സ്ത്രീ-പ്ര-ഏ) പൂഗഃ, ക്രമുകഃ, ഗ്രുവാകഃ, പെപുരഃ, (അ-പു-പ്ര-ഏ) ഇവ ൩-ം കഴുങ്ങിന്റെ പേർ. ഗ്രുവാകോപി ച ഗ്രുവാകഃ എന്നു് താരാപാലവചനമുണ്ടാകയാൽ ഗ്രുവാകഃ എന്നുമാമെന്നു മഹേശ്വരടീകയിൽ പറഞ്ഞിരിക്കുന്നു. ഉദ്ഭേദഗം (അ-ന-പ്ര-ഏ) അടയ്ക്കയുടെ പേർ. ഏതേചഹിന്താലസഹിതാസ്ത്രയഃ ഇത്യാദി

ക്കു് ഹിന്താലത്തോടുകൂടിയ ഇവ രു-ം (ചർജ്ജ്ജുരവും കേതകിയും താളിയും ചർജ്ജ്ജുരിയും) തൃണദ്രുമങ്ങളാകുന്നു എന്നർത്ഥമാകുന്നു. ഹിന്താലമെന്നതു് ഈന്തപ്പനയാകുന്നു. ചർജ്ജ്ജുരമെന്നതിനു പേരീച്ചുമെന്നു തമിഴ്ക്കുത്തിൽ ഭാഷകാണുന്നു. കേതകി എന്നതു കൈതയാകുന്നു. താളി എന്നതിനു താളിപ്പന എന്നു തമിഴ്ക്കുത്തിൽ ഭാഷ കാണുന്നു. ചർജ്ജ്ജുരീ എന്നതു ചിറുറീന്തലാകുന്നു. കരിമ്പന, തെങ്ങു, കുമുകു് ഇതുകൾ കൈയും തൃണദ്രുമമെന്ന രൂപ രൊട്ടുകൂടിയവയാകുന്നു എന്നറിഞ്ഞുകൊൾക.

ഇതി കാഷ്ഠിവർഗ്ഗഃ.

മൃഗവർഗ്ഗപ്രാരംഭഃ.

സിംഹോ മൃഗേന്ദ്രഃ പഞ്ചാസ്യോ ഹര്യക്ഷഃ കേസരീ ഹരിഃ
കണ്ഠീരവോ മൃഗരിപുർമൃഗാദ്ദനഃ.
പുണ്ഡരീകഃ പഞ്ചനഖചിത്രകായമൃഗദ്വിഷഃ
ശാർദ്ദൂലദ്വിപിനൌ വ്യാഘ്രേ തരക്ഷുസ്തു മൃഗാദനഃ.

സിംഹഃ, മൃഗേന്ദ്രഃ, പഞ്ചാസ്യഃ, ഹര്യക്ഷഃ(അ-പു-പ്ര-ഏ) കേസരീ (ന-പു-പ്ര-ഏ) ഹരിഃ (ഇ-പു-പ്ര-ഏ) കണ്ഠീരവഃ (അ പു-പ്ര-ഏ) മൃഗരിപുഃ (ഉ-പു-പ്ര-ഏ) മൃഗദ്വിഷിഃ(ഇ-പു-പ്ര-ഏ) മൃഗാദനഃ (അ-പു-പ്ര-ഏ) പുണ്ഡരീകഃ, പഞ്ചനഖഃ, ചിത്രകായഃ (അ-പു-പ്ര-ഏ) മൃഗദ്വിഡ് (ഷ-പു-പ്ര-ഏ) ഇവ രു-ം സിംഹത്തിന്റെ പേർ. ഈ പ്രദേശത്തിങ്കൽ ഉള്ള പുസ്തകങ്ങളിൽ കേസരീഹരിഃ എന്നതിന്റെ ശേഷം ശാർദ്ദൂലദ്വീപിനൌവ്യാഘ്രേ എന്ന തുടങ്ങിയുള്ളതുമാത്രം കാണുന്നതല്ലാതെ കണ്ഠീരവോ മൃഗരിപുഃ എന്ന തുടങ്ങി നാലുപാദങ്ങൾ കാണുന്നില്ല. മഹേശ്വരടീകയിൽ മേലെഴുതിയപ്രകാരം പാഠത്തെ കാണിക്കയും സിംഹഃ മൃഗേന്ദ്രഃ പഞ്ചാസ്യഃ ഹര്യക്ഷഃ കേസരീ ഹരിഃ ഇവ നു-ം സിംഹത്തിന്റെ പേർ എന്ന വ്യാഖ്യാനിക്കയും പിന്നെ കണ്ഠീരവഃ ഇത്യാദികളും സിംഹത്തിന്റെ പേരുകൾ തന്നെയെന്നു പറകയും അനന്തരം ശാർദ്ദൂലദ്വീപിനൌ ഇത്യാദി പാദദ്വയത്തെ വ്യാഖ്യാനിക്കയും ചെയ്തിരിക്കുന്നു. തമിഴ്ക്കുത്തിൽ കണ്ഠീരവോഗജരിപുഃ പിംഗദൃഷ്ടിർമൃഗാദനഃ എന്നമാത്രം കാണുന്നു. എനിക്കു തോന്നുന്നതു് കണ്ഠീരവ ഇത്യാദികൾ ഈ മൂലത്തിൽ ചേർന്നതുകളല്ല

എന്നതന്നെ ആകുന്നു. ശാർദ്ദൂലഃ (അ-പു-പ്ര-ഏ) ദ്വീപി (ന-പു-പ്ര-ഏ) വ്യാഘ്രഃ (അ പു-പ്ര-ഏ) ഇവ ന-ം പുലിയുടെ പേർ. തരക്ഷുഃ (ഉ-പു-പ്ര-ഏ) മൃഗാദനഃ (അ-പു-പ്ര ഏ) ഇവ ഫ-ം ചെറുപുലിയുടെ പേർ എന്നു തമിഴ്ക്കുത്തിലും ശാവിന്റെ ആകൃതിപോലെ ഇരിക്കുന്ന ആകൃതിയോടു കൂടിയതായി കുത്തരേഖകളോടു കൂടിയതായിരിക്കുന്ന ഒരു മൃഗവിശേഷത്തിന്റെ പേർ എന്നു മഹാശബ്ദടീകയിലും പറഞ്ഞിരിക്കുന്നു.

വരാഹസ്സൂകരോഷ്ട്രഃ കോലഃ പോത്രീ കിരിഃ കിടിഃ
ദംഷ്ട്രീ ഘോണീ സ്തബ്ധരോമാ ക്രോഡഭ്രൂരാദ്യരിത്യപി.

വരാഹഃ, സൂകരഃ (അ-പു-പ്ര-ഏ) ഷ്ടിഃ (ഇ-പു-പ്ര-ഏ) കോലഃ (അ-പു-പ്ര-ഏ) പോത്രീ (ന-പു-പ്ര-ഏ) കിരിഃ. കിടിഃ (ഇ-പു-പ്ര-ഏ) ദംഷ്ട്രീ, ഘോണീ, സ്തബ്ധരോമാ (ന-പു-പ്ര-ഏ) ക്രോഡഃ, ഭ്രൂരാദഃ (അ-പു-പ്ര-ഏ) ഇവ ക്രമം പന്നിയുടെ പേർ ഷ്ടിഃ എന്നതിന്റെ സ്ഥാനത്തു ഗ്രഷ്ടിഃ എന്നും കിരിഃ എന്നതിന്റെ സ്ഥാനത്തു് കിരഃ എന്നുമാണെന്നു മഹാശബ്ദടീകയിൽ സ്പഷ്ടമാകുന്നു.

കപിപ്ലവംഗപ്ലവഗശാഖാമൃഗവലീമുഖാഃ
മർക്കടോ വാനരഃ കീശോ വനൌ അഥ ഭല്ലുകേ. ൨

ഋക്ഷോച്ഛഭല്ലഭല്ലുകാ ഗണ്ഡകേ ഖഡ്ഗഖഡ്ഗിനൌ
ലൂലായൌ മഹിഷാ വാഹദ്വിഷൽകാസരൈസരിഭൌ. ൩

കപിഃ (ഇ-പു-പ്ര ഏ) പ്ലവംഗഃ പ്ലവഗഃ ശാഖാമൃഗഃവലീമുഖഃ മർക്കടഃ വാനരഃ കീശഃ (അ-പു-പ്ര-ഏ) വനൌകാഃ (സ-പു-പ്ര-ഏ) ഇവ ൻ-ം കുരങ്ങിന്റെ പേർ. ഋക്ഷഃ അച്ഛഭല്ലഃ ഭല്ലുകഃ (അ-പു-പ്ര ഏ) ഇവ ന-ം കരടിക്കുരങ്ങിന്റെ പേർ. ഭല്ലുകഃ എന്നതിന്റെ സ്ഥാനത്തു് ഭല്ലുകഃ എന്നും ഭല്ലൂകഃ എന്നുമാണെന്നു മഹാശബ്ദടീകയിൽ സ്പഷ്ടമാകുന്നു. അച്ഛഃ ഭല്ലഃ ഇങ്ങനെ ഫ പദമായിട്ടുമാണെന്നു മഹാശബ്ദടീകയിൽ പറഞ്ഞിരിക്കുന്നു. ഗണ്ഡകഃ ഖഡ്ഗഃ (അ-പു-പ്ര-ഏ) ഖഡ്ഗീ (ന-പു-പ്ര ഏ) ഇവ ന-ം വാർപുലിയുടെ പേർ. ലൂലായഃ (അ-പു-പ്ര-ഏ) തമഴ്ക്കത്തിൽ ലൂലാവഃ എന്ന പാഠത്തെ കാണിക്കയും ലൂലായഃ എന്നു പാഠാന്തരമെന്നു പറകയും ചെയ്തിരിക്കുന്നു. മഹാശബ്ദടീകയിൽ ലൂലായഃ എന്നാകുന്നു. ഈ പ്രദേശത്തിങ്കലുള്ള പുസ്തകങ്ങളിലും ലൂലായഃ എന്നാകുന്നു. മഹിഷഃ (അ-പു-പ്ര-ഏ) വാഹദ്വിഷൽ (ദ-പു-പ്ര ഏ) കാസരഃ, സൈരിഭഃ (അ-പു-പ്ര-ഏ) ഇവ ദ-ം പോത്തിന്റെ

ഏവർ. മഹേശ്വരടീകയിൽ മൂലാപഃ പ്പിന്നും ഓഷ്ട്യാന്തമാമെന്നു മുണ്ടു്.

സ്ത്രിയാം ശിവാ ഭ്രൂരിമായുഗോമായുഗാധൂത്തകാഃ
സൃഗാലവഞ്ജുകക്രോഷ്ടു ഫേരു ഫേരവജംബുകാഃ.. ന

ശിവാ (അ-സ്ത്രീ-പ്ര-ഏ) ഭ്രൂരിമായുഃ (അ-പു-പ്ര-ഏ) തമിഴ്ക്കുത്തിൽ ഭ്രൂരിമായുഃ പ്പിന്നാകുന്നു. ഈ പ്രദേശത്തിങ്കൽ അനേകപുസ്തകങ്ങളിലുമപ്രകാരംതന്നെയാകുന്നു, പ്പിങ്കിലും മഹേശ്വരടീകയെ അനുസരിച്ചു് ഭ്രൂരിമായുഃ പ്പിന്നാക്കിയിരിക്കുന്നു. ഗോമായുഃ (ഉ-പു-പ്ര-ഏ) മൃഗധൂത്തകഃ സൃഗാലഃ വഞ്ജുകഃ (അ-പു-പ്ര-ഏ) ക്രോഷ്ടുഃ (ഉ-പു-പ്ര-ഏ) ക്രോഷ്ടാ ക്രോഷ്ടാരൌ ക്രൌഷ്ടാരഃ പ്പിന്നും ത്രുപമായാലും ഉകാരാന്തംതന്നെ പ്പിന്നും തുജ്യഭാവമുണ്ടാകയാൽ ചില വിഭക്തികളിൽ ഋകാരാന്തസാദൃശ്യമുണ്ടായതാണെന്നും ധരിച്ചുകൊൾക. ഫേരുഃ (ഉ-പു-പ്ര-ഏ) ഫേരവഃ ജംബുകഃ (അ-പു-പ്ര-ഏ) ഇവ ഫ-ം കുറുനരിയുടെ പേർ. കുറുനരി പ്പിന്നതു കുറുക്കനാകുന്നു. സൃഗാലഃ പ്പിന്നതിന്റെ സ്ഥാനത്തു ശൃഗാലഃ പ്പിന്നും വഞ്ജുകഃ പ്പിന്നതിന്റെ സ്ഥാനത്തു വഞ്ചകഃ പ്പിന്നുമാമെന്നു മഹേശ്വരടീകയിൽ സ്പഷ്ടമാകുന്നു.

ഓതുർബ്ബിഡാലോ മാർജ്ജാരോ വൃഷദംശക ആഖുകൃ
തയോ ഗൌരധഗൌധാരഗൌരധേയാ ഗാധികാത്മജേ. ഒ

ഓതുഃ (ഉ-പു-പ്ര-ഏ)ബിഡാലഃ മാർജ്ജാരഃ വൃഷദംശകഃ(അപു-പ്ര-ഏ) ആഖുകൃ (ഋ-പു പ്ര-ഏ) ഇവ ത-ം പൂച്ചയുടെപേർ. ഒതുപ്പിലുഭാഗഃ പ്പിന്നുംപാഠമുണ്ടു്. ഗൌരധേരഃ ഗൌധാരഃ ഗൌരധേയഃ ഗാധികാത്മജഃ (അ-പു-പ്ര-ഏ) ഇവ ര-ം ഉടുമ്പിൻ കുട്ടിയുടെ പേർ.

ശ്വാവിത്തു ശല്യസ്സല്ലോമ്നി ശലലീ ശലലം ശലം
വാതപ്രമീവ്വാതമൃഗഃ കോകസ്തു ഋഹാമൃഗോ വൃകഃ. വ

ശ്വാവിൽ (ധ-പു-പ്ര-ഏ) ശല്യഃ(അ-പു-പ്ര ഏ) ഇവ ല-ം മുള്ളന്റെ പേർ. ശലലീ (ഈ-സ്ത്രീ-പ്ര-ഏ) ശലലം ശലം (അ-ന-പ്ര-ഏ) ഇവ ന-ം അതിന്റെ മുള്ളിന്റെ പേർ. വാതപ്രമീഃ (ഈ-സ്ത്രീ-പ്ര-ഏ) വാതമൃഗഃ (അ-പു-പ്ര-ഏ) ഇവ ല-ം പെരുമാനിന്റെ പേർ. കോകഃ ഋഹാമൃഗഃ വൃകഃ (അ-പു-പ്ര-ഏ) ഇവ ന-ം ചെന്നായുടെ പേർ.

മൃഗേ കുരംഗവാതായുഹരിണാജിനയോനയഃ
ഐണേയമേണ്യാശ്മന്മാദ്യമേണസൈണമുഭേ ത്രിഷു. ൻ

മൃഗഃ കൃഷ്ണഃ (അ-പു-പ്ര-ഏ) വ്യാഘ്രഃ (ഉ-പു-പ്ര-ഏ) ഹരിണഃ (അ-പു-പ്ര-ഏ) അജിനയോനിഃ (ഇ-പു-പ്ര-ഏ) ഇവ ൪ം മനുഷ്യന്റെ പേർ. ചൈണേയം (അ-ന-പ്ര-ഏ) മാൻപിടയെ സംബന്ധിച്ച തോൽ മുതലായതിന്റെ പേർ. ചൈണം (അ-ന-പ്ര-ഏ) ആണ്മാനിന്റെ തോൽ മുതലായതിന്റെ പേർ. ഉഭയത്രിഷു ഏതിനു പറകയാൽ മേൽപറഞ്ഞ രണ്ടു ശബ്ദങ്ങളും ത്രിലിംഗങ്ങളാകുന്നു എന്നറിഞ്ഞുകൊൾകയും വേണം.

കൃഷ്ണഃ കൃഷ്ണേ ചിനശ്യാമരുപ്രിയകാവപി
സമൃഗശ്ചിത്രി ഹരിണാ അമീ അജിനയോനയഃ. ൫൦

കൃഷ്ണൻ (ഇ-സ്ത്രീ-പ്ര-ഏ) കൃഷ്ണേ (ഇ-സ്ത്രീ-പ്ര-ഏ) ഇവ ൨-ം നകാരാന്തങ്ങളാകുന്നു ഏതിനും പുല്ലിംഗങ്ങളാകുന്നു എന്നും ഒരു മതമുണ്ട്. ചിനഃ (അ-പു-പ്ര-ഏ) ശ്യാമഃ (ഉ-പു-പ്ര-ഏ) പ്രിയകഃ (അ-പു-പ്ര-ഏ) സമൃഗഃ (ഉ-പു-പ്ര-ഏ) ഇവ ന-ം ഹരിണങ്ങളാകുന്നു. ഓരോരോ വിധമായിരുന്നാലും ഹരിണങ്ങളെന്നു അറിഞ്ഞെയും പറയാമെന്നാഭിപ്രായം. കൃഷ്ണാദികളുടെ സ്വരൂപങ്ങൾ മഹാശബ്ദടീകയിൽ ഇല്ല. തമിഴ്ക്കുത്തിൽ കൃഷ്ണൻ എന്നതു പുള്ളിയും പുറത്തു വരയുമുള്ളതായും ഗ്രഹത്തിൽ കിടക്കുന്നതായും മിരിക്കുന്ന മാനിന്റെ പേരെന്നും, കൃഷ്ണേ എന്നതു വലിയ വയറും കൂടുത്ത മുൻകാലുകളുമുള്ള മാനിന്റെ പേരെന്നും ചിനമെന്നതു മാടപ്രാവിന്റെ നിറമായി മുറ്റുതംഗ്രലം ഉയച്ചയോടുകൂടിയതായിരിക്കുന്ന മാനിന്റെ പേരെന്നും, ശ്യാമമെന്നതു് വാലില്ലാത്ത മൃഗത്തിന്റെ പേരെന്നും, പ്രിയകമെന്നതു് മുവപ്പും കുറുപ്പും നിറമായ രോമമുള്ള മൃഗത്തിന്റെ പേരെന്നും, സമൃഗം എന്നതു വെളുത്തതായും തടിച്ച കുഴത്തോടുകൂടിയതായുമിരിക്കുന്ന മാനിന്റെ പേരെന്നും കാണുന്നു. അമീഅജിനയോനയഃ എന്നതിനു് ഇനി പറവാൻപോകുന്ന കൃഷ്ണസാരാദികളുടെ തോൽകൊണ്ടു് ഉപയോഗമുണ്ടാകയാൽ അതുകളെ അജിനയോനികളെന്നു പറയുന്നു എന്നർത്ഥമാകുന്നു.

കൃഷ്ണസാരരുരുന്യങ്കുരംകുശംബരരോഹിഷാഃ
ഗോകർണ്ണപൃഷതൈണേയശ്യരോഹിതാശ്ചമരാ മൃഗാഃ ൫൧

കൃഷ്ണസാരഃ (അ-പു-പ്ര-ഏ) രുരുഃ ന്യങ്കുഃ രംകുഃ (ഉ-പു-പ്ര-ഏ) ശംബരഃ രോഹിഷഃ ഗോകർണ്ണഃ പൃഷതഃ ഏണഃ ശ്യാഃ രോഹിതഃ ചമരഃ (അ-പു-പ്ര-ഏ) മൃഗാഃ (അ-പു-പ്ര-ബ) കൃഷ്ണസാരാദികൾ ഒക്കെയും മൃഗങ്ങളാകുന്നു എന്നർത്ഥം. കൃഷ്ണസാരമെന്നതു് കരിമാനിന്റെ പേരെന്നും രുരുവെന്നതു് വൻകരിമാ

നിന്റെ പേരെന്നും സിംഹം എന്നതു കടുവാന്റെ പേരെന്നും രംക്കു എന്നതു് വെളുത്തതോമനുള്ള മാനിന്റെ പേരെന്നും ശംബരമെന്നതു് കുറുമാനിന്റെ പേരെന്നും രോഹിഷമെന്നതു വരിമാനിന്റെ പേരെന്നും ഗോകർണ്ണമെന്നതു പെരുച്ചാവിമാനിന്റെ പേരെന്നും പൃഷതമെന്നതു് ഉഴൽമാനിന്റെ പേരെന്നും പൃണമെന്നതു കൃഷ്ണമൃഗത്തിന്റെ പേരെന്നും ശ്യാമമെന്നതു മരമാനിന്റെ പേരെന്നും രോഹിഷമെന്നതു പുള്ളിക്കേഴമാനിന്റെ പേരെന്നും ചമരനെന്നതു ചമരിമാനിന്റെ പേരെന്നും തമിഴ്ക്കുത്തിൽ വിവരിച്ചിരിക്കുന്നു. അതുപ്രകാരംതന്നെ കൃഷ്ണസാരാദിക ളുടെ രൂപഭേദത്തെ ഗ്രഹിച്ചുകൊൾകയും വേണം. മഹേശ്വര ടീകയിലെ ഭാഷ മലയാളികൾക്കു ഉപയോഗമില്ലാത്തതാകയാൽ ഇവിടെ എഴുതുന്നില്ല.

ഗന്ധർവ്വശരഭോ രാമഃ സ്യമരോ ഗവയശ്ശശഃ
ഇത്യാദയോ മൃഗേന്ദ്രാദ്യാ ഗവാദ്യാഃ പശുജാതയഃ. ക്ര

ഗന്ധർവ്വഃ (അ-പു-പ്ര-ഏ) പെരുത്ത വയറും നീണ്ട വാലു മുള്ള മൃഗത്തിന്റെ പേർ. ശരഭഃ (അ-പു-പ്ര-ഏ) എട്ടുടിമാനി ന്റെ പേർ. രാമഃ (അ-പു-പ്ര-ഏ) പെരുംചമരിമാനിന്റെ പേർ. സ്യമരഃ (അ-പു-പ്ര-ഏ) വക്കുമാനിന്റെ പേർ. ഗവയഃ (അ-പു-പ്ര-ഏ) ആയ്മാനിന്റെ പേർ. ശശഃ (അ-പു-പ്ര-ഏ) മുയലിന്റെ പേർ. ഇത്യാദയോ മൃഗേന്ദ്രാദ്യാ ഗവാദ്യാഃ പശുജാതയഃ എന്നതിനു ഗന്ധർവ്വാദികളും സിംഹം മുതൽ ചമരാവസാനമുള്ളവയും വർഗ്ഗാന്തരത്തിങ്കൽ പറയപ്പെടുന്ന ഗോഹസ്ത്യാദികളും പശുജാതികളാകുന്നു എന്നു് അർത്ഥത്തെ ഗ്രഹിച്ചുകൊൾക.

ഉന്ദുരുന്മൂഷികാഖ്യാഖുഗ്ലിതികാ ബാലമൂഷികാ
സരടഃ കൃകലാശസാടാ മുസലീ ഗൃഹഗോധികാ. ഗവ

ഉന്ദുരുഃ (ഉ-പു-പ്ര-ഏ) മൂഷികഃ (അ-പു-പ്ര-ഏ) ആഖുഃ (ഉ-പു-പ്ര-ഏ) ഇവ രണ്ടും എലിയുടെ പേർ. മഹേശ്വരടീകയിലെ പാഠം മൂഷകഃ എന്നാകുന്നു. മുഷകഃ എന്നുമാമെന്നു പറഞ്ഞിട്ടുമുണ്ടു്. മൂഷിക എന്ന പാഠത്തെ സ്വീകരിച്ചിട്ടില്ല എങ്കിലും മുഷധാതുവിൽനിന്നു ഭാവത്തിങ്കൽ വിധിക്കപ്പെട്ട ഘഞ്പ്രത്യയത്തെ വരുത്തിയാൽ മൂഷഃ എന്ന രൂപമുണ്ടാകയും അതു് മതുപ്പ്രത്യയമായ ഠക പ്രത്യയത്തോടു ചേരുമ്പോൾ മൂഷികഃ എന്നാകയും ചെയ്യുന്നതാകയാലും വളരെ പുസ്തകങ്ങളിൽ മൂഷികഃ എന്നതന്നെ കാണുകയാലും മൂഷികനെന്നു പണ്ഡിതപാമരസാധാരണമായ വ്യവഹാരമുള്ളതാകയാലും (വ്യക്തയുക്ത

ധോഗന്ധാ ഖനകഃ ഖനകപ്രിയഃ മൂഷകോ മൂഷികോ മൂഷ്പീമൂഷകഃ പടവഭ്രവഃ ദാരുലേഖക ഇക്ഷ്വാകുരന്ധുരാന്ധുരുരന്ധുരഃ) എന്ന ശബ്ദവ്യൂഹതരംഗിണിയിലുണ്ടാകയാലും മൂഷിക എന്നതു തന്നെ ചേർത്തിരിക്കുന്നു. മൂഷകഃ എന്നാക്കണമെങ്കിൽ അതിനു സമ്മതിയുമുണ്ട്. ഗിരികാ ബാലമൂഷികാ (അ-സ്ത്രീ-പ്ര-ഏ) ഇവ ൨-ം ചുണ്ടെലിയുടെ പേർ. തമിഴ്ക്കുറുഞ്ചിൽ ചുചുന്ദരീഗന്ധമൂഷീ ദീർഘദേഹിമൂഷികാ എന്നുമുണ്ട്. അതിന്റെ വ്യാഖ്യാനം ചുചുന്ദരീ ഗന്ധമൂഷീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ൨-ം നായ്ചുലിയുടെ പേരും, ദീർഘദേഹീ (ഈ-സ്ത്രീ-പ്ര-ഏ) മൂഷികാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ൨-ം പെരുച്ചാഴിയുടെ പേരുമാകുന്നു. മേൽപ്പറഞ്ഞ പാഠങ്ങൾം ൨-ം മഹാശബ്ദടീകയിലില്ല. ഈ പ്രദേശങ്ങളിലും പ്രായേണ പാഠം അത്ര കൃത്യമല്ലാതെയാകുന്നു. അത് ഹേതുവായിട്ട് കോശാന്തരത്തിങ്കൽ നിന്നുചേർത്തു പഠിക്കപ്പെടുന്നതായിരിക്കുമെന്നു വിചാരിച്ചു ഉപേക്ഷിച്ചിരിക്കുന്നു. സരടഃ കൃകലാസഃ (അ-പു-പ്ര-ഏ) ഇവ ൨-ം ഓന്തിന്റെ പേർ. മൂസലീ (ഈ-സ്ത്രീ-പ്ര-ഏ) ഗൃഹഗോധികാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ൨-ം പല്ലിയുടെ പേർ.

ലൂതാ സ്ത്രീ തന്തുവായോർണ്ണനാഭീമർക്കടകാസ്സമാഃ
നീലംഗ്രസ്തു കൃമിഃ കർണ്ണജ്വരൗകാശ്ച തത്പതേ. ൨൫

ലൂതാ (ആ-സ്ത്രീ-പ്ര-ഏ) തന്തുവായഃ (അ൩-പു-പ്ര-ഏ) ഊർണ്ണനാഭഃ (ഈ-പു-പ്ര-ഏ) മർക്കടകഃ (അ-പു-പ്ര ഏ) ഇവ ൨-ം ചിലന്തിയുടെ പേർ. മഹാശബ്ദടീകയിലെ പാഠം ഊർണ്ണനാഭഃ എന്നാകുന്നു എങ്കിലും ലൂതായാമൂർണ്ണനാഭിസ്ത്രിയാമൂർണ്ണനാഭശ്ചതുരാലക്കുൽ തന്തുവായേമർക്കടകസ്തന്തുവായശ്ചതന്തുസ്സുഃ എന്ന ശബ്ദവ്യൂഹതരംഗിണിയിലുണ്ടാകയാൽ ഈപ്രദേശത്തിങ്കൽ അനേകപുസ്തകങ്ങളിൽ കാണുന്നപ്രകാരംതന്നെ ഇരിക്കട്ടെ എന്നു വിചാരിച്ചു ഊർണ്ണനാഭിഃ എന്നതന്നെ ചേർത്തിരിക്കുന്നു. ഹ്രസ്വപദേശവും ഊർണ്ണനാഭി എന്നതന്നെ ആകുന്നതു്. നീലംഗ്രഃ (ഉ-പു-പ്ര-ഏ) കൃമിഃ (ഈ-പു-പ്ര-ഏ)ഇവ ൨-ം കണ്ണിപ്പുഴുവിന്റെ പേർ. നീലംഗ്രസ്തുകൃമിഃ എന്നും പാഠമുണ്ടു്. ആ പക്ഷത്തിൽ കൃമിഃ എന്നതിന്റെ സ്ഥാനത്തു കൃമിഃ എന്നു ചേർത്തു ധരിച്ചുകൊൾക. നീലംഗ്രരപിനീലാംഗ്രഃ എന്നു ദ്വിരൂപകോശമുണ്ടാകയാൽ നീലാംഗ്രഃ എന്നുമാമെന്നു മഹാശബ്ദടീകയിൽ പറഞ്ഞിരിക്കുന്നു. ഇതിന്റെ ചുരുക്കമേ നീലാംഗഃ എന്നും പാഠമുണ്ടെന്നും കൃമിഃക്രിമിശ്ചനീലാംഗോ നീലംഗ്രന്നീലഗ്രശ്ചസഃ എന്ന ശബ്ദവ്യൂഹതരംഗിണിയിൽ

മൂണ്ടാകയാൽ അയയ്യം സാധുതന്നെ ചൃന്നം അറിഞ്ഞുകൊൾകെ. നീലാംഗഃ ചൃന്നതിന്നു് നീലമായിരിക്കുന്ന അവയവത്തോടുകൂടിയതു് ചൃന്നു് അർത്ഥമാകുന്നു. ശകന്ധപാദി അകൃതിഗണമാകയാൽ സവർണ്ണദീർഗ്ഘത്തെ ബാധിച്ചു് പരരൂപം വരുമെന്നു കല്പിക്കയുമാം. കണ്ണുളെയകാഃ (സ-സ്ത്രീ-പ്ര-ഏ) ശതപദീ (ഈ സ്ത്രീ-പ്ര-ഏ) ഉഭേ ചൃന്നതിന്നു് രണ്ടും ഒന്നിന്റെ പേരാകുന്നു ചൃ) ന്നർത്ഥമാകുന്നു. ഈ അർത്ഥം ഉഭേ ചൃന്നതു ഇല്ലാതെയും തോന്നുകയും ചെയ്യും. ചൃങ്കിലും നീലംഗ്രഃ കൃമിഃ ഈവയും കണ്ണുളെയകാഃ ശതപദീ ഇവയും ഏകാർത്ഥങ്ങളായിരിക്കുമെന്നുള്ള ഭ്രമനിവൃത്തിക്കുടെ അന്യോപദേശംകൂടാതെ സിദ്ധിക്കുമെന്നതും പ്രയോജനമാകയാൽ നിരർത്ഥകമാകയുമില്ല ചൃന്നു അറിഞ്ഞുകൊൾകയും വേണം. മേൽപറഞ്ഞ ശബ്ദങ്ങൾ ഫ-ം തന്മട്ടിലുടെ ചേർക്കുന്നു. പഴുതാരയ്ക്കും കാട്ടെരുമയ്ക്കും പറയുമെന്നു മതാന്തരവുമുണ്ടു്.

വൃശ്ചികശ്ശുകകീടസ്സ്യാദിളിദ്രുണൌ തു വൃശ്ചികേ
പാരാവാതഃ കളരവഃ കപോതസ്ത്വഥ ശശാദനഃ. ക്വിദി
പത്രീ ശ്യേന ഉലൂകസ്തു വായസാരാതിരേ ചകൌ.
വ്യാഘ്രാടസ്തു ഭരദ്വാജഃ ഖഞ്ജരീടസ്തു ഖഞ്ജനഃ. ക്വസ

വൃശ്ചികഃ ശുകകീടഃ (അ-പു-പ്ര-ഏ) ഇവ ഫ-ം വാഴ്പുഴുവിന്റെ പേർ. ഇളിഃ (ഇ-പു-പ്ര-ഏ) ദ്രുണഃ വൃശ്ചികഃ (അ-പു പ്ര-ഏ) ഇവ ന-ം തേളിന്റെ പേർ. വൃശ്ചികശ്ശുകകീടസ്സ്യാദളി ദ്രുണൌ ചൃന്നമാണെന്നും ദ്രുണശബ്ദത്തിന്റെ സ്ഥാനത്തു ദ്രോണശബ്ദത്തെച്ചേർത്തു പാഠിക്കാമെന്നും മഹേശ്വരടീകയിൽ സ്പഷ്ടമാകുന്നു. പാരാവതഃ കളരവഃ കപോതഃ (അ-പു-പ്ര-ഏ) ഇവ ന-ം മാടപ്രാവിന്റെ പേർ. ശശാദനഃ (അ-പു-പ്ര-ഏ) പത്രീ (ന-പു-പ്ര-ഏ) ശ്യേനഃ (അ-പു പ്ര-ഏ) ഇവ ന-ം പരുന്തിന്റെ പേർ. ഉലൂകഃ (അ-പു-പ്ര-ഏ) വായസാരാതിഃ (ഇ-പു പ്ര-ഏ) പേചകഃ (അ-പു-പ്ര-ഏ) . ഇവ ന-ം ഊമന്റെ പേർ. ഇതിന്റെ പുറമേ ദിവാന്ധഃകൌശികകോഷ്ടുകോ ദിവാഭീതശ്ചാനിശാടനഃ എന്ന രണ്ടു പാഠങ്ങൾ മഹേശ്വരടീകയിൽ അധികമുണ്ടാകയാൽ ദിവാന്ധഃ കൌശികഃ ഫ്ലുകഃ ദിവാഭീതഃ നിശാടനഃ (അ-പു-പ്ര-ഏ) ഇവ ദി-ം ഊമന്റെ പേരാകുന്നു ചൃന്നും ധരിച്ചുകൊൾക. മേൽപറഞ്ഞ പാഠങ്ങൾ ന-ം സാമാന്യപാഠത്തിങ്കൽനിന്നു് ബഹിർഭൂതങ്ങളാക്കി തമിഴ്ക്കുത്തിൽ ചേർത്തുകാണപ്പെടുന്നു. ഈ പ്രദേശത്തിങ്കൽ കണ്ട പുസ്തകങ്ങളിലൊന്നിലുമില്ല. പഠിച്ചുവരുമാറുമില്ല. വ്യാഘ്രാടഃ ഭരദ്വാജഃ (അ-പു-പ്ര-ഏ) ഇവ

ചെ-ം ചെമ്മരിയാടിന്റെ പേർ. ചഞ്ചുരീടഃ ചഞ്ചുനഃ (അ-പു-പ്ര-ഏ്) ഇവ ചെ-ം കരിംകുരിലിന്റെ പേർ.

ശ്ലാഘാപുരസ്സരം കംകസ്സ്യാ ദഥ ചാഷഃ കികീദിവിഃ
കലിംഗട്ടിംഗധൂമ്യാടാ ശ്ചഥ സ്യുശ്ചതപത്രകഃ. ക്ഷ

ചാവ്വാംലോടാടഥ സാരംഗസ്തോകകശ്ചാതകസ്സമാഃ
ക്രകവാകുസ്താമ്രചൂഡഃ കുക്കുടശ്ചരണായുധഃ. ക്ഷ൧

ശ്ലാഘാപൂർവ്വം, കംകഃ (അ-പു-പ്ര-ഏ്) ഇവ ചെ-ം പരുന്തിന്റെ പേർ. ചാഷഃ (അ-പു-പ്ര-ഏ്) കികീദിവിഃ (ഇ-പു-പ്ര-ഏ്) .ചാസഃ കികീദിവിഃ എന്നു പഠിക്കുന്ന പക്ഷത്തിൽ ചാഷഃ എന്നതിന്റെ സ്ഥാനത്തു് ചാസഃ എന്നു ധരിച്ചുകൊൾകയും കികീദിവഃ എന്നു പഠിക്കുന്ന പക്ഷത്തിൽ കികീദിവിഃ എന്നതിന്റെസ്ഥാനത്തു കികീദിവഃ എന്നു അകാരാന്തമായി ധരിച്ചുകൊൾകയും വേണം. കികീദിവിഃ എന്നുള്ള പക്ഷത്തിൽ കികീ (ന-പു-പ്ര-ഏ്) ദിവിഃ (ഇ-പു-പ്ര-ഏ്) ഇങ്ങിനെയും കികീദിവഃ എന്നുള്ള പക്ഷത്തിൽ കികീ (അ-പു-പ്ര-ഏ്) ദിവഃ (അ-പു-പ്ര-ഏ്) ഇങ്ങിനെയുമാം. മേല്പറഞ്ഞശബ്ദങ്ങൾ കാട്ടുകാക്കയുടെ പേരുകളാകുന്നു. ഞാണ്യകോത്രചാഷസ്സ്യാൽ കികിദീവിഃ കികീദിവിഃ കികീദീവിർദ്ദിവശ്ചാസൌ കികിഃകികിദിവിശ്ചാസഃ തഥാകികിദിവശ്ചാസ്യാ ദ്വനകാകാഹ്വയോപിച്ച എന്ന ശബ്ദവ്യുൽപത്തിരംഗിണിയിൽ പറഞ്ഞിരിക്കയാൽ മേൽപറഞ്ഞ പക്ഷങ്ങൾ ഒക്കെയും സാധുക്കളാകുന്നു എന്ന സമാധാനത്തെ അശ്രയിച്ചുകൊൾകയും വേണം. മഹേശ്വരടീകയിൽ മേൽപറഞ്ഞപ്രകാരം മൂലമായിട്ടു വ്യാഡിവാക്യത്തെ ഉപന്യസിച്ചിട്ടുമുണ്ടു്. കലിംഗഃ ട്ടിംഗഃ ധൂമ്യാടഃ (അ-പു-പ്ര-ഏ്) ഇവ ന-ം പെടുകയിലിന്റെ പേർ. ശതപത്രകഃ, ടാർവ്വാഖ്യാടഃ (അ-പു-പ്ര-ഏ്) ഇവ ര-ം മരംകൊത്തിയുടെ പേർ. സാരംഗഃ തോകകഃ ചാതകഃ (അ-പു-പ്ര-ഏ്) ഇവ ന-ം വേഴാമ്പലിന്റെ പേർ. തമിഴു് ക്ഷത്തിൽ സ്തോകകഃ എന്നു കാണുന്നതു പിഴയാകുന്നു. ക്രകവാകഃ (ഉ-പു-പ്ര-ഏ്) താമ്രചൂഡഃ കുക്കുടഃ ചരണായുധഃ (അ-പു-പ്ര-ഏ്) ഇവ ര-ം കോഴിയുടെ പേർ.

ചടകഃ കളപിംകസ്സ്യാത്തസ്യ സ്ത്രീ ചടകാ തയോഃ
പുമചതൈ ചാടകൈരസ്ത്രീ്യചതൈ ചടകൈവ ച. ക്ഷ൨

ചടകഃ കളപിംകഃ (അ-പു-പ്ര-ഏ്) ഇവ ച-ം ഉപ്പുകൂമ്പിലിന്റെ പേർ. ചടകഃ കളപിംഗസ്സ്യാൽ എന്നുമാം. ചടകാ

(ഋ-സ്ത്രീ-പ്ര-ഏ) ഉരുക്കീലിന്റെ പിടയുടെ പേർ. ഘാടകകേരഃ (അ-പു-പ്ര-ഏ)അവരുടെ പുത്രന്റെ പേർ. ഘടകാ (ഋ-സ്ത്രീ-പ്ര-ഏ) അവരുടെ പുത്രിയുടെ പേർ. പുമപരേ്യഘാടകേരഃ ഏ്യന്നുള്ള പാഠം സ്വീകാര്യമയോഗ്യമല്ലെന്നു അറിഞ്ഞുകൊൾകയും വേണം.

കക്കരേട്ടുഃ കുരേട്ടുസ്സ്യാൽ കുകണക്രുകരൌ സമൌ
വനപ്രിയഃ പരഭൃതഃ കോകിലഃ പാക ഇത്യപി. ൫൩

കക്കരേട്ടുഃ കുരേട്ടുഃ (ഉ-പു-പ്ര-ഏ) ഇവ പു-ം വരണ്ടയുടെ പേർ. കുട്ടുകുരേട്ടുഷ്സ്സ്യാൽ കുരേട്ടുശ്ചരാങ്കുഘാടകുഃ കുരേട്ടുഃ കക്കരാട്ടുശ്ച കക്കരേട്ടുശ്ചകക്കടഃ എന്ന ശബ്ദവ്യുത്പത്തരംഗിണിയിലുണ്ടാകയാൽ കക്കരാട്ടുഃ കുരേട്ടുസ്സ്യാൽ എന്നും കക്കരേട്ടുഃ കുരാട്ടുസ്സ്യാൽ എന്നും കക്കരാട്ടുഃ കുരാട്ടുസ്സ്യാൽ എന്നുമാണെന്നു അറിഞ്ഞുകൊൾകയും വേണം. കുകണഃ ക്രുകരഃ (അ-പു-പ്ര-ഏ) ഇവ പു-ം ഇരുവാൽപ്പാത്തന്റെ പേർ. വനപ്രിയഃ പരഭൃതഃ കോകിലഃ പികഃ (അ-പു-പ്ര-ഏ) ഇവ പു-ം കുയിലിന്റെ പേർ.

കാകേ തു കരടാരിഷ്ടബലിപുഷ്ടസകൽപ്രജാഃ
ധ്വാങ്ക്ഷാത്മരോഷപരഭൃദ്ബലിഭുഗ്വായസാ അപി.

സ ഏവ ച ചിരജീവീ ചൈകദൃഷ്ടിശ്ച മൈഷകുലിഃ
ദ്രോണകാകസ്തുകാകോളോ ഭാത്യൂഹഃ കാളകണ്ഠകഃ. ൫൪

കാകഃ കരടഃ അരിഷ്ടഃ ബലിപുഷ്ടഃ സകൃൽപ്രജഃ. ധ്വാങ്ക്ഷഃ ആത്മരോഷഃ (അ-പു-പ്ര-ഏ) പരഭൃൽ (ത-പു-പ്ര-ഏ)ബലിഭുക് (ജ-പു-പ്ര-ഏ) വായസഃ (അ-പു-പ്ര-ഏ) ഇവ കാ-ം കാക്കയുടെ പേർ. ചിരജീവീ (ന-പു-പ്ര-ഏ) ഏകദൃഷ്ടിഃ മൈഷകുലിഃ (ഇ-പു-പ്ര-ഏ) ഇവയും കാക്കയുടെ പേരുകൾതന്നെ. സ ഏവ ച ചിരജീവീ ഇത്യാദി പാദദ്വയം തമിഴ്ക്കുത്തിലും ഈ പ്രദേശങ്ങളിൽ കണ്ടേടത്തോളം പുസ്തകങ്ങളിലുമില്ല. മഹേശ്വരടീകയിൽ കാണുകയാൽ ഇതിൽ ചേർത്തതാകുന്നു. ദ്രോണകാകഃ കാകോളഃ (അ-പു-പ്ര-ഏ) ഇവ പു-ം കാവതിക്കാക്കയുടെ പേർ. ഭാത്യൂഹഃ കാളകണ്ഠകഃ (അ-പു-പ്ര-ഏ) ഇവ പു-ം നത്തിന്റെ പേർ. ബഹുസമ്മതമായ പാഠം ഭാത്യൂഹഃ കാളകണ്ഠകഃ എന്നാകുന്നു.

ആതാപിചില്ലീ ഭാക്ഷ്യായ്യാഹ്ലാദീ കീരശുകൌസമൌ
കുങ് ക്രൌഞ്ചോऽഥബകഃ കഥഃ പുഷ്കരാഹ്വസ്തു സാരസഃ.

ആതാപി (ന-പു-പ്ര-ഏ) ചില്ലിഃ (അ-പു-പ്ര-ഏ) ഇവ ര-ം മലംകെട്ടിലിന്റെ പേർ. ആതായിചില്ലീ എന്നും പാഠമുണ്ട്. ആ പക്ഷത്തിൽ ആതാപീ എന്നതിന്റെ സ്ഥാനത്തു് ആതായി എന്നാക്കിക്കൊൾക. ഓകഃശ്ചുഞ്ചുഃ (അ-പു-പ്ര-ഏ) ഇവ ര-ം കഴുവിന്റെ പേർ. കീരഃ ശുകഃ (അ-പു-പ്ര-ഏ) ഇവ ര-ം തത്തയുടെപേർ. കുങ്ങ് (ച-പു-പ്ര-ഏ) കുരണ്ടഃ (അ-പു-പ്ര-ഏ) ഇവ ര-ം അസിൽ പക്ഷിയുടെ പേർ. ബകഃ കഥാഃ (അ-പു പ്ര-ഏ) ഇവ ര-ം കൊക്ക് എന്ന പക്ഷിയുടെ പേർ. പുച്ഛതാഹഃ സാരസഃ (അ-പു-പ്ര-ച്ച) ഇവ ര-ം വലിയതരം കൊഴിയുടെ പേർ. പുച്ഛതാഹഃ എന്നതിനു് താമരപ്പൂവിന്റെ പേർപോലെ ഇരിക്കുന്ന പേരോടുകൂടിയതു് എന്നർത്ഥമാകുന്നു.

കോകശ്ചക്രഃ ചക്രവാകഃ പഥാംഗാഹ്വയനാമകഃ
കാദംബഃ കളഹംസസ്സ്യാദ്രാജഹംസഃ ക്രൗഞ്ചകാരണ്ഡവൗ സമൗ. ൩൯

കോകഃ, ചക്രഃ, ചക്രവാകഃ (അ-പു-പ്ര-ഏ) ഇവ ന-ം ചക്രവാകപക്ഷിയുടെ പേർ. പഥാംഗാഹ്വയനാമകഃ എന്നതിനു് പഥാംഗത്തിന്റെ പേരുകളാകുന്ന പേരുകളോടു കൂടിയതു് എന്നർത്ഥമാകയാൽ പഥാംഗഃ ഇത്യാദികളും ചക്രവാകത്തിന്റെ പേരാകുന്നു എന്നു് അറിഞ്ഞുകൊൾകയും വേണം. കാദംബഃ കളഹംസഃ (അ-പു-പ്ര-ഏ) ഇവ ര-ം കാരണത്തിന്റെ പേർ. ക്രൗഞ്ചഃ, കുരരഃ (അ-പു-പ്ര-ഏ) ഇവ ര-ം അഴകുരലെന്ന പക്ഷിയുടെ പേർ. കാദംബഃ കളഹംസഃ എന്നതിനു് മഹാശരടീകയിൽ കാണുന്നതു് മധുരവാക്കായിരിക്കുന്ന ഹംസത്തിന്റെ പേർ എന്നാകുന്നു. കാരണത്തിന്റെ പേർ എന്നു പറഞ്ഞതു് തമിഴ്ക്കുത്തിൽ പറഞ്ഞതാകുന്നു എന്നും ധരിച്ചുകൊൾക.

ഹംസാസ്തു ശ്വേതഗരുത്മാംശ്ചക്രാംഗാ മാനസൗകസഃ
രാജഹംസാസ്തുതേ ചഞ്ചുചരണൈർല്ലോഹിതൈസ്സിതാഃ

ഹംസാഃ (അ-പു-പ്ര-ബ) ശ്വേതഗരുത്മാൻ (ത-പു-പ്ര ബ) ചക്രാംഗാഃ (അ-പു-പ്ര-ബ) മാനസൗകസഃ (സ-പു-പ്ര-ബ) ഇവ അരയന്നത്തിന്റെ പേർ ഹംസങ്ങൾ ബഹുക്കളല്ലെങ്കിൽ ബഹുവചനം പ്രയോഗിക്കയും വേണ്ട. രാജഹംസാഃ (അ-പു-പ്ര-ബ) കൊക്കും കാലും ചുകന്നും ശരീരം വെളുത്തുമുള്ള ഹംസത്തിന്റെ പേർ.

മല്ലികാമല്ലികാകക്ഷാദസ്തു ധാത്രീരാഷ്ട്രാസ്സിതേതരൈഃ
ശതാരിരാടിരാഢിശ്ച വലാകാ വിസകണ്ഠികാ. ൩൯

മല്ലികാക്ഷഃ (അ-പു-പ്ര-ബ) അല്പമായ വെളുപ്പോടുകൂടിയ കൊക്കോടും കാലോടും കൂടിയതായും വെളുത്തതായുമിരിക്കുന്ന ഹംസത്തിന്റെ പേർ. ധാത്തരാഷ്ട്രഃ (അ-പു-പ്ര-ബ) കൊക്കും കാലും കറുത്തും ശരീരം വെളുത്തുമുള്ള ഹംസത്തിന്റെ പേർ. ശരാരിഃ ആടിഃ ആഡിഃ (ഇ-സ്ത്രീ-പ്ര-ദ്വ) ഇവ നാനാവിന്റെ പേർ. ശരാരിഃ നാ ഇ എന്നതു തമിഴ്ക്കത്തിന്നൊരു പുഴുക്കുത്താകുന്നു എന്നു് ധരിച്ചുകൊൾകയും വേണം. ശരാരിഃസ്ത്രീശരാരീച്ച ശരാലഃപിസാമതാ ശരാലീച്ച ശരാടിശ്ച ശരാടീതി ച കഥ്യതേ ശരാഡിശ്ചശരാഡീച്ച ശരാതിശ്ചശരാതികാ സ്യാദാരിരാലിരാടിശ്ച തഥാഡിരിതിചോച്യതേ എന്നു ശബ്ദവ്യൂഹതരംഗിണിയിൽ മേൽപറഞ്ഞ ശബ്ദങ്ങൾ ഒക്കെയും സ്ത്രീലിംഗങ്ങളാകുന്നു എന്നുള്ള അഭിപ്രായം തോന്നുവാൻ തക്കതായ പ്രയോഗത്തെ ചെയ്തിരിക്കുന്നതിനുംപുറമേ ശരാരിഃസ്ത്രീ എന്നതുകൊണ്ടു ശരാരിശബ്ദം സ്ത്രീലിംഗമാകുന്നു എന്നുള്ള അർത്ഥത്തെ ഏറ്റവും സ്പഷ്ടമാക്കിയിരിക്കുന്നു എന്നും അറിഞ്ഞുകൊൾക. മേല്പറഞ്ഞ വചനത്തിന്റെ പ്രാമാണ്യംകൊണ്ടു ശരാരിശബ്ദത്തിന്റെ സ്ഥാനത്തു ശരാലി എന്നും ശരാടി എന്നും ശരാഡി എന്നും ശരാതി എന്നും ചേർത്തു പഠിക്കാമെന്നും ആടി ശബ്ദത്തിന്റെ സ്ഥാനത്തു് ആരിശബ്ദവും ആലിശബ്ദവും ആഡിരിതിചോച്യതേ എന്ന ഭാഗത്തിങ്കലെ ച ശബ്ദംകൊണ്ടു സമുച്ചിതമായ ആതിശബ്ദവുമാകമെന്നും ഗ്രഹിച്ചുകൊൾകയും വേണം. വലാകാ വിസകണ്ഠികാ (അ-സ്ത്രീ-പ്ര-ദ്വ) ഇവ രണ്ടും വെള്ളിപ്പക്ഷിയുടെ പേർ.

ഹംസസ്യ യോഷിദ്വരടാ സാരസസ്യ തു ലക്ഷ്മണാ
ജതുകാടജിനപത്രാ സ്യാൽ പരോഷ്ണീ തൈലപായികാ.

വരടാ (ആ-സ്ത്രീ-പ്ര-ദ്വ) അരയന്നപ്പിടയുടെ പേർ. ലക്ഷ്മണാ (ആ-സ്ത്രീ-പ്ര-ദ്വ) വണ്ടാരംകോഴിപ്പിടയുടെ പേർ. ജതുകാ, അജിനപത്രാ (ആ-സ്ത്രീ-പ്ര-ദ്വ) ഇവ രണ്ടും വാവലിന്റെ പേർ. എന്നു തമിഴ്ക്കത്തിൽ പറഞ്ഞിട്ടുണ്ടു്. വാവൽ എന്നു ഭാഷാഭേദമായിരിക്കും. അവലിന്റെ പേർ എന്നു ധരിച്ചുകൊൾക. പരോഷ്ണീ (ഈ-സ്ത്രീ-പ്ര-ദ്വ) തൈലപായികാ (ആ-സ്ത്രീ-പ്ര-ദ്വ) ഇവ രണ്ടും നരിച്ചീറിന്റെ പേർ. ജതുകാടജിനപത്രാസ്യാൽ പരോഷ്ണീതൈലപായികാ എന്നും പാഠമുണ്ടു്. ജതുകാടീ നാമും അവലിന്റെ പേരെന്നും ഒരു മതമുണ്ടു്.

പവ്വണാ മക്ഷികാ നീലാ സരഘാ മധുമക്ഷികാ
പതംഗികാ പുത്തികാ സ്യാദ്ദംശസ്തു വനമക്ഷികാ.

പവ്വണാ മക്ഷികാ നീലാ (അ-സ്ത്രീ-പ്ല-ഏ) ഇവ ന-ം മെറുതേനീച്ചയുടെ പേർ. ബർബ്ബുണാ ഏന്നുമാമെന്നു മഹേശ്വരടീകയിലുണ്ടു്. തമിഴ്ക്കുത്തിൽ കാണുന്നതു് പവ്വണാ ഏന്നാകുന്നു. ഞായതു് വകാരത്തെ പകാരമാണെന്നു ഭ്രമിച്ചിട്ടു ചെയ്തതായിരിക്കുമെന്നു തോന്നുന്നു. സരഘാ മധുമക്ഷികാ (ഞ-സ്ത്രീ-പ്ല-ഏ) ഇവ ര-ം ചിറേച്ചയുടെ പേർ. ദംശഃ (അ-പു-പ്ല-ഏ) വനമക്ഷികാ (അ-സ്ത്രീ-പ്ല-ഏ) ഇവ ര-ം കാട്ടീച്ചയുടെ പേർ.

ദംശീ തജ്ജാതിരല്പാ സ്യാൽ ഗന്ധോളീ വരടാ ദ്വയോഃ
ഭൃംഗാരീ ഛീരുകാ ഛീരീ ഝില്ലികാ ച സമാ ഇമാഃ. ൯൯

ദംശീ (ഇ൪-സ്ത്രീ-പ്ല-ഏ) കുഴീച്ചയുടെ പേർ. ഗന്ധോളീ (ഇ൪-സ്ത്രീ-പ്ല-ഏ) വരടാ (അ-സ്ത്രീ-പ്ല-ഏ) ദ്വയോഃ ഏന്നുണ്ടാകയാൽ വരടഃ ഏന്നു പുല്ലിംഗമായിട്ടും പ്രയോഗിക്കാമെന്നറിഞ്ഞുകൊൾക. ഇവ ര-ം കടന്നലിന്റെ പേർ. ഭൃംഗാരീ (ഇ൪-സ്ത്രീ-പ്ല-ഏ) ഛീരുകാ (അ-സ്ത്രീ-പ്ല-ഏ) ഛീരീ (ഇ൪-സ്ത്രീ-പ്ല-ഏ) ഝില്ലികാ (അ-സ്ത്രീ-പ്ല-ഏ) ഇവ ര-ം ചീവീടിന്റെ പേർ. മഹേശ്വരടീകയിലെ പാഠം ഝീരുകാ ഝീരീ ഏന്നാകുന്നു. ഝീരികാ ഏന്നും ഝിരുകാ ഏന്നും ഝിരികാ ഏന്നുമാമെന്നു പറഞ്ഞിട്ടുണ്ടു്. ഝില്ലികാ ഏന്നതിന്റെ സ്ഥാനത്തു് ഝിലികാ ഏന്നും ഛീലികാ ഏന്നും ഛില്ലുകാ ഏന്നുമാമെന്നുമുണ്ടു്. തമിഴ്ക്കുത്തിലും മറും അനേക പുസ്തകങ്ങളിലും കാണുന്നതു് ഛീരുകാഛീരി ഏന്നാകുന്നു. ശബ്ദവ്യൂഥതരംഗിണിയിൽ ഭൃംഗാരീ ഛീരുകാഛീരീ ഝീരുകാഝീരികാ ച സാ ഝീരീച്ഛഝിരുകാ ച സ്യാൽ ഝിരികാഝില്ലുകാഛിച ഛരില്ലികാ ഛില്ലുകാ ഝില്ലീ ഝിലികാ ഛീലികേതി ച ഏന്ന വചനംകൊണ്ടു് മേൽപറഞ്ഞ ശബ്ദഭേദങ്ങളൊക്കെയും സംഗ്രഹിക്കപ്പെട്ടിരിക്കുന്നു.

സമേ പതംഗശലഭേ ഖദ്യോതോ ജ്യോതിരിംഗണഃ
മധുവ്രതോ മധുകരോ മധുലിണ്മധുപാളിനഃ. ൯൦

ദ്വിരേഫപുഷ്പലിഡ്ഭൃംഗഷട്പദഭ്രമരാളയഃ
മയൂരോ ബർഹിണോ ബർഹീ നീലകണ്ഠോ ഭുജംഗഭുക്.

ശിഖാവളഭ്ശിഖീകേകീ മേഘ്വനാദാനുലാസ്യപി
കേകാ വാണീ മയൂരസ്യ സമേ ച ചന്ദ്രകമേചകേ ൯൨

പതംഗഃ, ശലഭഃ (അ-പു-പ്ര-ഏ) ഇവ പ-ം പാറ്റയുടെ പേർ. ഖദ്യോതഃ ജ്യോതിരിംഗണഃ (അ-പു-പ്ര-ഏ) ഇവ പ-ം മിന്നാമിനുങ്ങയുടെ പേർ. ഖദ്യോതഃ ജ്യോതിഃ ഇംഗണഃ ഇങ്ങിനെ മൂന്നെന്നുള്ളതു് ചിലരുടെ ഭ്രമമാകുന്നു. മധുവ്രതഃ, മധുകരഃ (അ-പു-പ്ര-ഏ) മധുലിടു് (ഹ-പു-പ്ര-ഏ) മധുപഃ (അ-പു-പ്ര-ഏ) അളീ (ന-പു-പ്ര-ഏ) ദ്വിരേഫഃ (അ-പു-പ്ര-ഏ) പുഷ്പലിടു് (ഹ-പു-പ്ര-ഏ) ഭൃംഗഃ ഷഡ്പദഃ, ഭ്രമരഃ (അ-പു-പ്ര-ഏ) അളിഃ (ഇ-സ്ത്രീ-പ്ര-ഏ) ഇവ ഷ-ംവണ്ടിന്റെ പേർ. മയൂരഃ ബർഹിണഃ (അ-പു-പ്ര-ഏ) ബർഹീ (ന-പു-പ്ര-ഏ) നീലകണ്ഠഃ (അ-പു-പ്ര-ഏ) ഭുജംഗഭുക് (ജ-പു-പ്ര-ഏ) ശിഖാവളഃ (അ-പു-പ്ര-ഏ) ശിഖീ കേകീ മേഘനാദാനുലാസീ (ന-പു-പ്ര ഏ) ഇവ ൻ-ം മയിലിന്റെ പേർ. ബർഹീ, നാ, ഈ ഏന്നു തമിഴ്ക്കത്തിൽ കാണുന്നതു വിശ്വാസയോഗ്യമല്ലെന്നു അറിഞ്ഞുകൊൾകയും വേണം. കേകാ (ആ-സ്ത്രീ-പ്ര-ഏ) മയിലിന്റെ ശബ്ദത്തിന്റെ പേർ. ചണ്ഡകഃ, മേചകഃ, (അ-പു-പ്ര-ഏ) ഇവ പ-ം പീലിക്കണ്ണിന്റെ പേർ.

ശിഖാ ചൂഡാ ശിഖണ്ഡസ്തു പിഞ്ഛബർഹോ നപുംസകേ
ഖഗേ വിഹംഗവിഹഗവിഹംഗമവിഹായസഃ. നാ൯൨
ശകുന്തിപക്ഷിശകുനിശകുന്തശകുനദ്വിജാഃ
പതത്രിപത്രിപതഗപതൽപത്രരഥാണ്ഡജാഃ. നാ൯൩
നഗൗകോവാജിവികിരവിവിഷ്കിരപതത്രയഃ
നീഡോദ്ഭവാ ഗരുത്മന്തഃ പിശുനോ നഭസംഗമാഃ. നാ൯൪

ശിഖാ ചൂഡാ (ആ-സ്ത്രീ-പ്ര-ഏ) ഇവ പ-ം മയിൽകൂട്ടമയുടെ പേർ. ശിഖണ്ഡഃ (അ-പു-പ്ര-ഏ) പിഞ്ഛം ബർഹം (അ-ന-പ്ര-ഏ) ഇവ ന-ം പീലിയുടെ പേർ. പിഞ്ഛഃ നാ അ ബർഹഃ നാ അ ഇങ്ങിനെ തമിഴ്ക്കത്തിൽ പറഞ്ഞതു മൂലവിരുദ്ധമാകുന്നു. പിഞ്ഛബർഹോ നപുംസകേചിനു് മൂലത്തിനു പിഞ്ഛബർഹശബ്ദങ്ങൾ നപുംസകങ്ങളാകുന്നു എന്നതല്പാർത്ഥമാകുന്നതു്. അതു വിചാരിക്കാതെ മേൽപറഞ്ഞ ശബ്ദങ്ങൾ പുല്ലിംഗങ്ങളെന്നു പറഞ്ഞതത്രേ ഇവിടെ മൂലവിരുദ്ധമാകുന്നതെന്നു് അറിഞ്ഞുകൊൾകയും വേണം. ഖഗഃ വിഹംഗഃ വിഹംഗമഃ (അ-പു-പ്ര-ഏ) വിഹായഃ (സ-പു-പ്ര-ഏ) ശകുന്തിഃ (ഇ-പു-പ്ര-ഏ) പക്ഷീ (ന-പു-പ്ര-ഏ) ശകുനിഃ (ഇ-പു-പ്ര-ഏ) ശകുന്തഃ ശകുനഃ ദ്വിജഃ (അ-പു-പ്ര-ഏ). പതത്രീ പത്രീ (ന-പു-പ്ര-ഏ) പതഗഃ (അ-പു-പ്ര-ഏ) പതൻ (ത-പു-പ്ര-ഏ) പത്രരഥഃ അണ്ഡജഃ (അ

പു-പ്ര-ഏ) നഗ്നൗകാഃ (സ-പു-പ്ര-ഏ) വാജീ (ന-പു-പ്ര-ഏ) വികിരഃ (അ-പു-പ്ര-ഏ) വിഃ (ഇ പു-പ്ര-ഏ) വിഷ്കിരഃ (അ പു-പ്ര-ഏ) പതത്രിഃ (ഇ-പു-പ്ര-ഏ) നീഡോദ്ഭവാഃ (അ-പു-പ്ര-ബ) ഗരുത്മന്തഃ പിശുന്തഃ (ത-പു-പ്ര-ബ) നഭസംഗമാഃ (അ-പു പ്ര-ബ)ബഹുത്വമുണ്ടെങ്കിലല്ലാതെ ബഹുവചനപ്രയോഗംവേണ്ട അതുകൊണ്ട് നീഡോദ്ഭവാഃ ഇത്യാദികളുടെ ഏകവചനങ്ങളെ കാണിക്കാം. നീഡോദ്ഭവഃ ഗരുത്മാൻ പിശുൻ നഭസംഗമഃ അനന്തരം മുൻപറഞ്ഞവതന്നെ ചൊന്ന വിശേഷിച്ചു പറയേണ്ടതുമില്ല. മേൽപറഞ്ഞ ശബ്ദങ്ങൾ ൨൭-ം പക്ഷിയുടെ പേരാകുന്നു. പതപത്രിഗരുത്മിങ്കൽ തമിഴ്ക്കുത്തിൽ വിഹായസഃ ചൊന്ന കാണിക്കപ്പെട്ടതു് അബദ്ധമാകുന്നു.

തേഷാം വിശേഷാ ഹാരീതോമല്ലഃ കാരണ്ഡവഃ പ്ലവഃ തിത്തിരിഃ കളഹോലാവാ ജീവഞ്ജീവശ്ചകോരകഃ. നാന

തേഷാംവിശേഷാഃചൊന്നതിനുപക്ഷികളുടെ വിശേഷങ്ങൾ പറയപ്പെടുന്നു എന്നർത്ഥമാകുന്നു. ഹാരീതഃ (അ-പു-പ്ര-ഏ)ചൂളപ്പക്ഷിയുടെ പേർ. മല്ലഃ(ഉ-പു-പ്ര-ഏ)നീർകാക്കയുടെ പേർ. കാരണ്ഡവഃ (അ-പു-പ്ര-ഏ) കുളക്കോഴിയുടെ പേർ. പ്ലവഃ (അ-പു-പ്ര-ഏ) മരക്കൊതാവെന്ന പക്ഷിയുടെ പേർ. തിത്തിരി(ഇ-പു-പ്ര-ഏ) ചിച്ചിരിപക്ഷിയുടെ പേർ. കളഹഃ (അ-പു-പ്ര-ഏ) ചെറുകരീലിന്റെ പേർ. ലാവഃ (അ-പു-പ്ര-ഏ) മീവൽപക്ഷിയുടെപേർ. ജീവഞ്ജീവഃ (അ-പു-പ്ര-ഏ) വട്ടച്ചാവലിന്റെപേർ. ചകോരകഃ (അ-പു-പ്ര-ഏ)ചകോരപ്പക്ഷിയുടെ പേർ. തിരസ്ചീനസ്തിരശ്ചീനഃ പുംസി ത്രയശ്ച ത്രയഃ്യപി തിരശ്ചിതിത്തിരശ്ച സ്യാത്തിത്തിരി. സൈത്തിരീയകഃ ചൊന്ന ശബ്ദച്ചൂഹതരംഗിണിയിലുണ്ടാകയാൽ തിത്തിരഃ കളഹോലാവഃ എന്നർത്ഥമാം. മയൂരപത്രശ്ചിത്രാംഗോജീവഞ്ജീവശ്ചജീവകഃ ജവാജീവസ്സുചുവസ്യാജ്ജീവജീവക ഇത്യപി ചൊന്ന ശബ്ദച്ചൂഹതരംഗിണിയിലുണ്ടാകയാൽ ജീവാജീവശ്ചകോരകഃ ചൊന്നം ജീവഞ്ജീവച്ചകോരകഃ ചൊന്നമാം. മഹേശ്വരടീകയിൽ കക്കുടഃ ചൊന്ന പാഠം കാണപ്പെടുന്നു. ഉപദേശം കകുടഃ ചൊന്നാകുന്നു.

കോയഷ്ടികഷ്ടിട്ടിഭകോ വത്തകോ വർത്തികാദയഃ
ഗരുൽ പക്ഷിഃ ച്ഛദഃ പത്രം പതത്രഞ്ച തന്നരുഹാം. ൧൭

കോയഷ്ടികഃ (അ-പു-പ്ര-ഏ) കള്ളൻകാണിയുടെ പേർ. ടിട്ടിഭകഃ (അ-പു-പ്ര-ഏ) കുതിരുലിക്കിപക്ഷിയുടെ പേർ. കോയഷ്ടികഷ്ടിടിഭകഃ ചൊന്നമാം. ടിട്ടിഭഷ്ടിടിട്ടിഭശ്ചാസഃ ചൊന്ന ശബ്ദ

ചമ്മീ (ന-പു-പ്ര-ഏ) ഫലകപാണിഃ (ഇ-പു-പ്ര-ഏ) ഇവ രു-ം വാൾപരിശക്കാരന്റെ പേർ. പതാകീ (ന-പു-പ്ര-ഏ) വൈജയന്തികഃ (അ-പു-പ്ര-ഏ) ഇവ് രു-ം കൊടിക്കൂറക്കാരന്റെ പേർ. അനുപ്ലവഃ അനുചരഃ സഹായഃ അഭിചരഃ (അ-പു-പ്ര-ഏ) ഇവ രു-ം സഹായക്കാരന്റെ പേർ. അനുപ്ലവസ്സഹായോऽനുചരശ്ചാഭി ചരസ്സമാഃ ഏന്നും പാഠമുണ്ട്.

പുരോഗാശ്ചാഗ്രസരഃപ്രത്യഗ്രതസ്സരപുരസ്സരാഃ
പുരോഗമഃ പുരോഗാമീ മനുഗാമീ തു മനുഗഃ. ൭൮

പുരോഗാഃ അഗ്രേസരഃ പ്രത്യഃ അഗ്രതസ്സരഃ പുരസ്സരഃ പുരോഗമഃ (അ-പു-പ്ര-ഏ) പുരോഗാമീ (ന-പു-പ്ര-ഏ) ഇവ മു-ം മുന്നിൽനടക്കുന്നവന്റെ പേർ. അഗ്രേസര എന്നതിന്റെ സ്ഥാനത്തു് അഗ്രസര എന്നുമാം. മനുഗാമീ (ന-പു-പ്ര-ഏ) മനുഗഃ (അ-പു-പ്ര-ഏ) ഇവ രു-ം പിന്നാലെ നടക്കുന്നവന്റെ പേർ.

ജംഘാലോതിജവസ്ത്വല്യൗ ജംഘാകരികജാംഘികൗ
തരസ്വീ ത്വരിതോ വേഗീ പ്രജവീ ജവനോ ജവഃ. ൭൯

ജംഘാലഃ അതിജവഃ (അ-പു-പ്ര ഏ) ഇവ രു-ം വേഗം നടക്കുന്നവന്റെ പേർ. ജംഘാരികഃ ജാംഘികഃ (അ-പു-പ്ര-ഏ) ഇവ രു-ം ജംഘാബലംകൊണ്ടു ജീവിക്കുന്നവന്റെ പേർ. മേൽ പറഞ്ഞവ രു-ം വേഗം നടക്കുന്നവന്റെപേർ ഏന്നും ഒരു പക്ഷമുണ്ടു്. ജംഘികോऽതിജവസ്ത്വല്യൗ ഏന്നും പാഠമുണ്ടു്. അപ്രകാരമായാൽ ജംഘാലഃ ഏന്നതിന്റെ സ്ഥാനത്തു ജംഘികഃ ഏന്നാക്കിക്കൊൾകയും വേണം. തരസ്വീ (ന-പു-പ്ര-ഏ) ത്വരിതഃ (അ-പു-പ്ര-ഏ) വേഗീ പ്രജവീ (ന-പു-പ്ര-ഏ) ജവനഃ ജവഃ (അ-പു-പ്ര-ഏ) ഇവ സു-ം വേഗമുള്ളവന്റെ പേർ.

ജയ്യോ യജ്ഞകൃതേ ജേത്രം ജേയോ ജേതവ്യമാത്രകേ
ജൈത്രസ്ത്വ ജേതാ യോ ന്യച്ചത്യുലം വിദ്വിഷതഃ പ്രതി. ൮൦
സോऽഭിമിത്ര്യോऽഭിമിത്രീണോപ്യഭിമിത്രിയ ഇത്യപി
ഉച്ഛ്രസ്വലസ്സ്യാദുച്ഛ്രസീയ ഉച്ഛ്രാതിശയാനിതഃ. ൮൧

ജയ്യഃ (അ-പു-പ്ര-ഏ) ജയിപ്പാൻ കഴിയപ്പെട്ടനവന്റെ പേർ. ജേയഃ (അ-പു-പ്ര-ഏ) ജയിക്കപ്പെടുവാൻ യോഗ്യന്റെ പേർ. ജൈത്രഃ (അ-പു-പ്ര ഏ) ജേതാ (ത്ര്-പു-പ്ര-ഏ) ഇവ പു-ം ജയിക്കുന്നവന്റെ പേർ. അഭൃമിത്ര്യഃ അഭൃമിത്രീയഃ അഭൃമിത്രീണഃ (അ-പു-പ്ര-ഏ) ഇവ ന-ം യാവനൊരുത്തൻ ശത്രുക്കളെക്കുറിച്ചു യുദ്ധത്തിന്നായിക്കൊണ്ടു നേരിട്ടടുക്കുന്നുവോ അവന്റെ പേർ. ഉഗ്രപ്രസവലഃ (അ-പു-പ്ര-ഏ) ഉഗ്രജസ്വീ (ന-പു പ്ര-ഏ) ഇവ പു-ം ബലവാനായിരിക്കുന്നവന്റെ പേർ. ഉഗ്രേജാടതിശയാനപിതഃ എന്നും പാഠമുണ്ടു്. ആ പക്ഷത്തിൽ ഉഗ്രജസ്സിന്റെ അതിശയത്തോടുകൂടിയവനെന്നും ഉഗ്രജസ്സു് ബലമെന്നും ധരിച്ചുകൊൾക. ഉഗ്രജാതിശയാനപിതഃ എന്നായാൽ ഉഗ്രജത്തിന്റെ അതിശയമെന്നും ഉഗ്രജം ബലമെന്നും ധരിച്ചുകൊൾക. ഉഗ്രജമെന്ന അകാരാന്തമായിട്ടും ഉഗ്രജഃ എന്ന സകാരാന്തമായിട്ടും രണ്ടുപ്രകാരേണ ശബ്ദമുണ്ടാകയാൽ രണ്ടുപാഠവും യുക്തംതന്നെ എങ്കിലും ഉഗ്രജാതിശയാനപിതഃ എന്നുള്ള പാഠം ഏറ്റവും നല്ലതാകുന്നു എന്നു് ഞാൻ വിചാരിക്കുന്നു.

സ്യാദുരസ്യാനുരസീലോ രഥിരോ രഥികോ രഥീ
കാമംഗമ്യനുഗാമീനോഹൃത്യന്തീനസ്ഥഥാട്ടശഃ. ൯൫

ഉരസ്യാൻ (ത-പു-പ്ര-ഏ) ഉരസീലഃ (അ-പു-പ്ര-ഏ) ഇവ പു-ം പരന്ന മാറിടത്തോടുകൂടിയവന്റെ പേർ. രഥിഃ രഥികഃ (അ-പു-പ്ര-ഏ) രഥീ (ന-പു-പ്ര-ഏ) ഇവ ന-ം രഥസ്വാമിയുടെ പേർ. രഥസ്വാമി=തേരിന്റെ ഉടമസ്ഥൻ. അനുഗാമീനഃ (അ-പു-പ്ര-ഏ) യഥേച്ഛമാകുംവണ്ണം ഗമിക്കുന്നവന്റെ പേർ. അത്യന്തീനഃ (അ-പു-പ്ര-ഏ) ഏറ്റം നടക്കുന്നവന്റെ പേർ.

ശൂരോ വീരശ്ച വിക്രാന്തോ ജേതാ ജിഷ്ണുശ്ച ജിത്വരഃ
സാംയുഗീനോ രണേ സാധുശ്ശസ്ത്രാജീവാദയസ്ത്രിഷു. ൯൬

ശൂരഃ വീരഃ വിക്രാന്തഃ (അ-പു-പ്ര-ഏ) ഇവ പു-ം പരാക്രമിയുടെ പേർ. ജേതാ (ത്ര്-പു-പ്ര-ഏ) ജിഷ്ണുഃ (ഉ-പു-പ്ര്-ഏ) ജിത്വരഃ (അ-പു-പ്ര-ഏ) ഇവ പു-ം ജയശീലന്റെ പേർ. സാംയുഗീനഃ (അ-പു-പ്ര-ഏ) യുദ്ധസമർത്ഥന്റെ പേർ. ശസ്ത്രാജീവാദയസ്ത്രിഷു പുന്നതിന്നു് ശസ്ത്രാജീവഃ എന്നതുതുടങ്ങി സാംയുഗീനഃ എന്നതുവരെ ഉള്ള ശബ്ദങ്ങൾ ത്രിലിംഗങ്ങളാകുന്നു എന്നർത്ഥമാകുന്നു.

ധ്വജിനീ വ്യൂഹിനീ സേനാ പൃതനാനീകിനീ ചമൂഃ
വാഹിനീ ബലം കസൈന്യം ചക്രഞ്ചാനീകമസ്ത്രിയാം. ൯൭

ധ്വജിനീ വാഹിനീ (ഈ-സ്ത്രീ-പ്ര-ഏ) സേനാ പൃതനാ (ആ-സ്ത്രീ-പ്ര-ഏ) അനീകിനീ (ഈ-സ്ത്രീ-പ്ര-ഏ) ചമൂഃ (ഊ-സ്ത്രീ-പ്ര-ഏ) വരൂഥിനി (ഈ-സ്ത്രീ-പ്ര-ഏ) ബലം സൈന്യം ചക്രം (അ-ന-പ്ര-ഏ) അനീകം (അ-ന പ്ര-ഏ) പുല്ലിംഗമായിട്ടു മാം. ഇവ ഛ-ം സേനയുടെ പേർ.

വ്യൂഹസ്തു ബലവിന്യാസോ ഭേദോദണ്ഡാദനോയുധി
പ്രത്യാസാരോ വ്യൂഹപാർഷ്ണിസ്സൈന്യപൃഷ്ഠേ പരിഗ്രഹഃ

വ്യൂഹഃ (അ-പു-പ്ര-ഏ) ബലവിന്യാസത്തിന്റെ പേർ. ബലവിന്യാസം=ബലത്തിന്റെ വിന്യാസം. ബലം=സൈന്യം വിന്യാസം=വേണ്ടംപ്രകാരമുള്ള നിറുത്തൽ. മുഖേരഥാഹയഃ പൃഷ്ഠേ തൽപൃഷ്ഠേ ച പദാതയഃപാർശ്വയോശ്ചഗജാഃ കാര്യ്യാവ്യൂഹോയംപരികീർത്തിതഃ ഇത്യാദിവചനത്തെ അനുസരിച്ചു അഗ്രത്തിങ്കൽ തേരുകളും അതുകളുടെ പിന്നിൽ അശ്വങ്ങളും അതുകളുടെ പിന്നിൽ കാലാളുകളും ഇരുഭാഗങ്ങളിൽ ഗജങ്ങളുമായിവരുംവിധത്തിൽ സൈന്യത്തെ നിറുത്തിയാൽ അതിനു വ്യൂഹമെന്നു പേരാകുന്നു എന്നറിഞ്ഞു കൊൾക. ഭേദോദണ്ഡാദനോയുധി എന്നതിനു യുദ്ധത്തിങ്കൽ ദണ്ഡാദികളാകുന്ന ഭേദങ്ങൾ വ്യൂഹത്തിനു ഭവിക്കുന്നു എന്നർത്ഥമാകുന്നു, ദണ്ഡവ്യൂഹം, ഭോഗിവ്യൂഹം, മണ്ഡലവ്യൂഹം, ചക്രവ്യൂഹം ഇത്യാദികൾ യുദ്ധത്തിനായിക്കൊണ്ടുള്ള ബലവിന്യാസത്തിന്റെ ആകൃതിഭേദത്തെ അനുസരിച്ചു പറകപ്പെടുന്ന പേരുകളാകുന്നു എന്നു സാരത്തെ ഗ്രഹിച്ചു കൊൾക. ദണ്ഡവ്യൂഹാദികളുടെ ലക്ഷണങ്ങൾ കാമന്ദകീയം മുതലായ ഗ്രന്ഥങ്ങളിൽ കാണ്മാനുണ്ടു്. എങ്കിലും വിസ്തരഭയം ഹേതുവായിട്ടു ഇവിടെ പ്രസംഗിക്കുന്നില്ല. പ്രത്യാസാരഃ (അ-പു-പ്ര-ഏ) വ്യൂഹപൃഷ്ഠഭാഗത്തിന്റെ പേർ. പ്രതിഗ്രഹഃ (അ-പു-പ്ര-ഏ) സൈന്യപൃഷ്ഠഭാഗത്തിന്റെ പേർ.

ഏകൈകഭൈകരഥാ ത്രൃശാ പത്തിഃ പഞ്ചപദാതികാ
പാത്ത്യംഗൈസ്ത്രിഗുണൈസ്സ്വൈഃ ക്രമാദാഖ്യാ യഥോത്തരം

സേനാമുഖം ഗുല്മഗണൌ വാഹിനീ പൃതനാ ചമൂഃ
അനീകിനീ ദശാനീകിന്യക്ഷൌഹിണ്യഥ സംപദി. ൧൫

സംപത്തിഃ ശ്രീശ്ചലക്ഷ്മീശ്ച വിപത്ത്യാവിപദാപദൌ
ആയുധന്തു പ്രഹരണം ശസ്ത്രമസ്ത്രമഥാസ്ത്രിയാം. ൧൬

ധനുശ്ചാപൌ ധനുശ്ശരാസനകോദണ്ഡകാർമ്മുകം
ജ്യാഗുണോവ്യൂഢ കണ്ഠ്യസ്യകാളപ്പുഷ്പം ശരാസനം. ൧൭

ഏകേഭാ ഏകരഥാ ത്രയശ്വാ (അ-സ്ത്രീ-പ്ര-ഏ) പത്തിഃ(അ-സ്ത്രീ-പ്ര-ഏ)പഞ്ചപദാതികാ (അ-സ്ത്രീ-പ്ര-ഏ) ഏകേഭാഏകരഥാത്രയശ്വാപഞ്ചപദാതികാ സേനാ പത്തിഃചിന്നനപുംസകമാകുന്നു. ഏകേഭയായി ഏകരഥയായി ത്രയശ്വയായിപഞ്ചപദാതികയായിരിക്കുന്ന സേനാ പത്തിയായി ഭവിക്കുന്നു എന്നു് അനപുംസകമാകുന്നു. ഏകേഭാ=ഏകമായിരിക്കുന്ന ഇഭത്തോടുകൂടിയതു്. ഏകം=ഒന്നു്. ഇഭം=ഗജം. ഏകരഥാ=ഏകമായിരിക്കുന്ന രഥത്തോടുകൂടിയതു്. രഥം=തേർ ത്രയശ്വാ=മൂന്നു അശ്വങ്ങളോടുകൂടിയതു്. അശ്വങ്ങൾ=കുതിരകൾ. പഞ്ചപദാതിക=അഞ്ചു പദാതികളോടുകൂടിയതു്. പദാതികൾ=കാലാളുകൾ. ഇങ്ങനെ പരിഭാഷകളെ ഗ്രഹിച്ചുകൊൾക. ഒരു ഗജത്തോടും ഒരു തേരോടും മൂന്നുകുതിരകളോടും അഞ്ചു കാലാളുകളോടുംകൂടിയ സേനയ്ക്കു പത്തി എന്നു പേരാകുന്നു എന്നു മേൽപറഞ്ഞതിന്റെ സാരമെന്നും ഗ്രഹിച്ചുകൊൾക. പത്ത്യംഗൈഃ ത്രിഗുണൈഃ സപ്തഭിഃ (അ-ന-ത്ര-ബ) ക്രമാൽ (അ-പു-പ്ര-ഏ) അക്ഷൗഹിണീ (അ-സ്ത്രീ-പ്ര-ബ) യഃഥോത്തരം (അ) സേനാമുഖം (അ-ന-പ്ര-ബ) ഗുല്മഃ ഗണഃ (അ-പു-പ്ര-ഏ) വാഹിനീ (ഈ-സ്ത്രീ-പ്ര-ഏ)പൃതനാ(അ-സ്ത്രീ-പ്ര-ഏ) ചമൂഃ (ഊ-സ്ത്രീ-പ്ര-ഏ) അനീകിനീ ദശാനീകിനീ അക്ഷൗഹിണീ (ഈ-സ്ത്രീ-പ്ര-ഏ) പത്ത്യംഗൈഃ ത്രിഗുണൈഃ സപ്തഭിഃ ച യഥോത്തരംക്രമാൽ സേനാമുഖം ഗുല്മഃ ഗണഃ വാഹിനീ പൃതനാ ചമൂഃ അനീകിനീ ദശാനീകിനീ അക്ഷൗഹണീ അക്ഷൗഹിണീ എന്നനപുംസകമാകുന്നു. ത്രിഗുണങ്ങളായിരിക്കുന്ന പത്ത്യംഗങ്ങൾകൊണ്ടും ത്രിഗുണങ്ങളായിരിക്കുന്ന സപ്തഭിഃ അങ്ങോട്ടങ്ങോട്ടു ക്രമണ സേനാമുഖം ഗുല്മം ഗണം വാഹിനി പൃതനാ ചമൂ അനീകിനീ ദശാനീകിനീ അക്ഷൗഹിണീ എന്നിപ്രകാരം അഭ്യുകൾ ഭവിക്കുന്നു എന്നു് അനപുംസകമാകുന്നു. ത്രിഗുണങ്ങൾ=മൂന്നിൽ പെരുക്കിയവ. പത്ത്യംഗങ്ങൾ=പത്തിയുടെ അംഗങ്ങൾ. പത്തി=മേല്പറഞ്ഞതുതന്നെ. അംഗങ്ങൾ=ആനമുതലായവ. സപ്തഭിഃ=സേനാമുഖാദിയാകുന്ന ഏഴതാതിന്റെ അംഗങ്ങൾ. അഭ്യുകൾ=പേരുകൾ. ഇങ്ങിനെ പരിഭാഷകളെ ഗ്രഹിച്ചുകൊൾക. പത്തി എന്നു മേൽപറകപ്പെട്ടതായ സേനയുടെ അംഗങ്ങളായ ആന, തേർ, കുതിര, കാലാൾ, ഇന്നിവകൾതങ്ങളുടെ സംഖ്യ മൂന്നിൽ പെരുക്കിയാൽ ഉണ്ടാകുന്ന സംഖ്യകളോടു ചേർന്നുകളാണിരുന്നാൽ ആസേനയ്ക്കു സേനാമുഖമെന്നു പേരാകുന്നു എന്നും സേനാമുഖത്തിന്റെ അംഗങ്ങൾ മേൽപ്രകാരമായാൽ ഗുല്മമെന്നു പേരാകുന്നു എന്നും ഗു

ലൃത്തിന്റെ അംഗങ്ങൾ മേൽപ്രകാരമായാൽ ഗണമെന്നു പേരാകുന്നു എന്നും ഗണത്തിന്റെ അംഗങ്ങൾ മേൽപ്രകാരമായാൽ വാഹിനീ എന്നു പേരാകുന്നു എന്നും വാഹിനിയുടെ അംഗങ്ങൾ മേൽപ്രകാരമായാൽ പൃതനാ എന്നു പേരാകുന്നു എന്നും പൃതനയുടെ അംഗങ്ങൾ മേൽപ്രകാരമായാൽ ചമൂ എന്നു പേരാകുന്നു എന്നും ചമുവിന്റെ അംഗങ്ങൾ മേൽപ്രകാരമായാൽ അനീകിനീ എന്നു പേരാകുന്നു എന്നും അനീകിനിയുടെ അംഗങ്ങൾ മേൽപ്രകാരമാകയാൽ ദശാനീകിനീ എന്നു പേരാകുന്നു. എന്നും ദശാനീകിനിയുടെ അംഗങ്ങൾ മേൽപ്രകാരമായാൽ അക്ഷൗഹിണീ എന്നു പേരാകുന്നു എന്നും മേൽപറഞ്ഞതിന്റെ സാരമെന്നു ഗ്രഹിച്ചുകൊൾക. സേനാമുഖാദികളുടെ അംഗസംഖ്യകളെ ഇതിനു താഴെ സുഖബോധത്തിനായി കാണിക്കുന്നു.

സമ്പൽ (ദ-സ്ത്രീ-പ്ര-ഏ) സമ്പത്തിഃ(ഇ-സ്ത്രീ-പ്ര-ഏ) ശ്രീഃ ലക്ഷ്മീഃ (ഈ-സ്ത്രീ-പ്ര-ഏ) ഇവ രു-ം സമ്പത്തിന്റെ പേർ. വിപത്തിഃ (ഇ-സ്ത്രീ-പ്ര-ഏ) വിപൽ ആപൽ (ദ-സ്ത്രീ-പ്ര-ഏ) ഇവ നു-ം ആപത്തിന്റെ പേർ. ആയുധം പ്രഹരണം ശസ്ത്രം അസ്ത്രം (അ-ന-പ്ര-ഏ) ഇവ രു-ം ആയുധത്തിന്റെ പേർ. ധനുഃ (സ-പു-പ്ര-ഏ) നപുംസകലിംഗമായിട്ടുമാം. അതുയുമല്ല ധനുഃ എന്നു° ഉകാരാന്തമായിട്ടും പ്രയോഗിക്കാം. ചാപഃ (അ-പു-പ്ര-ഏ) നപുംസകലിംഗമായിട്ടുമാം. ധനു (ന-ന-പ്ര-ഏ) ധനുഃ എന്നു അകാരാന്തമായിട്ടുമാം. ശരാസനം കോദണ്ഡം കാർമ്മുകം (അ-ന-പ്ര-ഏ) ഇഷ്വാസഃ (അ-പു-പ്ര-ഏ) ഇവ ശ-ം വില്ലിന്റെ പേർ. കാളപൃഷ്ഠം (അ-ന-പ്ര-ഏ) കണ്ണന്റെ വില്ലിന്റെ പേർ.

കപിധ്വജസ്യ ഗാണ്ഡീവ ഗാണ്ഡിവൌ പുന്നപുംസകൌ
കോടിരസ്യാടനിർദ്ദ്രോധേ തലേ ജ്യാഘാതവാരണേ. ൧൨

ഗാണ്ഡീവഃ ഗാണ്ഡിവഃ (അ-പു-പ്ര-ഏ.) നപുംസകലിംഗങ്ങളായിട്ടുമാം. ഇവ ഫ-ം അർജ്ജുനന്റെ വില്ലിന്റെ പേർ. അടനിഃ (ഇ-സ്ത്രീ-പ്ര-ഏ) അടനീ എന്നു ഈകാരാന്തമായിട്ടുമാം വില്ലിന്റെ അഗ്രങ്ങളുടെ പേർ. ദ്രോധേ (അ-സ്ത്രീ-പ്ര-ദ്വി) തലേ (അ-ന-പ്ര-ദ്വി.)ഇവ ഫ ം വില്ലിന്റെ ഞാണ് കൈത്തണ്ടിന്മേൽ കൊള്ളാതെ ഇരിപ്പാൻ വേണ്ടി കെട്ടുന്ന കൈത്തോലി*ന്റെ പേർ.

വസ്തുകസ്യുധനുർമ്മധ്യം മൌർവ്വീ ജ്യാ ശിഞ്ജിനീ ഗുണഃ
സ്യാൽ പ്രത്യാലീഢമാലീഢമിത്യാദിസ്ഥാനപഞ്ചകം. ൧൩

ആദ്യം	3	൯	27	81	243	729	2187	6561	19683
തുക	3	9	27	81	243	729	2187	6561	19683
കൃതിക	9	27	81	243	729	2187	6561	19683	59049
കാലാന്തം	15	45	135	405	1215	3645	10935	32805	98415

ലസ്കകഃ (അ-പു-പ്ര-ഏ) വില്ലിന്റെ നടുവിന്റെ പേർ. മൌർവ്വീ (ഈ-സ്ത്രീ-പ്ര-ഏ) ജ്യാ (ആ-സ്ത്രീ-പ്ര-ഏ) ശിഞ്ജിനീ (ഈ-സ്ത്രീ-പ്ര-ഏ) ഗുണഃ (അ-പു-പ്ര-ഏ) ഇവ രു-ം ഞാണിന്റെ പേർ. പ്രത്യാലീഢം ആലീഢം (അ-ന-പ്ര-ഏ) ഇത്യാദി എന്നുണ്ടാകയാൽ ഗ്രഹിക്കേണ്ടവ സമപദം വൈശാഖം മണ്ഡലം (അ-ന-പ്ര-ഏ) ഇവ ദ-ം വില്ലാളികളുടെ ഓരോവിധമുള്ള നിലയ്ക്കേത്തിന്റെ പേർ. ഇടത്തേക്കാലിന്റെ മുട്ടിന്റെ താഴെ ഭാഗം നീത്തിയും വലത്തേക്കാലിന്റെ മുട്ടിന്റെ താഴെഭാഗം നീത്താതെയുമുള്ള നില്പിനെ പ്രത്യാലീഢമെന്നു പറയുന്നു. പ്രത്യാലീഢത്തിന്റെ ജംഘാപ്രസാര സങ്കോചങ്ങൾ വിപരീതങ്ങളായാൽ ആലീഢമാകയും ചെയ്യും. സമതോന കാലുകളെ വച്ചിട്ടുള്ള നില്പിനെ സമപദമെന്നു പറയുന്നു. ദ്വാദശാംഗുലപ്രമാണമായ അന്തരത്തോടുകൂടിയും വിഷ്ണും കാലുകളെ വച്ചുനില്ക്കുന്നതിനു വൈശാഖമെന്നുപേരാകുന്നു. മണ്ഡലാകാരേണ കാലുകളെ വച്ചു നിൽക്കുന്നതിനു മണ്ഡലമെന്നു പേരാകുന്നു.

ലക്ഷ്യം ലക്ഷ്യം ശരവ്യഞ്ച ശരാഭ്യാസ ഉപാസനം
പൃഷ്ഠതഃകബ്ബാണവിശിഖാഅജ്ഞിഫമഗപദാശ്ചഗാഃ. പുനഃ
കളംബമാഗ്രണശരാഃ പത്രീ രോപ ഇഷ്വർദ്ധയോഃ
പ്രക്ഷ്വേളനാസ്തു നാരാചാഃ പക്ഷ്യോ വാജഃസ്ത്രിഷ്വൃത്തരേ.
നിശസ്ത്രഃ പ്രഹിതേബാണേ വിഷ്വാക്കേ ദിഗ്ഭലിപ്സകെ
ത്രുണോപാസംഗത്രുണീരനിഷംഗാ ഇഷുധിർദ്ധയോഃ. പുപ
ത്രുണ്യാം ഖഡ്ഗേ തു നിസ്ത്രിംശശ്ചന്ദ്രഹാസാസിരിഷ്ടയഃ
കൌക്ഷേയകോ മണ്ഡലാഗ്രഃ കരവാളഃ കൃപാണവൽ. പുൻ

ലക്ഷ്യം ലക്ഷ്യം ശരവ്യം (അ-ന-പ്ര-ഏ) ഇവ ന-ം ലാക്കിന്റെ പേർ. ശരാഭ്യാസഃ (അ-പു-പ്ര-ഏ) ഉപാസനം (അ-ന-പ്ര-ഏ) ഇവ ഫ-ം വില്ലുയറിന്റെ പേർ. പൃഷ്ഠൽകഃ ബാണഃ വിശിഖഃ അജ്ഞിഫമഗഃ പഗഃ ആശുഗഃ കളംബഃ മാഗ്രണഃ ശരഃ (അ-പു-പ്ര-ഏ) സരഃ എന്നും പ്രയോഗിക്കാം. ചിത്രപുംഖസ്സരശ്ശരഃ എന്നു കോശാന്തരമുണ്ട്. പത്രീ (ന-പു-പ്ര-ഏ) രോപഃ (അ-പു-പ്ര-ഏ) ഇഷുഃ (ഉ-പു-പ്ര-ഏ) സ്ത്രീലിംഗമായിട്ടും പ്രയോഗിക്കാം ഇവ ഫ-ം അമ്പിന്റെ പേർ. പ്രക്ഷ്വേളനാഃ (അ-പു-പ്ര-ബ) പ്രക്ഷ്വേഡനാഃ എന്നുമാം. പ്രക്ഷ്വേദനാഃ എന്നും പാഠമുണ്ട്. നാരാചാഃ (അ-പു-പ്ര-ബ) ഇവ ഫ-ം ഇരുമ്പുകൊണ്ടുണ്ടാക്കപ്പെട്ട ശരങ്ങളുടെ പേർ. പക്ഷഃ വാജഃ (അ-പു-പ്ര-ഏ) ഇവ ഫ-ം അമ്പിന്റെ കടയ്ക്കലെ തൂവലിന്റെ പേർ. ത്രിഷ്വൃത്തരേ എന്നതി

ന്നഃ ഇനി പറവാൻ പോകുന്ന നിരസ്താദിലിപ്തകാന്തങ്ങളായ ശബ്ദങ്ങൾ ത്രിലിംഗങ്ങളാകുന്നു എന്നു് അർത്ഥമാകുന്നു. നിരസ്തഃ (അ-പു-പ്ര-ഏ) അയച്ചുകളഞ്ഞ അമ്പിന്റെ പേർ. ദിഗ്ധഃ ലിപ്തകഃ (അ-പു-പ്ര-ഏ) ഇവ വ-ം വിഷം പുരട്ടിയ അമ്പിന്റെ പേർ. തൂണഃ ഉപാസംഗഃ തൂണീരഃ നിഷംഗഃ (അ-പു-പ്ര-ഏ) ഇഷുധിഃ (ഇ-പു-പ്ര-ഏ) സ്ത്രീലിംഗമായിട്ടും പ്രയോഗിക്കാം. തൂണീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ന-ം ആവനാഴിയുടെ പേർ. ഖഡ്ഗഃ നിസ്ത്രിംശഃ ചന്ദ്രഹാസഃ (അ-പു-പ്ര-ഏ) അസിഃ ഋഷ്ടിഃ (ഇ-പു-പ്ര-ഏ) ഋഷ്ടിഃ ശബ്ദത്തിന്റെ സ്ഥാനത്തിങ്കൽ ഋഷ്ടി ശബ്ദത്തെ ചേർത്തിട്ടും ചൊല്ലാം. കൌക്ഷേയകഃ മണ്ഡലാഗ്രഃ കരവാളഃ കൃപാണഃ (അ-പു-പ്ര-ഏ) കരവാളഃ എന്നതിന്റെ സ്ഥാനത്തു കരപാല എന്നുമാം. ഇവ ൻ-ം വാളിന്റെ പേർ.

സങ്കഃ ഖഡ്ഗാദിമുഷ്ടൗ സ്യാന്മേഖലാ തന്നിബന്ധനം
ഫലകോസ്ത്രീഫലഞ്ചാസ്യ സംഗ്രാഹോ മുഷ്ടിരസ്യയഃ. ൯൦

സങ്കഃ (ഉ-പു-പ്ര-ഏ) വാൾ മുതലായതിന്റെ പിടിയുടെ പേർ. മേഖലാ (ആ-സ്ത്രീ-പ്ര-ഏ) വാളു കൈയിൽനിന്നുവീണുപോകാതെ ഇരിപ്പാൻവേണ്ടി വാൾമുട്ടിയിടത്തിലും വാൾ ക്കാരന്റെ മണിക്കണ്ടത്തിന്മേലും കെട്ടിക്കെട്ടുവാനുള്ള കച്ചയുടെ പേർ. ഫലകഃ (അ-പു-പ്ര-ഏ) ഫലകമെന്നു നപുംസകലിംഗമായിട്ടുമാം. ഫലം (അ-പു-പ്ര-ഏ) ചർമ്മ (ന-ന-പ്ര-ഏ) ഇവ ന-ം പരിചയുടെ പേർ. സംഗ്രാഹഃ (അ-പു-പ്ര-ഏ) പരിച കൈകൊണ്ടു പിടിപ്പാനുള്ള സ്ഥാനത്തിന്റെ പേർ.

ദ്രുഘണോ മുദ്ഗരഘാനൌ സ്യാദിളീ കരവാളികാ
ഭിന്ദിപാലസ്സ്യാദസ്ത്രേ പരിഘഃ പരിഘാതനഃ. ൯൧

ദ്രുഘണഃ മുദ്ഗരഃ ഘനഃ (അ-പു-പ്ര-ഏ) ഇവ ന-ം മുൾത്തടിയുടെ പേർ. ഇളീ (ഈ-സ്ത്രീ-പ്ര-ഏ) കരവാളികാ (അ-സ്ത്രീ-പ്ര-ഏ) ഇവ ര-ം മെറുവാളിന്റെ പേർ. ഭിന്ദിപാലഃ സ്യൂഗഃ (അ-പു-പ്ര-ഏ) ഇവ ര-ം കവണയുടെ പേർ. പരിഘഃ പരിഘാതനഃ (അ-പു-പ്ര-ഏ) ഇവ ര-ം ഇരുമ്പുലക്കയുടെ പേർ.

ഉദയാഃ കൂടാരസ്സ്യാദിതിഃ പരശ്ചാപരാപരൌ
സ്യാച്ഛക്തിസ്ത്രീ ചാസിധേനുകാ. ൯൨

കൂടാരഃ (അ-പു-പ്ര-ഏ) സ്ത്രീലിംഗമായിട്ടും പ്രയോഗിക്കാം. സ്ത്രീലിംഗമായാൽ കൂടാരി എന്നാകുന്നു. സ്യാധിതിഃ (ഇ-പു-പ്ര-ഏ) പരശ്ചഃ (ഉ-പു-പ്ര-ഏ) പരശ്വധഃ (അ-പു-പ്ര-ഏ) പര

സാധഃ എന്നുമാം. ഇവ രു-ം വൈണമഴുവിന്റെ പേർ. ശസ്ത്രീ അസിപത്രീ (ഈ-സ്ത്രീ-പ്ര-ഏ) മർശ്ശനികാ അസിധേനുകാ (അ-സ്ത്രീ-പ്ര-ഏ) ഇവ രു-ം മുഷ്ടികയുടെ പേർ. തമിഴ്ക്കത്തിൽ കാണുന്നതു സ്യാച്ഛസ്ത്രീചാസ്യപുത്രീച ക്ഷുരികാചാസിധേനുകാ എന്നാകുന്നു. മറ്റും അനേക പുസ്തകങ്ങളിലുമപ്രകാരംതന്നെ കാണുന്നു. മഹേശ്വരടീകയിൽ സ്യാച്ഛസ്ത്രീചാസിപുത്രീച മർശ്ശനികാചാസിധേനുകാ എന്നാകുന്നു. രണ്ടു പാഠങ്ങളും നിർദ്ദോഷങ്ങളാകുന്നു എന്നതിനു ഇവിടെ വിചാരിക്കേണ്ടതു്.

വാ പുംസി ശല്യം ശംകുർന്നാ സവ്വലാ തോമരോSസ്ത്രിയാം
പ്രാസസ്ത്വ കുന്തഃ കോണസ്ത്വ സ്ത്രിയഃ പാളിശ്ശ്രീകോടയഃ.

ശല്യം (അ-ന-പ്ര-ഏ) പുല്ലിംഗമായിട്ടുമാം. ശംകുഃ(ഉ-പു-പ്ര-ഏ) ഇവ ക-ം അമ്പിന്റെ അഗ്രത്തിങ്കൽ ഇരിമ്പുകൊണ്ടു മൂർച്ചയോടുകൂടിയതായി ഉണ്ടാക്കിവെക്കുന്ന നാക്കിന്റെ പേർ. സവ്വലാ (അ-സ്ത്രീ-പ്ര-ഏ) തോമരഃ (അ-പു-പ്ര-ഏ) ഇവ ക-ം തോമരമെന്ന ആയുധത്തിന്റെ പേർ. തോമരമെന്നതു് മന്മഥബാണാകാരമായ ഒരു ആയുധമത്രേ ആകുന്നതു്. ശല്യാദി നാലും തോമരത്തിന്റെ പേർ എന്നും ഒരു മതമുണ്ടു്. പ്രാസഃ കുന്തഃ (അ-പു-പ്ര-ഏ) ഇവ ക-ം കുന്തത്തിന്റെ പേർ. കോണഃ(അ-പു-പ്ര-ഏ) പാളിഃ അശ്രിഃ കോടിഃ (ഇ-സ്ത്രീ-പ്ര-ഏ) ഇവ രു-ം വാൾ മുതലായ ആയുധങ്ങളുടെ വായ്ത്തലയുടെ പേർ.

സവ്വാഭിസാരസ്സവ്വൌഘസ്സവ്വസന്നാഹനാർത്ഥകഃ
ലോഹാഭിസാരോസ്ത്രുഭതാം രാജ്ഞാംനീരാജനാവിധിഃ.

സവ്വാഭിസാരഃ സവ്വൌഘഃ (അ-പു-പ്ര-ഏ) സവ്വസന്നാഹനം (അ-ന-പ്ര-ഏ) ഇവ ന-ം ചതുരംഗസൈന്യസന്നാഹത്തിന്റെ പേർ. ലോഹാഭിസാരഃ (അ-പു-പ്ര-ഏ) ആയുധപാണികളായിരിക്കുന്ന രാജാക്കന്മാർക്കു യുദ്ധത്തിനു പുറപ്പെട്ടുമ്പോൾ ചെയ്യേണ്ടതായ നീരാജനയുടെ പേർ. നീരാജനാ=തിരിയുഴിച്ചിൽ.

യത്സേനയാഭിഗമനമത്രൌ തദഭിഷ്പണനം
യാത്രാ പ്രജ്യാഭിനിസ്ക്രാണം പ്രസ്ഥാനം ഗമനം ഗമഃ. ൻ൫

അഭിഷ്പണനം (അ-ന-പ്ര-ഏ) സൈന്യത്തോടുകൂടെ ശത്രുവിന്റെനേരേ എഴുന്നിക്കുന്നതിന്റെ പേർ യാത്രാ പ്രജ്യാ (അ-സ്ത്രീ പ്ര-ഏ) അഭിനിസ്ക്രാണം പ്രസ്ഥാനം ഗമനം (അ-ന-പ്ര-ഏ) ഗമഃ (അ-പു-പ്ര-ഏ) ഇവ സ-ം യാത്രയുടെ പേർ.

സ്യാദ്ദാസാരഃ പ്രസരണം പ്രചക്രം ചലിതാർത്ഥകം
അഥിതാൻ പ്രത്യുഭിതസ്യ മരണേ യാനമഭിക്രമഃ, ൻസ

ആസാരഃ (അ-പു-പ്ര-ഏ) പ്രസരണം (അ-ന-പ്ര-ഏ)ഇവ ൨-ം സൈന്യത്തിന്റെ സവ്യദക്ഷിണങ്ങളിലുമുള്ള വ്യാപൃതിയുടെ പേർ. പ്രചക്രം ചലിതം (അ-ന-പ്ര-ഏ) ഇവ ൨-ം പുറപ്പെട്ട സൈന്യത്തിന്റെ പേർ. അഭിക്രമഃ (അ-പു-പ്ര-ഏ) ശത്രുക്കളുടെനേരേയപ്പെടാതെ പുറപ്പെട്ടു ചെല്ലുന്നതിന്റെ പേർ.

വൈതാളികാ ബോധകരാശ്ചാക്രികാ ഛാണ്ഡികാർത്ഥകാഃ
സൂമ്മാഗധാസ്തു മഗധാ വന്ദിനഃ സ്തുതിപാഠകാഃ. ൯൭

വൈതാളികാഃ ബോധകരാഃ (അ-പു-പ്ര-ബ) ഇവ ൨-ം രാജാക്കന്മാരുടെ നിദ്രാനിവൃത്തിക്കായിക്കൊണ്ടു പാടുന്നവരുടെപേർ ചാക്രികാഃ ഛാണ്ഡികാഃ (അ-പു-പ്ര-ബ) ഇവ ൨-ം മണികൊട്ടുന്നവരുടെ പേർ. മാഗധാഃ മഗധാഃ (അ-പു-പ്ര-ബ) ഇവ ൨-ം രാജാക്കന്മാരുടെ അഗ്രത്തിങ്കൽ വംശക്രമത്തെ സ്തുതിക്കുന്നവരുടെ പേർ. മഗധാ എന്നതിന്റെ സ്ഥാനത്തിങ്കൽ മധുകാഃ എന്നു ചേത്തിട്ടും പാഠമുണ്ട്. വന്ദിനഃ (ന-പു-പ്ര-ബ) സ്തുതിപാഠകാഃ (അ-പു-പ്ര-ബ) ഇവ ൨-ം രാജാക്കന്മാരെ സ്തുതിക്കുന്നവരുടെ പേർ. മാഗധാദി നാലും ഏകാർത്ഥങ്ങളാകുന്നു എന്നും ഒരു മതമുണ്ട്.

സംശപ്തകാസ്തു സമയാൽ സംഗ്രാമാദനിവർത്തിനഃ
രേണവർദ്ധയോഃസ്ത്രിയാംധൂളിഃ പാംസുർന്നംനദ്വയോരജഃ.
ചൂർണ്ണഃകേഷ്യാദസ്സുമൽപിഞ്ജപിഞ്ജരൌ ഭൂശമാകുലേ
പതാകാ വൈജയന്തീ സ്യാൽ കേതനംധ്വജമസ്ത്രിയാം.

സംശപ്തകാഃ (അ-പു-പ്ര-ബ) പ്രതിജ്ഞാഹേതുവായിട്ടു യുദ്ധത്തിങ്കൽനിന്നു പിന്തിരിയാത്തവരുടെ പേർ. രേണുഃ (ഉ-പു-പ്ര-ഏ) സ്ത്രീലിംഗമായിട്ടുമാം. ധൂളിഃ (ഈ-സ്ത്രീ-പ്ര-ഏ) പാംസുഃ (ഉ-പു-പ്ര-ഏ) പാംശുഃ എന്നുമാമെന്നു മഹേശ്വടീകയിൽ പറഞ്ഞിരിക്കുന്നു. രജഃ (സ-ന-പ്ര-ഏ)ഇവ രു-ം പൊടിയുടെ പേർ. ചൂർണ്ണഃ (അ-പു-പ്ര-ഏ) നപുംസകമായിട്ടുമാമെന്നു മഹേശ്വടീകയിൽ സൂക്ഷ്മമാകുന്നു. കേഷ്യാദഃ (അ-പു-പ്ര-ഏ) ഇവ ൨-ം അരത്തൂപൊടിച്ച പൊടിയുടെ പേർ. രേണുഃ എന്നുതുടങ്ങി കേഷ്യാദഃ എന്നതുവരെ ഉള്ള ശബ്ദങ്ങൾ സ-ം പൊടിയുടെ പേർ എന്നും ഒരു മതമുണ്ട്. സുമൽപിഞ്ജഃ പിഞ്ജലഃ (അ-പു-പ്ര-ഏ) ഇവ ൨-ം ഏറ്റവും ആകുലമായിരിക്കുന്ന സൈന്യാടിയുടെ പേർ. ആകുലം=പരവശപ്പെട്ടതു്. പതാകാ (അ-സ്ത്രീ-പ്ര-ഏ) വൈജയന്തീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ൨-ം കൊടിക്കൂറയുടെ പേർ, കേത

നം (അ-ന-പ്ര-ഏ) ധ്വജം (അ-ന-പ്ര-ഏ) പുല്ലിംഗമായിട്ടു മാം. ഇവ ൨-ം കൊടിമരത്തിന്റെ പേർ.

സാ വീരാശംസനം യുദ്ധഭ്രമിത്യാതി ഭയപ്രദാ
അഹംപൂർവമഹംപൂർവമിത്യഹം പൂർവികാസ്ത്രിയാം. ൧൦൦

വീരാശംസനം (അ-ന-പ്ര-ഏ) അതിഭയങ്കരമായ പടനിലത്തിന്റെ പേർ. അഹംപൂർവികാ (അ-സ്ത്രീ-പ്ര-ഏ) ഞാൻ ഞാൻ മുമ്പിലെന്ന തമ്മിലുള്ള തിരക്കിന്റെ പേർ.

അഹമാപുരുഷികാ ഭവ്യാദ്യാ സ്യാൽ സംഭാവനാത്മനി
അഹമഹമികാത്രസാസ്യാൽ പരസ്പരം യാ ഭവേദഹംകാരഃ ൧൦൧

അഹമാപുരുഷികാ (അ-സ്ത്രീ-പ്ര-ഏ) ഗർവ്വംഹേതുവായിട്ടുള്ള ആത്മബഹുമാനത്തിന്റെ പേർ. അഹമഹമികാ (അ-സ്ത്രീ-പ്ര-ഏ) ഞാൻ ശക്തനാകുന്നു ഞാൻ ശക്തനാകുന്നു എന്നിപ്രകാരമുള്ള അഹങ്കാരത്തിന്റെ പേർ.

ദ്രവിണം തരസ്സഹോബലമൗശീത്ര്യാണി സ്ഥാമ ശ്ലക്ഷ്ണബ്ധേ
ശക്തിഃ പരാക്രമഃ പ്രാണോ വിക്രമസ്ത്വതിശക്തിതാ. ൧൦൨

ദ്രവിണം (അ-ന-പ്ര-ഏ) തരഃ സഹഃ (സ-ന-പ്ര-ഏ) ബലം ഔശീത്ര്യം (അ-ന-പ്ര-ഏ) സ്ഥാമ (ന-ന-പ്ര-ഏ) ശ്ലക്ഷ്ണം (അ-ന-പ്ര-ഏ) ശ്ലക്ഷ്ണ എന്ന നകാരാന്തമായിട്ടും പ്രയോഗിക്കാം. ശക്തിഃ (ഇ-സ്ത്രീ-പ്ര-ഏ) പരാക്രമഃ പ്രാണഃ (അം-പു-പ്ര-ഏ) ഇവ ൨-ം ബലത്തിന്റെ പേർ. വിക്രമഃ (അ-പു-പ്ര-ഏ) അതിശക്തിതാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ൨-ം അതിശക്തിയുടെ പേർ.

വീരപാനന്തു യത്പാനം വൃത്തേ ഭാവിനിവാരണേ
യുദ്ധമായോധനം ജന്യം പ്രധനം പ്രവിദാരണം. ൧൦൩

മധുമാസ്കന്ദനം സംഖ്യം സമീകം സാംപരായികം
അസ്രിയാം സമരാനീകരണാഃ കലഹവിഗ്രഹൗ. ൧൦൪

സംപ്രഹാരാഭിസംപാതകലിസംസ്ഫോടസംയുഗാഃ
അഭ്യാമർദ്ദസമാഘാതസംഗ്രാമാഭ്യാഗമാഹവാഃ. ൧൦൫

സമുദായസ്ത്രിയസ്സംയൽ സമിത്യാജിസമിദ്ധൃധഃ
നിയുദ്ധം ബാഹുയുദ്ധേഥ തുമുലം രണസംപ്ലവേ. ൧൦൬

വീരപാനം (അ-പു-പ്ര-ഏ) വീരപാണമെന്നുമാം. യുദ്ധാരംഭകോലത്തിങ്കലോ യുദ്ധം കഴിഞ്ഞിട്ടോ യോദ്ധാക്കന്മാരാൽ ചെയ്യപ്പെടുന്ന മദ്യപാനത്തിന്റെ പേർ. യുദ്ധം ആയോധനം ജന്യം പ്രധനം പ്രവിദാരണം മധു ആസ്കന്ദനം സംഖ്യം സമീകം സാ

സമരഃ യികം (അ-ന-പ്ര-ഘ്ഞ) സമരഃ അനീകഃ രണഃ (അ-പു-പ്ര-ഘ്ഞ) സമരാടികം നപുംസകലിംഗങ്ങളായിട്ടുമാം. കലഹഃ വിഗ്രഹഃ സംപ്രഹാരഃ അഭിസംപാതഃ (അ-പു-പ്ര-ഘ്ഞ) കലിഃ (ഇ-പു-പ്ര-ഘ്ഞ) സംസ്ഫോടഃ സംയുഗഃ അഭ്യാമർദ്ദഃ സമാഹ്വാതഃ സംഗ്രാമഃ അഭ്യാഗമഃ ആഹവഃ സമുദായഃ (അ-പു-പ്ര ഘ്ഞ) സംയൽ (ത-സ്ത്രീ-പ്ര-ഘ്ഞ) സമിതിഃ അജിഃ (ഇ-സ്ത്രീ-പ്ര-ഘ്ഞ) സമിൽ (ത-സ്ത്രീ-പ്ര-ഘ്ഞ) യുൽ (ധ-സ്ത്രീ-പ്ര-ഘ്ഞ) ഇവ നപുംസകത്തിന്റെ പേർ. നിയുദ്ധം (അ-ന-പ്ര-ഘ്ഞ) ബാഹുയുദ്ധത്തിന്റെ പേർ. തൂമുലം (അ-ന-പ്ര-ഘ്ഞ) യുദ്ധത്തിന്റെ പരസ്പരസംബാധത്തിന്റെ പേർ.

ക്ഷ്വേളാ തു സിംഹനാദസ്ത്രാൺ ക്ഷ്വണനാ ഝടനാ ഝടാ
ക്രന്ദനം യോധസംബാധോ ബ്യൂഹിതം കരിഗർജ്ജിതം. ൨൦൪

ക്ഷ്വേളാ (അ-സ്ത്രീ-പ്ര-ഘ്ഞ) സിംഹനാദഃ (അ-പു-പ്ര-ഘ്ഞ) ഇവ പു-ം സിംഹധ്വനിപോലെയുള്ള വീരനാദത്തിന്റെ പേർ. ഝടാ (അ-സ്ത്രീ-പ്ര-ഘ്ഞ) ഗജസംഘട്ടനത്തിന്റെ പേർ. ക്രന്ദനം (അ-ന-പ്ര-ഘ്ഞ) പോർവിളിയുടെ പേർ. ബ്യൂഹിതം (അ-ന-പ്ര-ഘ്ഞ) ഗജങ്ങളുടെ ശബ്ദത്തിന്റെ പേർ.

വിസ്ഫാരോ ധനുഷസ്ത്വാനഃ പടഹാഡംബരൌ സമൌ
പ്രസഭന്തു ബലാൽകാരോ ഹഠോഥ സ്ഫലിതഞ്ചലം.

വിസ്ഫാരഃ (അ-പു-പ്ര-ഘ്ഞ) വില്ലിന്റെ ഞാണ വലിച്ചു വിട്ടാൽ പുറപ്പെടുന്ന ശബ്ദത്തിന്റെ പേർ. പടഹഃ ആഡംബരഃ (അ-പു-പ്ര-ഘ്ഞ) ഇവ പു-ം യുദ്ധക്കൊട്ടിന്റെ പേർ. പ്രസഭം (അ-ന-പ്ര-ഘ്ഞ) ബലാൽക്കാരഃ ഹഠഃ (അ-പു-പ്ര-ഘ്ഞ) ഇവ നപുംബലാല്ക്കാരത്തിന്റെ പേർ. സ്ഫലിതം ചലം (അ-ന-പ്ര-ഘ്ഞ) ഇവ പു-ം യുദ്ധമസ്ത്രാദ്യാലംഘനത്തിന്റെ പേർ.

അജന്യം ക്ലീബമുൽപാത ഉപസർഗ്ഗസ്ത്വമം ത്രയം
മൂർത്തരാ തു കശ്മലം മോഹോപ്യവമർദ്ദസ്തു പീഡനം. ൨൦൫

അജന്യം (അ-ന-പ്ര-ഘ്ഞ) ഉൽപാതഃ ഉപസർഗ്ഗഃ (അ-പു-പ്ര-ഘ്ഞ) ഇവ നപുംശുഭാശുഭസൂചകത്തിന്റെ പേർ. മൂർത്തരാ (അ-സ്ത്രീ-പ്ര-ഘ്ഞ) കശ്മലം (അ-ന-പ്ര-ഘ്ഞ) മോഹഃ (അ-പു-പ്ര-ഘ്ഞ) ഇവ നപുംബോധക്കേടിന്റെ പേർ. അവമർദ്ദഃ (അ-പു-പ്ര-ഘ്ഞ) പീഡനം (അ-ന-പ്ര-ഘ്ഞ) ഇവ പു-ം സസ്യാദികളൊട്ടുക്കടിയതായ തന്റെ ദേശത്തിനു ശത്രുസൈന്യത്താൽ ഉണ്ടാക്കപ്പെടുന്ന നാശത്തിന്റെ പേർ.

അഭ്യവസ്കന്ദനം തഭ്യാസാദനംവിജയോ ജയഃ
വൈരശുദ്ധിഃ പ്രതീകാരോ വൈരനിര്യ്യാതനഞ്ച സാ. ഫാ൦

അഭ്യവസ്കന്ദനം അഭ്യാസാദനം (അ-ന-പ്ര-ഏ) ഇവ ര-ം ക്ഷതിച്ചുകൂമിക്കുന്നതിന്റെ പേർ. വിജയഃ ജയഃ (അ-പു-പ്ര-ഏ) ഇ വ ര-ം ജയത്തിന്റെ പേർ. വൈരശുദ്ധിഃ (ഇ-സ്ത്രീ-പ്ര-ഏ) പ്രതീകാരഃ (അ-പു-പ്ര-ഏ) വൈരനിര്യ്യാതനം (അ-ന-പ്ര-ഏ) ഇവ ന-ം വൈരപ്രതിവിധാനത്തിന്റെ പേർ.

പ്രദ്രാവോദ്രാവസന്ത്രാവസന്ദാവാ വിദ്രവോ ദ്രവഃ
അപക്രമോപയാനഞ്ച. രണേ ഭംഗഃ പരാജ്ജയഃ. ഫാ൦

പ്രദ്രാവഃ ഉദ്രാവഃ സന്ത്രാവഃ സന്ദാവഃ വിദ്രവഃ ദ്രവഃ അപക്രമഃ (അ-പു-പ്ര-ഏ) അപയാനം (അ-ന-പ്ര-ഏ) ഇവ പ-ം ഓട്ടത്തിന്റെ പേർ. പരാജയഃ (അ-പു-പ്ര-ഏ) യുദ്ധത്തിങ്കലുണ്ടാകുന്ന തോൽമയുടെ പേർ.

പരാജിത പരാഭൂതൌ ശ്രിഷ്ട നഷ്ടതിരോഹിതൌ
പ്രണാപണം നിബർഹണം നികാരണം നിശാരണം. ഫാ൦

പ്രവാസനം പരാസനം നിഷ്കാടനം നിഹിംസനം
നിവ്വാസനം സംജ്ഞാപനം നിർഗ്രന്ഥനമപാസനം. ഫാ൦

നിസ്കർഷണം നിഹനനം ക്ഷണനം പരിവജ്ജനം
നിവ്വാപണം വിശസനം മാരണം പ്രതിഘാതനം. ഫാ൦

ഉദ്വാസനപ്രമഥനക്രാഥനോജ്ജാസനാനി ച
ആലംഭപിഞ്ജവിശര ഘാതോന്മാഥവധാ അപി. ഫാ൦

പരാജിതഃ പരാഭൂതഃ (അ-പു പ്ര-ഏ) ഇവ ര-ം തോറ്റവന്റെ പേർ. നഷ്ടഃ തിരോഹിതഃ (അ-പു-പ്ര-ഏ) ഇവ ര-ം ഒളിച്ചുവന്റെ പേർ. ശ്രിഷ്ട എന്നുണ്ടാകകൊണ്ട പരാജിതാദി നാലുശബ്ദങ്ങളും ശ്രിഷ്ടിംഗങ്ങളാകുന്നു എന്നു് അറിഞ്ഞുകൊൾക. പ്രണാപണം നിബർഹണം നികാരണം നിശാരണം പ്രവാസനം പരാസനം നിഷ്കാടനം നിഹിംസനം നിവ്വാസനം സംജ്ഞാപനം നിർഗ്രന്ഥനം അപാസനം നിസ്കർഷണം നിഹനനം ക്ഷണനം പരിവജ്ജനം നിവ്വാപണം വിശസനം മാരണം പ്രതിഘാതനം ഉദ്വാസനം പ്രമഥനം ക്രാഥനം ഉജ്ജാസനം (അ-ന പ്ര-ഏ) ആലംഭഃ പിഞ്ജഃ വിശരഃ ഘാതഃ ഉന്മാഥഃ വധഃ (അ-പു-പ്ര-ഏ) ഇവ ന-ം വധത്തിന്റെ പേർ.

സ്യാൽ പഞ്ചതാ കാലധർമ്മോ ദിഷ്ടാന്തഃ പ്രളയോത്ഭയഃ
അന്തോ നാശോ ദ്വയോർമൃത്യുർമ്മരണന്നിധനോൽസ്ത്രിയാം

പഞ്ചതാ (അ-സ്ത്രീ-പ്ര-ഏ) കാലധർമ്മഃ ദിഷ്ടാന്തഃ പ്രളയഃ അതൃയഃ അന്തഃ നാശഃ (അ-പു-പ്ര-ഏ) മൃത്യുഃ (ഉ-പൂ-പ്ര-ഏ) സ്ത്രീലിംഗമായിട്ടുമാം. മരണം (അ-ന-പ്ര-ഏ) നിധനഃ (അ-പു-പ്ര-ഏ) നിധനമെന്ന നപുംസകലിംഗമായിട്ടുമാം. ഇവ ൧൦-ം മരണത്തിന്റെ പേർ.

പരാസുപ്രാപ്തപഞ്ചത്വ പരേതപ്രേതസംസ്ഥിതാഃ
മൃതപ്രമീതൗ ത്രിഷ്വേതേ ചിതാ ചിത്യാ ചിതിഃ സ്ത്രിയാം.

പരാസുഃ (ഉ-പു-പ്ര-ഏ) പ്രാപ്തപഞ്ചത്വഃ പരേതഃ പ്രേതഃ സംസ്ഥിതഃ മൃതഃ പ്രമീതഃ (അ-പു-പ്ര-ഏ) ഇവ ൭ം മരിച്ചവന്റെ പേർ. ത്രിഷ്വേതേ എന്നതിന്നു് പരാസുഃ എന്നതുടങ്ങി ഏഴുശബ്ദങ്ങൾ ത്രിലിംഗങ്ങളാകുന്നു എന്ന അർത്ഥത്തെ ഗ്രഹിച്ചുകൊൾക. ചിതാ ചിത്യാ (ആ-സ്ത്രീ-പ്ര-ഏ) ചിതിഃ (ഇ-സ്ത്രീ-പ്ര-ഏ) ഇവ ൨-ം ചുടലയുടെ പേർ.

കബന്ധോസ്ത്രീ ക്രിയായുക്തമപമൂർദ്ധകളേബരം
ശ്മശാനം സ്യാൽചിതുവനം കുണപശ്ശവമസ്ത്രിയാം ൧൧൫൬

കബന്ധഃ (അ-പു-പ്ര-ഏ) നപുംസകലിംഗമായിട്ടുമാം. തലയോടുകൂടാത്തതായി യുദ്ധക്രിയയെ ചെയ്യുന്ന ശരീരത്തിന്റെ പേർ. ശ്മശാനം ചിതുവനം (അ-ന-പ്ര-ഏ) ഇവ ൨-ം ചുടലക്കാടിന്റെ പേർ. കുണപഃ (അ-പു-പ്ര-ഏ) ശവം (അ-ന-പ്ര-ഏ) ശവഃ എന്ന പുല്ലിംഗമായിട്ടുമാം. ഇവ ൨-ം ശവത്തിന്റെ പേർ.

പ്രഗ്രഹോപഗ്രഹൌ വന്ദ്യാം കാരാ സ്യാൽ ബന്ധനാലയേ
പുംസി ഭ്രമ്ന്യസവഃ പ്രാണാശ്ചൈവം ജീവാസുധാരണം
ആയുർജ്ജീവിതകാലോ നാ ജീവാതുർജ്ജീവനൌഷധം. ൧൧൫൭

പ്രഗ്രഹഃ ഉപഗ്രഹഃ (അ-പു-പ്ര-ഏ) വന്ദീ (ഈ-സ്ത്രീ-പ്ര-ഏ) വന്ദിഃ എന്നു് ഇകാരാന്തമായിട്ടുമാം. ഇവ ൨-ം ഭോജരാജാവു കഷ്ണനത്തിന്റെ പേർ എന്ന മഹാഭാരതടീകയിൽ പറഞ്ഞിരിക്കുന്നു. തമിഴ്ക്കത്തിൽ ബന്ധനത്തിന്റെ പേർ ഏന്ന പറഞ്ഞിരിക്കുന്നു. കാരാ (അ-സ്ത്രീ-പ്ര-ഏ) ബന്ധനാലയഃ (അ-പു-പ്ര-ഏ) ഇവ ൨-ം ബന്ധനഗൃഹത്തിന്റെ പേർ. അസവഃ (ഉ-പു-പ്ര-ബ) പ്രാണാഃ (അ-പു-പ്ര-ബ) ഇവ രണ്ടും ബഹുവചനാന്തമായിട്ടല്ലാതെ പ്രയോഗമില്ല. ൨-ം പ്രാണന്റെ പേർ. ജീവഃ (അ-പു-പ്ര-ഏ) അസുധാരണം (അ-ന-പ്ര-ഏ) ഇവ ൨-ം പ്രാണധാരണത്തിന്റെ പേർ. ആയുഃ (സ-ന-പ്ര-ഏ) ജീവിതകാലഃ (അ-

പു-പ്ര-ഏ) ഇവ ന-ം ജീവനത്തോടുകൂടിയ കാലത്തിന്റെ പേർ. ജീവാത്തുഃ (ഉ-പു-പ്ര-ഏ) ജീവനൌഷധം (അ-ന-പ്ര-ഏ) ഇവ ന-ം ജീവിപ്പിക്കുന്ന ഔഷധത്തിന്റെ പേർ.

ഇതി ക്ഷത്രിയവർഗ്ഗഃ.

വൈശ്യവർഗ്ഗപ്രാരംഭഃ.

ഊരവ്യാ ഊരുജാ അഗ്ര്യാ വൈശ്യാ ഭൂമിസ്പൃശോ വിശഃ
ആജീവോ ജീവികാ വാർത്താ വൃത്തിർവൃത്തിർജീവനം. ൧

ഊരവ്യാഃ ഊരുജാഃ അഗ്ര്യാഃ വൈശ്യാഃ (അ-പു-പ്ര-ബ)ഭൂമിസ്പൃശഃ വിശഃ (ശ-പു-പ്ര-ണ) ഇവ ന-ം വൈശ്യന്മാരുടെ പേർ. ആജീവഃ (അ-പു-പ്ര-ഏ) ജീവികാ വാർത്താ (ആ-സ്ത്രീ-പ്ര-ഏ) വൃത്തിഃ (ഇ-സ്ത്രീ-പ്ര-ഏ) വർത്തനം ജീവനം (അ-ന-പ്ര-ഏ) ഇവ സ-ം ജീവനോപായത്തിന്റെ പേർ.

സ്യാൽ കൃഷിഃ പാശുപാല്യം വാണിജ്യഞ്ചേതി വൃത്തയഃ
സേവാ ശവൃത്തിരന്യതം കൃഷിരുഞ്ഛസിലന്തൂതം. ൨

കൃഷിഃ (ഇ-സ്ത്രീ-പ്ര-ഏ) കൃഷിയുടെ പേർ. പാശുപാല്യം (അ-ന-പ്ര-ഏ) ഗോരക്ഷയുടെ പേർ. വാണിജ്യം (അ-ന-പ്ര-ഏ) കച്ചവടത്തിന്റെ പേർ. ൨ ഇതി (അ) വൃത്തയഃ (ഇ-സ്ത്രീ-പ്ര-ബ) മേൽപറഞ്ഞ കൃഷ്യാദികൾ ന-ം വൈശ്യന്മാരുടെ വൃത്തികളാകുന്നു എന്നർത്ഥം. സേവാ (ആ സ്ത്രീ-പ്ര-ഏ) ശവൃത്തിഃ (ഇ-സ്ത്രീ-പ്ര-ഏ) ഇവ ന-ം സേവയുടെ പേർ. അന്യതം (അ-ന-പ്ര-ഏ) കൃഷിഃ (ഇ-സ്ത്രീ-പ്ര-ഏ) ഇവ ന-ം കൃഷിയുടെ പേർ. ഉഞ്ഛം (അ-ന-പ്ര-ഏ) ഉഞ്ഛഃ എന്നു പുല്ലിംഗമായിട്ടുമാം. അങ്ങാടി മുതലായ സ്ഥലങ്ങളിൽ വീണുപോയ നെല്ലുണി മുതലായതിനെ ഓരോന്നായി പെറുക്കി എടുത്തു സമ്പാദിക്കുന്നതിന്റെ പേർ. സിലം (അ-ന-പ്ര-ഏ) വിളവുഭൂമിയിൽ ഉടമസ്ഥന്റെ ഇച്ഛയ്ക്കുതക്കവണ്ണം കൊയിത്തുകഴിഞ്ഞുപോയതിന്റെശേഷം അങ്ങുമിങ്ങും ശേഷിച്ചുനില്ക്കുന്ന കതിരുകൾ എടുത്തു സമ്പാദിക്കുന്നതിന്റെ പേർ. ഋതം (അ-ന-പ്ര-ഏ) മേൽപറഞ്ഞ ഉഞ്ഛശിലങ്ങൾ രണ്ടിനുംകൂടിയുള്ള പേർ.

ദേ യാചിതായാചിതയോസ്തഥാസംഖ്യം മൃതാമൃതേ
സത്യാനൃതന്തു വാണിജ്യം സ്യാദ്ദണം പശുഭേദനം. ൯൯
ഉഞ്ഛാമോത്ഥ പ്രയാഗസ്തു കൃസീദം വൃദ്ധിജീവികാ
യാച്ഞയാപ്തം യാചിതകം നിമയ്യാദാപമിത്യകം. ൧൦൦

മൃതം (അ-ന-പ്ര-ഏ) നിത്യമായി അരി മുതലായതിനെ യാചിക്കുന്നതിന്റെ പേർ. അമൃതം (അ-ന-പ്ര-ഏ) അതോടും ഒന്നിനെ യാചിക്കാതെ ദൈവോപനതസന്തുഷ്ടനായി വസിക്കുന്നതിന്റെ പേർ. സത്യാനൃതം വാണിജ്യം (അ-ന-പ്ര-ഏ) ഇവ രൂപം കച്ചവടത്തിന്റെ പേർ. സ്യാദ്ദണം പശുഭേദനം (അ-ന-പ്ര-ഏ) ഉഞ്ഛാമഃ (അ-പു-പ്ര-ഏ) ഇവ നാം കടത്തിന്റെ പേർ. അത്ഥപ്രയാഗഃ (അ-പു-പ്ര-ഏ) കൃസീദം (അ-ന-പ്ര-ഏ) വൃദ്ധിജീവികാ (അ-സ്ത്രീ-പ്ര-ഏ) ഇവ നാം താൻ മറൊരുത്തനു പലിശയ്ക്കുകൊടുത്ത ധനത്തിന്റെ പലിശകൊണ്ടുള്ള ഉപജീവനത്തിന്റെ പേർ. യാചിതകം (അ-ന-പ്ര-ഏ) യാചിച്ചിട്ടു ലഭിക്കപ്പെട്ടതിന്റെ പേർ. ആപമിത്യകം (അ-ന-പ്ര-ഏ) പകരംകൊടുത്തു ലഭിക്കപ്പെട്ടതിന്റെ പേർ.

ഉത്തമർണ്ണാധമർണ്ണൗ തേഷു പ്രയോക്തൃഗ്രാഹകൗ ക്രമാൽ
കൃസീദികോ വാർദ്ധുഷികോ വൃദ്ധ്യാജീവശ്ച വാർദ്ധുഷിഃ. ൧൦൧

ഉത്തമർണ്ണഃ (അ-പു-പ്ര-ഏ) കടംകൊടുക്കുന്നവന്റെ പേർ. അധമർണ്ണഃ (അ-പു-പ്ര-ഏ) കടംവാങ്ങുന്നവന്റെ പേർ. കൃസീദികഃ വാർദ്ധുഷികഃ വൃദ്ധ്യാജീവഃ (അ-പു-പ്ര-ഏ) വാർദ്ധുഷിഃ (ഇ-പു-പ്ര-ഏ) ഇവ നാം കടംകൊടുത്തു് അതിന്റെ പലിശകൊണ്ടു ജീവിക്കുന്നവന്റെ പേർ.

ക്ഷേത്രാജീവഃ കർഷകശ്ച കൃഷികഃ കൃഷീവലഃ
ക്ഷേത്രം പ്രൈഹേയശാലേയം വ്രീഹിശാല്യുദ്ഭവോചിതം

ക്ഷേത്രാജീവഃ കർഷകഃ കൃഷികഃ കൃഷീവലഃ (അ-പു-പ്ര-ഏ) ഇവ രൂപം കൃഷിക്കാരന്റെ പേർ. പ്രൈഹേയം (അ-ന-പ്ര-ഏ) വ്രീഹികളുടെ ഉത്ഭവത്തിനു യോഗ്യമായ സ്ഥലത്തിന്റെ പേർ. ശാലേയം (അ-ന-പ്ര-ഏ) ശാലികളുടെ ഉത്ഭവത്തിനു യോഗ്യമായ സ്ഥലത്തിന്റെ പേർ. വ്രീഹിശാലികൾ നെല്ലിൽ കരുവകജാതികളാകുന്നു. ഉമി പോയാൽ ചുകന്ന അരിയോടുകൂടിയതിനു വ്രീഹി എന്നും വെളുത്ത അരിയോടുകൂടിയതിനു ശാലി എന്നും പേരാകുന്നു.

യവ്യം യവകൃം ഷഷ്ടികൃം യവാദിഭവനം ഹി യൽ
തില്യം തൈലീനവന്മാഷോമാണഭംഗാദ്യുപതാ. ൭

യവ്യം(അ-ന-പ്ര-ഏ)യവംവിളയും സ്ഥലത്തിന്റെ പേർ. യവക്യം(അ-ന-പ്ര ഏ)കൂയവം വിളയും സ്ഥലത്തിന്റെ പേർ. ഷഷ്ടിക്യം (അ-ന-പ്ര-ഏ)നവര വിളയും സ്ഥലത്തിന്റെ പേർ. തില്യം തൈലീനം (അ-ന-പ്ര-ഏ) ഇവ ര-ം എള്ളുവിളയുംസ്ഥലത്തിന്റെ പേർ. ഇപ്രകാരം മാഷോമാണഭംഗാശബ്ദങ്ങളിൽനിന്നും ഈരണ്ടുശബ്ദങ്ങളുണ്ടാകുമെന്ന് ശേഷത്തിന്റെ അർത്ഥമാകുന്നു. അതു ഹേതുവായിട്ട മാഷങ്ങൾ വിളയും സ്ഥലത്തിന്നു മാഷ്യമെന്നും മാഷീണമെന്നും ഉമകൾ വിളയുംസ്ഥലത്തിന്നു് ഉമ്യമെന്നും ഔമീനമെന്നും അണകൾ വിളയുംസ്ഥലത്തിന്നു് അണവ്യമെന്നും അണവീനമെന്നും ഭംഗകൾ വിളയും സ്ഥലത്തിന്നു ഭംഗ്യമെന്നും ഭാംഗീനമെന്നും പേരുകളാകുന്നു എന്നു ഗ്രഹിച്ചുകൊൾക. മാഷം=ഉഴുന്നു്. ഉമാ=അഗശി. അണ=ചെറുനെല്ലു്. ഭംഗാ=ചെറുകന്മുനെല്ലു്. ഇങ്ങനെ മാഷോമാണഭംഗാ ശബ്ദങ്ങളുടെ അർത്ഥങ്ങളേയും ഗ്രഹിച്ചുകൊൾക.

മൌദ്ഗീനകൌദ്രവീണാദിശേഷധാന്യാദ്ഭവേക്ഷമം
ശാകക്ഷേത്രാദികേ ശാകശാകടം ശാകശാകിനം. ൯

മൌദ്ഗീനം (അ-ന-പ്ര-ഏ) ചെറുപയറു വിളയും സ്ഥലത്തിന്റെ പേർ. കൌദ്രവീണം (അ-ന-പ്ര-ഏ) വരകുവിളയും സ്ഥലത്തിന്റെ പേർ. അടിപടംകൊണ്ടു ഗ്രഹിക്കേണ്ടതു് മകാണംപയറു വിളയും സ്ഥലത്തിന്നു ചാണകീനമെന്ന പേർ. കോതമ്പു വിളയും സ്ഥലത്തിന്നു ഗൌധൂമീനമെന്ന പേർ. മുതിര വിളയും സ്ഥലത്തിന്നു കൌലത്ഥീനമെന്ന പേർ ഇത്യാദി. ശാകശാകടം ശാകശാകിനം (അ-ന-പ്ര-ഏ) ഇവ ര-ം ശാകങ്ങൾ ഉണ്ടാകുന്ന സ്ഥലത്തിന്റെ പേർ.

ബീജാകൃതം ത്വച്കൃഷ്ണം സീത്യം കൃഷ്ണമ്ല ഹല്യുവൽ
ത്രിഗ്രണാകൃതം തൃതീയാകൃതം ത്രിഹല്യം ത്രിസീത്യമപിതസ്മിൻ.
ദ്വിഗ്രണാകൃതേ ദ്വ സവ്യം പൂവ്യം ശംബ്യാകൃതമപീഹ
ദ്രോണാഢകാദിവ്യാപാരേ ദ്രൌണികാഢകികാദയഃ. ൧൦

ബീജാകൃതം ഉച്കൃഷ്ണം (അ-ന-പ്ര-ഏ) ഇവ ര-ം വിതച്ചുഴുത നിലത്തിന്റെ പേർ. സീത്യം കൃഷ്ണം ഹല്യം (അ-ന-പ്ര-ഏ) ഇവ ന-ം ഉഴുതനിലത്തിന്റെ പേർ. ത്രിഗ്രണാകൃതം തൃതീയാകൃതം ത്രിഹല്യം ത്രിസീത്യം (അ-ന-പ്ര-ഏ) ഇവ ര-ം മൂച്ചാലുഴുത നിലത്തിന്റെ പേർ. ദ്വിഗ്രണാകൃതേ (അ-ന-സ-ഏ) ദ്വ (അ)

സമ്പം പൂപ്പം ശംഖാകൃതം (അ-ന-പ്ര-ഏ) അപി ഇഹ (അ) അനു ഭയം—ദ്വിഗ്രണാകൃതേ ഇ പൂപ്പം സമ്പം ഇഹ ശംഖാകൃതം അപി ഏന്നാകുന്നു. സാരം—ദ്വിഗ്രണാകൃതത്തിങ്കലും ത്രിഗ്രണാകൃതത്തിങ്കൽ പറകപ്പെട്ടവ ഒക്കെയുമുണ്ടു്. ശംഖാകൃതമെന്നു് ഒരു നാമം വിശേഷിച്ചും ഉണ്ടു് ഏന്നാകുന്നു. അതുഹേതുവായിട്ടു് ദ്വിഗ്രണാകൃതം ദ്വിതീയാകൃതം ദ്വിഹമ്യം ദ്വിസീത്യം ശംഖാകൃതം ഇവ ത്രി-ം ഇരുപ്പാവുഴുത നിലത്തിന്റെ പേർ പുന്ന ധരിച്ചുകൊൾക. ദ്വൈണികഃ (അ-പു-പ്ര-ഏ) അറുപത്തുനാലുനാഴി വിത്തുവിതയ്ക്കുന്ന സ്ഥലത്തിന്റെ പേർ. ആഢകികഃ (അ-പു-പ്ര-ഏ) പതിനാറുനാഴി വിത്തുവിതയ്ക്കുന്ന സ്ഥലത്തിന്റെ പേർ.

ഖാരീവാപസ്ത്വ ഖാരീക ഉത്തമർണ്ണായേസ്പൃഹിച്ചു
പുന്നപുംസകയോപ്പുഃ കേദാരഃ ക്ഷേത്രമസ്യ ദ്വ. ൭൭
കൈദാരകം സ്യാൽ കൈദാര്യം കൈക്ഷ്യം കൈദാരികംഗണേ
ലോഷ്ഠാനി ലോഷ്ടവഃ പുംസി കോടിഃശാലോഷ്ടഭേദനഃ. ൭൮

ഖാരീകഃ (അ-പു-പ്ര-ഏ) ഒരു ഖാരി വിതയ്ക്കുന്ന സ്ഥലത്തിന്റെപേർ. ഉത്തമർണ്ണായസ്പൃഹിച്ചു ഏന്നതിനു ഉത്തമർണ്ണ ഏന്നതു മുതൽ ഖാരീക ഏന്നതുവരെ ഉള്ള ശബ്ദങ്ങൾ ത്രിലിംഗങ്ങളാകുന്നു ഏന്നു അർത്ഥത്തെ ഗ്രഹിച്ചുകൊൾക. വപ്രഃ (അ-പു-പ്ര-ഏ) നപുംസകലിംഗമായിട്ടുമാം. കേദാരഃ (അ-പു-പ്ര-ഏ) ക്ഷേത്രം (അ-ന പ്ര-ഏ) ഇവ നു-ം വിളയുന്നിലത്തിന്റെ പേർ. കൈദാരകം കൈദാര്യം കൈക്ഷ്യം കൈദാരികം (അ-ന-പ്ര-ഏ) ഇവ രു-ം വിളയുന്നിലങ്ങളുടെ സമൂഹത്തിന്റെ പേർ. ലോഷ്ഠാനി (അ-ന-പ്ര-ബ) ലോഷ്ടവഃ (ഉ-പു-പ്ര ബ) ഇവ ടു-ം മൺകട്ടയുടെ പേർ. ബഹുത്വമുണ്ടെങ്കിൽ ബഹുവചനാന്തമായി പ്രയോഗിച്ചുകൊൾക. കോടിശഃ ലോഷ്ഠഭേദനഃ (അ-പു-പ്ര-ഏ) ഇവ ടു-ം മൺകട്ട ഉടയ്ക്കും തടിയുടെ പേർ

പ്രാജനം തോദനം തോത്രം പാനിത്രമവദാരണം
ദാത്രം ലവിത്രമാബന്ധഃ സ്യാത്രം സ്യൂകത്തറമഥോ ഫലം.
നിർഘീഷം കൂടകം ഫാലഃ കൃഷീകോ ലാംഗലം ഹലം
ഗോളാരണം ച സീരോഥ ശമ്യാ സ്ത്രീയുഗകിലകഃ. ൭൯

പ്രാജനം തോദനം തോത്രം (അ-ന-പ്ര-ഏ) ഇവ നു-ം മൃഗങ്ങളിലിന്റെ പേർ. പ്രാജനമെന്നുമാം. പാനിത്രം അവദാരണം (അ-ന-പ്ര-ഏ) ഇവ ടു-ം കൈക്കൊട്ടിന്റെ പേർ. ദാത്രം ലവിത്രം (അ-ന-പ്ര-ഏ) ഇവ ടു-ം അരിവാളിന്റെ പേർ. ആബന്ധഃ (അ-പു-പ്ര-ഏ) സ്യൂതം സ്യൂകത്രം (അ-ന-പ്ര-ഏ)

ഇവ ന-ം നകക്കയറിന്റെ റപേർ. ഫാല്വം നിഷ്കം നിഷ്കമെന്നമാം. കൂടകം കൂടകമെന്നമാം (അ-ന-പ്ര-ഫ്ര) ഫാല്വഃ കൃഷ്കഃ (അ-പു-പ്ര-ഫ്ര) കൃഷികഃ എന്നമാം. കൃഷികാ എന്നു് അകാരാന്തമായിട്ടമാം. എന്നാൽ സ്ത്രീലിംഗമാകയും ചെയ്യും. കൃഷികാ കൃഷികെയഫാലകൃഷകെ എന്ന ത്രുവചനമുണ്ടു്. മേൽപറഞ്ഞ ശബ്ദങ്ങൾ ങി-ം കതിയാറയുടെ പേർ. ഫാല്വഃ കൃഷ്കഃ ഇവ ഫ-ം കൊഴുവിന്റെ പേർ എന്നും ശേഷമുള്ളവ കതിയാറയുടെ പേർ എന്നും ഒരു മതമുണ്ടു്. ലാംഗലം ഫാല്വം ഗോദാരണം (അ-ന-പ്ര-ഫ്ര)സീരഃ (അ-പു-പ്ര-ഫ്ര) ഇവ ര-ം കതിയുടെ പേർ. തമിഴ് ക്കത്തിൽഫലമെന്നതുടങ്ങി സീരഃ എന്നത്രുവരെ ഉള്ള ശബ്ദങ്ങൾ നെല്ത്രുകതിയുടെപേർ എന്ന പറഞ്ഞിരിക്കുന്നു. ശമ്യാ (അ-സ്ത്രീ-പ്ര-ഫ്ര)യുഗകിലകഃ (അ-പു-പ്ര-ഫ്ര) ഇവ ഫ-ം നകക്കയ്യിന്റെ പേർ.

ഈഷാ ലാംഗലദണ്ഡസ്ത്യാൽ സീതാ ലാംഗലപദ്ധതിഃ
പുംസി മേധിഃ പരലദാരു ന്യസ്തം യൽ പർശ്വഖാഡനേ. ക്ഷീ

ഈഷാ (അ-സ്ത്രീ-പ്ര-ഫ്ര) ലാംഗലദണ്ഡഃ (അ പു-പ്ര-ഫ്ര) ഇവ ഫ-ം കതിക്കോലിന്റെ പേർ. പ്രഭ്രശംകരയോദീശസ്ത്രീ യാംലാംലദണ്ഡകേ എന്ന ത്രുതേസോക്തിയും ഈശസ്ത്രീപ്രാമിനീ ത്രുതേചസ്യാദീശാഫലദണ്ഡകേ എന്ന വിശേഷോക്തിയുമുണ്ടാകയാൽ ഈശാ എന്നമാമെന്ന മഹേശ്വരടീകയിൽ സ്പഷ്ടമാക്കുന്നു. സീതാ (അ-സ്ത്രീ-പ്ര-ഫ്ര) ലാംഗലപദ്ധതിഃ (ഇ-സ്ത്രീ-പ്ര-ഫ്ര) ഇവ ഫ-ം ഉഴപ്പാളിയുടെ പേർ. ശീതാനദസ്സരിതിലാംഗലപദ്ധതെത്യുച ശീതാടശാനനതിപോഃ സഘ്രധർമ്മിണിച ഇത്യാദി കോശാന്തരമുണ്ടാകയാൽ ശീതാ എന്നമാമെന്ന മഹേശ്വരടീകയിൽ സ്പഷ്ടമാക്കുന്നു. മേധിഃ (ഇ-പു-പ്ര-ഫ്ര) മേഥിഃ എന്നുമാമെന്ന മഹേശ്വരടീകയിൽ പറഞ്ഞിരിക്കുന്നു. പരലോദാരു (ഉ-ന-പ്ര-ഫ്ര) ഇവ ഫ-ം കളത്തിങ്കൽ കാളയെ കെട്ടുന്ന കുറിയുടെ പേർ.

ആശുവ്രീഹിഃപാടലസ്ത്യാൽ സിതശൂകയവൌ സമൌ
തോകൂമസ്യൂ തത്ര ഹരിതേ കളായസ്യൂ സതീനകഃ. ക്ഷീ
ഹായനൌമരണൌകൌ ച്വാസ്മിൻ കോദ്രുഷസ്യൂ കോദ്രവഃ
മംഗല്യകോ മസൂരോ5ഥ മകുഷ്ടകമയുഷ്ടകൌ. ക്ഷ
വനമുദ്ഗോ സർഷപോത്ര ടെപ തത്രൂടകേടംബകൌ
സിദ്ധാർത്ഥസ്ത്വപഷധവരോ ഗൌധൂമസ്ത്വമനസ്യമൌ. ക്ഷ

ആശുഃ (ഉ-പു-പ്ര-ഫ്ര) വ്രീഹിഃ (ഇ-പു-പ്ര-ഫ്ര) പാടലഃ (അ-പു-പ്ര-ഫ്ര) ഇവ ന-ം വ്രീഹിയുടെ പേർ. പാടലിഃ എന്ന

മൂലകമെന്ന മഹൗഷധടീകയിൽ പറഞ്ഞിരിക്കുന്നു. സിതപുഷ്പകഃ യവഃ (അ-പു-പ്ര-ഏ) ഇവ പു-ം യവത്തിന്റെ പേർ. തോകംതു (അ-പു പ്ര-ഏ) വച്ചുയവത്തിന്റെ പേർ. കളായഃ വതീനകഃ (അ-പു-പ്ര-ഏ) വഭൂണഃ (ഉ-പു-പ്ര-ഏ) ഭേണകഃ (അ-പു-പ്ര-ഏ) ഇവ പു-ം വട്ടച്ചുണ്ണാമ്പിയുടെ പേർ. തോശഃ ചിന്നം പാഠമുണ്ടു്. ഖരേണുഃഖണ്ഡികാചാന്ദ്രൻ ചിന്നം പാഠമുണ്ടു്. അപക്ഷുന്നാങ്കൽ ഖണ്ഡികാ (അ-സ്ത്രീ-പ്ര-ഏ) ഇതു് ഭേണകശബ്ദത്തിനുപകരം ചേരുന്നതാകുന്നു. കോദൂഷഃ കോദ്രവഃ (അ-പു-പ്ര-ഏ) ഇവ പു-ം വരകിന്റെപേർ. മംഗല്യകഃ മസ്തുഃ (അ-പു-പ്ര-ഏ) ഇവ പു-ം വെങ്കടലയുടെ പേർ. മങ്കുഷ്കഃ മയൂഷ്കഃ വനമുദ്ഗഃ (അ-പു-പ്ര ഏ) ഇവ പു-ം കാട്ടുപയറിന്റെപേർ. സഘൃപഃ തണ്ണുടഃ തുണ്ണുടഃ ചിന്നമാടെന്ന മഹൗഷധടീകയിലുണ്ടു് കടംബകഃ (അ-പു-പ്ര-ഏ) ഇവ പു-ം കടുകിന്റെപേർ. സിദ്ധാർത്ഥഃ (അ-പു-പ്ര-ഏ) വെങ്കടുകിന്റെ പേർ. ശോഭാഞ്ജനഃ സുമനഃ (അ-പു-പ്ര-ഏ) ഇവ പു-ം മുകാന്തിന്റെ പേർ.

യവകഃ സ്യാത്തു കഷ്ടാഖ്യശ്യാമകാ ഹരിമന്ഥകഃ
ഭേദാ തിലേ തിലപേജഃസ്യാ തിലപിഞ്ജശ്ച നിഷ്പാവേ ദ്വേ.

യവകഃകഷ്ടാഖ്യ (അ-പു-പ്ര-ഏ)ഇവ പു-ം കുതിരയവത്തിന്റെ പേർ. സ്യാദ്യാവകഃസ്യുകഷ്ടാഖ്യഃ ചിന്നം പാഠമുണ്ടു്. ശ്യാമകഃ ഹരിമന്ഥകഃ (അ-പു-പ്ര-ഏ) ഇവ പു-ം ചണംപയറിന്റെപേർ. തിലഭേദഃ തിലപിഞ്ജഃ (അ പു-പ്ര-ഏ) ഇവ പു-ം കായ്ക്കാത്ത ചിള്ളിന്റെ പേർ.

ക്ഷവഃ ക്ഷുധാടിജനനോ മാക്ഷികാ കുണ്ഡ്രികാസുരീ
സ്ത്രിയൗ കംഗുപ്രിയംഗ്വാ ദ്വേ അരതസീസ്യാദുമാക്ഷുമാ. പു

ക്ഷവഃ ക്ഷുധാടിജനനഃ (അ-പു-പ്ര ഏ) മാക്ഷികാ കുണ്ഡ്രികാ (അ-സ്ത്രീ-പ്ര-ഏ) അസുരീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ദ്വി-ം കരിങ്കടുകിന്റെ പേർ. ക്ഷുതാടിജനനഃ ചിന്നംപാഠമുണ്ടു്. കംഗുഃ പ്രിയംഗ്വഃ (ഉ-സ്ത്രീ-പ്ര-ഏ) ഇവ പു-ം തിനയുടെ പേർ. അതസീ (ഈ-സ്ത്രീ-പ്ര-ഏ) ഉമാ ക്ഷുമാ (അ-സ്ത്രീ-പ്ര-ഏ)ഇവ സ്ത്രീ-ം അഗസിയുടെ പേർ.

മാതുലാനീ തു ഭംഗായാം പ്രീഹിഭേദേസ്ത്രിയാം പുമാൻ
കിംശാരുസ്സസ്യശൂകം സ്യാൽ കണിശം സസ്യമഞ്ജരീ. പു

മാതുലാനീ (ഈ-സ്ത്രീ-പ്ര-ഏ) ഭംഗാ (അ-സ്ത്രീ-പ്ര-ഏ) ഇവ പു-ം ചെറുകമ്പനെല്ലിന്റെ പേർ. അണുഃ (ഉ-പു-പ്ര-ഏ) ചെറുനെല്ലിന്റെ പേർ. കിംശാരുഃ (ഉ-പു-പ്ര-ഏ) സസ്യശൂകം

(അ-ന-പ്ര-ഏ) ഇവ ൨-ം നെല്ലോകിന്റെപേർ. കണിശം(അ-ന-പ്ര-ഏ) സസ്യമഞ്ജരീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ൨-ം കതിരിന്റെ പേർ.

ധാന്യവ്രീഹിസ്തംബകരിഃ സ്തംബോഽച്ഛസ്തൃണാദിനഃ
നാളീനാളഞ്ചകാണ്ഡോഽസ്യ പലാലോ 5സ്ത്രീസനിഷ്ഫലഃ.

ധാന്യം (അ-ന-പ്ര-ഏ) വ്രീഹിഃ സ്തംബകരിഃ (ഇ-പു-പ്ര-ഏ) ഇവ ൨-ം നെല്ല് യവം മുതലായ ധാന്യങ്ങളുടെ പേർ. സ്തംബഃ(അ-പു-പ്ര-ഏ) പുല്ല് മുതലായതിന്റെ തണ്ടിന്റെ പേർ. നാളീ (ഈ-സ്ത്രീ-പ്ര-ഏ) നാളം (അ-ന-പ്ര-ഏ) കാണ്ഡഃ (അ-പു-പ്ര-ഏ) ഇവ ൨-ം തണ്ടിന്റെപേർ. പലാലഃ(അ-പു-പ്ര-ഏ) നപുംസകലിംഗമായിട്ടുമാം. വയ്യോലിന്റെ പേർ.

കഡംകരോ ബുസം ക്ലീബേ ധാന്യതച്ചി ത്രുഷഃ പുമാൻ
ശൂകോസ്ത്രീ ശൂകഷ്ണതീക്ഷ്ണാഗ്ര ശമീ ശിംബാ ത്രിഷ്വൃത്തയേ.

ജുഡുമാവസിതം ധാന്യം പൂതസ്തു ബഹുലീകൃതം
മാഷാദയശ്ശമീധാന്യേ ശൂകധാന്യേ യവാദയഃ. ൨൯

കഡംകരഃ (അ-പു-പ്ര-ഏ) ബുസം (അ-ന-പ്ര-ഏ) ഇവ ൨-ം തണ്ടിന്റെ പേർ. ത്രുഷഃ (അ-പു-പ്ര-ഏ) ഉമിയുടെ പേർ. ശൂകഃ(അ-പു-പ്ര-ഏ) നപുംസകലിംഗമായിട്ടുമാം. ധാന്യങ്ങളുടെ കൂർത്തവാലിന്റെ പേർ. ശമീ (ഈ-സ്ത്രീ-പ്ര-ഏ) ശിംബാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ൨-ം മാഷാദിഫലത്തിന്റെ പേർ. മഹേശ്വരടീകയിൽ ദ്വിതീയശ്ലോകം ഇതിപ്രസിദ്ധസ്യമാഷാദിഫലസ്യ ഏന്നാകുന്നു. തമിഴ്ക്കുത്തിൽ മൂളത്തൊലിയുടെ പേർ ഏന്നു കാണുന്നു. ത്രിഷ്വൃത്തയേ ഏന്നതിനു് ഇനി പറവാൻ പോകുന്ന ജുഡാദി നാലുശബ്ദങ്ങൾ ത്രിലിംഗങ്ങളാകുന്നു ഏന്നു് അർത്ഥത്തെ ഗ്രഹിച്ചുകൊൾക. ജുഡുഃ (അ-ന-പ്ര-ഏ) പുല്ലുകളഞ്ഞു കൂട്ടിയ ധാന്യത്തിന്റെ പേർ. പൂതം (അ-ന-പ്ര-ഏ) പതിരോടുകൂടാത്ത ധാന്യത്തിന്റെ പേർ. മാഷാദയഃ (ഇ-പു-പ്ര-ബ) ശമീധാന്യേ (അ-ന-സ-ഏ) മാഷാദികൾ ശമീധാന്യങ്ങളിൽ ചേർന്നവയാകുന്നു ഏന്ന സാരത്തെ ഗ്രഹിച്ചുകൊൾക. മാഷാദികൾ ഉഴുന്നു മുതലായവ. ശമീധാന്യം=ശമീപ്രഭവമായിരിക്കുന്ന ധാന്യം. ശമീ=മാഷാദിഫലം. ഇവിടെ ഫലമെന്നത് ബീജകോശമാകുന്നു. അതിന്റെ അകത്തു് ഉണ്ടാകുന്ന ധാന്യമെന്നു താല്പര്യം. ശൂകധാന്യയവാദയഃ ഏന്നതിനു യവംമുതലായവ ശൂകധാന്യങ്ങളിൽ ചേർന്നവയാകുന്നു ഏന്ന സാരത്തെ ഗ്രഹിച്ചു

ക്കൊൾക. ധ്രുകധാന്യമെന്നതിനു് കതിരിനേൽ വിളയുന്ന ധാന്യമെന്നു് അർത്ഥമാകുന്നു.

ശാലയഃ കളമാദ്യാശ്ചഷഷ്ടികാദ്യാശ്ച പുംസ്യമീ
തൃണധാന്യാനി നീവാരാ സ്ത്രീനാരാധ്രുവകാ. ൭൩

ശാലയഃ (ഇ-പു-പ്ര-ബ) കളമാദ്യഃ ഷഷ്ടികാദ്യാഃ (അ-പു-പ്ര-ബ) കളമം മുതലായ ശാലികളും ഷഷ്ടികം മുതലായവയും ധ്രുകധാന്യങ്ങളിൽ ചേരുന്നവയാകുന്നു എന്നു സാമാന്യത്തെ ഗ്രഹിച്ചുകൊൾക. കളമെന്നതു് ശാലികളിൽ ചേർന്നതായ ഒരു നെല്ലാകുന്നു. ഷഷ്ടികമെന്നതു് നവരയാകുന്നു. അതു ശാലികളിൽ ചേർന്നതല്ല. വ്രീഹികളിൽ ചേർന്നതാകുന്നു എന്നു ധരിച്ചുകൊൾക. പുംസ്ത്വം വരുന്നതിനു മാഷയവശാലികളുമഷഷ്ടികശബ്ദങ്ങൾ പുല്ലിംഗങ്ങളാകുന്നു എന്നു അർത്ഥത്തെ ഗ്രഹിച്ചുകൊൾക. തൃണധാന്യാനി (അ-ന-പ്ര-ബ) നീവാരാഃ (അ-പു-പ്ര-ബ) നീവാരം=ചതിനെല്ലു്. വരിനെല്ലു്=ചാമ മുതലായവ കൊണ്ടും തൃണധാന്യങ്ങളാകുന്നു എന്നു അർത്ഥത്തെ ഗ്രഹിച്ചുകൊൾക. ധ്രുവഃ (ഉ-സ്ത്രീ-പ്ര-ഏ) ധ്രുവകാ (അ-സ്ത്രീ-പ്ര-ഏ) ഇവ ഒരു കാട്ടുഗോതമ്പിന്റെ പേർ എന്നു തമിഴിൽ കാണുന്നു എന്നു തമിഴ്ക്കാരൻ പറഞ്ഞിരിക്കുന്നു. മഹേശ്വരടീകയിൽ മുന്നൂറു വിശേഷണങ്ങളുടെ പേർ എന്നു വ്യാഖ്യാനിക്കുകയും കൊങ്കണർ ഇങ്ങനെ ഇന്നതു എന്നു വ്യക്തമാക്കുകയും ചെയ്തിരിക്കുന്നു. കൊങ്കണർഭാഷാപരിജ്ഞാനികർ അവിടെ നോക്കി സംശയപരിഹാരത്തെ ചെയ്തുകൊൾകയും വേണം.

ഭക്ഷ്യാഗ്രം മുസലോऽസ്ത്രീ സ്യാദുദ്ഖലമുലൂഖലം
പ്രസ്ഫോടനം ദ്രുപ്പമസ്ത്രീ ചാലനീ തിതഉഃ പുമാൻ. ൭൪

ഭക്ഷ്യാഗ്രം (അ-ന-പ്ര-ഏ) മുസലഃ (അ-പു-പ്ര-ഏ) ഇവ ഒരു ഉലക്കയുടെ പേർ. മുസലശബ്ദം നപുംസകമായിട്ടുമാം. ഉദ്ഖലം ഉലൂഖലം (അ-ന-പ്ര-ഏ) ഇവ ഒരു ഉരലിന്റെ പേർ. പ്രസ്ഫോടനം ദ്രുപ്പം (അ-ന-പ്ര-ഏ) ദ്രുപ്പഃ എന്നു പുല്ലിംഗമായിട്ടുമാം. ഇവ ഒരു മുറത്തിന്റെ പേർ. ചാലനീ (ഈ-സ്ത്രീ-പ്ര-ഏ) തിതഉഃ (ഉ-പു-പ്ര-ഏ) ഇവ ഒരു ചല്ലടത്തിന്റെ പേർ.

സ്യൂതപ്രസവൌ കരണ്ഡാലപിടൌ കടകിലിഞ്ജകൌ
സമാനൌ ഭരിവത്യാന്തു പാകസ്ഥാനമഹാനസേ. ൭൫

സ്യൂതഃ പ്രസവഃ (അ-പു-പ്ര-ഏ) ഇവ ഒരു കൊട്ടയുടെയും ചട്ടിയുടെയും പേർ. കരണ്ഡാലഃ പിടഃ (അ-പു-പ്ര-ഏ) ഇവ ഒരു കൂടക്കൊട്ടയുടെ പേർ. കടഃ കിലിഞ്ജകഃ (അ-പു-പ്ര-

൭൫) ഇവ ൨-ം പായസത്തിന്റെ പേർ. രസവതീ (ഈ-സ്ത്രീ-പ്ര-ഏ) പാകസ്ഥാനം മഹാനസം (അ-ന-പ്ര-ഏ) ഇവ ന-ം അടുക്കളയുടെ പേർ.

പൌരോഗവസ്തദ്ധ്യക്ഷ സ്സൂപകാരാസ്തു വല്ലവാഃ
ആരാളികാ ആന്ധസികാസ്സൂദാ ഔദനികാഗ്രണാഃ. ൭൬

പൌരോഗവഃ (അ-പു-പ്ര-ഏ) അടുക്കളയിലെ അധികാരിയുടെ പേർ. സൂപകാരഃ വല്ലവാഃ (അ-പു-പ്ര-ഏ) ഇവ ൨-ം പാചകന്മാരുടെ പേർ: ആരാളികാഃ ആന്ധസികാഃ സൂദാഃ ഔദനികാഃ ഗ്രണാഃ (അ-പു-പ്ര-ബ) ഇവ ൩-ം പാചകന്മാരുടെ പേർ. സൂപകാരാഃ വല്ലവാഃ ആരാളികാഃ ഇവ ന-ംകറിപ്പണിക്കാരുടെ പേർ എന്നു് ക്ഷീരസ്വാമിമതമാകുന്നു. മഹേശ്വരടീകയിൽ സൂപകാരാദി ഏഴും പാകകർത്താവിന്റെ പേർ എന്നാകുന്നു ചിന്ത ധരിച്ചുകൊൾകയും വേണം.

ആപൂപികഃ കാന്തവികോ ഭക്ഷ്യകാര ഇമേ ത്രിഷു
ആശ്വന്തമുദ്ധാനമധിശ്രയണീ ചുല്ലിരന്തികാ. ൭൭

ആപൂപികഃ കാന്തവികഃ ഭക്ഷ്യകാരഃ (അ-പു-പ്ര ഏ) ഇവ മൂന്നും അപ്പമുണ്ടാക്കുന്നവന്റെ പേർ. ഇമേത്രിഷു എന്നതിനു് പൗരോഗവ എന്നുതുടങ്ങി ഭക്ഷ്യകാര എന്നതുവരെയുള്ള ശബ്ദങ്ങൾ ത്രിലിംഗങ്ങളാകുന്നു എന്നർത്ഥത്തെ ഗ്രഹിച്ചുകൊൾക. ആശ്വന്തം ഉദ്ധാനം (അ-ന-പ്ര-ഏ) അധിശ്രയണീ (ഈ-സ്ത്രീ-പ്ര-ഏ) ചുല്ലിഃ (ഇ-സ്ത്രീ-പ്ര-ഏ) ചുല്ലീ എന്നു ഈകാരാന്തമായിട്ടുമാം. അന്തികാ (അ-സ്ത്രീ-പ്ര-ഏ) അന്ദികാ എന്നുമാം. ഇവ ൫-ം അടുപ്പിന്റെ പേർ.

ആംഗാരധാനികാംഗാരശകട്യുചി ഹസന്ത്യുപി
ഹസന്യുച്യുഥനസ്ത്രീ ന്യാദംഗാരോലാതമുൽമുകം. ൭൮

ആംഗാരധാനികാ(അ-സ്ത്രീ-പ്ര-ഏ) അംഗാരശകടീ ഹസന്തീ ഹസനീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ൪-ം തീക്കലത്തിന്റെ പേർ. അംഗാരഃ (അ-പു-പ്ര-ഏ) നപുംസകലിംഗമായിട്ടുമാം. അലാതം ഉൽമുകം (അ-ന-പ്ര-ഏ) ഇവ ന-ം തീക്കൊള്ളിയുടെ പേർ. അംഗാരഃ എന്നതു കനലിന്റെ പേരെന്നും അലാതം ഉൽമുകം ഇവ ൨-ം കരിക്കൊള്ളിയുടെ പേരെന്നും ഒരു മതമുണ്ടെന്നും ഗ്രഹിച്ചുകൊൾക.

ക്ലീബേംബരീഷം ഭാഷ്യോ നാ കന്ദുവ്വാ സേടനീസ്ത്രിയാം
അലഞ്ജരസ്ത്യാന്മണികഃ കക്ഷ്യാപുർഗ്ഗളന്തികാ. ൭൯

ഭാണ്ഡമീഷം (അ-ന-പ്ര-ഏ) ഭാണ്ഡഃ (അ-പു-പ്ര-ഏ) ഇവ ൨-ം കനലൂറ്റുകയുടെ പേർ. കുണ്ഡഃ (ഉ-പു-പ്ര-ഏ) സ്ത്രീലിംഗമായിട്ടുമാം. സേചനീ (ഈ-സ്ത്രീ-പ്ര ഏ) ഇവ ൨-ം മദ്യമുണ്ടാക്കുവാനുപയോഗിക്കുന്നതായ ഒരു പാത്രത്തിന്റെ പേർ. ഭരണഞ്ജഃ ഭരിണഞ്ജഃ പുംനാമമാം. മണികഃ (അ-പു-പ്ര-ഏ) ഇവ ൨-ം മംഗലിയുടെ പേർ. കർക്കരീ (ഈ-സ്ത്രീ-പ്ര-ഏ) അലുഃ (ഉ-സ്ത്രീ-പ്ര-ഏ) അതുകൂഃ പുനസ് ഉഭകാരാന്തമായിട്ടുമാം. ഗളന്തികാ (അ-സ്ത്രീ-പ്ര-ഏ) ഇവ നാ-ം കരകക്കിണ്ടിയുടെ പേർ.

പിഠരഃ സ്ഥാല്യുഖാകുണ്ഡം കലശസ്ത്രിഷു ഭാജനം
ഘടഃ കുടനിപാവസ്ത്രീ ശരാവഃ വദ്ധ്മാനകഃ. ൨൨

പിഠരഃ (അ-പു-പ്ര-ഏ) സ്ഥാലീ (ഈ-സ്ത്രീ പ്ര-ഏ) ഉഖാ (ഊ-സ്ത്രീ-പ്ര-ഏ) കുണ്ഡം (അ-ന-പ്ര-ഏ) ഇവ രു-ം കലത്തിന്റെ പേർ. പിഠരഃ സ്ഥാല്യുഷാ പുനുമാം. കലശഃ (അ-പു-പ്ര-ഏ) കലശമെന്ന നപുംസകമായിട്ടും കലശീ പുന്ന സ്ത്രീലിംഗമായിട്ടുമാം. ഘടഃ (അ-പു-പ്ര-ഏ) ഘടീ പുന്ന സ്ത്രീലിംഗമായിട്ടുമാം. കുടഃ (അ-പു-പ്ര-ഏ) കുടം പുന്ന നപുംസകമായിട്ടുമാം. നിപഃ (അ-പു-പ്ര-ഏ) നിപം പുന്ന നപുംസകമായിട്ടുമാം. ഇവ രു-ം കുടത്തിന്റെ പേർ. ശരാവഃ വദ്ധ്മാനകഃ (അ-പു-പ്ര-ഏ) ഇവ ൨-ം ചരാതിന്റെ പേർ. സരാവഃ പുനുമാം.

ഭ്രജീഷം പിഷ്ടപചനം കംസോസ്ത്രീ പാനഭാജനം
കുത്തുഃ കുത്തഃ സ്ഥാനചാത്രം സൈവാല്പാ കുത്രപഃ പുമാൻ.

ഭ്രജീഷം ഭ്രചീഷമെന്നുമാം. പിഷ്ടപചനം (അ-ന-പ്ര-ഏ) ഇവ ൨-ം അരച്ചുണ്ടാക്കുന്ന അട മുതലായതു വേവിക്കുന്നപാത്രത്തിന്റെ പേർ. കംസഃ (അ-പു-പ്ര-ഏ) പാനഭാജനം (അ-ന-പ്ര-ഏ) ഇവ ൨-ം പാവു മുതലായതു കുടിപ്പാനുള്ള പാത്രത്തിന്റെ പേർ. കുത്തുഃ (ഉ-പു-പ്ര-ഏ) തോലുകൊണ്ടുണ്ടാക്കിയ പുണ്ണപ്പാത്രത്തിന്റെ പേർ. കുത്രപഃ (അ-പു-പ്ര-ഏ) മേൽപ്രകാരമുള്ള ചെറിയ പാത്രത്തിന്റെ പേർ.

സത്ത്വമാവപനം ഭാണ്ഡം പാത്രാമത്രഞ്ച ഭാജനം
ദ്വിഃ കംബിഃ ചഷകാച സ്യാത്തർദ്ദൂർദ്ദ്വാരഹാസ്തകഃ. ൨൩

ആവപനം ഭാണ്ഡം പാത്രം അമത്രം ഭാജനം (അ-ന-പ്ര-ഏ) ഇവ ൫-ം പുല്ലാ പാത്രങ്ങൾക്കും സാധാരണമായ പേർ. ദ്വിഃ കംബിഃ (ഇ-സ്ത്രീ-പ്ര-ഏ) ദ്വീ കംബീ ഇങ്ങനെ ഈകാരാന്തങ്ങളായിട്ടുമാം. ചഷകാ (അ-സ്ത്രീ-പ്ര-ഏ) ഇവ നു-ം ചട്ടക

ത്തിന്റെ പേർ. തർഭഃ (ഉ-പു-പ്ര-ഏ) ദാരുഹസ്തകഃ (അ-പു-പ്ര-ഏ) ഇവ ൨-ം മരപ്പിടിയിട്ട ചട്ടകത്തിന്റെ പേർ.

അസ്ത്രീ ശാകം ഹരിതകം ശിഗ്രുരസ്യ തു നാളികാ
കളംബശ്ച കദംബശ്ച വേഷ്ടവാര ഉപസ്കരഃ. ൨൬

ശാകം ഹരിതകം (അ-ന-പ്ര-ഏ) പുല്ലിംഗമായിട്ടുമാം. ശിഗ്രുഃ (ഉ-പു-പ്ര-ഏ) ഇവ ൨-ം ഇലക്കറിയുടെ പേർ എന്നു തമിഴ്ശബ്ദത്തിൽ പറഞ്ഞിരിക്കുന്നു. കറിവെപ്പാനുപയോഗിക്കുന്ന ചീര മുതലായതിന്റെ പേർ എന്നു ധരിച്ചുകൊൾക. കളംബഃ കദംബഃ (അ-പു-പ്ര-ഏ) ഇവ ൨-ം ചീരമുതലായതിന്റെ തണ്ടിന്റെ പേർ വേഷ്ടവാരഃ വേസവാരഃ എന്നും വേശവാരഃ എന്നുമാം. ഉപസ്കരഃ (അ-പു-പ്ര-ഏ) ഇവ ൨-ം കറിവെപ്പാനുപയോഗമുള്ളതായ മൺചട്ടം മുളകുപൊടി ഇത്യാദിയുടെ പേർ.

തിന്തിഡീകഞ്ച ചുക്രഞ്ച വൃക്ഷാമ്ലമഥ വേല്ലജം
മരിചം കോലകം കൃഷ്ണമൂഷണം ധർമ്മപത്തനം. ൨൭

തിന്തിഡീകം ചുക്രം വൃക്ഷാമ്ലം (അ-ന-പ്ര-ഏ) ഇവ ന-ം പുളിയുടെ പേർ. വേല്ലജം മരിചം കോലകം കൃഷ്ണം ഊഷണം ധർമ്മപത്തനം (അ-ന-പ്ര-ഏ) ഇവ സ-ാ മുളകിന്റെ പേർ.

ജീരകോ ജരണോ ऽജാജീ കണാ കൃഷ്ണേ തു ജീരകേ
സുഷവീ കാരവീ പൃഥ്വീ പൃഥുഃ കാളോപകുഞ്ചികാ. ൨൮

ജീരകഃ ജരണഃ (അ-പു-പ്ര-ഏ) അജാജീ (ഈ-സ്ത്രീ-പ്ര-ഏ) കണാ (അ-സ്ത്രീ-പ്ര-ഏ) ഇവ നാലും ജീരകത്തിന്റെ പേർ. സുഷവീ കാരവീ പൃഥ്വീ (ഈ-സ്ത്രീ-പ്ര-ഏ) പൃഥുഃ (ഉ-സ്ത്രീ-പ്ര-ഏ) കാളാ ഉപകുഞ്ചികാ (അ-സ്ത്രീ-പ്ര-ഏ) ഇവ സ-ം കരിഞ്ജീരകത്തിന്റെ പേർ.

ആർദ്രകം ശൃംഗിവേരം സ്യാദഥ ഹരിത്രാവിത്രന്നകം
കുസുംഭുരു ച ധാന്യാകമഥ ശ്രുണ്ഠീ മഹൌഷധം. ൨൯
സ്ത്രീനപുംസകയോർവ്വിശേഷം നാഗരം വിശ്വഭേഷജം
അരനാളക സൌവീര കുല്മാഷാഭിഷുതാനി ച. ൩൦
അവന്തിസോമധാന്യമ്ല കഞ്ജലാനി ച കാഞ്ജികേ
സഹസ്രവേധി ജ്ഞേയം ബാലം ഹിംഗ്വ തു രാമഠം. ൩൧

ആർദ്രകം ശൃംഗിവേരം (അ-ന-പ്ര-ഏ) ഇവ ൨-ം ഇഞ്ചിയുടെ പേർ. ഹരിത്രാ (അ-സ്ത്രീ-പ്ര-ഏ) വിത്രന്നകം (അ-ന-പ്ര-ഏ) കുസുംഭുരു (ഉ-ന-പ്ര-ഏ) ധാന്യാകം (അ-ന-പ്ര-ഏ) ഇവ ൩-ം കൊത്തമ്പാലരിയുടെ പേർ. ശ്രുണ്ഠീ (ഈ-സ്ത്രീ-പ്ര-

ച്ച്) മഹൌഷധം (അ-ന-പ്ര-ച്ച്) ഖിശപം(അ-ന-പ്ര-ഖ്) വിശപാ ഖ്യിന്ന ഋകാരാന്തസ്ത്രീലിംഗമായിട്ടുമാം. നാഗരം വിശപാതിഷജം (അ-ന-പ്ര-ഖ്യ) ഇവ ദ്വി-ം ചുക്കിന്റെ പേർ. അജനാളികം സൌവീരം കുല്മാഷാഭിഷുതം അവന്തിസോമം ധാന്യാമ്ലം കാഞ്ജികം (അ-ന-പ്ര-ച്ച്) ഇവ ൭-ം കാടിയുടെ പേർ. കുല്മാഷം അഭിഷുതം ഇങ്ങിനെ രണ്ടുപദമാക്കുന്നു ചിന്ന ഒരുമതമുണ്ട്. സഹസ്രവേധി (ന-ന-പ്ര-ച്ച്) ഋജുകം ബാലഹികം (അ-ന-പ്ര-ഖ്യ) ഹിംഗു (ഉ-ന-പ്ര-ച്ച്) രാമഠം (അ-ന-പ്ര-ച്ച്) ഇവ ദ്വി-ം കായത്തിന്റെ പേർ.

തൽപത്രീ കാരവീ ച്ഛദപ്രീ ബൊഷ്പികാ കുബേരീ ച്ഛദഃ
നിശാഖ്യാ കാഞ്ചനീ പീതാ ഹരിദ്രാ വരവർണ്ണിനീ. ൫൬

തൽപത്രീ (ന-ച-പ്ര-ച്ച്) ദാരുവിന്റെ മരമെന്നർത്ഥം. കായമുണ്ടാകുന്ന മരമെന്നു സാരം. കാരവീ ഇത്യാദികൾ നാമങ്ങളാകുന്നു. കാരവീ ച്ഛദപ്രീ (ഈ-സ്ത്രീ-പ്ര-ച്ച്) ബൊഷ്പികാ (അ-സ്ത്രീ-പ്ര-ച്ച്) കുബേരീ (ഈ-സ്ത്രീ-പ്ര-ച്ച്) ച്ഛദഃ (ഉ-സ്ത്രീ-പ്ര-ഖ്) ഇവ ദ്വി-ം കായമുണ്ടാകുന്ന മരത്തിന്റെപേർ. നിശാഖ്യാ (അ-സ്ത്രീ-പ്ര-ച്ച്) കാഞ്ചനി (ഈ-സ്ത്രീ-പ്ര-ച്ച്)പീതാ ഹരിദ്രാ (അ-സ്ത്രീ-പ്ര-ച്ച്) വരവർണ്ണിനീ (ഈ-സ്ത്രീ-പ്ര-ച്ച്) ഇവ ദ്വി-ംമഞ്ഞളിന്റെ പേർ. നിശാഖ്യാ ചിന്നതിനു നിശയുടെ ആഖ്യപോലെ ഇരിക്കുന്ന ആഖ്യയോടുകൂടിയതു് ചിന്നർത്ഥമാകയാൽ രാത്രിയുടെ നാമങ്ങൾ ഒക്കെയും മഞ്ഞളിന്റെ നാമങ്ങളായ്വരുമെന്നറിഞ്ഞുകൊൾകയും വേണം.

സാമുദ്രം യത്തുലവണമക്ഷീബം വസിരഞ്ച തൽ
സൈന്ധവാസ്ത്രീ ശീതശിവം മാണിമന്ഥഞ്ച സിന്ധുജം.

അക്ഷീബം വസിരം (അ-ന-പ്ര-ഖ്യ) ഇവ ൨-ം കടലുപ്പിന്റെ പേർ. സൈന്ധവഃ (അ-പു-പ്ര-ഖ്യ) നപുംസകലിംഗമായിട്ടുമാം. ശീതശിവം മാണിമന്ഥം സിന്ധുജം (അ-പു-പ്ര-ഖ്യ). ഇവ ൩-ം ഇന്തുപ്പിന്റെ പേർ.

രൌമകേ വാസ്തുകം പാക്യം വിഡഞ്ച ക്രതുകേ ദ്വയം
സൌവർച്ചലേ ക്ഷാരചകേ തിലകം തത്ര മേചകം. ൫൭

രൌമകം വാസ്തുകം (അ-ന-പ്ര-ച്ച്) ഇവ ൨-ം പടനയുപ്പിന്റെ പേർ. രൌമകേ ബാസ്തുകമെന്നുമാം. രൌമക ബാസ്തുകം വാസ്തു ചിന്ന നാമമാലയിലുണ്ട്. ശാംഭവീ ചിന്ന ദേശത്തിങ്കൽ രുമാ ചിന്ന പേരോടുകൂടിയതായ ഒരു ലവണാകരമുണ്ട്. അതിൽ ഉണ്ടാകുന്ന ഉപ്പിന്റെ പേർ ചിന്ന മഹാശ്വരടീകയിൽ പറഞ്ഞി

രിക്കുന്നു. രുമയിൽ ഭവിച്ചതാകയാൽ രൌമകമെന്നു അതിനു നാമമുണ്ടായി എന്നും ധരിച്ചുകൊൾക. വസ്തുകമെന്നതിന്റെ വ്യുല്പത്തിടീകയിൽ ഇല്ല. ഹേമചന്ദ്രമതം വസ്തുകഃ എന്നാകുന്നു എന്നു പറഞ്ഞിട്ടും ഉണ്ടു്. ബസ്തകം എന്നതിനു ബസ്തകസദൃശമെന്നു അർത്ഥത്തെകാണിച്ചിട്ടുണ്ടു്. ബസ്തകം=ആടു് ആട്ടിന്റെ ഗന്ധംപോലെ ഇരിക്കുന്ന ഗന്ധത്തോടുകൂടിയതാകയാൽ മേൽപറഞ്ഞ ഉപ്പിനു ബസ്തകമെന്നു പേരുണ്ടെന്നു ടീകാശയത്തെ ഗ്രഹിച്ചുകൊൾക. തമിഴ്ഭാഷയിൽ വസ്നകമെന്നു കാണുന്നു. വസ്നകമെന്നുള്ള പക്ഷത്തിനു മൂലമിന്നതെന്നു് അറിയുന്നതുമില്ല. പാക്യം വിഡം (അ-ന-പ്ര-ഏ) ഇവ ഛ-ം ക്ഷാരമുത്തികയെ പചിച്ചുണ്ടാക്കുന്ന ഉപ്പിന്റെ പേർ. സൌവർച്ചലം അക്ഷം രുചകം (അ-ന-പ്ര-ഏ) ഇവ ന-ം തുവർച്ചിലയുപ്പിന്റെ പേർ. തിലകം (അ-ന-പ്ര-ഏ) കറുത്ത തുവർച്ചിലയുപ്പിന്റെ പേർ. സൌവർച്ചലം രുചകമെന്നും പാഠമുണ്ടു്.

മത്സ്യണ്ഡീ ഫാണിതം ഖണ്ഡവികാരഃശർക്കരാ സിതാ
ക്ഷൌദ്രികാ ക്ഷീരവികൃതിസ്ത്ര്യാ ദ്രസാളാ തു മാർജ്ജിതാ. രുമ

മത്സ്യണ്ഡീ (ഇ൩-സ്ത്രീ-പ്ര-ഏ) ഫാണിതം (അ-ന-പ്ര-ഏ) ഇവ ഛ-ം കണ്ടശർക്കരയുടെ പേർ. ഖണ്ഡവികാരഃ (അ-പു-പ്ര-ഏ) ശർക്കരാ സിതാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ന-ം പഞ്ചസാരയുടെപേർ ക്ഷൌദ്രികാ (അ-സ്ത്രീ-പ്ര-ഏ) ക്ഷീരവികൃതിഃ (ഇ-സ്ത്രീ പ്ര-ഏ) ഇവ ഛ-ം തൈരോ മോരോ കൂട്ടി കാച്ചിയ പാലിന്റെ പേർ. രസാളാ (ആ-സ്ത്രീ-പ്ര-ഏ) മാർജ്ജിതാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ഛ-ം ജീരകവും മുളകും പഞ്ചസാരയും കൂട്ടിക്കടഞ്ഞ തൈരിന്റെ പേർ. എന്നു ചിലരുടെ പക്ഷം. മറ്റുള്ളവർ തൈർ, തേൻ, പഞ്ചസാര, മുളകു്, ഇഞ്ചി ഇത്യാദികളെക്കൊണ്ടു നിർമ്മിക്കുന്ന ലേഹ്യത്തിന്റെപേർ എന്നു പറയുന്നു. സ്വാദ്വസാളാതുമാർജ്ജികാ എന്നും പാഠം കാണുന്നു.

സ്യാത്തേമനസ്തു നിഷ്ഠ്യൂനം ത്രിലിംഗാ വാസിതാവയഃ
ശൂലാകൃതം ഭടിത്രം സ്യാച്ഛൂല്യമുപ്യസ്തു പൈഠരം. രുമ

തേമനം നിഷ്ഠ്യൂനം (അ-ന-പ്ര-ഏ) ഇവ ഛ-ം കറിയുടെ പേർ. ത്രിലിംഗാവാസിദ്ധാവയഃ എന്നതിനു് ഇനിമേൽ വാസിതശബ്ദംവരെ ത്രിലിംഗങ്ങളാകുന്നു എന്നു് അർത്ഥത്തെ ഗ്രഹിച്ചുകൊൾക. ശൂലാകൃതം ഭടിത്രം ശൂല്യം (അ-ന-പ്ര-ഏ) ഇവ ന-ം ഇരുമ്പുകോലിന്മേൽ കോർത്തു ചുട്ട മാംസാദിയുടെ പേർ. ശൂലാകൃതംഭടിത്രഞ്ച എന്നും പാഠമുണ്ടു്. ഉപ്യം പൈഠരം (അ-ന-പ്ര-ഏ) ഇവ ഛ-ം കലത്തിൽ വേകിച്ചതിന്റെ പേർ.

പ്രണീതമുപസന്നന്നം പ്രയസ്തം സ്യാൽ സുസംസ്കൃതം
സ്യാൽ പിച്ഛിലന്തു വിജ്ഞിലം സമ്പൃഷ്ടം ശോധിതം സമ.

പ്രണീതം ഉപസന്നന്നം (അ-ന-പ്ര-ഛ) ഇവ ൨-ം പാകം ചെയ്തതിന്റെ പേർ. പിന്നെ പിലതുടെ പക്ഷം. രസാടികളുടെ തിക്കുപോടുകൂടിയതിന്റെ പേർ എന്നതത്രെ അന്യന്മാർ പറയുന്നത്. പ്രയസ്തം സുസംസ്കൃതം (അ-ന-പ്ര-ഛ) ഇവ ൨-ം നല്ലവണ്ണം നിർമ്മിക്കപ്പെട്ട കറി മുതലായതിന്റെ പേർ. പിച്ഛിലം വിജ്ഞിലം (അ-ന-പ്ര-ഛ) ഇവ ൨-ം ആർദ്രമായതിന്റെ പേർ. സമ്പൃഷ്ടം ശോധിതം (അ-ന-പ്ര-ഛ) ഇവ ൨-ം നിർമ്മലമായതിന്റെ പേർ.

ചിക്കണം മസൃണം സ്നിഗ്ധം തുല്യ ഭാവിതവാസിതേ
ആപകപം പൌഖിരഭ്യൂഷോ ലാജാഃ പും ക്ലമ്നിചാക്ഷതാ.

ചിക്കണം മസൃണം സ്നിഗ്ധം (അ-ന-പ്ര-ഛ) നെയ് മുതലായ സ്നേഹദ്രവ്യങ്ങളാടുകൂടിയതിന്റെ പേർ. ഭാവിതം വാസിതം (അ-ന-പ്ര-ഛ) ഇവ ൨-ം സുഗന്ധമാക്കപ്പെട്ടതിന്റെ പേർ. ആപകപം (അ-ന-പ്ര-ഛ) പൌഖിഃ (ഇ-പു-പ്ര-ഛ) അഭ്യൂഷഃ (അ-പു-പ്ര-ഛ) ഇവ ൩-ം പങ്തി വേവിച്ച യവം മുതലായതുകൊണ്ടോ നെയ് മുതലായതിൽ വറുത്ത യവം മുതലായതുകൊണ്ടോ ഉണ്ടാക്കുന്നതായും ഒരു ദേശത്തിങ്കൽ പോലി എന്ന വ്യവഹാരത്തോടുകൂടിയതായും വിധിക്കുന്ന പദാർത്ഥത്തിന്റെ പേർ. എള്ള്, ശർക്കര മുതലായതും അരിമാവുംകൂട്ടി ഉണ്ടാക്കുന്നതിന്റെ പേർ എന്ന തമിഴ്ക്കുത്തിൽ പറഞ്ഞിരിക്കുന്നു. ലാജാഃ (അ-പു-പ്ര-ബ) അക്ഷതാഃ (അ-പു-പ്ര-ബ) ഇവ ൨-ം നിത്യബഹുവചനാന്തങ്ങളത്രെ ആകുന്നത്. ഇവ ൨-ം മലയിന്റെ പേർ.

പൃഷ്കഃ സ്ത്രിപിടകോ ധാനാ ഭൃഷ്ടയവേ സ്ത്രിയഃ
പൂപോऽപൂപഃ പിഷ്ടകസ്സ്ത്രിയാൽ കരംഭോദധിസക്തവഃ. ൩൨

പൃഷ്കഃ ത്രിപിടകഃ (അ-പു-പ്ര-ഛ) ഇവ ൨-ം അരിപ്പിലിന്റെ പേർ. ധാനാഃ (അ-സ്ത്രീ-പ്ര-ബ) നിത്യബഹുവചനാന്തമാകുന്നു. വറുത്ത യവത്തിന്റെ പേർ. പൂപഃ അപൂപഃ പിഷ്ടകഃ (അ-പു-പ്ര-ഛ) ഇവ ൩-ം അരിപ്പത്തിന്റെ പേർ. കരംഭഃ (അ-പു-പ്ര-ബ) ദധിസക്തവഃ (ഇ-പു-പ്ര-ബ) ഇവ ൨-ം തൈരിൽ ചേർത്ത വറുത്ത യവം മുതലായതിന്റെ പൊടിയുടെ പേർ. ബഹുവചനത്തിനു് വിവക്ഷയില്ലായ്കയാൽ നിത്യബഹുത്വമുണ്ടെന്നു വിചാരിച്ചുപോകയുമരുതു്, ജ്യോൽസ്നാകരംഭമുദരംഭയശ്ചകോരാഃ ഇത്യാദിപ്രയോഗവുമുണ്ടു്. ഉജ്ജ്വലശാടീകയിൽ കരംഭോദധിസക്തവഃ എന്നു് ഏകവചനാന്തമായ പാഠത്തെത്ത

ന്നെ കാണിച്ചിരിക്കുന്നു. എങ്കിലും ഈ പ്രദേശങ്ങളിൽ അനേക പുസ്തകങ്ങളിൽ കമംഭാ എന്നാകയാലും തമിഴ്ക്കുത്തിലും ഇപ്പോ കാരം കാൺകയാലും കമംഭാദധിസക്തുവഃ എന്ന പാഠത്തെ ഇവിടെ സ്വീകരിച്ചിരിക്കുന്നു എന്നറിഞ്ഞുകൊൾകയും വേണം.

ഭിസ്സാ സ്ത്രീ ഭക്തമന്നാന മോദനോസ്ത്രീ സദീദിവിഃ
ഭിസ്സടാ ദാദ്ധികാ സൂപ്യരസാഗ്ര്യേ മണ്ഡമസ്ത്രിയാം. ൨൯൪

ഭിസ്സാ (അ-സ്ത്രീ-പ്ര-ഏ) ഭക്തം (അ-ന-പ്ര-ഏ) അന്നം (സ-ന-പ്ര-ഏ) അന്നം (അ-ന-പ്ര-ഏ) ഓദനഃ (അ-പു-പ്ര-ഏ) നപുംസകലിംഗമായിട്ടുമാം. ദീദിവിഃ (ഇ-പു-പ്ര-ഏ) ഇവ സ-ം ചോറിന്റെ പേർ. ഭിസ്സടാ ദാധ്നികാ (അ-സ്ത്രീ-പ്ര-ഏ) ഇവ ര-ം കലർന്ന ചോറിന്റെ പേർ. മണ്ഡം (അ-ന-പ്ര-ഏ) പുല്ലിംഗമായിട്ടുമാം. എല്ലാ രസങ്ങളുടെയും തെളിയുടെ പേർ.

മാസരാചാമനിസ്രാവാ മണ്ഡേ ഭക്തസമുദ്ഭവേ
യവാഗ്രൂരുഷ്ണികാ ശ്രാണാ വിലേപീ തരളാ ച സാ. ൨൯൫

മാസരഃ ആചാമഃ നിസ്രാവഃ (അ-പു-പ്ര-ഏ) ഇവ ന-ം വാൽ കഞ്ഞിയുടെ പേർ. യവാഗ്രൂഃ (ഉ-സ്ത്രീ-പ്ര-ഏ) ഉഷ്ണികാ ശ്രാണാ (അ-സ്ത്രീ-പ്ര ഏ) വിലേപീ (ഇ-സ്ത്രീ-പ്ര-ഏ) തരളാ (അ-സ്ത്രീ-പ്ര-ഏ) ഇവ ദ-ം കഞ്ഞിയുടെ പേർ.

ഗവ്യം ത്രിഷു ഗവാം സ്വം ഗോവിഡ്ഗോമയമസ്ത്രിയാം
തണ്ഡുലീയശാകാദി ദ്രവ്യം കൃഷരോ5സ്ത്രീ ദൃഗ്ഭേ ക്ഷീരം പയസ്സമം.

ഗവ്യം (അ-ന-പ്ര-ഏ) ത്രിലിംഗമാകുന്നു. ഗോസംബന്ധിയായ പാലു മുതലായതിന്റെ പേർ. ഗോവിഡ് (ശ-സ്ത്രീ-പ്ര-ഏ) ഗോമയം (അ-ന-പ്ര-ഏ) പുല്ലിംഗമായിട്ടുമാം. ഇവ ര-ം ചാണകത്തിന്റെ പേർ. കൃഷരഃ (അ-പു-പ്ര-ഏ) നപുംസകലിംഗമായിട്ടുമാം. ഉണങ്ങിയ ചാണകത്തിന്റെപേർ ദൃഗ്ഭേ ക്ഷീരം (അ-ന-പ്ര-ഏ) പയഃ (സ ന-പ്ര-ഏ) ഇവ ന-ം പാലിന്റെ പേർ.

പയസ്യമാജ്യാദധ്യാദി ദ്രുസ്നേധി ഘനേതരത്
ഘൃതമാജ്യം ഹവിസ്സർപ്പിർന്വനീതം നവോദ്ധൃതം. ൨൯൭

പയസ്യം (അ-ന-പ്ര-ഏ) നെയ്യു തെർ മുതലായതിന്റെ പേർ. ദ്രുസ്നം (അ-ന-പ്ര-ഏ) ഘനമല്ലാത്ത തൈരിന്റെ പേർ. ഘൃതം ആജ്യം (അ-ന-പ്ര-ഏ) ഹവിഃ സർപ്പിഃ (സ-ന-പ്ര-ഏ) ഇവ ര-ം നെയ്യിന്റെ പേർ. നവനീതം (അ-ന-പ്ര-ഏ) ന

ഘോഷ്യൂതം (അ-ന-പ്ര-ഏ) ഇവ ൨-ം അപ്പോൾ കടഞ്ഞെടുത്ത വെണ്ണയുടെ പേർ.

തണ്ഡുലൈരംഗവീനം യദ്യോഗോദോഹാദ്ഭവം ഘൃതം
ദണ്ഡാഹതം കാലശേയമരിഷ്ടമപി ശോരസഃ. ൩൧

ഹൈയംഗവീനം (അ-ന-പ്ര-ഏ) തലേനാൾ കടഞ്ഞെടുത്ത വെണ്ണയുടെ പേർ എന്ന തമിഴ്ക്കുത്തിൽ പറഞ്ഞിരിക്കുന്നു. ഇന്നലെ കറന്നപാലിൽനിന്നു് ഉടനവടഞ്ഞാടുകൂടിയ നെയ്യിന്റെ പേർ എന്നു ഹ്യോഗോദോഹാദ്ഭവംഘൃതമെന്നതിന്റെ സാമാന്യം കൊണ്ടു കിട്ടുന്ന അർത്ഥമാകുന്നു എന്നു അറിഞ്ഞുകൊൾകയും വേണം. മഘോശ്വരടീകയിൽ ഒരു രാത്രിമുഴുവൻ ഇരുന്ന തൈരിൽനിന്നുണ്ടായ നെയ്യിന്റെ പേർ എന്നാകുന്നു. ദണ്ഡാഹതം കാലശേയം അരിഷ്ടം (അ-ന-പ്ര-ഏ) ശോരസഃ (അ-പു-പ്ര-ഏ) ഇവ ൩-ം മോരിന്റെ പേർ.

തക്രം ഹ്യുദശ്വിന്മഥിതം പാടാംബ്വമ്ലാംബുനിർജ്ജലം
മണ്ഡം ദധിഭവം മസ്തു പീയൂഷോഽഭിനവം പയഃ. ൩൨

തക്രം (അ-ന-പ്ര-ഏ) നാലൊന്നു വെള്ളംകൂട്ടിയ മോരിന്റെ പേർ. ഉദശ്വിൽ (ത-ന-പ്ര ഏ) പാതി വെള്ളംചേർത്ത മോരിന്റെ പേർ. മഥിതം (അ-ന-പ്ര-ഏ) വെള്ളംചേർക്കാത്ത കടഞ്ഞ മോരിന്റെ പേർ. തക്രം ഉദശ്വിൽ മഥിതം ഇവ പദങ്ങളോടു ക്രമേണ പാടാംബു അമ്ലാംബു നിർജ്ജലം എന്ന പദങ്ങൾ ചേരുന്നതാകുന്നു എന്നും അറിഞ്ഞുകൊൾകുക. മസ്തു (ഉ-ന-പ്ര-ഏ) തൈർവെള്ളത്തിന്റെ പേർ. പീയൂഷഃ (അ-പു-പ്ര-ഏ) അപ്പോൾ കറന്ന പാലിന്റെ പേർ എന്നു് തമിഴ്ക്കുത്തിൽ പറഞ്ഞിരിക്കുന്നു. മഘോശ്വരടീകയിൽ നവപ്രസൂതനായ പശുവിന്റെ പാൽ ഏഴുദിവസംവരെ പീയൂഷമെന്ന പേരോടുകൂടിയതാകുന്നു എന്ന പറകയും അതിനു സഹായമായിട്ടു് പീയൂഷം സപ്തദിവസാവധിക്ഷീരേ തഥാന്യത്രേ എന്നു് വിശ്വമേദിനീ വചനത്തെ കാണിക്കുകയും ചെയ്തിരിക്കുന്നു.

അശനായാ ബുഭുക്ഷാ ക്ഷുദ്ഗ്രാസസ്തൃകബളഃ പുമാൻ
സപീതിസ്ത്രീ തുല്യപാനം സഗ്ഘിസ്ത്രീ സഹഭോജനം.

അശനായാ ബുഭുക്ഷാ (അ സ്ത്രീ-പ്ര-ഏ) ക്ഷുൽ (ന-സ്ത്രീ-പ്ര-ഏ) ഇവ നാ-ം വിശപ്പിന്റെ പേർ, ഗ്രാസഃ കബളഃ (അ-പു-പ്ര-ഏ) ഇവ പു-ം ഉരുളയുടെ പേർ. ഗ്രാസസ്തൃകബളാശ്ചകഃ എന്നും പാഠമുണ്ടു്. സപീതിഃ (ഇ-സ്ത്രീ-പ്ര-ഏ) പലർക്കുടി കുടിക്കുന്നതിന്റെ പേർ. സഗ്ഘിഃ (ഇ-സ്ത്രീ-പ്ര-ഏ) പലർക്കു

ടി ഭക്ഷിക്കുന്നതിന്റെ പേർ. സജ്ഗ്ധിസഹഭോജനമെന്ന പാഠത്തെ ചിലർ സമ്മതിച്ചിരിക്കുന്നു.

ഉദന്യാ തു പിപാസാ തൃഡ് തൃഷ്ടാ ജഗ്ധിസ്തു ഭോജനം
ക്ഷമനം ലേഹ ആഹാരോ നിഷ്വാസോ-ന്യാദ ഇത്യപി.

ഉദന്യാ പിപാസാ (അ-സ്ത്രീ-പ്ര-ഏ) തൃഡ് (ഷ-സ്ത്രീ-പ്ര-ഏ) തൃഷ്ടഃ (അ-പു-പ്ര-ഏ) ഇവ രു-ം ദാഹത്തിന്റെ പേർ. ജഗ്ധിഃ (ഇ-സ്ത്രീ-പ്ര-ഏ) ഭോജനം ക്ഷമനം (അ-ന-പ്ര-ഏ) ലേഹഃ ആഹാരഃ നിഷ്വാസഃ ന്യാദഃ (അ-പു-പ്ര-ഏ) ഇവ ൪-ം ഭോജനത്തിന്റെ പേർ. ക്ഷമനമെന്നും ജമനമെന്നുമാം. ലേഹഃ പുംനാം ലേഹഃ പുംനാമാം. നിഷ്വാസഃ പുംനാം നിഷ്വസഃ പുംനാമാം. സൌഹിത്യം തൃപ്ണം തൃപ്തിഃ ഫേലാ ഭുക്തസമുജ്ഗ്ധിതം
കാമം പ്രകാമം പര്യ്യാപ്തം നികാമേഷ്ടം യഥോപ്സിതം. ൫൬

സൌഹിത്യം തൃപ്ണം (അ-ന-പ്ര-ഏ) തൃപ്തിഃ (ഇ-സ്ത്രീ-പ്ര-ഏ) ഇവ ൨-ം തൃപ്തിയുടെപേർ. ഫേലാ (ആ-സ്ത്രീ-പ്ര-ഏ) ഭുക്ത സമുജ്ഗ്ധിതം (അ-ന-പ്ര-ഏ) ഇവ ൩-ം ഉണ്ടുശേഷിച്ചതിന്റെ പേർ. ജഗ്ധമിതം ഫേലിതം പുംനാകുന്നു. കാമം പ്രകാമം പര്യ്യാപ്തം നികാമം ഇഷ്ടം യഥോപ്സിതം ഇവ ൫-ം ക്രിയാവിശേഷണമായി പ്രയോഗിക്കപ്പെട്ടുന്നവയാകുന്നു. ഉദാഹരണം കാമം ഭുങ്ക്തേ ഇത്യാദി. ഇച്ഛയ്യ്ക്കുവണ്ണം ഭുജിക്കുന്നു എന്നർത്ഥം.

ഗോഷ്ഠേ ഗോപാലഗോസംഖ്യഗോധുഗാഭീരവല്ലവാഃ
ഗോമഹിഷ്യാദികം പാടബന്ധനം ദ്വേ ഗവീശ്വരേ.

ഗോമാൻ ഗോമീ ഗോകുലന്തു ഗോധനം സ്യാദ്ഗവാം വ്രജ
സ്തിഷ്ഠാശിതം ഗവീനന്തർഗ്ഗവ്യം യത്ര്യാശിതാഃ പുരാ. ൫൭

ഗോഷ്ഠഃ ഗോപാലഃ ഗോസംഖ്യഃ (അ-പു-പ്ര-ഏ) ഗോധുക് (ഹ-പു-പ്ര-ഏ) ആഭീരഃ വല്ലവഃ (അ-പു-പ്ര-ഏ) ഇവ ൫-ം ഗോക്കളെ പാലിക്കുന്നവന്റെ പേർ. പാടബന്ധനം(അ-ന-പ്ര-ഏ) പശു എരുമ മുതലായതിന്റെ പേർ. ദ്വേ (സം-പു-പ്ര-ദ്വി) ഗവീശ്വരേ (അ-പു-സ-ഏ) ഗോമാൻ (ത-പു-പ്ര-ഏ) ഗോമീ (ന-പു-പ്ര-ഏ) ഗോമാൻ ഗോമീടെയും ഗവീശ്വരേ എന്നനാനാർത്ഥമാകുന്നു. ഗോമാൻ ഗോമീ എന്ന ഈ രണ്ടു ശബ്ദങ്ങൾം ഗവീശ്വരങ്കൽ വർത്തിക്കുന്നു എന്നു് അനാഖ്യാർത്ഥം. ഗവീശ്വരൻ=ഗോക്കളുടെ ഈശ്വരൻ. ഗോക്കൾ=പശുക്കൾ. ഈശ്വരൻ=സ്വാമി. ഗോമാൻ ഗോമീ ഇവ ൨-ം പശുക്കളുടെ ഉടമസ്ഥന്റെ പേർ എന്നു സാരമാകുന്നു. ഗോകുലം ഗോധനം

(അ-ന-പ്ര-ഷ്യ) ഇവ ൨-ം ഗോസമൂഹത്തിന്റെ പേർ. അശീതംഗവീനം (അ-ന-പ്ര-ഷ്യ) തിലിംഗമാകുന്നു. മുമ്പിൽ പശുക്കളെ മേച്ചിരുന്ന സ്ഥലത്തിന്റെ പേർ.

ഉക്ഷാ ഭദ്രോ വലീവർദ്ദ ഋഷഭോ വൃഷഭോ വൃഷഃ
അനഡ്വാൻ സൗരഭേയോ ഗൌരുക്ഷ്ണാം സംഹതിരുക്ഷകം.

ഉക്ഷാ (ന-പു-പ്ര ഷ്യ) ഭദ്രഃ വലീവർദ്ദഃ ബലീവർദ്ദഃ എന്നാ ബലീവർദ്ദഃ എന്നുംകൂടെ പ്രയോഗിക്കാം. ഋഷഭഃ വൃഷഭഃ വൃഷഃ (അ-പു-പ്ര-ഷ്യ) അനഡ്വാൻ (ഥ-പു-പ്ര-ഷ്യ) സൌരഭേയഃ (അ-പു-പ്ര-ഷ്യ) ഗൌഃ (ഓ-പു-പ്ര-ഷ്യ) ഇവ ൪-ം കാളയുടെ പേർ. ഔക്ഷകം (അ-ന-പ്ര-ഷ്യ) കാളകളുടെ സമൂഹത്തിന്റെ പേർ.

ഗവ്യാ ഗോത്രാ ഗവാം വ്രജശ്ചാഥോ വ്രാജ്യാസകൈധനഃകേ
ഉക്ഷാ മഹാനുക്ഷകോക്ഷ്ണസ്ത്വൃഷഭോക്ഷസ്തൂ ജരദ്ഗവഃ, സ്ത്രീ

ഗവ്യാ ഗോത്രാ (അ-സ്ത്രീ-പ്ര-ഷ്യ) ഇവ ൨-ം ഗോക്കളുടെ സമൂഹത്തിന്റെ പേർ. വ്രാജ്യകം (അ-ന-പ്ര-ഷ്യ) പശുക്കിടാങ്ങളുടെ സമൂഹത്തിന്റെ പേർ. ധൈനകം (അ-ന-പ്ര-ഷ്യ) ധേനുസമൂഹത്തിന്റെ പേർ. മഹോക്ഷഃ (അ-പു-പ്ര-ഷ്യ) വലിയ കാളയുടെ പേർ. വൃദ്ധോക്ഷഃ ജരദ്ഗവഃ (അ-പു-പ്ര-ഷ്യ) ഇവ ൨-ം മൂത്തകാളയുടെ പേർ.

ഉച്ചൈനാ ഉക്ഷാ ജാതോക്ഷസ്തരുണ്യാ ജാതസ്തു തണ്ണകഃ
ശകൃൽകരിസ്തു വത്സസ്ത്യാട്ടമൃഷഭതൈ സമൌ. സ്ത്രീ

ജാതോക്ഷഃ (അ-പു-പ്ര-ഷ്യ) കാളയുടെ സ്വഭാവത്തെ പ്രാപിച്ചതായ കാളക്കുട്ടിയുടെ പേർ. തണ്ണകഃ (അ-പു-പ്ര-ഷ്യ) അപ്പോൾ പിറന്ന കാളക്കുട്ടിയുടെ പേർ. ശകൃൽകരിഃ (ഇ-പു-പ്ര-ഷ്യ) വത്സഃ (അ-പു-പ്ര-ഷ്യ) ഇവ ൨-ം കുടിക്കുന്ന കാളക്കുട്ടിയുടെ പേർ. ദമ്യഃ വത്സതരഃ (അ-പു-പ്ര-ഷ്യ) ഇവ ൨-ം കുടിവാറിയ കാളക്കുട്ടിയുടെ പേർ.

ആക്ഷഭ്യഃ ഷണ്ഡതായോഗ്യഃ ഷണ്ഡോ ഗോപതിരിഞ്ചരഃ
സ്ഥണ്ഡിലേശേ തപസ്യ വഹസ്സ്യാസ്ഥാ തു ഗളകംബളഃ. സ്ത്രീ

ആക്ഷഭ്യഃ ഷണ്ഡതായോഗ്യഃ (അ-പു-പ്ര-ഷ്യ) ഇവ ൨-ം ഉടയ്ക്കുവാൻ തക്കതായ കാളയുടെ പേർ. ഷണ്ഡഃ (അ-പു-പ്ര-ഷ്യ) ഗോപതിഃ (ഇ-പു-പ്ര-ഷ്യ) ഇഞ്ചരഃ (അ-പു-പ്ര-ഷ്യ) ഇതരഃ എന്നുമാം. ഇവ ൩-ം സേചനാചാരിയായ വൃഷത്തിന്റെ പേർ. തമിഴ്ക്കുത്തിൽ തിരുവരത്തിക്കുറവന്റെ എന്ന ഭാഷ കാണുന്നു.

വഹഃ (അ പു-പ്ര-ഏ) കാളയുടെ ചുമലിന്റെ പേർ. സ്കന്ധ പ്രദേശസ്ഥവാഹഃ ഏ)ന്നും പാഠം ഉണ്ട്. സാസ്നാ (അ-സ്ത്രീ-പ്ര-ഏ) ഗളകംബളഃ (അ-പു-പ്ര-ഏ) ഇവ രണ്ടും താടയുടെ പേർ.

സ്യാന്നസ്ഥിതസ്യ നസ്യോതഃ പ്രഷ്ഠവാഡ്ധുര്യപാർശ്വഗഃ
യുഗ്യാദീനാന്തു ധുര്യോ യുഗ്യപ്രാസംഗ്യശാകടാഃ. ൩൮

നസ്ഥിതഃ നസ്യോതഃ (അ-പു-പ്ര-ഏ) ഇവ മൂ-ം മൂക്കുതുള്ളുകയറിട്ട കാളയുടെ പേർ. പ്രഷ്ഠവാഹ (അ-പു-പ്ര-ഏ) വാഹ വാൾ ഏ)ന്നുമാം. ധുര്യപാർശ്വഗഃ (അ-പു-പ്ര-ഏ) ഇവ മൂ-ം നുകംവച്ചു മുട്ടികെട്ടിയ കാളയുടെ പേർ. യുഗ്യഃ (അ-പു-പ്ര-ഏ) നുകത്തെവഹിക്കുന്ന കാളയുടെ പേർ. പ്രാസംഗ്യഃ (അ-പു-പ്ര-ഏ) തേർ മുതലായ വാഹനത്തിന്റെ നുകത്തെവഹിക്കുന്ന കാളയുടെ പേർ. മേൽനുകത്തെ വഹിക്കുന്ന കാളയുടെ പേർ, ഏ)ന്നും ഒരു മതമുണ്ട്. ശാകടഃ (അ--പു-പ്ര-ഏ) വണ്ടിവലിക്കുന്ന കാളയുടെ പേർ.

ധനിതാനേന തദ്വോഢാസ്യുഭം ഹാലികസൈരികൌ
ധുര്യവഹധുര്യൌ ധുരീണാസ്സുധുരന്ധരാഃ. ൩൯

ഹാലികഃ സൈരികഃ (അ-പു-പ്ര-ഏ) ഇവ മൂ-ം കരികൊണ്ടുഴുന്നവന്റെയും കരിയെ വഹിക്കുന്നവന്റെയും കരിയുടെ സംബന്ധിയായവന്റെയും പേർ. ധുർവ്വഹഃ ധുര്യഃ ധൌരേയഃ ധുരീണഃ ധുരന്ധരഃ (അ-പു-പ്ര-ഏ) ഇവ ൫-ം ഭാരത്തെ വഹിക്കുന്നവന്റെ പേർ.

ഉഭാവേകധുരീണൈകധുരാവേകധുരാവഹേ
സ ത്രസവ്വധുരീണസ്സ്യാദ്യോവൈ സവ്വധുരാവഹഃ. ൪൦

ഏകധുരീണഃ ഏകധുരഃ ഏവകധുരാവഹഃ (അ-പു-പ്ര-ഏ) ഇവ നു-ം ഒരു ഭാരത്തെ വഹിക്കുന്നവന്റെ പേർ. സർവ്വധുരീണഃ (അ-പു-പ്ര-ഏ) എല്ലാ ഭാരത്തെയും വഹിക്കുന്നവന്റെ പേർ.

മാഹേയീ സൌരഭേയീ ഗൌ രുസ്രാ മാഹാ ച ശൃംഗിണീ
അഘ്ന്യൂനൃഷ്ട്ര്യാ രോഹിണീ|സ്യാദുത്തമാ ഗോഷ്വനൈചികീ.

മാഹേയീ സൌരഭേയീ (ഈ-സ്ത്രീ-പ്ര-ഏ) ഗൌഃ (ഓ-സ്ത്രീ-പ്ര-ഏ) ഉസ്രാ മാഹാ (അ-സ്ത്രീ-പ്ര-ഏ) മാഹാ എന്നതിന്റെ സ്ഥാനത്തിങ്കൽ ചിലർ മാതാ എന്നും പഠിക്കുന്നു. അപക്ഷത്തിങ്കൽ മാതാ (ഋ സ്ത്രീ-പ്ര-ഏ) ഇങ്ങിനെ ധരിച്ചുകൊൾക. ശൃംഗിണീ അഘ്ന്യൂനീ (ഈ-സ്ത്രീപ്ര-ഏ) അഘ്ന്യാ (അ-സ്ത്രീ-പ്ര-ഏ) രോഹിണീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ൯-ം പശുവി

ന്റെ പേര്. നൈഷികീ (ഈ-സ്ത്രീ-പ്ര-ഏ) ഉത്തമപശുവിന്റെ പേർ.

വർണ്ണാദിഭേദാൽ സംജ്ഞാസ്സു ശ്യാമളീധവളാദയഃ
ദ്വിഹായണീ ദ്വിവർഷാ സ്യാദുരഗേകാബ്ദാ തഥൈകഹായണീ.

ചതുരബ്ദാ ചതുർഹായണ്യേവം ത്र्യബ്ദാ ത്രിഹായണീ
വശാ വന്ധ്യാടവതോകാ തു സ്രവദ്ഗർഭാഥ സന്ധിനീ.

ആക്രാന്താ വൃഷഭേണാഥ പോഹദ്ഗർഭോപഘ്നാതനീ
കാല്യോപസത്ത്യാ പ്രഗുണ പ്രസ്യുഹീബാലഗർഭിണീ. ൬൦

നിറഭേദം മുതലായതുകൊണ്ട് പശുക്കൾക്കുള്ള പേരുകളെ പറയുന്നു. ശ്യാമളീ(ഈ-സ്ത്രീ-പ്ര-ഏ)പലനിറമായ പശുവിന്റെ പേർ ധവളാ (ആ-സ്ത്രീ-പ്ര-ഏ) വെളുത്തപശുവിന്റെ പേർ. ഏതിശബ്ദംകൊണ്ടു കപിലാ പാടലാ ഇത്യാദികളെ ഗ്രഹിച്ചുകൊൾക. അവയവഭേദംകൊണ്ട് ലംബകർണ്ണാ വക്രശൃംഗി ഇത്യാദി സംജ്ഞകളുണ്ട്; ഒരുകളെയും ഗ്രഹിച്ചുകൊൾക. ദ്വിഹായണീ (ഈ-സ്ത്രീ-പ്ര-ഏ) ഈരാണ്ടായ പശുവിന്റെ പേർ. ഏകഹായണീ (ഈ-സ്ത്രീ-പ്ര-ഏ) ഒരാണ്ടായ പശുവിന്റെ പേർ. ചതുർഹായണീ (ഈ-സ്ത്രീ-പ്ര-ഏ) നാലാണ്ടായ പശുവിന്റെ പേർ. ത്രിഹായണീ (ഈ-സ്ത്രീ-പ്ര-ഏ) മൂപ്പാണ്ടായ പശുവിന്റെ പേർ. വശാ വന്ധ്യാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ഉ-ം മച്ചിപ്പശുവിന്റെ പേർ. അവതോകാ വതോകാ ചീന്നമാം. സ്രവദ്ഗർഭാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ഉ-ം ചെറുകലങ്ങിയ പശുവിന്റെ പേർ. സന്ധിനീ (ഈ-സ്ത്രീ-പ്ര-ഏ) കാളകേറിയ പശുവിന്റെ പേർ. ചെനയറ പശുവിന്റെ എന്ന താൽപര്യം. പോഹൽ (ത-സ്ത്രീ-പ്ര-ഏ) കാളകേറുകകൊണ്ടു ഗർഭം കലങ്ങിയ പശുവിന്റെ പേർ. ഉപസത്ത്യാ (ആ-സ്ത്രീ-പ്ര-ഏ) ഗർഭഗ്രഹണത്തിന്നായിക്കൊണ്ടു സമയമായ പശുവിന്റെ പേർ. പ്രഗുണ ഗർഭഗ്രഹണേ കാല്യാ പ്രാപ്തകാലാ ഗൗഃ ഉപസത്ത്യുച്യതേ എന്നതിനാൽ കാല്യാ എന്നതു പശ്ച്യായാന്തരമല്ല. തമിഴ്ക്കൂത്തിൽ കാല്യാ (സ്ത്രീ-ആ) ഉപസത്ത്യാ (സ്ത്രീ-ആ) ആകെ (ഉ) എന്ന പറഞ്ഞതു തെറ്റുതന്നെ എന്നറിഞ്ഞുകൊൾക. പ്രസ്യുഹീ പസ്യുഹീ എന്നുമാം. (ഈ-സ്ത്രീ-പ്ര-ഏ) പ്രസ്യുഹി എന്ന ശ്രുകാരസഹിതമായ പാഠം നിർമ്മൂലമാകുന്നു. ബാല്യത്തിങ്കൽ ചെനച്ച പശുവിന്റെ പേർ. ആണ്ടിൽ ചെനച്ചതിന്റെ എന്ന ഭാഷ കാണ്മാനുണ്ട്.

സ്യാദ്ധണ്ഡീ തു സുകരാ ബഹ്വപത്യാ പരേഷ്ടുകാ
ചിരസൂതാ ബഷ്കയണീ ധേനുസ്ത്വന്നവസൂതികാ. ൫൯

അഥണ്ഡീ (ഈ-സ്ത്രീ-പ്ര-ഏ) സുകരാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ഉ-ം കോപമില്ലാത്ത പശുവിന്റെ പേർ. ഇണക്കമുള്ള പശുവിന്റെ എന്ന അഭിപ്രായമാകുന്നു. ബഹ്വപത്യാ (ഈ-സ്ത്രീ-പ്ര-ഏ) പരേഷ്ടുകാ (ആ-സ്ത്രീ പ്ര-ഏ) ഇവ ഉ-ം വളരെ പെറ്റ പശുവിന്റെ പേർ. ചിരസൂതാ (ആ-സ്ത്രീ-പ്ര-ഏ) ബഷ്കയണീ(ഈ-സ്ത്രീ-പ്ര-ഏ)ഇവ ഉ-ം പെറ്റു പലനാൾകഴിഞ്ഞപശുവിന്റെ പേർ. ബഷ്കയിണീ എന്നും പാഠമുണ്ട്. ധേനുഃ (ഉ-സ്ത്രീ-പ്ര-ഏ) നവസൂതികാ (ആ-സ്ത്രീ-പ്ര-ഏ) ഇവ രണ്ടും ഋതുപ്രസവയായ പശുവിന്റെ പേർ. പെറ്റു കാലംതെല്ലാത്ത പശുവിന്റെ എന്നു സാരത്തെ ഗ്രഹിച്ചുകൊൾക.

സുപ്രതാ സുഖസന്ദോഹ്യാ പീനോദ്ധ്നീ പീവരസ്തനീ
ദ്രോണക്ഷീരാ ദ്രോണദുഗ്ധാ ധേനുഷ്യാബന്ധകേ സ്ഥിതാ

സുപ്രതാ സുഖസന്ദോഹ്യാ (ആ-സ്ത്രീ-പ്ര-ഏ) സുഖസന്ദോഹ്യാ എന്നും കാണ്മാനുണ്ട്. ഇവ ഉ-ം നല്ലശീലത്തോടുകൂടിയ പശുവിന്റെപേർ. പീനോദ്ധ്നീ പീവരസ്തനീ (ഈ-സ്ത്രീ പ്ര-ഏ) അകിടു വലുതായ പശുവിന്റെ പേർ. ദ്രോണക്ഷീരാ ദ്രോണദുഗ്ധാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ഉ-ം ദ്രോണപരിമിതമായ പയസ്സോടുകൂടിയ പശുവിന്റെ പേർ. ധേനുഷ്യാ (ആ-സ്ത്രീ-പ്ര-ഏ) ദ്രവ്യംവാങ്ങിക്കാവിന്നു കൊടുത്ത പശുവിന്റെ പേർ.

സമാംസമീനാ സാ ത്വെയവ പ്രതിവത്സം പ്രസൂയതേ
ഉധ്യസ്യ ക്ലീബമാപീനം സമേ ശിവകകീലകൌ. ൫൧

സമാംസമീനാ (ആ-സ്ത്രീ-പ്ര-ഏ-)ആണ്ടിലാണ്ടിൽ പെറും പശുവിന്റെ പേർ. ആട്ടക്കന്നി എന്നതേ ഭാഷ കാണുന്നതു്. ഉധ്യഃ (സ-ന-പ്ര-ഏ) ആപീനം (അ-ന-പ്ര-ഏ) ഇവ ഉ-ം അകിടിന്റെ പേർ. ശിവകഃ കീലകഃ (അ-പു-പ്ര-ഏ)ഇവ ഉ-ം കെട്ടുകുറ്റിയുടെ പേർ.

ന പുംസി ദാമ സന്ദാനം പശുരജ്ജുസ്തു ദാമനീ
വൈശാഖമനഥമനഥാനമനഥാനോ മനഥദണ്ഡകേ. ൫൨

ദാമ (ന-ന-പ്ര-ഏ) ദാമാ എന്നു സ്ത്രീലിംഗമായിട്ടുമാം. സന്ദാനം (അ-ന-പ്ര-ഏ) ഇവ ഉ-ം കയറിന്റെ പേർ. പശുരജ്ജുഃ (ഉ-സ്ത്രീ-പ്ര-ഏ) ദാമനീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ഉ-ം പശുക്കയറിന്റെ പേർ. പശുരജ്ജുസ്തുബന്ധനീ എന്നും പാഠമുണ്ടു്. വൈശാഖഃ മനഥഃ മന്ഥാനഃ(അ-പു-പ്ര-ഏ) മഥാ (ന-

പു-പ്ര-ഏ) മാഗധകഃ (അ-പു-പ്ര-ഏ) ഇവ ൪-ം കടകോലിന്റെ പേർ.

കടോ ദണ്ഡവിഷ്കംഭോ മന്ഥനീ ഗർഗ്ഗരീ സമേ
ഉദഞ്ചു ക്രമേളകമഥ മഥാംഗാഃ കടഗ്രഹിണ്യൗ. ൫൫

കടഃ ദണ്ഡവിഷ്കംഭഃ (അ-പു-പ്ര-ഏ) ഇവ ൨-ം കടകോൽ കെട്ടുന്ന തൂണിന്റെ പേർ. മന്ഥനീ ഗർഗ്ഗരീ (ഈ-സ്ത്രീ-പ്ര-ഏ) തൈർകടയുന്ന പാത്രത്തിന്റെ പേർ. ഉഷ്ട്രഃ ക്രമേളകഃ മഥഃ മഥാംഗഃ (അ-പു-പ്ര-ഏ) ഇവ ൩-ം ഒട്ടകത്തിന്റെ പേർ. കടഃ (അ പു-പ്ര-ഏ) ഒട്ടകത്തിന്റെ കുട്ടിയുടെ പേർ.

കടോ സൂശ്രംഖലകാ ദാരകൈഃ പാദ ബന്ധനൈഃ
അജാ ച്ഛാഗീ ശ്രുഭച്ഛാഗ ബാസ്തച്ഛഗലകാ ദ്വയേ. ൫൬

ശ്രംഖലിക (അ-പു-പ്ര-ഖ) മാംകൊണ്ട് അടുമുള്ള ഒട്ടകക്കുട്ടികളുടെ പേർ. അജാ (അ-സ്ത്രീ-പ്ര-ഏ) ഛാഗീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ൨-ം വെളുത്ത ആട്ടുപെണ്ണിയുടെ പേർ. ഇങ്ങിനെ ചിലർ പറയുന്നു. മാറുള്ളവർ പറയുന്നതു അജാ ഛാഗീ ഇവ ൨-ം കോലാടിന്റെ പിടയുടെ പേരെന്നും ശുഭഃ ഇത്യാദികൾ കോലാടിന്റെ പേരെന്നും ശേഷങ്ങൾ കുറ്റിയാടിന്റെ പേർ ചിന്തമാക്കുന്നു. ആയതുതന്നെ യുക്തമെന്നു ധരിച്ചുകൊൾകയും വേണം. ശുഭഃ ഇതിന്റെ സ്ഥാനത്തിങ്കൽ തുടഃ ചിന്നം സ്ഫുടഃ ചിന്നം സ്ഫുബഃ ചിന്നം പാഠങ്ങൾ കാണ്മാനുണ്ട്. ഛാഗഃ ബസ്തഃ ഛഗലകഃ അജഃ (അ-പു-പ്ര-ഏ) ഇവ ൩-ം വെളുത്ത ആടിന്റെ പേർ.

മേഡ്രോരഭ്രോരണോഽർണ്ണായുർമേഷോവൃഷ്ണിർ ഘൃഡഃകഃ
ഉഷ്ട്രോരഭ്രാജ്യൃഷൗ സ്യാതൊഷ്ട്രകൊരഭ്രകാജകം. ൫൭

മേഡ്രഃ ഉരഭ്രഃ ഉരണഃ (അ-പു-പ്ര-ഏ) ഉർണ്ണായുഃ (ഉ-പു-പ്ര-ഏ) മേഷഃ (അ-പു-പ്ര-ഏ) വൃഷ്ണിഃ (ഇ-പു-പ്ര-ഏ) ഘൃഡകഃ (അ-പു-പ്ര-ഏ) ഇവ ൭-ം ചുവന്ന ആട്ടിന്റെ പേർ. ഔഷ്ട്രകം (അ-ന-പ്ര-ഏ) ഉഷ്ട്രസമൂഹത്തിന്റെ പേർ. ഔരഭ്രകം (അ-ന-പ്ര-ഏ) ഉരഭ്രസമൂഹത്തിന്റെ പേർ. ആജകം (അ-ന-പ്ര-ഏ) അജസമൂഹത്തിന്റെ പേർ.

ചക്രീവന്തസ്തു ഖാലേയാ രാസഭോ ഗർദ്ദഭഃ പശുഃ
വൈദേഹകസ്സാർത്ഥവാഹോ നൈഗമോവാണിജോ-
വണിക്
പണ്യാജ്ഞീവോ ഹ്യാപണികഃ ക്രയവിക്രയികശ്ച സഃ
വിക്രേതാ സ്യാദ്വിക്രയികഃ ക്രായികക്രയികൌ സമൌ. ൫൯

ചക്രീവന്തഃ (ത-പു-പ്ര-ബ) ബാലേയാഃ രാസഭാഃ ഗർദ്ദഭാഃ ഖരാഃ (അ-പു-പ്ര-ബ-)ഇവ ൫-ം കഴുതകളുടെ പേർ. ടെപദേഹകഃ സാർത്ഥവാഹഃ നൈഗമഃ നിഗമഃ ൭൫൩മാം. വാണിജഃ(അ-പു-പ്ര-ഷ്ഠ) വണിക് (ജ-പു-പ്ര-ഷ്ഠ)പണ്യാജീവഃ ആപണികഃ ക്രയവിക്രയികഃ(അ-പു-പ്ര-ഷ്ഠ-) ഇവ ൭-ം കച്ചവടക്കാരന്റെ പേർ. വിക്രേതാ (ഋ പു-പ്ര-ഷ്ഠ) വിക്രയികഃ (അ-പു-പ്ര-ഷ്ഠ) ഇവ ൨-ം വില്ക്കുന്നവന്റെപേർ. ക്രായികഃക്രയികഃ (അ-പു-പ്ര-ഷ്ഠ) ഇവ ൨-ം കൊള്ളുന്നവന്റെ പേർ.

വാണിജ്യം തു വണിജ്യാ സ്യാന്മൂല്യം വസ്നാം ൃവക്രയഃ
നീവീപരിപണോ മൂലധനം ലാഭോടധികം ഫലം. ൭൦

വാണിജ്യം (അ-ന-പ്ര-ഷ്ഠ) വാണിജ്യം ൭൫൩മാം. വാണിജ്യാ (അ-സ്ത്രീ-പ്ര-ഷ്ഠ) ഇവ ൨-ം കച്ചവടപ്രവൃത്തിയുടെ പേർ. മൂല്യം (അ-ന-പ്ര-ഷ്ഠ) വസ്നഃ അവക്രയഃ (അ-പു-പ്ര-ഷ്ഠ) ഇവ ൩-ം വിലയുടെ പേർ. നീവീ (ഈ-സ്ത്രീ-പ്ര-ഷ്ഠ) ഇകാരാന്തമാട്ടമാം. പരിപണഃ (അ-പു-പ്ര-ഷ്ഠ) മൂലധനം (അ-ന-പ്ര-ഷ്ഠ) ഇവ ൩-ം മുതലിന്റെ പേർ. ലാഭഃ (അ-പു-പ്ര-ഷ്ഠ) മുതൽക ഴിച്ചു അധികമായി ലഭിക്കപ്പെട്ടതിന്റെ പേർ.

പരിദാനം പരീവർത്തോ ന്നൈമേയനിമയാവപി
പുമാനുപനിധിന്ന്യാസഃ പ്രതിദാനം തടപ്പണം. ൭൧

പരിദാനം (അ-ന-പ്ര-ഷ്ഠ) പരീവർത്തഃ നൈമേയഃ നിയമഃ (അ-പു-പ്ര-ഷ്ഠ) ഇവ ൨-ം മാറിവാങ്ങുന്നതിന്റെ പേർ ഉപനിധിഃ (ഇ-പു-പ്ര-ഷ്ഠ) ന്യാസഃ (അ-പു-പ്ര-ഷ്ഠ) ഇവ ൨-ം സൂക്ഷിപ്പാൻ കൊടുത്തതിന്റെ പേർ. പ്രതിദാനം (അ-ന-പ്ര-ഷ്ഠ) സൂക്ഷിപ്പാൻ കൊടുത്തതിനെ തിരിയെ കൊടുക്കുന്നതിന്റെ പേർ.

ക്രയേ പ്രസാദിതം ക്രയ്യം ക്രേയം ക്രേതവ്യമാത്രകേ
വിക്രേയം പണിതവ്യഞ്ച പണ്യം ക്രയ്യാദയസ്ത്രിഷു. ൭൨

ക്രയം (അ-ന-പ്ര-ഷ്ഠ) പീടികയിൽ വില്പാൻ നിരത്തിയവയുടെ പേർ. ക്രേയം (ന-ന-പ്ര-ഷ്ഠ) അതല്ലാതെ കേവലം വില്പാനുള്ളതിന്റെ പേർ. വിക്രേയം പണിതവ്യം പണ്യം (അ-ന-പ്ര-ഷ്ഠ) ഇവയും ക്രേയശബ്ദത്താടു സമാനാർത്ഥങ്ങളാകുന്നു. ക്രയ്യാദയസ്ത്രിഷു എന്നതിനു് ക്രയ്യശബ്ദം മുതൽ പണ്യശബ്ദംവരെ ത്രിലിംഗങ്ങളാകുന്നു എന്നു് അർത്ഥത്തെ ഗ്രഹിച്ചുകൊൾക.

ക്ലീബേ സത്യാപനം സത്യംകാരസ്സത്യാകൃതിഃ സ്ത്രിയാം
വിപണോ വിക്രയസ്സംഖ്യാസ്സംഖ്യേയേ ഹ്യാദശത്രിഷു.

സത്യാപനം (അ ന-പ്ര-ഏ) സത്യംകാരഃ(അ-പു-പ്ര-ഏ) സത്യാകൃതിഃ (ഇ-സ്ത്രീ പ്ര-ഏ) ഇവ ന-ം അച്ചാരത്തിന്റെപേർ വിപണഃ വിക്രയഃ (അ-പു-പ്ര-ഏ) ഇവ ക-ം വില്ക്കുഎന്ന പ്രവൃത്തിയുടെ പേർ. സംഖ്യാ സ്സംഖ്യേയേഹ്യാദശാതിഷു എന്നതിനു° ഏകാദി ദശപര്യന്തംഉള്ള സംഖ്യാശബ്ദങ്ങൾ എണ്ണപ്പെടുന്ന പദാർത്ഥങ്ങൾ വന്നിക്കുന്നപോൾ ത്രിലിംഗങ്ങളായിവരുമെന്നു° അർത്ഥമാകുന്നു. ഉദാഹരണം—ഏകഃ പടഃ ഏകാസ്ത്രീ ഏകം പടം ദ്വേപുരുഷൗ ദ്വേകുമാര്യൗ ദ്വേ ഗൃഹേ ഇത്യാദി ഇങ്ങിനെ നവദശപര്യന്തം ഗ്രഹിച്ചുകൊൾകയും വേണം.

വിംശത്യാദ്യാസ്സതൈകതേപ സപ്ത്യാസ്സംഖ്യേയസംഖ്യയോഃ
സംഖ്യേർത്ഥേ ദ്വിബഹുത്വേപ സ്തസ്താസുചാനവതേഃസ്ത്രിയഃ

അർത്ഥം—വിംശതിമുതൽപതിനൊൽപര്യന്തങ്ങളായിരിക്കുന്ന സംഖ്യാശബ്ദങ്ങൾ എണ്ണപ്പെടുന്ന പദാർത്ഥങ്ങളിൽ വന്നിച്ചാലും അതാതു സംഖ്യാമാത്രാന്തങ്കൽ വന്നിച്ചാലും നിയമേന ഏകവചനാന്തങ്ങളായിരിക്കുമെന്നാകുന്നു.സംഖ്യേയവൃത്തികളുടെ ഉദാഹരണം ഏകോനവിംശതിഃ പടാഃ വിംശത്യാ പുരുഷൈഃ കൃതഃ സന്തി ശതം ഗാവഃ ഇത്യാദി. ഏകോനവിംശതിഃപടാഃ എന്നതിനു° ഒന്നുകൊണ്ടു കുറഞ്ഞ ഇരുപതു സംഖ്യയോടുകൂടിയ വസ്ത്രങ്ങൾ എന്നർത്ഥമാകുന്നു. വിംശത്യാപുരുഷൈഃ കൃതമെന്നതിനു° ഇരുപതു പുരുഷന്മാരാൽ ചെയ്യപ്പെട്ടതു എന്നത്ഥമാകുന്നു. സന്തിശതംഗാവഃ എന്നതിനു നൂറു പശുക്കൾ ഉണ്ടെന്നു എന്നത്ഥമാകുന്നു. മേല്പറഞ്ഞ ഉദാഹരണങ്ങളിലെ ഏകോനവിംശത്യാദിശബ്ദങ്ങൾ അതാതു ശബ്ദത്താൽ പറയപ്പെടുന്ന സംഖ്യയോടുകൂടിയ വസ്ത്രാദികളുടെ വിശേഷണമായി ഭവിക്കുന്നവയാകയാൽ സംഖ്യേയവത്തികളാകുന്നു. സംഖ്യേയങ്ങളായിരിക്കുന്ന പടാദികൾക്കു വ്യക്തിബഹുത്വമുണ്ടാകയാൽ അതുകളെ പറയുന്നശബ്ദങ്ങൾ ബഹുവചനാന്തങ്ങളായിരിക്കിലും വിശേഷണീഭൂതങ്ങളായ ഏകോനവിംശത്യാദി ശബ്ദങ്ങൾ ഏകവചനാന്തങ്ങളായിത്തന്നെ ധരിക്കുമെന്നു സാരത്തെ ഗ്രഹിച്ചുകൊൾക. സംഖ്യാവന്തികളുടെ ഉദാഹരണം പടാനാംവിംശതിഃ ഗവാംശതം ഇത്യാദി പടാനാം വിംശതിഃ എന്നതിനു വസ്ത്രങ്ങളുടെ ഇരുപതു സംഖ്യ എന്നു° അർത്ഥമാകുന്നു. ഗവാംശതം എന്നതിനു പശുക്കളുടെ നൂറുസംഖ്യ എന്നർത്ഥമാകുന്നു. ഇപ്രകാരമുള്ള സ്ഥലങ്ങളിലും ഏകവചനംതന്നെ എന്നു ഗ്രഹിച്ചുകൊൾക. സംഖ്യാർത്ഥേദ്വിബഹുത്വേപ്യസ്ത്രീ എന്നതിനു വിംശത്യാദിശബ്ദങ്ങൾ സംഖ്യാവത്തികളായിരിക്കുമ്പോൾ അതുകൾക്കു അന്യസം

പൂകർം വിശേഷണമായിരിക്കിൽ ദ്വിവചനബഹുവചനങ്ങർം ഭവിക്കുമെന്നു അർത്ഥമാകുന്നു. ഉദാഹരണം ദ്വേവിംശതീശവാം ഇത്യാദി. മേൽകാണിച്ച ഉദാഹരണത്തിനു ദ്വൗക്കളുടെ രണ്ടു വിംശതികർം ചൂന്നർത്ഥമാകുന്നു. ഏകാദിദശപര്യന്തങ്ങളായ ശബ്ദങ്ങർം സംഖ്യേയമാത്രവത്തികളാകയാൽ അത്രകർംക്കു ഈ വിശേഷമില്ല ചൂന്നതുകൊണ്ടു് ഇവിടെ സംഖ്യേയസംഖ്യയോടു ചൂന്ന ഉഭയഗ്രഹണത്തെ ചെയ്തിരിക്കുന്നു. വിപരണാവിക്രയസ്സംഖ്യാസ്സംഖ്യേയയഹ്യാദശത്രിഷു ചൂന്നുള്ളതു് ഹിശബ്ദം പ്രയോഗിക്കപ്പെട്ടതിനുമഭിപ്രായമിതു തന്നെ ചൂന്നു് അറിഞ്ഞുകൊർകയും വേണം. താസുഛാനവതേഃ സ്ത്രിയഃ ചൂന്നതിനു് വിംശത്യാദികളിൽ വച്ചു് നവതിപര്യന്തങ്ങളായശബ്ദങ്ങർം സ്ത്രീലിംഗങ്ങളാകുന്നു ചൂന്നർത്ഥമാകുന്നു. വിംശതിഃ ത്രിംശൽ ചതുരാർംശൽ പഞ്ചാശൽ ഷഷ്ടിഃ സപ്തതിഃ അശീതിഃ നവതിഃ ഈ ചൂട്ടു ശബ്ദങ്ങളും സ്ത്രീലിംഗങ്ങളാകുന്നു ചൂന്നു സാരം. ത്രിംശൽ ചതുരാർംശൽ പഞ്ചാശൽ ഈ വ കാ-ം തകാരന്തങ്ങളാകുന്നു. ശേഷങ്ങളായ അഞ്ചുശബ്ദങ്ങർം ഇകാരാന്തങ്ങളാകുന്നു. വിംശതിഃ (൨൦) ത്രിംശൽ (൩൦) ചതുരാർംശൽ (൪൦) പഞ്ചാശൽ (൫൦) ഷഷ്ടിഃ (൬൦) സപ്തതിഃ (൭൦) അശീതിഃ (൮൦) നവതിഃ (൯൦) ഇങ്ങിനെ വിംശത്യാദി നവതിപര്യന്തങ്ങളായ ശബ്ദങ്ങളുടെ അർത്ഥത്തെയും ഗ്രഹിച്ചുകൊർകുക.

പങ്കേതുഃ ശതസഹസ്രാദിക്രമാദ്ദശഗുണോത്തരം
പ്രയുതവം ദ്രുവ്യം പായ്യമിതി മാനാർത്ഥകം ത്രയം. പട്ടി

അർത്ഥം—പംങ്കി=പത്തുസംഖ്യ. അതിങ്കൽനിന്നു തുടങ്ങി പതിപ്പുത്തുസംഖ്യകൊണ്ടു പെരുക്കിയാൽ വരുന്ന സംഖ്യകർംക്കു ശതം, സഹസ്രം ഇങ്ങിനെ തുടങ്ങിയനാമങ്ങളുണ്ടെന്നാകുന്നു. ശതസഹസ്രാദി ചൂന്ന ആദ്യപദംകൊണ്ടു അയുതം,ലക്ഷം പ്രയുതം, കോടി, അർബുദം, അബ്ജം, ഖർവ്വം, നിഖർവ്വം മഹാപദ്മം, ശംകു, ജലധി, അന്ത്യം, മധ്യം, പരാർദ്ധം ഇവയെ ഗ്രഹിച്ചുകൊർകുക. (ഏകദശശതസസ്രായുതലക്ഷപ്രയുതകോടയഃ ക്രമശഃ അർബ്ബുദമബ്ജം ഖർവ്വനിഖർവ്വമഹാപദ്മശംകവസ്തസ്മാൽ ജലധിശ്ചാന്ത്യം മധ്യംപരാർദ്ധമിതിദശഗുണോത്തരാസ്സംജ്ഞാഃസംഖ്യാ യാസ്ഥാനാനാംവ്യവഹാരാർത്ഥംകൃതാഃ പൂർവ്വൈഃ) ചൂന്നുള്ള പ്രമാണം മേൽപറഞ്ഞതിനു മൂലമാകുന്നു. പ്രൗതവം ദ്രുവ്യം പായ്യം (അ-ന-പ്ര ഏ) ഇവ മൂന്നും പരിമാണത്തിന്റെ പേർ. തമിഴ്ക്കുത്തുകാരൻ പ്രൗതവം ദ്രുവ്യംപായ്യമെന്നു പാഠത്തെ

കാണിക്കുകയും തുലാസ്സു മുതലായതു പൌതവമെന്നും നാഴിമുതലായതു ദ്രുവയമെന്നും കോലുമുതലായതു പായ്യമെന്നും വിഭാഗത്തെ കാണിക്കുകയും ചെയ്തിരിക്കുന്നു. മഹേശ്വരടീകയിൽ മൂന്നും പരിമാണവാചകമാകുന്നു എന്നു മാത്രമല്ലാതെ മേൽപറഞ്ഞ വിഭാഗത്തെ സ്പർശിച്ചിട്ടുമില്ല. വ്യാഖ്യാനം പൌതവമെന്നതന്നെ അങ്ങീകരിക്കുന്നു എന്നും ധരിച്ചുകൊൾക.

മാനം തുലാംഗുലിപ്രസൃത്യാഖ്യഃ പഞ്ചാദ്യൈമാഷകൈഃ
കൃതം ഷോഡശാക്ഷൈഃ കർഷാസ്ത്രീപലം കർഷചതുഷ്ടയം.

മാനം തുലാംഗുലിപ്രസൃതിഃ എന്നതിനു മാനമെന്നതു തുലാമാനം, അംഗുലിമാനം, പ്രസൃമാനം ഇങ്ങിനെ മൂന്നുപ്രകാരമാകുന്നു എന്നു അർത്ഥമാകുന്നു. തൂക്കിപ്പുരിച്ചേടിക്കുന്നതിനെ തുലാമാനമെന്നും, വിരൽ കോൽ മുതലായതുകൊണ്ടു പരിച്ചേടിക്കുന്നതിനെ അംഗുലിമാനമെന്നും, ഇടങ്ങഴി നാഴി മുതലായതുകൊണ്ടു പരിച്ചേടിക്കുന്നതിനെ പ്രസൃമാനമെന്നും വ്യവഹരിക്കുന്നു എന്നും അറിഞ്ഞുകൊൾക. പഞ്ചാഃപഞ്ചാദ്യൈമാഷകൈഃ എന്നതിന്റെ അർത്ഥം അഞ്ചു ഗുഞ്ജങ്ങൾ കൂടിയതിനു ആദ്യമാഷകമെന്നു പേരാകുന്നു. ആദ്യമാഷകൈഃ (അ-കു-പ്ര-ഏ) ഇങ്ങനെ അതിന്റെ അന്തലിംഗവിഭക്തിവചനങ്ങൾ. ഗുഞ്ജങ്ങൾ=കുന്നിക്കുരുക്കൾ. ഒരു കുന്നിക്കുരുവിനു് ഏഴരവീശത്തൂക്കമാകുന്നു. അതുകൊണ്ടു ആദ്യമാഷകമെന്നതിനു വീശത്തൂക്കം മുപ്പത്തിഏഴര. ഇതിൽ നൂറു പണത്തൂക്കം ൧. അതുകൊണ്ടു ഒരു ആദ്യമാഷകത്തിനു ൦.൫ പണത്തൂക്കവും അഞ്ചരവീശത്തൂക്കവുമുണ്ടെന്നു് ധരിച്ചുകൊൾക. തേഷോഡശാക്ഷൈഃകർഷോ൬സ്ത്രീ എന്നതിന്റെ അർത്ഥം, മേല്പറഞ്ഞ ആദ്യമാഷങ്ങൾ പതിനാറുകൂടിയാൽ അതിനു അക്ഷമെന്നും കർഷമെന്നും പേരുണ്ടു് എന്നാകുന്നു. അക്ഷത്തിനു പണത്തൂക്കം നൂറിൽ ഇതിനെ മുക്കഴഞ്ചു എന്നും പറയും. ഒരു കഴഞ്ചിനു പന്ത്രണ്ടരപ്പണത്തൂക്കമാകയാൽ മൂന്നു കഴഞ്ചിനുകൂടി പണത്തൂക്കം മുപ്പത്തേഴരതന്നെ. അക്ഷഃ കർഷഃ (അ-കു-പ്ര-ഏ) ഇങ്ങിനെ മേല്പറഞ്ഞ ശബ്ദങ്ങളുടെ അന്തലിംഗവിഭക്തിവചനങ്ങൾ. കക്ഷശബ്ദം നപുംസകലിംഗമായിട്ടും പ്രയോഗിക്കാം. പലം കഷ്ചതുഷ്ടയമെന്നതിനു് കർഷം നാലുകൂടിയതിനു പലമെന്നു പേരാകുന്നു എന്നു അർത്ഥമാകുന്നു. പലശബ്ദം നപുംസലിംഗമാകുന്നു എന്നു ധരിച്ചുകൊൾക.

സുവർണ്ണമിസ്ത്വഥ ഹേമ്നോക്ഷ കരുവിസ്ത്വസ്ത്ര തല്പലേ
തുലാ സ്ത്രീയാം പലശതം ഭാരസ്സ്യാദ്വിംശതിസ്ത്വലാഃ. ൭൭

സുവർണ്ണഃ ഖിസ്സഃ (അ-പു-പ്ര-ഏ)ഇവ ൨-ം മുക്കഴഞ്ഞു പൊന്നിന്റെ പേർ. കരുവിസ്സഃ (അ-പു-പ്ര-ഏ) ഒരു പലം പൊന്നിന്റെ പേർ. തുലാ (അ-സ്ത്രീ-പ്ര-ഏ) ആറുപലത്തിന്റെ പേർ. ഇതിന്നു തുലാമെന്ന ഭാഷയുമുണ്ട്. ഭാരഃ (അ-പു-പ്ര-ഏ) ഇരുപതു തുലാത്തിന്റെ പേർ.

അഷ്ടചിതോ ദശഭാരസ്തദ്വഹോ വിംശകഃ സ്മൃതഃ
കാർഷ്ഷാപണഃ കാർഷ്ഷികസ്തു ദ്വാഭ്യാം കാർഷ്ഷികേ താഭ്യാമേ പണഃ.

അഷ്ടചിതം (അ-പു-പ്ര-ഏ) പത്തുഭാരത്തിന്റെ പേർ. ശാകടോഭാര അഷ്ടചിതഃ എന്നാതിന്നു് ഒരു വണ്ടിയിൽ കേറുന്ന ചുമടിന്നും അഷ്ടചിതമെന്ന പേരുണ്ടു് എന്ന അർത്ഥമാകുന്നു. കാർഷ്ഷാപണഃ കാർഷ്ഷികഃ (അ-പു-പ്ര-ഏ) ഇവ ൨-ം മുക്കഴഞ്ഞു വെള്ളികൊണ്ടുണ്ടാക്കുന്നതായ ഒരു നാണിഭത്തിന്റെ പേർ. പണഃ (അ-പു-പ്ര-ഏ) മുക്കഴഞ്ഞു ചെമ്പുകൊണ്ടുണ്ടാക്കുന്നതായ ഒരു നാണിഭത്തിന്റെ പേർ. ഇങ്ങിനെ തുലാമാനപ്രകരണമെന്നറിക.

അസ്ത്രീയാവാഢകദ്രോണൌ ഖാരീ വാഹോ നികുഞ്ചകഃ
കുഡുബഃ പ്രസ്ഥഃ ഇത്യാദ്യഃ പരിമാണാർത്ഥകാഃ പുമാംസ.

അംഗുലിമാനത്തെ മനുഷ്യവർഗ്ഗത്തിൽ പറഞ്ഞു. അതു മുതലായിട്ടു തുലാമാനാനന്തരം പ്രസ്ഥമാനത്തെ പറയുന്നു. ആഢകഃ ദ്രോണഃ (അ-പു-പ്ര-ഏ) നപുംസകലിംഗങ്ങളായിട്ടുമാം. ഖാരീ (ഈ-സ്ത്രീ-പ്ര-ഏ) ഇകാരാന്തമായിട്ടുമാം. ഖാരഃ എന്ന അകാരാന്തമായിട്ടുമാം. എന്നാൽ പുല്ലിംഗമാകുമെന്നും ഗ്രഹിച്ചുകൊൾക. വാഹഃ (അ-പു-പ്ര-ഏ) നികുഞ്ചകഃ കുഡുബഃ പ്രസ്ഥഃ (അ-പു-പ്ര-ഏ) ഇത്യാദ്യഃ എന്നതുകൊണ്ടു ശൂർപ്പാടികളെ ഗ്രഹിച്ചുകൊൾക. ഇവ ഒക്കെയും പരിമാണസാധനങ്ങളാകുന്നു. ആഢകഃ=നാലിടങ്ങഴികൊള്ളുന്ന താപ്പിന്റെ പേർ. ദ്രോണഃ=പതിനാറിടങ്ങഴികൊള്ളുന്ന താപ്പിന്റെ പേർ. ഖാരി=ഇരുനൂറാറുത്താറിടങ്ങഴികൊള്ളുന്ന താപ്പിന്റെ പേർ. വാഹഃ=അറുപത്തിനാലിടങ്ങഴി കൊള്ളുന്ന താപ്പിന്റെ പേർ. നികുഞ്ചകഃ=ഒഴക്കു കൊള്ളുന്ന താപ്പിന്റെ പേർ. കുഡുബഃ=നാഴിയുടെ പേർ. പ്രസ്ഥഃ=ഇടങ്ങഴിയുടെ പേർ. അസ്ത്രീയാവാഢകദ്രോണൌ വാഹഃ ഖാരീ നികുഞ്ചകഃ എന്നതന്നെ ചിലർ പഠിക്കുന്നു. വാഹഃ എന്നതിന്റെ സ്ഥാനത്തിങ്കൽ വഹഃ എന്നുമാം.

ഖാരസ്തുര്യാംശഭാഗൌ തു വണ്ടുകേ
ദ്രവ്യം വിത്തം സ്വാപതേയം രിക്ഥമുക്ഥം ധനം വസു.

ഹിരണ്യം ദ്രവിണം ദ്യുമ്നമസ്ഥന്വദ്വിഭവോ ഽപി
സ്യാൽ കോശശ്ച ഹിരണ്യഞ്ച ഹേമത്യുച്യേ കൃതാകൃതേ.

പാടഃ (അ-പു-പ്ര-ഏ) നാടുകുറിട്ടാൽ അരുകളിലൊന്നിന്റെ പേർ. അംശുഃ ദാഗഃ വണ്ടകഃ (അ-പു-പ്ര-ഏ) ഇവ നാ-ം ദാഗത്തിന്റെ പേർ. ദ്രവ്യം വിത്തം സ്വാപതേയം രിക്ഥം ഋക്ഥധനം (അ-ന-പ്ര-ഏ) വസു (ഉ-ന-പ്ര-ഏ) ഹിരണ്യം ദ്രവിണം/ദ്യുമ്നം (അ-ന-പ്ര-ഏ) ദ്രവ്യഃ (അ-പു-പ്ര-ഏ) ദാഃ (ഐ-പു-പ്ര-ഏ) വിഭവഃ (അ-പു-പ്ര-ഏ) ഇവ ഏനാ-ം ധനത്തിന്റെ പേർ. കോശഃ (അ-പു-പ്ര-ഏ) ഹിരണ്യം (അ ന പ്ര-ഏ) ഇവ ഉ-ം ഉരുക്കിയ പൊന്നിന്റെയും വെള്ളിയുടെയും പേർ.

നാട്യം യദന്യൻന്തത് കൃത്യം ത്രുട്യം തട്ടമാഹതം
ഗാരുത്മതം മരതകമശ്മഗർഭോ ഹരിണ്മണിഃ. ൻ൨

കൃത്യം (അ-ന-പ്ര-ഏ) പൊന്നും വെള്ളിയുമല്ലാത്തതിന്റെ പേർ. ത്രുട്യം (അ-ന-പ്ര-ഏ) കാച്ചിക്കൊട്ടിയ പൊന്നിന്റെയും വെള്ളിയുടെയും പേർ. ഗാരുത്മതം മരതകം (അ-ന-പ്ര-ഏ) അശ്മഗർഭഃ (അ-പു-പ്ര-ഏ) നപുംസകമായിട്ടും പാഠംകാണ്മാനുണ്ട്. ഹരിണ്മണിഃ (ഇ-പു-പ്ര-ഏ) സ്ത്രീലിംഗമായിട്ടുമാം. സ്ത്രീലിംഗപക്ഷത്തിങ്കൽ ഈകാരാന്തമായിട്ടുമാം. ഹരിണ്മണീ കൃത്രിമപുഷ്യരാഗം ചിന്ന പ്രയോഗമുണ്ട്. ഇവ രു-ം മരതകക്കല്ലിന്റെ പേർ.

ശോണരത്നം ലോഹിതകഃ പദ്മരാഗോ ഽഥ മൌക്തികം
മുക്താ ഥ വിദ്രുമഃ പുംസി പ്രവാളം പുന്നപുംസകം. ൻ൩

ശോണരത്നം (അ-ന-പ്ര-ഏ) ലോഹിതകഃ പദ്മരാഗഃ (അ-പു-പ്ര-ഏ) ഇവ നാ-ം മാണിക്യക്കല്ലിന്റെ പേർ. മൌക്തികം (അ-ന-പ്ര-ഏ) മുക്താ (അ-സ്ത്രീ-പ്ര-ഏ) ഇവ ഉ-ം മുത്തിന്റെ പേർ. വിദ്രുമഃ (അ-പു-പ്ര-ഏ), പ്രവാളം (അ-ന-പ്ര-ഏ) പുല്ലിംഗമായിട്ടുമാം. ഇവ ഉ-ം പവിഴത്തിന്റെ പേർ.

രത്നം മണിർദ്വയോരശ്മജാതൌ മുക്താദിഷു കചിച്ച
സുവർണ്ണം സുവർണ്ണം കനകം ഹിരണ്യം ഹേമ ഹാടകം. ൻ൪
തപനീയം ശാതകുംഭം ഗാംഗേയം ഭർമ്മ കർബുരം
ചാമീകരം ജാതരൂപം മഹാരജതകാഞ്ചനേ. ൻ൫
രുക്മം കാർത്തസ്വരം ജാംബൂനദമഷ്ടാപദോ ഽസ്ത്രിയാം
അലംകാരസുവർണ്ണം യച്ഛൃംഗീകനകമിത്യുദഃ. ൻ൬

രത്നം (അ-ന-പ്ര-ഏ)മണിഃ (ഇ-പു-പ്ര-ഏ) സ്ത്രീലിംഗമായിട്ടുമാം ആ പക്ഷിത്തിൽ ഈകാരാന്തമായിട്ടുമാം. ഇവ ഠ-ം സ്ഥലങ്ങളായിരിക്കുന്ന പുഷ്യരാഗാദികളുടേയും ജലജങ്ങളായിരിക്കുന്ന മുത്തു മുതലായവയുടേയുംപേർ. സപ്തണ്ണം സുവണ്ണം കനകം ഹിരണ്യം (അ-ന-പ്ര-ഏ) ഹേമ (ന-ന-പ്ര-ഏ) ഹാടകം തപനീയം ശാതകുംഭം ഗാംഗേയം (അ-ന-പ്ര-ഏ)ഭർമ്മ (ന-ന-പ്ര-ഏ) അകാരന്തമായിട്ടുമാം. കർബുരം ചാമീകരം ജാതരൂപം മഹാരജതം കാഞ്ചനം രുക്മം കാർത്സ്വരം ജാംബൂനദം (അ-ന-പ്ര-ഏ) അഷ്ടാപദഃ (അ-പു-പ്ര-ഏ) നപുംസകലിംഗമായിട്ടുമാം. ഇവ ൻ-ം സപ്തണ്ണത്തിന്റെ പേർ. ശൃംഗീകനകം (അ-ന-പ്ര-ഏ) അലംകാരരൂപമായ സപ്തണ്ണത്തിന്റെ പേർ.

ദുവ്വണ്ണം രജതം രൂപ്യം പർജ്ജുരം ശേപതമിത്യപി
രീതിഃ സ്ത്രീയാമരക്കടോ ന സ്ത്രിയാമഥ താമ്രകം.

ശുല്ംബം ശ്ലേഷ്മമുഖടപൃഷ്ഠവരിഷ്ഠോദുംബരാണി ച
ലോഹോസ്ത്രീ ശസ്ത്രകം തീക്ഷ്ണം പിണ്ഡം കാളായസായസീ.

അശ്മസാരോഥ മണ്ഡൂരം സിംഹാണമപി തന്മലേ
സവ്വഞ്ഞ തൈജസം ലോഹം വികാരസ്ത്വയസഃ കുശീ. ൻൻ

ദുവ്വണ്ണം രജതം രൂപ്യം പർജ്ജുരം ശേപതം (അ-ന-പ്ര-ഏ) ഇവ ൽ-ം വെള്ളിയുടെ പേർ. പർജ്ജുരമെന്നു രാമനാഥമതം ഇത്യപി ചിന്നത്രകൊണ്ടു താരം കളധൌതം ഇവകളെ സംഗ്രഹിച്ചിരിക്കുന്നു. രീതിഃ (ഇ-സ്ത്രീ-പ്ര-ഏ) അരക്കടഃ (അ-പു-പ്ര-ഏ) നപുംസകലിംഗമായിട്ടുമാം. ഇവ ഠ-ം പിച്ചളയുടെ പേർ. താമ്രകം ശുല്ംബം ശ്ലേഷ്മമുഖം ടപ്പും വരിഷ്ഠും ഉദുംബരം (അ-ന-പ്ര-ഏ) ഇവ ന-ം ചെമ്പിന്റെപേർ. ടപിഷ്ഠവരിഷ്ഠോദുംബരാണിചചിന്നം പാഠമുണ്ട്. ലോഹഃ(അ-പു-പ്ര-ഏ) നപുംസകലിംഗമായിട്ടുമാം. ശസ്ത്രകം തീക്ഷ്ണം പിണ്ഡംകാളായസം (അ-ന-പ്ര-ഏ) അയഃ (സ-ന-പ്ര-ഏ) അശ്മസാരഃ (അ-പു-പ്ര-ഏ) ഇവ ഠ-ം ഇരിമ്പിന്റെ പേർ. മണ്ഡൂരം സിംഹാണം (അ-ന-പ്ര-ഏ) ഇരുമ്പിൻകീടത്തിന്റെപേർ. സിംഹാനമെന്നും സിംഘാണമെന്നും പാഠാന്തരങ്ങളുണ്ടെന്നമഹേശ്വരടീകയിൽ പറഞ്ഞിരിക്കുന്നു. സവ്വഞ്ഞതൈജസംലോഹമെന്നതിന്നു തൈജസമായിരിക്കുന്ന സുവണ്ണരജതാദിയെല്ലാം ലോഹമെന്നു പറയപ്പെടുന്നു എന്നോസുവണ്ണാദിയെല്ലാം തൈജസമെന്നും ലോഹമെന്നും പറയപ്പെടുന്നു എന്നോ അർത്ഥത്തെ ഗ്രഹിച്ചുകൊൾക. കുശീ(ഈ-സ്ത്രീ-പ്ര-ഏ) കാലമെന്നു പേരോടുകൂടിയഅയോവികാരത്തിന്റെ പേർ.

ക്ഷൗദഃ കാച്ചോഥ ക്ഷപലോ രസഃസ്യൂതശ്ച പാരദഃ
ഗവല്യം മാഹിഷ്യം ശൃംഗമട്ടകം ഗിരിജാമലേ. ൧൦൫

ക്ഷൗദഃ കാച്ചഃ (അ-പു-പ്ര-ഏ) ഇവ പു-ം കുട്ടകല്ലിന്റെ പേർ. ക്ഷപലഃ രസഃസ്യൂതഃ പാരദഃ(അ-പു-പ്ര-ഏ)ഇവ പു-ം രസത്തിന്റെ പേർ. പാരതഃ ചീനമാം. രസസ്യൂതഃ പാരദഃ പ്രോക്തഃ പാരദശ്ചാപിനിഗദ്യതേ ഏന്ന താമ്രപാലവചനമുണ്ട്. ഗവല്യം (അ-ന-പ്ര-ഏ) പോത്തിൻകൊമ്പിന്റെ പേർ. അട്ടകം ഗിരിജാമലം (അ-ന-പ്ര-ഏ) ഇവ പു-ം അട്ടകത്തിന്റെ പേർ.

സ്രോതോഞ്ജനം തു സൌവീരം കപോതാഞ്ജനയാമുനേ
തുത്ഥാഞ്ജനം ശിഖിഗ്രീവം വിഷ്ണുനകമയൂരകേ. ൧൦൬

കുപ്പീ ടാപ്പികാകപാഥോദ°ഭവം തുത്ഥം രസാഞ്ജനം
രസഗർഭം താർക്ഷ്യശൈലം ഗന്ധാശ്മനിതു ഗന്ധികഃ.
സൌഗന്ധികശ്ച ചക്ഷുഷ്യാകുലാല്യൌ തു കുലത്ഥികാ
രീതിപുഷ്പം പുഷ്പകേതു പുഷ്പകം കുസുമാഞ്ജനം. ൧൦൭

സ്രോതോഞ്ജനംസൌവീരം കപോതാഞ്ജനം യാമുനം(അ-ന-പ്ര-ഏ) ഇവ രു-ം സൌവീരാഞ്ജനത്തിന്റെപേർ. തുത്ഥാഞ്ജനം ശിഖിഗ്രീവം വിഷ്ണുനകം മയൂരകം(അ-ന-പ്ര-ഏ) കുപ്പീ (ഈ-സ്ത്രീ-പ്ര-ഏ)ഇവ ദ്വി-ം തുത്ഥാഞ്ജനത്തിന്റെപേർ. രസാഞ്ജനം (അ-ന-പ്ര-ഏ) മരമഞ്ഞളിൻകഷായത്തിൽ വെച്ചുണ്ടാക്കിയതുത്തിന്റെ പേർ. രസഗർഭം താർക്ഷ്യശൈലം (അ-ന-പ്ര-ഏ) ഇവ പു-ം മാക്ഷീകക്കല്ലിന്റെ പേർ. ഗന്ധാത്മാ (ന-പു-പ്ര-ഏ) ഗന്ധികഃ സൌഗന്ധികഃ (അ-പു-പ്ര-ഏ) ഇവ പു-ം ഗന്ധകത്തിന്റെ പേർ. ചക്ഷുഷ്യാ (ആ-സ്ത്രീ-പ്ര-ഏ) കുലാലീ (ഈ-സ്ത്രീ-പ്ര-ഏ) കുലത്ഥികാ (അ-സ്ത്രീ-പ്ര-ഏ)ഇവ പു-ം തുത്ഥവിശേഷത്തിന്റെ പേർ. തമിഴ°ക്കുത്തിൽ കാവിമണ്ണിന്റെ പേർ ഏന്നാക്കുന്നു. തുത്ഥവിശേഷമെന്നപദം തുത്തിൽ ഒരുവകയെപ്പറയുന്നതാകുന്നു. ടീകാടിപ്പായവുമപ്രകാരംതന്നെ. അതു ഹേതുവായിട്ട° കാവിമണ്ണ° ഏന്നു വിശ്വസിച്ചുകൂടാ ഏന്നു ഞാൻ വിചാരിക്കുന്നു. രീതിപുഷ്പം (അ-ര-പ്ര-ഏ) പുഷ്പകേതു (ഉ-ന-പ്ര-ഏ) പുഷ്പകം (പൊന്നുകുമ്മന്നമാം)കുസുമാഞ്ജനം (അ-ന-പ്ര-ഏ) ഇവ രു-ം പുഷ്പാഞ്ജനത്തിന്റെ പേർ.

പിഞ്ജരം പീതനം താലമാലഞ്ച ഹരിതാലകേ
ഗൈരേയമർത്ഥ്യം ഗിരിജമശ°മജുഞ്ച ശിലാജതു. ൧൦൮

പിഞ്ജരം പീതനം താലം ആലം ഹരിതാലകം(അ-ന-പ്ര-ഏ) ഇവ ദ്വി-ം അരിതാലത്തിന്റെ പേർ. ഗൈരേയം അർത്ഥ്യം

ഗിരിജം അശ്മജം (ന-ന-പ്ര-ഏ) ശിലാജതു (ഉ-ന-പ്ര-ഏ) ഇവ ദ്വി-ം കന്മദത്തിന്റെ പേർ.

ബോളഗന്ധരസപ്രാണപിണ്ഡഗോപരസാസ്സമാഃ
ഡിണ്ഡീരോ ऽബ്ധികഫഃ ഫേനസ്സിന്ദൂരം നാഗസംഭവം.

ബോളഃ ഗന്ധരസഃ, രസഗന്ധഃ എന്നും പ്രയോഗിക്കാം. പ്രാണഃ പിണ്ഡഃ ഗോപരസഃ (അ-പു-പ്ര-ഏ) ഇവ ദ്വി-ം നറുന്ത ശയുടെ പേർ. ഗോപഃ രസഃ ഇങ്ങിനെ ഷ പദമായിട്ടുമാം. ഗോപ എന്നതിന്റെ സ്ഥാനത്തിങ്കൽ ഗോസ എന്നു മുകടമതമാകുന്നു. ഗോപ എന്നതു് സ്വാമിമതമാകുന്നു. ഡിണ്ഡീരഃ, ശബ്ദരത്നാവലികാരമതം ഡിന്ദരഃ എന്നത്രേ അരുകുന്നതു്. അബ്ധികഫഃ ഫേനഃ (അ-പു-പ്ര-ഏ) ഇവ ന-ം കടൽനാക്കിന്റെ പേർ. സിന്ദൂരം നാഗസംഭവം (അ-ന-പ്ര-ഏ) സിന്ദൂരത്തിന്റെ പേർ.

നാഗസീസകയോഗേഷ്ടവപ്രാണി ത്രപു പിച്ചടം
രംഗവംഗേ അഥപിച്ചുസ്തുലോഥ കമലോത്തരം. ൧൦൮

സ്യാൽ കുസുംഭം വഹ്നിശിഖം മഹാരജനമിത്യപി
മേഷ്കംബല ഉർണ്ണായുശ്ശശോർണ്ണം ശശലോമനി. ൧൦൯

നാഗം സീസകം യോഗേഷ്ടം വപ്രം (അ-ന-പ്ര-ഏ) ഇവ രു-ം കാരീയത്തിന്റെ പേർ. നാഗസീസകയോഗേഷ്ടവല്ലീ°റാണി എന്നും പാഠമുണ്ടു്. ത്രപു (ഉ-ന-പ്ര-ഏ) പിച്ചടം രംഗം വംഗം (അ-ന-പ്ര-ഏ) ഇവ രു-ം ചെമ്പ്രാക്കൊടിയുടെ പേർ. ചെമ്പ്രാക്കൊടി എന്നതു് പുരാതനവാക്കാകുന്നു. ഇന്നു് അതിനെ വെള്ളീയമെന്നത്രേ വ്യവഹരിക്കുന്നതു്. പിച്ചുഃ (ഉ-പു-പ്ര-ഏ) തുലഃ (അ-പു-പ്ര-ഏ) ഇവ പു-ം പഞ്ഞിയുടെ പേർ. കമലോത്തരം കുസുംഭം വഹ്നിശിഖം മഹാരജനം (അ-ന-പ്ര-ഏ) ഇവ രു-ം കുങ്കുമപ്പൂവിന്റെ പേർ. മേഷ്കംബലഃ (അ-പു-പ്ര-ഏ) ഊർണ്ണായുഃ (ഉ-പു-പ്ര-ഏ) ഇവ പു-ം ആട്ടിൻമയിപ്പുടത്തിന്റെ പേർ. ശശോർണ്ണം (അ-ന-പ്ര-ഏ) ശശലോമ (ന-ന-പ്ര-ഏ) ഇവ പു-ം മുയലിന്റെ രോമത്തിന്റെ പേർ.

മധു ക്ഷൌദ്രം മാക്ഷികാദി മധുച്ഛിഷ്ടന്തു സിക്ഥകം
മനശ്ശിലാ മനോഗുപ്ത മനോഹ്വാ നാഗജിഹ്വികാ. ൧൧൦

മധു (ഉ-ന-പ്ര-ഏ) ക്ഷൌദ്രം (അ-ന-പ്ര-ഏ) മാക്ഷികം (അ-ന-പ്ര-ഏ) ഇവ നു-ം തേനിന്റെ പേർ. ആദിശബ്ദം ഉണ്ടാകയാൽ മാക്ഷികം മുതലായതുമെന്നും അർത്ഥമാകുന്നു. അതു

കൊണ്ട് ഭ്രാമരാടികളെ ഗ്രഹിച്ചുകൊൾക. മധുഷ്ക്കിഷ്ടം സിക്ഥകം (അ-ന-പ്ര-ഏ) ഇവ ദ്വ-ം മെഴുകിന്റെ പേർ. മനശ്ശിലാ മനോഹ്വാ മനോഹ്വാ നഃഗ്നികാ (അ-സ്ത്രീ-പ്ര-ഏ) ഇവ രണ്ടും മനയോലയുടെ പേർ.

നൈപാളീ കുന്തടീ ഗോളാ യവക്ഷാരോ യവാഗ്രജഃ
പാക്യോടഥ സജ്ജികാക്ഷാരഃ കാപോതസ്സുഖവാച്ചുകഃ.

നൈപാളീ കുനടീ (ഈ-സ്ത്രീ-പ്ര-ഏ) ഗോളാ (അ-സ്ത്രീ-പ്ര-ഏ) ഇവ ന്ദ്വ ം നേപാളദേശത്തിങ്കലുണ്ടാകുന്ന മനയോലയുടെ പേർ. മനശ്ശിലാ ഇത്യാടി രണ്ടും ഏകാർത്ഥങ്ങളാകുന്നു എന്നും ഒരു മതമുണ്ട്. യവക്ഷാരഃ യവാഗ്രജഃ പാക്യഃ (അ-പു-പ്ര-ഏ) ഇവ ദ്വ-ം പവക്കാരത്തിന്റെ പേർ. സജ്ജികാക്ഷാരഃ സ്സജ്ജികാക്ഷാരഃ എന്നുമാം. കാപോതഃ സുഖവാച്ചുകഃ (അ-പു-പ്ര ഏ) ഇവ ന്ദ്വ-ം വേങ്ങപ്പുട്ട വെണ്ണീർകൊണ്ടുണ്ടാക്കുന്ന ക്ഷാരത്തിന്റെ പേർ.

സൗവർച്ചലം സൗവർച്ചകം തവക്ഷീരീ വംശരോചനാ
ശിഗ്രുശ്ച ശ്വേതമരിചം മോരടം മൂലകമെക്ഷവം. ൬൮൦

സൗവർച്ചലം രുചകം (അ-ന-പ്ര-ഏ) ഇവ ദ്വ-ം തുവർച്ചിലക്ഷാരത്തിന്റെ പേർ. സജ്ജികാക്ഷാരാടി 3-ം വേങ്ങപ്പുട്ട വെണ്ണീർകൊണ്ടുണ്ടാക്കുന്ന ക്ഷാരത്തിന്റെ പേർ എന്നും ഒരു മതമുണ്ട്. തവക്ഷീരീ (ഈ-സ്ത്രീ-പ്ര-ഏ) വംശരോചനാ (അ-സ്ത്രീ-പ്ര-ഏ)ഇവ ദ്വ-ം വേണുജന്യമായ ഔഷധിവിശേഷത്തിന്റെ പേർ എന്നു മഹേശ്വരടീകയിലും കുവ്വണ്ണാരിന്റെ പേർ എന്നു തമിഴ്ക്കുറിപ്പിലും പറഞ്ഞിരിക്കുന്നു. ശിഗ്രുശ്ച ശ്വേതമരിചം (അ-ന-പ്ര-ഏ) ഇവ ദ്വ-ം മുരിങ്ങക്കുരുവിന്റെ പേർ. മോരടം (അ-ന-പ്ര-ഏ) കരിമ്പിൻവേരിന്റെ പേർ.

ഗ്രന്ഥികം പിപ്പലീമൂലം ചടകാശിര ഇത്യപി
ഗോലോമീ ഭൃതകേശോ നാ പത്രാംഗം രക്തചന്ദനം
ത്രികടുത്രൂഷണം വ്യോഷം ത്രിഫലാ ത്ര ഫലത്രികം. ൬൬൭

ഗ്രന്ഥികം പിപ്പലീമൂലം (അ-ന-പ്ര-ഏ) ചടകാശിരഃ (സ-ന-പ്ര-ഏ) ഇവ ന്ദ്വ-ം കാട്ടുതിപ്പലിവേരിന്റെ പേർ. ചടകാശിരഃ ഇങ്ങിനെ രണ്ടുപദമായിട്ടുമാം. ശിരോ നാപിപ്പലീമൂലേ എന്നു മേദിനിയുണ്ട്. ഗോലോമീ (ഈ-സ്ത്രീ-പ്ര-ഏ) ഭൃതകേശഃ (അ-പു-പ്ര-ഏ) ഇവ ദ്വ-ം ജടാമാഞ്ചിയുടെ പേർ. ഫിൽഫിൽ മയിലുടയുടെ പേർ എന്നും മറുചിലർ വയന്പിന്റെ പേർ എന്നും പറയുന്നു. പത്രാംഗം രക്തചന്ദനം (അ-ന-പ്ര-ഏ) ഇ

വ ഠ-ം രക്തചന്ദനസദൃശമായി കൃഷ്ണശിംശപാ എിന്നും പഞ്ചാംഗമെന്നും പ്രസിദ്ധമായ ഒരു മരത്തിന്റെ പേർ. ത്രികട്ട (ഉ-ന-പ്ര-ഏ) ത്രൂഷണം വ്യോഷം (അ-ന-പ്ര-ഏ) ഇവ ന-ം ചുക്ക്, മുളക്, തിപ്പലി ഇവ മൂന്നിനും കൂടിയ പേർ. ത്രിഫലാ (അ-സ്ത്രീ-പ്ര-ഏ) ഫലത്രികം (അ-ന-പ്ര-ഏ) ഇവ ന-ം കടുക്ക, നെല്ലിക്ക, താന്നിക്ക ഇവ മൂന്നിനും കൂടിയപേർ.

ഇതി വൈശ്യവർഗ്ഗഃ.

ശൂദ്രവർഗ്ഗപ്രാരംഭഃ.

ശൂദ്രാശ്ചാവരവർണ്ണാശ്ച വൃഷലാശ്ച ജഘന്യജാഃ
അചണ്ഡാലാന്ത്യ സങ്കീർണ്ണാ അംബഷ്ഠകരണാദയഃ. ക

ശൂദ്രാഃ അവരവർണ്ണാഃ വൃഷലാഃ ജഘന്യജാഃ (അ പു-പ്ര-ബ) ഇവ ര-ം ശൂദ്രരുടെ പേർ. അചണ്ഡാലാന്ത്യസങ്കീർണ്ണാ ഇത്യാദിക്ക് അംബഷ്ഠൻ, കരണ്ൻ ഇങ്ങിനെ തുടങ്ങി ചണ്ഡാല പര്യന്തം ഉള്ളവർ ഒക്കെയും സങ്കീർണ്ണന്മാരാകുന്നു എിന്നു അതിനെ ഗ്രഹിച്ചുകൊൾക. അംബഷ്ഠകരണാദികൾ ഇന്നിന്നവർ എിന്നു താഴെ പറയും.

ശൂദ്രാവിശോസ്തു കരണോംബഷ്ഠോ വൈശ്യാദ്വിജന്മനഃ
ശൂദ്രാക്ഷത്രിയയോരുഗ്രോ മാഗധഃ ക്ഷത്രിയാവിശോരകോഃ. ഖ

കരണഃ (അ-പു-പ്ര-ഏ) ശൂദ്രസ്ത്രീയിൽ വൈശ്യനുണ്ടായ പുത്രന്റെ പേർ. കരണന്റെ വൃത്തി ലേഖനമാകുന്നു. അംബഷ്ഠഃ (അ-പു-പ്ര-എ) വൈശ്യസ്ത്രീയിൽ ബ്രാഹ്മണനുണ്ടായ പുത്രന്റെ പേർ. അംബഷ്ഠന്റെ വൃത്തി ചികിത്സയാകുന്നു. ഉഗ്രഃ (അ-പു-പ്ര-ഏ) ശൂദ്രസ്ത്രീയിൽ ക്ഷത്രിയനുണ്ടായ പുത്രന്റെ പേർ. ഉഗ്രന്റെ വൃത്തി ആയുധമാകുന്നു. മാഗധഃ (അ-പു-പ്ര-ഏ) ക്ഷത്രിയസ്ത്രീയിൽ വൈശ്യനുണ്ടായ പുത്രന്റെ പേർ. മാഗധന്റെ വൃത്തി രാജസന്നിധിയിൽ സ്തുതിപാഠമാകുന്നു.

മാഹിഷ്യോഗ്രാക്ഷത്രിയയോഃ ക്ഷത്താഽയോഗ്രശൂദ്രയോസ്സുതഃ
ബ്രാഹ്മണ്യാം ക്ഷത്രിയാൽ സൂതസ്തസ്യാംവൈദേഹകോവിശഃ.

മാഹിഷ്യഃ (അ-പു-പ്ര-ഏ) വൈശ്യസ്ത്രീയിൽ ക്ഷത്രിയനുണ്ടായപുത്രന്റെ പേർ. മാഹിഷ്യഃ എിന്നുംപാഠമുണ്ട്. മാഹി

ഷന്റെ വൃത്തി ജ്യൗതിഷവും ശകുനശാസ്ത്രവും സ്വപ്നശാസ്ത്രവുമാകുന്നു. ക്ഷത്താ (ശൂ-പു-പ്ര-ഷ്യു) വൈശ്യസ്ത്രീയിൽ ശൂദ്രനുണ്ടായ പുത്രന്റെ പേർ. ക്ഷത്താവിന്റെ വൃത്തി ഗോധാദി ഹിംസയാകുന്നു. സൂതഃ (അ-പു-പ്ര-ഷ്യു) ബ്രാഹ്മണസ്ത്രീയിൽ ക്ഷത്രിയനുണ്ടായ പുത്രന്റെ പേർ. സൂതന്റെ വൃത്തി ഗജബന്ധനാദിയാകുന്നു. വൈദേഹകഃ (ആ-പു-പ്ര-ഷ്യു) ബ്രാഹ്മണസ്ത്രീയിൽ വൈശ്യനുണ്ടായ പുത്രന്റെ പേർ. വൈദേഹകന്റെ വൃത്തി കലാവിദ്യയാകുന്നു.

രഥകാരസ്ത്വ മാഹിഷ്യാൽ കരണ്യാം യസ്യ സംഭവഃ
സ്യാച്ചണ്ഡാലസ്ത്വ ജനിതോ ബ്രാഹ്മണ്യാം വൃഷലാല്നരഃ.

രഥകാരഃ (അ-പു-പ്ര-ഷ്യു) മാഹിഷ്യനു് കരണസ്ത്രീയിൽ ഉണ്ടായവന്റെ പേർ. രഥകാരന്റെ വൃത്തി രഥകർമ്മസാദിയാകുന്നു. ചണ്ഡാലഃ (അ-പു-പ്ര-ഷ്യു) ബ്രാഹ്മണസ്ത്രീയിൽ ശൂദ്രനുണ്ടായ പുത്രന്റെ പേർ. ചണ്ഡാലന്റെ വൃത്തി മൃതചേലനിർഹൃമാംസാദിയാകുന്നു. മുൻപറഞ്ഞ കാരണാംബഷ്ഠാഗ്ര മാഗധമാഹിഷക്ഷത്തൃസൂതവൈദേഹക രഥകാരന്മാരും ഇപ്പോൾ പറഞ്ഞ ചണ്ഡാലനും ഇങ്ങനെ പത്തുജാതിക്കാർ സങ്കീർണ്ണന്മാരാകുന്നു. അവരിൽ കരണൻ, മാംബഷ്ഠൻ, ഉഗ്രൻ, മാഹിഷ്യൻ ഇവർ നല്ലവരാകുന്നു. മാഗധൻ ക്ഷത്താവു്, സൂതൻ, വൈദേഹകൻ ഇവർ ഹീനജാതിക്കാരാകുന്നു. രഥകാരൻ സങ്കീർണ്ണന്മാരായവരിൽ നിന്നുണ്ടായവനാകുന്നു: സങ്കീർണ്ണനുമാകുന്നു. എങ്കിലും പ്രതിലോമത ഇല്ലായ്കയാൽ ഹീനനല്ല. ചണ്ഡാലൻ അതിഹീനൻതന്നെ·എന്നും അറിഞ്ഞുകൊൾക.

കാരുശ്ശില്പീ സംഘാതൈസ്തർദ്ദയോഃ ശ്രേണിസ്സജാതിഭിഃ
കുലകസ്സ്യാൽ കുലശ്രേഷ്ഠീ മാലാകാരസ്തു മാലികഃ ൭

കാരുഃ (ഉ-പു-പ്ര-ഷ്യു) ശില്പീ (ന-പു-പ്ര-ഷ്യു) ഇവ ഉം ചിത്രകാരാദികളുടെ പേർ. ചിത്രകാരൻ=ചിത്രമെഴുതുന്നവൻ. ശ്രേണിഃ (ഇ-പു-പ്ര-ഷ്യു) സ്ത്രീലിംഗമായിട്ടുമാം. സമാനജാതികളായിരിക്കുന്ന ശില്പികളുടെ സമൂഹത്തിന്റെ പേർ. കുലകഃ (അ-പു-പ്ര-ഷ്യു) കുലികഃ എന്നുമാം. കുലശ്രേഷ്ഠീ (ന-പു-പ്ര-ഷ്യു) ഇവ ഉം ശില്പികുലമുഖ്യന്റെ പേർ. കുലശ്രേഷ്ഠഃ എന്നുമാം. മാലാകാരഃ മാലികഃ (അ-പു-പ്ര-ഷ്യു) ഇവ ഉം പൂമാല കെട്ടിവില്ക്കുന്നവന്റെ പേർ.

കുംഭകാരഃ കുലാലസ്സ്യാൽപലഗണ്ഡസ്തു ലേപകഃ
തന്തുവായഃ കുവിന്ദസ്സ്യാത്തുന്നവായസ്തു സൈവികഃ. ന

കുംഭകാരഃ കുലാലഃ (അ-പു-പ്ര-ഏ) ഇവ ദ്വ-ം കുശവന്റെ പേർ. പലാണ്ഡുഃ ലേപകഃ (അ-പു-പ്ര-ഏ)ഇവ ദ്വ-ം കുമ്മായ പ്പണിക്കാരന്റെപേർ. തന്ത്രുവായഃ കുവിന്ദഃ (അ-പു-പ്ര-ഏ) ഇവ ദ്വ-ം ചാലിയന്റെ പേർ. തന്ത്രുവായഃ തന്ത്രവായഃ തന്ത്രുവാപഃഇവ കെക്കെയും തന്ത്രുവായഃ ചൂന്നതിന്റെ സ്ഥാനത്തിങ്കൽ കാണുന്ന പാഠഭേദങ്ങളാകുന്നു. തുന്നവായഃ സൈചികഃ (അ-പു-പ്ര-ഏ) ഇ വ ദ്വ-ം തുന്നൽക്കാരന്റെ പേർ.

രംഗാജീവശ്ചിത്രകാരസ്ത്വസ്ത്രമാജ്ജോടസിധാവകഃ
പാട്ടകൂച്ചർമ്മകാരസ്ത്വ്യാഴദ്യാകാരോ ലോഹകാരകഃ. ൭

രംഗാജീവഃ ചിത്രകാരഃ (അ-പു-പ്ര-ഏ) ഇവ ദ്വ-ം ചിത്രമെഴുതുന്നവന്റെ പേർ. ശസ്ത്രമാജ്ജഃ അസിധാവകഃ (അ പു-പ്ര ഏ) ഇവ ദ്വ-ം ആയുധം കടയുന്നവന്റെ പേർ. പാട്ടകൂൽ (അ-പു-പ്ര-ഏ) ചർമ്മകാരഃ (അ-പു-പ്ര-ഏ) ഇവ ദ്വ ം ചെരുപ്പുണ്ടാക്കുന്നവന്റെ പേർ. ത്വഷ്ടാകാരഃ ലോഹകാരകഃ (അ-പു-പ്ര-ഏ) ഇവ ദ്വ ം കരുമാന്റെ പേർ. ത്വഷ്ടാ എന്നത്ത് അവ്യയമാകുന്നു. ഇരുമ്പിന്റെപേരുമാകുന്നു.

നാഡിന്ധമസ്വർണ്ണകാരഃ കളാരോ രൂകാരകഃ
സ്യാച്ഛാംഖികഃ കാംബവികസ്ത്വൗല്ംബികസ്ത്വാക്കുട്ടകഃ. ൭൧

നാഡിന്ധമഃ സ്വർണ്ണകാരഃ കളാരഃ രൂകാരകഃ (അ-പു-പ്ര-ഏ) ഇവ.ദ്വ-ം തട്ടാന്റെപേർ. ശാംഖികഃ കാംബവികഃ (അ പു-പ്ര-ഏ) ഇവ ദ്വ ം ശംഖുകടയുന്നവന്റെ പേർ. ശൗല്ംബികഃ താക്കുട്ടകഃ (അ-പു-പ്ര-ഏ) ഇവ ദ്വ-ം ചെമ്പുകൊട്ടിയുടെ പേർ.

തക്ഷാ ത്വ വർദ്ധകിഃ സ്ഥപ്ത്യാ രഥകാരശ്ച കാഷ്ഠതക്ഷാ
ഗ്രാമാധീനോ ഗ്രാമതക്ഷ്ണഃ കൈടതക്ഷ്ണോ5നധീനകഃ. ൭൨

തക്ഷാ (ന പു-പ്ര-ഏ) വർദ്ധകിഃ (ഇ-പു-പ്ര-ഏ) തപ്ത്യാ (ദ്വ-പു-പ്ര-ഏ) രഥകാരഃ (അ-പു-പ്ര-ഏ) കാഷ്ഠതക്ഷാ (ക്ഷ-പു-പ്ര ഏ) ഇവ ദ്വ ം തച്ചന്റെ പേർ. ഗ്രാമതക്ഷ്ണഃ (അ-പു-പ്ര ഏ) ഗ്രാമവാസികൾക്ക് അധീനനായ തച്ചന്റെ പേര്. കൈടതക്ഷ്ണഃ (അ-പു-പ്ര-ഏ) അങ്ങം അധീനനല്ലാത്ത തച്ചന്റെ പേർ.

ക്ഷുരീ മുണ്ഡീ ദിവാകീർത്തിർനാപിതാന്തവസായിനഃ
നിർണ്ണേജകസ്ത്വാദ്രജകഃശൗണ്ഡികോ മണ്ഡഹാരകഃ. ൭൩

ക്ഷുരീ മുണ്ഡീ (ന-പു-പ്ര-ഏ) ദിവാകീർത്തിഃ (ഇ-പു-പ്ര-ഏ) നാപിതഃ (അ-പു-പ്ര-ഏ) അന്തവസായി (ന-പു-പ്ര-ഏ)

ഇവ ദ്വി ം ക്ഷുദ്രകാരന്റെ പേർ. നിർണ്ണേജകഃ രജകഃ (അ-പു-പ്ര-ഏ) ഇവ ത്രി-ം വെളുത്തേടന്റെ പേർ. ശൌണ്ഡികഃ മണ്ഡ ഥാരകഃ (അ-പു-പ്ര-ഏ) ഇവ ത്രി-ം ഇഴവന്റെ പേർ. ശൌണ്ഡികോ മദ്യഹാരകഃ എന്നും പാഠമുണ്ട്.

ജാബാലസ്ത്യാദജാജീവാ ദേവാജീവസ്തു ദേവല
സ്യാന്മായാ ശാംബരീ മായാകാരസ്തു പ്രതിഹാരകഃ. ൬൬

ജാബാലഃ അജാജീവഃ (അ-പു-പ്ര-ഏ) ഇവ ത്രി-ം ആടുമേയ്ക്കുന്നവന്റെ പേർ. അജാജീവി എന്നുമാം. ദേവാജീവഃ (അ-പു-പ്ര ഏ) ദേവാജീവീ എന്നുമാം. ദേവലഃ (അ-പു പ്ര-ഏ) ഇവ ത്രി-ം ദേവസേവകൊണ്ടുപജീവിക്കുന്നവന്റെ പേർ. മായാ (ആ-സ്ത്രീ-പ്ര-ഏ) ശാംബരീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ത്രി-ം ഇന്ദ്രജാലത്തിന്റെ പേർ. മായാകാരഃ പ്രതിഹാരകഃ (അ-പു-പ്ര-ഏ) ഇവ ത്രി-ം പ്രതിജാലക്കാരന്റെ പേർ. പ്രതിഹാരികഃ എന്നും പാഠമുണ്ട്.

ശൈലാലിനസ്തു ശൈല്യൂഷാ ജായാജീവാഃ കുശാശ്വിനഃ
ഭരതാ ഇത്യുചിനടാശ്ചാരണാസ്തു കുശീലവാഃ. ൬൭

ശൈലാലിനഃ (ന-പു-പ്ര-ബ) ശൈല്യൂഷാഃ (അ-പു-പ്ര-ബ) ജായാജീവാഃ (അ-പു-പ്ര-ബ) കുശാശ്വിനഃ(ന-പു-പ്ര-ബ) ഭരതാഃ (അ-പു-പ്ര-ബ) ഭാരതാഃ എന്നുമാം. നടാഃ (അ-പു-പ്ര) ബ) ഇവ ത്രി-ം ഛാകൃാന്മാരുടെ പേർ. ചാരണാഃ കുശീലവാഃ (അ-പു-പ്ര-ബ) ഇവ ത്രി-ം കഥപറയുന്ന നടന്മാരുടെ പേർ. പാടുന്നവരുടെ പേർ എന്നും കാണ്മാനുണ്ട്.

മാർദ്ദംഗികാ മൌരജികാഃ പാണിവാദാസ്തു പാണിഘാഃ
വേണുധ്മാസ്തു വൈണവികാവീണാവാദാസ്തു വൈണികാഃ

മാർദ്ദംഗികാഃ മൌരജികാഃ (അ-പു-പ്ര-ബ) ഇവ ത്രി-ം തിഴാവടിക്കുന്നവന്റെ പേർ. പാണിവാദാഃ പാണിഘാഃ (അ-പു-പ്ര-ബ) ഇവ ത്രി-ം കൈത്താളംപിടിക്കുന്നവരുടെ പേർ. വേണുധ്മാഃ (അ-പു-പ്ര-ബ) വൈണവികാഃ (അ-പു-പ്ര-ബ) ഇവ ത്രി-ം കുഴല്ക്കാരുടെ പേർ. വീണാവാദാഃ (അ-പു-പ്ര-ബ) വൈണികാഃ (അ-പു-പ്ര-ബ) ഇവ ത്രി-ം വീണവായിക്കുന്നവരുടെ പേർ.

ജീവാന്തക ശ്ശാകുനികൌ ടൌ വാഗ്ഗുരികജാലികൌ
പൈതംസികഃ കൌടികശ്ച മാംസികശ്ച സമം ത്രയം.

ജീവാന്തകഃ ശാകുനികഃ (അ-പു-പ്ര-ഫ) ഇവ ത്രി-ം പക്ഷികളെ പിടിക്കുന്നവന്റെ പേർ. വാഗ്ഗുരികഃ ജാലികഃ (അ-പു-

പ്ര-ഏ) ഇവ ഫ-ം വലയിട്ട മൃഗങ്ങളെ പിടിക്കുന്നവന്റെ പേർ. വൈതംസികഃ കൈടികഃ മാംസികഃ (അ-പു-പ്ര-ഏ) ഇവ ന-ം മാംസം വിറ്റുപജീവിക്കുന്നവന്റെ പേർ.

ദൂതശ്കോ ദൂതിളക്കർമ്മകരശ്കോ വൈതനികശ്ച സഃ
വാർത്താവഹോ വൈവധികോ ഭാരവാഹസ്തു ഭാരികഃ. ൭൫

ദൂതകഃ (അ-പു-പ്ര ഏ) ദൂതിളക് (ജ-പു-പ്ര-ഏ) കർമ്മകരഃ വൈതനികഃ (അ-പു-പ്ര-ഏ) ഇവ ര-ം വേലക്കാരന്റെ പേർ. വാർത്താവഹഃ വൈവധികഃ (അ-പു-പ്ര-ഏ) ഇവ ഫ-ം കാവുകാരന്റെ പേർ. ഭാരവാഹഃ ഭാരികഃ (അ-പു-പ്ര-ഏ) ഇവ ഫ-ം ചുമട്ടുകാരന്റെ പേർ.

വിവർണ്ണഃ പാമരോ നീചഃ പ്രാകൃതശ്ചപ്യഥഗ്ജനഃ
നിഹീനോപസദോ ജാല്മഃ ക്ഷുല്ലകശ്ചേതരശ്ച സഃ. ൭൬

വിവർണ്ണഃ പാമരഃ നീചഃ പ്രാകൃതഃ പൃഥഗ്ജനഃ നിഹീനഃ അപസദഃ (അപശദഃ എന്നുമാം) ജാല്മഃ ക്ഷുല്ലകഃ (ഖുല്ലകഃ എന്നുമാം) ഇതരഃ (അ-പു-പ്ര-ഏ) ഇവ ഫ-ം നീചന്റെ പേർ.

ദൂത്യേ ദാസേരദാസേയൗ ദാസഗോപ്യകചേടകാഃ
നിയോജ്യകിംകരപ്രൈഷ്യഭുജിഷ്യപരിചാരകാഃ. ൭൭

ദൂത്യഃ ദാസേരഃ ദാസേയഃ ദാസഃ (ദാശഃ എന്നുമാം) ഗോപ്യകഃ ചേടകഃ (ചേഡകഃ എന്നുമാം) നിയോജ്യഃ കിംകരഃ പ്രൈഷ്യഃ (പ്രേഷ്യഃ എന്നുമാം) ഭുജിഷ്യഃ പരിചാരകഃ(അ-പു-പ്ര-ഏ) ഇവ ഫ-ം ദൂത്യന്റെ പേർ.

പരാചിതപരാസ്കന്ദപരജാതപരൈധിതാഃ
മന്ദസ്തു തുന്ദപരിമൃജആലസ്യശീതകോലസോലസ്നുഷ്ണാഃ

പരാചിതഃ (പരാജിതഃ എന്നുമാം) പരാസ്കന്ദഃ (പരിഷ്കന്ദഃ എന്നുമാം പരിസ്കന്ദഃ പരിഷ്കന്നഃ ഇങ്ങനെയുമാം.)പരജാതഃ പരൈധിതഃ (അ-പു-പ്ര-ഏ) ഇവ ര-ം അന്യധനംകൊണ്ടു വളർന്നവന്റെ പേർ. മന്ദഃ തുന്ദപരിമൃജഃ ആലസ്യഃ ശീതകഃ അലസഃ അനുഷ്ണഃ (അ-പു-പ്ര-ഏ) ഇവ ന-ം മടിയന്റെ പേർ.

ദക്ഷേ തു ചതുരപേശലപടവസ്സൂത്രാന ഉണ്ണശ്ച
ചണ്ഡാലപ്ലവമതാംഗദിവാകീർത്തിജനാഗമാഃ. ൭൯

നിഷാദശ്വപചാവന്ത്യവാസിചണ്ഡാലപുല്കസാഃ
ഭേദാഃ കിരാതശബരപുളിന്ദാ മ്ലേച്ഛജാതയഃ. ൮൦

ദക്ഷഃ ചതുരഃ പേശലഃ (അ-പു-പ്ര-ഏ) പടുഃ (ഉ-പു-പ്ര-

ച്ചി) സൂത്രധാരഃ ഉച്ഛ്രഃ (അ-ചു-പ്ര-ച്ഛ) ഇവ ന്ത-ം സമർത്ഥന്റെ പേർ. ചണ്ഡാലഃ പ്ലവഃ മാതംഗഃ (അ-ചു-പ്ര-ച്ഛ) ദിവാകീർത്തിഃ (ഇ-ചു-പ്ര-ച്ഛി) ജനംഗമഃ (ജഖംഗമഃ ച്ചിന്നമാം) നിഷാദഃ ശപചഃ (അ-ചു-പ്ര-ച്ഛ) അന്ത്യാവസി (ന-ചു-പ്ര-ച്ഛ) ചണ്ഡാലഃ പുല്ക്കസഃ (അ-ചു-പ്ര-ച്ഛി) ഇവ ക്ക-ം പാപന്റെ പേർ. നിഷാദശപചാന്ത്യവസായി ചാണ്ഡാല പുൽക്കസാഃ ച്ചിന്നുള്ള പാഠന്തികൽ അന്ത്യാവസി ച്ചിന്നതിന്റെ സ്ഥാനന്തികൽ അന്ത്യാവസായി ച്ചിന്നാകുന്നു, ച്ചിന്നമാത്രം ഒരു വിശേഷമെന്നു അറിഞ്ഞുകൊൾക. ദേഭാഃ കിരാതശബരപുളിന്ദാഭ്യുച്ഛ്രജാതയഃ ച്ചിന്നതിന്റെ അർത്ഥം—കിരാതശബരപുളിന്ദവ്യാകുന്ന ഭ്യുച്ഛ്രജാതികൾ ചണ്ഡാലന്മാരിൽ ഓരോരോ വകക്കാരാകുന്നു. കിരാതഃ (അ-ചു-പ്ര-ച്ഛ) ശബരഃ (അ-ചു-പ്ര ച്ഛി) പുളിന്ദഃ (അ-ചു-പ്ര-ച്ഛി) കിരാതശബരപുളിന്ദന്മാർ തങ്ങളിൽ മാല്പാട്ടമായ ദേശത്തൊക്കെ കുടിയവരാകുന്ന ച്ചിങ്കിലും സമാനാർത്ഥങ്ങളായി വിചാരിപ്പാൻ തക്കവണ്ണമുള്ള പ്രയോഗങ്ങൾ വളരെ ഉണ്ടെന്നു അറിഞ്ഞുകൊൾകയും വേണം.

വ്യാധോ മൃഗവധാജ്ഞീവോ മൃഗയുർല്ലുബ്ധകശ്ചസഃ
കൈരാതകസ്ത്വാരണ്യേ കൃകരോ മൃഗതംശകഃ ൨൯
ശൗനകോ ദാഷകർഷ്ടാ സ്യാദളർക്കസ്തു സ യോഗിതഃ
ശാവവിശകർഷ്ടൗമൃഗയാകുശലസ്സുധീ ച്ചനീ. ൩൦

വ്യാധഃ മൃഗവധാജ്ഞീവഃ (അ-ചു പ്ര-ച്ഛി) മൃഗയുഃ (ഉ-ചു-പ്ര-ച്ഛി) ലുബ്ധകഃ (അ-ചു-പ്ര-ച്ഛ) ഇവ ൩-ം വേടന്റെ പേർ. കൈരാതകഃ സാരമേയഃ കൃകരഃ (അനാദികാശത്തിങ്കൽ കൃകരഃ ച്ചിന്നാകുന്ന രാജമുകുടമതം കൃക്കരഃ ച്ചിന്നാകുന്നു.) മൃഗദംശകഃ ശൗനകഃ ദാഷകഃ (അ-ചു-പ്ര-ച്ഛ) ശ്വാ (ന-ചു-പ്ര-ച്ഛ) ഇവ ൪-ം ശ്വാവിന്റെ പേർ. അളർക്കഃ (അ-ചു-പ്ര-ച്ഛ) മരുന്നുമൂത്തലായതുകൊണ്ടു് ഉന്മാദിയാക്കപ്പെട്ട ശ്വാവിന്റെ പേർ. യോഗിതഃ ച്ചിന്നതിന്നു പ്രയോഗേണോന്മത്തതാം പ്രാപിതഃ എന്നു മഹേശ്വരടീകയിലെ വ്യാഖ്യാനമാകുന്നു. യൌഗികഃ എന്നു ചിലർ പാഠിക്കുന്നു. പട്ടിയോടു ചേർന്നതൊന്നു അതിനു അർത്ഥത്തെയും പറയുന്നു. മറ്റു ചിലർ അളർക്കസ്യസയോഗതീ എന്നു പഠിക്കുന്നു. ഗതീ ച്ചിന്നതിന്നു വിഷമുള്ളതു് ച്ചിന്നർത്ഥമാകയാൽ അളർക്കമെന്നതു പേപ്പട്ടിയുടെ പേർ ച്ചിന്നും പറയുന്നു. മുകുടമതം അളർക്കഃ ച്ചിന്നല്ല അളകഃ ച്ചിന്നാകുന്നു. വിശ്വകർമ്മഃ (ഉ-ചു-പ്ര-ച്ഛ) നായാട്ടനായുടെ പേർ. സമരാ (ആ-സ്ത്രീ-പ്ര-ച്ഛ) ശുനീ (ഈ-സ്ത്രീ-പ്ര-ച്ഛ) ഇവ ൨-ം പട്ടിയുടെ പേർ.

വിരിഞ്ചരസ്തംസ്കകരോ ഗ്രാമ്യോ വക്കരസ്തരുണഃ പശ്രുഃ
ആച്ഛാദനം മൃഗവ്യംസ്യാ ദാഖേടോ മൃഗയാ സ്ത്രിയാം.

വിരിഞ്ചരഃ (അ-പു-പ്ര-ഏ) ഗ്രാമസൂകരത്തിന്റെ പേർ. പിപ്പുന്നി എന്ന ഭാഷ. പോക്കണം പറയും. വക്കരഃ (അ-പു-പ്ര-ഏ) ചെറുപ്പമായ നാല്ക്കാലിയുടെ പേർ. ആച്ഛാദനം മൃഗവ്യം (അ-ന-പ്ര-ഏ) ആഖേടഃ (അ-പു-പ്ര-ഏ) മൃഗയാ (ആ-സ്ത്രീ-പ്ര-ഏ) ഇവ രു-ം നായാട്ടിന്റെ പേർ.

ദക്ഷിണേമ്മാ ലുബ്ധയോഗാദുക്ഷിണാതഃ കുരംഗകഃ
ചൌരികാസ്തൈനസൌനദസ്തൂതസ്തരുമോഷകാഃ. ൨൭
പ്രതിരോധി പരാസ്കന്ദി പാടച്ചരമലിമ്ലുചാഃ
ചൌരികാസ്തൈനസൌനദൌ ച സ്തേയം ലോപ്ത്രം ത്ര തദ്ധനേ.

ദക്ഷിണേമ്മാ (ന-പു-പ്ര-ഏ) വേടനാൽ വലത്തുഭാഗത്തു മുറിവു് ഏല്പിക്കപ്പെട്ട മൃഗത്തിന്റെ പേർ. ചോരഃ (ചൌരഃ എന്നുമാം.) ഏകാഗാരികഃ സ്തേനഃ (അ-പു-പ്ര-ഏ) സ്തൂഃ (ഉ-പു-പ്ര-ഏ) തസ്കരഃ മോഷകഃ (അ-പു-പ്ര-ഏ) പ്രതിരോധി പരാസ്കന്ദി (ന-പു-പ്ര-ഏ) പാടച്ചരഃ (പടച്ചരഃ എന്നുമാം.) മലിമ്ലുചഃ (അ-പു-പ്ര-ഏ) ഇവ ചോ-ം കള്ളന്റെ പേർ. ചൌരികാ (ആ-സ്ത്രീ-പ്ര-ഏ) സ്തൈന്യം ചൌര്യം സ്തേയം (അ-ന-പ്ര-ഏ) ഇവ രു-ം കളവിന്റെ പേർ. ലോപ്ത്രം (അ-ന-പ്ര-ഏ) കട്ട മുതലിന്റെ പേർ.

വീതം സസ്ത്രുപകരണം ബന്ധനേ മൃഗപക്ഷിണാം
ഉന്മാഥഃ കൂടയന്ത്രം സ്യാദ്ബാഗുരാ മൃഗബന്ധനീ. ൨൮

വീതംസഃ (അ-പു-പ്ര-ഏ) വിതംസഃ എന്നുമാം. മൃഗപക്ഷികളെ പിടിപ്പാനുള്ള സാധനത്തിന്റെ പേർ. ഉന്മാഥഃ (അ-പു-പ്ര-ഏ) കൂടയന്ത്രം (അ-ന-പ്ര-ഏ) ഇവ ര-ം മൃഗപക്ഷികൾക്കു് ഇരവെച്ചു പിടിപ്പാനുള്ള യന്ത്രത്തിന്റെ പേർ. വാഗുരാ (ആ-സ്ത്രീ-പ്ര-ഏ) മൃഗബന്ധനീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ര-ം നായാട്ടു വലയുടെ പേർ.

ശുല്ംബം വരാടകം സ്ത്രീ ത്വ രജ്ജുസ്ത്രിഷു വടീഗുണഃ
ഉദ്ഗ്രാടനം ഘടീയന്ത്രം സലിലോദ്വാഹനം പ്രഘഃ. ൨൯

ശുല്ംബം വരാടകം (അ-ന-പ്ര-ഏ) രജ്ജുഃ (ഉ-സ്ത്രീ-പ്ര-ഏ) വടീ (ഈ-സ്ത്രീ-പ്ര-ഏ) ത്രിലിംഗമാകുന്നു. ഗുണഃ (അ-പു-പ്ര-ഏ) ഇവ ൩-ം വലക്കയറിന്റെ പേർ. രജ്ജുശ്ശുല്ംബാ വരാടോനാ ചൂന്ന രണ്ടുകോശമുണ്ടാകയാൽ ശുല്ംബാ എന്നു് ആകാരാന്തമായിട്ടുമാം. ശുല്ംബീ എന്നു് ഈകാരാന്തമായിട്ടുമാ

നെന്ന മഹേശ്വരടീകയിൽ പറഞ്ഞിരിക്കുന്നു. വരാടകശബ്ദം പുല്ലിംഗമായിട്ടുമാം. സ്വാമിപ്രാഗം വടാകമഃ ചിന്നാകുന്നു. ഉദ്ഘാടനം ഘടീയന്ത്രം (അ-ന-പ്ര-ഘു) ഇവ ക-ം ചിന്നത്തിന്റെ പേർ.

പുംസി രേമാ ദ്വായദണ്ഡസംസൂത്രാണി നദി തന്തവഃ
വാണിർവ്യൂതിഃ സ്ത്രിയൗ തുല്യേ പുസ്തം ലേപ്യാടികമ്മണി.

രേമാ (ന-പു-പ്ര-ഘു) (രേമഃ ചിന്നമാമെന്ന മഹേശ്വരടീകയിൽ പറഞ്ഞിരിക്കുന്നു.) ദ്വായദണ്ഡഃ (ദ്വാപദണ്ഡഃ ചിന്നമാം.) (അ-പു-പ്ര-ഘു) ഇവ ക-ം നെയ്യുന്ന കോലിന്റെ പേർ. സൂത്രാണി (അ-ന-പ്ര-ബ) തന്തവഃ (ഉ-പു-പ്ര-ബ) ഇവ ക-ം ഞാലിന്റെ പേർ. വാണിഃ വ്യൂതിഃ (ഇ-സ്ത്രീ-പ്ര-ഘു) ഇവ ക-ം നെയ്ത്തിന്റെ പേർ. പുസ്തം (അ-ന-പ്ര-ഘു) കുമ്മായപ്പണി മുതലായതിന്റെ പേർ. ലേഖ്യാടികമ്മണി ചിന്നം പാഠാന്തരം. അപ്രകാരം പഠിക്കുന്നപക്ഷം ചിത്രലേഖനം മുതലായ പ്രവൃത്തിയുടെ പേർ എന്ന വ്യാഖ്യാനിച്ചുകൊൾക.

പാഞ്ചാലികാ പുത്രികാ സ്യാദ്വസ്ത്രദന്താദിഭിഃ കൃതാ
ജ്ഞാത്യുപൂവികാരേ തു ജാതുഷം സ്ത്രാപുഷം ത്രിഷു. ക൯

പാഞ്ചാലികാ (ആ-സ്ത്രീ-പ്ര-ഘു) പാഞ്ചാലികാ ചിന്നമാം വസ്ത്രദന്താദികളെക്കൊണ്ടു ഉണ്ടാക്കപ്പെട്ട പുത്രികയുടെ പേർ. വസ്ത്രം=തുണി. ദന്തം=ആനക്കൊമ്പു്. ആദിപദംകൊണ്ടു തോലുമുതലായ പദാർത്ഥങ്ങളെ ഗ്രഹിച്ചുകൊൾക. പുത്രികാ=പാവ. ജാതുഷം (അ-ന-പ്ര-ഘു) അരക്കുകൊണ്ടുണ്ടാക്കപ്പെട്ടതിന്റെ പേർ. സ്ത്രാപുഷം (അ-ന-പ്ര-ഘു) വെള്ളീയ്യംകൊണ്ടുണ്ടാക്കപ്പെട്ടതിന്റെ പേർ. ജാതുഷമെന്നതും സ്ത്രാപുഷമെന്നതും ത്രിലിംഗമാകുന്നു.

പിടകഃ പേടകഃ പേടാ മഞ്ജൂഷാഥ വിഹംഗികാ
ഭാരയഷ്ടിസ്തുലാലംബീ ശിക്യം കാശ്ചോഥ പാദുകാഃ. ന൦
പാദുരുപാനൽ സ്ത്രീ സൈവാനുപദീനാ പദായതാ
നഡ്വീ വഡ്വീ വാത്രാ സ്യാദശ്വാദേസ്ത്വാഡനീ കശാ. നഫ

പിടകഃ പേടകഃ (അ-പു-പ്ര-ഘു) പേടാ മഞ്ജൂഷാ (ആ-സ്ത്രീ-പ്ര-ഘു) ഇവ ര-ം പെട്ടകത്തിന്റെ പേർ. പേടാ മഞ്ജൂഷാ ഇവ ക-ം മഞ്ചയുടെ പേർ എന്നും ഒരു മതമുണ്ടു്. വിഹംഗികാ (ആ-സ്ത്രീ-പ്ര-ഘു) ഭാരയഷ്ടിഃ (ഇ-സ്ത്രീ-പ്ര-ഘു) ഇവ ക-ം കാവിലിന്റെ തണ്ടിന്റെ പേർ. ശിക്യം (അ-ന-പ്ര-ഘു) കാശ്ചഃ (അ-പു-പ്ര-ഘു) ഇവ ക ം അതിൽകെട്ടുന്ന ഉറിയുടെപേർ. പാദുകാ (ആ-സ്ത്രീ-പ്ര-ഘു) പാദുഃ (ഉ-സ്ത്രീ-പ്ര-ഘു) ഉപാനത്തു് (ഹ-സ്ത്രീ-പ്ര-

ഠഗ) ഇവ നു-ം ചെരുപ്പിന്റെപേർ. അനുചദീനാ ചടായതാ ആ-സ്ത്രീ-പ്ര-ഏ) ഇവ ഉ-ം കുഴച്ചെരിപ്പിന്റെ പേർ. വല്ഗ്രീ നല്ഗ്രീ (ഇഴ-സ്ത്രീ-പ്ര-ഏ) വരത്രാ (ആ-സ്ത്രീ-പ്ര-ഏ) ഇവ നു ം തോല്പ്പയറിന്റെ പേർ. ക്രശാ (ആ-സ്ത്രീ-പ്ര-ഏ) കുതിരച്ചുമ്മട്ടിയുടെ പേർ.

ഛാണ്ഡാലികാഭ കണ്ഡാല വീണാ ഛണ്ഡാലവല്ലകീ
നാരാചീ സ്യാദേഷണികാ ശാണസ്ത നികഷഃ കഷഃ.

ഛാണ്ഡാലികാ (ഛണ്ഡാലികാ എന്നുമാം) കണ്ഡാലവീണാ (ആ-സ്ത്രീ-പ്ര-ഏ) (കണ്ഡോലവീണാ എന്നുമാം) കണ്ഡാലീ എന്ന പേരെയും പ്രയോഗിക്കാം. ഛണ്ഡാലവല്ലകീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ നു-ം ഛണ്ഡാലവീണയുടെ പേർ. കിന്നരി എന്നതരം ഭാഷയാകുന്നത്രേ. നാരാചീ (ഈ സ്ത്രീ പ്ര-ഏ) ഏഷണികാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ഉ-ം ചെറുനാരായക്കോലിന്റെ പേർ. ശാണഃ നികഷഃ കഷഃ (അ-പു-പ്ര-ഏ) ഇവ നു-ം ഉരക്കല്ലിന്റെ പേർ.

പ്രശ്നഃ പത്രപരശ്വധീഷികാ തൂലികാ സമേ
തൈജസാവർത്തനീ മൂഷാ ഭസ്ത്രാ ചർമ്മപ്രസേവികാ. നഭ

പ്രശ്നഃ (അ-പു-പ്ര-ഏ) പത്രപരശ്വധഃ (ഉ-പു പ്ര-ഏ) ഇവ ഉ-ം സപ്ണ്ണാടികാം വെട്ടുന്ന ആയുധത്തിന്റെ പേർ. ഈഷികാ (ഇഷികാ എന്നും ഇഷീകാ എന്നും പാഠാന്തരം കാണപ്പെടുന്നു.) തൂലികാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ഉ-ം ചിത്രമെഴുത്തുന്ന തൂലികയുടെ പേർ. തൈജസാവർത്തനീ (ഈ-സ്ത്രീ-പ്ര-ഏ) മൂഷാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ഉ-ം മൂശയുടെ പേർ. ഇത്തു പൊന്നുമുതലായതു ഉരുക്കുവാനുള്ള പാത്രമാകുന്നു. ഭസ്ത്രാ ചർമ്മപ്രസേവികാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ഉ-ം ഉലയൂതുന്നോലിന്റെ പേരാകുന്നു. ചർമ്മപ്രസേവകഃ എന്നുമാം.

ആസ്ഫോടനീ വേധനികാ കൃപാണീകർത്തരി സമേ
വൃക്ഷാടനീ വൃക്ഷഭേദീ ടംകഃ പാഷാണദാരണഃ. നമ

ആസ്ഫോടനീ (ഈ-സ്ത്രീ-പ്ര-ഏ) വേധനികാ (ആ-സ്ത്രീ-പ്ര-ഏ) ഇവ ഉ-ം രത്നങ്ങൾ തുളയ്ക്കുന്ന കതിരിന്റെ പേർ. കൃപാണീ കർത്തരീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ഉ-ം കർത്തരിയുടെ പേർ. വൃക്ഷാടനീ വൃക്ഷഭേദീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ ഉ-ം മഴുവിന്റെ പേർ. വൃക്ഷാടനോ വൃക്ഷഭേദീ എന്നു പാഠാന്തരം. വൃക്ഷാടനഃ (അ-പു-പ്ര-ഏ) വൃക്ഷഭേദീ (ന-പു-പ്ര-ഏ) ഇപ്രകാരമായാ

ഭൂം മഴുവിന്റെ പേർതന്നെ. ടങ്കഃ പാഷാണടാരണഃ (അ-പു-പ്ര-ഏ) ഇവ ദ്വ-ം കല്ലുളിയുടെ പേർ. തംകഃ ചിന്നമാം.

ക്രകചോസ്ത്രീ കരപത്രമാരാ ചർമ്മപ്രഭേദികാ
സൂർമ്മീ സ്ഥൂണായഃപ്രതിമാ ശില്പം കർമ്മ കലാടികം. നഭ

ക്രകചഃ (അ്-പു-പ്ര-ഏ) നപുംസകമായിട്ടുമാം. കരപത്രം (അ-ന-പ്ര-ഏ) ഇവ ദ്വ-ം ഈച്ചുവാളിന്റെപേർ. ആരാ ചർമ്മ പ്രഭേദികാ (അ-സ്ത്രീ-പ്ര-ഏ) ഇവ ദ്വ-ം തോലുളിയുടെ പേർ. സ്യാദാരാ ചർമ്മഭേദികാ എന്നും പാഠമുണ്ടാകയാൽ ചർമ്മഭേദികാ എന്നമാം.സൂർമ്മീ(ഇ-സ്ത്രീ-പ്ര-ഏ) സ്ഥൂണാ അയഃപ്രതിമാ (അ-സ്ത്രീ-പ്ര-ഏ) ഇവ ദ്വ-ം ഇരുമ്പുകൊണ്ടുണ്ടാക്കിയ പ്രതിമയുടെ പേർ. സൂമ്മി ചിന്നമാം. ശില്പം(അ-ന-പ്ര-ഏ)ശീതനൃത്താദി കർമ്മത്തിന്റെ പേർ.

പ്രതിമാനം പ്രതിബിംബം പ്രതിമാ പ്രതിയാതനാ പ്രതിച്ഛായാ പ്രതികൃതിരാ്വാ പുംസി പ്രതിനിധിരുപമോപമാനം സ്യാൽ.

പ്രതിമാനം പ്രതിബിംബം (അ-ന-പ്ര-ഏ) പ്രതിമാ പ്രതിയാതനാ പ്രതിച്ഛായാ (ആ-സ്ത്രീ-പ്ര-ഏ) പ്രതികൃതിഃ (ഇ-സ്ത്രീ-പ്ര-ഏ) അാ്വാ (ആ-സ്ത്രീ-പ്ര-ഏ) പ്രതിനിധിഃ (ഇ-പു-പ്ര-ഏ) ഇവ ദ്വ-ം പ്രതിരൂപത്തിന്റെ പേർ. ഉപമാ (ആ-സ്ത്രീ-പ്ര ഏ) ഉപമാനം (അ-ന പ്ര-ഏ) ഇവ ദ്വ-ം സാദൃശ്യത്തിന്റെ പേർ. സദൃശപദാർത്ഥത്തിന്റെ പേരായിട്ടും പ്രയോഗിക്കാം.

വാച്യലിംഗാസ്സമസ്തുല്യസ്സദൃക്ഷസ്സദൃശസ്സദൃക്
സാധാരണസ്സമാനശ്ച സൂത്രത്രപദേ ത്രമീ. നയ
നിഭസംകാശനികാശപ്രതീകാശോപമാദയഃ
കർമ്മണ്യാ ഇ വിധാ ഭൃത്യാ ഭൃതയോ ഭർമ്മവേതനം. നവ
ഭരണ്യം ഭരണം മൂല്യം നിവ്വേശഃ പണ ഇത്യപി
സുരാ ഹലിപ്രിയാ ഹാലാ പരിസംവൃതരണോത്തമജാ. നൻ
ഗന്ധോത്തമാ പ്രസന്നാരാകാദംബസ്തുഃ പരിസംവൃതാ
മദിരാ മദ്യകരേ്യ ചാപൂപഃശഷ്കുല്യാ ഭക്ഷണം. രാ൦

സമഃ തുല്യഃ സദൃക്ഷഃ സദൃശഃ (അ-പു-പ്ര-ഏ) സദൃക് (ശ-പു-പ്ര-ഏ) സാധാരണഃ സമാനഃ(അ-പു-പ്ര-ഏ)ഇവ ൟ-ം തുല്യമായതിന്റെപേർ. ഏഴിന്നും വിശേഷ്യത്തെ അനുസരിച്ചു ലിംഗങ്ങളുമുണ്ടെന്നു് അറിഞ്ഞുകൊൾക. സൂത്രത്രപദേത്രമീച്ചിന്നതിന്നു്ഇനിപറവാൻപോകുന്നനിഭസംകാശാദിശബ്ദങ്ങൾ സമാസത്തിന്റെ അന്ത്യാവയവങ്ങളായിട്ടുതന്നെ ഭവിക്കുമെന്നത്രമാ

കുന്ന. നിഭഃ സംകാശഃ നീകാശഃപ്രതീകാശഃ ഉപമ ഇവദി-ം സമ സത്തിന്റെ അന്താവയവമായാൽ വിശേഷ്യാനുരോധേന എ ല്ലാലിംഗങ്ങളോടുകൂടിയതുകളാകയും തുല്യഃ തുല്യാ, തുല്യം ഇങ്ങി നെ അർത്ഥത്തോടുകൂടിയതുകളാകയുംചെയ്യും. സ്വാതന്ത്ര്യേണ ഇ വ അഞ്ചിനും പ്രയോഗമില്ല. ആദിപദംകൊണ്ടു സംഗ്രഹിക്ക പ്പെട്ട ഭ്രാതൃപുത്രകല്പാദികളും മേൽപറഞ്ഞ പ്രകാരംതന്നെഎന്നു ഗ്ര ഹിച്ചുകൊൾക. ഉദാഹരണം പിതൃനിഭഃപുത്രഃ മാതൃസംകാശാക ന്യാഇത്യാദി. ഇപ്രകാരം പിതൃഭ്രാതഃ പിതൃതുല്യഃ പിതൃകല്പഃ ഇത്യാ ദിയുമുദാഹരണംതന്നെ. പിതാവിനോടു സദൃശൻ മാതാവിനോടു സദൃശീ ഇത്യാദി ഉദാഹരണാർത്ഥമാകുന്നു. കർമ്മണ്യാവിധാ ക ർമ്മണ്യാനുവിധാ എന്നും പാഠമുണ്ടാകയാൽ അപ്രകാരം പഠിക്കു ന്നപക്ഷം വിധം എന്നതിനുപകരം അനുവിധാ എന്നാകുന്നു. ഭൃത്യാ (ആ-സ്ത്രീ-പ്ര-ഏ) ഭൃതിഃ (ഇ-സ്ത്രീ-പ്ര-ഏ) ഭൃത്യ (ന-ന-പ്ര-ഏ) വേതനം ഭരണ്യം (അ-ന-പ്ര-ഏ)ഭരണ്യാ (ആ-സ്ത്രീ-പ്ര ഏ) ഇങ്ങിനെയുമാം. ഭരണം മൂല്യം (അ-ന-പ്ര-ഏ) നിവേശഃ പണഃ (അ-പു-പ്ര-ഏ) ഇവ ൨-ം ജീവിതത്തിന്റെ പേർ. സു രാ കാലിപ്രിയാ കാലാ (ആ-സ്ത്രീ-പ്ര-ഏ) പരിസ്രുത° (ത-സ്ത്രീ പ്ര-ഏ) വരുണാത്മജാ ഗന്ധോത്തമാ പ്രസന്നാ ഇരാ (ആ-സ്ത്രീ-പ്ര-ഏ) കാദംബരീ (ഈ-സ്ത്രീ-പ്ര-ഏ) പരിസ്രുതാ മദിരാ (ആ സ്ത്രീ-പ്ര-ഏ) മദ്യം കശ്യം (അ-ന-പ്ര-ഏ) ഇവ ൨൨-ം മദ്യത്തി ന്റെ പേർ. (അ-പു-പ്ര-ഏ) ഭക്ഷ്യണം(അ-ന-പ്ര-ഏ) ഇവ ൨-ം രുചിയുണ്ടാകുവാനായി കൂടിക്കുന്നോരീ കൂട്ടുവാനുള്ള പദാർത്ഥത്തി ന്റെ പേർ. അപദംശസൂഭക്ഷ്യണം എന്നും പാഠംകാണുന്നു.

ശൗണ്ഡാപാനം മദസ്ഥാനം മധുവാരാ മധുക്രമാഃ
മധ്വാസവാ മാധവകോ മധുമാർദ്വീകമദ്യയോഃ. ൨൫

ശൗണ്ഡാപാനം മദസ്ഥാനം (അ-ന-പ്ര-ഏ) ഇവ ൨-ം മ ദ്യപാനത്തിനുള്ള ഗൃഹത്തിന്റെ പേർ. ശൗണ്ഡശബ്ദം മദ്യവാ ചകമാകുന്നു എന്നും പാനശബ്ദം പാനാധികരണ വാചകമാകു ന്നു എന്നും അറിഞ്ഞുകൊൾക. ശൗണ്ഡാഇജുലഹസ്തിന്യാം മദി രാകരിഹസ്തയോഃ എന്നു വിശ്വവാക്യവുമുണ്ട്. ശൗണ്ഡാ പാനം എന്നരണ്ടുപദമായിട്ടുമാം. ശൗണ്ഡാ (ആ-സ്ത്രീ-പ്ര-ഏ) പാനം ഇതിന്റെ അന്ത്യലിംഗവിഭക്തികർം മേൽപ്രകാരംതന്നെ. ഇവ രണ്ടും ശൗണ്ഡാപാനം മദസ്ഥാനം എന്നതുകർംപോലെ പാനഗൃ ഹവചനങ്ങളാകുന്നു. ശൗണ്ഡാപാനഗൃഹേമതാ അപ്യംബുഹസ്തി നീവേശ്യാ ഹസ്തിഹസ്തസുരാസു ച എന്നു മേദിനീവചനമുണ്ട്. മധുവാരഃ മധുക്രമാഃ (അ-പു-പ്ര-ബ) ഇവ ൨-ം മദ്യപാനക്രമ

ങ്ങളുടെയും പേർ. മധുവാദ്യോമധുകൃദാദി പുംസി ഏകവചനാന്തമായിട്ടും പഠിക്കാം. മധ്വാസവഃ മാധ്വകഃ (അ-പു-പ്ര-ഏ) ഇവ ഓം തേൻകുടിച്ചുമച്ച മദ്യത്തിന്റെ പേർ. മധു (ഉ-ന-പ്ര-ഏ) മാർദ്വീകം (അ-ന-പ്ര-ഏ) ഇവ ഓം മുന്തിരിങ്ങാകൊണ്ടു ചമച്ച മദ്യത്തിന്റെ പേർ.

മൈരേയമാസവശ്ശീധ്വരിഷ്ടമേടകോ ജഗ്ധളസ്സമൌ
സന്ധാനം സ്യാദഭിഷവഃ കിണവം പുംസി തു നഗ്നഹൂഃ.

മൈരേയം (അ-ന-പ്ര-ഛ) ആസവഃ (അ-പു പ്ര-ഛ) ശീധുഃ (ഉ-പു-പ്ര-ഛ) നപുംസകലിംഗമായിട്ടുമാം. ഇവ ഓം കരിമ്പിൻ നീർകൊണ്ടു ചമച്ച മദ്യത്തിന്റെ പേർ. ശീധുരിക്ഷുരസൈഃ പക്വൈഃ പക്വൈരാസവോഭവൽ മൈരേയംധാതകീ പുഷ്പൈർഗുഡധാനാംബുസംഹിതമെന്നു മാധവവചനമുണ്ടു്. അതുകൊണ്ടു് ശീധുവിന്നതു് ശർക്കരാമദ്യത്തിന്റെയും ആസവമെന്നതു് ഇക്ഷുരസമദ്യത്തിന്റെയും മൈരേയമെന്നതു് താതിരിപ്പൂവു്, ശർക്കര, വറുത്തയവം, പച്ചവെള്ളം, ഇവകൊണ്ടു് ചമച്ച മദ്യത്തിന്റെയും പേരാകുന്നവിന്നു് സിദ്ധമായിരിക്കുന്നു. വിങ്കിലും മേൽവിവരിച്ച വിശേഷത്തെ ആദരിക്കാതെ ഇവിടെ പണ്ഡിതന്മാരായി പറകപ്പെട്ടവിന്നും ഇക്ഷുശാകാദിജന്യമായ മദ്യവിശേഷത്തിന്റെ പേരാകുന്നവിന്നും മഹാശബ്ദടീകയിൽ പറഞ്ഞിരിക്കുന്നു. കരിമ്പിൻനീരിന്റെ സംബന്ധം വല്ലിടത്തുമുണ്ടാകയാൽ അതുകൊണ്ടുള്ള സാമ്യത്തെത്തന്നെ ഗ്രഹിച്ചിട്ടു് ഇവിടെ മേൽപ്രകാരം വ്യാഖ്യാനിച്ചവിന്നു് അറിഞ്ഞുകൊൾകയും വേണം. സീധുഃ വിന്നും ശീധുഃ വിന്നും പാഠാന്തരങ്ങളുമുണ്ടു്. സീധുരസ്ത്രീതഃശീധുസ്ത്രീഗുഡ്യാപ്യാ സവഃ പുമാൻ മൈരേയം തദ്വയോസ്തച്ചസ്യാന്നിരാമടിരാസ്ത്രിയാം വിന്ന ശബ്ദവ്യൂഹതരംഗണീവചനവുമുണ്ടു്. ഇതുകൊണ്ടു് ശീധുനോന്യാനിമദ്യാനി ഇത്യാടി പ്രയോഗങ്ങൾ ചേരുന്നവിന്നും ധരിച്ചുകൊൾക. മേടകഃ ജഗ്ധളഃ (അ-പു-പ്ര-ഏ) ഇവ ഓം സുരാകല്പത്തിന്റെ പേർ. കൊഴുത്ത മദ്യത്തിന്റെ പേരെന്നും ഒരു മതമുണ്ടു്. സന്ധാനം (അ-ന-പ്ര-ഏ) അഭിഷവഃ (അ-പു പ്ര-ഛ) ഇവ ഓം മദ്യപാനത്തിന്റെ പേർ. കിണവം (അ-ന-പ്ര-ഏ) കൺപമെന്നുമാം. നഗ്നഹൂഃ (ഉ-പു-പ്ര-ഏ) ഇവ രണ്ടും വറുത്ത വിള്ളും യവവും പൊടിച്ചു തൈർചേർത്തുണ്ടാക്കുന്ന മദ്യത്തിന്റെ പേർ.

കാശ്മര്യാത്തരസ്സുരാമണ്ഡ ആപാനം പാനഗോഷ്ഠികാ
ചഷ്കകോടസ്ത്രീ പാനപാത്രം സരകോടപ്യനുത്തർഷണം.

കാരോത്തമഃ സുരാമണ്ഡഃ (അ-പു-പ്ര-ഏ)ഇവ ര-ം മദ്യത്തിന്റെ തെളിയുടെ പേർ. ആപാനം(അ-ന-പ്ര-ഏ)പാനഗോഷ്ഠികാ (ആ-സ്ത്രീ-പ്ര-ഏ)ഇവ ര-ം മദ്യപാനത്തിന്നായിക്കൊണ്ടുള്ള സഭയുടെ പേർ. ചഷകഃ (അ-പു-പ്ര-ഏ) നപുംസകലിംഗമായിട്ടുമാം. പാനപാത്രം (അ-ന-പ്ര-ഏ) ഇവ ര-ം പാനപാത്രത്തിന്റെ പേർ. സരകഃ (അ-പു-പ്ര-ഏ) നപുംസകലിംഗമായിട്ടുമാം. അന്തർഷണം (അ-ന-പ്ര-ഏ) ഇവ ര-ം മദ്യപാനത്തിന്റെ പേർ. തമിഴ്ക്കൂത്തിലെ പാഠം. കാരോത്തമസ്സുരാമണ്ഡഃ എന്നാകുന്നു. പാഠാന്തരമായിട്ട് കാരോത്തരസ്സുരാകുണ്ഡമെന്നു കാണിക്കയും മദ്യപാത്രത്തിന്റെ പേർ, എന്നു വ്യാഖ്യാനിക്കയും ചെയ്തിരിക്കുന്നു. ചഷകാദികൾ നാലും പാനപാത്രത്തിന്റെ പേർ, എന്നും പറഞ്ഞിരിക്കുന്നു. മഹേശ്വരടീകയിൽ അപ്പകാരമല്ല എന്നും മേൽ വിവരിച്ചപ്രകാരമാകുന്നു എന്നും അറിഞ്ഞുകൊൾകയും വേണം.

ധൂർത്തോ ऽക്ഷദേവീകിതവോ ऽക്ഷധൂർത്താ ദ്യൂതകൃൽസമാഃ .
സൂർല്ലഗാകാഃ പ്രതിഭുവസ്സഭികാ ദ്യൂതകാരകാഃ. ൩൯

ധൂർത്തഃ (അ-പു-പ്ര-ഏ) അക്ഷദേവീ (ന-പു-പ്ര-ഏ) കിതവഃ അക്ഷധൂർത്തഃ (അ-പു-പ്ര-ഏ) ദ്യൂതകൃൽ (ത-പു-പ്ര-ഏ) ഇവ ൪-ം ചൂതുകളിക്കുന്നവന്റെ പേർ. ലഗാകാഃ (അ-പു-പ്ര-ബ) പ്രതിഭുവഃ (ഉ-പു-പ്ര-ബ) ഇവ ര-ം ജാമ്യക്കാരുടെ പേർ. സഭികാഃ ദ്യൂതകാരകാഃ (അ-പു-പ്ര-ബ) ഇവ ര-ം ചൂതുകളിപ്പിക്കുന്നവരുടെ പേർ. നാലും ഏകാർത്ഥങ്ങളായി തമിഴ്ക്കൂത്തിൽ പറകപ്പെട്ടിരിക്കുന്നു. സിദ്ധാന്തമില്ലാതെ ചൂതുവെച്ചുകൊടുക്കുന്നവർ മുതലായവരുടെ പേർ. എന്നും പാഷണ്ഡി എന്ന ഭാഷ എന്നുമാകുന്നു.

ദ്യൂതോ ऽസ്ത്രിയാമക്ഷവതീ കൈതവം പണ ഇത്യപി
പണോ ऽക്ഷേഷു ഗ്ലഹോ ऽക്ഷാസ്തു ദേവനാഃ പാശകാശ്ച തേ.

ദ്യൂതഃ (അ-പു-പ്ര-ഏ) നപുംസകലിംഗമായിട്ടുമാം. അക്ഷവതീ (ഈ-സ്ത്രീ-പ്ര-ഏ) കൈതവം (അ-ന-പ്ര-ഏ) പണഃ (അ-പു-പ്ര-ഏ) ഇവ ര-ം ചൂതിന്റെ പേർ. ഗ്ലഹഃ (അ-പു-പ്ര-ഏ) ചൂതിൽ വാതുവെച്ചുജയിച്ചുകൊണ്ടതിന്റെ പേർ. അക്ഷാഃ ദേവനാഃ പാശകാഃ (അ പു-പ്ര-ബ) ഇവ ന-ം ശാരിപരിണയനത്തിങ്കൽ ഹേതുഭൂതമായിരിക്കുന്ന പാശത്തിന്റെ പേർ. എന്നു മഹേശ്വരടീകയിൽ പറകയും അതിന്നു (കാംസ്യം) എന്നു സ്വദേശഭാഷയെ കാണിക്കയും ചെയ്തിരിക്കുന്നു. തമിഴ്ക്കൂത്തിൽ

ചുക്കണിയുടെ പേർ എന്നു പറയുകയും ഇതിന്നു കയറ കവാ കവാറു കണ്ണു എന്നു ഭാഷ എന്നു പറകയും ചെയ്തിരിക്കുന്നു.

പരിണായസ്സ ശാഖീനാം സമന്താന്നയനേ5സ്ത്രിയാം
അഷ്ടാപദം ശാഖിഫലം പ്രാണിദ്ധൃതം സമാഹാ‍ഹ്വയഃ. രംസ

പരിണായഃ (അ-പു-പ്ര-വ്യ) ചൂതു് എണ്ണംനോക്കി ചെയ്യുന്നതിന്റെ പേർ. അഷ്ടാപദം (അ-ന-പ്ര-എ) പുല്ലിംഗമായിട്ടാം. ശാഖിഫലം (അ-ന-പ്ര-വ്യ) ഇവ ര-ം ചൂതുപടത്തിന്റെ പേർ. ശാഖികളുടെ അധ്യാത്തിന്റെ പേർ. എന്നു സിദ്ധാന്തമാകയാൽ ചൂതുപലകയ്യും നിലത്തുവരച്ചു കളിക്കുമ്പോൾ ഖണ്ഡങ്ങളോടുകൂടിയ സ്ഥലത്തിനും ഇവതന്നെ പേർ എന്നു ധരിച്ചു കൊൾകയും വേണം. പ്രാണിദ്ധൃതം (അ-ന-പ്ര-എ) സമാഹ്വയഃ (അ-പു പ്ര-വ്യ) ഇവ ര-ം പക്ഷികുക്കുടാദികളുടെ യുദ്ധത്തിന്റെ പേർ.

ഉക്താ ഭ്രുവിപ്രയോഗതാടേകസ്മിന്യത്ര യൌഗികാഃ
താല്പർയ്യാദന്യതോവൃത്താവൂഹ്യാ ലിംഗാന്തരേപി തേ.

വ്യാവസാനത്തിങ്കൽ ഈ വാക്യത്തിങ്കൽ പറയപ്പെട്ട ചില നാമങ്ങൾക്കുള്ള വിശേഷത്തെ ഊഹിക്കേണ്ടതിലേക്കു വേണ്ടും നിയമത്തെ പറയുന്നു. ഈ വാക്യത്തിങ്കൽ അവയവശക്തി പ്രധാനങ്ങളായ യാവ ചില കുടകാരമാലാകാരാദി ശബ്ദങ്ങൾ കാവ്യപുരാണാദികളിൽ പുല്ലിംഗങ്ങളായിട്ടതന്നെ വളരെ പ്രയോഗിക്കപ്പെട്ടിരിക്ക നിമിത്തമായിട്ടു് പുല്ലിംഗങ്ങളായിട്ടതന്നെ പറയപ്പെട്ടുവോ ഒരു ശബ്ദങ്ങൾ കുംഭത്തെ ഉണ്ടാക്കുന്നവൻ മാലയെ ഉണ്ടാക്കുന്നവൻ എന്നിവർ മുതലായവരെ പറയുമ്പോൾ വിശേഷ്യനിഷ്ഠങ്ങളായിരിക്കണമെന്നുള്ളതുകൊണ്ടു് സ്ത്രീലിംഗങ്ങളായിട്ടു ഭവിക്കുമെന്നും മറ്റും ഊഹിച്ചു കൊൾക എന്നു സാരമാകുന്നു. കുംഭകാരനുമാൻ കുംഭകാരീ സ്ത്രീ ഇതുപോലെ കുംഭകാരകുലമെന്നു നപുംസകലിംഗമായിട്ടും വരുമെന്നറിഞ്ഞു കൊൾക. മാലാകാരാദി ശബ്ദങ്ങൾക്കുമിപ്രകാരംതന്നെ ലിംഗത്രയമുണ്ടെന്നും അതാതിന്റെ ഉദാഹരണങ്ങളുമിപ്രകാരംതന്നെ എന്നും ബുദ്ധിപൂർവ്വകമായി അതാതിനെ ഊഹിച്ചുകൊൾകയും വേണം. ലിംഗാന്തരേപി എന്നു അപിശബ്ദംകൊണ്ടു് കരണാഭിധാനശബ്ദങ്ങൾ സ്ത്രീവാചകങ്ങളായാൽ സ്ത്രീലിംഗങ്ങൾതന്നെ എന്നും അഭിപ്രായത്തെ ഗ്രഹിച്ചുകൊൾകയും വേണം.

കൃതാവമരസിംഹസ്യ നാമലിംഗാനുശാസനേ
ദ്വിതീയോ ഭ്രമികാണ്ഡോ5യം സാംഗോപാംഗസ്സമർത്ഥിതഃ

അർത്ഥം—അമരസിംഹൻ എന്നപേരായ കവിയുടെ കൃതിയായ നാമലിംഗങ്ങളുടെ വിധിയായ ഈ അഭിധാനഗ്രന്ഥത്തിങ്കൽ അംഗങ്ങളോടും ഉപാംഗങ്ങളോടും കൂടിയതായ ഭൂമികാണ്ഡം ഇങ്ങിനെ സമാപ്തമായി എന്നാകുന്നു.

ഇതി വാഗ്ദേവതാസോപനാമകരാമാനന്ദനാഥ പണ്ഡിതപാരശവേന്ദ്രകൃതാവമരകോശവ്യാഖ്യായാം ബാലപ്രിയാഖ്യായാം ദ്വിതീയകാണ്ഡ ഃ.

ഇതി ശൂദ്രവർഗ്ഗഃ.

അമരകോശം

തൃതീയകാണ്ഡം.

വിശേഷ്യനിഘ്നവർഗ്ഗപ്രാരംഭഃ.

വിശേഷ്യനിഘ്നലിംഗന്നാനാത്രൈരൂപ്യയോരപി
ലിംഗാദിസംഗ്രഹായാസ്മാന്യവർഗ്ഗസംശ്രയാഃ. ക

അ—സാധാരണതരൂപത്തായിട്ടു സാമാന്യമെന്നു പേരോടുകൂടിയ ഈ കാണ്ഡത്തിങ്കൽ വിശേഷ്യപദത്തിന്റെ ലിംഗവചനങ്ങൾപോലെ ഇരിക്കുന്ന ലിംഗവചനങ്ങളോടുകൂടി പ്രയോഗിക്കേണ്ടവയായ സുകൃത്യാദിശബ്ദങ്ങളോടും അന്യാന്യഭിന്നാർത്ഥങ്ങളായകർമ്മപ്രഭൃത്യാദിശബ്ദങ്ങളോടും അനേകാർത്ഥങ്ങളായനാകലോകാദി ശബ്ദങ്ങളോടും അവ്യയങ്ങളായ അങ്ങിത്യാദികളോടും സ്ത്രീയാമീദൃഗിദൃശമെകാജ്ഞിത്യാദി ലിംഗസംഗ്രഹങ്ങളോടും ലംകാശേഫാലിശകേത്യാദി നാമസംഗ്രഹങ്ങളോടും കൂടിയതുകളായ വർഗ്ഗങ്ങൾ ഭവിക്കുന്നു. അതുകൾ മുൻപറയപ്പെട്ട സർഗ്ഗാദിവർഗ്ഗങ്ങളുടെ സംബന്ധികളുമാകുന്നു എന്നു ധരിക്കപ്പെടുക.

സ്ത്രീദ്യാദ്യൈസ്ത്രിഭിർവിശേഷ്യം യാദ്യൈഃ പ്രസ്തുതം പദൈഃ
ദ്രവ്യക്രിയാശബ്ദാസ്തദാസ്യുസ്തസ്യ ഭേദകാഃ. ഖ

അർത്ഥം—യാതൊരു പ്രകാരമിരിക്കുന്ന സ്ത്രീദ്യാദിശബ്ദങ്ങളാൽ യാതൊരു വിശേഷ്യപദാർത്ഥം പ്രസ്തുതമാകുന്നുവോ ആ വിശേഷ്യത്തിന്റെ വിശേഷണങ്ങളായ ദ്രവ്യക്രിയാശബ്ദങ്ങൾ അപ്രകാരം ഭവിക്കുമെന്നാകുന്നു. സാരത്തെ പറയാം. സ്ത്രീ എന്നപദം സ്ത്രീരൂപമായ വിശേഷ്യത്തെ പറയുന്നു. അതുതന്നെ സ്ത്രീലിംഗത്തോടും ഏകവചനത്തോടും ഇരുന്നിട്ടാകുന്നു. അതുകൊണ്ടു അതിന്റെ വിശേഷണമായി സുകൃത്യാദിശബ്ദങ്ങൾ അതുപോലെ ഭവിക്കേണ്ടവയാകുമ്പോൾ സ്ത്രീലിംഗങ്ങളായിട്ടും ഏകവചനാന്തങ്ങളായിട്ടും പ്രയോഗിക്കപ്പെടുവാൻ യോഗ്യങ്ങളാകുന്നു. ദാരാഃ എന്ന ശബ്ദം പുംസ്ത്വത്തോടും ബഹുവചനത്തോടും കൂടിയതാകുന്നു. അതുതന്നെ ഭാര്യാരൂപമായ വിശേഷ്യപദാർത്ഥത്തെ പറകയും ചെയ്യുന്നു. അതുകൊണ്ടു ഭാര്യയുടെ വിശേഷണങ്ങളായ സുകൃത്യാദിശബ്ദങ്ങൾ അതുപോലെ

വേണ്ടവയാകുമ്പോൾ പുല്ലിംഗങ്ങളായിട്ടും ഖാഹ്വവചനാന്തങ്ങളായിട്ടും പ്രയോഗിക്കപ്പെട്ടുവാൻ യോഗ്യങ്ങളാകുന്നു. ഗുണദ്രവ്യക്രിയാശബ്ദങ്ങളായവ=ഗുണശബ്ദവും ദ്രവ്യശബ്ദവും ക്രിയാശബ്ദവുമാകുന്നു. ഗുണശബ്ദം=ഗുണവിശിഷ്ടവാചകമായ ശബ്ദം സുകൃതി ഇത്യാദി. ദ്രവ്യശബ്ദം=ദ്രവ്യവിശിഷ്ടവാചകമായ ശബ്ദം. ദണ്ഡീ ഇത്യാദി. ക്രിയാശബ്ദം ക്രിയാവിശിഷ്ടവാചകമായ ശബ്ദം, പാചക, ഇത്യാദി. ഇതുകൾ സ്ത്രീദാരാദി ശബ്ദങ്ങളാൽ പറയപ്പെടുന്ന സ്ത്രീത്വാദ്യാദി രൂപവിശേഷ്യങ്ങളുടെ വിശേഷണങ്ങളായി പ്രയോഗിക്കുമ്പോൾ സുകൃതിനീസ്ത്രീ, സുകൃതിനോദമാഃ, സുകൃതികുലം, ദണ്ഡനീസ്ത്രീ, ദണ്ഡിദമാദമാഃ, ദണ്ഡികുലം, പാചികാസ്ത്രീ, പാചകാദമാഃ, പാചകംകുലം. ഏതന്നിപ്രകാരം വിശേഷ്യവാചകശബ്ദത്തിന്റെ ലിംഗവചനങ്ങൾപോലെ ഇരിക്കുന്ന ലിംഗവചനങ്ങളോടുകൂടിയതുകളായി ഭവിക്കും. ഇപ്രകാരമുള്ള ശബ്ദങ്ങൾക്കു വിശേഷ്യനിഘ്നങ്ങൾ എന്ന വ്യവഹാരമുണ്ട്. വിശേഷ്യനിഘ്നങ്ങളായ ശബ്ദങ്ങളുടെ വർഗ്ഗമാകയാലത്രേ ഈ വർഗ്ഗത്തിനു വിശേഷ്യനിഘ്നവർഗ്ഗമെന്ന സംജ്ഞയുണ്ടായതെന്നൂഹിക്കുന്നു. അതുഹേതുവായിട്ട് ഈ വർഗ്ഗത്തിൽ പറവാൻപോകുന്ന ശബ്ദങ്ങളുടെ ലിംഗകല്പനയെ വിശേഷ്യവാചകശബ്ദങ്ങളുടെ ലിംഗത്തെ അനുസരിച്ചു ചെയ്തുകൊൾകെ. എന്നതുകൂടാതെ രൂപഭേദം മുതലായതുകൊണ്ട് ലിംഗനിർണ്ണയത്തെ ചെയ്വാൻ പറഞ്ഞതു് ഇവിടെയും വേണ്ടതായിരിക്കുമെന്നു വിചാരിച്ചുപോകയും അരുതു് എന്നു മേല്പറഞ്ഞതിന്റെ അഭിപ്രായമാകുന്നു.

സുകൃതീ പുണ്യവാൻ ധന്യോ മഹച്ചസ്സു മഹാശയഃ
ഹൃദയാലുസ്സഹൃദയോ മഹോത്സാഹോ മഹോദ്യമഃ. ൯൬

സുകൃതീ (ന-പു-പ്ര-ഏ) പുണ്യവാൻ (ത-പു-പ്ര-ഏ) ധന്യഃ (അ-പു-പ്ര-ഏ) ഇവ നാ-ം സുകൃതമുള്ളവന്റെ പേർ. സ്ത്രീയെ പറയുമ്പോൾ സുകൃതിനീ, പുണ്യവതീ, ധന്യാ എന്നും നപുംസകത്തെ പറയുമ്പോൾ സുകൃതി, പുണ്യവൽ, ധന്യം എന്നും ഇതുകൾക്കുള്ള ഭേദത്തെ ഗ്രഹിച്ചുകൊൾകയും വേണം. എല്ലാ ശബ്ദങ്ങൾക്കും ഇപ്രകാരം ഊഹിച്ചുകൊൾക. മഹച്ഛബ്ദഃ മഹാശയഃ (അ-പു-പ്ര-ഏ) ഇവ ന-ം മഹാമനസ്സായിരിക്കുന്നവന്റെ പേർ. മഹച്ഛബ്ദസ്യ മഹാമനാഃ എന്നും പാഠമുണ്ട്. ആശയശബ്ദസ്യ പ്രാദഭിപ്രായേ മാനസാധാരയോരപി എന്ന മേദിനീവചനമുണ്ടാകയാൽ ആശയശബ്ദത്തിനു മനോവാചിത്വമുണ്ടെന്നു് അറിഞ്ഞുകൊൾക. ഹൃദയാലുഃ (ഉ-പു-പ്ര-ഏ) സഹൃദയഃ (അ-പു-

പ്ര-ഛ്യ) ഇവ ൩-ം നല്ല ഹൃദയത്തോടുകൂടിയവന്റെ പേർ. ഹൃദയവാൻ ഹൃദയികഃ ഇവ പര്യായങ്ങളാകുന്നു. ഹൃദയാല്യസ്സ് ഹൃദയം ഏറിന ചിലർ പഠിക്കുന്നു. മഹോത്സാഹഃ മഹോദ്യമഃ (അ-ഫു-പ്ര-ഛ്യ) ഇവ ൨-ം വലുതായ ഉത്സാഹത്തോടുകൂടിയവന്റെ പേർ.

പ്രവീണേ നിപുണാഭിജ്ഞവിജ്ഞാനിഷ്ണാതശിക്ഷിതാഃ
വൈജ്ഞാനികഃ കൃതമുഖഃ കൃതീ കുശല ഇത്യപി. ൩

പ്രവീണഃ നിപുണഃ അഭിജ്ഞഃ വിജ്ഞഃ നിഷ്ണാതഃ ശിക്ഷിതഃ വൈജ്ഞാനികഃ (വിജ്ഞാനികഃ ഏറിനമാം) കൃതമുഖഃ (അ-ഫു-പ്ര-ഛ്യ) കൃതീ (ന-ഫു-പ്ര-ഛ്യ) കുശലഃ (അ-ഫു-പ്ര-ഛ്യ) ഇവ ൫-ം സമർത്ഥന്റെ പേർ.

പൂജ്യഃ പ്രതീക്ഷ്യസ്സാംശയികസ്സംശയാപന്ന മാനസഃ
ദക്ഷിണീയോ ദക്ഷിണ്യഃ പ്രാസ്ഥ ദക്ഷിണ്യഇത്യപി. ൪

പൂജ്യഃ പ്രതീക്ഷ്യഃ (അ-ഫു-പ്ര-ഛ്യ) ഇവ ൨-ം പൂജിക്കപ്പെടുവാൻ യോഗ്യനായവന്റെ പേർ. സാംശയികഃ സംശയാപന്ന മാനസഃ (അ-ഫു-പ്ര-ഛ്യ) ഇവ ൨-ം സംശയവിഷയീഭൂതമായിക്കുന്ന പദാർത്ഥത്തിന്റെ പേർ. സംശയാപന്നമാനസഃ എന്നതിനു യാതൊരു വസ്തുവിങ്കൽ മാനസം സംശയത്തെ പ്രാപിച്ചുവോ അതെന്നതു അർത്ഥമാകുന്നതെന്നു ധരിച്ചുകൊൾക. ദക്ഷിണീയഃ ദക്ഷിണാർഹഃ ദക്ഷിണ്യഃ (ദാക്ഷിണ്യഃ ഏറിനമാം.) (അ-ഫു-പ്ര-ഛ്യ) ഇവ ന-ം ദക്ഷിണയെ ലഭിപ്പാനായിക്കൊണ്ടു യോഗ്യനായിരിക്കുന്നവന്റെ പേർ.

സൂക്ഷ്മാന്യസ്ഥൂലലക്ഷ്യ ദാനശൌണ്ഡോ ബഹുപ്രദേ
ജൈവാതുകസ്സ്യാദായുഷ്മാനന്തവ്വാണിസ്തു ശാസ്ത്രവിൽ. ൫

വദാന്യഃ (വദന്യഃ ഏറിനമാം.) സ്ഥൂലലക്ഷ്യഃ (സ്ഥൂലാവക്ഷ്യഃ ഏറിനമാം.) ദാനശൌണ്ഡഃ ബഹുപ്രദഃ (അ-ഫു-പ്ര-ഛ്യ) ഇവ ൩-ം ദാനശീലന്റെ പേർ. ജൈവാതുകഃ (അ-ഫു-പ്ര-ഛ്യ) ആയുഷ്മാൻ (ത-ഫു-പ്ര-ഛ്യ) ഇവ ൨-ം ചിരഞ്ജീവിയുടെ പേർ. അനന്തവ്വാണിഃ (ഇ-ഫു-പ്ര-ഛ്യ) ശാസ്ത്രവിൽ (ദ-ഫു-പ്ര-ഛ്യ) ഇവ ൨-ം ശാസ്ത്രജ്ഞന്റെ പേർ.

പരീക്ഷകഃ കാരണികോ വരദസ്തു സമർത്ഥകഃ
ഹർഷമാണോ വിശ്വവ്വാണഃ പ്രമനാ ഹൃഷ്ടമാനസഃ. ൬

പരീക്ഷകഃ കാരണികഃ (അ-ഫു-പ്ര-ഛ്യ) ഇവ ൨-ം പ്രമാണങ്ങളെക്കൊണ്ടു് അർത്ഥത്തെ നിശ്ചയിക്കുന്നവന്റെ പേർ. വരദഃ

സമർദ്ധകഃ (അ-പു-പ്ര-ഏ) ഇവ ൨-ം ഇഷ്ടത്തെ കൊടുക്കുന്നവന്റെ പേർ. ഹർഷമാണഃ വികസ്വാണഃ (അ-പു-പ്ര-ഏ) പ്രമനാഃ (സ-പു-പ്ര-ഏ) ഹൃഷ്ടമാനസഃ (അ-പു-പ്ര-ഏ) ഇവ രു-ം സന്തുഷ്ടചിത്തന്റെ പേർ.

ദൃമ്നാ വിമനാ അന്തമ്മനാസ്സ്യാദുൽക ഉന്മനാഃ
ടക്കിണേ സമളോദാത്തൌ സുകൃലാ ദാതൃഭോക്തരി. ൻ

ദൃമ്നാഃ വിമനാഃ അന്തമ്മനാഃ (സ-പു-പ്ര-ഏ)ഇവ നു-ം വ്യാകുലചിത്തന്റെ പേർ. ഉൽകഃ (അ പു-പ്ര-ഏ)ഉന്മനാഃ (സ്-പു-പ്ര-ഏ) ഇവ ൨-ം ഒന്നിൽ അതിതാല്പര്യത്തോടുകൂടിയവന്റെ പേർ. ടക്കിണഃ സമളഃ ഉദാത്തഃ (അ-പു-പ്ര-ഏ)ഇവ നു-ം ഇഷ്ടത്തെ അർസനിക്കുന്നവന്റെ പേർ. സുകൃലഃ (അ-പു-പ്ര-ഏ) ദാതൃഭോക്താ (ഇ-പു-പ്ര-ഏ) ഇവ ൨-ം കൊടുക്കുകയുമനുഭവിക്കയും ചെയ്യുന്നവന്റെ പേർ.

തൽപരേ പ്രസിതാസക്താവിഷ്ടാരേഫാലുക ഉൽസുകഃ
പ്രതീതേ പ്രഥിതഖ്യാതവിത്തവിജ്ഞാതവിശ്രുതാഃ. ൻ

തൽപരഃ പ്രസിതഃ ആസക്തഃ(അ-പു-പ്ര-ഏ)ഇവ നു-ം താല്പര്യത്തോടുകൂടിയവന്റെ പേർ. ഇഷ്ടാരേഫാലുകഃ ഉൽസുകഃ (അ-പു-പ്ര-ഏ)ഇവ ൨-ം ഇഷ്ടമായതിനെക്കുറിച്ചു ഉദ്യോഗത്തോടുകൂടിയവന്റെ പേർ. പ്രതീതഃ പ്രഥിതഃ ഖ്യാതഃ വിത്തഃ വിജ്ഞാതഃ വിശ്രുതഃ (അ-പു-പ്ര-ഏ) ഇവ ന-ം പ്രസിദ്ധന്റെ പേർ.

ഹ്രണൈഃ പ്രതിഘേ ഹ്ര കൃതലക്ഷണാഹതലക്ഷ്മണൌ
ഇഭ്യ ആഢ്യോ ധനീ സ്വാമീ തദീശ്വരഃ പതിരീശിതാ. ൪൦
അധിഭ്രുന്നായകോ നേതാ പ്രഭുഃ പതിർവ്വൃഢാടധിപഃ
അധികൃദ്ധിസ്സമൃദ്ധസ്സ്യാൽ കുടുംബവ്യാപൃതസ്തു യഃ. ൪൧
സ്യാദഭ്യാഗാഥികസ്തസ്മൈ അപാധിശ്ച പുനാമയം
വദാംഗരുപോഘപേതോ യസ്സിംഹസംഹനനോ ഹി സഃ.

കൃതലക്ഷ്മണഃ ആഹതലക്ഷ്മണഃ(അ-പു-പ്ര-ഏ)ഇവ ൨-ം ഹ്രണങ്ങളെക്കൊണ്ടു പ്രസിദ്ധനായവന്റെ പേർ. ആഹിതലക്ഷ്മണഃ ചിഹ്നമാം. ഇഭ്യഃ ആഢ്യഃ (അ-പു-പ്ര-ഏ) ധനീ (ന-പു-പ്ര ഏ) ഇവ നു-ം ധനവാന്റെ പേർ. സ്വാമീ (ന-പു-പ്ര-ഏ) ഈശ്വരഃ (അ-പു-പ്ര-ഏ) പതിഃ (ഇ-പു-പ്ര-ഏ)ഈശിതാ (ഇ-പു-പ്ര-ഏ) അധിഭ്രുഃ (ഉ-പു-പ്ര-ഏ) നായകഃ (അ-പു-പ്ര-ഏ) നേതാ (ഇ പു-പ്ര-ഏ) പ്രഭുഃ (ഉ-പു-പ്ര-ഏ) പതിർവ്വൃഢഃ അധിപഃ (അ-പു-പ്ര-ഏ) ഇവ ൪൦-ം പ്രഭുത്വമുള്ളവന്റെ പേർ. അധിക

ക്ഷിപ്രഃ (ഇ-പു-പ്ര-ഏ) സമൃദ്ധഃ (അ-പു-പ്ര-ഏ)ഇവ ത്രം അധിക മായി വഴിച്ചു സമ്പന്നത്തോടുകൂടിയവന്റെ പേർ. അഭ്യാഗാമികഃ (അ-പു-പ്ര-ഏ) ഉപാധിഃ (ഇ-പു-പ്ര-ഏ) ഇവ ത്രം കൂടുംബ പോഷണത്തിനായിക്കൊണ്ടുതന്നെ പ്രയത്നം ചെയ്യുന്നവന്റെ പേർ. ഉപാധിഃ എന്നതു നിയതലിംഗമാകയാൽ ലിംഗാന്തരങ്ങ ളില്ല എന്നു് അറിഞ്ഞുകാർക്കയും വേണം. സിംഹസംഹനനഃ (അ-പു-പ്ര-ഏ) നല്ല അവയവങ്ങളോടും ലാവണ്യത്തോടും കൂടിയവന്റെ പേർ.

നിഷ്പാവ്യഃ കാര്യകർത്തായസ്സംപന്നസ്തത്പരസംപദാ
അവാപ്തി ദുഃകാര്യ മനോജ്ഞവസ്സ്യാൽ പിതൃസന്നിഭഃ. ത്രം

നിഷ്പാവ്യഃ (അ-പു-പ്ര-ഏ) സത്പരസന്വത്തോടുകൂടിയവനാ യിട്ടു സൽക്കാര്യത്തെ ചെയ്യുന്നവന്റെ പേർ. യാതൊന്നു നിമി ത്തമായിട്ടു മനസ്സിനു വ്യസനത്തിങ്കലും ക്ഷോഭമുണ്ടാകാതെ ഇരി ക്കുന്നുവോ അതിനെ സത്യമാകുന്നതു്. ഇതുമനോവത്തിയായൊ രു ഗുണവിശേഷമാകുന്നു. സന്വത്തു എന്നതു സമൃദ്ധിയെ അ കുന്നതു്. അതുപോലെ ചായിട്ട സത്പരസന്വത്തെന്നതിനുമേൽ വിവ ക്ഷിച്ച ഗുണത്തിന്റെ സമൃദ്ധി എന്നു് അത്ഥത്തെ ഗ്രഹിച്ചുകൊൾക. നിഷ്പാവ്യഃ കാര്യകർത്തായസ്സംയുക്ത സത്പരസന്വദാ എന്നും പാഠമുണ്ടു്. അപ്രകാരമാകയാൽ നിഷ്പാവ്യഃ എന്നതിനു പകരം നിഷ്പാവ്യഃ എന്ന ശബ്ദമാകും. ശേഷം ഒക്കെയും മേൽവിവരിച്ച പ്രകാരംതന്നെ. അവാക്കു (ച-പു-പ്ര-ഏ) മൂകഃ (അ-പു-പ്ര-ഏ) ഇവ ത്രം പറയത്തക്കാത്തവന്റെ പേർ. മനോജ്ഞവഃ പിതൃസ ന്നിഭഃ (അ-പു-പ്ര-ഏ) ഇവ ത്രം പിതാവോടു തുല്യനായവന്റെ പേർ. മനോജ്ഞവസ്സ്യാൽ എന്നതിനു പകരം മനോജ്ഞവസഃ എ ന്നും പാഠമുണ്ടാകയാൽ മനോജ്ഞവഃ എന്നതുപോലെ മനോജ്ഞവ സഃ എന്നും പിതൃതുല്യന്റെ പേർതന്നെ എന്നു ഗ്രഹിച്ചുകൊൾക യും വേണം.

സൽകൃത്യാലാകൃതാം കന്യാം യോ ദദാതി സകൃദ്ധഃ
ലക്ഷ്മീവാൻ ലക്ഷ്മണഃശ്രീലശ്ശ്രീമാൻ സ്നിഗ്ധസ്തു വത്സലഃ

കൃദ്ധഃ (അ-പു-പ്ര-ഏ) അതിമനോഹരമായി അലംകാരങ്ങ ളോടുകൂടെ കന്യകയെ ദാനംചെയ്യുന്നവന്റെ പേർ. ലക്ഷ്മീവാൻ (ത-പു-പ്ര-ഏ) ലക്ഷ്മണഃ ശ്രീലഃ (അ-പു-പ്ര-ഏ) ശ്രീമാൻ (ത-പു-പ്ര-ഏ) ഇവ ത്രം ശ്രീയുള്ളവന്റെ പേർ. സ്നിഗ്ധഃ വത്സലഃ (അ-പു-പ്ര-ഏ) ഇവ ത്രം സ്നേഹമുള്ളവന്റെ പേർ.

സ്വാദ്ദയാലുഃ കാരുണികഃ കൃപാലുസ്സുരതസ്സുമാഃ
സ്വതന്ത്രോപാവൃതസ്സൈരീ സച്ഛന്ദോ നിരവഗ്രഹഃ.

ദയാലുഃ (ഉ-പു-പ്ര-ഏ) കാരുണികഃ (അ-പു-പ്ര-ഏ) കൃപാലുഃ (ഉ-പു-പ്ര-ഏ) സുരതഃ (അ-പു-പ്ര-ഏ) സുരതഃ എന്നുമാം. ഇവ രു-ം ദയയുള്ളവന്റെ പേർ. സ്വതന്ത്രഃ അപാവൃതഃ (അ-പു-പ്ര-ഏ) സൈരീ (ന-പു-പ്ര-ഏ) സച്ഛന്ദഃ നിരവഗ്രഹഃ (അ-പു-പ്ര-ഏ) ഇവ ൩-ം സ്വാതന്ത്ര്യമുള്ളവന്റെ പേർ.

പരതന്ത്രഃ പരാധീനഃ പരവാന്നാഥവാനപി
അധീനോ നിഘ്ന ആയത്തോ സച്ഛന്ദോ ഗൃഹ്യകോപ്യസൌ.

പരതന്ത്രഃ പരാധീനഃ (അ-പു-പ്ര-ഏ) പരവാൻ നാഥവാൻ (ത-പു-പ്ര-ഏ) ഇവ രു-ം പരാധീനന്റെ പേർ. അധീനഃ നിഘ്നഃ ആയത്തഃ അസച്ഛന്ദഃ ഗൃഹ്യകഃ (അ-പു-പ്ര-ഏ) ഇവ ൩-ം അധീനന്റെ പേർ. പരതന്ത്രാദി ഒമ്പതും പരാധീനന്റെപേർ എന്നും ഒരു മതമുണ്ട്.

ഖലപൂസ്സ്യാദ്ബഹുകരോ ദീഗ്ഘസൂത്രശ്ചിരക്രിയഃ
ജാല്മോऽസമീക്ഷ്യകാരീ സ്യാൽ കുണ്ഠോ മന്ദഃ ക്രിയാസു യഃ.

ഖലപൂഃ (ഉ-പു-പ്ര-ഏ) ബഹുകരഃ (അ-പു-പ്ര-ഏ) ഇവ ക-ം അടിച്ചുതളി മുതലായ പലവേല എടുക്കുന്നവന്റെ പേർ. ദീഗ്ഘസൂത്രഃ ചിരക്രിയഃ (അ-പു-പ്ര-ഏ) ഇവ ക-ം അല്പകാലസാധ്യമായതിനു വളരെക്കാലംകൊണ്ടു സാധിക്കുന്നവന്റെ പേർ. ജാല്മഃ (അ-പു-പ്ര-ഏ) അസമീക്ഷ്യകാരീ (ന-പു-പ്ര-ഏ) ഇവ ക-ം മേൽവരുന്ന ഗുണദോഷങ്ങളെ വിചാരിക്കാതെ പ്രവർത്തിക്കുന്നവന്റെ പേർ. കുണ്ഠഃ (അ-പു-പ്ര-ഏ) ഒന്നിനെക്കുറിച്ചും ഉത്സാഹമില്ലാത്തവന്റെ പേർ.

കർമ്മക്ഷമോടലംകർമ്മീണഃ ക്രിയാവാൻ കർമ്മസൂദ്യതഃ
സ കാർമ്മഃ കർമ്മശീലോ യഃ കർമ്മശൂരസ്തു കർമ്മഠഃ. ൧൫൫

കർമ്മക്ഷമഃ അലംകർമ്മീണഃ (അ-പു-പ്ര-ഏ) ഇവ ക-ം വ്യാപാരശക്തിയുള്ളവന്റെ പേർ. ക്രിയാവാൻ (ത പു-പ്ര-ഏ) കർമ്മങ്ങളിൽ ഉത്സാഹത്തോടുകൂടിയവന്റെ പേർ. കാർമ്മഃ (അ-പു-പ്ര-ഏ) നിത്യമായി ഓരോരോ വേലയെടുക്കുന്നവന്റെ പേർ. കർമ്മശൂരഃ കർമ്മഠഃ (അ-പു-പ്ര-ഏ) ഇവ ക-ം അതിപ്രയത്നംകൊണ്ടെങ്കിലും ആരംഭിക്കപ്പെട്ടതിനെ സമാപ്തിവരുത്തുന്നവന്റെ പേർ.

ടേണൃട്ടക്കർമ്മകരഃ കർമ്മകാരസ്തു തൽക്രിയഃ
അപസ്നാതോ മൃതസ്നാത ആമിഷാശീ തു ശാഷ്കുലഃ.

ടേണൃട്ടക് (ജ-പു-പ്ര-ഏ) കർമ്മകരഃ (അ-പു-പ്ര-ഏ) ഇവ ര-ം ക്കലിക്ക വേല ചെയ്യുന്നവന്റെ പേർ. കർമ്മണൃട്ടക്കർമ്മകരഃ എന്നും പാഠമുണ്ട്. കർമ്മകാരഃ (അ പു-പ്ര-ാ) വെറുതേ വേലചെയ്യുന്നവന്റെ പേർ. അപസ്നാതഃ മൃതസ്നാതഃ (അ പു-പ്ര-ഏ) ഇവ ര-ം മരിച്ചവനെ ഉദ്ദേശിച്ചു സ്നാനംചെയ്തവന്റെ പേർ. ആമിഷാശീ (ന-പു-പ്ര-ഏ) ശാഷ്കുലഃ (അ-പു-പ്ര-ഏ) ഇവ രണ്ടും മാംസത്തെ ഭുജിക്കുന്നവന്റെ പേർ. ശാഷ്കുലഃ എന്നതിനുപകരം ശൗഷ്കുലഃ എന്നും ശൌഷ്കുലഃ എന്നും ശ്ലൗഷ്കുലഃ എന്നും ചേർത്തു പാഠങ്ങളുണ്ട്.

ബുഭുക്ഷിതഃ സ്യാൽ ക്ഷുധിതോ ജിഘത്സുരശനായിത
പരാന്നഃ പരപിണ്ഡാദോ ഭക്ഷകോ ഽന്യസ്യതോടനഃ.

ബുഭുക്ഷിതഃ ക്ഷുധിതഃ (അ-പു-പ്ര-പു) ജിഘത്സുഃ (അ പു-പ്ര-പു) അശനായിതഃ (അ-പു-പ്ര-പു) ഇവ ര-ം ഭക്ഷിപ്പാനാഗ്രഹിക്കുന്നവന്റെ പേർ. പരാന്നഃ പരപിണ്ഡാദഃ (അ-പു-പ്ര-പു) ഇവ ര-ം പരാന്നംകൊണ്ടുജീവിക്കുന്നവന്റെ പേർ. ഭക്ഷകഃ അന്യസ്യ അതോടനഃ (അ-പു-പ്ര-പു) ഇവ ന-ാ ഭക്ഷിക്കശീലമായിട്ടുള്ളവന്റെ പേർ.

അരാദ്ധനസ്ത്വാത്മഹിതകോ വിജിഗീഷാവിവർജ്ജിതേ
ഉദ്യതാത്മംഭരിഃ കുക്ഷിംഭരിസ്ത്വാദരപൂരകേ.

അരാദ്ധനഃ അഹിതകഃ (അ-പു-പ്ര-ഏ) ഇവ ര-ം വിശ്വസിക്കാരുള്ള ശത്രുവിനെ ജയിപ്പാൻകൂടെ ഇച്ഛയില്ലാത്തവന്റെ പേർ. ആത്മംഭരിഃ കുക്ഷിംഭരിഃ (ഇ-പു പ്ര-ഏ) സ്വാദരപൂരകഃ (അ-പു-പ്ര-ഏ)ഇവ ന-ം തന്റെ ഉദരപൂരണമാത്രത്തെ ചെയ്യുന്നവന്റെ പേർ.

സവ്വാന്നീനസ്തു സവ്വാന്നഭോജീ ഗ്രദ്ധ്നസ്തു ഗർദ്ധ്നഃ
ലുബ്ധോഭിഷുകസ്തൃഷ്ണകസമൌ ലോലുപലോലുപൌ.

സവ്വാന്നീനഃ (അ-പു-പ്ര-ഏ) സവ്വാന്നഭോജീ (ന-പു-പ്ര-ഏ) ഇവ ര-ം എല്ലാവക്കടേയും അന്നത്തെ ഭക്ഷിക്കുന്നവന്റെ പേർ. ഗ്രദ്ധ്നഃ (ഉ-പു-പ്ര-ഏ) ഗർദ്ധ്നഃ ലുബ്ധഃ അഭിലാഷുകഃ (അ-പു-പ്ര-ഏ) തൃഷ്ണകഃ (ജ-പു-പ്ര-ഏ) ഇവ ത-ം ലോഭശീലന്റെ പേർ. ലോലുപഃ ലോലുഭഃ (അ-പു-പ്ര-ഏ) ഇവ ര-ം അതിതൃഷ്ണാശീലന്റെ പേർ.

സോന്മാദസ്ത്വുന്മദിഷ്ണുസ്ത്വ്യാദവിനീതസ്സുമുഖതഃ
മത്തശ്ശൗണ്ഡോൽകടക്ഷിബ്ധഃ കാമുകേ കമിതാനകഃ
കല്പഃ കാമയിതാഭീകഃ കമനഃ കാമനോഭികഃ
വിധേയോ വിനയഗ്രാഹീ വചനേസ്ഥിതആശ്രവഃ.

സോന്മാദഃ (അ-പു-പ്ര-ഏ) ഉന്മദിഷ്ണുഃ (ഉ-പു-പ്ര-ഏ) ഇവ ൨-ം ഉന്മാദത്തോടുകൂടിയവന്റെ പേർ. അവിനീതഃ സമുദ്ധതഃ (അ-പു-പ്ര-ഏ) ഇവ ൨-ം വിനയമില്ലാത്തവന്റെ പേർ. മത്തഃ ശൗണ്ഡഃ ഉൽക്കടഃ ക്ഷിബ്ധഃ (അ-പു-പ്ര-ഏ) ഇവ ൩-ം കൂടിച്ചു മദിച്ചുവന്റെ പേർ. കാമുകഃ (അ-പു-പ്ര-ഏ) കമിതാ (ജ്ഞ-പു-പ്ര-ഏ) അഭീകഃ കമനഃ കാമനഃ അഭികഃ (അ-പു-പ്ര-ഏ) ഇവ ൩-ം കാമുകന്റെ പേർ. വിധേയഃ (അ-പു-പ്ര-ഏ) വിനയഗ്രാഹീ (ന-പു-പ്ര-ഏ) വചനേസ്ഥിതഃ ആശ്രവഃ (അ-പു-പ്ര-ഏ) ഇവ ൩-ം പറഞ്ഞപ്രകാരം നടക്കുന്നവന്റെ പേർ.

വശ്യഃ പ്രണേയോ നിഭൃതവിനീതപ്രശ്രിതാസ്സമാഃ
ധൃഷ്ടേ ധൃഷ്ണുർവ്വിയാതശ്ച പ്രഗല്ഭഃ പ്രതിഭാനവിതേ. ൨൫

വശ്യഃ പ്രണേയഃ (അ-പു പ്ര-ഏ) ഇവ ൨-ം അധീനനായവന്റെ പേർ. വിധേയാദി സ-ം അധീനനായവന്റെ പേർ എന്നും ഒരു മതമുണ്ട്. നിഭൃതഃ വിനീതഃ പ്രശ്രിതഃ (അ-പു-പ്ര-ഏ) ഇവ ന-ം വിനയമുള്ളവന്റെ പേർ. ധൃഷ്ടഃ (അ-പു-പ്ര-ഏ) ധൃഷ്ണുഃ (ഉ-പു-പ്ര-ഏ) വിയാതഃ (അ-പു-പ്ര-ഏ) ഇവ ന-ം ധാർഷ്ട്യത്തോടുകൂടിയവന്റെ പേർ. ധാർഷ്ട്യമെന്നതിന്നു ലജ്ജയില്ലായ്ക എന്നത്രെ അർത്ഥമാകുന്നത്. ധൃഷ്ണുഗവിയാതശ്ച എന്നും പാഠമുണ്ട്. ധൃഷ്ണുക എന്നതു ജകാരാന്തമാകുന്നു എന്നു ധരിച്ചുകൊൾക പ്രഗല്ഭഃ പ്രതിഭാനവിതഃ (അ-പു-പ്ര-ഏ) ഇവ ൨-ം പ്രതിഭയോടുകൂടിയവന്റെ പേർ. പ്രതിഭാ എന്നതു ബുദ്ധിവിശേഷമാകുന്നു.

സ്യാദധൃഷ്ടേ ത്വ ശാലീനോ വിലക്ഷോ വിസ്മയാനവിതേ
അധീരേ കാതരത്രസ്ന്വഭീരുഭീരുകഭീലുകാഃ. ൨൬

അധൃഷ്ടഃ ശാലീനഃ (അ-പു-പ്ര-ഏ) ഇവ ൨-ം ലജ്ജയോടുകൂടിയവന്റെ പേർ. വിലക്ഷഃ വിസ്മയാനവിതഃ (അ-പു-പ്ര-ഏ) ഇവ ൨-ം വിസ്മയത്തോടുകൂടിയവന്റെ പേർ. വിലക്ഷോ പത്രപാനവിതഃ എന്നും പാഠമുണ്ട്. അപ്രകാരമായാൽ വിലക്ഷഃ എന്നതിന്നു അപത്രപയോടുകൂടിയവന്റെ പേർ എന്നു അർത്ഥത്തെ ഗ്രഹിച്ചുകൊൾക. അപത്രപ എന്നതു താൻചെയ്ത നിന്ദി

തക്കത്തെ ഭാര്യാവിയുമ്പോൾ അവകൽനിന്നുണ്ടാകുന്ന ലജ്ജയെ അകുന്നത്. അധീരഃ കാതരഃ (അ-പു-പ്ര-ഏ) ത്രസ്നുഃ ഭീരുഃ (ഉ-പു-പ്ര-ച്ചു) ഭീരുകഃ ഭീലുകഃ (അ-പു-പ്ര-ച്ചു) ഇവ ണ-ം ദ്വയമുള്ളവന്റെ പേർ.

ആശംസുരാശംസിതരി ഗ്രഹയാലുർഗ്രഹീതരി
ശ്രദ്ധാലുശ്ശ്രദ്ധേയാ യുക്തേ പതയാലുസ്തു പാന്ഥകേ. ൨൬

ആശംസുഃ (ഉ-പു-പ്ര-ച്ചു) ആശംസിതാ (ജ്ഞ-പു-പ്ര-ച്ചു) ഇവ ഋ-ം ഇച്ഛാശീലന്റെ പേർ. ഗ്രഹയാലുഃ (ഉ-പു-പ്ര-ച്ചു) ഗ്രഹീതാ (ജ്ഞ-പു-പ്ര-ച്ചു) ഇവ ഋ-ം ഗ്രഹണശീലന്റെ പേർ. ശ്രദ്ധാലുഃ (ഉ-പു-പ്ര-ച്ചു) ശ്രദ്ധയോടുകൂടിയവന്റെ പേർ. പതയാലുഃ (ഉ-പു-പ്ര-ച്ചു) പാന്ഥകഃ (അ-പു-പ്ര-ച്ചു) ഇവ ഋ-ം പതനശീലന്റെ പേർ.

ലജ്ജാശീലോऽപത്രപിഷ്ണുർവ്വന്ദാരുരഭിവാദകേ
ശപനശീലാത്തുകാ ഹിംസ്രസ്ത്സ്യാദ്വധിഷ്ണുസ്തു വധ്യനഃ. ൨൭

ലജ്ജാശീലഃ (അ-പു-പ്ര-ഏ) അപത്രപിഷ്ണുഃ(ഉ-പു-പ്ര-ഏ) ഇവ ഋ-ം ലജ്ജാശീലന്റെ പേർ. വന്ദാരുഃ (ഉ-പു-പ്ര-ഏ) അഭിവാദകഃ (അ-പു-പ്ര-ച്ചു) ഇവ ഋ-ം വന്ദനശീലന്റെ പേർ. ശപനശീലഃ (ഉ-പു-പ്ര-ച്ചു) ത്വാത്തുകഃ ഹിംസ്രഃ (അ-പു-പ്ര-ഏ) ഇവ ന-ം ഹിംസാശീലന്റെ പേർ. വധിഷ്ണുഃ (ഉ-പു-പ്ര-ഏ-) വധ്യനഃ (അ-പു-പ്ര-ഏ) ഇവ ഋ-ം വധനശീലന്റെ പേർ.

ഉൽപതിഷ്ണുസ്ത്വുൽപതിതാലംകരിഷ്ണുസ്തു മണ്ഡനഃ
ഭ്രഷ്ണുർഭവിതാ വർത്തിഷ്ണുർവർത്തനസ്സുമേധാ. ൨൮

ഉൽപതിഷ്ണുഃ (ഉ-പു-പ്ര-ഏ) ഉൽപതിതാ (ജ്ഞ-പു-പ്ര-ച്ചു) ഇവ ഋ-ം മേൽപ്പോട്ടുപോക ശീലമായിട്ടുള്ളവന്റെ പേർ. അലംകരിഷ്ണുഃ (ഉ-പു-പ്ര-ഏ) മണ്ഡനഃ (അ-പു-പ്ര-ഏ) ഇവ ഋ-ം അലങ്കരിക്കശീലമായിട്ടുള്ളവന്റെ പേർ. ഭ്രഷ്ണുഃ ഭവിഷ്ണുഃ (ഉ-പു-പ്ര-ഏ) ഭവിതാ (ജ്ഞ-പു-പ്ര-ച്ചു) ഇവ ന-ം ഭവിക്ക ശീലമായിട്ടുള്ളവന്റെ പേർ. വർത്തിഷ്ണുഃ (ഉ-പു-പ്ര-ഏ) വർത്തനഃ (അ-പു-പ്ര-ഏ) ഇവ ഋ-ം വർത്തിക്ക ശീലമായിട്ടുള്ളവന്റെ പേർ.

നിരാകരിഷ്ണുഃ ക്ഷിപ്നുസ്ത്വാൽ സാന്ദ്രസ്നിഗ്ധസ്തു മേദുരഃ
ജ്ഞാതാ ത്വ വിദുഷോ വിന്ദുർവികാസീ ത്വ വികസ്വര. ൨൯

നിരാകരിഷ്ണുഃ ക്ഷിപ്നുഃ (ഉ-പു-പ്ര-ഏ) ഇവ ഋ-ം നിന്ദാശീലന്റെ പേർ. സാന്ദ്രസ്നിഗ്ധഃ മേദുരഃ(അ-പു-പ്ര-ഏ)ഇവ

വ-ം മുഴുത്തതും മിനുത്തതുമിരിക്കുന്നവന്റെ പേർ. ജ്ഞാതാ (ജ്ഞ-പു-പ്ര-ഏ) വിദുരഃ (അ-പു-പ്ര-ഏ) വിന്ദുഃ (ഉ-പു-പ്ര ഏ) ഇവ ന-ം അറികശീലമായിട്ടുള്ളവന്റെ പേർ. വികാസീ (ന-പു-പ്ര-ഏ) വികസ്വരഃ (അ-പു-പ്ര-ഏ) ഇവ വ-ം വികസിക്ക ശീലമായിട്ടുള്ളവന്റെ പേർ.

വിസ്തൃതശ്ച വിസ്തൃമശ്ച പ്രസാരീ ച വിസാരിണി
സഹിഷ്ണുസ്സഹനഃ ക്ഷന്താ തതിക്ഷുഃ ക്ഷമിതാ ക്ഷമീ. നപു

വിസ്തൃതശ്ച വിസ്തൃമശ്ച (അ പു-പ്ര-ഏ) പ്രസാരീ വിസാരീ (ന-പു-പ്ര-ഏ) ഇവ രു-ം വ്യാപിക്കശീലമായിട്ടുള്ളവന്റെ പേർ. സഹിഷ്ണുഃ (ഉ-പു-പ്ര-ഏ) സഹനഃ (അ-പു-പ്ര-ഏ) ക്ഷന്താ (ജ്ഞ-പു-പ്ര-ഏ) തിതിക്ഷുഃ (ഉ-പു പ്ര-ഏ) ക്ഷമിത (ജ്ഞ-പു-പ്ര-ഏ) ക്ഷമീ (ന-പു-പ്ര-ഏ) ഇവ ന-ം ക്ഷമാശീലന്റെ പേർ.

ക്രോധനോ5മർഷണഃ കോപീ ചണ്ഡസ്ത്വത്യന്തകോപനഃ
ജാഗരൂകോ ജാഗരിതാ ഫുല്ലിതഃ പ്രചലായിതഃ നപു

ക്രോധനഃ അമർഷണഃ (അ-പു-പ്ര-ഏ) കോപീ (ന-പു-പ്ര-ഏ) ഇവ ന-ം കോപശീലന്റെ പേർ. ചണ്ഡഃ അത്യന്തകോപനഃ (അ- പു-പ്ര-ഏ) ഇവ വ-ം അതികോപശീലന്റെ പേർ. ജാഗരൂകഃ (അ-പു-പ്ര-ഏ) ജാഗരിതാ (ജ്ഞ-പു-പ്ര-ഏ) ഇവ വ-ം ഉണർന്നിരിക്ക ശീലമായിട്ടുള്ളവന്റെ പേർ. ഫുല്ലിതഃ പ്രചലായിതഃ (അ-പു-പ്ര-ഏ) ഇവ ര-ം ഉണ്ടുറങ്ങാത്തവന്റെ പേർ.

സപ്നകൗ ചയാലുർന്നിദ്രാലുർന്നിദ്രാണ ശയിതൌ സമൌ
പരാങ്മുഖഃ പരാചീനസ്ത്വാടവാഗപ്യധോമുഖഃ. നപു

സപ്നകൗ (ജ-പു-പ്ര-ഏ) ശയാലുഃ നിദ്രാലുഃ (ഉ-പു-പ്ര-ഏ) ഇവ ന-ം നീദ്രാശീലന്റെ പേർ. നിദ്രാണഃ ശയിതഃ (അ-പു-പ്ര-ഏ) ഇവ വ-ം ഉറങ്ങിയവന്റെ പേർ. പരാങ്മുഖഃ പരാചീനഃ (അ-പു-പ്ര-ഏ) ഇവ വ-ം പിന്തിരിഞ്ഞവന്റെ പേർ. അവാക് (അ പു-പ്ര-ഏ) അധോമുഖഃ (അ-പു-പ്ര-ഏ) ഇവ വ-ം തലതാഴ്ത്തിയവന്റെ പേർ.

ദേവാനഞ്ചതി ദേവദ്രുങ്ചിഷ്പദ്രുങ്ങ്വിഷ്പദംഞ്ചതി
യസ്സുഹാഞ്ചതി സല്ഗ്രുങ്ങ്സസതിഷ്ണുങ്യസ്തിതോഞ്ചതി. നപു

ദേവദ്രുങ് (ച-പു-പ്ര-ഏ) ദേവപൂജയെ ചെയ്യുന്നവന്റെ പേർ. വിഷ്പദ്രുങ് (ച-പു-പ്ര-ഏ) ചുഴന്നുനടക്കുന്നവന്റെ പേർ. സല്ഗ്രുങ് (ച-പു-പ്ര-ഏ) ഒരുമിച്ചു നടക്കുന്നവന്റെ പേർ. തിഷ്ണുങ് (ച-പു-പ്ര-ഏ) വിലങ്ങയും മറഞ്ഞും നടക്കുന്നവന്റെ പേർ.

വദോ വദാവദോ വക്താ വാഗീശശ്ച വാങ്മ്യുപതിസ്സമൌ
വാഗ്മ്യോയുക്തിപടുർവ്വാഗ്മീ വാവദൂകോതിവക്തരി. ൧൧൪

വദഃ വദാവദഃ (അ-പു-പ്ര-ഏ) വക്താ (ഋ-പു-പ്ര-ഏ) ഇവ ൧-ം പറയുന്നവന്റെ പേർ. വാഗീശഃ (അ-പു-പ്ര-ഏ) വാക്പതിഃ (ഇ-പു-പ്ര-ഏ) ഇ വ ൨-ം സ്വാധീനവാക്കായവന്റെ പേർ. വാഗ്മ്യോയുക്തിപടുഃ (ഉ-പു-പ്ര-ഏ) വാഗ്മീ (ന-പു-പ്ര-ഏ) ഇവ ൨-ം നല്ല യുക്തികളോടുകൂടെ പറയുന്നവന്റെ പേർ. വാവദൂകഃ (അ-പു-പ്ര-ഏ) അതിവക്താ (ഋ-പു-പ്ര-ഏ) ഇവ ൨-ം ബഹുഭാഷിയുടെ പേർ.

സ്യാജ്ജല്പാകസ്തു വാചാലോ വാചാടോ ബഹുഗർഹ്യവാക്
ദുർമ്മുഖേ മുഖരാബല്യ മുഖൈ ശക്തഃ പ്രിയംവദേ. ൧൧൫

ജല്പാകഃ വാചാലഃ വാചാടഃ (അ-പു-പ്ര-ഏ) ബഹുഗർഹ്യവാക് (ച-പു-പ്ര-ഏ) ഇവ ൩-ം നിന്ദ്യമായി വളരെ പറയുന്നവന്റെ പേർ. ദുർമ്മുഖഃ മുഖരഃ അബല്യമുഖഃ (അ-പു-പ്ര-ഏ) ഇവ ൨-ം തടവുകൂടാതെ ചില്ലുസമയവും പറയുന്നവന്റെ പേർ. ശക്തഃ പ്രിയംവദഃ (അ-പു-പ്ര-ഏ) ഇവ ൨-ം പ്രിയവാക്കിനെ പറയുന്നവന്റെ പേർ.

ശ്ലോഹാലസ്സ്യാദസംഘൃഷ്ടവാഗ്ഗർഹ്യവാടീ തു കടുഃ
സമൌ കുവാട കുത്സകൌ സ്യാദസൌമ്യസ്സഭരോടസഭഃ.

ശ്ലോഹാലഃ (അ-പു-പ്ര-ഏ) അസ്പഷ്ടവാക് (ച-പു-പ്ര-ഏ) ഇവ ൨-ം വ്യക്തമായ്പറകയ്പാകാത്തവന്റെ പേർ. ഗർഹ്യവാടി (ന-പു-പ്ര-ഏ) കടുഃ (അ-പു-പ്ര-ഏ) ഇവ ൨-ം വഷളായി പറയുന്നവന്റെ പേർ. കുവാടഃ കുത്സകഃ (അ-പു-പ്ര-ഏ) ഇവ ൨-ം ദോഷത്തെ പറകശീലമായിട്ടുള്ളവന്റെ പേർ. അസൌമ്യ സഭഃ അസഭഃ (അ-പു-പ്ര-ഏ) ഇവ ൨-ം കൃത്യമായ സഭയത്തോടുകൂടിയവന്റെ പേർ.

ശവണശ്ശബ്ദനോനാന്ദീവാടീ നാന്ദീകരസ്സമൌ
ജഡോടജ്ഞോനേഡമൂകസ്തു വക്തും ശ്രോതുമശിക്ഷിതേ.

ശവണഃ ശബ്ദനഃ (അ-പു-പ്ര-ഏ)ഇവ ൨-ം ശബ്ദിക്ക ശീലമായിട്ടുള്ളവന്റെ പേർ. നാന്ദീവാടീ (ന-പു-പ്ര-ഏ) നാന്ദീകഃ (അ-പു-പ്ര-ഏ) ഇവ ൨-ം നാന്ദി എന്ന പേരോടുകൂടിയതായ സ്തുതിവിശേഷത്തെ പഠിക്കുന്നവന്റെ പേർ. ജഡഃ അജ്ഞഃ (അ-പു-പ്ര-ഏ) ഇവ ൨-ം അറിയപ്പാകാത്തവന്റെ പേർ. അനേഡമൂകഃ (അ-പു-പ്ര-ഏ) കേൾക്കയും പറകയും വയ്യാ

ത്തവന്റെ പേർ. ജഡധീജഡേഷ്വേവ മൂകസ്തു ചിന്തം പാഠമുണ്ട്: ഷ്വേഡമൂകഃ ചിന്നതിന്നു ഷ്വേഡനായിരിക്കുന്ന മൂകനെന്നർത്ഥമാകുന്നു. ഷ്വേഡൻ=ചെവി കേൾക്കാത്തവൻ. മൂകൻ=പറയത്തക്കാത്തവൻ. അനേഡമൂകഃ ചിന്നു പാഠിക്കുമ്പോൾ നാസ്ത്യേഡമൂകോസ്മാൽ ചിന്നു വിഗ്രഹിച്ചുകൊൾകയും വേണം.

തൂഷ്ണീംശീലസ്തു തൂഷ്ണീകോ നഗ്നോടവാസാ ദിഗംബരഃ
നിഷ്കാസിതോപകൃഷ്ടസ്ത്യാദപധ്വസ്തസ്തു ധിക്കൃതഃ. നൽ

തൂഷ്ണീംശീലഃ തൂഷ്ണീകഃ (അ-പു-പ്ര-ഏ) ഇവ ൨-ം മൌനശീലന്റെ പേർ. നഗ്നഃ (അ-പു-പ്ര-ഏ) അവാസാഃ (സ-പു-പ്ര-ഏ) ദിഗംബരഃ (അ-പു-പ്ര-ഏ) ഇവ ൨-ം ഉടുക്കാത്തവന്റെ പേർ. നിഷ്കാസിതഃ അപകൃഷ്ടഃ (അ-പു-പ്ര-ഏ)ഇവ ൨-ം പിടിച്ചുതള്ളി പുറത്താക്കപ്പെട്ടവന്റെ പേർ. അപധ്വസ്തഃ ധിക്കൃതഃ (അ-പു-പ്ര-ഏ) ഇവ ൨-ം നിന്ദിതന്റെ പേർ.

ആത്തഗന്ധോടഭിഭ്രുതസ്ത്യാദ്ദാപിതസ്ത്യാധിതസ്തുമൌ
പ്രത്യാദിഷ്ടോ നിരസ്തസ്ത്യാൽ പ്രത്യാഖ്യാതോ നിരാകൃതഃ.

ആത്തഗന്ധഃ അഭിഭ്രുതഃ (അ-പു-പ്ര-ഏ) ഇവ ൨-ം പരിഭവിക്കപ്പെട്ടവന്റെ പേർ. (ആത്തഗവ്വഃ ചിന്നുമാം) ദാപിതഃ സാധിതഃ (അ-പു-പ്ര-ഏ)ഇവ ൨-ം തൻകീഴടക്കപ്പെട്ടവന്റെ പേർ. പ്രത്യാദിഷ്ടഃ നിരസ്തഃ പ്രത്യാഖ്യാതഃ നിരാകൃതഃ(അ-പു-പ്ര-ഏ) ഇവ ൟ-ം നിഷേധിക്കപ്പെവന്റെ പേർ.

നിക്കസ്ത്യാദപിപ്രകൃതോ വിപ്രലബ്ധസ്തു വഞ്ചിതഃ
മനോഹതഃ പ്രതിഹതഃ പ്രതിബാദ്ധോ ഹതശ്ച സഃ. ൟ

നികൃതഃ വിപ്രകൃതഃ (അ-പു-പ്ര-ഏ) ഇവ ൨-ം ഉപദ്രവിക്കപ്പെട്ടവന്റെ പേർ. വിപ്രലബ്ധഃ വഞ്ചിതഃ (അ-പു-പ്ര-ഏ) ഇവ ൨-ം ചതിക്കപ്പെട്ടവന്റെ പേർ. മനോഹതഃ പ്രതിഹതഃ പ്രതിബദ്ധഃ ഹതഃ (അ-പു-പ്ര-ഏ) ഇവ-ൟ-ം തന്റെ അഭിപ്രായത്തിന്നു അന്യങ്കൽനിന്നു ഭംഗത്തെ പ്രാപിച്ചുവന്റെ പേർ.

അധിക്ഷിപ്തഃ പ്രതിക്ഷിപ്തോ ബദ്ധേ കീലിതസംയതൌ
ആപന്ന ആപൽപ്രാപ്തസ്ത്യാൽ കാന്ദിശീകോ ഭയേദ്ധൃതഃ.

അധിക്ഷിപ്തഃ പ്രതിക്ഷിപ്തഃ (അ-പു-പ്ര-ഏ) ഇവ ൨-ം അധിക്ഷേപിക്കപ്പെട്ടവന്റെ പേർ. ബദ്ധഃ കീലിതഃ സംയതഃ (അ-പു-പ്ര-ഏ) ഇവ ൟ-ം ബന്ധിക്കപ്പെട്ടവന്റെ പേർ. ആപന്നഃ ആപൽപ്രാപ്തഃ (അ-പു-പ്ര-ഏ) ഇവ ൨-ം ആപത്തിലകപ്പെട്ടവ

ന്റെ പേർ. കാന്ദിശീക ഃ ത്രസ്തഃ (അ പു-പ്ര-ഏ) ഇവ ച-ം പേടിച്ചോടിയവന്റെ പേർ.

ആക്ഷാരിതഃ ക്ഷാമിതോഭിശസ്ത സംകസുകോസ്ഥിരേ
വ്യസനാർത്തോപരക്തശ്ച ദൈവ വിഹസ്തവ്യാകുലൌ സമൌ.

ആക്ഷാരിതഃ ക്ഷാരിതഃ അഭിശസ്തഃ (അ-പു-പ്ര-ഏ) ഇവ ന-ം ലോകാപവാദത്താൽ ദൂഷിതനായവന്റെ പേർ. മൈഥുനം നിമിത്തമായി നിന്ദിക്കപ്പെട്ടവന്റെ പേർ ചിന്നം ഒരു മതമുണ്ട്. സംകസുകഃ അസ്ഥിരഃ (അ-പു-പ്ര-ഏ) ഇവ ച-ം സ്ഥൈര്യമില്ലാത്തവന്റെ പേർ. വ്യസനാർത്തഃ ഉപരക്തശ്ച (അ പു-പ്ര-ഏ) ഇവ ച-ം വ്യസനപീഡിതനായവന്റെ പേർ വിഹസ്തഃ വ്യാകുലഃ (അ-പു-പ്ര-ഏ) ഇവ ച-ം ദുഃഖം മൂലമായിട്ടുകൊണ്ടു ഇന്നതാണ് വേണ്ടതു എന്നുള്ള അറിവോടു വേർപെട്ടവന്റെ പേർ.

വിക്ലബ്ധോ വിഹ്വലവ്യഗ്രൌ വിവശശ്ചാഭിഷ്ടുഷ്ടധീഃ
കശ്യഃ കശാഹ്വോ സന്നദ്ധേ തത്രതായീ വധോദ്യതേ. മര

വിക്ലബ്ധഃ വിഹ്വലഃ (അ പു-പ്ര-ഏ) ഇവ ച ം മനോദിഹേതുവായിട്ടു ഇളകിയ മനസ്സോടുകൂടിയവന്റെ പേർ. വിവശഃ (അ പു-പ്ര-ഏ) അഭിഷ്ടുഷ്ടധീഃ (ഈ-പു-പ്ര-ഏ) ഇവ ച-ം മരണലക്ഷണംകൊണ്ടു ബുദ്ധികെട്ടവന്റെ പേർ. കശ്യഃ കശാഹ്വഃ (അ-പു-പ്ര-ഏ) ഇവ ച-ം ചമ്മട്ടികൊണ്ടു അടിക്കപ്പെടുവാൻ യോഗ്യനായവന്റെ പേർ. സന്നദ്ധേ (അ പു-പ്ര-ഏ) അയതായീ (ന-പു-പ്ര-ഏ) വധോദ്യതേ (അ-പു-സ-ഏ) സന്നദ്ധേ വധോദ്യതേ അയതായീ എന്നതു കതേ അയതായീ എന്ന അനുപായമാകുന്നു. അയതായീ എന്നതു കവചബന്ധാടികൊണ്ടു തന്റെ അംഗത്തെ രക്ഷിച്ചു അന്യനെ കൊല്ലാനൊരുമ്പെട്ടവന്റെ പേർ ചിന്ന സാമത്തെ ഗ്രഹിച്ചു കൊൾക.

ദോഷ്യേ തു രക്ഷിഗതൌ വധ്യൌ ശീർഷച്ഛേദ്യൌ ഇമൌ സമൌ
വിഷ്യോ വിഷേണ യോ വദ്ധ്യോ മുസല്യോ മുസലേന യഃ

ദോഷ്യഃ അരക്ഷിഗതഃ (അ-പു-പ്ര-ഏ) ഇവ ച-ം ദോഷിക്കപ്പെട്ടവന്റെ പേർ. വധ്യൌ ശീർഷച്ഛേദ്യൌ (അ പു-പ്ര-ഏ) ഇവ ച ം വധിക്കപ്പെടേണ്ടവന്റെ പേർ. വിഷ്യഃ (അ-പു-പ്ര-ഏ) വിഷംകൊണ്ടു വധിക്കപ്പെടേണ്ടവന്റെ പേർ. മുസല്യഃ (അ-പു-പ്ര-ഏ) ഉലക്കകൊണ്ടടിച്ചു കൊല്ലപ്പെടേണ്ടവന്റെ പേർ.

ശിശുഘ്നോ ഽക്ഷ്ണകമ്മാ ചപലശ്ചിക്കുരസ്സമൌ
ദോഷൈകദൃക് പുരോഭാഗീ നിഷ്കൃതസ്ത്വപസൃപ്പരഃ രസ.

ശിശുരിഭാനഃ (അ-പു-പ്ര-ഏ) അകൃഷ്ണകർമ്മാ (ന-പു-പ്ര-ബ) ഇവ ര-ം പുണ്യകർമ്മങ്ങളെ ചെയ്യുന്നവന്റെ പേർ. ശിശുരിഭാനഃ കൃഷ്ണകർമ്മാ എന്നും പാഠമുണ്ട്. അപ്രകാരമായാൽ ശിശുരിഭാന കൃഷ്ണകർമ്മാ ഇവ ര-ം പാപകർമ്മങ്ങളെ ചെയ്യുന്നവന്റെ പേർ എന്നു് അർത്ഥത്തെ ഗ്രഹിച്ചുകൊൾക. ചപലഃ ചികശഃ (അ-പു-പ്ര-ഏ) ഇവ ര-ം ചാപല്യത്തോടുകൂടിയവന്റെ പേർ. ദോഷൈകദൃക് (ശ-സ്ത്രീ-പ്ര-ഏ) പുരോഭാഗീ (ന-പു-പ്ര-ഏ) ഇവ ര-ം ദോഷത്തെത്തന്നെ ദർശിക്കുന്നവന്റെ പേർ. നികൃതഃ (അ-പു-പ്ര-ഏ) അനൃജുഃ (ഉ-പു-പ്ര-ഏ) ശഠഃ (അ-പു-പ്ര-ഏ) ഇവ ന-ം കുടിലമായ മനസ്സോടുകൂടിയവന്റെ പേർ.

കണ്ണേജപസ്സൂചകസ്സ്യാൽ പിശുനോ ദുർജ്ജനഃ ഖലഃ
നൃശംസോ ഘാതുകഃ ക്രൂരഃ പാപപാ ധൂർത്തസ്തു വഞ്ചകഃ ൪൭

കണ്ണേജപഃ സൂചകഃ പിശുനഃ (അ-പു-പ്ര-ഏ) ഇവ ന-ം ഏഷണിക്കാരന്റെ പേർ. ദുർജ്ജനഃ ഖലഃ (അ-പു-പ്ര-ഏ) ഇവ ര-ം ദുഷ്ടന്റെ പേർ. നൃശംസഃ ഘാതുകഃ ക്രൂരഃ പാപഃ (അ-പു-പ്ര-ഏ) ഇവ ര-ം പരശ്രോഹിയുടെ പേർ. ധൂർത്തഃ വഞ്ചകഃ (അ-പു-പ്ര-ബ) ഇവ ര-ം ചതിയന്റെ പേർ.

അജ്ഞേ മൂഢശ്ചാജ്ഞാതമൂർഖൌ വൈധേയബാലിശൌ
കദര്യ്യേ കൃപണക്ഷുദ്രകിംപചാനമിതംപചാഃ. ൪൮

അജ്ഞഃ മൂഢഃ ചാജ്ഞാതഃ മൂർഖഃ ച വൈധേയഃ ബാലിശ (അ-പു-പ്ര-ഏ) ഇവ ന-ം മൂഢന്റെപേർ. കദര്യ്യഃ കൃപണഃ ക്ഷുദ്രഃ കിംപചാനഃ മിതംപചഃ (അ-പു-പ്ര-ഏ) ഇവ ൩-ം പിശുക്കിന്റെ ശക്തികൊണ്ടു് ഭരിദ്രനെന്നപോലെ കഷ്ടമായി ജീവിക്കുന്നവന്റെ പേർ.

നിസ്സ്വസ്തു ദുർഗ്ഗതോ ദീനോ ദരിദ്രോ ദുർഗ്ഗതശ്ച സഃ
വിനീപകോ യാചനകേ മാർഗ്ഗണോ യാചകാർത്ഥിനൌ. ൪൯

നിസ്സ്വഃ ദുർഗ്ഗതഃ ദീനഃ ദരിദ്രഃ ദുർഗ്ഗതഃ (അ-പു-പ്ര-ഏ) ഇവ ൪-ം ദരിദ്രന്റെ പേർ. ദുർഗ്ഗതോപിസഃ എന്നും പാഠമുണ്ടു്. വിനീപകഃ (വിനീയകഃ എന്നുമാം) യാചനകഃ മാർഗ്ഗണഃ യാചകഃ (അ-പു-പ്ര-ഏ) അർത്ഥീ (ന-പു-പ്ര-ഏ) ഇവ ൩-ം ഇരക്കുന്നവന്റെ പേർ.

അഥാംയുസ്സ്യാദഥാംകാരീ ശുഭംയുസ്തു ശുഭാനിത
ദിവ്യാപഹാടുകാ ദേവാ നൃഗവാഭ്യാ ജരായുജാഃ. ൫൦

അഹംയുഃ (ഉ-പു-പ്ര-ഫ്യു) അഹംകാമീ (ന-പു-പ്ര-ഫ്യു) ഇവ ത്രം അഹങ്കാരമുള്ളവന്റെ പേർ. ശ്രുദ്ധംയു (ഉ-പു-പ്ര-ഫ്യു) ശ്രുദ്ധാനിതഃ (അ-പു-പ്ര-ഫ്യു) ഇവ ത്രം ശ്രുദ്ധത്തോട്ടുകൂടിയവന്റെ പേർ. ദിവ്യോപപാദുകാഃ ദേവാഃ (അ-പു-പ്ര-ബ) ദേവാഃ ദിവ്യോപപാദുകാഃ ഫ്രിന്നു് അനവദ്യമാകുന്നു. ദേവന്മാർ സ്വർഗ്ഗത്തിങ്കൽ ദവിച്ചുവരും മാതാവു്, പിതാവു് ഇത്യാദി ദുഷ്ടകാരണങ്ങളുടെ അപേക്ഷയോട്ടുകൂടാതെ ഉണ്ടാകുന്നവരുമാകുന്നു ഫ്രിന്നതത്രേ അതിന്റെ അർത്ഥമാകുന്നതു്. നൃഗവാദ്യാഃ മനുഷ്യാഃ (അ-പു-പ്ര-ബ) മനുഷ്യർ, പശുക്കൾ മുതലായ ശരീരികൾ ഗർഭാശയത്തിങ്കൽനിന്നു ജനിച്ചുവരുന്നവരാകുന്നു ഫ്രിന്നർത്ഥം.

സേദജാഃ ക്രിമിദംശാദ്യാഃ പക്ഷിസർപ്പാദയോ5ണ്ഡജാഃ
ഉദ്ഭിദസ്തരുഗുല്മാദ്യാ ഉദ്ഭിദുദ്ഭിജ്ജമുദ്ഭിദം. ൩൬

സേദജാഃ ക്രിമിദംശാദ്യാഃ (അ-പു-പ്ര-ബ) ക്രിമിദംശാദ്യാസേദജാഃ ഫ്രിന്നു് അനവദ്യമാകുന്നു പുഴു, ഈച്ച മുതലായ ജന്തുക്കൾ വിയർപ്പിൽനിന്നു് ഉണ്ടാകുന്നവയാകുന്നു ഫ്രിന്നു് അതിന്റെ അർത്ഥമാകുന്നു. പക്ഷിസർപ്പാദയഃ (ഇ-പു-പ്ര-ബ) അണ്ഡജാഃ (അ-പു-പ്ര-ബ) പക്ഷികൾ സർപ്പങ്ങൾ ഇത്യാദി ജന്തുക്കൾ മുട്ടയിൽനിന്നുണ്ടാകുന്നവയാകുന്നു ഫ്രിന്നർത്ഥം. ഉദ്ഭിദഃ (ദ-പു-പ്ര-ബ) തരുഗുല്മാദ്യാഃ (അ-പു-പ്ര-ബ) തരുഗുല്മാദ്യാഃ ഉദ്ഭിദഃ ഫ്രിന്നു് അനവദ്യമാകുന്നു. മരങ്ങൾ, ചെടികൾ, വള്ളികൾ മുതലായവ ഉദ്ഭിത്തുകളാകുന്നു ഫ്രിന്നു് അതിന്റെ അർത്ഥമാകുന്നു. ഉദ്ഭിത്തുകൾ=മേൽപ്പട്ടു ഭേദിക്കുന്നവ ഭേദിക്ക=പിളക്കുക. ഉൽപത്തിസമയത്തിങ്കൽ ഭൂമിയെ ഭേദിച്ചുപുറപ്പെടുന്നവ ഫ്രിന്നു സാരം. ദിവ്യോപപാദുകാദേവാഃ ഫ്രിന്നതുടങ്ങി ഉദ്ഭിദ സ്തരുഗുല്മാദ്യാഃ ഫ്രിന്നതുവരെയുള്ള വാക്യങ്ങൾകൊണ്ടു് ദേവന്മാരുടെയും മാനുഷന്മാർ പശുക്കൾ ഇത്യാദി ശരീരികളുടെയും കൃമിദംശാദികളുടെയും പക്ഷിസർപ്പാദികളുടെയും തരുഗുല്മാദികളുടെയും പ്രത്യേകഭേദത്തെ പറഞ്ഞിരിക്കുന്നു ഫ്രിന്നു് അറിഞ്ഞുകൊൾകയും വേണം. നാരകീയന്മാർ ഉപപാദുകന്മാരാകയാൽ അവരോടു സാമ്യംവരുത്തുവാനായി വിചാരിച്ചിട്ടത്രേ ദിവ്യോപപാദുകാഃ ഫ്രിന്നപദത്തിങ്കൽ ദിവ്യശബ്ദത്തെ ചേർത്തതെന്നും അറിഞ്ഞുകൊൾക. നൃഗവാദ്യാഃ ഫ്രിന്ന പദത്തിങ്കലെ ആദിശബ്ദംകൊണ്ടു് അശ്വാദികളെയും കൃമിദംശാദ്യാഃ ഫ്രിന്ന പദത്തിങ്കലെ ആദ്യശബ്ദംകൊണ്ടു് മൂട്ട, കൊതു മുതലായ ജന്തുക്കളെയും പക്ഷിസർപ്പാദയഃ ഫ്രിന്ന പദത്തിങ്കലെ ആദിശബ്ദംകൊണ്ടു് മത്സ്യാ

ടികളെയും തരുഗുല്മാദ്യാ എന്ന പദത്തിങ്കലെ ആദ്യശബ്ദംകൊണ്ടു തൃണാടികളെയും സംഗ്രഹിച്ചിരിക്കുന്നു. ഉദ്ഭിൽ (ദ-ന-പ്ര-ഏ) ഉദ്ഭിജ്ജം ഉദ്ഭിദം (അ-ന-പ്ര-ഏ) ഇവ നാ-ം ഉദ്ഭിജ്ജ കളുടെ പേർ. ഉദ്ഭിദ്ഭിജ്ജമുദ്ഭിദമെന്നും പാഠം കാണ്മാനുണ്ടു്. മഹേശ്വരടീകയിൽ ഉദ്ഭിജ്ജമെന്നാകുന്നു.

സുന്ദരം രുചിരം ചാരു സൂഷ്മം സാധു ശോഭനം
കാന്തം മനോരമം രുച്യം മനോജ്ഞാ മഞ്ജുമഞ്ജുളം.

സുന്ദരം രുചിരം (അ-ന-പ്ര-ഏ) ചാരു (ഉ-ന-പ്ര-ഏ) സൂഷ്മം (അ-ന-പ്ര-ഏ) സാധു (ഉ-ന-പ്ര-ഏ) ശോഭനം കാന്തം മനോരമം (മനോഹരം ഏിന്നമാം) രുച്യം മനോജ്ഞം (അ-ന-പ്ര-ഏ) മഞ്ജു (ഉ-പു-പ്ര-ഏ) മഞ്ജുളം (അ-ന-പ്ര-ഏ) ഇവ ഹൃദ്യം മനോഹരമായതിന്റെ പേർ.

തദാസേചനകം തൃപ്തേന്നാസ്വാദ്യന്തോ യസ്യ ദർശനാൽ
അഭീഷ്ടമീപ്സിതം ഹൃദ്യം ദയിതം വല്ലഭം പ്രിയം. ൩൫

അതാസേചനകം (അ-ന-പ്ര-ഏ) കണ്ടാൽ തൃപ്തിവരാത്ത വസ്തുവിന്റെ പേർ. (അതാസേചനകമെന്നുമാം) അഭീഷ്ടം അഭീപ്സിതം ഹൃദ്യം ദയിതം വല്ലഭം പ്രിയം (അ-ന-പ്ര-ഏ) ഇവ സ-ം ഇഷ്ടമായ പദാർത്ഥത്തിന്റെ പേർ.

നികൃഷ്ടപ്രതികൃഷ്ടാവരേഫയാപ്യാവമാധമാഃ
കുപൂയകുത്സിതാവാദ്യഖേടഗർഹ്യാണകാസ്സമാഃ ൩൬

നികൃഷ്ടഃ പ്രതികൃഷ്ടഃ (അ-പു-പ്ര-ഏ) അവാ (ന-പു-പ്ര-ഏ) രേഫഃ (രേപഃ ഏിന്നുമാം. രേകഃ ഏിന്നും പാഠമുണ്ടു്) യാപ്യഃ അവമഃ അധമഃ കുപൂയഃ (കുപൂയഃ ഏിന്നുമാം) കുത്സിതഃ അവദ്യഃ ഖേടഃ ഗർഹ്യഃ അണകഃ (അ-പു-പ്ര-ഏ) ഇവ ഹീന-ം അധമന്റെ പേർ. (അണകഃ ഏിന്നുമാം) അധമരേഫാന്ത പാവ്യന്ത കുയാപ്യാണകാവമാഃ അണകഃ പ്രതികൃഷ്ടശ്ച നികൃഷ്ടാവദ്യകുത്സിതാഃ ഖേടോഗർഹ്യഃ കുപൂയശ്ച കുപൂയാസഭ്യനിന്ദിതാഃ അപഭ്രഷ്ടോവിഗീതശ്ച പാപോ ഗോഖര ഇത്യപി എന്ന ശബ്ദവ്യുത്പത്തരംഗിണിയിലുണ്ടാകകൊണ്ടു് മേൽപറഞ്ഞ മതഭേദങ്ങൾ സിദ്ധങ്ങളായി ഏിന്നു് അറിഞ്ഞുകൊൾകയും വേണം.

മലീമസം ത്വമേധ്യം കച്ചരം മലദൂഷിതം
പൂതം പവിത്രം മേധ്യഞ്ച വീത്രസ്തു വിമലാത്മകം. ൩൭

മലീമസം മലിനം കച്ചരം മലദൂഷിതം (അ-ന-പ്ര-ഏ) ഇവ രു-ം മലിനമായുള്ളതിന്റെ പേർ. പൂതം പവിത്രം മേധ്യം

(അ-ന-പ്ര-ഏ) ഇവ നഃ ശുദ്ധമായുള്ളതിന്റെ പേർ. വീ
ര്യം വിമലം (അ-ന-പ്ര-ഏ) ഇവ വഃ നിർമ്മലമായുള്ളതിന്റെ
പേർ. (വിമലാത്മകമെന്നും പാഠമുണ്ട്) വീര്യമെന്നത് സ
ഭാവേന നിർമ്മലമായിരിക്കുന്നതിനെ പറയുന്നതാകുന്ന എന്നും
ധരിച്ചുകൊൾക.

നിർണ്ണിക്തം ശോധിതം മൃഷ്ടം നിഷ്ഠ്യൂനമനവസ്കരം
അസാരം ഫൽഗു ശൂന്യം തു വശികം തുച്ഛമിത്യമരഃ. ൩൩

നിർണ്ണിക്തം ശോധിതം മൃഷ്ടം നിഷ്ഠ്യൂനം അനവസ്കരം
(അ-ന-പ്ര-ഏ) ഇവ ൩-ം ശുദ്ധമാക്കപ്പെട്ടതിന്റെ പേർ. അ
സാരം (അ-ന-പ്ര-ഏ) ഫൽഗു (ഉ-ന-പ്ര-ഏ) ഇവ ചഃ-ം ബല
ത്തോടുകൂടാത്തതിന്റെ പേർ. ശൂന്യം (ശൂന്യമെന്നുമാം) വശി
കം തുച്ഛം രിക്തകം (അ-ന-പ്ര-ഏ) ഇവ ൪-ം ഒന്നുമില്ലാത്തതി
ന്റെ പേർ.

ക്ലീബേ പ്രധാനം പ്രമുഖപ്രവേകാനന്തരമോത്തമാഃ
മുഖ്യവർഷ്യവരേണ്യാശ്ച പ്രഭവോ5നപരാദ്യുവത്. ൩൪

പരാദ്യാഗ്രപ്രാഗ്രഹരപ്രാഗ്ര്യാഗ്രാഗ്രീയമഗ്രിയം
ശ്രേയാൻശ്രേഷ്ഠഃ പുഷ്കലസ്സ്യാത്സത്തമശ്ചാതിശോഭനേ.

പ്രധാനം (അ-ന-പ്ര-ഏ) നിത്യനപുംസകമാകുന്നു. പ്ര
മുഖഃ പ്രവേകഃ അനന്തരഃ ഉത്തമഃ മുഖ്യഃ വർഷ്യഃ വരേണ്യഃ പ്രഭ
വഃ അനവരാദ്യഃ പരാദ്യഃ അഗ്രഃ പ്രാഗ്രഹരഃ പ്രാഗ്ര്യഃ അഗ്ര്യഃ
അഗ്രിയഃ (അ-പു-പ്ര-ഏ) ഇവ ൧൩-ം മുഖ്യനായവന്റെ പേർ.
പരാദ്യാദികൾ നാ-ം അഗ്രിയശബ്ദവും നപുംസകമായി നിർദ്ദേ
ശിച്ചതുകൊണ്ട് നിയതനപുംസകങ്ങളാകുന്നു എന്നു ഭരിച്ചുപാ
കരുത്. ക്ലീബേ എന്നു വിശേഷിച്ചു പറകയാലുമതു പ്രധാന
ശബ്ദം നിയതനപുംസകമാകുന്നു എന്നു പറഞ്ഞതെന്നും അറിഞ്ഞു
കൊൾകയും വേണം. ശ്രേയാൻ (സ-പു-പ്ര-ഏ) ശ്രേഷ്ഠഃ പു
ഷ്കലഃ സത്തമഃ അതിശോഭനഃ (അ-പു-പ്ര-ഏ) ഇവ ൪-ം ഏറ
വും മുഖ്യനായവന്റെ പേർ.

സൃക്കത്തരപരേ വ്യാഘ്രപുംഗവർഷഭകുഞ്ജരാഃ
സിംഹശാർദ്ദൂലനാഗാദ്യാഃ പുംസി ശ്രേഷ്ഠാദ്യർത്ഥവാചകാഃ.

വ്യാഘ്രഃ പുംഗവഃ ഋഷഭഃ കുഞ്ജരഃ സിംഹഃ ശാർദ്ദൂലഃ നാഗ
(൩൪-പു-പ്ര-ഏ) ഇവ൪-ം സമാസത്തിന്റെ അന്ത്യാവയവങ്ങളായി
ചേർന്നാൽ ശ്രേഷ്ഠനെന്നുള്ള അർത്ഥത്തെ പറയുന്നവയാകുന്നു. നി
യമേന പുല്ലിംഗങ്ങളായിരിക്കയും ചെയ്യും. ഉദാഹരണം പുരുഷ

വൃഷ്ഭഃ ഇത്യാദികളാകുന്നു. അനുകഠംക്ഷ പുരുഷശ്രേഷ്ഠനാണെന്നതു അർത്ഥമാകുന്നതു്. ആദ്യശബ്ദംകൂടെ പ്രയോഗിക്കപ്പെട്ടിരിക്കയാൽ സോമോദ്ഭവോയാസ്സുരിതോന്യഃസോമ ഇത്യാദി പ്രയോഗാനുരോധന സോമാദിശബ്ദങ്ങളും മേൽപ്രകാരംതന്നെ എന്നു ഗ്രഹിച്ചു കൊൾക.

അപ്രാഗ്ര്യം ദ്വയഹീനേ ദ്വേ അപ്രധാനോപസർജ്ജനേ
വിശംകടം പൃഥുബൃഹദ്വിശാലം പൃഥ്വം മഹൽ. സം
ഭദ്രോരുവിപുലം പീനപീവ°നീരുസ്ഥൂലപീവരേ
സ്ഥാകല്പം ക്ഷുല്ലകം സൂക്ഷ്മം ശ്ലക്ഷ്ണ°ണംഭദ്രംകുശംതനു.
സ്ത്രിയാം മാത്രാ തുടിഃപുംസി ലവലേശകണാണവഃ
അത്യല്പല്പിഷ്ഠമല്പീയഃ കണീയോണീയ ഇത്യപി. നാ

അപ്രാഗ്ര്യം (അ-ന-പ്ര-ഏ) അപ്രധാനം ഉപസർജ്ജനം (അ-ന-പ്ര-ഏ) ഇവ ന-ം അപ്രധാനത്തിന്റെ പേർ. അപ്രധാനോപസർജ്ജനശബ്ദങ്ങൾ നിയതനപുംസകങ്ങളാകുന്നു. വിശംകടം (അ-ന-പ്ര-ഏ) പൃഥു (ഉ-ന-പ്ര-ഏ) ബൃഹൽ (ത-ന-പ്ര-ഏ) വിശാലം പൃഥുലം (അ-ന-പ്ര-ഏ) മഹൽ (ത-ന-പ്ര-ഏ) ഭദ്രം (അ-ന-പ്ര-ഏ) ഉരു (ഉ-ന-പ്ര-ഏ) വിപുലം(അ-ന-പ്ര-ഏ) ഇവ ൽ-ം വിസ്താരമുള്ളതിന്റെ പേർ. പീനം (അ-ന-പ്ര-ഏ) പീവ (ന-ന-പ്ര-ഏ) സ്ഥൂലം (അ-ന-പ്ര-ഏ) പീവരം (അ-ന-പ്ര-ഏ) ഇവ രു-ം തടിച്ചതിന്റെ പേർ. സ്ഥാകം അല്പം ക്ഷുല്ലകം (അ-ന-പ്ര-ഏ) ഇവ ന-ം അല്പത്തിന്റെ പേർ. സ്ഥാകാല്പഃ ക്ഷുല്ലകഃ എന്നു ചിലർ പഠിക്കുന്നു. സൂക്ഷ്മം ശ്ലക്ഷ്ണം ഭദ്രം കുശം (അ-ന-പ്ര-ഏ) തനു (ഉ-ന-പ്ര-ഏ) മാത്രാ (അ-സ്ത്രീ-പ്ര ഏ) നിത്യസ്ത്രീലിംഗമാകുന്നു. തുടിഃ (ഇ-സ്ത്രീ-പ്ര-ഏ) ഇതും നിത്യസ്ത്രീലിംഗമാകുന്നു. തുടിഃ എന്നും പാഠമുണ്ടു്. പുംസി എന്നതു ഉത്തരാനവയി ആകുന്നു. ലവഃ ലേശഃ കണഃ (അ-പു-പ്ര-ഏ) അണുഃ (ഉ-പു-പ്ര-ഏ) ഇവ കുറഞ്ഞ സൂക്ഷ്മമായ വസ്തുവിന്റെ പേർ. ലവാദികൾ നാലും നിയതപുല്ലിംഗങ്ങളാകുന്നു. സ്ഥാകാദികൾ ത്രി-ം ഏകാർത്ഥങ്ങളാകുന്നു എന്നും ഒരു മതമുണ്ടു്. അത്യല്പം അല്പിഷ്ഠം (അ-ന-പ്ര-ഏ) അല്പീയഃ കണീയഃ ഇണീയഃ (സ-ന-പ്ര-ഏ) ഇവ ഇ-ം ഏറ്റവും അല്പമായിരിക്കുന്നതിന്റെ പേർ.

പൃക്തം പ്രചുരം പ്രാജ്യമഭ്രം ബാഹുലം ബൃഹ
പുരുജ്ഞം പുരു ഭ്രൂയിഷ്ഠം സ°ഫാരം ഭ്രൂയശ്ച ഭ്രൂരി ച.

പ്രഭൂതം പ്രചുരം പ്രാജ്യം ഋദ്ധം ബഹുലം (അ-ന-പ്ര-ഏ) ബഹു (ഉ-ന-പ്ര-ഏ) പൃഥുഃ (അ-ന-പ്ര-ഏ) പൃ (ഉ-ന-പ്ര-ഏ) ത്രയിഷ്ടും സ്ഫാരം (അ-ന-പ്ര-ഏ) (സ്ഫിരമെന്നുമാം) ത്രയഃ (സ-ന-പ്ര-ഏ) ത്രി (ഇ-ന-പ്ര-ഏ) ഇവ ഫ-ം പെരുകിയതിന്റെ പേർ. മഹേശ്വരടീകയിൽ പൃഹു പൃഥു ത്രയിഷ്ടുമെന്നു പാഠത്തെ കാണിച്ചു പക്ഷാന്തരമായി പൃഹാമെന്നും പൃഥാമെന്നും പറയപ്പെട്ടിരിക്കുന്നു. പൃഹുമെന്നുള്ള പക്ഷത്തെ സ്പർശിച്ചിട്ടില്ല. എങ്കിലും ത്രിഃ പ്രഭൃതാത്രയിഷ്വാ ത്രയാൻപ്രാജ്യസ്ഫിരോബഹ്വഃ പ്രചുരോബഹുലസ്ഫാരഃ പൃഹുഃ പൃഹ്വഃപൃഥുഃ പൃഹാഃപൃഥഃ ഇത്യാ ശബ്ദവ്യൂഹതരംഗിണിയിലുണ്ടാകയാൽ പൃഹുമെന്നുള്ള പാഠവും യുക്തംതന്നെ എന്നു വിചാരിച്ചുകൊൾകയും വേണം.

പരഃശ്രുതാദ്യാസ്തേ മയഷ്ടാം പദാസംഖ്യാശതാദികാൽ
ഗണനീയന്തുഗണേയംസംഖ്യാതം ഗണിതമഥസമംസർവ്വം.
വിശ്വമശേഷംകൃത്സ്നം സമസ്തനിഖിലാഖിലാനിനിശ്ശേഷാ
സമഗ്രംസകലംപൂർണ്ണമഖണ്ഡംസ്യാദനൂനകേ. അമ

പരഃശ്രുതാഃ (അ-ചു-പ്ര-ബ) നൂറിലധികമായ സംഖ്യയോടുകൂടിയവരുടെ പേർ. അദ്യശബ്ദംകൂടെ പ്രയോഗിക്കപ്പെട്ടിരിക്കയാൽ പരസ്സഹസ്രാഃ ഇത്യാദികളെ ഗ്രഹിച്ചുകൊൾക. പരസ്സഹസ്രാഃ എന്നതിന്നു ആയിരത്തിലധികമായ സംഖ്യയോടുകൂടിയവർ എന്നു അർത്ഥമാകുന്നു. ചിലർ പരഃശ്രുതമെന്നും പരസ്സഹസ്രമെന്നും നിയതലിംഗമായും നിയതവചനമായുമിരിക്കുന്നതുകളാകുന്നു. എന്നുള്ള അഭിപ്രായത്തെ അവലംബിച്ചു പരഃശ്രുതംഗജാഃ പരസ്സഹസ്രംസ്ത്രിയഃ എന്നു ഉദാഹരിച്ചിരിക്കുന്നു. അതുതു നിജസ്വതേജഃശ്രീഖിനഃപരഃശ്രുതാവിരേജുരിംഗാലമിവാഗ്നയഃപരേ. പരഃശ്രുതാനാം വിദുഷാംസമാജഃ ഇത്യാദിപ്രയോഗവിശുദ്ധമാകുന്നു എന്നു അറിഞ്ഞുകൊൾകയും വേണം. ഗണനീയം ഗണയം(അ-ന-പ്ര-ഏ) ഇവ ഫ-ം എണ്ണപ്പെടുവാൻ സാദ്ധ്യമായുള്ളതിന്റെ പേർ. സംഖ്യാതം ഗണിതം (അ-ന-പ്ര-ഏ) ഇവ ഫ-ം എണ്ണപ്പെട്ടതിന്റെപേർ. സമം സർവ്വം വിശ്വം അശേഷം കൃത്സ്നം സമസ്തം നിഖിലം നിശ്ശേഷം സമഗ്രം സകലം പൂർണ്ണം (പൂർവ്വമെന്നുമാം) അഖണ്ഡം അനൂനകം (അ-ന-പ്ര-ഏ) ഇവ കുറ-ം ഒട്ടൊഴിയാതെ ഉള്ളതു എന്ന അർത്ഥത്തോടുകൂടിയവയാകുന്നു.

ഘനം നിരന്തരം സാന്ദ്രം പേലവം ചിരളം തനു
സമീപേ നികടാസന്ന സന്നികൃഷ്ടസനീഡവൽ

സദേശാഭ്യാശസവിധസമന്ത്യാ ഽസന്നവേശവൽ
ഉപകണ്ഠാന്തികാഭ്യണ്ണാഭ്യർഗ്രാ അപ്യഭിതോവ്യയം. നാഒ

ഛ്മനം നിരന്തരം സാന്ത്രം (അ ന-പ്ര-ഛ്യ) ഇവ നാ-ം ഇടതൂർന്ന തിങ്ങിയതിന്റെ പേർ. പേലവം വിരളം (അ-ന-പ്ര-ഛ്യ) തനു (ഉ-ന-പ്ര-ഛ്യ) ഇവ നാ-ം ഇടവിട്ടതിന്റെ പേർ. സമീപം നികടം അസന്നം സന്നികൃഷ്ടം സന്നിധം സദേശം അഭ്യാശം (അഭ്യാസം ച്യന്തം പാഠമുണ്ട്.) സവിധം സമന്ത്യാടം സവേശം ഉപകണ്ഠം അന്തികം അഭ്യണ്ണം ഽഭ്യർഗ്രം (അ-പു-പ്ര-ഛ്യ) അഭിതം (അ) ഇവ ഛയ-ം സമീപത്തിന്റെ പേർ.

സംസക്തേ ത്വവ്യവഹിതമപദാന്തരമിത്യപി
നേടിഷ്ഠമന്തികതമം സ്യാദ്ദൂരം വിപ്രകൃഷ്ടകം. നാവ

സംസക്തം അവ്യവഹിതം അപദാന്തരം (അ-ന-പ്ര-ഛ്യ) (അപദാന്തരമെന്നുമാം) ഇവ നാ-ം ഇടയിൽ മറെറാന്നില്ലാത്തതിന്റെ പേർ. നേടിഷ്ഠം അന്തികതമം (അ-ന-പ്ര-ഛ്യ) ഇവ നാ-ം വ്യാറാവും അടുത്തതിന്റെ പേർ ദൂരം വിപ്രകൃഷ്ടകം (അ-ന-പ്ര-ഛ്യ) ഇവ നാ-ം ദൂരത്തുള്ളതിന്റെ പേർ.

ദവീയശ്ച ദവിഷ്ഠഞ്ച സുദൂരേദിഷ്ഠമായതം
വർത്തുളം നിസ്തലം വൃത്തം ബന്ധുരം തുന്നതാനതം. നാൻ

ദവീയഃ (സ-ന-പ്ര-ഛ്യ) ദവിഷ്ഠം (അ-ന-പ്ര-ഛ്യ) സുദൂരം (അ-ന-പ്ര-ഛ്യ) ഇവ നാ-ം അതിദൂരത്തുള്ളതിന്റെ പേർ. ദീർഘം ആയതം (അ-ന-പ്ര-ഛ്യ) ഇവ നാ-ം നീണ്ടതിന്റെ പേർ. വർത്തുളം നിസ്തലം വൃത്തം (അ-ന-പ്ര-ഛ്യ) ഇവ നാ-ം വൃത്തത്തിലുള്ളതിന്റെ പേർ. ബന്ധുരം (അ-ന-പ്ര-ഛ്യ) ബന്ധുരമെന്നുമാം ഉന്നതാനതം (അ-ന-പ്ര-ഛ്യ) ഇവ നാ-ം ഉയർന്നും കുറഞ്ഞുമാണതാണതിന്റെ പേർ. ബന്ധുരന്നുമാനതമെന്നും പാഠമുണ്ട്.

ഉച്ചപ്രാംശൂന്നതോദഗ്രോച്ചൈ ശ്രിതാസ്തുംഗേഥ വാമനേ
നൃങ്നീചഖർവ്വഹ്രസാസ്യവാഗ്രോവനതാനതം. ൧൦

ഉച്ചഃ (അ-പു-പ്ര-ഛ്യ) പ്രാംശുഃ (ഉ-പു-പ്ര-ഛ്യ) ഉന്നതഃ ഉദഗ്രഃ ഉച്ചൈശ്രിതഃ തുംഗഃ (അ-പു-പ്ര-ഛ്യ) ഇവ ന-ം ഉയരമുള്ളവന്റെ പേർ. വാമനഃ (അ-പു-പ്ര-ഛ്യ) നൃങ് (ച-പു-പ്ര-ഛ്യ) നീചഃ ഖർവ്വഃ ഹ്രസ്വഃ (അ-പു-പ്ര-ഛ്യ) ഇവ ള-ം കുറിയവന്റെ പേർ. അവാഗ്രം അവനതം ആനതം (അ-ന-പ്ര-ഛ്യ) ഇവ നാ-ം അധോമുഖമായതിന്റെ പേർ.

ആരാളം വ്യജിനം ജിഹ്മമൂർമ്മിമൽ കുഞ്ചിതം നതം
ആവിദ്ധം കുടിലം ഭുഗ്നം വേല്ലിതം വക്രമിത്യുപി. ൭൬

ആരാളം വ്യജിനം ജിഹ്മം (അ-ന-പ്ര-ഏ) ഊർമ്മിമൽ (ത-ന-പ്ര-ഛ) കുഞ്ചിതം നതം ആവിദ്ധം കുടിലം ഭുഗ്നം വേല്ലിതം വക്രം (അ-ന-പ്ര-ച) ഇവ കഫ-വള്ളഞ്ഞതിന്റെ പേർ.

ഋജ്വവജ്ഞിഋജുപ്രഗ്രണാ വ്യസ്ത പ്രഗ്രണാകുലാഃ
ശാശ്വതസ്ഥിരധ്രുവോ നിത്യസദാതനസനാതനാഃ. ൭൭

ഋജ്ഞുഃ (ഉ-പ്ര-ച) അജ്ഞിഃ പ്രഗ്രണഃ (അ-പ്ര-ച) ഇവ നേ-ം വളരെവാടിക്കൂടാത്തതിന്റെ പേർ. വ്യസ്തഃ പ്രഗ്രണഃ ആകുലഃ (അ-പ്ര-ച) ഇവ നേ-ം ചിതറിയതിന്റെ പേർ. ശാശ്വതഃ ധ്രുവഃ നിത്യഃ സദാതനഃ സനാതനഃ (അ-പ്ര-ച) ഇവ കി-ം നിത്യമായുള്ളതിന്റെ പേർ.

സ്ഥാസ്നഃ സ്ഥിരതരഃ സ്ഥായ്യനേകകൃചാതായ ത്രയഃ
കാലവ്യാപിനി ക്ലൂടസ്ഥഃ സ്ഥാവരോ ജംഗമേതരഃ. ൭൮

സ്ഥാസ്നഃ (ഉ പ്ര-ച) സ്ഥിരതരഃ (അ-പ്ര-ച) സ്ഥായ്യാൻ (സ-പ്ര-ച) ഇവ നേ-ം അതിസ്ഥിരത്തിന്റെ പേർ. ക്ലൂടസ്ഥഃ (അ-പ്ര-ച) ചുകസപദാർത്ഥമെന്നു വിണ്ണും നിൽക്കുന്നവസ്തുവിന്റെ പേർ. സ്ഥാവരഃ ജംഗമേതരഃ (അ-പ്ര-ച) ഇവ നേ-ം നടക്കാത്ത വസ്തുവിന്റെ പേർ.

ചരിഷ്ണു ജംഗമചരം ത്രസമിംഗം ചരാചരം
ചലനം കംപനം കുപ്രം ചലം ലോലം ചലാചലം. ൭൯

ചഞ്ചലം തരളഞ്ചൈവ പാരിപ്ലവപരിപ്ലവേ
അതിരിക്തസ്സമധികോ ദൃഢസന്ധിസ്തു സംഹതഃ ൮൦

ചരിഷ്ണു (ഉ-ന-പ്ര-ച) ജംഗമം ചരം ത്രസ്നും ഇംഗം ചരാചരം (അ-ന-പ്ര-ച) ഇവ നേ-ം നടക്കുന്നവസ്തുവിന്റെ പേർ. ചലനം കംപനം കുപ്രം (അ-ന-പ്ര-ച) ഇവ നേ-ം ഇളകുശീലമായിട്ടുള്ളതിന്റെ പേർ. ചലം ലോലം ചലാചലം ചഞ്ചലം തരളം പാരിപ്ലവം പരിപ്ലവം (അ-ന-പ്ര ച) ഇവ ൪-ം ഇളകുന്നതിന്റെ പേർ. ചഞ്ചലം ചടുലഞ്ചൈവ പിന്നും പാഠമുണ്ട്. അതിരിക്തഃ സമധികഃ (അ-പ്ര-ച) ഇവ നേ-ം അധികമായതിന്റെ പേർ. ദൃഢസന്ധിഃ (ഇ-പ്ര-ച) സംഹതഃ (അ-പ്ര-ച) ഇവ നേ-ം ദൃഢമായി ചേർന്നിരിക്കുന്നതിന്റെ പേർ.

കർക്കശം കഠിനം ക്രൂരം കഠോരം നിർഘൃണം ദൃഢം
ജാരം മൃത്സ്നിമമൃത്സ്നം പ്രവ്യലം പ്രചുരപ്രചിതം. ൮൧

കക്കശം കഠിനം ക്രൂരം കഠോരം നിഷ്ഠുരം ദാരുണം ജഠരം(അ-ന-പ്ര-ഏ) മൂർത്തിമൽ (ത-ന-പ്ര-ഏ) മൂർത്തം (അ-ന-പ്ര-ഏ) ഇവ ൽ-ം കഠിനമായതിന്റെ പേർ. പ്രവൃദ്ധം പ്രൌഢം ഏധിതം (അ-ന-പ്ര-ഏ) ഇവ ന-ം വർദ്ധിച്ചതിന്റെ പേർ.

പുരാണേ പ്രാക്തനപ്രത്നപുരാതനചിരന്തനാ:
പ്രത്യഗ്രോ ഭിനവോനവ്യോ നവീനോ നൂതനോനവ,
നൂതശ്ച സുകുമാരസ്തു കോമളം മൃദുലം മൃദു
അനാപാഗനാപക്ഷ്മണ്യഗോ ണാപദം ക്ലീബമവ്യയം. ഒപ

പുരാണം: പ്രാക്തനം: (പ്രതനം: പ്രിന്നമാം) പ്രത്നം: പുരാതനം: ചിരന്തനം: (അ-പു-പ്ര-ഏ) ഇവ ള-ം പണ്ടേ ഉള്ളതിന്റെപേർ. പ്രത്യഗ്രം: അഭിനവം: നവ്യം: നവീനം: നൂതനം: നവം: നൂത്നം: (അ-പു-പ്ര-ഏ) ഇവ ഒ-ം പുതുതായതിന്റെ പേർ. സുകുമാരം കോമളം മൃദുലം (അ-ന-പ്ര-ഏ) മൃദു (ഉ-ന-പ്ര-ഏ) ഇവ മ-ം മാർദ്ദവമുള്ളതിന്റെ പേർ. അനാപക്ഷ (ച-ന-പ്ര-ഏ) അനാപക്ഷ്യം അനാഗം (അ-ന-പ്ര-ഏ) ഇവ ന-ം പിന്മേലോകുന്നതിന്റെ പേർ. അനാപദം(അ-ന-പ്ര-ഏ)പദത്തിന്റെ പിന്നിലെന്നർത്ഥം.

പ്രത്യക്ഷം സ്യാദൈന്ദ്രിയകമപ്രത്യക്ഷമതീന്ദ്രിയം
ഏകതാനോനന്യവൃത്തിരേകാഗ്രൈകായനഗതോപി സ:
പുംസ്യാദിർ പൂർവ്വപൌരസ്ത്യപ്രഥമാദ്യാ അഥാസ്ത്രീയാം.
അന്തോഽവസ്ഥാന്യം ചരമമന്ത്യപാശ്ചാത്യപശ്ചിമം
മോക്ഷം നിരർത്ഥകം സ്പഷ്ടം സംഫുടം പ്രത്യക്തമുല്ബണം.

പ്രത്യക്ഷം ഐന്ദ്രിയകം (അ-ന-പ്ര-ഏ) ഇവ ഫ-ം ഇന്ദ്രിയംകൊണ്ടു ഗ്രഹിക്കപ്പെടുന്ന വസ്തുവിന്റെ പേർ. (സമക്ഷമെന്നുമാം.) അപ്രത്യക്ഷം അതീന്ദ്രിയം (അ-ന-പ്ര-ഏ)ഇവ ഫ-ം ഇന്ദ്രിയംകൊണ്ടു ഗ്രഹിക്കപ്പെടാത്തതിന്റെ പേർ. ഏകതാനം: (അ-പു-പ്ര-ഏ) അനന്യവൃത്തി: (ഇ-പു-പ്ര-ഏ) ഏകാഗ്ര: ഏകയാന: ഏകസർഗ്ഗ: ഏകാഗ്ര്യ: ഏകായനഗത: (അ-പു-പ്ര-ഏ)ഇവ ഒ-ം ഒന്നിൽത്തന്നെ മനസ്സുചെന്നിരിക്കുന്നവന്റെ പേർ. ആദി: (ഇ-പു-പ്ര-ഏ) പൂർവ പൌരസ്ത്യ: പ്രഥമ: ആദ്യ: (അ-പു-പ്ര-ഏ) ഇവ ദ-ം ആദിയിലുള്ളതിന്റെ പേർ. ആദി എന്നതു നിയതപുല്ലിംഗമാകുന്നു. അഥാസ്ത്രീയാമെന്നതിനു് ഇനി പറയപ്പെടുന്നതു് സ്ത്രീലിംഗമായി പ്രയോഗിക്കപ്പെടരുതു് എന്നു സാരമാകുന്നു. അന്ത: (അ-പു-പ്ര-ഏ) അവസാനത്തിന്റെ പേർ. നപുംസക

ലിംഗമായിട്ടുമാം. സച്ഛന്ദാസ്ത്രീകുലസ്യാന്തഃ പുംന്ന ലക്ഷ്മ്മ
ണ്ടാകയാൽ സ്ത്രീലിംഗമായി പ്രയോഗമില്ലെന്നു് അറിഞ്ഞുകൊൾക
ക. ഋഷ്യാന്യം ചമരം അന്ത്യം പാശ്ചാത്യം പശ്ചിമം (അ-ന-
പ്ര-ച്യ) ഇവ ത്രി-ം അവസാനത്തിൽ ഉപിച്ചുതിന്റെപേർ. അന്താ
ദി ന ം അവസാനത്തിങ്കൽ ഉപിച്ചുതിന്റെ പേർ പുംന്നാം ന
പുംസകമുണ്ടു്. മോക്ഷം നിരർത്ഥകം (അ-ന-പ്ര-ച്യ) ഇവ പു-ം ഫ
ലമനുഭവിച്ചുകൂടാത്തതിന്റെ പേർ. സ്പഷ്ടം സ്ഫുടം പ്രത്യക്ഷം ഉല്
ബണം (അ-പ്ര പ്ര-ച്യ) ഇവ ത്രി-ം സ്പഷ്ടമായിട്ടുള്ളതിന്റെ പേർ.

സാധാരണംത്രി സാമാന്യമേകാകിനോപക ച്യുകകു
ട്ടിനാഭ്യുകാ ച്യുകതമ ച്യുകസ്ഥാനന്യതരാവപി. പുപ

സാധാരണം സാമാന്യം (അ-ന-പ്ര-ച്യ) ഇവ പു-ം അനേക
കാലസ്ഥക്കളോടു സംബന്ധമുള്ള ഒരു വസ്തുവിന്റെ പേർ. ച്യുകാ
കീ (ന-പ്ര പ്ര-ച്യ) ച്യുകം ച്യുകകം (അ-പ്ര-പ്ര-ച്യ) ഇവ ന-ം
അനേകാവയവമായതിന്റെ പേർ. ടിനാം ച്യുകതമം ച്യുകം തമം
അന്യം ഇതരം (അ-പ്ര-പ്ര-ച്യ) ഇവ സ-ം അന്യനെന്ന അർത്ഥ
ത്തോടുകൂടിയവയാകുന്നു. നാം ചിന്നത്തു് സ്വശബ്ദംകൊണ്ടു അ
കുന്നു.

ഉച്ചാവചമനേകഭേദമുച്ചണ്ഡമവിളംബിതം
അരുന്തുദസ്പൃശ്മസംസ്പൃശബാധയാനിഷ്ഠുരം. പുന

ഉച്ചാവചം നൈകഭേദം (അ-ന-പ്ര-ച്യ) ഇവ പു-ം ബഹു
വിധമായതിന്റെ പേർ. ഉച്ചണ്ഡം അവിളംബിതം (അ-ന-
പ്ര-ച്യ) ഇവ പു-ം വേഗമുള്ളതിന്റെപേർ. ഉച്ചണ്ഡമവിളംബ
നം ചിന്നം പാമുണ്ടു്. അരുന്തുദഃ (അ-പ്ര-പ്ര-ച്യ) മർമ്മസംസ്പൃക്കു
(ശ-പ്ര-പ്ര-ച്യ) ഇവ പു-ം അത്യുപദ്രവമുണ്ടാക്കുന്നതിന്റെ പേർ.
അരുന്തുദന്തുമർമ്മസംസ്പൃക്കു ചിന്നം പാമുണ്ടു്. അബാധം നിരർഗ
ളം (അ-ന-പ്ര-ച്യ) ഇവ പു-ം തടവില്ലാത്തതിന്റെ പേർ.

പ്രസവ്യം പ്രതികൂലം സ്യാദപസവ്യമനുകൂലം ച
വാമം ശരീരം സവ്യം സ്യാദപസവ്യന്തു ദക്ഷിണം. പുപ

പ്രസവ്യം പ്രതികൂലം അപസവ്യം (അ-ന-പ്ര-ച്യ) അപ
സവ്യം (ഉ-ന-പ്ര-ച്യ) ഇവ രു-ം വിപരീതത്തിന്റെ പേർ. സവ്യം
(അ-ന-പ്ര-ച്യ) ഇടത്തുഭാഗത്തിന്റെ പേർ. അപസവ്യം (അ-
ന-പ്ര-ച്യ) വലത്തുഭാഗത്തിന്റെ പേർ.

സങ്കടം നാ ത്രിസംബാധഃ കച്ചിലം ഗഹനം സമേ
സങ്കീർണ്ണേ സങ്കുലാകീർണ്ണേ മുണ്ഡിതം പരിവാപിതം. പുത

സങ്കടം (അ-ന-പ്ര-ഏ) സംബാധഃ (അ-പു-പ്ര-ഏ) ഇവ ഉ-ം അല്പാവകാശമായതിന്റെ പേർ. കലിലം ഗഹനം (അ-ന പ്ര-ഏ) ഇവ ഉ-ം ദുഷ്പ്രവേശത്തിന്റെ പേർ. അകൃത്ത പ്രവേശിച്ചുകൂടാത്തതിന്റെ എന്നർത്ഥമാകുന്നു. സങ്കീർണ്ണം സങ്കുലം ആകീർണ്ണം (അ-ന-പ്ര-ഏ) ഇവ ന-ം അത്യന്തമിശ്രമായതിന്റെ പേർ. മുണ്ഡിതം പരിവാപിതം (അ-ന-പ്ര-ഏ) ഇവ ഉ-ം രോമം കളഞ്ഞ ശിരസ്സു മുതലായതിന്റെ പേർ.

ഗ്രഥിതം സന്ദിതം ദുബ്ധം വിസ്രതം വിസ്രംതതം തതം
അന്തർഗ്ഗതം വിസ്മൃതം സ്യാൽ പ്രാപ്തപ്രണിഹിതേ സമേ.

ഗ്രഥിതം (ഗ്രന്ഥിതമെന്നും പാഠമുണ്ട്.) സന്ദിതം ദുബ്ധം (അ-ന-പ്ര-ഏ) ഇവ ന-ം കെട്ടപ്പെട്ടതിന്റെ പേർ. വിസ്രതം വിസ്രംതതം (അ-ന-പ്ര-ഏ) തതം ഇവ ന-ം പരന്നതിന്റെ പേർ. അന്തർഗ്ഗതം വിസ്മൃതം (അ-ന-പ്ര-ഏ) ഇവ ഉ-ം മറക്കപ്പെട്ടതിന്റെ പേർ. പ്രാപ്തം പ്രണിഹിതം (അ-ന-പ്ര-ഏ) ഇവ ഉ-ം ലഭിക്കപ്പെട്ടതിന്റെ പേർ.

വേല്ലിതപ്രേംഖിതാധൂതചലിതാകംപിതാ ധൃതം
നുന്നനുന്നാസ്തനിഷ്ക്ഷൃതാവിദ്ധക്ഷിപ്തേരിതാ സ്സമാഃ. പ്ര

വേല്ലിതഃ പ്രേംഖിതഃ ആധൂതഃ ചലിതഃ അകംപിതഃ ധൃതഃ (അ-പു-പ്ര-ഏ) ഇവ ന-ം ഇളക്കപ്പെട്ടതിന്റെ പേർ. നുന്നഃ നുന്നഃ അസ്തഃ നിഷ്ക്ഷൃതഃ എന്നർത്ഥമാം. അവിദ്ധഃ ക്ഷിപ്തഃ ഈരിതഃ (അ-പു-പ്ര-ഏ) ഇവ ൈ-ം നീക്കപ്പെട്ടതിന്റെ പേർ.

പരിക്ഷിപ്തന്തു നിവൃതം മൂഷിതം മുഷിതാത്മകം
പ്രവൃദ്ധപ്രസൃതേ ന്യസ്തം നിസ്പൃഷ്ടേ ഗ്രണിതാഹതേ.

പരിക്ഷിപ്തം നിവൃതം (അ-ന-പ്ര-ഏ) ഇവ ഉ-ം ചുറ്റപ്പെട്ടതിന്റെ പേർ. മൂഷിതം മുഷിതം (അ-ന-പ്ര-ഏ) ഇവ ഉ-ം മോഷ്ടിക്കപ്പെട്ടതിന്റെ പേർ. പ്രവൃദ്ധം പ്രസൃതം (അ-ന-പ്ര-ഏ) ഇവ ഉ-ം ഏറ്റവും വർദ്ധിച്ചതിന്റെ പേർ. ന്യസ്തം നിസ്പൃഷ്ടം (അ-ന-പ്ര-ഏ) ഇവ ഉ-ം വെക്കപ്പെട്ടതിന്റെ പേർ. ഗ്രണിതം ആഹതം (അ-ന-പ്ര-ഏ) ഇവ ഉ-ം പൊരുക്കപ്പെട്ടതിന്റെ പേർ.

നിദിഗ്ധോപചിതേ ഗ്രന്ഥേപ്ത ഗ്രണ്ഡിതത്രുഷിതേ
തൃതാവദീർണ്ണേ ഉദ്ഗ്രർണ്ണോദ്യതേ കാചിതശിക്യതേ. പുൻ

നിദിഗ്ധം ഉപചിതം (അ-ന-പ്ര-ഏ) ഇവ ഉ-ം ലേപനം ചെയ്യപ്പെട്ടതിന്റെ പേർ. (വർദ്ധിച്ചതിന്റെ പേർ എന്നും

ത്തെ മതമുണ്ട്.) ഗ്രന്ഥം ഗ്രപ്തം (അ-ന-പ്ര-ഏ) ഇവ ചേർ ത്തപ്പെട്ടതിന്റെ പേർ. ഗ്രണ്ഡിതം (ഗ്രന്ഥിതമെന്നുമാം) ഗ്രഷിതം (അ-ന-പ്ര-ഏ) ഇവ ചേർ പൊടികൊണ്ടു ലേപനംചെയ്യപ്പെട്ട തിന്റെ പേർ. ഗൃതം അവടീർണ്ണം (അ-ന-പ്ര-ഏ) ഇവ ഗുഡിച്ചുനിന്റെ പേർ. ഉദ്ഗ്രർണ്ണം ഉദ്യതം (അ-ന-പ്ര-ഏ) ഇവ ചേർ ഓങ്ങപ്പെട്ടതിന്റെ പേർ. കാഷിതം ശിക്യതം (അ ന-പ്ര-ഏ) ഇവ ചേർ ഉറിയിൽ വെക്കപ്പെട്ടതിന്റെ പേർ.

ഗ്രാണഗ്രാതേ ദിഗ്ദ്ധലിപ്തേ സമൂദകേതാദ്ധൃത സമേ
വേഷ്ടിതം സ്യാദ്വലയിതം സംവീതം ഗുഢമാവൃതം. ൽ൦

ഗ്രാണം ഗ്രാതം (അ-ന-പ്ര-ഏ) ഇവ ചേർ നാറപ്പെട്ടതിന്റെ പേർ. ദിഗ്ദ്ധം ലിപ്തം (അ-ന-പ്ര-ഏ) ഇവ ചേർ ലേപനം ചെയ്യപ്പെട്ടതിന്റെ പേർ. സമൂദകം ഉദ്ധൃതം (അ-ന-പ്ര-ഏ) ഇവ ചേർ ചീട്ടുക്കപ്പെട്ടതിന്റെ പേർ. സമൂദസ്താദ്ധൃതേ സമേ എന്നുള്ള പാഠമത്രെ യുക്തതരമാകുന്നതെന്നു ധരിച്ചുകൊൾക. വേഷ്ടിതം വലയിതം (അ-ന-പ്ര-ഏ) സംവീതം ഗുഢം ആവൃതം (അ-ന-പ്ര-ഏ) ഇവ ൩-ം ചുറപ്പെട്ടതിന്റെ പേർ. പരിക്ഷിപ്തം നിവൃതം ഇവ ചേർ ചുറപ്പെട്ടതിന്റെ പേർ എന്നു് ഒടെടുത്തു പറഞ്ഞിരിക്കുന്നു. വേഷ്ടിതാദികളായ അഞ്ചു ശബ്ദങ്ങൾ ഇവിടെയും ചുറപ്പെട്ടതിന്റെ പേരായിട്ടതന്നെ പറയപ്പെട്ടിരിക്കുന്നു. ഇവ ഒക്കെയും തുല്യാർത്ഥങ്ങളായിരുന്നാൽ ഒടെടുത്തു് പിള്ളാംകൂടി പറവാൻ സംഗതിയുണ്ടായിരുന്നു. അതുകൊണ്ടു് പരിക്ഷിപ്തം, നിവൃതം, ഇവയും വേഷ്ടിതാദികളും തുല്യാർത്ഥങ്ങളായ്വരികയില്ല എന്നു് ഇവിടെ ഒരു ആക്ഷേപത്തിന്നു വഴിയുണ്ടു്. അതിനെ പരിഹരിക്കേണ്ടതാകുന്നു. ഉപോദ്ഘാടീകയിൽ പരിക്ഷിപ്തനിവൃതശബ്ദങ്ങൾ മതിലു മുതലായതുകൊണ്ടു നാലുപുറവും വേഷ്ടിക്കപ്പെട്ടതിന്റെ പേർ എന്നും, വേഷ്ടിതം വലയിതമിത്യാദികൾ പുര മുതലായതിനാൽ വേഷ്ടിക്കപ്പെട്ട നഗരാദിയുടെ പേർ എന്നും പറഞ്ഞിരിക്കുന്നു. ഇത്രമാത്രമല്ലാതെ വേറേ ഒരു വിശേഷവും കാണ്മാനില്ല എന്നു് അറിഞ്ഞുകൊൾകയും വേണം. തമിഴ്ക്കുത്തിൽ പരിക്ഷിപ്തമെന്നതിന്നു ചുറപ്പെട്ടതു് എന്ന വിവരണവുമുണ്ടു്.

ശുഗ്ണം ട്ടഗാഢ നിശിതക്ഷ്ണൗതശാതാനി തേജിതേ
സ്യാദ്വിനാശോത്സവേ പക്വം ഹ്രീണഹ്രീതേ തു ലജ്ജിതേ.

ശുഗ്ണം ട്ടഗ്നം (അ-ന-പ്ര-ഏ) ഇവ ചേർ ട്ടഗ്നമായതിന്റെ പേർ. നിശിതം ക്ഷ്ണൗതം ശാതം തേജിതം (അ-ന-പ്ര-

ഏ) ഇവ രാ-ം മൂച്ച്ചുട്ടപ്പെട്ടതിന്റെ പേർ. വിനാശോന്മുഖം പകുപ്പം (അ-ന-പ്ര-ഏ) നശിപ്പാനടുത്തതിന്റെ പേർ. ഹ്രീണഃ ഹ്രീതഃ (അ-പു-പ്ര-ഏ) ഇവ പു-ം ലജ്ജിച്ചവന്റെ പേർ.

വൃതേ ത്തു വൃത്തവ്യാവൃത്തൌ സംയോജ്ഗിത ഉപാഹിതഃ
പ്രാപ്യം ഗമ്യം സമാസാദ്യം സ്യന്നം തീണ്ണം സ്രുതം സ്രുതം.

വൃതഃ വൃത്തഃ വ്യാവൃത്തഃ (പാവൃത്തഃ പുംനമാം.) (അ-പു-പ്ര ഏ) ഇവ ന-ം വരിക്കപ്പെട്ടതിന്റെ പേർ. സംയോജ്ഗിതഃ ഉപാഹിതഃ (അ-പു-പ്ര-ഏ) ഇവ പു-ം കൂട്ടപ്പെട്ടതിന്റെ പേർ. പ്രാപ്യം ഗമ്യം സമാസാദ്യം (അ-ന-പ്ര-ഏ) ഇവ ന-ം പ്രാപിക്കപ്പെടുവാൻ ശക്യമായതിന്റെ പേർ. സ്യന്നംതീണം സ്രുതം സ്രുതം (അ-ന-പ്ര-ഏ) ഇവ രു-ം ഒഴുകിയതിന്റെ പേർ.

സംഗ്രുഢസ്സ്യാൽ സംകലിതോടവഗീതഃ പ്യാതഗർഹ്ണഃ
വിവിധസ്സ്യാദ്ംബഹുവിധോ നാനാരൂപഃ പൃഥഗ്വിധഃ

സംഗ്രുഢഃ സംകലിതഃ (അ-പു)-പ്ര-ഏ)ഇവ പു-ം ഒന്നായി കൂട്ടപ്പെട്ട രൂകയുടെപേർ. അവഗീതഃ പ്യാതഗർഹ്ണഃ (അ-പു-പ്ര-ഏ) ഇവ പു-ം നിന്ദിക്കപ്പെട്ടവന്റെ പേർ. വിവിധഃ ബഹുവിധഃ നാനാരൂപഃ പൃഥഗ്വിധഃ (അ-പു-പ്ര-ഏ) ഇവ രു-ം പലവിധമായുള്ളതിന്റെ പേർ.

അവധീണോ ധിക്കൃതശ്ചാപ്യവധ്വസ്തസ്ത്വവചൂർണ്ണിതഃ
അനായാസകൃതം ഫ്ഫാണ്ടം സ്വനിതം ധ്വനിതം സമേ.

അവധീണഃ ധിക്കൃതഃ (അ-പു-പ്ര-ഏ) ഇവ പു-ം ധിക്കരിക്കപ്പെട്ടവന്റെ പേർ. അവധ്വസ്തഃ അവചൂർണ്ണിതഃ (അ-പു-പ്ര-ഏ) ഇവ പു-ം പൊടിക്കപ്പെട്ടതിന്റെ പേർ (അവധ്വസ്തഃ പുംനമാം) ഫ്ഫാണ്ടം (അ-ന-പ്ര-ഏ) എളുപ്പത്തിൽ ചമയ്ക്കുന്നതായ കഷ്ടായവിശേഷത്തിന്റെ പേർ. സ്വനിതം ധ്വനിതം (അ-ന-പ്ര-ഏ) ഇവ പു-ം ശബ്ദിച്ചതിന്റെ പേർ.

ബദ്ധേ സന്ദാനിതം മൂതമുദ്ഗിതം സന്ദിതം സിതം
നിഷ്കുകഷായം കഥിതംപാകേ ക്ഷീരാജ്യഹ്വിഷ്ശ്രുതം. ൽ൭

ബദ്ധം സന്ദാനിതം മൂതം ഉദ്ഗിതം (ഉദിതമെന്നുമാം.) സന്ദിതം സിതം(അ-ന-പ്ര-ഏ)ഇവ ന-ം ബന്ധിക്കപ്പെട്ടതിന്റെപേർ. നിഷ്കുകഷായം കഥിതം (അ-ന-പ്ര-ഏ) ഇവ പു-ം പചിക്കപ്പെട്ട കഷായാദികളുടെ പേർ. ശ്രുതം (അ-ന-പ്ര-ഏ) വേവിക്കപ്പെട്ട പാൽ നെയ്യ് മുതലായതിന്റെ പേർ. ക്ഷീരാജ്യഹ്വിപയസാംശ്രുത

മെന്നും സ്യാൽക്ഷീരഹവിഃശാശ്വതമെന്നും പാഠാന്തരങ്ങളും കാണപ്പെടുന്നു.

നിർവാണോ മുനിവഹ്ന്യാദൗ നിഷ്പാതസ്തു ഗതൗ നിധൗ
പക്വം പരിണതേ ഗ്രസ്തം ഹസ്തേ മീഢം തു മൂത്രിതേ. ൽന

നിർവാണഃ (അ-പു-പ്ര-ഘ്ഞി) മുനിവഹ്ന്യാദികളുടെ പേർ. നിർഗ്ഗമിച്ചതു് ഘ്ടിന്ന നിർവാണശബ്ദത്തിന്റെ അർത്ഥമാകുന്നു. നിർഗ്ഗമനകർത്താവു് വായുവാകുന്ന ഘ്ടിങ്കിൽ നിഷ്പാതഃ ഘ്ടിന്നതിനെ പ്രയോഗിക്കയും വേണം. നിഷ്പാതശബ്ദം നീങ് ഘ്ടിന്ന ധാതുവിങ്കൽനിന്നു ഘഞന്തമായി കർത്തൃവാചകമായ കൃത പ്രത്യയം ചേരുമ്പോൾ ഉണ്ടാകുന്നതാകുന്നു. ഇതിന്റെ തകാരത്തിനു നകാരം വിധിക്കപ്പെട്ടിരിക്കുന്നു. വായുവിനെ പറയുന്നതാകുന്ന ഘ്ടിങ്കിൽ തകാരത്തിനു നകാരം വരികയുമില്ല. അതുകൊണ്ടു വായുഭിന്നന്മാരായ മുന്യാദികളെ നിഷ്പാണശബ്ദംകൊണ്ടു വിശേഷിപ്പിക്കാം. നിഷ്പാണോമുനിഃ നിഷ്പാണോവഹ്നിഃ നിഷ്പാണോഹസ്തീ ഇങ്ങിനെ ഉദാഹരണങ്ങൾ. ഇപ്രകാരമാകയാൽ നിർവാണശബ്ദം മുനിവഹ്ന്യാദിവാചകമാകുന്ന ഘ്ടിനെസാമർത്ഥ്യത്തെ ഗ്രഹിച്ചുകൊൾക. നിഷ്പാണോമുനിഃ ഘ്ടിന്ന ഉദാഹരണത്തിങ്കലെ നിഷ്പാണശബ്ദത്തിനു നിർഗ്ഗതനെന്നർത്ഥമാകുന്നു. നിഷ്പാണോവഹ്നിഃ ഘ്ടിന്ന ഉദാഹരണത്തിങ്കലെ നിഷ്പാണശബ്ദത്തിനു കെട്ടതു് ഘ്ടിന്ന അർത്ഥമാകുന്നു. നിഷ്പാണോഹസ്തീ ഘ്ടിന്നുള്ളുദാഹരണത്തിങ്കലെ നിഷ്പാണശബ്ദത്തിനു മുങ്ങിയവൻ ഘ്ടിന്നർത്ഥമാകുന്നു. ഘ്ടിങ്കിലും നിഷ്പാണമെന്ന ഒരു ശബ്ദം മുന്യാദിവിശേഷണമായി രചിക്കയാൽ മുനിവഹ്ന്യാദിനാമത്വം നിഷ്പാണശബ്ദത്തിനു സിദ്ധമാകുന്നു ഘ്ടിന്ന അറിഞ്ഞുകൊൾക. നിഷ്പാതഃ (അ-പു-പ്ര-ഘ്ഞ) ഗതനായിരിക്കുന്ന അനിലന്റെ പേർ. ഗതൻ=പോയവൻ. അനിലൻ=വായു. പക്വം പരിണതം (അ-ന-പ്ര-ഘ്ഞ) ഇവ ക-ം പാകം വന്നതിന്റെ പേർ. ഗ്രസ്തം ഹസ്തം (അ-ന-പ്ര-ഘ്ഞ) ഇവ ക-ം മലോത്സർഗ്ഗത്തെ ചെയ്തതിന്റെ പേർ. മീഢം മൂത്രിതം (അ-ന-പ്ര-ഘ്ഞി) ഇവ ക-ം മൂത്രവിസർഗ്ഗത്തെ ചെയ്തതിന്റെ പേർ.

പുഷ്ടം തു പുഷിതം സോഢേ ക്ഷാന്തമുദ്വാന്തമുദ്ഗതേ
ദാന്തസ്തു ദമിതേ ശാന്തഃശ്രമിതേ പ്രാർത്ഥിതേർദ്ദിതഃ. ൽന

പുഷ്ടം പുഷിതം (അ-ന-പ്ര-ഘ്ഞ) ഇവ ക-ം പുഷ്ടിവരുത്തപ്പെട്ടതിന്റെ പേർ. സോഢം ക്ഷാന്തം (അ-ന-പ്ര-ഘ്ഞ) ഇവ ക-ം സഹിക്കപ്പെട്ടതിന്റെ പേർ. ഉദ്വാന്തം(ഉദ്വാതമെന്നുമാം)

ഉദ്ഗതം (അ-ന-പ്ര-ഏ) ഇവ ത-ം ഉദ്ഗമിച്ചതിന്റെ പേർ. ഉദ്ഗമിക്ക=മേൽപ്പെട്ടുപോക. ചർട്ടിക്കപ്പെട്ട അന്നം മുതലായതിന്റെ പേർ ഏറ്റം ഒരു മതമുണ്ട്. ദാന്തഃ ദമിതഃ (അ-പു-പ്ര-ഏ) ഇവ ത-ം അടക്കപ്പെട്ടതിന്റെ പേർ. ശാന്തഃ ശമിതഃ (അ-പു-പ്ര-ഏ) ഇവ ത-ം ശമിക്കപ്പെട്ടതിന്റെ പേർ. പ്രാർത്ഥിതഃ അർട്ടിതഃ (അ-പു-പ്ര-ഏ) ഇവ ത-ം യാചിക്കപ്പെട്ടതിന്റെ പേർ.

ജ്ഞാപ്തസ്തു ജ്ഞപിതേ ച്ഛന്നശ്ചരാദിതേ പൂജിതേടഞ്ചിതഃ
പൂർണ്ണസ്തു പൂജിതേ ക്ലിഷ്ടഃ ക്ലിശിതേടവസിതേ സിതഃ. ൯൭

ജ്ഞപ്തഃ ജ്ഞപിതഃ (അ-പു-പ്ര-ഏ) ഇവ ത-ം അറിയിക്കപ്പെട്ടതിന്റെ പേർ. ചന്നഃ ചരാദിതഃ (അ-പു-പ്ര-ഏ) ഇവ ത-ം മറയ്ക്കപ്പെട്ടതിന്റെ പേർ. പൂജിതഃ അഞ്ചിതഃ (അ-പു-പ്ര-ഏ) ഇവ ത-ം പൂജിക്കപ്പെട്ടവന്റെ പേർ. (പൂജിതേച്ഛിതഃ പുണ്ണമാം) പൂർണ്ണഃ പൂജിതഃ (അ-പു പ്ര-ഏ) ഇവ ത-ം നിറയ്ക്കപ്പെട്ടതിന്റെ പേർ. ക്ലിഷ്ടഃ ക്ലിശിതഃ (അ-പു-പ്ര-ഏ) ഇവ ത-ം ക്ലേശിച്ചവന്റെ പേർ. അവസിതഃ സിതഃ (അ-പു-പ്ര-ഏ) ഇവ ത-ം അവസാനിച്ചതിന്റെ പേർ.

പ്രുഷ്ടപ്ലുഷ്ടോഷിതാ ദഗ്ദ്ധേ തപ്തതപ്തൗ തനൂകൃതേ
വേധിതച്ഛിദ്രിതൗ വിദ്ധേ വിന്നവിത്തൗ വിചാരിതേ.

പ്രുഷ്ടഃ പ്ലുഷ്ടഃ ഉഷിതഃ ദഗ്ദ്ധഃ(അ-പു-പ്ര-ഏ)ഇവ ര-ം ദഹിക്കപ്പെട്ടതിന്റെ പേർ. ദഹിക്ക=ഭസ്മമാക്കുക. തപ്തഃ തപ്തഃ തനൂകൃതഃ (അ-പു-പ്ര-ഏ) ഇവ ന-ം ചെത്തിക്കുറയ്ക്കപ്പെട്ടതിന്റെ പേർ. വേധിതഃ ചരിദ്രിതഃ വിദ്ധഃ (അ-പു പ്ര-ഏ) ഇവ ന-ം തുളയ്ക്കപ്പെട്ടതിന്റെ പേർ. വിന്നഃ വിത്തഃ വിചാരിതഃ (അ-പു-പ്ര-ഏ) ഇവ ന-ം വിചാരിക്കപ്പെട്ടതിന്റെ പേർ.

നിഷ്പ്രേതേ വിഗതാശോകേ വിലീനേ വിദ്രുതദ്രുതൗ
സിദ്ധേ നിർവ്വൃത്തനിഷ്പന്നൗ ദാതിതേ ഭിന്നഭേദിതൗ. ൯൮

നിഷ്പ്രേതഃ വിഗതഃ അശോകഃ (അ-പു-പ്ര-ഏ) ഇവ ന-ം പ്രേതത്തോടുകൂടാത്തവന്റെ പേർ. വിലീനഃ വിദ്രുതഃ ദ്രുതഃ (അ-പു-പ്ര-ഏ) ഇവ ന-ം ഉരുകിയതിന്റെ പേർ. സിദ്ധഃ നിർവ്വൃത്തഃ നിഷ്പന്നഃ (അ-പു-പ്ര-ഏ) ഇവ ന-ം സിദ്ധമായതിന്റെ പേർ. ദാതിതഃ ഭിന്നഃ ഭേദിതഃ (അ-പു-പ്ര-ഏ) ഇവ ന-ം പിളക്കപ്പെട്ടതിന്റെ പേർ.

ഊതം സ്യൂതമുതഞ്ചേതി ത്രിതയം തന്ത്രസന്തതേഃ
സ്യാദഥ്നിതേനമസ്യിതനമസിതമപചായിതാച്ചിതാപചിതം.

വരിവസിതേ വരിവസ്യിത മുപാസിതശ്ചോപചരിതശ്ച
സന്താപിത സന്തപ്തൗ ധൂപിത ധൂപായിതൗ ച ദുനശ്ച.

ഉഷ്തം സ്യൂതം ഉതം (അ-ന-പ്ര-ഏ) ഇവ ന-ം ഉടുംപാ
യുമായ് ന്നെയ്യപ്പെട്ടതിന്റെ പേർ. അർഹിതം നമസ്യിതം നമ
സിതം അപചായിതം അർച്ചിതം അപചിതം (അ-ന-പ്ര-ഏ) ഇ
വ സ-ം നമസ്കരിക്കപ്പെട്ടതിന്റെ പേർ. വരിവസിതം വരി
സ്യിതം ഉപാസിതം ഉപചരിതം (അ-ന-പ്ര-ഏ) ഇവ ച-ം സേ
വിക്കപ്പെട്ടതിന്റെ പേർ. സന്താപിതഃ സന്തപ്തഃ ധൂപിതഃ ധൂപാ
യിതഃ ദുനഃ (അ-പ-പ്ര-ഏ) ഇവ ത-ം സന്താപത്തെ പ്രാപിക്ക
പ്പെട്ടവന്റെ പേർ.

ഹൃഷ്ടേ മത്തസ്തൃപ്തഃ പ്രഹൃഷ്ടഃ പ്രമുദിതഃ പ്രീതഃ
ഹരിന്നഞ്ജരാതം ലൂനം കൃത്തം ദാതം ദിതഞ്ഛിതം വ്രുക്ണം.

ഹൃഷ്ടഃ മത്തഃ തൃപ്തഃ പ്രഹൃഷ്ടഃ പ്രമുദിതഃ പ്രീതഃ (അ-പ-
പ്ര-ഏ) ഇവ സ-ം സന്തുഷ്ടന്റെ പേർ. ഛിന്നം ഛരാതം ലൂനം
കൃത്തം ദാതം ദിതം ഛിതം വ്രുക്ണം (അ-ന-പ്ര-ഫ്യ) ഇവ ഖ-ം
ഛേദിക്കപ്പെട്ടതിന്റെ പേർ.

സ്രസ്തം ധ്വസ്തം ഭ്രഷ്ടം സ്രന്നം ച്യുതം ഗളിതം
ലബ്ധം പ്രാപ്തം വിന്നം ദാവിതമാസാദിതഞ്ച ഭൃതം ച.

സ്രഷ്ടം ധ്വസ്തം ഭ്രഷ്ടം സ്രന്നം ച്യുതം ഗളിതം (അ-
ന-പ്ര-ഏ) ഇവ ഭ-ം വീണതിന്റെ പേർ. ലബ്ധം പ്രാപ്തം
വിന്നം ദാവിതം ആസാദിതം ഭൃതം (അ-ന-പ്ര-ഏ) ഇവ ന-ം
ലഭിക്കപ്പെട്ടതിന്റെ പേർ.

അനേഷിതം ഗവേഷിതമന്വിഷ്ടം മാർഗ്ഗിതം ജൃഗിതം
ആർദ്ദം സാർദ്ദം ക്ലിന്നം തിമിതം സ്തിമിതം സമുന്നമുത്തഞ്ച.

അനേഷിതം ഗവേഷിതം അന്വിഷ്ടം മാർഗ്ഗിതം ജൃഗിതം
(അ-ന-പ്ര-ഫ്യ) ഇവ ദ-ം അന്വേഷിക്കപ്പെട്ടതിന്റെ പേർ.
ആർദ്ദം സാർദ്ദം ക്ലിന്നം തിമിതം സ്തിമിതം സമുന്നം ഉത്തം (അ-
ന-പ്ര-ഫ്യ) ഇവ ത-ം നനഞ്ഞതിന്റെ പേർ.

ത്രാതം ത്രാണം രക്ഷിതമവിതം ഗോപായിതഞ്ച ഗുപ്തഞ്ച
അവ്ജ്ഞാത മവമതാവജ്ഞാതേ അവമാനിതഞ്ച പരിഭൂതേ.

ത്രാതം ത്രാണം രക്ഷിതം അവിതം ഗോപായിതം ഗുപ്തം
(അ ന-പ്ര-ഏ) ഇവ ന്ന-ം രക്ഷിക്കപ്പെട്ടതിന്റെ പേർ. അവജ്ഞാ
തം അവമതം അവജ്ഞാതം അവമാനിതം പരിഭൂതം ഇവ
ഭ-ം അവമാനിക്കപ്പെട്ടതിന്റെ പേർ.

ത്യക്തം ഹീനം വിധൃതം സമൃദ്ധിതം ധൃതമുത്സൃഷ്ടേ
ഉക്തം ഭാഷിതമുദിതം ജല്പിതമാഖ്യാതമഭിഹിതം ലപിതം.

ത്യക്തം ഹീനം വിധൃതം സമൃദ്ധിതം ധൃതം ഉത്സൃഷ്ടം (അ-ന-പ്ര-ഏ) ഇവ ന-ം ഉപേക്ഷിക്കപ്പെട്ടതിന്റെ പേർ. ഉക്തം ഭാഷിതം ഉദിതം ജല്പിതം ആഖ്യാതം അഭിഹിതം ലപിതം (അ-ന-പ്ര-ഏ) ഇവ ഒ-ം പറയപ്പെട്ടതിന്റെ പേർ.

ബുദ്ധം ബുധിതം മനിതം വിദിതം പ്രതിപന്നമവസിതാവഗതേ
ഊരീകൃതമുരരീകൃതമംഗീകൃതമാശ്രുതം പ്രതിജ്ഞാതം. ൪൦൫
സംഗീർണ്ണവിദിതസംശ്രുതസമാഹിതോപശ്രുതോപഗതം
ഈളിതശസ്തപണായിതപനായിതപ്രണതപണിതപനിതാനി.
അപി ഗീർണ്ണവർണ്ണിതാഭിഷ്ടുതേഡിതാനി സ്തുതാത്മാനി
ഭക്ഷിതചവ്വിതലീഢ പ്രത്യവസിതഗളിതഖാദിതസ്നാതം. ൪൦൬
അദ്യവഹൃതാന്നജഗ്ധഗ്രസ്തഗ്ലസ്താശിതം ഭക്തേ
ക്ഷ്വേപിഷ്ണുക്ഷോദിഷ്ണുപ്രേഷ്ണുവരിഷ്ണുസ്ഥവിഷ്ണുബംഹിഷ്ണുഃ.
ക്ഷ്വിപ്രക്ഷുദ്രാഭീഷ്ണിതപൃഥുപീവരാ ബൃഹ്വലകപ്രകൃഷ്ടാർത്ഥാഃ
സാധിഷ്ണുർഗ്രാഹിഷ്ണു സ്ഫോഷ്ണു ഗരിഷ്ണുർഗ്രസിഷ്ണുർവൃന്ദിഷ്ണുഃ
ഖാഡവ്യായതബഹ്വഗ്രുരുവാമനവൃന്ദാരകാതിശയേ.

ദരയോലമനേശൈല ശൃംഗസീമാംഗേ കൂടമസ്ത്രിയാം.

കൂടം (അ-ന-പ്ര-പു) ഇരുമ്പാലത്തിന്റെയും ഇല്ലിക്കത്തോട്ടു കൂടാത്തതിന്റെയും മൃഗാദികളെ ഹിംസിപ്പാനുള്ള വല മുതലായ പദാർത്ഥത്തിന്റെയും കപടത്തിന്റെയും അസത്യത്തിന്റെയും സമൂഹത്തിന്റെയും ഇരുമ്പുകൊട്ടുന്ന കൂടത്തിന്റെയും പർവ്വതശിഖരത്തിന്റെയും കൊഴുപ്പിന്റെയും പേർ .കൂടശബ്ദം മേൽപറഞ്ഞ അർത്ഥങ്ങളിൽ പുല്ലിംഗമായിട്ടും പ്രയോഗിക്കാം.

സ്ഥൈര്യപ്രയത്നയോസ്തൃഷ്ണീ സ്ത്രീസ്യാൽ കാലഭേദേ സംശയേപിച
അന്ധ്യൽകൃഷ്ണാശ്രയഃ കോടൗ മൂലേലഗകചേജടാ. ന-പു

കോടിഃ (ഇ-സ്ത്രീ-പ്ര-പു) ചിരാലത്തിന്റെയും കാലവിശേഷത്തിന്റെയും അല്പത്തിന്റെയും സംശയത്തിന്റെയും പേർ. കോടിഃ (ഇ-സ്ത്രീ-പ്ര-പു) വില്ലിന്റെ അഗ്രഭാഗങ്ങളുടെയും അതിശയത്തിന്റെയും കോണിന്റെയും സംഖ്യാവിശേഷത്തിന്റെയും പേർ. ജടാ (അ-സ്ത്രീ-പ്ര ബ) ഘടത്തിന്റെയും ജടാമുടിയുടെയും പേർ

വൃഷ്ടിഃ ചലേസമൃദ്ധൗച ദൃഷ്ടിജ്ഞാനേക്ഷണേദൃശൗ
ഖഷ്ടിയ്യാഗേച്ഛയോസ്തുഷ്ടം നിശ്ചിതേഖണ്ഡനിർദ്ദിഷ്ടം. ന-പു

വൃഷ്ടിഃ (ഇ-സ്ത്രീ-പ്ര-ബ) പ്രയോജനത്തിന്റെയും സമൃദ്ധിയുടെയും പേർ. ദൃഷ്ടിഃ (ഇ-സ്ത്രീ-പ്ര-പു) അറിവിന്റെയും കണ്ണിന്റെയും കാഴ്ചയുടെയും പേർ. ഇഷ്ടിഃ (ഇ-സ്ത്രീ-പ്ര-ബ) യാഗത്തിന്റെയും ഇച്ഛയുടെയും പേർ. തുഷ്ടം (അ-ന-പ്ര-ബ) തൃപ്തിയാകുന്നു. നിശ്ചയിക്കപ്പെട്ടതിന്റെയും ബഹുവായുള്ളതിന്റെയും പേർ. വൃഷ്ടിന്നിശ്ചിതേ ബഹുലേത്രിഷു ചിന്ന ചിലർ പഠിക്കുന്നു.

കഷ്ടേ തു ക്രൂരനിഷ്ഠുരയോർമ്മന്ദാശുദ്ധയോഷു ച
പടുർദ്ദക്ഷേ വാഗ്മി ലിംഗേ ച നീലകണ്ഠശ്ശിവേപി ച. ഭം

കഷ്ടം (അ-ന-പ്ര-ബ) ദുഃഖത്തിന്റെയും ദുർഗ്ഗമമായ ദേശത്തിന്റെയും പേർ. പടുഃ (ഉ-പു-പ്ര-പു) അലസനല്ലാത്തവന്റെയും തീക്ഷ്ണനായിരിക്കുന്നവന്റെയും ദോഷത്തോടുകൂടാതെ ഇരിക്കുന്നവന്റെയും പേർ. പടുവാഗ്വിലിംഗേച എന്നതിന്ന് കഷ്ടപട്ട ശബ്ദങ്ങൾ വിശേഷണങ്ങളായി വരുന്നെടത്തു് വിശേ

ഷ്ണുത്തിന്റെ ലിംഗംപോലെ ഇരിക്കുന്ന ലിംഗത്തോടുകൂടിയതുക ളാണിതിക്കുമെന്നു അർത്ഥമാകുന്നു.

ഇതി ടാന്തവർഗ്ഗഃ.

ഠാന്തഃ.

നീലകണ്ഠഃ (അ-പു-പ്ര-ഏ) ശിവന്റെയും മയിലിന്റെയും പേർ.

ചൂംസി കോചഛുാന്തരുദരേ കുസുഭലന്തർഗ്ഗുഹാ തഥാ
നിച്ചൂ നിച്ചുത്തിനാശാന്തഃ കാചഛുാൽകഷ്ടസ്ഥിതൗദിശി.

കോചഛു. (അ-പു-പ്ര-ഏ) വയറിന്റെ അന്തർഭാഗത്തിന്റെയും വിത്തുകൊട്ടയുടെയും ഗുഹാന്തർഭാഗത്തിന്റെയും പേർ. നിച്ചൂ (അ സ്ത്രീ-പ്ര-ചു) നിച്ചുത്തിയുടെയും അടക്കുന്നതിന്റെയും അവസാനത്തിന്റെയും പേർ. നിച്ചുത്തി ചെയ്തതിനു് നിർവ്വർത്തി ചെയ്ത അർത്ഥമാകുന്നു. കാചഛു (അ-സ്ത്രീ-പ്ര-ഏ) ഉൽകൃഷ്ടത്തിന്റെയും മറ്റുള്ളതുടെയും ദിക്കിന്റെയും പേർ.

തിച്ചുജ്യോചഛുാടതിശബ്ദസ്ഫുടി കനിഛുാടതിയുവാക്ഷുയോഃ
ടണ്ഡാടസ്ത്രീലഗ്രഡേചിസ്യാദ് ഗ്രഡുഗോളക്ഷുപാകയോഃ.

ജ്യൈച്ചുഃ (അ-പു-പ്ര-ചു) ചുറുവും ശ്രേഷ്ഠനായിരിക്കുന്നവന്റെയും ചൂവ്വുജന്റെയും അതിവൃദ്ധന്റെയും ജ്യൈച്ചുമാസത്തിന്റെയും പേർ. കനിചുഃ (അ-പു-പ്ര-ചു) അതിയുവാവിന്റെയും അത്യുഷ്ടന്റെയും പേർ. അതിയുവാവെന്നതിനു് ഏറ്റവും യുവാവെന്നും യുവാവെന്നതിനു് യൌവനമുള്ളവൻ എന്നും അർത്ഥത്തെ ഗ്രഹിച്ചുകൊൾക.

ഇതി ാന്തവർഗ്ഗഃ.

ഡാന്തഃ.

ടണ്ഡഃ (അ-പു-പ്ര-ചു) (നപുംസകമായിട്ടുമാം) കുറുവടിയുടെയും സാമാദികളിൽ നാലാമത്തെ ഉപായത്തിന്റെയും അളവുകോലിന്റെയും പേർ. ഗ്രഡഃ (അ-പു-പ്ര-ഏ) മണ്ണുമുതലായതുകൊണ്ടുണ്ടാക്കിയ ഉണ്ടയുടെയും ശർക്കരയുടെയും പേർ.

സപ്തഹിംസ്രപശ്വാഖ്യോ ഭ്രഗോവാചസ്ഥിരിഡാ ഇളാഃ
ക്ഷേപഡാവംശശലാകാചി നാഡീകാലേചി ഷഠക്ഷുണേ.

വ്യാഡഃ (അ-പു-പ്ര-ചു) സപ്തത്തിന്റെയും മാംസഭക്ഷകളായ വ്യാഘ്രാദിയുടെയും പേർ. (സപ്തമാംസാൽപശു ചിന്നം പാഠമുണ്ടു്.) മാംസാൽപശു=മാംസാന്നായിരിക്കുന്ന പശു. മാം

സാത്ത്വ്=മാംസത്തെ അടിക്കുന്നത്. അടിക്ക=ഭക്ഷിക്ക. പശ്ചു=നാല്കാലി. ഇങ്ങനെ മാംസാൽപശു എന്നതിനോടുകൂടെ പഠിക്കുമ്പോൾ അതിന്റെ അർത്ഥത്തെ ഗ്രഹിച്ചുകൊൾക. ഇഡാ (അ-സ്ത്രീ-പ്ര-ഏ്യ) ഭൂമിയുടെയും പശുവിന്റെയും വാക്കിന്റെയും പേർ. (ഇളാ എന്നു ളാന്തമായിട്ടുമാം) ക്ഷ്വേഡാ (അ-സ്ത്രീ-പ്ര-ഏ്യ) മുളയുടെ അലകിന്റെയും സിംഹനാദത്തിന്റെയും പേർ. (പുല്ലിംഗമായാൽ വിഷത്തിന്റെ പേരാകയും ചെയ്യും) നാഡീ (ഈ-സ്ത്രീ-പ്ര-ഏ്യ) ഷഷ്ടിക്ഷണമായിരിക്കുന്ന കാലത്തിന്റെയും സൂക്ഷ്മനാഡിനാഡിയുടെയും പേർ. ഷഷ്ടിക്ഷണം=അറുക്ഷണം കൂടിയതു്. തെങ്ങാഴിക എന്നു ഗ്രഹിച്ചുകൊൾക.

കാണ്ഡോസ്ത്രീ ദണ്ഡബാണാവ്വ വർഗ്ഗാവസരവാരിഷു
സ്യാദ്ഭാണ്ഡമശ്വാഭരണേ മത്രേമൂലവണിഗ്ഭടേ. ൫൬

കാണ്ഡഃ (അ-പു-പ്ര-ഏ്യ) വടിയുടെയും ശരത്തിന്റെയും ദാധമനായവന്റെയും സമൂഹത്തിന്റെയും അവസരത്തിന്റെയും ജലത്തിന്റെയും പേർ. കാണ്ഡശബ്ദം നപുംസകമായിട്ടും പ്രയോഗിക്കാം. ഭാണ്ഡം (അ-ന-പ്ര-ഏ്യ) കുതിരയുടെ ആഭരണത്തിന്റെയും മൺപാത്രാദിപാത്രങ്ങളുടെയും കച്ചവടക്കാരന്റെ മൂലധനത്തിന്റെയും പേർ. ഇതി ഡാന്തവർഗ്ഗഃ

ഢാന്തഃ.

ദ്രുപ്രതിജ്ഞയോർഢ്യാഢം പ്രഗാഢം ദൃശകൂചരേ
ശക്തവാഢ്യലൊ ത്രിഷു ദൃഢേ വ്യൂഢേ വിന്യസ്തസംഹതേ;
ബ്രാഢം അ-ന-പ്ര-ഏ്യ). പെരുകിയതിന്റെയും അംഗീകാരത്തിന്റെയും പേർ. പ്രഗാഢം (അ-ന-പ്ര-ഏ്യ) പെരുകിയതിന്റെയും വിഷമമായുള്ളതിന്റെയും പേർ. ദൃഢഃ (അ-പു-പ്ര-ഏ്യ) ത്രിലിംഗമാകുന്നു. ശക്തിയുള്ളവന്റെയും തടിച്ചവന്റെയും പേർ. വ്യൂഢഃ (അ-പു-പ്ര-ഏ്യ) വിന്യസിക്കപ്പെട്ടതിന്റെയും ദൃഢസന്ധിനായുള്ളതിന്റെയും പേർ. വിന്യസിക്ക=ചേണ്ടംവണ്ണം നിറുത്തുക. ഇതി ഢാന്തവർഗ്ഗഃ.

ണാന്തഃ.

ഭ്രൂണാർഭകശ്ചൈസ്ത്രുണഗർഭേ ബ്രാണോബ്ബലിസുതേ ശരേ
കണോടതിസൂക്ഷ്മധാന്യാംശേ സംഘാതേ പ്രമഥേഗണഃ.

ഭ്രൂണഃ (അ-പു-പ്ര-ഏ്യ) ശിശുവിന്റെയും സ്ത്രീകളുടെ ഗർഭത്തിന്റെയും പേർ. ബ്രാണഃ (അ-പു-പ്ര-ഏ്യ) മഹാബലി ചക്രവർത്തിയുടെ പുത്രനായ ബ്രാണനെന്ന അസുരന്റെയും ശരത്തിന്റെ

ത്തിന്റെയും പേർ. കണം: (അ-പു-പ്ര-ക്ലീ) അതിസൂക്ഷ്മമായതിന്റെയും ധാന്യാംശത്തിന്റെയും പേർ. ധാന്യാംശമെന്നതിനു് നെല്ലു മുതലായ ധാന്യത്തിനു മാത്രം കാണുന്നതു്. ഗണം: (അ-പു-പ്ര-ക്ലീ) സമൂഹത്തിന്റെയും ശിവപാരിഷദന്മാരുടെയും പേർ. ഭൂതങ്ങളുടെയും ശിവപാരിഷദന്മാരാകുന്നതു്.

പണോ മൃതാദിഷ്ടൃസൂക്ഷ്മേ ഭൂതേ മൂല്യേ ധനേപി ച
മുഖ്യാം ദ്രവ്യാശ്രിതേ സത്യപൈശൂന്യസന്ധ്യാടികേഗ്രണഃ.

പണം: (അ-പു-പ്ര-ക്ലീ) പുതുപൊന്നുകൊണ്ടു മുതലായതിങ്കൽ ഉണ്ടാക്കിച്ചുവക്കായി തോറനവരാൽ കൊടുക്കപ്പെടേണ്ടതായ അരത്തുട്ടു വസ്തുവിന്റെയും രൗപ്യത്തിന്റെയും വിലയുടെയും ധനത്തിന്റെയും കാകിണികം നാലുക്കുടിനാൽ അതിന്റെയും പേർ. ഗ്രഹണം: (അ-പു-പ്ര-ക്ലീ) രാഗത്തിന്റെയും പ്രവൃത്തസംഗന്ധാടികളുടെയും സത്യത്തുസ്തമസ്സുകളുടെയും പൈശുന്യത്തിന്റെയും സന്ധിവിഗ്രഹാടികളുടെയും പേർ.

നിർവ്വാപാമസ്ഥിതൗ കാലവിശേഷാംസവയോഃ ക്ഷണഃ
വർണ്ണാടിഷ്ടാതൃസൂക്ഷ്മേ സ്യാത് വർണ്ണവാക്ഷയയോ

ക്ഷണ: (അ-പു-പ്ര-ക്ലീ) വ്യാപാരത്തോടുകൂടാതെ ഇള്ള ഇരിപ്പിന്റെയും നാഴികയിൽ ഒരറുപതിലൊരുഭാഗത്തിന്റെയും ഉത്സവത്തിന്റെയും പേർ. വർണ്ണ (അ-പു-പ്ര-ക്ലീ) ബ്രാഹ്മണാടി നാലുജാതികളുടെയും വെളുപ്പു മുതലായ നിറത്തിന്റെയും സ്തുതിയുടെയും പേർ. അക്ഷത്തിന്റെ പര്യായങ്ങളാകുന്നു. സകലമായിട്ടുമാം.

അക്ഷണോ ദാസ്തുരചി സ്യാദക്ഷ്ണോർഗോചി ച ത്രിഷു
സ്ഥാണുശ്ശിവേപ്യഥ ദ്രോണഃ കാകേപ്യാഢ്യേപി ച ദ്വയോഃ

അക്ഷണഃ (അ-പു-പ്ര-ക്ലീ) സൂര്യന്റെയും സൂര്യസൂതന്റെയും അവ്യക്തമായ ചുവപ്പിന്റെയും പേർ. അവ്യക്തമായ ചുവപ്പോടുകൂടിയതിന്റെ പേരാകുമ്പോൾ ത്രിലിംഗമാകയും ചെയ്യും. സ്ഥാണുഃ (ഉ-പു-പ്ര-ക്ലീ) ശിവന്റെയും കുറിമരത്തിന്റെയും പേർ. ദ്രോണഃ (അ-പു-പ്ര-ക്ലീ) കാവതിക്കാക്കയുടെയും അറുപത്തുനാഴി നാഴികൊള്ളുന്നതായ താപ്പിന്റെയും അതുകൊണ്ടു് അളക്കപ്പെട്ട ധാന്യാടികളുടെയും അശ്വത്ഥമാവിന്റെ അച്ഛന്റെയും പേർ. ഭണഃ (അ-പു-പ്ര-ക്ലീ) യുദ്ധത്തിന്റെയും ശബ്ദത്തിന്റെയും പേർ. കാകകപിചരക്ഷവരണഃ പുംസ്യം കാകകാളേപിരക്ഷവരണഃ പുംസ്യം പാഠാന്തരങ്ങളാകുന്നു.

ഗ്രാമണീസ്തൂപിതേ പുംസി ശ്രേഷ്ഠേഗ്രാമാധിപേ ത്രിഷു
ഉഷ്ണാ മേഷാദിരോമ്ണി സ്യാദാവന്തേ ചാന്തരാ ഭ്രുവോഃ.

ഗ്രാമണീഃ (ഇ-പു-പ്ര-ഏ) ക്ഷുദ്രക്കാരന്റെ പേർ. ശ്രേഷ്ഠന്റെയും ഗ്രാമാധിപതിയുടെയും പേരാകുമ്പോൾ ത്രിലിംഗമാകയും ചെയ്യും. ഉഷ്ണാ(അ-സ്ത്രീ-പ്ര-ഏ)ആട്ടു മുതലായവയുടെ രോമത്തിന്റെയും പുരികങ്ങളുടെ നടുവിൽ ഉണ്ടാകുന്ന ചുഴിയുടെയും പേർ.

ഹരിണീ സ്യാൻമൃഗീ ഹേമപ്രതിമാ ഹരിതാ ച യാ
ത്രിഷു പാണ്ഡുശ്ച ഹരിണഃ സ്ഥൂണാസ്തംഭേടപി ച പുമാൻ.

ഹരിണീ (ഇ-സ്ത്രീ-പ്ര-ഏ) മാൻപേടയുടെയും സ്വർണ്ണപ്രതിമയുടെയും ഹരിതവർണ്ണസ്ത്രീയുടെയും പേർ. ഹരിതവർണ്ണമെന്നത് പച്ചനിറമാകുന്നു. ഹരിണഃ (അ-പു-പ്ര-ഏ) ത്രിലിംഗമാകുന്നു. വെളുത്തവസ്തുവിന്റെ പേർ. മൃഗവിശേഷത്തിന്റെ പേരാകുമ്പോൾ പുല്ലിംഗമായിത്തന്നെ ഇരിക്കും. സ്ഥൂണാ (അ-സ്ത്രീ-പ്ര-ഏ) തൂണിന്റെയും ലോഹപ്രതിമയുടെയും പേർ.

തൃഷ്ണാ സ്പൃഹാഭിലാഷേ ച ജ്വരഭ്രാന്തേ ച ജീവനേ
വണിക്പഥേ ച വിപണിസ്ത്രിയാം പ്രത്യൂക് ച വാരുണീ.

തൃഷ്ണാ (അ-സ്ത്രീ-പ്ര-ഏ)ആഗ്രഹത്തിന്റെയും ജലപാനേച്ഛയുടെയും പേർ. വ്യണാ (അ-സ്ത്രീ-പ്ര-ഏ) നിന്ദയുടെയും കരുണയുടെയും പേർ. വിപണിഃ (ഇ-സ്ത്രീ-പ്ര-ഏ) അങ്ങാടിത്തെരുവിന്റെയും വില്പാനുള്ള പദാർത്ഥത്തിന്റെയും പേർ. വാരുണീ (ഈ-സ്ത്രീ-പ്ര-ഏ) മദ്യത്തിന്റെയും പടിഞ്ഞാറേ ദിക്കിന്റെയും പേർ.

കരേണുരിഭ്യാം സ്ത്രീനേഭേഭ്യേചിണ്ണ്ടേ ബലം ധനം
ശരണം ഗൃഹരക്ഷിത്രോ ശ്രീപർണ്ണം കമലേപി ച.

കരേണുഃ (ഉ-സ്ത്രീ-പ്ര-ഏ) പിടിയാനയുടെ പേർ. ഗജത്തിന്റെ പേരാകുമ്പോൾ പുല്ലിംഗമാകയും ചെയ്യും. ദ്രവിണം (അ-ന-പ്ര-ഏ) ബലത്തിന്റെയും ധനത്തിന്റെയും പേർ. ബല ധനേ വ്യാപ്തം പാഠമുണ്ട്. ശരണം(അ-ന-പ്ര-ഏ) ഗൃഹത്തിന്റെയും രക്ഷിതാവിന്റെയും പേർ. ശ്രീപർണ്ണം(അ-പു-പ്ര-ഏ) താമരപ്പൂവിന്റെയും മുഞ്ഞയുടെയും പേർ.

വിഷ്വാട്ടിമരലോഭേഷു തീക്ഷ്ണം ക്ലീബേ പരേ ത്രിഷു
പ്രമാണം ഹേതുമര്യാദാശാസ്ത്രേയത്താ പ്രമാതൃഷു. ഇര

തീക്ഷ്ണം (അ-ന-പ്ര-ച്ചു) വിഷത്തിന്റെയും യുദ്ധത്തിന്റെയും ഇരുമ്പിന്റെയും പേർ. ഖരത്തിന്റെ പേരാകുമ്പോൾ വിശേഷ്യാനുസാരേണ ലിംഗത്രയമുണ്ട്. പ്രമാണം (അ-ന-പ്ര-ച്ചു) ഹേതുവിന്റെയും മര്യാദയുടെയും ശാസ്ത്രത്തിന്റെയും ഇളവിന്റെയും തൂക്കത്തിന്റെയും പ്രമാതാവിന്റെയും പേർ. പ്രമാതാവു് = അറിയുന്നവൻ.

കരണം സാധകതമേ ക്ഷേത്രഗാത്രേന്ദ്രിയേഷ്വപി
പ്രാണ്യുൽപാദേ സംസരണമസംബാധമൃഗതൃഷ്ണയോഃ. ൪൩
ഖണ്ഡോപധഭേടിഷ വാന്താനേ സമുദ്ധരണമുന്നയേ
അഷ്ട ശ്രീഷു വിഷാണം സ്യാൽ പശ്വാദ്യാംഗേ ദന്തയോഃ. ൪൪

കരണം (അ-ന-പ്ര-ച്ചു) കാര്യനാടിക്രിയകളിൽ അധികമായി ഉപകാരമുള്ള ഖഡ്ഗാദികളുടെയും സസ്യങ്ങൾ വിളയും ഭൂമിയുടെയും ശരീരത്തിന്റെയും ഇന്ദ്രിയങ്ങളുടെയും പേർ. അപി ശബ്ദംകൊണ്ടു നാട്യഗീതവിഷയങ്ങളെയും ക്രിയയെയും സംഗ്രഹിച്ചിരിക്കുന്നു. സംസരണം (അ-ന-പ്ര-ച്ചു) പ്രാണികളുടെ ഉൽപത്തിത്രയമായിരിക്കുന്ന സംസാരത്തിന്റെയും തിങ്ങലോടുക്കുടാതെ ഉള്ള ഭസനാഗതിയുടെയും വീതിയുള്ള വഴിയുടെയും പേർ. വീതിയുള്ളവഴി ചൂണ്ടുന്നതു ഖണ്ഡോപധശബ്ദത്തിന്റെ അർത്ഥമാകുന്നു. സമുദ്ധരണം (അ-ന-പ്ര-ച്ചു) ചവർട്ടിക്കളഞ്ഞിട്ടു ഭക്ഷണത്തിന്റെയും ഉയർത്തുക ചൂണ്ടുന്ന ക്രിയയുടെയും പേർ. അഷ്ടസ്വഭാവം ചൂണ്ടുന്നതിനു ഇനി ണാന്തവർഗ്ഗാവസാനംവരെ ഉള്ള ശബ്ദങ്ങൾക്കു മൂന്നുലിംഗങ്ങളുമുണ്ടെന്നർത്ഥമാകുന്നു. വിഷാണം (അ-ന-പ്ര-ച്ചു) പശുവിൻകൊമ്പിന്റെയും ആനപ്പല്ലിന്റെയും പേർ. പുല്ലിംഗമായാൽ വിഷാണം ചൂണ്ടും സ്ത്രീലിംഗമായാൽ വിഷാണി ചൂണ്ടും ത്രപമാകുന്നു.

പ്രവണഃ ക്രമനിമ്നോർവ്യാം പ്രഭവനാത്തു ഖത്തുഷ്ടയേ
സംകീർണ്ണേ നിചിതാ ശ്രുധ്യാവിരണം ശ്രൂന്യമൂഷരം. ൪൫

പ്രവണഃ (അ പ്ര-പ്ര-ച്ചു) ക്രമണ താഴ്ചയോടുകൂടിയ ഭൂമിയുടെയും വണക്കമുള്ളവന്റെയും പേർ. പുല്ലിംഗം വിശേഷ്യമായാൽ പുല്ലിംഗമായും സ്ത്രീലിംഗം വിശേഷ്യമായാൽ സ്ത്രീലിംഗമായും നപുംസകം വിശേഷ്യമായാൽ നപുംസകലിംഗമായും ഭവിക്കും. ഉദാഹരണങ്ങൾ— പ്രവണോദേശഃ-പ്രവണാ ഭൂമിഃ പ്രവണം ക്ഷേത്രം പ്രവണഃ പുമാൻ പ്രവണാസ്ത്രീ പ്രവണംകുലം ഇങ്ങനെ മറ്റർത്ഥങ്ങളിലും ഗ്രഹിച്ചുകൊൾക. നാലുവഴികൾ കൂടുന്നിടത്തിന്റെ പേരായാൽ പുല്ലിംഗമായിത്തന്നെ ഇരിക്കും.

സങ്കീർണ്ണം (അ-പു-പ്ര-പു) വ്യാപിച്ചുതിരൻറയും ശുദ്ധിയോടുള്ളാടാത്ത വസ്തുവിൻറെയും പേർ. ഇരണം (അ-ന-പ്ര-ഏ) നിരാശ്രയദേശത്തിൻറെയും ഉവർനിലത്തിൻറെയും പേർ. ഇതിണാന്തവർഗ്ഗം.

താന്തം:

ദേവസൂനുഷ്യ വിവസ്വതന്തയ സമസ്വതന്തയ നദാണ്ണെവ
പക്ഷിതാർക്ഷ്യയ ഗരുത്മതന്തയ ദേകുന്തയ ദാസപക്ഷിണെയ.

വിവസ്വാൻ (ത-പു-പ്ര-ഏ) ദേവന്മാരുടെയും സൂര്യൻറെയും പേർ. സമസ്വാൻ (ത-പു പ്ര-ഏ) അണ്ണാറിൻറെയും സമുദ്രത്തിൻറെയും പേർ. ഗരുത്മാൻ (ത-പു-പ്ര-ഏ) പക്ഷികളുടെയും ഗരുഡൻറെയും പേർ. ശകുന്തഃ (അ-പു-പ്ര-പു) ദാസത്തിൻറെയും പക്ഷികളുടെയും പേർ. ദാസത്തിനു ഗോവുകൊക്കുടമെന്നതു പേർ. കള്ളിക്കാക്ക പുന്നു് അതിൻറെ തമിഴ്വാക്കുകാണുന്നു. മാടപ്രാവാകുന്ന ദാസമെന്നതെന്നും ചിലർ പറഞ്ഞിരിക്കുന്നു.

അഗ്നിർഘാതെയ ധൂമകേതു ജീമൂതെയ മേഘപവ്വതെയ
ഹാസ്തെയ തു പാണിനക്ഷത്രെയ മരുതെയ പവനാമരെയ. ഇൻ

ധൂമകേതുഃ (ഉ-പു-പ്ര-പു) അഗ്നിയുടെയും ചിലകാലത്തിങ്കൽ പുകപോലെ ആകാശത്തിങ്കൽ കാണപ്പെടുന്നതായി അപൂർവ്വസൂചകമായിരിക്കുന്ന നക്ഷത്രത്തിൻറെയും പേർ. ജീമൂതഃ (അ-പു പ്ര-പു) മേഘത്തിൻറെയും പർവ്വതത്തിൻറെയും പേർ. ഹാസ്തഃ (അ-പു-പ്ര-പു) കുതിരിൻറെയും അത്തമെന്നനക്ഷത്രത്തിൻറെയും പേർ. മരുൽ (ത-പു-പ്ര-പു) വായുവിൻറെയും ദേവന്മാരുടെയും പേർ.

യന്താ ഹാസ്തികേ സൂതേ ഭർത്താ ധാതരി പോഷ്ടരി
യാനപാത്രേ ശിശൌ പോതഃ പ്രേതഃ പ്രാണ്യന്തരേമതേ.

യന്താ (ഋ-പു-പ്ര-പു) അനപ്പാപ്പാൻറെയും തേർതെളിക്കുന്നവൻറെയുംപേർ.ഭർത്താ(ഋ-പു-പ്ര-പു)ഭരിക്കുന്നവൻറെയുംപോഷിപ്പിക്കുന്നവൻറെയുംപേർ. പോതഃ (അ-പു-പ്ര-പു)കപ്പൽമുതലായതിൻറെയും ശിശുവിൻറെയും പേർ. പ്രേതഃ(അ-പു-പ്ര-പു) നരകത്തിൽകിടക്കുന്ന ജീവിൻറെയും മരിച്ചവൻറെയും പേർ. പ്രാണ്യന്തരശബ്ദംകൊണ്ടു ലൌകികജനങ്ങളാൽ പ്രേതമെന്നു പറകപ്പെടുന്നതായ ഒന്നിനെ ഗ്രഹിക്കേണ്ടതാകുന്നു എന്നും ഒരു പക്ഷമുണ്ടു്.

ഗ്രഹേഭേ ധ്വജേകേതുഃ പാർത്ഥിവേ തനയേ സുതഃ
സ്ഥപതിഃ കാരുഭേദേപി ഭ്രൂട്ട് ഭ്രൂമിധയേ നൃപേ. ൩൮

കേതുഃ (ഉ-പു-പ്ര-ഏ) സൂര്യാദിനവഗ്രഹങ്ങളിൽ കമ്പതാമത്തതിന്റെയും കൊടിമരത്തിന്റെയും പേർ. സുതഃ (അ-പു-പ്ര-ഏ) രാജാവിന്റെയും പുത്രന്റെയും പേർ. സ്ഥപതിഃ (ഇ-പു-പ്ര-ഏ) ശില്പിയായ ഒരുത്തന്റെയും ശീഘ്രതീഷ്ടിയെചെയ്തവന്റെയും പേർ. ഭ്രൂട്ടൽ (ത-പു-പ്ര-ഏ) പറ്റുതത്തിന്റെയും രാജാവിന്റെയും പേർ.

മൂർധാഭിഷിക്തോ ക്ഷത്രേപി സ്ത്രീക്ഷത്രേപി ച
വിഷ്ണാവപ്യജിതാവ്യക്തേ സ്ഥപതൗ ഭൂഷ്ണുരി സാമടേ. ൩൭

മൂർധാഭിഷിക്തഃ (അ-പു-പ്ര-ഏ) രാജാവിന്റെയും ക്ഷത്രിയന്റെയും പേർ. ക്ഷത്രം (ഉ-പു-പ്ര-ഏ) സ്ത്രീകളുടെ തീണ്ടാരിക്കറയുടെയും വസന്താദികളുടെയും പേർ. അജിതഃ (അ-പു-പ്ര-ഏ) വിഷ്ണുവിന്റെയും ജയിക്കപ്പെടാത്തവന്റെയും പേർ. അവ്യക്തഃ (അ-പു-പ്ര ഏ) വിഷ്ണുവിന്റെയും പരമേശ്വരന്റെയും പേർ. (അവ്യക്തശ്ശംകരേ വിഷ്ണാവവ്യക്തംമഹാദാദികേ ആത്മന്യുപിസ്യാദവ്യക്ത മസ്ഥൂടതാടിധേയവൽ) എന്ന കോശാന്തരമുണ്ട്. സ്ഥതഃ (അ-പു-പ്ര-ഏ) ശില്പികളിലൊരുത്തന്റെയും തേർതെളിക്കുന്നവന്റെയും പേർ.

വ്യക്തഃ പ്രാജ്ഞേപി ദൃഷ്ടാന്താവുഭൗ ശാസ്ത്രനിദർശനേ
ക്ഷത്താസ്യാൽ സാരഥൗ ടാരേസ്ഥ ക്ഷത്രിയായാഞ്ച ദുഷ്ടജേ.

വ്യക്തഃ (അ-പു-പ്ര-ഏ) വിദ്വാനായിരിക്കുന്നവന്റെയും സ്പഷ്ടമായുള്ളതിന്റെയും പേർ. ദൃഷ്ടാന്തഃ (അ-പു-പ്ര-ഏ) തക്കാടി ശാസ്ത്രത്തിന്റെയും ഉദാഹരണത്തിന്റെയും പേർ. ക്ഷത്താ (പ്ര-പു-പ്ര-ഏ) തേർതെളിക്കുന്നവന്റെയും വാതിൽകാക്കുന്നവന്റെയും ക്ഷത്രിയസ്ത്രീയിൽ ശൂദ്രനുജനിച്ചവന്റെയും പേർ.

വൃത്താന്തസ്സ്യാൽ പ്രകരണേ പ്രകാരേ കാത്സ്ന്യവാർത്തയോ
അനന്തസ്സുമരേ നൃത്തസ്ഥാനനീവൃദ്വിശേഷയോഃ. ൩൬

വൃത്താന്തഃ (അ-പു-പ്ര-ഏ) പ്രകൃതത്തിന്റെയും വിശേഷത്തിന്റെയും സാകല്യത്തിന്റെയും ജനശ്രുതിയുടെയും പേർ. അനന്തഃ (അ-പു-പ്ര-ഏ) യുദ്ധത്തിന്റെയും നൃത്തസ്ഥലത്തിന്റെയും ദേശവിശേഷത്തിന്റെയും പേർ.

കൃതാന്തോ യമസിദ്ധാന്തധൈവാകുശലകർമ്മസു
ശ്ലേഷ്മാടി രസരക്താടി മഹാഭ്രൂതാനി തൽഗ്രഹാഃ. ൩൫

ഇന്ദ്രിയാണ്യുശ്മവികൃതിഗ്ധ്മബ്ദയോനിശ്ച ധാതവഃ
കക്ഷ്യാന്തരടപി ശ്രുധോന്തോ നൃപസ്യാസവ്യഗോചരേ.

ക്ഷുരാന്തഃ (അ-പു-പ്ര ഏ) അന്തകന്റെയും ഇന്നതു ഇന്ന പ്രകാരമെന്നുള്ള ശാസ്ത്രീയസ്ഥിതിയുടെയും പ്രാഗ്ജന്മകൃതകർമ്മത്തിന്റെയും അമംഗലകർമ്മത്തിന്റെയും പേർ. ധാത്വഃ (ഉ-പു-പ്ര-ഏ) കഫപിത്താദിയുടെയും രസരക്തമാംസാദികളുടെയും പൃഥിവ്യപ്തേജോവായ്വാകാശങ്ങളുടെയും ഋണങ്ങളായ ഗന്ധ രസരൂപസ്പർശശബ്ദങ്ങളുടെയും ചക്ഷുരാദികളായ ഇന്ദ്രിയങ്ങളുടെയും ശിലാവികാരങ്ങളായ മനഃശിലാ മുതലായവയുടെയും ദ്രവ്യത്വഗുണത്വാദിവ്യാകരണശാസ്ത്രവാക്യങ്ങളിൽ അന്തർഭവിച്ചിരിയ്ക്കുന്ന ദ്രവ്യഗുണപദാർത്ഥ ഇത്യാദി ശബ്ദങ്ങളുടെയുംപേർ. ശുദ്ധാന്തഃ (അ-പു-പ്ര-ഏ) വില്ലുവക്കും പ്രവേശിച്ചുകൂടാത്തതായ രാജസ്ഥലവിശേഷത്തിന്റെ പേർ. രാജസ്ത്രീകൾ വസിക്കുന്ന ഗൃഹത്തിന്റെ പേർ എന്നു സാരം. ഈ പദശബ്ദംകൂടെ ഉണ്ടാകയാൽ അവിടെ വസിക്കുന്ന രാജസ്ത്രീകളുടെയും പേർ എന്നു ധരിച്ചുകൊൾക.

കാന്തഃസാമർത്ഥ്യയോശ്ശുക്രമിത്യുത്തിഃ കാന്ത്യകായയോഃ
വിസ്താരവല്ല്യോർപ്രതതിർവ്വസതീരാത്രിവേശ്മനോഃ. ൩൭

ശക്തിഃ (ഇ-സ്ത്രീ-പ്ര-ഏ) വേലെന്നപേരോടുകൂടിയ ആയുധത്തിന്റെയും സാമർത്ഥ്യത്തിന്റെയും പേർ. മൃത്തിഃ (ഇ-സ്ത്രീ-പ്ര-ഏ) കാന്തിയുടെയും ശരീരത്തിന്റെയും പേർ. പ്രതതിഃ (ഇ-സ്ത്രീ-പ്ര-ഏ) വിസ്താരത്തിന്റെയും വള്ളിയുടെയും പേർ. വിസ്താരവല്ല്യോഃപ്രതതിഃ എന്നും പാഠമുണ്ട്. വസതിഃ (ഇ-സ്ത്രീ-പ്ര ഏ) രാത്രിയുടെയും ഗൃഹത്തിന്റെയും പേർ.

ക്ഷയാവ്യയോരപചിതിസ്ത്രാതിർത്രാണാവസാനയോഃ
ആത്തിഃ പീഡാധനുഷ്കോട്ട്യോർജ്ജാതിസ്സാമാന്യജന്മനോഃ.

അപചിതിഃ (ഇ-സ്ത്രീ-പ്ര-ഏ) ക്ഷയത്തിന്റെയും പൂജയുടെയും പേർ. സാതിഃ (ഇ-സ്ത്രീ-പ്ര-ഏ) ത്രാണത്തിന്റെയും അവസാനത്തിന്റെയും പേർ. ആത്തിഃ (ഇ-സ്ത്രീ-പ്ര-ഏ) പീഡയുടെയും വില്ലിന്റെ അഗ്രഭാഗത്തിന്റെയും പേർ. (ആത്തിഃപീഡാധനുഷ്കോട്ട്യോ എന്നും പാഠമുണ്ട്.) ജാതിഃ (ഇ-സ്ത്രീ-പ്ര-ഏ) തർക്കശാസ്ത്രപ്രസിദ്ധമായ സാമാന്യത്തിന്റെയും ജനനത്തിന്റെയും പേർ.

പ്രചാരസൃക്കയോരീതിരീതിർഡിംബപ്രവാസയോഃ
ഉദയേഽധിഗമേ പ്രാപ്തിസ്രുതാത്രഗിത്രയേയുഗേ. ൯൯

രീതിഃ (ഈ-സ്ത്രീ-പ്ര-ഏ) ലോകാചാരത്തിന്റെയും ഒഴുക്കിന്റെയും പേർ. ഈതിഃ (ഈ-സ്ത്രീ-പ്ര-ഏ) അതിവൃഷ്ടി മുതലായ ആപത്തുകളുടെയും വിട്ടുപെടിഞ്ഞുള്ള യാത്രയുടെയും പേർ. പ്രാപ്തിഃ (ഈ-സ്ത്രീ-പ്ര-ഏ) ഉൽപത്തിയുടെയും ലാഭത്തിന്റെയും പേർ. സ്രുതാ (ആ സ്ത്രീ-പ്ര-ഏ) ദക്ഷിണാഗ്നി ഗാർഹപത്യം ആഹവനീയം എന്ന ഈ മൂന്നഗ്നികളുടേയും ചതുഷ്കോണങ്ങളിൽ ഒന്നാമത്തതിന്റെയും പേർ.

വീണാഭേദേപി മഹതീ ഭ്രുതിഃസ്മൃനി സന്മതി
നദീനാഗത്യുന്നാഗാനാം ഭോഗവത്യുഥസംഗരേ.

സംഗേ സഭായാം സമിതിഃ ക്ഷയവാസാവപിക്ഷിതിഃ
രുചൗരത്നേച്ച ശസ്ത്രേച്ച വഹ്നിജ്വാലാ ച ഹേതയഃ. ൯൯

മഹതീ (ഈ-സ്ത്രീ-പ്ര-ഏ) നാരദന്റെ വീണയുടേയും മഹത്തായുള്ളവളുടേയും പേർ. ഭ്രുതിഃ (ഈ-സ്ത്രീ-പ്ര-ഏ) ഭസ്മത്തിന്റെയും സമ്പത്തിന്റെയും പേർ. ഇപ്പറഞ്ഞതു ഭ്രുതിഭസ്മങ്ങളുടെ ഭേദത്തെ ആദരിക്കാതെയാകുന്നു എന്നു് അറിഞ്ഞുകൊൾകയും വേണം. ഭോഗവതീ (ഈ-സ്ത്രീ-പ്ര-ഏ) നാഗങ്ങളുടെ നദിയുടെയും നാഗരിയുടേയും പേർ. സമിതിഃ (ഈ-സ്ത്രീ-പ്ര-ഏ) യുദ്ധത്തിന്റെയും സംയോഗത്തിന്റെയും സഭയുടെയുംപേർ. ക്ഷിതിഃ(ഈ-സ്ത്രീ-പ്ര-ഏ) ക്ഷയത്തിന്റെയും ഇരിപ്പിടത്തിന്റെയും ഭൂമിയുടെയും പേർ. ഹേതിഃ (ഈ-സ്ത്രീ-പ്ര-ഏ) സൂര്യരശ്മിയുടെയും ആയുധത്തിന്റെയും അഗ്നിജ്വാലയുടേയും പേർ.

ജഗതീ ജഗതി ച്ഛന്ദോ വിശേഷേപി ക്ഷിതാവപി
പങ്ക്തിശ്ചരേച്ഛന്ദോപി ദശമം സ്യാൽ പ്രഭാവേപി ച്ഛായതിഃ.

ജഗതീ (ഈ-സ്ത്രീ-പ്ര-ഏ) ലോകത്തിന്റെയും പാടത്തിനും ചന്ദ്രനക്ഷത്രമായ ചരന്തസ്സിന്റെയും ഭൂമിയുടെയും ജനത്തിന്റെയും പേർ. പങ്ക്തിഃ (ഈ-സ്ത്രീ-പ്ര-ഏ) പത്താമത്തെ ചരന്തസ്സിന്റെയും പത്തു് എന്ന സംഖ്യയുടെയും പേർ. അയതിഃ (ഈ-സ്ത്രീ-പ്ര-ഏ) പ്രഭാവത്തിന്റെയും ഉത്തരകാലത്തിന്റെയുംപേർ. നീളം സംയമം ഇത്യാദികൾക്കും അയതി എന്ന വ്യവഹാരമുണ്ടു്.

പത്തിർഗ്ഗതൌ ച മൂലേതു പക്ഷതിഃ പക്ഷ്മഭേദയോഃ
പ്രകൃതിഷ്വാനിലിംഗേ ച കൈശിക്യാദ്യാശ്ച വൃത്തയഃ. ൯൯

പത്തിഃ (ഇ-സ്ത്രീ-പ്ര-ഏ) ഗമനത്തിന്റെയും സേനാവിശേഷത്തിന്റെയും പേർ. പക്ഷതിഃ (ഇ-സ്ത്രീ-പ്ര-ഏ) പ്രതിപദമെന്ന തിഥിയുടെയും ചിറകിൻമൂലത്തിന്റെയും പേർ. പ്രകൃതിഃ (ഇ-സ്ത്രീ-പ്ര ഏ) യോനിയുടെയും ലിംഗത്തിന്റെയും സ്വഭാവത്തിന്റെയും രാജ്യാംഗങ്ങളുടെയും ഉപാദാനകാരണത്തിന്റെയും പേർ. വൃത്തിഃ (ഇ-സ്ത്രീ-പ്ര-ഏ) നാട്യോപയോഗികളായ കൈശികീ ആരഭടീ ഭാരതീ സാത്വതീ എന്ന ഈ നാലിന്റെയും ജീവസാധനത്തിന്റെയും സൂത്രവിവരണ ഗ്രന്ഥത്തിന്റെയും പേർ.

സികതാസ്ത്രുവ്വാലുകാപി വേദേശ്രുവസി ച ശ്രുതിഃ
വനിതാജനിതാത്യത്ഥാൻരാഗായാഞ്ച യോഷതി.

സികതാഃ (ആ-സ്ത്രീ-പ്ര-ബ) ഏകവചനദ്വിവചനങ്ങൾക്ക് ഇതിന്ന ഇല്ലെന്ന അറിഞ്ഞുകൊൾക. മണലിന്റെയും മണലോടുകൂടിയ ദേശത്തിന്റെയും പേർ. ശ്രുതിഃ (ഇ-സ്ത്രീ-പ്ര-ഏ) വേദത്തിന്റെയും ചെവിയുടെയും പേർ. വനിതാ (ആ-സ്ത്രീ-പ്ര-ഏ) ഏറെയും അനുരഞ്ജിപ്പിക്കപ്പെട്ടവളായ സ്ത്രീയുടെയും മറുള്ള സ്ത്രീകളുടെയും പേർ.

ഹ്രപ്ഛിഃ ക്ഷിതിവ്യൂഢാസേപി ധൃതിർഭ്യാരണധൈര്യയോഃ
ബ്യഹതീ ക്ഷുദ്രവാത്ത്യാകീ ച്ഛന്ദോഭേദേ മഹത്യപി. ഒ

ഹ്രപ്ഛിഃ (ഇ-സ്ത്രീ-പ്ര-ഏ) ക്ഷിതിവ്യൂഢാസത്തിന്റെ പേർ. ക്ഷിതിവ്യൂഢാസേ എന്നതിന്ന ഭൂവിവരേ എന്ന ടീകയിലെ വിവരണമാകുന്ന. ഭൂവിവരം=ഭൂമിയുടെ സുഷിരം. ക്ഷിതേരുൽഖനനേ എന്ന സുഭ്രതിയുടെ മതമാകുന്ന. ക്ഷിതി=ഭൂമി. ഉൽഖനനം=കുഴിക്ക എന്ന ക്രിയാ. (ഭൂമികുഴിക്ക എന്നർത്ഥം) നിലമാളികയത്രെ ക്ഷിതിവ്യൂഢാസമെന്ന തമിഴ്ക്കുത്തു കണ്ടാൽ തോന്നുന്നതുമാകുന്ന. അപിശബ്ദമുണ്ടാകയാൽ കാരാഗൃഹം മുതലായതുകൾക്കും ഹ്രപ്ഛി എന്ന പേരുണ്ട് എന്ന ഗ്രഹിച്ചുകൊൾക. ഹ്രപ്ഛിഃ കാരാഗൃഹേ പ്രോക്താ ഭൂഗർത്തേ ലക്ഷ്യഭേദനേ എന്ന കോശാന്തരവുമുണ്ട്. ധൃതിഃ (ഇ-സ്ത്രീ-പ്ര-ഏ) ധരിക്ക എന്ന ക്രിയയുടെയും ധൈര്യത്തിന്റെയും പേർ. ബ്യഹതീ (ഇ-സ്ത്രീ-പ്ര-ഏ) ചെറുവഴുതിനയുടെയും പാടങ്ങൾക്ക ഒമ്പതിന്ത് അക്ഷരമായുള്ള ഛന്ദസ്സിന്റെയും മഹത്വമുള്ളവളുടെയും പേർ.

വാശിതാ സ്ത്രീകരേണോച്ച വാത്താ വൃത്തൌ ജനശ്രുതൌ
വാത്തം ഫൽഗ്ന്യരോഗേ ച ത്രിഷ്വപ്സു ച ഘൃതാമൃതേ.

വാശിതാ (ആ-സ്ത്രീ-പ്ര-ഏ) സ്ത്രീയുടെയും പിടിയാനയുടെ

യും കപർ. വാശിതാ എിന്നത്തു വാച്ചൃധാതുവികൽനിന്നു സി ദ്ധിക്കുന്ന രൂപമാകുന്നു. വാസിതാ എിന്നും പാഠമുണ്ട്. സ്ത്രീകളി ണ്യാശ്ച എിന്നർത്ഥം. വാശിതമെന്ന നപുംസകമായാൽ തിയ്യുക്ക കളുടെ ശബ്ദത്തിന്റെ പേരാകയും ചെയ്യും. വാത്താ (അ-സ്ത്രീ-പ്ര-ഏ) ജീവനോപായങ്ങളായ കൃഷ്യാദികളുടെയും ലോകവാദ ത്തിന്റെയും പേർ. വാത്തം (അ-ന-പ്ര-ഏ) നിസ്സാരമായതി ന്റെയും തൊഴിഞ്ഞാടു കൂടാത്തവരുടെയും പേർ. തൊഴിഞ്ഞാടു കൂടാത്തവരുടെ പേരാകുമ്പോൾ വിശേഷ്യാധീനമാകയാൽ മൂന്നു ലിംഗങ്ങളുമാം. വാത്തമെന്നതു് തൊഴിഞ്ഞാടിന്റെയും പേ രാകുമെന്നു ധരിച്ചുകൊൾകയും വേണം. സ്വൈരനോവാർത്തമായ വർത്തമാനൻ എിന്നപ്രയോഗവുമുണ്ടു്. തൊഴിലെന്ന പദത്തി ന്നു ക്ഷേമമെന്നതിങ്കൽ പര്യവസാനമാകുന്നു. ഹിതം അമൃതം(അ-ന-പ്ര-ഏ) ഇവ ഹ-ം ലോപത്തിന്റെ പേരായിട്ടുമുണ്ടു്. നെയ്യി ന്റെയും അമൃതിന്റെയും പേരായിട്ടു മുൻപറഞ്ഞതിനെ ച ശ ബ്ദംകൊണ്ടു സൂചിപ്പിച്ചിരിക്കുന്നു.

കളധൌതം രൂപ്യഹേമ്നോന്നിമിത്തം ഹേതുലക്ഷയോഃ
ശ്രുതം ശാസ്ത്രാവധൃതയോഃ പ്രശ്നാച്ഛയോഃ കൃതം. ൭൭

കളധൌതം (അ-ന-പ്ര-ഏ) വെള്ളിയുടെയും സ്വർണ്ണത്തി ന്റെയും പേർ. നിമിത്തം (അ-ന-പ്ര-ഏ) കാരണത്തിന്റെയും ശബ്ദപ്രയോഗക്കാർ ശബ്ദം പ്രയോഗിക്കുമ്പോൾ അതുചെന്നു ഭവി തിക്കൽ കൊള്ളുന്നതെന്നു സങ്കല്പിക്കപ്പെട്ട വസ്തുവിന്റെയും പേർ. മേൽവിവരിച്ച വസ്തുവിനെ ലാക്ഷണനെന്നു പറയുന്നു. നി മിത്താദപായാപേക്ഷയിൽ എിന്നു മാത്രപ്രയോഗവുമുണ്ടു്. ഹേതു ലക്ഷയോഃ എിന്നു പാഠിക്കുന്നവർക്കു കാരണത്തിന്റെയും ചിഹ്നത്തി ന്റെയും പേരാകുന്നു എിന്നതിനു സ്പഷ്ടതമായ വിവരണമാകുന്നതു് ശ്രുതം (അ-ന-പ്ര-ഏ) ശാസ്ത്രത്തിന്റെയും കേട്ടറികപ്പെട്ടതി ന്റെയും പേർ കൃതം (അ-ന-പ്ര-ഏ) വസ്തുശങ്കളിൽ ആദൃ ത്തിന്റെയും മതി എിന്നുള്ള അർത്ഥത്തിന്റെയും പേർ.

അത്യാഹിതാം മഹാഭീതിഃ കർമ്മജീവാനപേക്ഷി ച
യുക്തേക്ഷുമാത്രാവൃതേ ഭൃതം പ്രാണ്യുതീതേ സമേതൃിഷു. ൭൮

അത്യാഹിതം (അ-ന-പ്ര-ഏ) വലുതായുള്ള ഭയത്തിന്റെ യും സാഹസകർമ്മത്തിന്റെയും പേർ. ഭൃതം (അ-ന-പ്ര-ഏ)യു ക്തമായതിന്റെയും പൃഥിവ്യാദി പഞ്ചകത്തിന്റെയും സതൃത്തി ന്റെയും പ്രാണിയുടെയും കഴിഞ്ഞതിന്റെയും പേർ. സദൃശത്തി ന്റെ പേരാകുമ്പോൾ ത്രിലിംഗമാകുന്നു.

വ്യത്തം ചതുഷ്പദീതേ ത്രിഷ്ടുപതീതേ ദ്വയനിസ്തലേ
മഹദ്ഭാഷ്യഞ്ചാവഗീതം ജഗത്യേ സ്യാദ്ഗഹ്നിതേ ത്രിഷ്ടു. ങിൻ

വൃത്തം (അ-ന-പ്ര-ഏ) ശ്ലോകത്തിന്റെയും ചരിത്രത്തിന്റെയും പേർ. കഴിഞ്ഞതിന്റെയും ഉറപ്പുള്ളതിന്റെയും വൃത്തകാരമായതിന്റെയും പേരാകുമ്പോൾ ത്രിലിംഗമാകയും ചെയ്യും. മഹൽ (ത-ന-പ്ര-ഏ) രാജ്യത്തിന്റെയും വലിയതിന്റെയും പേർ. അവഗീതം (അ-ന-പ്ര-ഏ) ജനാപവാദത്തിന്റെയും നിന്ദിതമായതിന്റെയും പേർ. നിന്ദിതാർത്ഥമായാൽ ത്രിലിംഗമാകയും ചെയ്യും. ജഗ്യേ എന്നതിന്ന ജനാപവാദേ എന്ന ടീകയിൽ വിവരണമുണ്ട്. യുദ്ധത്തിന്റെ പേർ എന്ന മതാന്തരവുമുണ്ട്.

ശ്വേതം രൂപ്യേപി രജതം രൗപ്യേ സിതേ ത്രിഷ്ടു
ത്രിഷ്ടുഭോ ജഗദിംഗേപി രക്തം നീല്യാദിരാഗി ച. ഏ൦

ശ്വേതം (അ-ന-പ്ര-ഏ) വെള്ളിയുടെയും വെളുത്ത വസ്തുവിന്റെയും പേർ. രജതം (അ-ന-പ്ര-ഏ) സ്വർണ്ണത്തിന്റെയും വെള്ളിയുടെയും പേർ. വെളുത്ത വസ്തുവിന്റെ പേരാകുമ്പോൾ മൂന്ന ലിംഗങ്ങളുമുണ്ട്. ത്രിഷ്ടുഭഃ എന്നതിന്ന ഇവിടെനിന്ന തുടങ്ങി താഴത്തങ്ങളുടെ അറുസ്ഥാനംവരെ പറകപ്പെടുന്ന ശബ്ദങ്ങൾ ത്രിലിംഗങ്ങളാകുന്ന എന്നർത്ഥം. ജഗൽ (ത-ന-പ്ര-ഏ) ഗമിക്കുന്നതിന്റെയും ലോകത്തിന്റെയും പേർ. രക്തം (അ-ന-പ്ര ഏ) അമരി മുതലായതുകൊണ്ടു ചായം പിടിപ്പിച്ച വസ്ത്രാദികളുടെയും ചുവന്ന വസ്തുവിന്റെയും അനുരാഗമുള്ളതിന്റെയും ചോരയുടെയും പേർ.

അവദാതസ്സിതേപീതേ ശുദ്ധേ ബഭ്രാഖ്യനെ സിതെ
യുക്തേതിസംസ്കൃതേ മഷ്യിണ്യഭിന്നീതോSഥ സംസ്കൃതം. ഏഃ
കൃതിമേ ലക്ഷണോപേതേ പൃനന്തോനവധാവപി
ഖ്യാതേ ഹൃഷ്ടേ പ്രതീതോഭിജാതസ്തു കുലജേ ബുധേ. ഏഫ

അവദാതഃ (അ-പു-പ്ര-ഏ) വെളുത്തതിന്റെയും മഞ്ഞളിന്റെയും നിറത്തിലുള്ളതിന്റെയും ശുദ്ധിയുള്ളതിന്റെയും പേർ എന്ന പലരും വ്യാഖ്യാനിച്ചിരിക്കുന്നു. സിദ്ധാന്തകൌമുദിയിൽ അവദാതശബ്ദം വർണ്ണവാചി അല്ല എന്നും വിശുദ്ധവാചിയാകുന്നുവെന്നും പറഞ്ഞു് അവദാനീ എന്നുള്ള അനിഷ്ടരൂപാപത്തിയേ വാരണം ചെയ്തിട്ടു്. അവദാതാ എന്നതന്നെ സ്ത്രീലിംഗമായാൽ ഉണ്ടാകുന്ന രൂപമെന്നു പറഞ്ഞിട്ടും ഉണ്ടു്. അയത്നകൊണ്ടു മേല്പറഞ്ഞതു ഔപചാരികതയെ ആശ്രയിച്ചിട്ട യത്നപൂർവ്വകമായി നയിക്കേ

ണ്ടതാകുന്നു എന്നു അറിഞ്ഞുകൊൾകയും വേണം. അഥവാ വ
ണ്ണ്യവാചിതപംതന്നെ അവദാതശബ്ദത്തിനുമിതിക്കട്ടെ. അയത്ന
സ്ത്രീലിംഗമായാൽ അവദാതാ എന്നുള്ള ഇഷ്ടരൂപസിദ്ധി. അജാ
ദിതപസപീകാരേണ നിഷ്കർഷിക്കപ്പെടത്തക്കതാകുന്നു എന്നുമാം.
സിതഃ (അ-പു-പ്ര എ) കെട്ടപ്പെട്ടതിന്റെയും വെളുത്ത വസ്തു
വിന്റെയും പേർ. അഭിനീതഃ (അ-പു-പ്ര-എ) യുക്തമായിട്ടുള്ളതി
ന്റെയും ക്ഷേമയോടുകൂടിയവന്റെയും പേർ. സംസ്കൃതം (അ-
പു-പ്ര-എ) ക്രിയകൊണ്ടു നിവൃത്തമായ ഘടാദിയുടെയും ലക്ഷണ
യുക്തമായ വസ്തുക്കളുടെയും പേർ. അനന്തഃ (അ-പു-പ്ര-എ) അ
വധിയോടുകൂടാത്തതിന്റെയും ആദിശേഷന്റെയും പേർ. പ്ര
തീതഃ (അ-പു-പ്ര-എ) പ്രസിദ്ധനായവന്റെയും സന്തുഷ്ടനായവ
ന്റെയും പേർ. മോദിഷ്ണുഃ (അ-പു-പ്ര-എ) നല്ലപോലത്തിൽ ഇ
ണ്ടിച്ചവന്റെയും അറിവുള്ളവന്റെയും പേർ.

വിവിക്തസ്തുപൂതവിജനേതുമൂർഛരിതേതുമൂഢസോഛ്ഛ്വർണ്ണേതു
ദേവതാമ്ലപരുഷേതു ശുക്തേതു ശിതീധവളമേഘകേ. ൭൧

വിവിക്തഃ (അ-പു-പ്ര-എ) ശുദ്ധമായുള്ളതിന്റെയും നി
ജ്ജനപ്രദേശത്തിന്റെയും പേർ. മൂർഛരിതഃ (അ-പു-പ്ര-എ) മ
ഥിച്ചവന്റെയും വർദ്ധിച്ചതിന്റെയും പേർ. ശുക്തഃ (അ-പു-പ്ര
എ) മൂന്നുദിവസമിരുന്ന കാടിയുടെയും നിശ്ചയമായുള്ളതിന്റെ
യും പേർ. ശിതിഃ (ഇ-പു-പ്ര-എ) വെളുത്തവസ്തുവിന്റെയും ക
റുത്തവസ്തുവിന്റെയും പേർ.

സത്യേസാധൌ വിദ്യമാനേ പ്രശസ്തേഭ്യർഹിതേച സൽ
പുരസ്കൃതഃ പൂജിതോമാന്യേടിയുക്തേടഗ്രതഃ കൃതേ. ൭൪

സൽ (ത-ന-പ്ര-എ) പരമാത്മാവിന്റെയും നല്ലതിന്റെ
യും ഉള്ളതിന്റെയും ശ്രേഷ്ഠമായിരിക്കുന്നതിന്റെയും പൂജിക്കപ്പെ
ടുന്നതിന്റെയും പേർ. പുരസ്കൃതഃ (അ-പു-പ്ര-എ) പൂജിക്കപ്പെ
ടുന്നവന്റെയും ശത്രുവാൽ ആക്രമിക്കപ്പെട്ടവന്റെയും മുമ്പിലാ
ക്കപ്പെട്ടവന്റെയും പേർ.

നിവാതാവാശ്രയാവാതേ ശസ്ത്രാദ്യേഞ്ചവർമ്മയൽ
ജാതോന്നദ്ധഃ പ്രവൃദ്ധാസ്സ്യുരുച്ഛ്വർണിതാ ഉത്ഥിതാസ്ഥാമീ
വൃദ്ധിമൽപ്രോദ്യതോൽപന്നാ ആദൃതേ സാദരാർച്ചിതേ
അർത്ഥാഭിധേയയൈവസ്തു പ്രയോജനനിവൃത്തിഷു. ൭൫

നിവാതഃ(അ-പു-പ്ര-എ) വാസസ്ഥാനത്തിന്റെയും വായു
സഞ്ചാരമുള്ളിടത്തോടുകൂടാത്ത സ്ഥലത്തിന്റെയും ആയുധം കൊണ്ടു പി

ളക്കുവാൻ കഴിയാത്തതായ കവചത്തിന്റെയും പേർ. ഉച്ഛ്രിതഃ (അ-പു-പ്ര-ഏ) ജനിച്ചവന്റെയും ഉയർന്നവന്റെയും വർദ്ധിച്ചവന്റെയും പേർ. ജാതോന്നദ്ധപ്രവൃദ്ധാസ്സമൃഃ എന്നും പാഠമുണ്ട്. ഉത്ഥിതഃ (അ-പു-പ്ര-ഏ) വർദ്ധിച്ചതിന്റെയും ഉദ്യോഗത്തോടുകൂടിയവന്റെയും ഉൽപതിച്ചവന്റെയുംപേർ. ഉദ്യോഗം= ഉത്സാഹം. ഉൽപതിക്ക=മേൽപ്പോട്ടുപോക. (ഉണ്ടാക എന്നുമാം) ആദൃതഃ (അ-പു-പ്ര-ഏ) ആദരത്തോടുകൂടിയവന്റെയും ആദരിക്കപ്പെട്ടവന്റെയും പേർ. ഇതിനാന്തവർഗ്ഗഃ.

ഥാന്തഃ.

അർത്ഥഃ (അ-പു-പ്ര-ഏ) ശബ്ദംകൊണ്ടു പറകപ്പെടുന്നതിന്റെയും ധനത്തിന്റെയും തത്വത്തിന്റെയും പ്രയോജനത്തിന്റെയും നിവൃത്തിയുടെയും പേർ.

നിഷാനാഗമയോ സ്ത്രീത്വമുച്ചിഷ്ണുഷ്ണുഷ്വേ ത്രയെ
സമർത്ഥസ്ത്രിഷു ശക്തിസ്ഥ സംബന്ധാർത്ഥഹിതേപിച.

തീർത്ഥം (അ-ന-പ്ര-ഏ) കിണറിൻസമീപത്തിങ്കലുള്ള നീരൊഴുക്കിന്റെയും ശാസ്ത്രത്തിന്റെയും ഋഷികളാൽ സേവിക്കപ്പെട്ട ജലത്തിന്റെയും ഉപാദ്ധ്യായന്റെയും പേർ. (നിഷാനാഗമയോസ്തീർത്ഥമെന്നും പാഠമുണ്ട്.) നിഷാനം=ഹേതു. സമർത്ഥഃ(അ-പു-പ്ര-ഏ) ത്രിഷു എന്നങ്ങോകകൊണ്ടു പുല്ലിംഗമായി പ്രയോഗിച്ചു. എങ്കിലും ഇതിന എല്ലാലിംഗങ്ങളുമുണ്ട് എന്നു ഗ്രഹിച്ചുകൊൾകയും വേണം. ശക്തിയോടുകൂടിയവന്റെയും അന്യോന്യസംബന്ധമായ അർത്ഥത്തോടുകൂടിയതിന്റെയും അനുകൂലമായിട്ടുള്ളതിന്റെയും പേർ.

ദശമീസ്ഥയ ക്ഷീ നാരാഗവൃദ്ധ്യോ വീഥീപദവ്യപി
ആസ്ഥാനീ യത്നയോരാസ്ഥാപ്രസ്ഥോടസ്ത്രീസാനു മാനയോഃ.

ദശമീസ്ഥഃ (അ-പു-പ്ര-ഏ) വിഷയങ്ങളിൽനിന്നു നിയമേന നിവൃത്തമായിരിക്കുന്ന മനസ്സോടുകൂടിയവന്റെയും അതിവൃദ്ധന്റെയും പേർ. വിഥീ (ഈ-സ്ത്രീ-പ്ര-ഏ) വഴിയുടെയും പംക്തിയുടെയും പേർ. ആസ്ഥാ (ആ സ്ത്രീ-പ്ര-ഏ) സഭയുടെയും പ്രയത്നത്തിന്റെയും പേർ. പ്രസ്ഥഃ(അ-പു-പ്ര-ഏ) നപുംസകമായിട്ടുമാം. മലച്ചെരുവിന്റെയും ഇടങ്ങഴിയുടെയും പേർ. ഇതിനാന്തവർഗ്ഗഃ.

ദാന്തഃ.

അഭിപ്രായവശൌഢ്യം ചരന്ദാവബ്ദൌ ജീമൂതവത്സരൌ
അപവാടൌത്ര നിന്ദാജ്ഞേ ദാന്യാടൌ സുതബാന്ധവൌ.

ചരന്ദം (അ-പു-പ്ര-ഏ) അഭിപ്രായത്തിന്റെയും അധീനത്തിന്റെയും പേർ. അബ്ദഃ (അ-പു-പ്ര-ഏ) മേഘത്തിന്റെയും സംവത്സരത്തിന്റെയും പേർ. അപവാടഃ (അ-പു-പ്ര-ഏ) നിന്ദയുടെയും ആജ്ഞയുടെയും പേർ. അപവാടേത്ര നിന്ദാജ്ഞേ ചിന്നം പാഠമുണ്ട്. ദാന്യാടഃ (അ-പു-പ്ര-ഏ) പുത്രന്റെയും ബന്ധുവിന്റെയും പേർ.

പാടാ രശ്മൌംശ്ലി ത്ര്യംശാശ്ചന്ദ്രാഗ്ന്യർക്കാസ്ത്രമോനടഃ
നിർവ്വാടടാ ജനവാടേപി ശാടോജ്ഞംബാളശിഷ്ടയോഃ.

പാടഃ (അ-പു-പ്ര-ഏ) രശ്മിയുടെയും കാലിന്റെയും നാലിലൊരുഭാഗത്തിന്റെയും പേർ. ത്രമോനടൻ (ദ-പു-പ്ര-ഏ) ചന്ദ്രന്റെയും അഗ്നിയുടെയും ആദിത്യന്റെയും പേർ. നിർവ്വാടഃ (അ പു-പ്ര-ഏ) ജനവാടത്തിന്റെയും നിശ്ചിതമായിരിക്കുന്ന വാടത്തിന്റെയും പേർ. ശാടഃ (അ-പു-പ്ര-ഏ) മോറിന്റെയും ഇളയപുല്ലിന്റെയും പേർ.

ആക്രാവേരുടിതേ ത്രാതസ്ത്രാക്രന്ദോ ദാരുണേ രണേ
സ്യാൽ പ്രസാടോടവരാഗേപി സൂടസ്സ്യാടപ്യജ്ഞനേപി ച.

ആക്രന്ദഃ (അ-പു-പ്ര-ഏ) ആത്മധാനിയുടെയും കരച്ചിലിന്റെയും രക്ഷിതാവിന്റെയും ഭയങ്കരമായ യുദ്ധത്തിന്റെയും പേർ. സാന്ദ്രാവേരുടിതേ പിന്നുള്ള പാഠത്തെ സ്വീകരിക്കുന്നവർ സാന്ദ്രാവേരുടിതേ പിന്നതുകൊണ്ടു ശബ്ദത്തോടുകൂടെ കരയുന്നതിന്റെയും ഇത്യാദി വിവരിച്ചിരിക്കുന്നു. പ്രസാദഃ (അ-പു-പ്ര-ഏ) അനുരാഗത്തിന്റെയും ജലാദികളുടെ തെളിവിന്റെയും കാവ്യഗുണവിശേഷത്തിന്റെയും പേർ. പ്രസാദോനുഗ്രഹേ കാവ്യഗുണ സാമാന്യാ പ്രസത്തിഷു പിന്നുള്ള മേദിനിയോടു സാമ്യം വരേണ്ടതിന്നായി ഇവിടെ അനുരാഗപദത്തിനു അനുഗ്രഹമെന്ന അർത്ഥത്തെ ഗ്രഹിച്ചുകൊൾക. സ്യാൽപ്രസാദോനുരോധേപി എന്നു ചിലർ പഠിക്കുന്നു. അവിടെ അനുരോധശബ്ദത്തിനു അനുസരണമെന്നു് അർത്ഥമാകുന്നു. സൂടഃ (അ-പു-പ്ര-ഏ) പരിപ്പുകറി മുതലായതിന്റെയും പെരുപ്പുകാരന്റെയും പേർ.

ഗോധ്യാധ്യക്ഷേപി ഗോചിന്തോ ഹരിഷ്വപ്യാമോദവന്മദഃ
പ്രാധാന്യേ രാജലിംഗേ ച വൃഷ്ണാംഗേ കക്കടോ സ്ത്രിയാം.

ഗോവിന്ദഃ (അ-പു പ്ര-ഏ) ഗോപാലന്റെയും ബൃഹസ്പതിയുടെയും ശ്രീകൃഷ്ണന്റെയും പേർ. ആമോദഃ (അ-പു-പ്ര-ഏ) സന്തോഷത്തിന്റെയും ഗന്ധവിശേഷത്തിന്റെയും പേർ. മദഃ (അ-പു-പ്ര-ഏ) സന്തോഷത്തിന്റെയും ഗർവ്വത്തിന്റെയും മദജലത്തിന്റെയും ശുക്ലത്തിന്റെയും പേർ.. കക്കടഃ (അ-പു-പ്ര-ഏ) പ്രധാനമായിട്ടുള്ളതിന്റെയും രാജ്ഞിമാങ്ങളായ ചതുഷ്പാമരാടികളുടെയും കാളയുടെ അംഗമായ പൂഞ്ഞയുടെയും പേർ. പ്രാധാന്യമെന്നത് സപ്താർത്ഥികഷ്യുഞന്തമാകുന്നു എന്ന ടീകയിൽ സ്പഷ്ടമാകുന്നു. കക്കടശബ്ദം നപുംസകലിംഗമായിട്ടും പ്രയോഗിക്കാം.

സ്ത്രീസംവിൽ ജ്ഞാനസന്തോഷാ ക്രിയാകാരാജ്ഞിനാമസു
ധർമ്മ രഹസ്യുപനിഷൽ സ്യാദ്ദ്വേതു വത്സരേ ശരൽ.

സംവിത് (ദ-സ്ത്രീ-പ്ര-ഏ) ജ്ഞാനത്തിന്റെയും സന്തോഷണത്തിന്റെയും കർമ്മനിയമത്തിന്റെയും യുദ്ധത്തിന്റെയും പേരിന്റെയും പേർ. ഉപനിഷൽ (ദ-സ്ത്രീ-പ്ര-ഏ) ധർമ്മത്തിന്റെയും വിജനപ്രദേശത്തിന്റെയും പേർ. ശരൽ (ദ-സ്ത്രീ-പ്ര-ഏ) ഋതുവിശേഷത്തിന്റെയും സംവത്സരത്തിന്റെയും പേർ.

പദം വ്യവസിതിത്രാണ സ്ഥാനലക്ഷ്യാംഘ്രിവസ്തുഷു
ഗോഷ്പദം സേവിതേ മാനേ പ്രതിഷ്ഠാ കൃത്യമാസ്പദം.

പദം (അ-ന-പ്ര-ഏ) ഉത്സാഹത്തിന്റെയും രക്ഷണത്തിന്റെയും സ്ഥാനത്തിന്റെയും അടയാളത്തിന്റെയും കാലിന്റെയും വസ്തുവിന്റെയും പേർ. (പദം വ്യവസിതിത്രാണ സ്ഥാനലക്ഷ്യാംഘ്രിവസ്തുഷു) എന്നും പാഠമുണ്ട്. അവിടെ ലക്ഷ്യപദത്തിന്റെ വ്യാജമെന്ന് അർത്ഥമാകുന്നു. അത്യംബുപാന പ്രഭവസ്യ കർത്തുമന്തർജ്ജഡിമ്നഃപ്രതിസംവിധാനം പപുസ്തിമസ്താരപദേനമേഘാ മയൂഖമാലാമരവിന്ദബന്ധോഃ എന്ന വ്യാജാർത്ഥത്തിങ്കൽ പദശബ്ദപ്രയോഗമുണ്ട്. അതുമല്ല (പദംസ്ഥാനേവിഭക്ത്യന്തേ ശബ്ദേവാകൈകവസ്തുനോഃ ത്രാണേപാദേ പാദചിഹ്നേവ്യവസായേപദശരയോഃ) എന്നു കോശാന്തരവുമുണ്ട്, ഗോഷ്പദം(അ-ന-പ്ര-ഏ) പശുക്കളാൽ സേവിക്കപ്പെട്ട ദേശത്തിന്റെയും പശുവിന്റെ കുളമ്പോളമുള്ളതിന്റെയും പേർ. അസ്പദം (അ-ന-പ്ര-ഏ) സ്ഥാനത്തിന്റെയും കാൽത്തിന്റെയും പേർ.

ത്രിഷ്വിഷ്ടമധുരൌ സ്വാദുമൃദുചാതീക്ഷ്ണകോമളൌ
മൂഢശാല്പാപട്ടനിർഭാഗ്യാ മന്ദാസ്സ്യുർദ്ധൌതു ശാരദൌ.

പ്രത്യഗ്രാപ്രതിഭേ വിദ്വൽസുപ്രഗല്ഭേ വിശാരദേ
വ്യാമോ വടശ്ചനൃഗ്രാധ ഉത്സധഃ കായ ഉന്നതിഃ. ൽ൬

സ്വാദുഃ (ഉ-പു-പ്ര-ഏ) ഇഷ്ടമായ വസ്തുവിൻെറയും മധുരമായ വസ്തുവിൻെറയും പേർ. തിക്ഷ്ണമെന്നുള്ള ശബ്ദം മുതൽ വർഗ്ഗാവസാനംവരെ ഉള്ള ശബ്ദങ്ങൾ ഒക്കെയും തീക്ഷ്ണമല്ലാത്തതിൻെറയും കഠിനമല്ലാത്തതിൻെറയും പേർ. ലിംഗങ്ങളാകുന്നു എന്നു ധരിച്ചുകൊൾക. മൃദുഃ (ഉ-പു-പ്ര-ഏ) മന്ദഃ (അ-പു-പ്ര-ഏ) മൂഢൻെറയും അല്പൻെറയും സാമർത്ഥ്യമില്ലാത്തവൻെറയും ഭാഗ്യമില്ലാത്തവൻെറയും പേർ. ശാസ്ത്രഃ (അ-പു-പ്ര-ഏ) നൂതനമായുള്ളതിൻെറയും പ്രതിഭയോടുകൂടാത്തവൻെറയും പേർ. നൂതനം=പുതിയതു്. പ്രതിഭാ= ബുദ്ധിവിശേഷം. വിശാരദഃ (അ-പു-പ്ര-ഏ) അറിവുള്ളവൻെറയും അധികമായ ധാർഷ്ട്യത്തോടുകൂടിയവൻെറയും പേർ. ഇതി ദാന്തവർഗ്ഗഃ.

ധാന്തഃ.

നൃഗ്രോധഃ (അ-പു-പ്ര-ഏ) മാറിൻെറയും പേരാൽമരത്തിൻെറയും പേർ. മാറെന്നതു കയറുമുതലായതിൻെറ അളവിങ്കൽ ഉപകരിക്കുന്നതാകുന്നു. ഉത്സധഃ(അ-പു-പ്ര-ഏ) ശരീരത്തിൻെറയും ഉയരത്തിൻെറയും പേർ.

പന്ഥ്യാഥാരശ്ച മാർഗ്ഗശ്ച വിവധൌ വീവധൌ ച തൌ
പരിധിസ്ത്വജ്ഞിയതയോഃ ശാഖായമുപസൂര്യകേ. ൽച

വിവധഃ വീവധഃ (അ-പു-പ്ര-ഏ) ധനം മുതലായതിൻെറയും വഴിയുടെയും പേർ. മേൽപറഞ്ഞ ശബ്ദങ്ങൾ ഉ-ം ഭാരത്തിൻെറ പേരുകളായിട്ടും ഭവിക്കും. പരിധിഃ (ഇ-പു-പ്ര-ഏ) പ്ലാശു മുതലായ യജ്ഞതരുക്കളുടെ ശാഖകൾ മുറിച്ചുണ്ടാക്കുന്ന ചമതക്കോലിൻെറയും പരിവേഷത്തിൻെറയും പേർ.

ബന്ധകം വ്യസനം ചേതഃ പീഡാധിഷ്ഠാനമാധയഃ
സൂസ്സമർത്ഥനനീവാകനിയമാശ്ച സമാധയഃ. ൽൻ

ആധിഃ (ഇ-പു-പ്ര-ഏ) കടംതീരുന്നതുവരെ വിശ്വാസത്തിനായിക്കൊണ്ടു പെയ്യപ്പെട്ട വസ്തുവിൻെറയും ആപത്തിൻെറയും മനഃപീഡയുടെയും അധിഷ്ഠാനത്തിൻെറയും പേർ. അധിഷ്ഠാനമെന്നതിനെ അധ്യാസനമെന്നു ടീകയിൽ വിവരിച്ചിരിക്കുന്നു. ആശ്രയിച്ചിട്ടുള്ള ഇരിപ്പു് എന്നു ചിലർ ഭാഷ കാണിച്ചിട്ടുമുണ്ടു്. സമാധിഃ (ഇ-പു-പ്ര-ഏ) ആക്ഷേപപരിഹാരത്തിൻെറയും വചനാഭാവത്തിൻെറയും അംഗീകാരത്തിൻെറയും യമനിയമാദികളാ

യ യോഗാംഗങ്ങളിൽവെച്ചു് എട്ടാമത്തതിന്റെയും കാവ്യാലങ്കാരവിശേഷത്തിന്റെയും പേർ.

ദോഷാൽപാദേനബന്ധസ്സ്യാൽ പ്രകൃത്യാദിവിനശ്വരേ
മുഖ്യാനുയായിനിശിശൌ പ്രകൃതസ്യാനുവർത്തനേ. ൧൦൦

അനുബന്ധഃ (അ-പു-പ്ര-ഏ) ദോഷസംഭവത്തിന്റെയും പ്രകൃതിപ്രത്യയാഗമാദികളിൽ ഇസംജ്ഞാലോപവിധികൾ ഹേതുവായിട്ടു് നിവർത്തിക്കുന്നതിനുവിധത്തിൽ ചേർക്കപ്പെട്ടവയായ ശബ്ദവിശേഷങ്ങളുടേയും പിതാവു മുതലായവരെ അനുസരിക്കുന്ന ശിശുവിന്റെയും തുടങ്ങിയതിന്റെ അനുവൃത്തിയുടെയും പേർ. അനുവൃത്തി=നിവൃത്തിയില്ലായ്ക. വിട്ടുപോകാത്തവിധത്തിലുള്ള സ്ഥിതി എന്നു സാരമാകുന്നു.

വിധുർവ്വിഷ്ണൌ ച ചന്ദ്രമസി പരിച്ഛേദേവിലേऽവധിഃ
വിധിർവ്വിധാനേ ബ്രഹ്മാപി പ്രണിധിഃ പ്രാർത്ഥനേ ചരേ.

വിധുഃ (ഉ-പു-പ്ര-ഏ) വിഷ്ണുവിന്റെയും ചന്ദ്രന്റെയും പേർ അവധിഃ (ഇ-പു-പ്ര ൦ഏ) മര്യാദയുടെയും ഭൂമിയിലുള്ള മടകളുടെയും പേർ. വിധിഃ (ഇ-പു-പ്ര-ഏ) ചെയ്യ എന്ന ക്രിയയുടെയും ശുഭകർമ്മത്തിന്റെയും ബ്രഹ്മാവിന്റെയും പ്രകാരത്തിന്റെയും പ്രവർത്തനയുടെയും പേർ. പ്രണിധിഃ (ഇ-പു-പ്ര-ഏ) പ്രാർത്ഥനയുടെയും ചതിഷംമാറി നടക്കുന്നവന്റെയും പേർ.

ബുധവ്യഖ്യൌ പണ്ഡിതേപി സ്കന്ധസ്സമൂഹേപി ച
ദേശേ നദ്യാദിശരഭേ ബുധൌ സിന്ധുന്നാ സരിത്സ്ത്രിയാം.

ബുധഃ (അ-പു-പ്ര-ഏ) വിദ്വാന്റെയും നവഗ്രഹങ്ങളിൽ നാലാമത്തെ ഗ്രഹത്തിന്റെയും പേർ. വ്യധഃ (അ-പു-പ്ര-ഏ) വിദ്വാന്റെയും വയോധികന്റെയും പേർ. ബുധവ്യഖ്യൌച പണ്ഡിതേ ഏ എന്ന പാഠമായാൽ ബുധഃ (അ-പു-പ്ര-ഏ) വിദ്വാന്റെയും ബുധമുനിയുടെയും പേർ എന്ന ഗ്രഹിച്ചുകൊൾക. ശേഷം മുൻപറഞ്ഞപ്രകാരംതന്നെ സ്കന്ധഃ (അ-പു-പ്ര ഏ) സമൂഹത്തിന്റെയും പ്രകാണ്ഡത്തിന്റെയും ചുമലിന്റെയും ശരീരത്തിന്റെയും വൃക്ഷം മുതലായവയുടെയും പേർ. സ്കന്ധഃപ്രകാണ്ഡകായയംസേവിജ്ഞാനാദിഷു പഞ്ചസു ന്യപേസമൂഹേവൃക്ഷേച എന്ന കോശാന്തരവുമുണ്ടു്. വിജ്ഞാനാദിപഞ്ചകമായതു്—വിജ്ഞാനം, വേദനാ, രൂപം, സംജ്ഞാ, സംസ്കാരം ഇവയാകുന്നു. മേൽപറഞ്ഞതുകൾക്കു സ്കന്ധങ്ങളെന്ന ബൌദ്ധശാസ്ത്രത്തിൽ വ്യവഹാരമുണ്ടു്.വിജ്ഞാനസ്കന്ധം വേദനാസ്കന്ധമിത്യാദി

വിജ്ഞാനസ്കന്ധാദികളുടെ സമൂഹങ്ങൾ ബുദ്ധാഗമം മുതലായ ഗ്രന്ഥങ്ങളിൽനിന്നു ഗ്രഹിച്ചുകൊൾകയുംവേണം. സിന്ധുഃ (ഉ-പു-പ്ര-ഏ) ദേശവിശേഷത്തിന്റെയും നദവിശേഷത്തിന്റെയും സമുദ്രത്തിന്റെയും പേർ. നദിയുടെപേരാകുമ്പോൾ സ്ത്രീലിംഗമാകയും ചെയ്യും.

വിധാവിധൌ പ്രകാരേ ച സാധുരമ്യേപി ച ത്രിഷു
വധൂർജ്ജായാ സ്നുഷാ സ്ത്രീ ച സുധാലേപോऽമൃതം സ്നുഹീ. ൨൦൬

വിധാ (അ-സ്ത്രീ-പ്ര-ഏ) വിധിയുടെയും പ്രകാരത്തിന്റെയും പേർ. സാധുഃ (ഉ-പു-പ്ര-ഏ) ത്രിലിംഗമാകുന്നു. മനോഹരമായ വസ്തുവിന്റെയും സജ്ജനത്തിന്റെയും പേർ. വധൂഃ (ഊ-സ്ത്രീ-പ്ര-ഏ) ഭാര്യയുടെയും പുത്രഭാര്യയുടെയും സ്ത്രീയുടെയും പേർ. സുധാ (ആ-സ്ത്രീ-പ്ര-ഏ) കുമ്മായത്തിന്റെയും അമൃതത്തിന്റെയും കള്ളിയുടെയും പേർ.

സന്ധാ പ്രതിജ്ഞാ മന്ത്രാദാ ശ്രദ്ധാ സംപ്രത്യയഃ സ്പൃഹാ
മധു മദ്യേ പുഷ്പരസേ ക്ഷൌദ്രേപ്യന്ധം കുമസ്യപി. ൨൦൭

സന്ധാ (ആ-സ്ത്രീ-പ്ര-ഏ) പ്രതിജ്ഞയുടെയും മന്ത്രാദയുടെയും പേർ. ശ്രദ്ധാ (ആ സ്ത്രീ-പ്ര-ഏ) ആദരത്തിന്റെയും ഇച്ഛയുടെയും പേർ. മധു (ഉ-ന-പ്ര-ഏ) മദ്യത്തിന്റെയും പൂന്തേനിന്റെയും തേനിന്റെയും പേർ. പുല്ലിംഗമായാൽ വസന്തത്തിന്റെ പേരാകയും ചെയ്യും. അന്ധം (അ-ന-പ്ര-ഏ) ഇരുട്ടിന്റെയും തിമിരമെന്ന നേത്രരോഗത്തിന്റെയും പേർ കണ്ണു കാണാത്തവനെ പറയുമ്പോൾ വിശേഷ്യാധീനത്വത്താൽ ത്രിലിംഗങ്ങളും സംഭവിക്കാം. (അന്ധം നപുംസകം ധ്വാന്തതിമിരാമേധ്യദൃഗാമയേ ദൃഷ്ടിഹീനേ വിശേഷ്യാന്തരേധാദ്യേഷു ത്രിഷു) എന്ന കോശാന്തരവുമുണ്ട്.

അഥത്രിഷു സമുന്നദ്ധൌ പണ്ഡിതംമന്യഗർവ്വിതൌ
ബ്രഹ്മബന്ധുരധിക്ഷേപേ നിർദ്ദേശാഥാവലംബിതം ൨൦൮

അവിദ്വരോപ്യവംശ്യർദ്ധഃ പ്രസിദ്ധൌ ഖ്യാതത്രിഷ്വിതൌ
സൂത്രവഹ്നീ ചിത്രഭാനൌ ഭാനൌ രശ്മിദിവാകരൌ. ൨൦൯

അഥത്രിഷു എന്നതിന്നു് ഇനി വർഗ്ഗാവസാനംവരെ ഉള്ള ശബ്ദങ്ങൾ ഒക്കെയും ത്രിലിംഗങ്ങളാകുന്നു എന്നു സാരമാകുന്നു. സമുന്നദ്ധഃ (അ-പു-പ്ര-ഏ) തന്നെ താൻതന്നെ വിദ്വാനെന്നു വിചാരിക്കുന്നവന്റെയും ഗർവ്വുള്ളവന്റെയും പേർ. ബ്രഹ്മബന്ധുഃ (ഉ-പു-പ്ര-ഏ) കർമ്മഹീനനായിരിക്കുന്ന ബ്രാഹ്മണന്റെയും ദേ

ഷ്ടം മഹത്തുവായിട്ട് പേർ പറയാത്തവന്റെയും പേർ. അവഷ്ട ബ്ധഃ (അ-പു-പ്ര-ഏ) ആശ്രയിച്ചവന്റെയും സമീപസ്ഥന്റെയും പേർ. പ്രസിദ്ധഃ (അ-പു-പ്ര-ഏ) പ്രസിദ്ധിയുള്ളവന്റെയും അലങ്കരിക്കപ്പെട്ടവന്റെയും പേർ. ഇതി ധാന്യവർഗ്ഗഃ.

നാന്യഃ.

ഛിത്രഭാനുഃ (ഉ-പു-പ്ര-ഏ) ആദിത്യന്റെയും അഗ്നിയുടെയും പേർ. ഭാനുഃ (ഉ-പു-പ്ര-ഏ) രശ്മിയുടെയും ആദിത്യന്റെയും പേർ.

ഭ്രാതാത്മാനൗ ധാതൃദേഹൗ മൂർഖനീചൗ പൃഥഗ്ജനൗ
ഗ്രാവാണൗ ശൈലപാഷാണൗ പത്രിണൗ ശരപക്ഷിണൗ.

ഭ്രാതാത്മാ (ന-പു-പ്ര-ഏ) ബ്രഹ്മാവിന്റെയും ശരീരത്തിന്റെയും പേർ. പൃഥഗ്ജനഃ (അ പു-പ്ര-ഏ) അജ്ഞാനിയുടെയും അധമന്റെയും പേർ. ഗ്രാവാ (ന-പു-പ്ര-ഏ) പർവ്വതത്തിന്റെയും കല്ലിന്റെയും പേർ. പത്രീ (ന-പു-പ്ര-ഏ) ശരത്തിന്റെയും പക്ഷിയുടെയും പേർ.

തരുശൈലൗ ശിഖരിണൗ ശിഖിനൗ വഹ്നിവഹ്നിനൗ
പ്രതിയത്നാവുദ്യമേ ലിംഗ്സ്യാപഗ്രഹാവഥ സാദിനൗ. ൪൦൫
ദ്വേഷസാധിഹായാദരാഹൗ വാജിനോശ്വപുപക്ഷിണഃ
കുലേപൃഭിജനോ ജന്മഭ്രൂമ്യാമപൃഥ ഹായനാഃ. ൪൦൬
വഷ്ട്യാച്ഛിർപ്രീഹിഭേദാസ്സ്യു ശ്ചുന്ദ്രാഗ്ന്യർക്കാ വിരോചനാഃ
ക്ലേശേപി വൃജിനോ വിശ്വകർമ്മാർക്കസുരശില്പിനോഃ. ൪൦൭

ശിഖരീ (ന-പു-പ്ര-ഏ) വൃക്ഷത്തിന്റെയും പർവ്വതത്തിന്റെയും പേർ. ശിഖീ (ന-പു-പ്ര-ഏ) അഗ്നിയുടെയും മയിലിന്റെയും പേർ. പ്രതിയത്നഃ (അ-പു-പ്ര ഏ) വാഞ്ഛയുടെയും അനുകൂലനായത്തിന്റെയും പേർ. അനുകൂലനന്യം=അനുകൂല്യത്തെ ഉണ്ടാക്കുക എന്ന ക്രിയ സാദീ (ന-പു-പ്ര-ഏ) തേർ തെളിക്കുന്നവന്റെയും കുതിരപ്പുറത്തു കയറിയവന്റെയും പേർ. വാജീ (ന-പു-പ്ര-ഏ) കുതിരയുടെയും ശരത്തിന്റെയും പക്ഷിയുടെയും പേർ. അഭിജനഃ (അ-പു-പ്ര-ഏ) വംശത്തിന്റെയും ജന്മഭൂമിയുടെയും പേർ. അപിശബ്ദം പറകപ്പെട്ടവയെ ഒഴിച്ചു ബാക്കി ഉള്ള അർത്ഥങ്ങളുടെ സമുച്ചയത്തിനായിക്കൊണ്ടാകയാൽ വംശമുഖ്യനായവന്റെയും കീർത്തിയുടെയും ജ്ഞാനത്തിന്റെയും സൌന്ദര്യത്തിന്റെയും സൌഭാഗ്യത്തിന്റെയും ഭാഗ്യാതിശയത്തിന്റെയും കുലചിഹ്നത്തിന്റെയും പേരായിട്ടും ഭവിക്കുമെന്നു അറിഞ്ഞുകൊൾക. (ഇഷ്യതേഭിജനഃകുലേ കുലചിഹ്നകുലഖ്യാതയെശോജനനഭൂമി

ഷു ഭാഗ്യാൽകഃഷ്ച സൌഭാഗ്യജ്ഞാനസൌന്ദര്യയോരപി) ച്യിന്ന ശബ്ദവ്യൂഹതരംഗിണിയിലുണ്ടു്. ജന്മഭ്രമാവപൃഥഗ്വിന്നം പാഠമുണ്ടു്. റായനഃ (അ-പു-പ്ര-ഏ) സംവത്സരത്തിന്റെറയും രശ്മിയുടേയും ധാന്യവിശേഷത്തിന്റെറയും പേർ. വിരോചനഃ (അ-പു-പ്ര-ഏ) ചന്ദ്രന്റെറയും അഗ്നിയുടേയും ആദിത്യന്റെറയും പേർ. വൃജിനഃ (അ-പു-പ്ര-ഏ) ക്ലേശത്തിന്റെറ പേർ. നപുംസകലിംഗമായാൽ പാപത്തിന്റെറ പേരാകയും ചെയ്യും. വിശ്വകർമ്മാ (ന-പു-പ്ര-ഏ) ആദിത്യന്റെറയും ദേവശില്പിയുടെയും പേർ.

ആത്മാ യത്നോ ധൃതിർബുദ്ധിസ്സ്വഭാവോ ബ്രഹ്മവർഷ്മ ച
ശരീര ഘാതുകരണേഷു വർഷ്മകാണ്ഡേ ഘനാഘനഃ. ൬൬

ആത്മാ (ന-പു-പ്ര-ഏ) പ്രയത്നത്തിന്റെറയും ധൈര്യത്തിന്റെറയും ബുദ്ധിയുടെയും സ്വഭാവത്തിന്റെറയും ബ്രഹ്മത്തിന്റെറയും ശരീരത്തിന്റെറയും പേർ. ച ശബ്ദമുണ്ടാകകൊണ്ടു് (ആത്മാകളേബരയത്നസ്വഭാവേപരമാത്മനി ചിത്തേധൃതൌ ച ബുദ്ധൌ ച പരവ്യാവർത്തനേപിച) ച്യിന്നുള്ള ധരണിയേയും (ആത്മാംഗജന്മനിബ്രഹ്മണ്യന്തരിന്ദ്രിയദേഹയോഃ ചിത്തേബുദ്ധൌ സ്വഭാവേ ച പ്രയത്നേച ധൃതാവപി) ച്യിന്നുള്ള ശബ്ദവ്യൂഹതരംഗിണിയേയും അനുസരിച്ചു് ചിത്തം മുതലായ അർത്ഥാന്തരങ്ങളുമിതിന്നുണ്ടെന്നു് അറിഞ്ഞുകൊൾകയും വേണം. ഘനാഘനഃ (അ-പു-പ്ര-ഏ) ഇന്ദ്രന്റെറയും കൊല്ലുന്ന മത്തഗജത്തിന്റെറയും വർഷിക്കുന്ന മേഘത്തിന്റെറയും പേർ. ശക്രഘാതുകമത്തേഭ വർഷുകാബ്ദേ ഘനാഘനഃ എന്നും പാഠമുണ്ടു്.

ഘനോ മേഘേ ഘനം മുസ്തിഹ്രണേ ത്രിഷു മൂർത്തേ നിരന്തരേ
അഭിമാനോത്ഥാടിദഭ്രേ ജ്ഞാനേ പ്രണയഹിംസയോഃ. ൬൭

ഘനഃ (അ-പു-പ്ര-ഏ) മേഘത്തിന്റെറയും കാഠിന്യത്തിന്റെറയും കഠിനമായുള്ളതിന്റെറയും തിങ്ങിയതിന്റെറയും പേർ. കഠിനത്തിന്റെറയും തിങ്ങിയതിന്റെയും പേരാകുമ്പോൾ ത്രിലിംഗമാകയും ചെയ്യും. അഭിമാനഃ (അ-പു-പ്ര-ച്യു) ധനം മുതലായതുകൊണ്ടുണ്ടായ ഗർവ്വത്തിന്റെറയും ജ്ഞാനത്തിന്റെറയും പ്രാർത്ഥനയുടെയും ഹിംസയുടെയും പേർ.

ഇനസ്സൂര്യേ പ്രഭൌ രാജ്ഞാ ക്ഷത്രിയേ ന്നുപേ
വാണിന്യൌ നത്തകീഭർത്തൃൌ സ്രവന്ത്യാമപി വാഹിനീ. ൬൮

ഇനഃ (അ-പു-പ്ര-ഏ) സൂര്യന്റെറയും പ്രഭുവിന്റെറയും പേർ. രാജ്ഞാ (ന-പു-പ്ര-ഏ) ചന്ദ്രന്റെറയും ക്ഷത്രിയന്റെറയും രാജ്ഞാ

വിന്റെയും പേർ. (രാജ്ഞാപ്രജ്ഞേ ച സ്ത്രീപുംസോസ്ത്രിയാം ക്ഷത്രിയേ നീചമാത്രേ യക്ഷേശക്രേ ച പുംസിസ്യാൽ) എന്ന മേദിനിയിലുണ്ടാകയാൽ ഇന്ദ്ര യക്ഷന്റെയും ദേവേന്ദ്രന്റെയും പ്രഭുവിന്റെയും പേരായി ഭവിക്കയും ചെയ്യുമെന്നറിക വാണിനീ (ഈ-സ്ത്രീ-പ്ര-ഏ) ക്ഷത്രാട്ടനാവളുടെയും ദൂതിയുടെയും പേർ. ചിലർ വാണിന്യൈനരംകീമത്തെ എന്നുള്ള പാഠത്തെ കാണിക്കയും ക്ഷത്രാട്ടനാവളുടെയും മദിപ്പുവളുടെയും പേർ എന്ന വ്യാഖ്യാനിക്കയും ചെയ്തിരിക്കുന്നു. (വാണിനീനത്കീമത്ത വിദഗ്ദ്ധാവനിതാസു ച) എന്ന മേദിനിയിലുണ്ടാകയാൽ അയുക്ത സാധുതന്നെ എങ്കിലും മഹേശ്വരടീകയെ ആനന്ദഗിച്ചിട്ട നത്കീദൃത്യെ എന്ന പാഠത്തെ സ്വീകരിച്ചിരിക്കുന്നു എന്ന അറിഞ്ഞുകൊൾകയും വേണം. വാഹിനീ (ഈ-സ്ത്രീ-പ്ര-ഏ) നദിയുടെയും സേനയുടെയും പേർ.

ഹ്രാദിന്യൈ വജ്രതഡിതൈ വന്ദായാമപി കാമിനീ
തപഃദേഹയോരപി തനുസ്സ്ത്രീനാഡ്യോ ജിഹ്വികാപി ച ഫഛ

ഹ്രാദിനീ (ഈ-സ്ത്രീ-പ്ര-ഏ) വജ്രത്തിന്റെയും മിന്നല്പിണരിന്റെയും പേർ. കാമിനീ (ഈ-സ്ത്രീ-പ്ര-ഏ) ഇത്തിക്കുടത്തിന്റെയും വിലാസിനിയായിരിക്കുന്ന സ്ത്രീയുടെയും പേർ. തനുഃ (ഉ-സ്ത്രീ-പ്ര-ഏ) ശരീരത്തിന്റെയും തൊക്കിന്റെയും പേർ. അപിശബ്ദംകൊണ്ട് അല്പവിരളാദികളായിരിക്കുന്ന അർത്ഥങ്ങളെ ഗ്രഹിച്ചുകൊൾക. (തനുകായേത ചിസ്ത്രീസ്യ ത്രിഷ്വല്പാല്പവിരളേകൃശേ) എന്ന മേദിനിവചനവുമുണ്ട്. സ്യൂനാ (ആ-സ്ത്രീ-പ്ര-ഏ) ചെറുനാവിന്റെയും വധസ്ഥാനത്തിന്റെയും പേർ. (സ്യൂതന്തികാദയസ്സ്യൂനാ ഗാർഹസ്ഥ്യമധിഷ്ഠിതഃ ധീയന്തേപ്രത്യഹന്താഭിസ്തസ്മിന്നേനാംസിപഞ്ചഭിഃ) ഇത്യാദികളിലുള്ള സ്യൂനാശബ്ദത്തിനു് വധസ്ഥാനമെന്നത്രേ അർത്ഥമാകുന്നതു്.

ക്രതുവിസ്താരയജ്ഞസ്ത്രീ വിതാനം ത്രിഷു തൂച്ഛ്രയേ
മന്ദേഥ കേതനം കൃത്യേ കേതാവുപനിമന്ത്രണേ. ഫഛ

വിതാനം (അ-ന-പ്ര-ഏ) (പുല്ലിംഗമായിട്ടുമാം.) യാഗത്തിന്റെയും വിസ്താരത്തിന്റെയും പേർ. ശശൃംഗം മുതലായ ശൂന്യപദാർത്ഥത്തിന്റെയും മന്ദന്റെയും പേരാകുമ്പോൾ ത്രിലിംഗമായി ഭവിക്കയും ചെയ്യും. കേതനം(അ-ന-പ്ര-ഏ) ചെയ്യുണ്ടതിന്റെയും കൊടിമരത്തിന്റെയും രഹഃസംവാദത്തിന്റെയും പേർ. രഹസ്സംവാദഃ=വിജനപ്രദേശത്തിങ്കലിരുന്നിട്ടുള്ള സം

ഭാഷണം. ഇത്ത് ഉപനിമന്ത്രണശബ്ദത്തിന്റെ അർത്ഥമാകുന്നു. ഉപനിമന്ത്രണശബ്ദത്തിന്നു നിവാസമെന്നർത്ഥമെന്നും ഒരു പക്ഷമുണ്ട്.

വേദസ്തപഃ തപോ ബ്രഹ്മ ബ്രഹ്മാ വിപ്രഃ പ്രജാപതിഃ
ഉത്സാഹനേ ച ഹിംസായാം സൂചനേ ചാപി ശന്ധനം.

ബ്രഹ്മ (ന-ന-പ്ര-ഘ)വേദത്തിന്റെയും ചൈത്യനത്തിന്റെയും തപസ്സിന്റെയും പേർ. ബ്രഹ്മാ (ന-ഋ-പ്ര-ഘ) ബ്രാഹ്മണന്റെയും സൃഷ്ടികർത്താവിന്റെയും പേർ. ശന്ധനം (ശ-ന-പ്ര-ഘ) ഉത്സാഹിപ്പിക്കുന്നതിന്റെയും ഹിംസയുടെയും. ആശയപ്രകാശനത്തിന്റെയും പേർ.

ആതഞ്ചനം പ്രതീവാപാഞ്ജവനാഹ്വായനാർത്ഥകം
വ്യഞ്ജനംലാഞ്ഛനശ്മശ്രു നിഷ്ഠാനാവയവേഷ്വപി. ൫൬൭

ആതഞ്ചനം (അ-ന-പ്ര-ഘ) പാലിൽ മോരു ചേർക്കുക മുതലായതിന്റെയും വേഗത്തിന്റെയും സന്തോഷിപ്പിക്കുന്നതിന്റെയും പേർ. വ്യഞ്ജനം (അ-ന-പ്ര-ഘ) അടയാളത്തിന്റെയും മീശയുടെയും കറിയുടെയും ലിംഗമായാനികളുടെയും കകാരാദ്യക്ഷരങ്ങളുടെയും പേർ.

സ്യാൽ കൌലീനം ലോകവാടേ യുദ്ധേ പശുഹിപക്ഷിണാം
സ്യാദുദ്യാനം നിസ്സരണേ വനഭേദേ പ്രയോജനേ.

കൌലീനം (അ-ന-പ്ര-ഘ) ലോകവാടത്തിന്റെയും പശുക്കളുടെയും സർപ്പങ്ങളുടെയും പക്ഷികളുടെയും പരസ്പരമുള്ള യുദ്ധത്തിന്റെയും പേർ. ഉദ്യാനം (അ-ന-പ്ര-ഘ) നിർഗ്ഗമനത്തിന്റെയും പൂങ്കാവിന്റെയും പ്രയോജനത്തിന്റെയും പേർ. നിർഗ്ഗമനം=പുറത്തേയ്ക്കുള്ള ഗമനം.

അവകാശേ സ്ഥിതൌ സ്ഥാനം ക്രീഡായാമപി ദേവനം
ഉത്ഥാനം പൌരുഷേ തന്ത്രേ സന്നിവിഷ്ടാദ്ഗമേപി ച.

സ്ഥാനം (അ-ന-പ്ര-ഘ) അവകാശത്തിന്റെയും സ്ഥിതിയുടെയും പേർ. ദേവനം (അ-ന-പ്ര-ഘ) ക്രീഡയുടെയും ജന്മേച്ഛ മുതലായതിന്റെയും പേർ. ഉത്ഥാനം (അ-ന-പ്ര-ഘ) ഉദ്യോഗത്തിന്റെയും കൂടുംബകാര്യാദികളുടെയും എഴുന്നേല്ക്കുന്നതിന്റെയും യുദ്ധാദികളുടെയും പേർ. (ഉത്ഥാനമുദ്യമേതന്ത്രേ പൌരുഷേപുസ്തകേരണേ പ്രാംഗണോദ്ഗമഹർഷേഷുമൂലരോഗേപിനദ്ധയോഃ) എന്നുള്ള മേദിനിയെ അനുസരിച്ച് അതാത് ആദിപാദാർത്ഥങ്ങളെ ഗ്രഹിച്ചുകൊൾക.

വ്യർത്ഥാനം പ്രതിരോധേ ച വിരോധാചരണേപി ച
മാരണേ മൃതസംസ്കാരേ ശ്രുതൌ ദ്രവ്യോത്ഥഭാപനേ.
നിവൃത്തനോപകരണാനപ്രജ്യാസു ച സാധനം
നിഷ്പാതനം പൈരശ്രുദ്ധൌ ദാനേ ന്യാസാപ്പണേപി ച.

വ്യർത്ഥാനം (അ-ന-പ്ര-ഏ) തടവിൻെറയും വിരോധാചാരത്തിൻെറയും സമാധിയിൽനിന്നുള്ള നിവൃത്തിയുടെയും പേർ. സാധനം (അ-ന-പ്ര-ഏ) കൊല്ലുക എന്നതിൻെറയും ശവദാഹാദിയുടെയും ഗമനത്തിൻെറയും ധ്യാനത്തിൻെറയും ധനത്തെ ദാനംചെയ്യിപ്പിക്ക എന്നതിൻെറയും ഘടാദിവസ്തു നിർമ്മാണത്തിൻെറയും ഉപായത്തിൻെറയും അനുയാത്രയുടെയും പേർ. നിഷ്പാതനം (അ-ന-പ്ര-ഏ) പകതീക്കുക എന്നതിൻെറയും ദാനത്തിൻെറയും തൻെറ അധീനമാക്കിവയ്ക്കപ്പെട്ടതിനെ തിരികെ കൊടുക്കുക എന്നതിൻെറയും പേർ.

വ്യസനം വിപദി ഭ്രംശേ ദോഷേ കാമജകോപജേ
പക്ഷ്മാക്ഷിലോമ്നികിഞ്ജല്കേ തന്ത്രാദ്യംശേപ്യണീയസി.

വ്യസനം (അ-ന-പ്ര-ഏ) ആപത്തിൻെറയും അപായത്തിൻെറയും കാമം ഹേതുവായിട്ടുണ്ടാകുന്ന സ്ത്രീസേവ ചൂതുകളി നായാട്ട് മദ്യപാനം എന്നീ ഈ നാലുദോഷങ്ങളുടേയും കോപം ഹേതുവായിട്ടുണ്ടാകുന്ന വാക്പാരുഷ്യം ദണ്ഡപാരുഷ്യം അർത്ഥദൂഷണം എന്ന ഈ മൂന്നുദോഷങ്ങളുടെയും പേർ. സ്ത്രീസേവാദി ഏഴിനെ ഉദ്ദേശിച്ചിട്ട് സപ്തവ്യസനങ്ങൾ എന്നുള്ള വ്യവഹാരം നീതിശാസ്ത്രാദികളിൽ ഏറെറവും പ്രസിദ്ധമാകുന്നു. (സ്ത്രീമദ്യമൃഗയാദ്യുതപ്രസക്തിഷൂപദിഷ്ടേ വാക്പാരുഷ്യേർശ്യാ ദണ്ഡപാരുഷ്യേ ചാർത്ഥദൂഷണേ വിപത്തൌനിഷ്ടലോദ്യോഗേപാതകാപായയോരപി വ്യസനം) എന്നും കോശാന്തരവുമുണ്ട്. പക്ഷ്മ (ന-ന-പ്ര-ഏ) നേത്രരോമത്തിൻെറയും പൂവിൻെറ അല്ലിയുടെയും ഏറെറവും ചെറുതായ മൂലമുതലായവയുടെ അംശത്തിൻെറയും പേർ.

തിഥിദ്വേഷേ ക്ഷണേ പവ്വർത്മനെത്രുച്ഛേദലേപനി
അകാണ്ഡഗ്രഹേ കൌപീനം മൈഥുനം സംഗതൌ രതൌ.

പവ് (ന-ന-പ്ര-ഏ) വാവിൻെറയും ഉത്സവത്തിൻെറയും പേർ. വർത്മ (ന-ന-പ്ര-ഏ) കണ്ണിൻെറ പോളയുടെയും വഴിയുടെയും പേർ. കൌപീനം (അ-ന-പ്ര-ഏ) പാപത്തിൻെറയും പുരുഷലിംഗത്തിൻെറയും പേർ. കോണകത്തിൻെറയുമാം മൈഥു

നം (അ-ന-പ്ര-ഏ) ഭാഗ്യാദിസംബന്ധത്തിന്റെയും സുരതത്തിന്റെയും പേർ.

പ്രധാനം പരമാത്മാ ധീഃ പ്രജ്ഞാനം ബുദ്ധിചിഹ്നയോഃ
പ്രസൂനം പുഷ്പഫലയോഃ നിധനം കുലനാശയോഃ.

പ്രധാനം (അ-ന-പ്ര-ഏ) പരമാത്മാവിന്റെയും ബുദ്ധിയുടെയും പേർ. പ്രജ്ഞാനം (അ-ന-പ്ര-ഏ) ബുദ്ധിയുടെയും അടയാളത്തിന്റെയും പേർ. പ്രസൂനം (അ-ന-പ്ര-ഏ) പുഷ്പത്തിന്റെയും ഫലത്തിന്റെയും പേർ. നിധാനം (അ-ന-പ്ര-ഏ) കുലത്തിന്റെയും നാശത്തിന്റെയും പേർ.

ക്രന്ദനേ രോദനാഹ്വാനേ വർഷ്മദേഹപ്രമാണയോഃ
ഗൃഹദേഹതിരിപ്രഭാവധാമാന്യഥ ചതുഷ്പഥേ. ൨൮൫
സന്നിവേശേ ച സംസ്ഥാനം ലക്ഷ്മചിഹ്നപ്രധാനയോഃ
ആച്ഛാദനേ സംവിധാനമപവാരണമസ്ത്രിഷു. ൨൮൬

ക്രന്ദനം (അ-ന-പ്ര-ഏ) കരച്ചിലിന്റെയും വിളിയുടെയും പേർ. വർഷ്മ (ന-ന പ്ര-ഏ) ശരീരത്തിന്റെയും പരിച്ഛേദത്തിന്റെയും പേർ. ധാമ (ന-ന-പ്ര-ഏ) ഗൃഹത്തിന്റെയും ശരീരത്തിന്റെയും രശ്മിയുടെയും പ്രഭാവത്തിന്റെയും പേർ. സംസ്ഥാനം (അ-ന-പ്ര-ഏ) ചതുഷ്പഥത്തിന്റെയും സമീപത്തിന്റെയും പേർ. ചതുഷ്പഥം=നാലു പെരുവഴികൾ കൂടുന്ന സ്ഥലം. ചതുഷ്പഥത്തിന്റെയും അവയവവിഭാഗത്തിന്റെയും പേർ ഏതിനും കരുപക്ഷമുണ്ട്. ലക്ഷ്മ (ന-ന-പ്ര-ഏ) അടയാളത്തിന്റെയും പ്രധാനത്തിന്റെയും പേർ. ആച്ഛാദനം (അ-ന-പ്ര-ഏ) മറയ്ക്കുന്നതിന്റെയും വസ്ത്രാദികൾകൊണ്ടു മൂടുക എന്നതിന്റെയും പേർ.

ആരാധനം സാധനേ സ്യാദവാപ്തൗ തോഷണേപി ച
അധിഷ്ഠാനം ചക്രപുരപ്രഭാവാധ്യാസനേഷ്വപി. ൨൮൭

ആരാധനം (അ-ന-പ്ര-ഏ) നിർമ്മാണത്തിന്റെയും പ്രാപ്തിയുടെയും സന്തോഷിപ്പിക്കുന്നതിന്റെയും പേർ. അധിഷ്ഠിനം (അ-ന-പ്ര-ഏ) ചക്രത്തിന്റെയും നഗരത്തിന്റെയും പ്രഭാവത്തിന്റെയും ആക്രമിക്കുന്നതിന്റെയും പേർ. ചക്രമെന്നതു് വണ്ടിനുള്ളതായ ആകുന്നതു്. അധ്യാസനശബ്ദത്തിന്റെ അർത്ഥം ആക്രമിക്കുന്നതാകുന്നു. (ബന്ധകംവ്യസനംക്ഷതഃ പീഡാധിഷ്ഠാനമാധയഃ) എന്നുള്ള സ്ഥലത്തിങ്കലും മേൽപറഞ്ഞ അർത്ഥംതന്നെ അധിഷ്ഠാനശബ്ദംകൊണ്ടു വിവക്ഷിതമായിട്ടുള്ളതു എന്നും ഗ്രഹിച്ചുകൊൾക. ബന്ധകമിത്യാദിസ്ഥലത്തിങ്കൽ ആശ്രയിച്ചിട്ടുള്ള

ഇരിപ്പു് എന്ന അധിഷ്ഠാനശബ്ദാത്ഥത്തെ പറഞ്ഞവർതന്നെ ഇവിടെ അധ്യാസന ശബ്ദത്തിന്ന ആക്രമിക്ക എന്ന അത്ഥത്തെ പറഞ്ഞിരിക്കുന്നു. അവിടെ ഉള്ള അധിഷ്ഠാനശബ്ദത്തിന്ന അധ്യാസനമെന്ന ടീകാകൃത്തുകൾ അത്ഥത്തെ പറഞ്ഞിട്ടുണ്ടു്. അവിടത്തെ അധ്യാസനശബ്ദാത്ഥം ആശ്രയിച്ചിട്ടുള്ള ഇരിപ്പാകുന്നു. ഇവിടെ ആയതു ആക്രമമാകുന്നു എന്ന പറഞ്ഞാൽ ആയതു് അക്രമമായിത്തീരുകയും ചെയ്യുമെന്ന എല്ലാവക്കും അറിയാമല്ലോ. അപിശബ്ദമുണ്ടാകയാൽ ആസ്പദാദികൾക്കും അധിഷ്ഠാനമെന്ന പേരുണ്ടെന്നു് ഗ്രഹിച്ചുകൊൾക.

രത്നം സ്വജാതിശ്രേഷ്ഠേപി വനേ സലിലകാനനേ
തലിനം വിരളേ സ്തോകേ വാച്യലിംഗം തഥോത്തരേ.

രത്നം (അ-ന-പ്ര-ഏ) സ്വജാതിശ്രേഷ്ഠമായുള്ളതിന്റെയും വൈരക്കല്ലു മുതലായവയുടെയും പേർ. സ്ത്രീരത്നമിത്യാദി സ്ഥലത്തിങ്കൽ സ്വജാതിശ്രേഷ്ഠാത്മകത്വമുണ്ടാകയാൽ സ്ത്രീകളിൽവച്ചുശ്രേഷ്ഠയായിരിക്കുന്നവൾ ഇത്യാദിയായ അത്ഥത്തെ ഗ്രഹിച്ചുകൊൾക. വനം (അ-ന-പ്ര-ഏ) ജലത്തിന്റെയും അരണ്യത്തിന്റെയും പേർ. തലിനം (അ-ന-പ്ര-ഏ) അന്തരത്തോടുകൂടിയതിന്റെയും അല്പമായുള്ളതിന്റെയും പേർ. മേൽപറഞ്ഞ അത്ഥങ്ങളിൽ തലിനശബ്ദം വിശേഷ്യാധീനമാകയാൽ ത്രിലിംഗമാകുന്നു. ഇനി പറകപ്പെടുന്ന നാന്തശബ്ദങ്ങളും ത്രിലിംഗങ്ങളാകുന്നു.

സമാനാസ്സൽസമൈകേ സ്യുഃ പിശുനൌ ഖലസൂചകൌ
ഹീനന്യൂനാവുനഗർഹ്യൌ വേഗിശ്രൂരൌ തരസ്വിനൌ.

സമാനഃ (അ-പു-പ്ര-ഏ) സജ്ജനത്തിന്റെയും സദൃശന്റെയും ഏകന്റെയും പേർ. പിശുനഃ (അ-പു-പ്ര-ഏ) ദുർജ്ജനത്തിന്റെയും ഏഷണിക്കാരന്റെയും പേർ. ഹീനഃ ന്യൂനഃ (അ-പു-പ്ര-ഏ) അല്പനായിരിക്കുന്നവന്റെയും നിന്ദ്യനായിരിക്കുന്നവന്റെയും പേർ. തരസ്വി (ന-പു-പ്ര-ഏ) വേഗമുള്ളവന്റെയും ശൂരന്റെയും പേർ.

അഭിപന്നോऽപരാധോഭിഗ്രസ്തവ്യാപദ്ഗതാവപി ഹനേ
കലാപോ ഭ്രംശനേ ബർഹേ തൂണീരേ സംഹാതാവപി.

അഭിപന്നഃ (അ-പു പ്ര-ഏ) അപരാധമുള്ളവന്റെയും ശത്രുവിനാൽ ആക്രമിക്കപ്പെട്ടവന്റെയും ആപത്തിലകപ്പെട്ടവന്റെയും പേർ.

ഇതി നാന്തവർഗ്ഗഃ

പാന്ഥഃ

കലാപഃ (അ-പു-പ്ല-ഏ) ആഭരണത്തിന്റെയും മയിൽപീലിയുടെയും ആവനാഴിയുടെയും സമൂഹത്തിന്റെയും പേർ.

പരിച്ഛദേ പരീവാപഃ പയ്യപ്പൈ സലിലസ്ഥിതൌ
ഗോധൂമേഷ്വാപ പരീതഗോപൈ ഹരവിഷ്ണൂ വൃഷാകപീ.

പരീവാപഃ (അ-പു-പ്ല-ഏ) ക്ഷേത്രം മുതലായ ഉപകരണത്തിന്റെയും പില്ലാടവുമുള്ള വിത്തിന്റെ വിതയുടെയും ജലസ്ഥാനത്തിന്റെയും പേർ. ഗോപഃ (അ-പു-പ്ല-ഏ) പാലുപാലന്റെയും തൊഴുത്തുവിചാരക്കാരന്റെയും പേർ. വൃഷാകപിഃ (ഇ-പു-പ്ല-ഏ) ശിവന്റെയും വിഷ്ണുവിന്റെയും പേർ.

ബാഷ്പഉഷ്മാശ്രു കശിപുതന്നമാച്ഛാദനം ദ്വയം
തല്പംശയ്യാട്ടാരേഷു സ്ഥംബേപി വിടപോസ്ത്രിയാം.

ബാഷ്പഃ (അ-പു-പ്ല-ഏ) ആവിയുടെയും കണ്ണുനീരിന്റെയും പേർ. ബാഷ്പമൂഷ്മാശ്രു എന്നുള്ളപാഠം ടീകാവിരുദ്ധമാകുന്നു. കശിപു (ഉ-ന-പ്ല-ഏ) അന്നത്തിന്റെയും വസ്ത്രത്തിന്റെയും പേർ. തല്പം (അ-ന-പ്ല-ഏ) കിടക്കയുടെയും മേടയുടെയും മാളികയുടെയും പേർ. വിടപഃ (അ-പു-പ്ല-ഏ) പുല്ലുറിയുടെയും വിസ്താരത്തിന്റെയും കൊമ്പിന്റെയും പേർ. അസ്ത്രിയാമെന്നതു വിടപശബ്ദത്തോടും തല്പകശിപുശബ്ദങ്ങളോടും സംബന്ധമുള്ളതാണെന്നു ടീകയിൽ പറഞ്ഞിരിക്കയാൽ മേൽപറഞ്ഞ ശബ്ദങ്ങൾക്കു സ്ത്രീത്വമില്ലെന്നതു മാത്രം ഗ്രഹിച്ചുകൊൾക. ബാഷ്പമൂഷ്മാശ്രു എന്നുള്ള പാഠത്തെ ടീകാകൃത്തുകൾ സമ്മതിക്കുന്നപക്ഷം (സവ്യാജംഹസിതം മയാധൃതിഹരോബാഷ്പസ്ഫുടതാസ്ഥയാ) ഇത്യാടി പ്രയോഗങ്ങളെ അനുസരിച്ചു ബാഷ്പശബ്ദത്തോടും അസ്ത്രിയാമെന്നതിന്റെ സംബന്ധമുണ്ടെന്നു പറയേണ്ടതായിരുന്നു. അപ്രകാരം പറഞ്ഞിട്ടുമില്ല. അതുനിമിത്തമായിട്ടാകുന്നു ബാഷ്പമൂഷ്മാശ്രു എന്നുള്ള പാഠം ടീകാവിരുദ്ധമാകുന്നു എന്നു മുമ്പു പറഞ്ഞതെന്നു ഗ്രഹിച്ചുകൊൾകയും വേണം. വിടപശബ്ദം വിടരക്ഷണരൂപമായ നിമിത്തത്തോടുകൂടുമ്പോൾ വിശേഷ്യാധീനമാകയാൽ അതിനു സ്ത്രീത്വംകൂടെ ഉണ്ടാകയും ചെയ്യും.

പ്രാപ്തരൂപസുരൂപാഭിരൂപാ ബുധമനോജ്ഞയോഃ
ഭേദ്യലിംഗാ അമീ കുമ്മീ വീണാദേശ്ച കച്ഛപീ. ൫൩൨

പ്രാപ്തരൂപഃ സുരൂപഃ അഭിരൂപഃ (അ-പു-പ്ല-ഏ) വിദ്വാന്റെയും സുന്ദരന്റെയും പേർ. ഭേദ്യലിംഗാ അമീ എന്നതിനു

ഈപറകപ്പെട്ട മൂന്ന ശബ്ദങ്ങം വിശേഷ്യത്തിന്റെ ലിംഗംപോലെ ഇരിക്കുന്ന ലിംഗത്തോടുകൂടിയവാകുന്ന എന്ന അർത്ഥത്തെ ഗ്രഹിച്ചുകൊൾക. കച്ഛപീ (ഈ-സ്ത്രീ-പ്ര-ഏ) പെണ്ണാമയുടെയും സഭാസ്പതിയുടെ വീണയുടെയും പേർ. ഇതിപാന്തവർഗ്ഗഃ.

ദേഫാന്തഃ.

രവണ്ണേ പുംസിദേഫസ്ത്രീച്ചാൽ കുത്സിതേ വാച്യലിംഗകഃ
ശിഫാ ശിഖാന്തഃ സ്ത്രീ മാംസികായാഞ്ച മാതരി.

ദേഫഃ (അ-പു-പ്ര-ഏ) ര എന്നുള്ള അക്ഷരത്തിന്റെയും അധമന്റെയും പേർ. അധമന്റെ പേരാകുമ്പോൾ ത്രിലിംഗമായി ഭവിക്കയും ചെയ്യും. ശിഫാ (അ-സ്ത്രീ-പ്ര-ഏ) കുടുമയുടെയും നടിയുടെയും മാഞ്ചിയുടെയും മാതാവിന്റെയും പേർ.

ശഫം മൂലേ തരുണാം സ്യാദ്ഗവാദീനാം പുമേപി ച
ഹ്രംഫസ്ത്യാദ്ഹ്രംഫനേ ബാഢഹാരലംകാരേ ച കീർത്തിതഃ.

ശഫം (അ-ന-പ്ര-ഏ) വൃക്ഷമൂലത്തിന്റെയും പശുമുതലായവറ്റിൻകുളമ്പിന്റെയും പേർ. ഹ്രംഫഃ (അ-പു-പ്ര-ഏ) പടബന്ധത്തിന്റെയും ഹസ്ത്യാലംകാരത്തിന്റെയും പേർ. ശിഫാ ശിഖായാമെന്ന തുടങ്ങി ഒന്നരശ്ലോകം മൂലാന്തർഭൂതമല്ലെന്ന ടീകാകൃത്തുകൾ പറഞ്ഞിരിക്കുന്നു. ഇതി ഫാന്തവർഗ്ഗഃ.

ബാന്തഃ

അന്തരാഭവസത്വശ്ച ഗന്ധർവ്വോ ദിവ്യഗായനേ
കംബൂന്നാ വലയേ ശംഖേ ദിജിഫൌ സപ്തസ്വരകേ.

ഗന്ധർവ്വഃ (അ-പു-പ്ര-ഏ) ദേഹനാശദേഹാന്തരപ്രാപ്തികളുടെ മധ്യത്തിങ്കൽ വർത്തിക്കുന്ന ജന്തുവത്രേ അന്തരാഭവസത്വമാകുന്നത്. അപ്രകാരമിരിക്കുന്ന ജന്തുവിന്റെയും അശ്വത്തിന്റെയും ദേവലോകത്തിങ്കൽ പാടുന്നവരായ വിശ്വാവസുമുതലായവരുടെയും പേർ. അന്തരാഭവസത്വമെന്നത ഭൂലോകത്തിന്റെയും സ്വർഗ്ഗലോകത്തിന്റെയും ഇടയിൽ വർത്തിക്കുന്ന ജന്തു എന്നും ഒരു മതമുണ്ട്. ഭൂമിയിൽ സഞ്ചരിക്കുന്നവരായ മനുഷ്യരിലും സ്വർഗ്ഗസഞ്ചാരികളായ ദേവന്മാരിലും ചേരാതെ അന്തരീക്ഷമാത്രത്തിങ്കൽ സഞ്ചരിക്കുന്ന പിശാചു വിശേഷമെന്നത്രേ അതിന്റെ സിദ്ധാന്തമാകുന്നത്. ഗന്ധർവ്വശബ്ദം വാന്തവർഗ്ഗത്തിങ്കൽ പറവാൻ യുക്തമാകുന്ന എങ്കിലും, ബകാരവകാരങ്ങൾക്ക അഭേദമുണ്ട് എന്നുള്ള പക്ഷത്തെ അശ്രയിച്ചിട്ടാകുന്ന ബാന്തവർഗ്ഗത്തിങ്കൽ പറഞ്ഞത് എന്നറിഞ്ഞുകൊൾകയും വേണം. കംബുഃ (ഉ-

പു-പ്ര-ഏ) വളയുടെയും ശംഖിന്റെയും പേർ. നാ എന്നതു കൊണ്ടു് വലയമെന്നുള്ള അർത്ഥത്തിങ്കൽ കംബുശബ്ദം പുല്ലിംഗം തന്നെ എന്നുള്ള നിയമത്തെ കാണിച്ചിരിക്കുന്നു. ശംഖിന്റെ പേരാകുമ്പോൾ പുല്ലിംഗംതന്നെ എന്ന നിയമത്തിങ്കൽ താല്പര്യമില്ലെന്നു ഗ്രഹിച്ചുകൊൾകയും വേണം. നാ എന്നതു് രണ്ടർത്ഥങ്ങളിലും പുംസ്ത്വനിയാമകമാണെങ്കിൽ ശംഖസ്ത്രീയെ എന്നു മുൻപറഞ്ഞതു വിരുദ്ധമാകയും ചെയ്യും. ടിജിഹ്വഃ (അ-പു-പ്ര-ഏ) സർപ്പത്തിന്റെയും ചെവിയിൽ മന്ത്രിക്കുന്നവന്റെയും പേർ.

പൂർവ്വാനൃലിംഗഃ പ്രാഗാഹ പുംബാഹ്യതോപി പൂർവ്വജാൻ
കുംഭേ ത്വഷ്ടരമൂർദ്ധാനൗ ഡിംഭേ തു ശിശ്വൗഖലിശൗ.

പൂർവ്വഃ (ത്രി-പു-പ്ര-ഏ) ത്രിലിംഗമാകുന്നു. കിഴക്കേ ദിക്കിൽ ഭവിച്ചതിന്റെയും ആദിയിൽ ഭവിച്ചതിന്റെയും പേർ. പുല്ലിംഗമായും ബാഹ്യവചനാന്തമായുമിരുന്നാൽ പിതൃപിതാമഹാദികളുടെ പേരായിട്ടും ഭവിക്കും. ഇവിടെ ടിജിഹ്വ പൂർവ്വശബ്ദങ്ങളെ പറഞ്ഞതും ഗന്ധർവ്വശബ്ദത്തെ പറഞ്ഞതുപോലെതന്നെ.

ഇതി ബാന്ധവവർഗ്ഗഃ.

ഭാന്തഃ.

കുംഭഃ (അ-പു-പ്ര-ഏ) കുടത്തിന്റെയും ഗജശിരസ്സിങ്കലെ മുഴയുടെയും പേർ. (കുംഭൗഘടേമൂർദ്ധാംശൗ) എന്നും പാഠമുണ്ടു്. അവിടെ മൂർദ്ധാംശമെന്നതിനു് ശിരോഭാഗമെന്നു് അർത്ഥമാകുന്നു. കുംഭസ്ത്യാൽ കുംഭകർണ്ണന്യസുതേവേശ്യാപതൗഘടേ രാശിഭേദേപിപാംശൗച എന്ന വിശ്വവാക്യവുമുണ്ടു്. ഡിംഭഃ (അ-പു-പ്ര-ഏ) ശിശുവിന്റെയും മൂർഖന്റെയും പേർ.

സ്തംഭൗ സ്ഥൂണാജുഡീഭാവൗശംഭൂ ബ്രഹ്മത്രിലോചനൗ
കക്ഷിഭ്രൂണാർക്കാ ഗർഭാ വിസ്രംഭഃ പ്രണയേപിച. ക്ഷമാ

സ്തംഭഃ (അ-പു-പ്ര-ഏ) തൂണിന്റെയും സ്തംഭാവസ്ഥയുടെയും പേർ. ശംഭുഃ (ഉ പു-പ്ര-ഏ) ബ്രഹ്മാവിന്റെയും പരമേശ്വരന്റെയുംപേർ. ഗർഭഃ (അ-പു-പ്ര-ഏ) വയറിന്റെയും ഗർഭസ്ഥജന്തുവിന്റെയും ശിശുവിന്റെയും പേർ. വിസ്രംഭഃ (അ-പു-പ്ര-ഏ) ശൃംഗാരപ്രാർത്ഥനയുടെയും വിശ്വാസത്തിന്റെയും ക്രീഡാകലഹത്തിന്റെയും വധത്തിന്റെയും പേർ. (വിസ്രംഭഃകേളികലഹേ വിശ്വാസേ പ്രണയേവധേ) എന്നു് കോശാന്തരവുമുണ്ടു്.

സ്യാദ്ദേഽന്ദുന്ദുഭിഃ പുംസി സ്യാദക്ഷ്ണ ദുന്ദുഭിഃ സ്ത്രിയാം
സ്യാന്മഹാരജനേ ക്ലീബം കുസുംഭം കരകേ പുമാൻ. ഫനടൻ

ദുന്ദുഭിഃ (ഇ-പു-പ്ര-ഏ) പെരുംപറയുടെ പേർ. പകിടക്കരു വിന്റെ പേരാകുമ്പോൾ സ്ത്രീലിംഗമായിഭവിക്കും. കുസുംഭം(അ-ന-പ്ര-ഏ) കുസുംഭ പുഷ്പത്തിന്റെ പേർ. (സ്വർണ്ണത്തിന്റെ ഏ) ന്നമ ം) കിണ്ടിയുടെ പേരാകുമ്പോൾ പുല്ലിംഗമായി ഭവിക്കും.

ക്ഷത്രിയേപി ച നാഭിന്നാ സുഭഗിർഗ്ഗവി ച സ്ത്രിയാം
സഭാ സംസദി സഭ്യേ ച ത്രിഷ്വധ്യക്ഷേപി വല്ലഭഃ.

നാഭിഃ (ഇ പു-പ്ര ഏ) ക്ഷത്രിയന്റെയും മുഴുവ്യന്റെയും പേർ. പൊക്കിളിന്റെ പേരാകുമ്പോൾ പുല്ലിംഗമായിട്ടും സ്ത്രീലിംഗമായിട്ടും പ്രയോഗിക്കാം. മൃഗവിശേഷത്തിന്റെ പേരാകുമ്പോൾ സ്ത്രീലിംഗമായ്തന്നെ ഭവിക്കും. സുഭഗിഃ (ഇ-സ്ത്രീ-പ്ര-ഏ) പശുവിന്റെ പേർ. വസന്തത്തിന്റെയും ജാതീഫലത്തിന്റെയും ചമ്പകത്തിന്റെയും പേരാകുമ്പോൾ പുല്ലിംഗമായും സൌഭഗത്തോടുകൂടിയതിന്റെയും മനോഹരമായുള്ളതിന്റെയും പേരാകുമ്പോൾ ത്രിലിംഗമായും സ്വർണ്ണത്തിന്റെയും താമരപ്പൂവിന്റെയും പേരാകുമ്പോൾ നപുംസകമായും ഭവിക്കും. സഭാ (അ-സ്ത്രീ-പ്ര-ഏ) സദസ്സിന്റെയും സദസ്സിങ്കൽ വസിക്കുന്നവരുടെയും പേർ. സദസ്സ്=ആസ്ഥാനം. വല്ലഭഃ (അ-പു-പ്ര-ഏ) അധികാരപുരുഷന്റെയും ഭർത്താവിന്റെയും ഇഷ്ടവസ്തുവിന്റെയും പേർ. ഇതി ഭാന്തവർഗ്ഗഃ.

മാന്തഃ.

കിരണപ്രഗ്രഹൌ രശ്മീ കപിഭേകൌ പ്ലവംഗമൌ
ഇച്ഛാമനോഭവൌ കാമൌ ശൌര്യൌത്സാഹൌ പരാക്രമൌ.

രശ്മിഃ (ഇ-പു-പ്ര-ഏ) രശ്മിയുടെയും പിടിക്കയറിന്റെയും പേർ. പ്ലവംഗമഃ (അ-പു-പ്ര-ഏ) വാനരത്തിന്റെയും തവളയുടെയും പേർ. കാമഃ (അ-പു-പ്ര-ഏ) ഇന്ദ്രയുടെയും കാമദേവന്റെയും പേർ. പരാക്രമഃ (അ-പു-പ്ര-ഏ) ശൌര്യത്തിന്റെയും ഉത്സാഹത്തിന്റെയും പേർ.

ധർമ്മഃ പുണ്യയമന്യായസ്വഭാവാചാരസോമപാഃ
ഉപായപൂർവ്വ ആരംഭ ഉപധാ ചാപ്യുപക്രമഃ. ൨൯൨

ധർമ്മഃ (അ-പു-പ്ര-ഏ) പുണ്യത്തിന്റെയും അന്തകന്റെയും നീതിയുടെയും സ്വഭാവത്തിന്റെയും ആചാരത്തിന്റെയും സോമയാഗത്തെ ചെയ്തവന്റെയും പേർ. ഉപക്രമഃ (അ-പു-പ്ര-

ഘ്ഞ) ഉപായജ്ഞാനപൂർവ്വകമായിരിക്കുന്ന ആരംഭത്തിന്റെയും അമാത്യശീലപരീക്ഷണത്തിന്റെയും പേർ.

വണിക്പഥഃ പുരം വേദോ നിഗമോ നാഗരോ വണിക്
നൈഗമോ ദ്വൗ ബലേ രാമോനീലചാരുസിതേ ത്രിഷു.

നിഗമഃ (അ-പു-പ്ര-ഘ്ഞ) പീടികത്തെരുവിന്റെയും പട്ടണത്തിന്റെയും വേദത്തിന്റെയും പേർ. നൈഗമഃ (അ-പു-പ്ര-ഘ്ഞ) പട്ടണത്തിൽ വസിക്കുന്നവന്റെയും കച്ചവടക്കാരന്റെയും പേർ. രാമഃ (അ-പു-പ്ര-ഘ്ഞ) ബലഭദ്രരുടെ പേർ. കറുത്തവസ്തുവിന്റെയും മനോഹരമായതിന്റെയും വെളുത്തവസ്തുവിന്റെയും പേരായി ഭവിക്കും.

ശബ്ദാദിപൂർവ്വോ വ്യന്ദേപി ഗ്രാമഃ ക്രാന്തൗ ച വിക്രമഃ
സ്തോമസ്തോത്രേ ച വ്യന്ദേ ജിഹ്മസ്തു കുടിലേ ലസേ.

ശബ്ദാദിപൂർവ്വഃ ഗ്രാമഃ, ശബ്ദം മുതലായ ശബ്ദങ്ങളാകുന്ന പൂർവ്വങ്ങളോടുകൂടിയതായ ഗ്രാമശബ്ദം സമൂഹാർത്ഥത്തെയും പറയുമെന്നർത്ഥം. ശബ്ദഗ്രാമഃ ഇത്യാദി. ശബ്ദഗ്രാമഃ (അ-പു-പ്ര-ഘ്ഞ) ശബ്ദസമൂഹത്തിന്റെ പേർ. ഗുണഗ്രാമഃ ഇത്യാദികർക്കശഗുണസമൂഹം ഇത്യാദികളായ അർത്ഥങ്ങളെ ഗ്രഹിച്ചുകൊൾക. ശബ്ദാദിപൂർവ്വമാക്കാതെ ഗ്രാമഃ എന്നുതന്നെ പ്രയോഗിച്ചാൽ ആയുധത്തിന്റെയും ഷഡ്ജാദിസപ്തസമൂഹത്തിന്റെയും പേരായിഭവിക്കും. വിക്രമഃ (അ-പു-പ്ര-ഘ്ഞ) ആക്രമണത്തിന്റെയും പരാക്രമത്തിന്റെയും പേർ. സ്തോമഃ (അ-പു-പ്ര-ഘ്ഞ) സ്തുതിയുടെയും യാഗത്തിന്റെയും സമൂഹത്തിന്റെയും പേർ. ജിഹ്മഃ (അ-പു-പ്ര-ഘ്ഞ) കൌടില്യമുള്ളവന്റെയും അലസന്റെയും പേർ.

ഉഷ്ണേപി ഘർമ്മശ്ചോഷ്ണാലംകാരേ ഭ്രാന്തൗ ച വിഭ്രമഃ
ഗുല്മാരുക്സ്തംബസേനാശ്ച ജാമിസ്ത്വന്യകുലസ്ത്രിയോഃ.

ഘർമ്മഃ (അ-പു-പ്ര-ഘ്ഞ) ഉഷ്ണത്തിന്റെയും വിയർപ്പിന്റെയും പേർ. വിഭ്രമഃ (അ-പു-പ്ര ഘ്ഞ) ഹാവത്തിന്റെയും ഭ്രാന്തിയുടെയും ശോഭയുടെയും പേർ. സ്തോമഃസ്തോത്ര ഇത്യാദി പാഠച്ചുരുക്കം പ്രായേണ പുസ്തകങ്ങളിൽ കാണുന്നില്ല. എങ്കിലും ചിലടത്തു പഠിച്ചുവരുന്നതാകയാൽ ആയത്രം ചേർത്തിരിക്കുന്നു. ഗുല്മഃ (അ-പു-പ്ര-ഘ്ഞ) രോഗവിശേഷത്തിന്റെയും പുല്ലുററിയുടെയും സേനാവിശേഷത്തിന്റെയും പേർ. ജാമിഃ (ഇ-സ്ത്രീ-പ്ര-ഘ്ഞ) സഹോദരിയുടെയും കുലസ്ത്രീയുടെയും പേർ. പ്രഹരേസംയമേയാമോയാമിസ്ത്വന്യകുലസ്ത്രിയോഃ) എന്നും (യാമിഃകുലസ്ത്രീസപ

സ്രോശ്ച) ഏന്നും കോശാന്തരങ്ങളുണ്ടാകയാൽ യാമിഃ ഏന്നും യകാരാദിയായിട്ടുമാം. ജാമിയാമിശബ്ദങ്ങൾ ഈകാരാന്തങ്ങളായിട്ടുമാം.

ക്ഷിതിക്ഷാന്ത്യോഃ ക്ഷമായുഃക്ത ക്ഷമം ശക്ത ഹിതേ ത്രിഷു.
ത്രിഷുശ്യാമെ ഹരിൽക്രുഷ്ണേ ശ്യാമാ സ്യാച്ഛാരിബാ നിശാ.

ക്ഷമാ (അ-സ്ത്രീ-പ്ര-ഏ) ഭൂമിയുടെയും ക്ഷാന്തിയുടെയും പേർ. ക്ഷമം (അ-ന-പ്ര-ഏ) യുക്തത്തിന്റെ പേരാകുന്നപക്ഷം നപുംസകമായിട്ടും ശക്തിയുള്ളതിന്റെയും ഹിതമായുള്ളതിന്റെയും പേരാകുന്നപക്ഷം ത്രിലിംഗമായും ഭവിക്കും. ശ്യാമഃ (അ-പു-പ്ര-ഏ) ത്രിലിംഗമാകുന്നു. പച്ചനിറത്തിലുള്ള വസ്തുവിന്റെയും കറുത്തവസ്തുവിന്റെയും പേർ. ശ്യാമാ (അ-സ്ത്രീ-പ്ര-ഏ) നന്നാറിയുടെയും രാത്രിയുടെയും പേർ.

ലലാമം പുച്ഛപുണ്ഡ്റാശ്വഭ്രഷ്ടാപ്രാധാന്യകേതുഷു
സൂക്ഷ്മമധ്യാത്മമപ്യാദൌ പ്രധാനേ പ്രഥമം ത്രിഷു. ൬൰൬

ലലാമം (അ-ന-പ്ര-ഏ) വാലിന്റെയും അശ്വാദികളുടെ നെറ്റിയിൽ ഉണ്ടാകുന്ന ചിത്രത്തിന്റെയും കൃതിയുടെയും കൃതിയുടെ ആഭരണത്തിന്റേയും പ്രധാനമായതിന്റേയും കൊടിമരത്തിന്റേയും പേർ. പ്രാധാന്യമെന്നത്ര സ്വാർത്ഥികഷ്യഞന്തമാകയാൽ പ്രധാനമെന്നതന്നെ അതിന്റെ അർത്ഥമെന്നു ഗ്രഹിച്ചുകൊൾക. (പ്രധാനധ്വജശ്രേഷ്ഠഗോഷ്ഠപുണ്ഡ്റബാലധിലക്ഷ്വസു ഭ്രഷ്ടാവാജി പ്രഭാവേഷ്ടലലാമംസ്യാല്ലലാമച്ച) ഏന്ന ത്രൈരൂപോക്തി ഉണ്ടാകയാൽ ലലാമ ഏന്ന നകാരാന്തമായിട്ടുമാം. കന്യാലലാമ കമനീയമജുസ്യലിപ്സോഃ ഏന്ന കാളിദാസപ്രയോഗവുമുണ്ട്. സൂക്ഷ്മം (അ-ന-പ്ര-ഏ) ലിംഗദേഹത്തിന്റെയും കൈതവത്തിന്റെയും പേർ. (സൂക്ഷ്മംസ്യാൽകൈതവേധ്യാത്മപുംസ്യണൌ ത്രിഷുചാല്പകേ) ഏന്നുമേദിനിയിലുണ്ട്. ലിംഗദേഹമെന്നത്ര പഞ്ചപ്രാണമനോബുദ്ധിദശേന്ദ്രിയസഹിതമായി അപഞ്ചീകൃത പഞ്ചഭൂതമയമായിരിക്കുന്ന ശരീരമത്രെ ആകുന്നത്. ഇത്ര ജീവാത്മാവിനു് ലോകാന്തരപ്രാപ്തി സാധനമാകുന്നുഏന്ന ബാഹ്യപ്രസിദ്ധമാകുന്നു കൈതവം=വ്യാജം. പ്രഥമം (അ-ന-പ്ര-ഏ) ത്രിലിംഗമാകുന്നു. ആദിയുടെയും പ്രധാനത്തിന്റെയും പേർ.

വാമൌ വല്ഗുപ്രതീപൌ ദ്വാവധമൌ ന്യൂനകുത്സിതൌ
ജീർണ്ണഞ്ച പതിഭ്രകതഞ്ച യാതയാമമിദന്ദ്വയം. ൬൰൭

വാമഃ (അ-പു-പ്ര-ഏ) മനോഹരമായുള്ളതിന്റെയും പ്രതികൂലമായുള്ളതിന്റെയും പേർ. അധമഃ (അ-പു-പ്ര-ഏ) കുറവു

ള്ളതിന്റെയും നിന്ദ്യനായുള്ളവന്റെയും പേർ. യാതയാമം (അ-ന-പ്ര-ഏ) പഴയതിന്റെയും അനുഭവിക്കപ്പെട്ടതിന്റെയും പേർ. പ്രധാനേ പ്രഥമംത്രിഷു ഏന്ന സ്ഥലത്തിങ്കലേ ത്രിഷു ഏന്ന ശബ്ദം മാത്രാവസാനമായ യാതയാമശബ്ദംവരെ സംബന്ധിക്കുന്നതാകയാൽ വാമാദിയാതയാമാന്തങ്ങളായ ശബ്ദങ്ങളും ത്രിലിംഗങ്ങളാകുന്നു എന്നു ഗ്രഹിച്ചുകൊൾകയും വേണം. ഇതി മാന്തവർഗ്ഗഃ.

യാന്തഃ.

തുരംഗഗരുഡേ താർക്ഷ്യേ നിലയാപഹയേ ക്ഷയേ
ശപ്തേയ്യേ ദേവരസ്യാലൌ ഭ്രാതര്യേ ഭ്രാതൃജദ്വിഷൌ.

താർക്ഷ്യഃ (അ-പു-പ്ര-ഏ) അശ്വത്തിന്റെയും ഗരുഡന്റെയും പേർ. ക്ഷയഃ (അ-പു-പ്ര-ഏ) ഗൃഹത്തിന്റെയും ഹ്രാസത്തിന്റെയും പേർ. ഹ്രാസമെന്നതു വൽപനത്തിനു വിപരീതമായപദാർത്ഥമാകുന്നു. ശപ്തേയ്യഃ (അ-പു-പ്ര-ഏ) ഭർത്താവിന്റെ സഹോദരന്റെയും ഭാര്യയുടെ സഹോദരന്റെയും പേർ. ഭ്രാതൃവ്യഃ (അ-പു-പ്ര-ഏ) സഹോദരപുത്രന്റെയും ശത്രുവിന്റെയും പേർ.

പർജ്ജന്യേ രസടബ്ഡേന്ദ്രേ സ്യാദഗ്ന്യസ്സ്വാമിവൈശ്യയോഃ
തിഷ്യഃ പുഷ്യേ കലിയുഗേ പത്ന്യായോടവസരേ ക്രമേ.

പർജ്ജന്യഃ (അ-പു-പ്ര-ഏ) ശബ്ദിക്കുന്ന മേഘത്തിന്റെയും ഇന്ദ്രന്റെയും പേർ. അഗ്ന്യഃ (അ-പു-പ്ര-ഏ) പ്രഭുവിന്റെയും വൈശ്യന്റെയും പേർ. തിഷ്യഃ (അ-പു-പ്ര-ഏ) പുഷ്യനക്ഷത്രത്തിന്റെയും കലിയുഗത്തിന്റെയും പേർ. പുഷ്യനക്ഷത്രം=പൂയമെന്നനാഠം. പത്ന്യായഃ. (അ-പു-പ്ര-ഏ) അവസരത്തിന്റെയും ക്രമത്തിന്റെയും പേർ.

പ്രത്യയോധീനശപഥജ്ഞാനവിശ്വാസഹേതുഷു
രസ്ഡേ ശബ്ദപ്രാനുശയോദീർഘ്യാദ്വേഷ്യാനുതാപയോഃ.

പ്രത്യയഃ (അ-പു-പ്ര-ഏ) അധീനമായ വസ്തുവിന്റെയും ശപഥത്തിന്റെയും ജ്ഞാനത്തിന്റെയും വിശ്വാസത്തിന്റെയും ഹേതുവിന്റെയും പഴുതിന്റെയും ശബ്ദവിശേഷത്തിന്റെയും പേർ. ശബ്ദവിശേഷത്തിന്റെയുമെന്നതിനു ചികീർഷതി ഇത്യാദികളിൽഷ ഏന്ന രൂപത്തോടുകൂടിയതായിട്ടുകൊൾക്കപ്പെടുന്ന സൻ ഇത്യാദി ശബ്ദങ്ങളുടേയുമെന്നു് നിഷ്കൃഷ്ടാർത്ഥത്തെ ഗ്രഹിച്ചുകൊൾകയും വേണം. പ്രത്യയശ്ശപഥരസ്ഡേ. വിശ്വാസാച്ചാരഹേതുഷു പ്രഥിതതേച്ഛസന്നാദ്യാവധീനജ്ഞാനയോരപി) ഏ-

ന്ന വിശ്വവാക്യവുമുണ്ട്. അനുശയഃ (അ-പു-പ്ര-ഏ) ദീർഘ്യ ദ്വേഷത്തിന്റെയും പശ്ചാത്താപത്തിന്റെയും പേർ.

സ്ഥൂലോച്ചയസ്ത്വസാകല്യേ നാഗാനാം മധ്യമേ ഗതേ
സമയാശ്ശപഥാചാരകാലസിദ്ധാന്തസംവിദഃ. ൫൭൮

സ്ഥൂലോച്ചയഃ (അ-പു-പ്ര-ഏ) തികയായ്കയുടെയും ഗജങ്ങളുടെ മധ്യമഗതിയുടെയും പേർ. വളരെ പതുക്കെയും വളരെ വേഗത്തിലുമല്ലാത്ത ഗതിയത്രേ മധ്യമഗതിയാകുന്നത്. സമയഃ (അ-പു-പ്ര-ഏ) ശപഥത്തിന്റെയും അചാരത്തിന്റെയും കാലത്തിന്റെയും സിദ്ധാന്തത്തിന്റെയും സംഭാഷണത്തിന്റെയും പേർ.

വ്യസനാന്യശ്രുഭം ദൈവം വിപദ്ദീത്യനയാസ്ത്വയഃ
അത്യയോ5തിക്രമേ കൃച്ഛ്രേ ദോഷേ ഭണ്ഡപ്യുദ്ഭാവടി.
യുദ്ധായത്യാസ്സാംപരായഃ പൂജ്യസ്തു ശ്രാദ്ധരേപി ച
പശ്ചാദവസ്ഥായിഖിലം സമവായശ്ച സന്നയേ൭. ൫൭൯

അനയഃ (അ-പു-പ്ര-ഏ) മൃഗയാദ്യൂതാദികളായ സപ്തവ്യസനങ്ങളുടെയും പ്രാഗ്ജന്മകൃതമായ അശുഭകർമ്മത്തിന്റെയും ആപത്തിന്റെയും പേർ. അത്യയഃ (അ-പു-പ്ര-ഏ) അതിക്രമത്തിന്റെയും ദുഃഖത്തിന്റെയും ദോഷത്തിന്റെയും ഭണ്ഡത്തിന്റെയും പേർ. നാശത്തിന്റെ പേരായിട്ടും പ്രയോഗിക്കും. സാംപരായഃ (അ-പു-പ്ര-ഏ) യുദ്ധത്തിന്റെയും ഉത്തരകാലത്തിന്റെയും പേർ. പൂജ്യഃ (അ-പു-പ്ര-ഏ) ശ്രാദ്ധരന്റെയും പൂജിക്കപ്പെടുവാൻ യോഗ്യനായവന്റെയും പേർ. ഭാര്യയുടെ അച്ഛനും ഭർത്താവിന്റെ അച്ഛനും ശ്വശ്രുരനെന്ന പേരുണ്ട്. സന്നയഃ (അ-പു-പ്ര-ഏ) സേനയുടെ പൃഷ്ഠഭാഗത്തിങ്കൽ നിൽക്കുന്ന സൈന്യത്തിന്റെയും സമൂഹത്തിന്റെയും പേർ.

സംഘാതേ സന്നിവേശേ ച സംസ്ത്യായഃ പ്രണയാസ്ത്വമീ
വിസ്രംഭയോശ്ച ഞാപ്രേമാണോപിരോധേപിസമുച്ചയഃ.

സംസ്ത്യായഃ (അ-പു-പ്ര-ഏ) സമൂഹത്തിന്റെയും വെളിംപറമ്പിന്റെയും വിസ്താരത്തിന്റെയുംപേർ. പ്രണയഃ(അ-പു-പ്ര-ഏ) വിശ്വാസത്തിന്റെയും പ്രാർത്ഥനയുടെയും സ്നേഹത്തിന്റെയും പേർ. സമുച്ചയഃ (അ-പു-പ്ര-ഏ) വൈരത്തിന്റെയും ഉയരത്തിന്റെയും പേർ. വൈരോനന്തര്യാസ്സമുച്ചയഃ എന്നർത്ഥസൂചകവാക്യമുണ്ട്.

വിഷയോ യസ്യദയാ ജ്ഞാതസ്തത്ര ശബ്ദാദികേ ച്ചപി
നിയ്യാമസേപി കഷായോസ്ത്രീ സഭായാഞ്ച പ്രതിശ്രയഃ.

വിഷയഃ (അ-പു-പ്ര-ഏ) യാവന്നാരുത്തനാൽ യാതൊന്നു നിത്യമായി രസവിക്കപ്പെടുന്നുവോ അവന്റെ സംബന്ധിയായഅതിന്റെയും ശബ്ദസ്പർശരൂപരസഗന്ധങ്ങളുടെയും പേർ. ആദൃത്തിന്റെ ഉദാഹരണം. മത്സ്യസ്യവിഷയോജ്ജ്വലമിത്യാദി. കഷ്ടായഃ (അ-പു-പ്ര-ഏ) കഷ്ടരസത്തിന്റെയും രസവിശേഷത്തിന്റെയും പേർ. പ്രതിശ്രയഃ (അ-പു-പ്ര-ഏ) സഖ്യത്തിന്റെയും ആശ്രയത്തിന്റെയും പേർ.

പ്രായഃ ക്രമംന്യൂനഗമനേ മന്യൂർദ്ദൈന്യേക്രതൗ ക്രുധി
രഹസ്യോപസ്ഥയോർഹ്രീം സത്യം ശപഥതഥ്യയോഃ. ഹ്രീഃ

പ്രായഃ (അ-പു-പ്ര-ഏ) ബാഹുല്യത്തിന്റെയും മരണാന്തമായ അനശനത്തിന്റെയും പേർ. മന്യുഃ (ഉ-പു-പ്ര-ഏ) ദൈന്യത്തിന്റെയും യാഗത്തിന്റെയും കോപത്തിന്റെയും പേർ. ഹ്രീഃ (അ-ന-പ്ര-ഏ) ഗോപ്യമായ വസ്തുവിന്റെയും ലിംഗയോനികളുടെയും പേർ. സത്യം (അ-ന-പ്ര-ഏ) ശപഥത്തിന്റെയും ഋതത്തിന്റെയും പേർ. ഋതം=സമ്യഗ്വചനം. വേണ്ടപ്രകാരമുള്ള വാക്ക്.

വീര്യം ബലേ പ്രഭാവേ ച ദ്രവ്യം ഭവ്യ ഗുണാശ്രയേ
ധിഷ്ണ്യംസ്ഥാനേ ഗൃഹേ ഭേഗ്യൗ ഭാഗ്യം കർമ്മശുഭാശുഭം. കർമ്മ

വീര്യം (അ-ന-പ്ര-ഏ) സാമർത്ഥ്യത്തിന്റെയും തേജോവിശേഷത്തിന്റെയും പേർ. ദ്രവ്യം (അ-ന-പ്ര-ഏ) സത്വത്തിന്റെയും പൃഥിവ്യാദികളുടെയും ധനത്തിന്റെയും പേർ. ധിഷ്ണ്യം (അ-ന-പ്ര-ഏ) സ്ഥാനത്തിന്റെയും ഗൃഹത്തിന്റെയും നക്ഷത്രത്തിന്റെയും അഗ്നിയുടെയും പേർ. ഭാഗ്യം (അ-ന-പ്ര-ഏ) ശുഭകർമ്മത്തിന്റെയും അശുഭകർമ്മത്തിന്റെയും പേർ. മേൽപറഞ്ഞ കർമ്മങ്ങൾ ജന്മാന്തരകൃതങ്ങളായിരിക്കയും വേണം. ഐശ്വര്യത്തിനും ഭാഗ്യമെന്നു പേരുണ്ട്.

കശേരുരോമേനാഗ്ര്യാംഗേയം വിശല്യാ ടന്തികാപി ച
വൃഷാകപായീ ശ്രീഗൗര്യോരഭിഖ്യാ നാമശോഭയോഃ. ഏതൻ

ഗാംഗേയം (അ-ന-പ്ര-ഏ) കഴിമുത്തങ്ങയുടെയും സപ്തപർണ്ണത്തിന്റെയും പേർ. വിശല്യാ (അ-സ്ത്രീ-പ്ര-ഏ) നാഗടന്തിയുടെയും രോമത്തോന്നിയുടെയും ചിറാമുതിന്റെയും പേർ. വൃഷാകപായ (ഈ-സ്ത്രീ-പ്ര-ഏ) ലക്ഷ്മീദേവിയുടെയും ശ്രീപാർവ്വതിയുടെയും പേർ. അഭിഖ്യാ (അ-സ്ത്രീ-പ്ര-ഏ) നാമത്തിന്റെയും ശോഭയുടെയും പേർ.

ആരംഭോ നിഷ്കൃതിശ്ശിക്ഷാ പൂജനം സംപ്രധാരണം
ഉപായഃ കർമ്മചേഷ്ടാ ച ചികിത്സാ ച നവക്രിയാഃ. ൧൯൭

ക്രിയാ (അ-സ്ത്രീ-പ്ര-ഏ) ആരംഭത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും ശിക്ഷയുടെയും പൂജയുടെയും കർമ്മത്തിന്റെയും ചേഷ്ടയുടെയും ചികിത്സയുടെയും പേർ.

ഛായാ സൂര്യപ്രിയാ കാന്തിഃ പ്രതിബിംബമനാതപഃ
കക്ഷ്യാ പ്രകോഷ്ഠേ ഗഹ്മ്യാദേഃ കാഞ്ച്യാംമദ്ധ്യേഭബന്ധനേ.

ഛായാ (അ-സ്ത്രീ-പ്ര-ഏ-) ആദിത്യന്റെ ഭാര്യയുടെയും ശോഭയുടെയും പ്രതിബിംബത്തിന്റെയും നിഴലിന്റെയും പേർ. കക്ഷ്യാ (അ-സ്ത്രീ-പ്ര-ഏ)രാജഗൃഹം മുതലായതിന്റെ അന്തർഗൃഹത്തിന്റെയും അരഞ്ഞാണിന്റെയും ആനയുടെ കച്ചുക്കയറിന്റെയും പേർ.

കൃത്യാ ക്രിയാദേവതയോ സ്ത്രീഷു ഭേദ്യൈ ധനാദിഭിഃ
ജന്യം സ്യാജ്ജനവാദേപി ജഘന്യോന്തേധമേപി ച.

കൃത്യാ (അ-സ്ത്രീ-പ്ര-ഏ) കർമ്മത്തിന്റെയും ദേവതാവിശേഷത്തിന്റെയും പേർ. ധനം മുതലായതുകൊണ്ടു ഭേദിക്കപ്പെടുവാൻ കഴിയുന്നവരായ ശത്രുസഹായജനാദികളുടെ പേരാകുമ്പോൾ ത്രിലിംഗമായി ഭവിക്കും: ജന്യം(അ-ന-പ്ര-ഏ)ജനവാദത്തിന്റെയും യുദ്ധത്തിന്റെയും പേർ. ജഘന്യഃ (അ-പു-പ്ര-ഏ) ഒടുക്കം ജനിച്ചവന്റെയും അധമന്റെയും പുരുഷലിംഗത്തിന്റെയും പേർ. പുരുഷലിംഗത്തിന്റെ പേരാകുമ്പോൾ നപുംസകമെന്നും ശേഷാർത്ഥങ്ങളിൽ വിശേഷ്യനിഷ്ഠമെന്നും ഗ്രഹിച്ചുകൊൾക. (ജഘന്യം മേഢ്രനേ ക്ലീബം ചരമേഗർഹിതേന്യവൽ) എന്ന മേദിനിയുമുണ്ട്.

ഗർഹ്യാഹീനെ ച വക്തവ്യേ കല്യേ സജ്ജനിതാമയേ
ആത്മാവാനനപേതോർത്ഥാദത്ഥേ പുണ്യന്തു ചാവ്യയേ. ൧൯൮

വക്തവ്യഃ (അ-പു-പ്ര-ഏ) നിന്ദിക്കപ്പെടുവാൻ യോഗ്യനായവന്റെയും ഹീനനല്ലാത്തവന്റെയും പറകപ്പെടുവാൻ യോഗ്യനായവന്റെയും പേർ. (വക്തവ്യംകുത്സിതേഹീനേ വചനാർഹേചവാച്യവൽ എന്ന മേദിനിയുണ്ട്. കുത്സിതേഹീനേ എന്നെടുത്തു് കുത്സിതേ അഹീനേ എന്നതു പദവിഭാഗമാകുന്നു. വാച്യവൽ എന്നതുകൊണ്ടു് വിശേഷ്യസാമൃത്തെ പറഞ്ഞിരിക്കയാൽ മേൽപറഞ്ഞ അർത്ഥങ്ങളിൽ മേൽപറഞ്ഞ ശബ്ദം ത്രിലിംഗമാകുന്നു എന്നും ഗ്രഹിക്കേണ്ടതാകുന്നു. ഗർഹ്യാധീ

നൈ ച വക്തവ്യേ ചിന്നം പാഠമുണ്ട്. അപ്രകാരം പഠിക്കുന്നവർ ഹീനനല്ലാഞ്ഞവന്റെയുമെന്നതിന്റെ സ്ഥാനത്തിങ്കൽ അധീനന്റെയുമെന്നു ചേർത്തു ഗ്രഹിച്ചുകൊൾക. കല്യഃ (അ-പു-പ്ര-ഏ) ഉപകരണങ്ങളോടുകൂടിയവന്റെയും രോഗമില്ലാത്തവന്റെയും പേർ. അർത്ഥ്യഃ (അ-പു-പ്ര-ഏ) ബുദ്ധിമാനായവന്റെയും അർത്ഥത്തിങ്കൽ നിന്നു അപായത്തെ പ്രാപിക്കാത്തവന്റെയും പേർ. പുണ്യം(അ-ന-പ്ര-ഏ) മനോഹരമായ വസ്തുവിന്റെയും സുകൃതത്തിന്റെയും പേർ.

ത്രപ്യം പ്രശസ്ത്രപേപി വടാന്യോടവല്ഗ്രവാഗപി
ന്യായ്യേപി മധ്യം സൌമ്യം ത്ര സുന്ദരേ സോമദൈവതേ.

ത്രപ്യം (അ-ന-പ്ര-ഏ) നല്ലത്രപത്തോടുകൂടിയതിന്റെയും വെള്ളിയുടെയും പേർ. പ്രശസ്ത്രപത്തെ പറയുമ്പോൾ ത്രിലിംഗമായി ഭവിക്കയും ചെയ്യും. വടാന്യഃ(അ-പു-പ്ര-ഏ) വേണ്ടുംപ്രകാരം പറയുന്നവന്റെയും ദാനശീലന്റെയും പേർ. മധ്യം (അ-ന-പ്ര-ഏ)ഉചിതമായിരിക്കുന്നതിന്റെയും മദ്ധ്യപ്രദേശത്തിന്റെയും പേർ. സൌമ്യം(അ-ന-പ്ര-ഏ) സുന്ദരമായ വസ്തുവിന്റെയും സോമനാകുന്ന ദേവതയോടുകൂടിയ ഹവിസ്സു മുതലായതിന്റെയും പേർ. ഇതിയാന്തവർഗ്ഗഃ.

താന്തഃ.

നിവഹാവസഥൌ വാരൌ സംസ്ഥൌ പ്രസ്ഥരാധ്വരൌ
ഗ്രത്ര ഗീഷ്പതിപിത്രാദ്യൌ ദ്വാപരൌ യുഗസംശയൌ.

വാരഃ (അ-പു-പ്ര-ഏ) സമൂഹത്തിന്റെയും അവസരത്തിന്റെയും പേർ. സംസ്ഥഃ (അ-പു-പ്ര-ഏ) ദർഭമുഷ്ടിയുടെയും ദർഭശയ്യയുടെയും യാഗത്തിന്റെയും പേർ. പ്രസ്ഥരശബ്ദത്തിന്നു ദർഭമുഷ്ടി എന്നും ദർഭശയ്യ എന്നും അർത്ഥമുണ്ടാകയാൽ രണ്ടർത്ഥങ്ങളെ ചേർത്തു വിവരിച്ചിരിക്കുന്നു എന്നു് ഗ്രഹിച്ചുകൊൾകയും വേണം. ഗ്രഃ (ഉ-പു-പ്ര-ഏ) ബൃഹസ്പതിയുടെയും പിതാവിന്റെയും ശാസ്ത്രാധ്യയനത്തെ ചെയ്യിപ്പിച്ചവന്റെയും പേർ. ദ്വാപരഃ (അ-പു-പ്ര-ഏ) മൂന്നാമത്തെ യുഗത്തിന്റെയും സംശയത്തിന്റെയും പേർ.

പ്രകാരൌ ഭേദസാദൃശ്യേ ആകാരാവിംഗിതാകൃതീ
കിംശാസ്ത്ര സസ്യഗ്രകേഷ്വേ മത്ര ധനാധരാധരൌ.

പ്രകാരഃ (അ-പു-പ്ര-ഏ) വിശേഷത്തിന്റെയും സാദൃശ്യത്തിന്റെയും പേർ. പ്രകാരൌഭേദസാദൃശ്യാവാകാര ഇത്യാദി ത

മിഴ്ക്കുത്തിൽ കാണിക്കപ്പെട്ട പാഠവും അതിനെ അനുസരിച്ചുള്ള വിവരണവും ഗ്രാഹ്യമല്ലെന്നു് അറിഞ്ഞുകൊൾകയും വേണം.. ആകാരഃ (അ-പു-പ്ര-ഏ) ചേഷ്ടയുടെയും ആകൃതിയുടെയും പേർ. കിംശാരുഃ (ഉ-പു-പ്ര-ഏ) സസ്യശുകത്തിന്റെയും ശരത്തിന്റെയും പേർ. കിംശാരുധാന്യശുകേഷ്വപി ഏന്നും പാഠമുണ്ടു്. മരുഃ (ഉ-പു-പ്ര-ഏ) നിർജ്ജലഭൂമിയുടെയും പർവ്വതത്തിന്റെയും പേർ.

അദ്രയോ ദ്രുമശൈലാർക്കാഃ സ്ത്രീസ്തനാബ്ദൂ പയോധരൌ
ധാന്താരിദാനവാ വൃത്രാ ബലിഘസ്മരാംശവഃ കരാഃ. ൧൯൪

അദ്രിഃ (ഇ-പു പ്ര-ഏ) വൃക്ഷത്തിന്റെയും പർവ്വതത്തിന്റെയും ആദിത്യന്റെയും പേർ. പയോധരഃ (അ-പു-പ്ര ഏ) സ്ത്രീകളുടെ മുലയുടെയും മേഘത്തിന്റെയും പേർ. വൃത്രഃ (അ-പു-പ്ര-ഏ) ഇരുട്ടിന്റെയും ശത്രുവിന്റെയും തപഷ്ടാവിന്റെ ഹോമാഗ്നിയിൽനിന്നു ജനിച്ച അസുരന്റെയും പേർ. കരഃ (അ-പു-പ്ര-ഏ) കുപ്പത്തിന്റെയും കയ്യിന്റെയും രശ്മിയുടെയും പേർ.

പ്രദരാ ഭംഗനാഭീരുഗ്ഭാണാ അസ്രാഃ കചാ അപി
അജാതശ്മശ്രുഗോ ഗൌഃ കാശലപ്യശ്മശ്രുന്നാ ച തുണ്ഡരൌ.

പ്രദരഃ (അ-പു-പ്ര-ഏ) ഒടിവിന്റെയും അസ്വഗ്ദരമെന്ന രോഗത്തിന്റെയും ശരത്തിന്റെയും പേർ. അസ്രഃ (അ-പു-പ്ര-ഏ) തലമുടിയുടെയും കോണിന്റെയും പേർ. നപുംസകമായാൽ ചോരയുടെയും കണ്ണുനീരിന്റെയും പേരാകയും ചെയ്യും. തുണ്ഡരഃ (അ-പു-പ്ര-ഏ) കൊമ്പുവരേണ്ടസമയത്തിങ്കൽ കൊമ്പുവരാത്ത കാളയുടെയും മീശവരേണ്ട സമയത്തിങ്കൽ മീശവരാത്ത പുരുഷന്റെയും പേർ.

സ്വർണ്ണ പിണ്ഡാഃ പരികരഃ പര്യങ്കപരിവാരയോഃ
മുക്താശുക്തൌ ച താരസ്യാച്ഛാരോവായൌസരേ ത്രിഷു.
കർബ്ബുരേടഥ പ്രതിജ്ഞാജ്ഞീ സംവിദാപൽസു സംഗരഃ
വേദരേഭേ ഗ്രഹേ വാരേ മന്ത്രോമിത്രോരവാവപി. ൧൯൫

താരഃ (ഇ-പു-പ്ര-ഏ) സ്വർണ്ണത്തിന്റെയും ധനത്തിന്റെയും പേർ. പരികരഃ (അ-പു-പ്ര-ഏ) കട്ടിലിന്റെയും പരിചാരകജനത്തിന്റെയും പേർ. താരഃ (അ-പു-പ്ര-ഏ) മുത്തിന്റെയും നിർമ്മലതയുടെയും തരണത്തിന്റെയും ശുദ്ധിയുള്ളമുത്തിന്റെയും പേർ. സ്ത്രീലിംഗമായാൽ അശ്വിന്യാദി നക്ഷത്രങ്ങളുടെയും നപുംസകമായാൽ വെള്ളിയുടെയും വിശേഷ്യാധീനമായിട്ടു

അതൃച്ചശബ്ദത്തിന്റെറയും പേരായി ഭവിക്കയും ചെയ്യും. ശാരഃ (അ-പു-പ്ര-ഏ) വായുവിന്റെറ പേർ. ചിത്രവർണ്ണത്തിന്റെറ പേരാകുമ്പോൾ ത്രിലിംഗമായി ഭവിക്കും. സംഗരഃ (അ-പു-പ്ര-ഏ) പ്രതിജ്ഞയുടെയും യുദ്ധത്തിന്റെറയും കർത്തവ്യനിയമത്തിന്റെറയും ആപത്തിന്റെറയും പേർ. മന്ത്രഃ (അ-പു-പ്ര-ഏ) വേദവിശേഷത്തിന്റെറയും ഗൂഢസല്ലാപത്തിന്റെറയും പേർ. മിത്രഃ (അ-പു-പ്ര-ഏ) ആദിത്യന്റെറ പേർ. നപുംസകമായാൽ സഖിയുടെ പേരാകയും ചെയ്യും.

മഖേഷ്വയൂപപ്രണ്ഡേഷു സപ്തർഗ്ഗഹ്യവ്യവസ്കരഃ
ആഡംബരസ്ത്വത്ഭുതവേ ഗജേന്ദ്രാണാഞ്ച ഗർജ്ജിതേ. ൨൬൨

സപ്തരഃ (ഉ-പു-പ്ര-ഏ) യാഗത്തിന്റെറയും ശത്രുത്തിന്റെറയും യൂപഖണ്ഡത്തിന്റെറയും പേർ. യൂപഖണ്ഡം=യജ്ഞസ്തംഭത്തിന്റെറ ശകലം. യജ്ഞസ്തംഭത്തിന്നായിട്ട് മരം ചെത്തുമ്പോൾമുമ്പേ വീണ ശകലമെന്നു ഗ്രഹിച്ചുകൊൾക. മഖേഷ്വയൂപഖണ്ഡേപി എന്നും പാഠമുണ്ട്. അപ്രകാരമായാൽ അപിശബ്ദംകൂടെ ചേരുന്നതാകയാൽ മേൽപറഞ്ഞ പടാത്ഥങ്ങളുടെയും വജ്രായുധത്തിന്റെറയും പേർ എന്നു ഗ്രഹിച്ചുകൊൾക. അവസ്കരഃ (അ-പു-പ്ര-ഏ) ഗൃഹപ്രദേശത്തിന്റെറയും വിഷ്ഠയുടെയും പേർ. ആഡംബരഃ (അ-പു-പ്ര-ഏ) പെരുമ്പറയുടെ ശബ്ദത്തിന്റെറയും ഗജങ്ങളുടെ ഗർജ്ജിതത്തിന്റെറയും പേർ. ഗർജ്ജിതം=ശബ്ദം.

അഭിഹാരോഭിയോഗേ ച ചൌര്യേ സന്നഹനേപി ച
സ്യാജ്ജാഗമേ പരീവാരഃ ഖഡ്ഗകോശേ പരിച്ഛദഃ. ൨൬൩

അഭിഹാരഃ (അ-പു-പ്ര-ഏ) നേരേചെന്നു് ആക്രമിക്ക എന്നതിന്റെറയും മോഷണത്തിന്റെറയും കവചബന്ധനാദിയുടെയും പേർ. പരീവാരഃ (അ-പു-പ്ര-ഏ) ഗമിക്കുന്ന ജന്തുക്കളുടെയും വാളിന്റെറ ഉറയുടെയും ഉപകരണവസ്തുവിന്റെറയും പേർ. ജംഗമശബ്ദംകൊണ്ടു ഗമിക്കുന്നജന്തുക്കളിൽവച്ചു പരിജനങ്ങളെത്തന്നെപി വക്ഷിച്ചിരിക്കുന്നു എന്നു ടീകയിൽ സ്പഷ്ടമാകയാൽ പരിജനങ്ങളുടെ എന്നുതന്നെ മേല്പറഞ്ഞതിന്റെറ സാരമെന്നു ഗ്രഹിച്ചുകൊൾകയും വേണം. തമിഴ്ക്കുത്തിന്റെറ അഭിപ്രായം മനുഷ്യൻ മുതലായുള്ള സഞ്ചരിക്കുന്ന ജന്തുക്കളുടെയും വാളിന്റെറ ഉറയുടെയും പരിജനത്തിന്റെറയും പേരാകുന്നു എന്നത്രേ ആകുന്നതു്. ആയതു് പരിച്ഛദശബ്ദത്തിന്നു പരജനാത്മ കല്പനനിമിത്തമായി സംഭവിച്ചുതാകുന്നു. ടീകാകാരമതം പരിച്ഛദമെന്നതിന്നു് ഉപകരണമെന്നത്മമാകുന്നു. എന്നിപ്രകാരമാകുന്നു.

വിഷ്ടരോ വിടപീദർഭമുഷ്ടിഃ പീഠാദ്യമാസനം
പ്രാതിഭപ്രാസ്ഥ പ്രതീഹാരഃ പ്രതീഹാഢ്യപ്യനന്തരേ ഽനെ

വിഷ്ടരഃ (അ-പു-പ്ര-ഏ) വൃക്ഷത്തിന്റെയും ദർഭമുഷ്ടിയുടെയും പീഠം മുതലായ ആസനത്തിന്റെയും പേർ. ദർഭമുഷ്ടി എന്നതിന്നു് ഒരു പിടിയിലൊതുങ്ങുന്ന ദർഭപ്പുല്ലുകളുടെ സമൂഹമെന്നർത്ഥമാകുന്നു. എങ്കിലും പഞ്ചാശതാഭവേദ്ബ്രഹ്മാ തദർദ്ധേനതുവിഷ്ടരഃ എന്നുണ്ടാകയാൽ ഇരുപത്തഞ്ചു ദർഭപ്പുല്ലുകളോടുകൂടിയ സംഘാതമെന്ന അർത്ഥത്തെ ഗ്രഹിച്ചുകൊൾകയും വേണം. പീഠം=മരംകൊണ്ടുണ്ടാക്കപ്പെട്ട ആസനം. ആദ്യപദംകൊണ്ടു തൃണാസനം മുതലായതുകളെയും സംഗ്രഹിച്ചിരിക്കയാൽ ആസനമെന്നുതന്നെ മതിയായിരുന്നു. പീഠാദ്യമെന്നതു് സുഖപ്രതിപത്ത്യർത്ഥമാകയാൽ മേൽപ്രകാരമായാലും മന്ദബുദ്ധികൾക്കു് ഉപകാരംതന്നെ. പ്രതീഹാരഃ (അ പു-പ്ര-ഏ) ദ്വാരത്തിന്റെയും ദ്വാരപാലന്റെയും പേർ. പ്രതീഹാരീ (ഈ-സ്ത്രീ-പ്ര-ഏ) പ്രതീഹാരീ അനന്തരേ അപി എന്നു് അനവയമാകുന്നു. അനന്തരാക്കേപ്രതീഹാരേ പ്രതീഹാരീത്യപിശബ്ദഃ സത്രപുംവ്യക്താവപിസ്ത്രിയാം ഇത്യാദി വിവരണം ടീകയിൽ കാണുന്നു. അതിന്റെ സാരം പ്രതീഹാരശബ്ദാർത്ഥത്തെ പ്രതീഹാരീ എന്ന ശബ്ദവും പറയുന്നു. മേൽപറഞ്ഞ ശബ്ദം പുംവ്യക്തിയെ പറയുന്നതായാലും സ്ത്രീലിംഗമായിത്തന്നെ ഭവിക്കും. നിയതലിംഗമാകയാൽ വിശേഷ്യഭേദത്തെ അനുസരിച്ചു ഭിന്നലിംഗമായി പ്രയോഗിക്കപ്പെടുക എന്നില്ല ഇത്യാദിയാകുന്നു. അതുഹേതുവായിട്ടു വാതിൽ കാക്കുന്നവന്റെ പേരാകുമ്പോൾ പ്രതീഹാരി എന്നതു പുല്ലിംഗമാകുന്നു എന്നും വാതിൽ കാക്കുന്നവളുടെ പേരാകുമ്പോൾ സ്ത്രീലിംഗമാകുന്നു എന്നും തമിഴ്ക്കുത്തിൽകാണുന്നതിനെ ഉപേക്ഷിച്ചിരിക്കുന്നു. ഇവിടെ പ്രതീഹാരശബ്ദത്തിങ്കൽ നിന്നു ങീഷ്പ്രത്യയംവന്നാലും അതഇനിഠനൌ എന്ന സൂത്രത്താൽ വിധിക്കപ്പെട്ട മതുപത്ഥീയ ഇനിപ്രത്യയം വന്നാലും പ്രതീഹാരി എന്ന അദ്യവിഭക്തിയുടെ ഏകവചനത്തിങ്കൽ തുല്യരൂപതയുണ്ടാകയാൽ പ്രതീഹാഢ്യപ്യനന്തരേ എന്നേടത്തെ പ്രതീഹാരി എന്നതു് ഉഭയപ്രകാരേണ വ്യാഖ്യനിപ്പാൻ കഴിയുന്നതാകുന്നു. എന്നാൽ ദ്വാരപാലനെ പറയുമ്പോൾ യോഗ്യത ഹേതുവായിട്ടു മേൽപറഞ്ഞ ശബ്ദം പുല്ലിംഗമായി ഭവിക്കേണ്ടതിന്നായിക്കൊണ്ടു നകാരാന്തമായതാകുന്നു എന്നും ദ്വാരത്തെ പാലനം ചെയ്യുന്നവളെ പറയുമ്പോൾ യോഗ്യത ഹേതുവായിട്ടു മേൽപറഞ്ഞ ശബ്ദം സ്ത്രീലിംഗമായി ഭവിക്കേ

ണ്ടതിനായിക്കൊണ്ടു് ഈകാരാന്തമായതാകുന്ന എന്നും പറവാൻ വഴിയുണ്ടു്. അങ്ങിനെ ഇരിക്കുമ്പോൾ തമിഴ്ക്കുത്തിൽ കാണിക്കപ്പെട്ട രേഖയെ ഉപേക്ഷിച്ചതു ടീകാ പക്ഷപാതംകൊണ്ടുതന്നെ എന്നൊരു ദോഷാരോപത്തിനുള്ള അവസരമുണ്ടെന്നു ശങ്കിക്കാം. അപ്രകാരമുള്ള ശങ്ക മേൽവിവരിച്ച ടീകാവാക്യാന്തർഭൂതമായ ഒരു അവാന്തരവാക്യം നോക്കി നിരസിച്ചുകൊൾകയും വേണം. അതിനെ ഇതിനുതാഴെ എഴുതുന്നു:—അത്രമിന്നന്തഇതി നഭ്രമിതവ്യംനാനേഷു തസ്യുപാഠായോഗാൽ, എന്ന ടീകയിലുണ്ടു്. മേൽപറഞ്ഞ വാക്യത്തിനു് ഈ പ്രതീഹാരി എന്ന ശബ്ദം ഇൻ എന്നാകുന്ന അന്തഭാഗത്തോടുകൂടിയതാകുന്നു എന്നഭ്രമിക്കരുതു്. അപ്രകാരമായിരുന്നാൽ നാന്തളിൽ ചേർന്നതാകയാൽ രാന്തവർഗ്ഗത്തിങ്കൽ അതിനെ പഠിച്ചതു യുക്തമായില്ല എന്നു വരുമെന്നു ന്യായമാകുന്നു. ഇതിനെ അറിയുമ്പോൾ മേൽപറഞ്ഞ ശങ്ക നശിക്കുമെന്നാണു തോന്നുന്നതു്. രാന്തവർഗ്ഗത്തിൽ പഠിച്ചാൽ വരുന്ന അയുക്തിയുടെ മൂലം കാന്താടിപദങ്ങളിൽ ചേർന്ന അന്തപദംകൊണ്ടു് അന്ത്യോപാന്ത്യങ്ങളിൽവച്ചു് ഒന്നിനെ ഗ്രഹിക്കാമെന്നഭിപ്രായമുണ്ടായാലും അജ്ഞക്ഷരാതിരിക്തങ്ങളായവ അന്തങ്ങളായ്വരുന്നേടത്തു് ഉപാന്ത്യമായതിനെ ആശ്രയിച്ചുവരുന്ന കാന്താടി വ്യവഹാരം വക്താവിനു് ഇഷ്ടമല്ലെന്നു് ഊഹിക്കാം. എങ്ങിനെയെന്നാൽ രണ്ടുവിധമല്ലാതെ ശബ്ദങ്ങൾക്കു വർഗ്ഗപ്രവേശം വിവക്ഷിതമല്ലെന്ന വക്താവിന്റെ സ്വഭാവംകൊണ്ടു നിശ്ചയിപ്പാൻ സംഗതി കാണുന്നു. അജ്ഞന്തങ്ങളായിരിക്കുന്ന ശബ്ദങ്ങളിൽ നാനാർത്ഥങ്ങളായവയുടെ ഉപാന്ത്യമായ ഹല്ലിനെ അനുസരിച്ചും ഹലന്തശബ്ദങ്ങളിൽ നാനാർത്ഥങ്ങളായവയുടെ അന്ത്യമായ ഹല്ലിനെ അനുസരിച്ചും കാന്താദിവർഗ്ഗങ്ങളിൽവച്ചു് യോഗ്യതയ്ക്കു തക്കവണ്ണം അവിടവിടെ യോജിപ്പിച്ചിരിക്കുന്നു. ഈ രീതിക്കു് ഒരിടത്തും ഭേദം കാണുന്നതുമില്ല. മേൽവിവരിച്ച സ്വഭാവത്തെ ഓർക്കുമ്പോൾ മേല്പറഞ്ഞ വിധങ്ങളിൽനിന്നു് അന്യമായിട്ടും ഒരു ശബ്ദമുണ്ടെന്നു തനിക്കു വിവക്ഷയില്ല എന്നു് ഇവിടെ ഊഹ്യമായൊരു ഭാഗംകൂടെ ഉണ്ടെന്നു തോന്നുന്നു. അയുക്തിയുടെ മേൽപ്രകാരമായാൽ വരുന്ന അയുക്തിയുടെ മൂലമാകുന്നതു്. മേല്പറഞ്ഞ ശബ്ദം ഔഷധാദിഗണത്തിങ്കൽ ചേർന്നതാകുന്നു എന്ന ടീകയിൽ സ്പഷ്ടമാകുന്നു.

വിപുലേ നകുലേ വിഷ്ണൗ ബൃഹന്നാ പിംഗലേ ത്രിഷു
സാരോ ബലേ സ്ഥിതാംശേ ച ന്യായ്യേ ക്ലീബംവരോ ത്രിഷു.

ബഭ്രുഃ (ഉ-പു-പ്ര-ഏ) തടിച്ച കീരിയുടെയും വിഷ്ണുവിന്റെയും പേർ. പിംഗലവർണ്ണമായതിന്റെ പേരാകുമ്പോൾ ത്രിലിംഗമായി ഭവിക്കും. സാരഃ (അ-പു-പ്ര-ഏ) ബലത്തിന്റെയും സ്ഥിരാംശത്തിന്റെയും പേർ സ്ഥിരാംശം=കാതൽ. യുക്തത്തിന്റെ പേരാകുമ്പോൾ നപുംസകമായിട്ടും ശ്രേഷ്ഠവസ്തുവിന്റെ പേരാകുമ്പോൾ ത്രിലിംഗമായിട്ടും ഭവിക്കും.

ദരോദരോ ദ്യൂതകാരേ പണേ ദ്യൂതേ ദരോദരം
മഹാരണ്യേ ദുർഗ്ഗപഥേ കാന്താരം പുന്നപുംസകം.

ദരോദരഃ (അ-പു-പ്ര-ഏ) ചൂതുകളിക്കുന്നവന്റെയും പണയത്തിന്റെയും പേർ. ചൂതിന്റെ പേരാകുമ്പോൾ നപുംസകമാകയും ചെയ്യും. ദ്യൂതകാരേപണേച ദരോദരശ്ചതുരക്ഷരഃ ദ്യൂതേദരോദരംക്ലീബം ചുന്നടീകയിൽ ഉണ്ടാകകൊണ്ട് പണയത്തെ പറയുന്ന ദരോദരശബ്ദം നപുംസകമല്ലെന്ന് അറിഞ്ഞുകൊൾകയും വേണം. കാന്താരം (അ-ന-പ്ര-ഏ) പുല്ലിംഗമായിട്ടുമാം. വൻകാടിന്റെയും നടന്നുകൂടാത്തതായ വഴിയുടെയും പേർ.

മത്സരോന്യൂശ്ശുഭേദ്വേഷേ തദ്വൽ കൃപണയോസ്ത്രിഷു
ദേവാദ്യൂതേ വരശ്രേഷ്ഠേ ത്രിഷു ക്ലീബം മനാക് പ്രിയേ.

മത്സരഃ (അ-പു-പ്ര-ഏ) പരസമ്പത്തിങ്കലുള്ള ദ്വേഷത്തിന്റെ പേർ. പരദ്വേഷമുള്ളവന്റെയും ലുബ്ധന്റെയും പേരാകുമ്പോൾ ത്രിലിംഗമായി ഭവിക്കും. വരഃ (അ-പു-പ്ര-ഏ) ദേവങ്കൽ നിന്നു തന്റെ അപേക്ഷാമൂലമായി ലഭിക്കപ്പെട്ട ഇഷ്ടവസ്തുവിന്റെ പേർ. ശ്രേഷ്ഠവസ്തുവിന്റെ പേരാകുമ്പോൾ ത്രിലിംഗമായിട്ടും ഈഷൽ പ്രിയമായതിന്റെ പേരാകുമ്പോൾ നപുംസകമായിട്ടും ഭവിക്കും. ഈഷൽപ്രിയം=അല്പം പ്രിയമായിട്ടുള്ളത്.

വംശാങ്കുരേ കരീരോ S സ്ത്രീ തരുഭേദേ ഘടേചനാ
നാചമുജ്ഝനേ ഹസ്തസൂത്രേ പ്രതിസരോ Sസ്ത്രിയാം. ഫ

കരീരഃ (അ-പു-പ്ര-ഏ) നപുംസകമായിട്ടുമാം. വംശാങ്കുരത്തിന്റെ പേർ. വംശാങ്കുരം=വംശത്തിന്റെ അങ്കുരം. വംശം=മുള. അങ്കുരം=മുള (മുളയുടെ ആണ്ടലെന്നത്രേമാകുന്നു.) മേല്പറഞ്ഞ ശബ്ദം പുല്ലിംഗമായാൽ കുവളത്തിന്റെയും കൂടത്തിന്റെയും പേരാകയും ചെയ്യും. പ്രതിസരഃ (അ-പു-പ്ര-ഏ) സേനയുടെ പിൻഭാഗത്തിന്റെയും മംഗലകർമ്മത്തിങ്കൽ മന്ത്രപൂർവ്വകമായി കയ്യിന്മേൽ കെട്ടുന്ന ചരടിന്റെയും പേർ. മേൽപ്രകാരമുള്ള ചര

ടിനും കാട്ടു് എന്ന ഭാഷ. കാട്ടിന്റെ പേരാകുമ്പോൾ മേല്പറഞ്ഞ ശബ്ദം നപുംസകമായിട്ടും പ്രയോഗിക്കാം.

യമാനിലേന്ദ്രചന്ദ്രാർക്കവിഷ്ണുസിംഹാംശുവാജിഷു
ശുകാഹി കപിഭേകേഷു ഹരിന്നാ കപിലേ ത്രിഷു ഫ്ലവേ

ഹരിഃ (ഇ-പു-പ്ര-ഏ) അന്തകന്റെയും വായുവിന്റെയും ഇന്ദ്രന്റെയും ചന്ദ്രന്റെയും അർക്കന്റെയും വിഷ്ണുവിന്റെയും സിംഹത്തിന്റെയും രശ്മിയുടെയും കുതിരയുടേയും തത്തയുടേയും സർപ്പത്തിന്റെയും വാനരന്റെയും തവളയുടേയും പേർ. കപില വർണ്ണമായ വസ്തുവിന്റെ പേരാകുമ്പോൾ ത്രിലിംഗമാകയും ചെയ്യും.

ശക്തൂ കല്പാംശേപി യാത്രാ സ്യാദ്ദ്യാചനേ ഗതൌ
ഇഷാഭ്രുവാങ്കു സുഭാപ°സുസ്യാത്തന്ത്രീ നിദ്രാപ്രമീളയോഃ.

ശക്തൂ (ആ-സ്ത്രീ-പ്ര-ഏ) ഓട്ടിൻതുക്കിന്റെയും പങ്കുസാര, ചരൽ ഇത്യാദികളുടെയും പേർ. യാത്രാ (ആ-സ്ത്രീ-പ്ര-ഏ) ഭോജനം മുതലായ ദേഹന്യാചന വസ്തുക്കളുടെയും ഗമനത്തിന്റെയും പേർ. ഇഷാ (ആ-സ്ത്രീ-പ്ര-ഏ) ഭ്രുമിയുടെയും വാക്കിന്റെയും മദ്യത്തിന്റെയും ജലത്തിന്റെയും പേർ. തന്ത്രീ(ഈ-സ്ത്രീ-പ്ര-ഏ) ഉറക്കത്തിന്റെയും മടിയുടെയും പേർ. തന്ത്രാനിദ്രാപ്രമീളയോഃ എന്നും പാഠമുണ്ടു്.

ധാത്രീ സ്യാദുപമാതാപി ക്ഷിതിരപ്യാമലക്യപി
ക്ഷുദ്രാ വ്യംഗാനടീവേശ്യാസമധ്വാകണ്ടകാരികാ. ഫ്ലം

ധാത്രീ (ഈ-സ്ത്രീ-പ്ര-ഏ) ഉപമാതാവിന്റെയും ഭ്രുമിയുടെയും നെല്ലിമരത്തിന്റെയും മാതാവിന്റെയും പേർ. ഉപമാതാവു=മുലകൊടുക്കുക മുതലായ പ്രവൃത്തികൾകൊണ്ടു് മാതാവിനെപ്പോലെയിരിക്കുന്നവൾ. (താച്ചി എന്നതു ഭാഷയാകുന്നു°) ക്ഷുദ്രാ (ആ-സ്ത്രീ-പ്ര-ഏ) അംഗവൈകല്യത്തോടുകൂടിയവളുടെയും വേഷക്കാരത്തിയുടെയും തേവിടിശ്ശിയുടെയും തേനീച്ചയുടെയും കണ്ടകാരിയുടെയും പേർ. കണ്ടകാരി എന്നതു് വഴുതിനകളിൽ ഒരുവകയാകുന്നു.

ത്രിഷു ക്രൂരേടധമേല്പേപി ക്ഷുദ്രം മാത്രാപരിച്ഛദേ
അല്പേ ച പരിമാണേസാ മാത്രം കാർത്സ്ന്യവധരണേ.

ക്ഷുദ്രം (അ-ന-പ്ര-ഏ) ത്രിലിംഗമാകുന്നു. ക്രൂരമായ വസ്തുവിന്റെയും അധമമായ വസ്തുവിന്റെയും അൽപമായ വസ്തുവിന്റെയും പേർ. മാത്രാ (ആ-സ്ത്രീ-പ്ര-ഏ) പരിച്ഛദത്തിന്റെയും

അല്പത്തിന്റെയും പരിമാണത്തിന്റെ പേർ. പരിച്ഛേദം=ഉപകരണം (പരിജ്ഞാനമെന്നും ഒരു മതമുണ്ടു്.) മാത്രം (അ-ന-പ്ര-ഏ) സാകല്യത്തിന്റെയും അവധാരണത്തിന്റെയും പേർ. മഹാമാത്രം എന്ന സ്ഥലത്തിങ്കൽ മാത്രശബ്ദം പരിച്ഛേദാത്ഥമാകുന്നു. ശാകമാത്രം എന്ന സ്ഥലത്തിങ്കൽ അല്പാത്ഥമാകുന്നു. ശാകശലശമെന്നത്ഥം. കിംഹസ്തിമാത്രോऽങ്കുശഃ എന്ന സ്ഥലത്തിങ്കൽ പരിമാണാത്ഥമാകുന്നു. പരിമാണമെന്നതിനു ചെറുപ്പം വലിപ്പമിത്യാദി അത്ഥമാകുന്നു. ജീവമാത്രം നഹിംസ്യാൽ എന്ന സ്ഥലത്തിങ്കൽ മാത്രമെന്നതു സാകല്യാത്ഥകമാകുന്നു. എല്ലാ ജന്തുക്കളും ഹിംസയ്ക്കു യോഗ്യത ഇല്ലാത്തവരാകുന്നു എന്നു് മേൽപറഞ്ഞ വാക്യത്തിന്റെ അത്ഥമാകുന്നു. പയോമാത്രം ഭുങ്ക്തേ എന്ന സ്ഥലത്തിങ്കൽ അവധാരണാത്ഥമാകുന്നു. പയസ്സിനെത്തന്നെ ഭുജിക്കുന്നു എന്ന മേൽപറഞ്ഞ വാക്യത്തിന്റെ അത്ഥമാകുന്നു. തന്നെ എന്ന വാക്കുകൊണ്ടു് പറകൊള്ളുന്ന അത്ഥത്തെ അവധാരണമെന്നു് സംസ്കൃതജ്ഞന്മാർ വ്യവഹരിക്കുന്നു.

ചിത്രോ ഭിത്ത്യാശ്ചര്യയോശ്ചിത്രം കളത്രം ശ്രോണിഭാഗ്യയോഃ
യോഗ്യഭാജനയോഃപാത്രം പത്രം വാഹനപക്ഷയോഃ.

ചിത്രം (അ-ന-പ്ര-ഏ) ഭിത്ത്യാദികളിൽ പലനിറമായ ചായംകൊണ്ടു് എഴുതുന്ന പുക്കാം മുതലായതിന്റെയും ആശ്ചര്യത്തിന്റെയും പേർ. കളത്രം (അ-ന-പ്ര-ഏ) കടിപ്രദേശത്തിന്റെയും ഭാഗ്യത്തുടെയും പേർ. പാത്രം (അ-ന-പ്ര-ഏ) യോഗ്യതയുള്ളവന്റെയും കലം, കുടം, തളിക, ഇത്യാദി പാത്രങ്ങളുടെയും പേർ. പത്രം (അ-ന-പ്ര-ഏ) വാഹനത്തിന്റെയും ചിറകിന്റെയും പേർ.

നിർദ്ദേശഗ്രന്ഥയോശ്ശാസ്ത്രം ശസ്ത്രമായുധലോഹയോഃ
സ്യാജ്ജടാംശുകയോർന്നേത്രം ക്ഷേത്രം പത്നീശരീരയോഃ.

ശാസ്ത്രം (അ-ന-പ്ര-ഏ) ആജ്ഞയുടെയും വ്യാകരണാദി ഗ്രന്ഥങ്ങളുടെയും പേർ. ശസ്ത്രം (അ-ന-പ്ര-ഏ) ആയുധത്തിന്റെയും ഇരുമ്പിന്റെയും പേർ. നേത്രം (അ-ന-പ്ര-ഏ) ജടയുടെയും അംശുകത്തിന്റെയും പേർ. ജടാ വൃക്ഷമൂലം. അംശുകം വസ്ത്രഭേദഃ എന്ന ടീകയിലുണ്ടു്. ജടാ എന്നതു വൃക്ഷമൂലമാകുന്നു എന്നും അംശുകമെന്നതു് വസ്ത്രവിശേഷമാകുന്നു എന്നും അതിന്റെ അത്ഥമാകുന്നു. ജടപോലെ ഇരിക്കുന്ന വിടവേരിന്നും പുടവയ്ക്കും അല്ലെങ്കിൽ കണ്ണിന്നും പേരെന്നു തമിഴ്ക്കുത്തിൽ പറ

ഞ്ഞിരിക്കുന്നു. അതിൽ അല്ലെങ്കിൽ കണ്ണിനുമെന്നതു ഏതിന്റെ അർത്ഥമാകുന്നു എന്നു് അറിവാൻ വഴികാണുന്നില്ല.

ഈ ഗ്രന്ഥത്തിൽതന്നെ നേത്രശബ്ദം കണ്ണിനെ പറയുന്നതാണി മനുഷ്യവർഗ്ഗത്തിങ്കൽ പറകൊണ്ടുതാകുന്നു. അതുകൊണ്ടും (നേത്രംമഥിഗ്ലണേവസ്രുഭേദേമൂലേഭൂമസൃച ശഫേചക്ഷുഷിനദ്യാന്തു നേത്രനേതരിവാച്യവത്) എന്നു മേടിനികൊണ്ടും നേത്രശബ്ദത്തിനു് കണ്ണു് എന്നർത്ഥം സിദ്ധമായതുതന്നെ. എങ്കിലും മേൽവിചരിച്ചുപ്രകാരം വ്യാഖ്യാനിക്കണമെങ്കിൽ അംശുകശബ്ദംകൂടെ നേത്രവാചകമായിരിക്കേണ്ടതായിരുന്നു അതുമുഴുവനും നേത്രവാചകമാകുന്നു എന്നതിനും മതിയായൊരു അഭിധാനവും കാണപ്പെടുന്നില്ല. അതുകൊണ്ടു് അതിനെ ഉപേക്ഷിച്ചിരിക്കുന്നു. ക്ഷേത്രം (അ-ന-പ്ര-ഏ) ഭാര്യയുടെയും ശരീരത്തിന്റെയും പേർ.

മുഖാഗ്രേ ക്രോഡഫലയോഃ പോത്രം ഗോത്രം തു നാമ്നി ച
സത്രമാച്ഛാദനേ യജ്ഞേ സദാദാനേ വനേപി ച. ഹ്രസ്വം

പോത്രം(അ-ന-പ്ര-ഏ)പന്നിയുടെ മുഖത്തിന്റെ അഗ്രഭാഗത്തിന്റെയും കരിയിന്മേൽ കൊഴുപ്പെയ്യുന്നെടത്തിന്റെ അഗ്രഭാഗത്തിന്റെയും പേർ. ഗോത്രം (അ-ന-പ്ര-ഏ) നാമത്തിന്റെയും കുലത്തിന്റെയും ബലത്തിന്റെയും വനത്തിന്റെയും ക്ഷേത്രത്തിന്റെയും വഴിയുടെയും ജലത്തിന്റെയും പേർ. പുല്ലിംഗമായാൽ പർവ്വതത്തിന്റെയും ഇന്ദ്രന്റെയും ഇന്ദ്രാദിദിക്പാലന്മാരുടെയും പശുരക്ഷയെ ചെയ്യുന്നവന്റെയും രാജാവിന്റെയും വരുണന്റെയും പേർ. സ്ത്രീലിംഗമായാൽ ഭൂമിയുടെയും അവനാഴിയുടെയും ഗോസമൂഹത്തിന്റെയും വയമ്പിന്റെയും ഔഷധിലതാഭേദയുടെയും പേർ. മേൽപറകപ്പെട്ട അർത്ഥങ്ങളിൽ നാമത്തെ ഒഴിച്ചു് ശേഷങ്ങൾ ചകാരംകൊണ്ടു സംഗ്രാഹ്യങ്ങളാകുന്നു. (ഗോത്രാദ്രിശുക്തിഗോപാലഗോപേഷ്വധരണീപതൌ വരുണേചക്ഷിതൌ ഗോത്രാതുന്നീരേചഗവാംഗണേ പദ്മാഷഡ്ഗ്രന്ഥയോശ്ചാഥ ഗോത്രംനാമ്നികുലേബലേ കാനനക്ഷേത്രമാർഗ്ഗേഷു സലിലേചപ്രയുജ്യതേ) എന്ന തരംഗണി മേൽപറഞ്ഞതിന്റെ മൂലമാകുന്നു. സത്രം (അ-ന-പ്ര-ഏ) വസ്ത്രത്തിന്റെയും യാഗത്തിന്റെയും നിത്യദാനത്തിന്റെയും വനത്തിന്റെയും വ്യാജത്തിന്റെയും പേർ.

അജിരം വിഷയേ കായേപ്യംബരം വ്യോമ്നി വാസസി
ചക്രം രാഷ്ട്രേപ്യക്ഷരത്നേ മോക്ഷേപിക്ഷീരമപ്സുച. ഹ്രസ്വം

അജിരം (അ-ന-പ്ര-ഏ) ശ്രപാടികളുടെയും ശരീരത്തി

ന്റെയും പേർ. അംബരം (അ-ന പ്ര-ഏ) ആകാശത്തിന്റെയും വസ്ത്രത്തിന്റെയും പേർ ചക്രം (അ-ന-പ്ര-ഏ) രാജ്യത്തിന്റെയും സൈന്യത്തിന്റെയും ആയുധവിശേഷത്തിന്റെയും സമൂഹത്തിന്റെയും തേർ മുതലായതിന്റെ അവയവവിശേഷത്തിന്റെയും വെള്ളത്തിലെ ചുഴിയുടെയും പേർ. അക്ഷരം (അ-ന-പ്ര-ഏ) മോക്ഷത്തിന്റെയും അകരാദി വർണ്ണങ്ങളുടെയും ബ്രഹ്മത്തിന്റെയും പേർ. ക്ഷീരം (അ-ന-പ്ര-ഏ) വെള്ളത്തിന്റെയും പാലിന്റെയും പേർ.

സപർണ്ണേപി ഭൃതിചന്ദ്രൌ ടൌ ടാരമാത്രേപി ഗോപുരം
ഗ്രഹാടംബൌ ഗാഹനമദേ രഹാന്തികമുപഹാരേ. ഛവ്യ

ഭൃതി (ഇ-ന-പ്ര-ഏ) സപർണ്ണത്തിന്റെ പേർ. പുല്ലിംഗമായാൽ വിഷ്ണുവിന്റെയും ശിവന്റെയും ബ്രഹ്മാവിന്റെയും പേർ. ബഹുവിനെ പറയുമ്പോൾ ത്രിലിംഗമാകയും ചെയ്യും. ഭൃതിന്നാ വാസുദേവേച ഹരേ ച പരമപുരുനി നപുംസകംസുവർണ്ണേ ച പ്രാജ്ഞസ്യാദ്യാച്യലിംഗകഃ എന്ന മേദിനിയുണ്ട്. ചന്ദ്രഃ (അ-പു-പ്ര-ഏ) സപർണ്ണത്തിന്റെയും കർപ്പൂരത്തിന്റെയും കാംപില്യമെന്ന ഗന്ധദ്രവ്യത്തിന്റെയും ചന്ദ്രന്റെയും ജലത്തിന്റെയും പേർ. ചന്ദ്രഃകർപ്പൂരകാംപില്യസുധാംശുസപർണ്ണ വാരിഷു എന്ന മേദിനിയിലുണ്ട്. ഗോപുരം (അ-ന-പ്ര-ഏ) ടാരമാത്രത്തിന്റെയും പുരദ്വാരത്തിന്റെയും മുസ്താവിശേഷത്തിന്റെയും പേർ. ഗോപുരംടാരിപുർദ്വാരി കൈവത്തീമുസ്തകേപി ച എന്ന മേദിനിയിലുണ്ട്. ഗാഹനം (അ-ന-പ്ര-ഏ) ഗ്രഹയുടെയും കപടത്തിന്റെയും പേർ ഉപഹാരം (അ-ന-പ്ര-ഏ) വിജനപ്രദേശത്തിന്റെയും സമീപത്തിന്റെയും പേർ.

പുരാധികമുപയ്യഗ്രാണ്യഗാരേ നഗരേ പുരം
മന്ദിരമ്പ്രാഥ രാഷ്ട്രോസ്ത്രീ വിഷയേ സ്യാദുപഗ്രഹേ. ഛവ്യ

അഗ്രം (അ-ന-പ്ര-ഏ) പുരോഭാഗത്തിന്റെയും അധികത്തിന്റെയും ഉപരിഭാഗത്തിന്റെയും പേർ. പുരം (അ-ന-പ്ര-ഏ) ഗൃഹത്തിന്റെയും നഗരത്തിന്റെയും പേർ. മന്ദിരം (അ-ന-പ്ര-ഏ) ഗൃഹത്തിന്റെയും നഗരത്തിന്റെയും പേർ. രാഷ്ട്രഃ (അ-പു-പ്ര-ഏ) നപുംസകമായിട്ടുമാം. രാജ്യത്തിന്റെയും ഉപദ്രവത്തിന്റെയും പേർ.

ദരോസ്ത്രിയാം ഭയേ ശബ്ദേ വജ്രോസ്ത്രീ ഹീരകേ പവൌ
തന്ത്രംപ്രധാനേ സിദ്ധാന്തേ സൂത്രവായേ പരിച്ഛദേ. ഛവ്യ

ദരഃ (അ-പു-പ്ര-ഏ) നപുംസകമായിട്ടുമാം. ഭയത്തിന്റെറയും കുഴിയുടെയും പേർ. വജ്രംറഃ (അ-പു-പ്ര-ഏ) രത്നവിശേഷത്തിന്റെറയും ആയുധവിശേഷത്തിന്റെറയും പേർ തന്ത്രം (അ-ന-പ്ര-ഏ) പ്രധാനത്തിന്റെറയും സിദ്ധാന്തത്തിന്റെറയും നെയ്ത്തുകാർ നൂലുപാകുന്നതിന്റെറയും ഉപകരണത്തിന്റെറയും പേർ.

ഔശീരശ്യാമകേദണ്ഡപ്യൗശീരം ശയനാസനേ
പുഷ്കരം കരിഹസ്താഗ്രേ വാദ്യഭാണ്ഡമുഖേ ജലേ. ഫവൻ

ശ്യാമംനിഖഡംഗഫലേപടംമേതിത്രൗഷധിവിശേഷയോഃ
ആന്തരമവകാശാവധിപരിധിനാന്തർഭേദതാടർത്ഥ്യേ.
ചരിത്രാത്മീയവിനാബഹിരവസരമധ്യേന്തരാത്മനി ച
മുസ്തപി പിഠരം രാജകശേരുണ്യപിനാഗരം. ഫൻഫ

ഔശീരഃ (അ-പു-പ്ര-ഏ) ചാമരദണ്ഡത്തിന്റെറ പേർ. ചാമരത്തിന്റെറയും ദണ്ഡത്തിന്റെറയും പേർ ചിലം ഒരു മതമുണ്ട്. ഔശീരം (അ-ന-പ്ര-ഏ) ശയനത്തിന്റെറയും ആസനത്തിന്റെറയും പേർ. ശയനം=ശയ്യാ. ആസനം=പീഠാടി. പുഷ്കരം (അ-ന-പ്ര-ഏ) ആനയുടെ തുമ്പിക്കയ്യിന്റെറ അഗ്രത്തിന്റെറയും മദ്ദളം മുതലായ വാദ്യങ്ങളുടെ മുഖത്തിന്റെറയും ജലത്തിന്റെറയും ആകാശത്തിന്റെറയും ഖഡ്ഗഫലത്തിന്റെറയും താമരപ്പൂവിന്റെറ തീർത്ഥവിശേഷത്തിന്റെറയും ഔഷധിവിശേഷത്തിന്റെറയും പേർ. ഖഡ്ഗഫലകം=ഖഡ്ഗമധ്യം. വാളുടെ വെർംവായ് എന്ന തമിഴ്ക്കുത്തുകാരൻ പറഞ്ഞിരിക്കുന്നു. തീർത്ഥവിശേഷമെന്നതു് പുഷ്കരമെന്ന പേരുള്ളൊരു തീർത്ഥമാകുന്നു. ഔഷധിവിശേഷമെന്നതു പുഷ്കരമെന്ന പേരുള്ളൊരു ചെടിയാകുന്നു. അതിന്റെറ വേരിനെ ഇന്നും വൈദ്യന്മാർ പുഷ്കരമൂലമെന്നു പറഞ്ഞുവരുന്നു. അന്തരം (അ-ന-പ്ര-ഏ) അവകാശത്തിന്റെറയും അവധിയുടെയും ഉടുക്കുന്ന വസ്ത്രത്തിന്റെറയും വ്യവധാനത്തിന്റെറയും ഭേദത്തിന്റെറയും താദർത്ഥ്യത്തിന്റെറയും പഴുതിന്റെറയും തന്നെസംബന്ധിച്ചിരിക്കുന്ന പദാർത്ഥത്തിന്റെറയും വിനാർത്ഥത്തിന്റെറയും ബഹിർഭാഗത്തിങ്കൽ ഭവിച്ചതു്എന്നതിന്റെറയും അവസരത്തിന്റെറയും മദ്ധ്യത്തിന്റെറയും അന്തരാത്മാവിന്റെറയും സദൃശത്തിന്റെറയും പേർ. അവകാശം=സ്ഥലം. ഉപവേഷ്ടുമന്തരം നാസ്തി ഇത്യാദികളിൽ അന്തരശബ്ദത്തിനു് അവകാശമെന്നർത്ഥമാകുന്നു. ഇരിപ്പാനായിക്കൊണ്ടു് സ്ഥലമില്ലെന്ന അതിന്റെറ അർത്ഥത്തെ ഗ്രഹിച്ചുകൊൾക. മാസാന്തരേ

ദേയം ഏന്ന സ്ഥലത്തിങ്കൽ അവധി ഏന്നത്ഥമാകുന്നു. മാസാന്തരേ ഏന്നതിന്നു് മാസാവസാനത്തിങ്കലെന ത്ഥം അന്തരേശാടകഃ ഇവിടെ പരിധാനാത്ഥകമാകുന്നു. ഉടുക്കുവാൻ യോഗ്യങ്ങളെന്നത്ഥം. പർവ്വതാന്തരിതോരവിഃ ഇവിടെ അന്തരശബ്ദം വ്യവധാകാത്ഥമാകുന്ന വ്യവധാനം=മറവു്. യദന്തരം സപ്തപദൈശ്ചരാജ്ഞയോഃ ഇവിടെഅന്തരശബ്ദത്തിന്റെ ഭേദമെന്നത്ഥം. ഭേദം=വിശേഷം. തദന്തരേണജ്ഞാനമേതൽ ഇവിടെ അന്തരശബ്ദം താദത്ഥ്യത്തെ പറയുന്നതാകുന്നു. താദത്ഥ്യം=തദത്ഥമാവു ഏന്നുള്ളതു്. തദത്ഥം=അവനായിക്കൊണ്ടുള്ളതു്. ഉദാഹരണവാക്യത്തിങ്കൽ തദന്തരേണ ഏന്നപദത്തിന്റെ നിനക്കായിക്കൊണ്ടുള്ളതു് ഏന്ന അത്ഥമാകുന്നു. അന്തരേ പ്രഹർത്തവ്യഃ ഇവിടെ അന്തരശബ്ദത്തിന്റെ പഴുതെന്നത്ഥമാകുന്നു. പഴുതുള്ളപ്പോൾ ശത്രുക്കൾ പ്രഹരിക്കപ്പെടുവാൻ യോഗ്യന്മാരാകുന്ന ഏന്ന ഉദാഹരണവാക്യത്തിന്റെ അത്ഥം. അയമപ്യന്തരോമമ ഇവിടെ അന്തരശബ്ദത്തിന്റെ സ്വസംബന്ധി ഏന്നത്ഥമാകുന്നു. അന്തരേണപുരുഷകാരം. ഇവിടെ അന്തരശബ്ദം വിനാത്ഥത്തെപ്പുറയുന്നു. വിനാ ഏന്നതിന്റെ കൂടാതെ ഏന്നത്ഥമാകുന്നു. അന്തരശബ്ദം വിനാത്ഥത്തെ പറയുന്നതാകയാൽ മേല്പറഞ്ഞ വാക്യത്തിന്റെ പുരുഷകാരത്തോടുകൂടാതെ ഏന്ന അത്ഥത്തെ ഗ്രഹിച്ചുകൊൾക. പുരുഷകാരം=പുരുഷപ്രയത്നം. അന്തരേചണ്ഡാലഗൃഹാഃ ഇവിടെ അന്തരേ ഏന്നതിന്റെ ബഹിർഭാഗത്തിലുള്ളവ ഏന്നത്ഥമാകുന്നു. അന്തരേ രാജ്ഞാനംവന്ദിന ഉപതിഷ്ഠേയുഃ ഇവിടെ അന്തരേ ഏന്നതിന്റെ അവസരത്തിങ്കൽ ഏന്നത്ഥമാകുന്നു. ആവയോരന്തരേരജ്ജാതം നഗരാദ്ദിനദീശതം ഇവിടെ അന്തരേ ഏന്നതിന്റെ മദ്ധ്യത്തിങ്കൽ ഏന്നത്ഥമാകുന്നു. ദൃഷ്ടാന്തരോ ജ്യോതീരൂപഃ ഇവിടെ അന്തരഃ ഏന്നതിന്റെ അന്തരാത്മാവെന്നത്ഥമാകുന്നു. അന്തരാത്മാവെന്നുള്ള വ്യവഹാരംഭൂമ്യാദിയായൊരവസ്തുവിനെക്കുറിച്ചാകുന്നു ഏന്ന വേദാന്തികളിൽനിന്നു ഗ്രഹിച്ചുകൊൾക. ഹകാരസൃഷ്ടികാരോന്തരതമഃ ഇവിടെ അന്തരശബ്ദം സദൃശാത്ഥകമാകുന്നു. ഹകാരത്തിന്റെ ഷ്ടകാരം ഏറ്റവും സദൃശമാകുന്നു ഏന്ന ഉദാഹരണാത്ഥം. പിഠരം (അ-ന-പ്ര-ഏ) മുത്തങ്ങയുടെയും കടുകോലിന്റെയും സ്ഥാലിയുടെയും പേർ. സ്ഥാലീ=പാത്രവിശേഷം. അതിനെ പറയുന്നതായാൽ പുല്ലിംഗമായിരിക്കയും ചെയ്യും. സ്ഥാല്യാം നാ പിഠരക്ലീബം മുസ്തമന്ഥാനദണ്ഡയോഃ ഏന്ന മേദിനിയുമുണ്ടു്. നാഗരം (അ-ന-പ്ര-ഏ) നീർമുത്തങ്ങയുടെയും ചുക്കിന്റെയും പേർ.

ശാവ്വരന്തപ്രന്ധതമസേ ഘ്രാതുകേ ഭേദ്യലിംഗകം
ഗൗരോരുണസിതേപീതേ വ്രണകാന്ത്യുപൃരുഷ്കൃരഃ. ക്ഷൻ൨

ശാവ്വരം (അ-ന-പ്ര-പ്ര) ക്രൂരിരുട്ടിന്റെ പേർ. ഹിംസിക്ക ശീലമായിട്ടുള്ളവന്റെ പേരാകുമ്പോൾ ഭേദ്യലിംഗമായി ഭവിക്കും. ഭേദ്യലിംഗം=ഭേദ്യത്തിന്റെ ലിംഗംപോലെ ഇരിക്കുന്ന ലിംഗത്തോടുകൂടിയത്ത്. ഭേദ്യം=വിശേഷ്യാന്തരാധേന മൂന്നു ലിംഗങ്ങളുമാമെന്നഭിപ്രായം. ഘ്രാതുകേ ഭേദ്യലിംഗകമെന്നും പാഠമുണ്ട്. ഈപ്രകാരമായാൽ ഹിംസിക്ക ശീലമായിട്ടുള്ള ഗന്ധത്തിന്റെ പേരാകുമ്പോൾ പുല്ലിംഗമായി ഭവിക്കുമെന്ന അർത്ഥത്തെ ഗ്രഹിച്ചുകൊൾക. ഗൗരഃ, അ-പു-പ്ര-ഘ്യ) അരുണമെന്ന വർണ്ണവിശേഷത്തിന്റെയും വെളുപ്പിന്റെയും മഞ്ഞൾ നിറത്തിന്റെയും പേർ. മേല്പറഞ്ഞ വർണ്ണവിശേഷങ്ങളോടുകൂടിയ വസ്തുക്കളെപ്പറയുമ്പോൾ ഗൗരാദിശബ്ദങ്ങൾ വിശേഷ്യാധീനങ്ങളായി ഭവിക്കുന്നതായാൽ അതുകൾക്ക വ്യില്ലാ ലിംഗങ്ങളും ഭവിക്കാമെന്ന ഗ്രഹിച്ചുകൊൾക. അരുഷ്കരഃ (അ-പു-പ്ര-ഘ്യ) വ്രണത്തെ ഉണ്ടാക്കുന്നവന്റെയും ചേരുമരത്തിന്റെയും പേർ.

ജഠരഃ കഠിനപി സ്യാദധസ്താദപിചാധരഃ
അനാകുലേപിചൈകാഗ്രോ വ്യഗ്രോ വ്യാസക്ത ആകുലേ.

ജഠരഃ (അ-പു-പ്ര-ഘ്യ) കഠിനമായ വസ്തുവിന്റെയും ഉദരത്തിന്റെയും പേർ. അധരഃ (അ-പു-പ്ര-ഘ്യ) താഴെ ഇരിക്കുന്ന വസ്തുവിന്റെയും ഹീനനായുള്ളവന്റെയും ചുണ്ടിന്റെയും പേർ. ഏകാഗ്രഃ (അ-പു-പ്ര-ഘ്യ) സ്വസ്ഥന്റെയും ഒന്നിങ്കൽ സ്ഥിരമായി നില്ക്കുന്ന മനസ്സോടുകൂടിയവന്റെയും പേർ. വ്യഗ്രഃ (അ-പു-പ്ര-ഘ്യ) വിശേഷേണ ഒന്നിങ്കൽ ആസക്തിയോടുകൂടിയവന്റെയും പല കാര്യങ്ങളിലുമായ മനസ്സോടുകൂടിയവന്റെയും പേർ.

ഉപയുക്തീച്യ ശ്രേഷ്ഠപൂജനയസ്സ്യാദനന്തരഃ
ഏഷാം വിപര്യയേ ശ്രേഷ്ഠ ദൂരാനാത്മോത്തമാഃ പരാഃ.

ഉത്തരഃ (അ-പു-പ്ര-ഘ്യ) മേൽഭാഗത്തിന്റെയും വടക്കുള്ളതിന്റെയും ശ്രേഷ്ഠമായ വസ്തുവിന്റെയും പ്രതിവാക്യത്തിന്റെയും വിരാടപുത്രന്റെയും പേർ. മേൽഭാഗം മുതൽ മൂന്നർത്ഥങ്ങളിൽ ത്രിലിംഗങ്ങളാകുന്നു എന്നും പ്രതിവാക്യത്തിങ്കൽ നപുംസകമാകുന്നു എന്നും വിരാടപുത്രങ്കൽ പുല്ലിംഗമാകുന്നു എന്നും ഗ്രഹിച്ചുകൊൾക. സ്ത്രീലിംഗമാകയാൽ വടക്കേ ദിക്കിന്റെയും വിരാടപുത്രിയുടെയും പേരാകയും ചെയ്യും. ഉത്തരം പ്രതിവാ

കൈസ്യാദൃഷ്ടേപ്യാദീച്യാത്തമേന്യവൽ ഉത്തരസ്മൂവിരാടസ്യതന യേ ദിശിചോത്തരാ എന്നു് മേദിനിയുണ്ടു്. അനുത്തരഃ(അ-പു-പ്ര-ഏ) ഉപയ്യാടികളായ മൂന്നത്ഥങ്ങളുടെ വിപരീതങ്ങളായ അ ത്ഥങ്ങളുടെ പേർ. ശ്രേഷ്ഠന്റെ പേരായിട്ടും ഭവിക്കും. നവിദ്യ തേ ഉത്തരോയസ്മാൽ എന്ന ശ്രേഷ്ഠവാചകമായ അനുത്തരശബ്ദ ത്തിന്റെ വിഗ്രഹമാകുന്നു. പരഃ (അ-പു-പ്ര-ഏ) അകലെ ഉ ള്ള വസ്തുവിന്റെയും അന്യന്റെയും ഉത്തമന്റെയും പേർ.

സ്വാദുപ്രിയൈ ത്തു മധുരൈ ക്രൂരഃ കഠിനനിർദ്ദയൈ
ഉദാരോ ദാതൃമഹതോരിതരസ്ത്വന്യ നീചയോഃ. ഹൻദ്ര

മധുരഃ (അ-പു-പ്ര-ഏ) മധുരരസത്തിന്റെയും മധുരമാകുന്ന രസത്തോടുകൂടിയതിന്റെയും ഇഷ്ടവസ്തുവിന്റെയും പേർ. ക്രൂരഃ (അ-പു-പ്ര-ഏ) കഠിനമായുള്ളതിന്റെയും ദയയോടുകൂടാത്തവ ന്റെയും പേർ. ഉദാരഃ (അ-പു-പ്ര-ഏ) ദാനംചെയ്യുന്നവന്റെ യും വലിയവന്റെയും പേർ. ഇതരഃ (അ-പു-പ്ര-ഏ) അന്യന്റെ യും നീചന്റെയും പേർ.

മന്ദസപ്തൂന്ദയോസ്സ്വൈരശ്ശുഭ്രമുട്ടിപ്പശുക്ലയോഃ
ചൂഡാകിരീടം കേശാശ്ച സംയതാമൌലയസ്ത്രയഃ. ഹൻസ

സ്വൈരഃ (അ-പു-പ്ര-ഏ) മടിയന്റെയും സ്വതന്ത്രന്റെ യും പേർ. ശുഭ്രം (അ-ന-പ്ര-ഏ) അധികമായ പ്രകാശത്തോടു കൂടിയതിന്റെയും വെളുപ്പുനിറത്തോടുകൂടിയതിന്റെയും പേർ. വിശേഷ്യാനുരോധന ലിംഗാന്തരങ്ങളുമുണ്ടു്. ഇതി ദ്വാന്തവഗ്ഗഃ.

മൌലിഃ (ഇ-പു-പ്ര-ഏ) കൂടുമയുടെയും കിരീടത്തിന്റെയും കെട്ടഴിച്ചിട്ട തലമുടിയുടെയും പേർ. ത്രയഃ എന്നതു് മൊലിശബ്ദം പുല്ലിംഗമാകുന്നു എന്നതിനെ സൂചിപ്പിപ്പാനായിക്കൊണ്ടാകുന്നു. മൌലിഃ കിരീടേ ധമ്മില്ലേ ചൂഡായാമനപുംസകം നാശോകദ്രൌ സ്ത്രിയാംഭ്രമൌ എന്ന മേദിനിയാൽ മൌലിശബ്ദം കിരീടത്തി ന്റെയും കെട്ടഴിച്ചിട്ട തലമുടിയുടെയും കൂടുമയുടെയും പേരായാൽ നപുംസകലിംഗത്തെ ഒഴിച്ചു വേറെ ഉള്ള ലിംഗങ്ങളോടുകൂടിയ തായി ഭവിക്കുമെന്നും അശോകവൃക്ഷത്തിന്റെ പേരാകുമ്പോൾ പുല്ലിംഗമായിഭവിക്കുമെന്നും ഭ്രമിയുടെ പേരാകുമ്പോൾ സ്ത്രീലിം ഗമായി ഭവിക്കുമെന്നും ലിംഗനിയമം വ്യക്തമാക്കപ്പെട്ടിരിക്കുന്നു. അതിനെ അനുസരിച്ചു മൌലിശബ്ദം മേല്പറഞ്ഞ അത്ഥങ്ങളിൽ സ്ത്രീലിംഗമായിട്ടും പ്രയോഗിക്കാമെന്നു ഗ്രഹിച്ചുകൊൾകയും വേണം.

ഭൂമപ്രഭേദമാതംഗകാണ്ഡപുഷ്പാണി പിലവഃ
കൃതാന്താനേഹസോഃ കാലശ്ചതുർത്ഥേപി യുഗേ കലിഃ.

പീലുഃ (ഉ-പു-പ്ര-ഏ) വൃക്ഷവിശേഷത്തിന്റെയും ആനയുടെയും ശരീരത്തിന്റെയും പുഷ്പത്തിന്റെയും പേർ. കാലഃ (അ-പു-പ്ര-ഏ) അന്തകന്റെയും സമയത്തിന്റെയും പേർ. കലിഃ (ഇ-പു-പ്ര-ഏ) നാലാമത്തെ യുഗത്തിന്റെയും കലഹത്തിന്റെയും പേർ.

സ്യാൽക്ലമംഗേപി കമലഃ പ്രവാഹേപി ച കംബലഃ
കമോപഹാരയോഃ പുംസി ബലിഃ പ്രാണ്യംഗരജസ്സ്ത്രിയാം.

കമലഃ (അ-പു-പ്ര-ഏ) മാന്നിന്റെ പേർ. നപുംസകമായാൽ ജലത്തിന്റെയും ചെമ്പിന്റെയും താമരപ്പൂവിന്റെയും ആകാശത്തിന്റെയും ഔഷധത്തിന്റെയും പേരാകയും ചെയ്യും. കമലം സലിലേതാരേ ജലജേ ഭേഷജേ ഏന്ന കോശാന്തരമുണ്ട്. സ്ത്രീലിംഗമായാൽ ശ്രീഭഗവതിയുടെ പേരായി ഭവിക്കുന്നും ഗ്രഹിച്ചുകൊൾക. കമലാ ഏന്ന സ്ത്രീലിംഗമായാൽ വരുന്ന രൂപമാകുന്നു. കംബലഃ (അ-പു-പ്ര-ഏ) ഉത്തരീയത്തിന്റെയും കന്നിളിയുടെയും താടയുടെയും നാഗരാജന്റെയും കരിമ്പടപ്പുഴുവിന്റെയും പേർ. സാസ്നായാംനാഗരാജേ ച ക്ലീ മാവപിച്ചകംബലഃ ഏന്നു കോശാന്തരമുണ്ട്. ബലിഃ (ഇ-പു-പ്ര-ഏ) കപ്പുരുവിന്റെയും ഉപഹാരത്തിന്റെയും പേർ. പ്രാണിശരീരത്തിങ്കൽ മാംസക്ഷയാദികഠം കൊണ്ടുണ്ടാകുന്ന തൊലിയുടെ ചുളിച്ചിലിന്റെ പേരാകുമ്പോഠം സ്ത്രീലിംഗമായി ഭവിക്കയും ചെയ്യും. അതുയുള്ള ഈകാരാന്തമായിട്ടും പ്രയോഗിക്കാം. വലിഃ വലീ ഇങ്ങിനെയുമാം

സ്ഥൗല്യസാമർത്ഥ്യസൈന്യേഷു ബലം നാകാകസീരിണോഃ
വാതുലഃപുംസിവാത്യായാമപിവാതാസഹോ ത്രിഷു. ഫൻൻ

ബലം (അ-ന-പ്ര-ഏ) സ്ഥൗല്യത്തിന്റെയും സാമർത്ഥ്യത്തിന്റെയും സൈന്യത്തിന്റെയും പേർ. പുല്ലിംഗമായാൽ കാക്കയുടെയും ബലഭദ്രന്റെയും പേർ. വാതുലഃ (അ-പു-പ്ര-ഏ) വാതസമൂഹത്തിന്റെ പേർ. വാതത്തെ സഹിക്കാത്ത വസ്തുവിന്റെ പേരായാൽ ത്രിലിംഗമാകയും ചെയ്യും. വാതം=വായു. വാതുലോവാതുലോപിസ്യാൽ ഏന്നു ദ്വിരൂപകോശമുണ്ടാകയാൽ വാതുലഃ ഏന്നുമാം.

ദ്വേലിംഗശ്ശേ വ്യാളഃ പുംസിശ്വാപദസപ്പയോഃ
മലോസ്ത്രീപാപവിഭീകിട്ടാന്യസ്ത്രീശൂലം തുഗായുധം. ൨൦൦

വ്യാളഃ (അ-പു-പ്ര-ഏ) ദുഷ്ടജനത്തിന്റെ പേർ. വിശേഷ്യനിഷ്ഠമാകയാൽ എല്ലാ ലിംഗങ്ങളുമാം. ശ്വാപദമെന്ന ദുഷ്ടമൃഗത്തിന്റെയും സർപ്പത്തിന്റെയും പേരാകുമ്പോൾ പുല്ലിംഗമാകയും ചെയ്യും. മലഃ (അ-പു-പ്ര-ഏ) നപുംസകമായിട്ടുമാം. പാപത്തിന്റെയും വിഷ്ഠയുടെയും ഇരിമ്പുമുതലായതിൽ നിന്ന് എട്ടുത്തുകളയുന്ന കീടം മുതലായതിന്റെയും പേർ. ശൂലം(അ-ന-പ്ര-ഏ) പുല്ലിംഗമായിട്ടുമാം. രോഗവിശേഷത്തിന്റെയും ആയുധവിശേഷത്തിന്റെയും പേർ.

ശങ്കാവപിഭയോഃ കീലഃ പാളിസ്ത്ര്യശ്രൃംകപങ്ക്തിഷു
കലാ ശില്പേ കാലഭേദേപ്യാളിസ്സഖ്യാവലീ അപി. ൨൦൧

കീലഃ (അ-പു-പ്ര-ഏ) സ്ത്രീലിംഗമായിട്ടുമാം. ലോഹാദികീലകത്തിന്റെയും ജ്വാലയുടെയും പേർ. ലോഹാദികീലകം=ഇരിമ്പുമുതലായതുകൊണ്ട് ഉണ്ടാക്കിയ കുറി. ശങ്കാവപി എന്നെടുത്തു ശങ്കു, അപി എന്ന പദവിഭാഗമാകുന്നു. ശങ്കു എന്നതു ശംകുശബ്ദത്തിന്റെ സപ്തമ്യേകവചനത്തിങ്കലെ രൂപമാകുന്നു. ശംകു=കുറി. ശംകുശബ്ദത്തിന്നു ലോഹാദിമയകീലകമെന്നുമർഥമെന്നു ശബ്ദടീകയിൽ അർത്ഥത്തെ വിവരിച്ചിരിക്കുന്നു. ഇതുകൊണ്ടു വിരുദ്ധമായിരിക്കുന്നു ജ്വാലയ്ക്കും അഗ്നിജ്വാലയ്ക്കും പേരെന്നു തമിഴ്ക്കുരുതിൽ പറഞ്ഞതു അതിസാഹസമാകുന്നു എന്നു് എന്തിനാണു പ്രസംഗിക്കുന്നു. എല്ലാവക്കും അറിയാമല്ലൊ. പാളിഃ (ഈ-സ്ത്രീ-പ്ര-ഏ) കോണിന്റെയും ശ്രേണിയുടെയും പേർ. അങ്കശബ്ദത്തിന്നു ചിഹ്നമെന്നു് അർത്ഥത്തെയും ഗ്രഹിക്കാം. അങ്കപ്രദേശം=മടി. കലാ (അ-സ്ത്രീ-പ്ര-ഏ) ഗീതവാദ്യാദിനൈപുണ്യത്തിന്റെയും കാലവിശേഷത്തിന്റെയും പേർ. ഷോഡശാംശത്തിന്നും കലാ എന്നു പേരുണ്ടു്. ആളിഃ (ഈ-സ്ത്രീ-പ്ര-ഏ) സഖിയുടെയും പങ്ക്തിയുടെയും പേർ. പങ്ക്തി=സമൂഹം. അപിശബ്ദമുണ്ടാകയാൽ സേതു മുതലായ അർത്ഥാന്തരങ്ങളും ഇതിനുണ്ടെന്നു ധരിച്ചുകൊൾകയും വേണം. ആവലി അപി എന്നുള്ളെടുത്തു സന്ധികാര്യത്തിങ്കൽ ഇച്ഛ ഉണ്ടാകായ്കയാൽ യണാദേശംഭവിച്ചില്ലെന്നു അറിഞ്ഞുകൊൾകയും വേണം. പ്രമാണവുമുണ്ടു്. സംഹിതൈകപദേ നിത്യാ നിത്യാധാതുപസർഗ്ഗയോഃ നിത്യാസമാസേ വാക്യേതുസാ വിവക്ഷാമപേക്ഷതേ എന്നാകുന്നു. നായകഃ പാവകഃ ഇത്യാദികളായ അഖണ്ഡപദങ്ങളിൽ സന്ധികാര്യം നിത്യമാകുന്നു എ-

ന്നും ധാതുപസർഗ്ഗങ്ങൾക്കു് സമാസമില്ലെങ്കിലും സന്ധികാര്യ്യം നിത്യമാകുന്നുവെന്നും പീതാംബര ഇത്യാദികളായ സമസ്തപദങ്ങളിലും ഇപ്രകാരംതന്നെ എന്നും വാക്യത്തിങ്കൽ സന്ധികാര്യ്യം വക്താവിന്റെ ഇച്ഛയ്ക്കധീനമാകുന്നു എന്നും മേൽപറഞ്ഞ വചനത്തിന്റെ അത്ഥമാകുന്നു. ഇങ്ങനെയുള്ള അത്ഥത്തോടുകൂടിയമേൽ പറഞ്ഞ വചനത്താൽ, ഹേരോഹിണീതപമസിശീലവതീഷു ധന്യാ ഏനംനിവാരയപതിംസഖിദുഷ്പിനീതം ജ്വാലാന്തരേണ മമ വാസഗൃഹംപ്രവിഷ്ടശ്ശ്രോണീതടംസ്പൃശതികിം കുലധർമ്മഏഷഃ എന്ന ശ്ലോകത്തിങ്കൽ ധന്യാ ഏനമെന്നുള്ള സ്ഥലത്തിങ്കലെന്നപോലെ സഖ്യാവലീ അപി എന്ന സ്ഥലത്തിങ്കലും സന്ധ്യഭാവം കൊണ്ടു ദോഷമില്ലഎന്നതു സ്ഥിരപ്പെട്ടത്തപ്പെട്ടിരിക്കുന്നു. അളീസഖ്യാവലീഅപിഎന്നു പഠിച്ചാൽ പ്രഗൃഹ്യതപമുണ്ടാകയാൽ പ്രകൃതിഭാവംതന്നെ എന്നു പറകയുമാം. അപ്രകാരവും ചില ദേശങ്ങളിൽ പഠിച്ചുവരുന്നു എന്നും ഗ്രഹിച്ചുകൊൾക.

അബ്ധ്യംബുവികൃതൌ വേലാ കാലമത്സ്യാദയോരപി
ബഹ്വലാഃ കൃത്തികാഗാവോ ബഹ്വലോഗൌശിതൌത്രിഷു.

വേലാ (അ-സ്ത്രീ-പ്ര-ഒ) സമുദ്രജലവൃദ്ധിയുടെയും കാലത്തിന്റെയും മത്സ്യാദയുടെയും സമുദ്രത്തിന്റെയും കര മുതലായതിന്റെയും പേർ. ബഹ്വലാഃ (അ-സ്ത്രീ-പ്ര-ബ) ഏകവചനവും ദ്വിവചനവും ഇതിനില്ല കൃത്തികാ നക്ഷത്രത്തിന്റെയും പശുക്കളുടെയും പേർ. ബഹ്വലഃ (അ-പു-പ്ര-ഏ) അഗ്നിയുടെ പേർ. കറുത്ത വസ്തുവിന്റെ പേരാകുമ്പോൾ ത്രിലിംഗമാകയും ചെയ്യും ബഹ്വലാശബ്ദം പശുവിന്റെ പേരാകുമ്പോൾ ബഹുവചനാന്തം തന്നെ എന്നില്ല. വ്യക്തൈകതാദ്ര്യന്തരോധേന ഏകവചനാന്തമായിട്ടും ദ്വിവചനാന്തമായിട്ടും പ്രയോഗിച്ചുകൊൾകയും വേണം. ബഹ്വലാനീലികായാം സ്യാദ്വേലായാംഗവിയോഷതി കൃത്തികാസ്ത്രിയാംഭ്രമ്നി വിഹായസിനപുംസകം പുംസ്യഗ്നൌ കൃഷ്ണപക്ഷേ ച വാച്യവൽ പ്രാജ്യകൃഷ്ണയോഃ എന്ന മേദിനിയുമുണ്ടു്.

ലീലാവിലാസക്രിയയോരുപലാ ശർക്കരാ പി ച
ശോണിതേംഭസികീലാലം മൂലമാദ്യേ ശിഫാദ്വയോഃ. ൨൦൯൮

ലീലാ (അ-സ്ത്രീ-പ്ര-ഏ) സ്ത്രീകളുടെ ശൃംഗാരചേഷ്ടാവിശേഷത്തിന്റെയും ക്രിയയുടെയും പേർ. ഉപലാ (അ-സ്ത്രീ-പ്ര-ഏ) ചരലിന്റെ പേർ. പുല്ലിംഗമായാൽ കല്ലിന്റെ പേരായിട്ടും രത്നങ്ങളുടെ പേരായിട്ടും ഭവിക്കും. കീലാലം (അ-ന-പ്ര-

ഏ) ഛോരയുടെയും വെള്ളത്തിന്റെയും പേർ. മൂലം (അ-ന-പ്ര-ഏ) മുമ്പായുള്ളതിന്റെയും വൃക്ഷലതാദികളുടെയും ചേമിന്റെയും മൂലനക്ഷത്രത്തിന്റെയും പേർ.

ജാലം സമൂഹ അനായത്യാ ഗവാക്ഷക്ഷാരകേഷ്വപി
ശീലം സ്വഭാവേ സദ്വൃത്തേ സസ്യേ ഹേതുകൃതേഫലം.൨൭൬

ജാലം (അ-ന-പ്ര-ഏ) സമൂഹത്തിന്റെയും വലയുടെയും കിളിവാതലിന്റെയും പൂന്തൊത്തിന്റെയും പേർ. ശീലം (അ-ന-പ്ര-ഏ) സ്വഭാവത്തിന്റെയും സദാചാരത്തിന്റെയും പേർ. ഫലം (അ-ന-പ്ര ഏ) വൃക്ഷാദികളുടെ കായുടെയും പ്രയോജനത്തിന്റെയും പേർ.

ചരടിനേത്രരജ്ജോഃ ക്ലീബം സമൂഹേ പടലന്നനാ
അധഃ സ്വരൂപയോരസ്ത്രീതലം സ്യാദ്ദാമിഷേ പലം. ൨൭൭

പടലം (അ-ന-പ്ര-ഏ) പുരമേയുവാനുള്ള ഓല മുതലായതിന്റെയും നേത്രരോഗവിശേഷത്തിന്റെയും പേർ. സമൂഹത്തിന്റെ പേരായാൽ സ്ത്രീലിംഗമായിട്ടുമാം. തലം(അ-ന-പ്ര--ഏ) അധോഭാഗത്തിന്റെയും സ്വരൂപത്തിന്റെയും പേർ. അധോഭാഗം=താഴേടം. പലം (അ-ന-പ്ര-ഏ) മാംസത്തിന്റെയും പന്ത്രണ്ടുകഴഞ്ചു തൂക്കിയതിന്റെയും പേർ.

ഔവ്വാനലേ പി പാതാലം ചേലം വസ്ത്രേധമേ ത്രിഷു
കുക്കുലം ശംകുഭിഃ കീർണ്ണേ ശ്വഭ്രേ നാത്ര ത്രിഷ്വാനലേ. ൨൭൮

പാതാലം(അ-ന-പ്ര-ഏ)ബഡവാമുഖാഗ്നിയുടെയും പാതാളലോകത്തിന്റെയും പേർ. ചേലം (അ-ന-പ്ര-ഏ) വസ്ത്രത്തിന്റെ പേർ. അധമവസ്ത്രവിന്റെ പേരായാൽ ത്രിലിംഗമായി ഭവിക്കും കുക്കുലം (അ-ന-പ്ര-ഏ) കുറിക്കും നാട്ടിയ കുഴിയുടെ പേർ. പുല്ലിംഗമായാൽ ഉമിത്തീയിന്റെ പേരാകയും ചെയ്യും.

നിർണ്ണീതേ കേവലമിതിത്രിലിംഗന്ത്വേക കൃത്സ്നയോഃ
പര്യാപ്തി ക്ഷേമപുണ്യേഷു കുശലം ശിക്ഷിതേ ത്രിഷു. ൨൭൯

കേവലം (അ) നിശ്ചിതമായതിന്റെ പേർ. കേവലം മൂർഖഃ എന്നു് ഇതിന്റെ ഉദാഹരണമാകുന്നു. ഒന്നു് എന്നും ഒക്കെ എന്നും അർത്ഥമാകുമ്പോൾ ത്രിലിംഗമായി ഭവിക്കയുംചെയ്യും. കുശലം (അ-ന-പ്ര-ഏ) സാമർത്ഥ്യത്തിന്റെയും ക്ഷേമത്തിന്റെയും പുണ്യത്തിന്റെയും പേർ. സാമർത്ഥ്യമുള്ള വസ്തുവിനെ പറയുമ്പോൾ ത്രിലിംഗമായി ഭവിക്കും.

പ്രവാളമംകുരേപുംസ്ത്രീ ത്രിഷു സ്ഥൂലഃ ജഡേപി ച
കരാളോ ദന്തുരേ തുംഗേ ചാരൌ ദക്ഷേ ച പേശലഃ.

പ്രവാളം (അ-ന-പ്ര-ഏ) പുല്ലിംഗമായിട്ടുമാം. മുളയുടെയും തളിരിന്റെയും വീണാദണ്ഡത്തിന്റെയും പവിഴത്തിന്റെയും പേർ. പ്രവാളോ സ്ത്രീ കിസലയേ വീണാദണ്ഡേചവിദ്രുമേ പിന്നം മേദിനിയുമുണ്ട്. സ്ഥൂലം (അ-ന-പ്ര-ഏ) ത്രിലിംഗമാകുന്നു. ജാഡ്യമുള്ള വസ്തുവിന്റെയും സ്ഥൂലത്വമുള്ള വസ്തുവിന്റെയും പേർ. കരാളഃ (അ-പു-പ്ര-ഏ) ഉയർന്ന പല്ലോടുകൂടിയവന്റെയും ഉയർച്ചയുള്ളവന്റെയും പേർ. പേശലഃ (അ-പു-പ്ര-ഏ) മനോഹരനായിരിക്കുന്നവന്റെയും സമർത്ഥനായിരിക്കുന്നവന്റെയും പേർ.

മൂർഖേഭകേപിബാലസ്ത്വാല്പോലശ്ചല സതുണ്ണഃയോഃ
ദവദാവൌ വനാരണ്യ വഹ്നീ ജന്മഫരൌ ഭവൌ. പഠൻ

ബാലഃ (അ-പു-പ്ര-ഏ) മൂർഖന്റെയും ശിശുവിന്റെയും ബാലന്റെയും തലമുടിയുടെയും പേർ. ലോലഃ (അ-പു-പ്ര-ഏ) ഇളക്കത്തോടുകൂടിയതിന്റെയും ആഗ്രഹത്തോടുകൂടിയവന്റെയും പേർ. ഇതി ലാന്തവർഗ്ഗഃ.

വാന്തഃ.

ദവഃ ദാവഃ (അ-പു-പ്ര-ഏ) കാടിന്റെയും കാട്ടുതീയുടെയും പേർ. ഭവഃ (അ-പു-പ്ര-ഏ) ജനനത്തിന്റെയും ശിവന്റെയും പേർ.

മന്ത്രീ സഹായഃസചിവൌ പതിശാഖിനരാധവാഃ
അവയശ്ശൈലശമഷാക്കാ അജ്ഞാഫലാനാലുപരാഫവാഃ

സചിവഃ (അ-പു-പ്ര-ഏ) മന്ത്രിയുടെയും സഹായജനത്തിന്റെയും പേർ. ധവഃ (അ-പു-പ്ര-ഏ) ഭർത്താവിന്റെയും വൃക്ഷവിശേഷത്തിന്റെയും മനുഷ്യന്റെയും പേർ. അവിഃ (ഇ-പു-പ്ര-ഏ) പർവ്വതത്തിന്റെയും ആട്ടിന്റെയും ആദിത്യന്റെയും പേർ. ഫവഃ(അ-പു-പ്ര-ഏ) അജ്ഞതയുടെയും വിളിയുടെയും യാഗത്തിന്റെയും പേർ.

ഭാവസ്സത്താസ്വഭാവാഭിപ്രായചേഷ്ടാത്മജന്മസു
സ്യാദ്ഭൽപാതേ ഫലേപുഷ്പേ പ്രസവോ ഗർഭമോചനേ.

ഭാവഃ (അ-പു-പ്ര-ഏ) സത്തയുടെയും സ്വഭാവത്തിന്റെയും അഭിപ്രായത്തിന്റെയും ചേഷ്ടയുടെയും ആത്മാവിന്റെയും ജനനത്തിന്റെയും പേർ. സത്ത എന്നത് ഒരു ജാതിവിശേഷമാ

൫൯൯. പ്രസവഃ (അ-പു-പ്ര-ഏ) ഉൽപത്തിയുടെയും ഫലത്തിന്റെയും പുഷ്പത്തിന്റെയും ഗർഭമോചനത്തിന്റെയും പേർ.

അവിശ്വാസേപഹ്നവേപി നികൃതാവപി നിഹ്നവഃ
ഉത്സേകാമർഷ യാതിച്ഛാപ്രസരേ മഹോത്സവഃ. ൨൬൦

നിഹ്നവഃ (അ-പു-പ്ര-ഏ) അവിശ്വാസത്തിന്റെയും മറയ്ക്കുന്നതിന്റെയും ശാഠ്യത്തിന്റെയും പേർ. ഉത്സവഃ (അ-പു-പ്ര-ഏ) മദത്തിന്റെയും കോപത്തിന്റെയും ഇച്ഛാപ്രസരത്തിന്റെയും ആനന്ദാവസരത്തിന്റെയും പേർ. ഇച്ഛാപ്രസരം=ഇച്ഛയുടെ പ്രസരം. പ്രസരം=വേഗം.

അനുഭാവഃ പ്രഭാവേ ച സതാഞ്ച മതിനിശ്ചയേ
സ്യാജ്ജന്മഹേതുഃ പ്രഭവഃസ്ഥാനഞ്ചാദ്യോപലബ്ധയേ

അനുഭാവഃ (അ-പു-പ്ര-ഏ) പ്രഭാവത്തിന്റെയും മഹാജനങ്ങളുടെ ബുദ്ധിനിശ്ചയത്തിന്റെയും പേർ. പ്രഭവഃ (അ-പു-പ്ര-ഏ) ജന്മകാരണത്തിന്റെയും ആദ്യോപലബ്ധിയുടെ സ്ഥാനത്തിന്റെയും പേർ. ആദ്യോപലബ്ധി=ആദ്യജ്ഞാനം. സൂത്ര പ്രഭവോവംശ ഇത്യാദികളിൽ പ്രഭവശബ്ദത്തിനു് ജന്മകാരണമെന്നർത്ഥമാകുന്നു. ഗംഗാപ്രഭവോഹിമവാൻ ഇത്യാദികളിൽ ആദ്യോപലബ്ധിസ്ഥാനമെന്നർത്ഥമാകുന്നു.

ശൂദ്രായാം വിപ്രതനയേ ശസ്ത്രേ പാരശവോമതഃ
ധ്രുവോ ഭേദേക്ലീബവന്തു നിശ്ചിതേ ശാശ്വതേത്രിഷു. ൨൬൧

പാരശവഃ (അ-പു-പ്ര-ഏ) ശൂദ്രസ്ത്രീയിൽ ബ്രാഹ്മണനു ജനിച്ച പുത്രന്റെയും വെണ്മഴുവെന്ന ആയുധത്തിന്റെയും പേർ. പാരശവഃപുമാൻ എന്നും പാഠമുണ്ടു്. ധ്രുവഃ (അ-പു-പ്ര-ഏ) നക്ഷത്ര വിശേഷത്തിന്റെ പേർ. നപുംസകമായാൽ നിശ്ചയിക്കപ്പെട്ടതിന്റെ പേരാകയും ശാശ്വതമെന്നർത്ഥമാകയാൽ ത്രിലിംഗമാകയും ചെയ്യും.

സോജ്ഞാതാവാത്മനിസപത്നീത്രിഷ്വാത്മീയേസോ5സ്ത്രീയാം-
ധനേ
സ്ത്രീതടീവസ്ത്രബന്ധേപി നീവീപരിണേപി ച. ൨൬൨

സപത്നഃ (അ-പു-പ്ര-ഏ) സഗോത്രന്റെയും ആത്മാവിന്റെയും പേർ. സഗോത്രൻ=സമാനമായ ഗോത്രത്തോടുകൂടിയവൻ. സമാനം=തുല്യം. ഗോത്രം=വംശം. സപത്നം (അ-ന-പ്ര-ഏ) ത്രിലിംഗമാകുന്നു. തന്നെസംബന്ധിച്ചിരിക്കുന്നതിന്റെ പേർ. സപത്നഃ (അ-പു പ്ര-ഏ) നപുംസകമായിട്ടുമാം. ധനത്തിന്റെ പേർ.

സ്വശബ്ദം ആത്മാവാചിയായാൽ നപുംസകമെന്നു ചിലർ വ്യാഖ്യാനിച്ചതു് നിർമ്മൂലമാകുന്നു. നീവീ (ഈ-സ്ത്രീ-പ്ര-ഏ) സ്ത്രീകളുടെ അരയിലുടുത്ത വസ്ത്രത്തിന്റെ ഗ്രന്ഥിയുടെയും പണയത്തിന്റെയും മൂലധനത്തിന്റെയും പേർ. ഗ്രന്ഥി=അഴിഞ്ഞുപോകാതെ ഇരിപ്പാനായി ഉള്ളിലേക്കു തിരുകുന്ന ഭാഗം.

ശിവാ ഗൌരീഹരിദ്രയോർദ്വന്ദ്വം കലഹയുഗ്മയോഃ
ദ്രവ്യാ സുവ്യവസായയേഷു സത്വമസ്ത്രീതു ജന്തുഷു.

ശിവാ (അ-സ്ത്രീ-പ്ര-ഏ) പാർവ്വതിയുടെയും കുറുക്കന്റെയും പേർ. ദ്വന്ദ്വം (അ-ന പ്ര-ഏ) കലഹത്തിന്റെയും ഇരട്ടയുടെയും പേർ. സത്വം (അ-ന-പ്ര-ഏ) ദ്രവ്യത്തിന്റെയും പ്രാണന്റെയും ഉത്സാഹത്തിന്റെയും പേർ. ജന്തുക്കളുടെ പേരാനാൽ പുല്ലിംഗമായിട്ടുമാം.

ക്ലീബം നപുംസകേ ഷണ്ഡേ വാച്യലിംഗമവിക്രമേ
തൈരവിശൌണ്ഡവൈശ്യമനുഷ്യേതരവാടിമന്യസ്ത്രിയൌ.

ക്ലീബം (അ-ന-പ്ര-ഏ) നപുംസകത്തിന്റെ പേർ. പരാക്രമത്തോടുകൂടാത്തവന്റെ പേരാകുമ്പോൾ പുല്ലിംഗമായിട്ടും പരാക്രമത്തോടു കൂടാത്തവളുടെ പേരാകുമ്പോൾ സ്ത്രീലിംഗമായിട്ടും പരാക്രമത്തോടു കൂടാത്തതിന്റെ പേരാകുമ്പോൾ നപുംസകമായിട്ടും ഭവിക്കും.

ഇതി വ്യാത്തവഗ്ഗഃ

ശാന്തഃ

വിശഃ (ശ-പു-പ്ര-ഏ) വൈശ്യന്റെയും മനുഷ്യന്റെയും പേർ. സ്പൃശഃ (അ-പു-പ്ര-ഏ) ശ്രുതപുരുഷന്റെയും യുഗത്തിന്റെയും പേർ.

ദ്വൌ രാശീ പുഞ്ജമനുഷ്യാദ്യൌ ദ്വൌ വംശൌ കുലമസ്ഥനീ
രാഹഃ പ്രകാശൌ വീകാശൌ നിർവ്വേശഃ സ്പൃഷ്ടിഭോഗയോഃ.

രാശിഃ (ഇ-പു-പ്ര-ഏ) സമൂഹത്തിന്റെയും മേടം മുതലായ രാശികളുടെയും പേർ. വംശഃ (അ-പു-പ്ര-ഏ) കുലത്തിന്റെയും മുളയുടെയും പേർ. വീകാശഃ (അ-പു-പ്ര-ഏ) വിജനപ്രദേശത്തിന്റെയും പ്രകാശത്തിന്റെയും പേർ. നിർവ്വേശഃ (അ-പു-പ്ര-ഏ) കൂലിയുടെയും അനുഭവത്തിന്റെയും പേർ.

കൃതാന്തേ പുംസി കീനാശഃ ക്ഷുദ്രകഷ്കകയോസ്ത്രിഷു
പടേ ലക്ഷേ നിമിത്തേച ദേശസ്ത്ര്യാൽ കുശമപ്സു ച.

കീനാശഃ(അ-പു-പ്ര-ഏ-)അന്തകന്റെപേർ. ക്ഷുദ്രന്റെയും കഷ്ടകന്റെയും പേരാകുമ്പോൾ ത്രിലിംഗമാകയും ചെയ്യും. കഷ്ടകൻ=കൃഷിക്കാരൻ. അപദേശഃ (അ-പു-പ്ര-ഏ) വ്യാജത്തിന്റെയും ലാക്കിന്റെയും നിമിത്തത്തിന്റെയും പേർ. അപദേശഃ സ്മൃതോല്ലക്ഷേനിമിത്തവ്യാജയോരപി ഏനസ് കോശാന്തരവുമുണ്ട്. കുശം (അ-ന-പ്ര-ഏ) ജലത്തിന്റെയും തൃണവീരശേഷത്തിന്റെയും പേർ. പുല്ലിംഗമായാൽ രാമപുത്രന്റെ പേരാകയും ചെയ്യും.

ദശാവസ്ഥാനേകവിധാച്യാശാ തൃഷ്ണാപിചായതാ
വശാസ്ത്രീ കരിണീചസ്യാ ദ്ധ്രഗ്ജ്ഞാനേജ്ഞാതരിശ്രിഷു.

ദശാ (അ്-സ്ത്രീ-പ്ര-ഏ) പലപ്രകാരമുള്ള അവസ്ഥയുടെയും തിരിയുടെയും വസ്ത്രാന്തത്തിന്റെയും പേർ. വസ്ത്രാന്തം=മുണ്ടുമുതലായതിന്റെ അവസാനഭാഗം. വസ്ത്രാന്തത്തെ പറയുമ്പോൾ ഏകവചനദ്വിവചനങ്ങളില്ലെന്നും അറിഞ്ഞുകൊൾകം. ദശാവത്താവവസ്ഥായാം വസ്ത്രാന്തേസ്ത്രീർദ്ദശാ അപി ഏന്ന കോശാന്തരമുണ്ട്. ആശാ (അ-സ്ത്രീ-പ്ര-ഏ) ദീർഘതൃഷ്ണയുടെയും ദിക്കിന്റെയും പേർ. ദീർഘ്ഘതൃഷ്ണാ=വളരെക്കാലം മുഴുവൻ വിട്ടുപോകാതെ നിന്നതായ അഭിലാഷം. വശാ (അ-സ്ത്രീ-പ്ര-ഏ) സ്ത്രീയുടെയും പിടിയാനയുടെയും പേർ. യോഷാഹസ്തിന്യോർവശാ ഏന്ന ടീകയുണ്ട്. പ്രസവിക്കാത്തവളുടെയും പശുവിന്റെയും പേരാകയും ചെയ്യും. വശാവന്ധ്യാസ്മൃതായോഷാ സ്ത്രീഗവീകരിണീഷു ച ഏന്ന മേദിനിയുമുണ്ട്. വശ സ്ത്രീകരിണീവന്ധ്യാ ഏന്നും പാഠമുണ്ട്. ദൃക് (ശ-സ്ത്രീ-പ്ര-ഏ) ജ്ഞാനത്തിന്റെ പേർ. ജ്ഞാതാവിന്റെ പേരാകുമ്പോൾ ത്രിലിംഗമാകയും ചെയ്യും. ജ്ഞാതാവു=അറിയുന്നവൻ.

സ്യാൽ കക്ശഃ സാഹസികഃ കഠോരാമസൃണാവപി
പ്രകാശോതിപ്രസിദ്ധേപി ശിശാവജ്ഞേപി ച ബാലിശഃ
അഭീശുഃ പ്രഗ്രഹേ രശ്മൗ ജീവിതേശഃ പ്രിയേ യമേ.

കക്ശഃ(അ-പു-പ്ര-ഏ) വിവേകത്തോടുകൂടാത്തവന്റെയും കഠിനമായതിന്റെയും സ്നിഗ്ദ്ധതയോടുകൂടാത്തതിന്റെയും പേർ. പ്രകാശം (അ-പു-പ്ര-ഏ) അധികം പ്രസിദ്ധമായതിന്റെയും പ്രകാശത്തിന്റെയും പേർ. ബാലിശഃ (അ-പു-പ്ര-ഏ) ബാലന്റെയും മൂഢന്റെയും പേർ. അഭീശുഃ (ഉ-പു-പ്ര-ഏ) പിടിക്കയറിന്റെയും രശ്മിയുടെയും പേർ. ജീവിതേശഃ (അ-പു-പ്ര-ഏ) ഭർത്താവിന്റെയും അന്തകന്റെയും പേർ. അഭീശുഃ

പ്രഗ്രഹഃ ഇത്യാടി അർദ്ധശ്ലോകം ടീകയിൽ ഇല്ല. ഈദിക്കിൽ ഉള്ളപുസ്തകങ്ങളിലുണ്ടു്.

കോശശ്രുസ്തി കൂർമ്മമേ ഖഡ്ഗപിധാനത്തെഖദിവ്യയോഃ
സുമത്സ്യാവനിമിഷൌ പുരുഷാവാത്മമാനവൌ. ൫൫൫

കോശഃ (അ-പു-പ്ര-ഏ) ചൂണ്ടെട്ടിന്റെയും വാളുറയുടെയും ഭണ്ഡാരത്തിന്റെയും ശപഥഭേദത്തിന്റെ പേർ. ഇതി ശാന്തവർഗ്ഗഃ.

ഷാന്തഃ

അനിമിഷഃ (അ-പു-പ്ര-ഏ) ദേവന്റെയും മത്സ്യത്തിന്റെയും പേർ. പുരുഷഃ (അ-പു-പ്ര-ഏ) ആത്മാവിന്റെയും മനുഷ്യന്റെയും പേർ.

കാകമത്സ്യാൽ പരൌ ധ്വാങ്ക്ഷൌ കക്ഷൌ തൃണജീരുധൌ
അഭീഷുഃ പ്രഗ്രഹേ രശ്മൌപ്രൈഷഃ പ്രേഷണമർദ്ദനേ. ൫൫൬

ധ്വാങ്ക്ഷഃ (അ-പു-പ്ര-ഏ) കാക്കയുടെയും മത്സ്യങ്ങളെ ഭക്ഷിക്കുന്ന പക്ഷികളുടെയും പേർ. മത്സ്യാൽഖഗം=മത്സ്യാത്തായിമിക്കുന്ന പക്ഷി. മത്സ്യാത്തു്=മത്സ്യങ്ങളെ അടിക്കുന്നതു്. അദിക്ക=ഭക്ഷിക്ക. പക്ഷം=പക്ഷി. ഇങ്ങിനെ മത്സ്യാൽഖഗശബ്ദത്തിന്റെ അർത്ഥത്തെ ഗ്രഹിച്ചുകൊൾക. ചിലർ കാകമത്സ്യഖഗൌ എന്നു പഠിക്കയും മത്സ്യഖഗമെന്നതിനു നീക്കാക്ക എന്നു ഭാഷാകാണിക്കയും ചെയ്തിരിക്കുന്നു. എങ്കിലും മഹേശ്വരടീകയെ അനുസരിച്ചു മത്സ്യാൽഖഗൌ എന്ന പാഠത്തെയും അതിനെ അനുസരിച്ചിട്ടുള്ള അർത്ഥത്തെയും ഇതിൽ കാണിച്ചിരിക്കുന്നു. കക്ഷഃ (അ-പു-പ്ര-ഏ) പുല്ലിന്റെയും വള്ളിയുടേയും പേർ. കക്ഷ്യൌച തൃണവീരുധൌ എന്നും പാഠമുണ്ടു്. അപ്രകാരമായാൽ ച ശബ്ദം കൂടെ ഉണ്ടായ്വരുന്നതാകയാൽ കക്ഷാവീരുധിതോർമ്മൂലേ കച്ചേശുഷ്കതൃണേവനേ എന്നും കക്ഷശുഷ്കതൃണാദണ്ഡൌ കച്ഛതോർമ്മൂലവല്ലിഷു പാപപർവതമധ്യാഹ്നിഫണാസമുദയേചി ച എന്നുമുള്ള കോശാന്തരങ്ങളെ അനുസരിച്ചു കക്ഷമെന്നതു കാടിന്റെയും ബാഹ്യമൂലപ്രദേശത്തിന്റെയും ജലപ്രായമായ ദേശത്തിന്റെയും പാപത്തിന്റെയും പർവതമദ്ധ്യത്തിന്റെയും പാർശ്വപടത്തിന്റെയും സമൂഹത്തിന്റെയും പേരാകുമെന്നും ഗ്രഹിച്ചുകൊൾക. അഭീഷുഃ (ഉ-പു-പ്ര-ഏ) പിടിക്കയറിന്റെയും രശ്മിയുടെയും പേർ. പ്രൈഷഃ(അ-പു-പ്ര-ഏ)പ്രേഷണത്തിന്റെയും മർദ്ദനത്തിന്റെയും പേർ. പ്രേഷണം=പ്രേരണം. അഭീഷുഃ

ഇത്യാദി അദ്ധ്ശ്ലോകം മഹേശ്വരടീകയെ അനുസരിച്ചു ചേത്തതാകുന്നു.

പക്ഷ്മസ്സഹായപുച്ഛീഷശ്ശിരോവഷ്കകിരീടയോഃ
ശൃംഖലാ മൂഷികേ ശ്രോത്രേ സുകൃതേ വൃഷതേ വൃഷഃ. ൨൨൭

പക്ഷ്മഃ (അ-പു-പ്ര-ഏ) സഹായത്തിന്റെയും സഖിയുടെയും മാസാദ്ധ്യത്തിന്റെയും അശ്വഗജങ്ങളുടെ പാർശ്വഭാഗത്തിന്റെയും അടപ്പിന്റെ പഴുതിന്റെയും ചിറകിന്റെയും മരത്തിന്റെയും ചിരോധത്തിന്റെയും സാധ്യത്തിന്റെയും ബലത്തിന്റെയും കേശപക്ഷ്മമിത്യാദിസ്ഥലത്തിങ്കൽ സമൂഹത്തിന്റെയും പേർ. പക്ഷ്മാമാസാദ്ധ്യകപാർശ്വ ഗ്രഹസാധ്യവിരോധയോഃ കേശാദേഃ പ്രഥമോ വൃന്ദേ ബലസഖിസഹായയോഃ ചുല്ലിരന്ധ്ര പതഗേ ച വാജികുഞ്ജരപാർശ്വയോഃ ചിന്നമേടിനിയുണ്ട് ഉഷ്ണീഷഃ (അ-പു-പ്ര-ഏ) തലപ്പാവിന്റെയും കിരീടത്തിന്റെയും പേർ വൃഷഃ (അ-പു-പ്ര-ഏ) വൃഷണത്തിന്റെയും മൂഷികത്തിന്റെയും ശ്രോത്രത്തിന്റെയും സുകൃതത്തിന്റെയും കാളയുടെയും പേർ. ശൃംഖലയെന്നതിന്നു വൃഷണനെന്നർത്ഥമാകുന്നതു്. ശൃംഖലാതീതി ശൃംഖലോവൃഷണഃ എന്ന ടീകയിൽ ഉണ്ടു്. ശൃംഖലമൂഷികേ എന്ന ചിലർ പഠിക്കുന്നു. ശൃംഖലശബ്ദത്തിന്നു് അധികമായ ബല മുള്ളവനെന്നർത്ഥമാകുന്നതു്.

മൃതകേ ശാരിഫലകേ പ്യാകഷ്യോഥാക്ഷദിന്ദ്രിയേ
നാടൃതാംശേ കഷ്ടമതേ വ്യവഹാരേ കലിർദ്വയേ. ൨൨൮

അകഷ്യഃ (അ-പു-പ്ര-ഏ) പകിടക്കരുവിന്റെയും ചൂതുപലകയുടെയും ആകർഷിക്ക എന്ന ക്രിയയുടെയും പേർ. അക്ഷം(അ-ന-പ്ര-ഏ) ഇന്ദ്രിയത്തിന്റെ പേർ. പുല്ലിംഗമായാൽ പകിടക്കരുവിന്റെയും മുക്കഴഞ്ഞിന്റെയും തേർ മുതലായതിന്റെ അവയവമായ ചക്രത്തിന്റെയും വാദപ്രതിവാദരൂപമായ വ്യവഹാരത്തിന്റെയും താന്നിമരത്തിന്റെയും പേർ.

കർഷ്മാവ്വാത്താകരീഷാഗ്നിഃ കർഷ്മഃ കല്യാടിധായിനീ
പുംഭാവേതൽക്രിയായാഞ്ച പൌരുഷം വിഷമപ്സുച.

കർഷ്മഃ (ഉ-പു-പ്ര-ഏ) വാത്തയുടെയും വളപ്പൊടിയിലെ തിയ്യിന്റെയും പേർ. കർഷ്മാവ്കുതാ എന്നും പാഠമുണ്ടു്. വക്താ എന്നതിന്നു വചിക്കുന്നവൻ എന്നർത്ഥം. വചിക്ക=പറയുക. കഷ്മഃ (ഉ-സ്ത്രീ-പ്ര-ഏ) കൈത്തോടിന്റെ പേർ. പൌരുഷം (അ-ന-പ്ര-ഏ) പുരുഷനാവു എന്നുള്ളതിന്റെയും പുരുഷകർമ്മ

ത്തിന്റെയും പേർ. വിഷം (അ-ന-പ്ര-ഏ) ജലത്തിന്റെയും വിഷത്തിന്റെയും പേർ.

ഉപാദാനേപ്യാമിഷം സ്യാദപരാധേപി കിൽബിഷം
സ്യാദ്ദുഷ്ടേ ച ലോകധാതുപംശേ ചതസരേവഷ്മസ്ത്രിയാം.

ആമിഷം (അ-ന-പ്ര-ഏ) കപ്പം കാഴ്ചദ്രവ്യം എിന്നിവയുടെയും മാംസത്തിന്റെയും പേർ. കിൽബിഷം (അ-ന-പ്ര-ഏ) അപരാധത്തിന്റെയും പാപത്തിന്റെയും പേർ. വർഷം (അ-ന-പ്ര-ഏ) പുല്ലിംഗമായിട്ടുമാം. മഴയുടെയും ഭൗതാദിഖണ്ഡങ്ങളുടെയും സംവത്സരത്തിന്റെയും പേർ. ലോകധാതുപംശശബ്ദത്തിന്റെ ലോകധാതുവിന്റെ അംശമെന്നർത്ഥമാകുന്നു ലോകധാതു= ലോകത്തെ ധരിക്കുന്നതു്. ജംബുദ്വീപമെന്നഭിപ്രായം. ലോകം ധരത്തേലോകധാതുഃ ജംബുദ്വീപഃ എിന്നു മഹേശ്വരടീകയിൽ ഉണ്ടു്.

പ്രേക്ഷാ സ്ത്രത്സക്ഷണം പ്രജ്ഞാ ഭിക്ഷാഃസേവാർത്ഥനാ ഭൃതിഃ
തപിരംശോഭാപിത്രിഷുപരേ സൂക്ഷ്മംകാർത്സ്ന്യനിഷ്ഠുരയോഃ.

പ്രേക്ഷാ (അ-സ്ത്രീ-പ്ര-ഏ) സ്ത്രത്സദർശനത്തിന്റെയും ബുദ്ധിയുടെയും പേർ. സ്ത്രത്തിന്റെയും ദർശനത്തിന്റെയും ബുദ്ധിയുടെയും പേർ എിന്നും ഒരു മതമുണ്ടു്. ഭിക്ഷാ (അ-സ്ത്രീ-പ്ര-ഏ) സേവയുടെയും യാചനത്തിന്റെയും കൂലിയുടെയും പേർ. ടിപിം (ഷ-സ്ത്രീ-പ്ര-ഏ) ശോഭയുടെയും കാന്തിയുടെയും പേർ.

ത്രിഷുപരേ എിന്നതിന്നു ഇനി പറവാൻപോകുന്ന ശബ്ദങ്ങൾ ത്രിലിംഗങ്ങളാകുന്നു എിന്നു സാരമാകുന്നു. സൂക്ഷ്മം (അ-ന-പ്ര-ഏ) സാകല്യത്തിന്റെയും അധമാവസ്ഥയുടെയും പേർ.

പ്രത്യക്ഷേധികൃതോധ്യക്ഷാ ത്രുക്ഷസ്ത്വപ്രമ്ണ്യചികാണേ
വിശേപതച്ചൗഹംസൗ സൂര്യ്യവഹ്നീ പിഭാവസൂ. പുമാൻ

അധ്യക്ഷഃ (അ-പു-പ്ര-ഏ) സാക്ഷാൽ കൃതമായിട്ടുള്ളതിന്റെയും അന്യന്റെ കല്പനയാൽ ഒരു വേലയെ നടത്തുന്നവന്റെയും പേർ. ത്രുക്ഷഃ (അ-ന-പ്ര-ഏ) രസ്നഹഭാവത്തിന്റെയും അസ്ഥിശ്രേഷ്ഠത്തിന്റെയും പേർ. ഇതി ഷാന്തവർഗ്ഗഃ.

സാന്തഃ.

ഹംസഃ(അ-പു-പ്ര ഏ)ആദിത്യന്റെയും അരയന്നത്തിന്റെയും പേർ. ഹംസശബ്ദത്തിന്നു അഭിധാനാന്തരങ്ങളിൽ പ്രായേ

ണ അത്ഥാന്തരങ്ങൾ പല പ്രകാരേണ പറകപ്പെട്ടിട്ടുമുണ്ടു്. ഹം സസ്സ്യാന്മാനസൌകസി നിർല്ലോഭന്യോപവിഷ്ണുപ്പരമാത്മസു മസാരേയോഗിഭേദേമന്ത്രഭേദേ ശരീരമരുദന്തരേ എന്ന മേദിനിയിൽ ഉണ്ടു്. മാനസൌകസ്സു്=അരയന്നം. നിർല്ലോഭന്യോപൻ= പിശുക്കില്ലാത്ത രാജാവു് വിഷ്ണു=ശ്രീനാരായണൻ. അർക്കൻ=ആദിത്യൻ പരമാത്മാവു്=പരബ്രഹ്മം. അമത്സരൻ=മത്സരത്തോടുകൂടാത്തവൻ. യോഗിഭേദം=യോഗിവിശേഷം. മന്ത്രഭേദം=മന്ത്രവിശേഷം. ശരീരമരുദന്തരം=ശരീരത്തിങ്കൽ വർത്തിക്കുന്നവായുവിശേഷം. ഇത്രകാര്യങ്ങളെക്കെയും ഹംസശബ്ദാത്ഥങ്ങളാകുന്നു എന്നു് മേൽ പറഞ്ഞ മേദിനീവാക്യത്തിന്റെ അത്ഥമാകുന്നു. യോഗിഭേദശബ്ദംകൊണ്ടു നാദബ്രഹ്മോപാസകന്മാരായ ശിവയോഗികളെ ഗ്രഹിച്ചുകൊൾക. മന്ത്രഭേദശബ്ദംകൊണ്ടു് അജപാമന്ത്രത്തെ ഗ്രഹിച്ചുകൊൾക. ഇതിന്റെ സ്ഫുടതയെ അഭ്യുപഗമിക്കുന്നവർ (ധമാനിലാഭ്യാംധ്വനി പുഷ്പവന്തൌപിധായമൌനീരഹസിസ്ഥിതോയഃ പശൃത്യഖണ്ഡംസനിനാദതേജസ്സുബ്രഹ്മവിൽകീർത്തിത ഏവലോകേ ഭൂമധ്യസംസ്ഥം തരുണാരുണാഭംസദാശിവംഹം സമയംസനാദം സവ്യാപസവൃക്രമതശ്ചരന്തംധ്യായന്തിയേമാം ശിവയോഗിനസ്തേ) (അഹംകാരം പരിത്യജ്യഹംകാരംയതവാകുസദാ അസംബന്ധംപരിത്യജ്യ സംബന്ധമപിചാജ്ജുയേൽ) ഇത്യാദി ശിവജ്ഞാനദീപികാവാക്യാത്ഥങ്ങളേയോ, അകാരേണബഹിർയ്യാതി ഇത്യാദി മഹാവാക്യാർത്ഥത്തേയോ ഗുരുമുഖത്തിങ്കൽനിന്നു് ഗ്രഹിച്ചുകൊൾക. ശരീരമരുദന്തരശബ്ദംകൊണ്ടു് നിശ്വാസാദി പ്രവൃത്തികാരണമായ വായുവിനെ ഗ്രഹിച്ചുകൊൾക. വിഭാവസുഃ (ഉ-പു-പ്ര-ഏ) ആദിത്യന്റെയും അഗ്നിയുടെയും പേർ.

വത്സശ തണ്ണകവഷ്ടഭ സാരംഗാശ്വ ദിവൌകസഃ
ശൃംഗാരാദൌവിഷേവീര്യേ ഹ്രണേരാഗേ ദ്രവേരസഃ.

വത്സഃ (അ-പു-പ്ര-ഏ) പശുക്കിടാവിന്റെയും സംവത്സരത്തിന്റെയും പേർ. ദിവൌകാഃ (സ-പു-പ്ര-ഏ) വേഴാമ്പലിന്റെയും ദേവന്മാരുടേയും പേർ. സാരംഗാശ്വദിവൌകസഃ എന്നുമാം. ദിവോകാശ്വദിവൌകാശ്വപുംസിദേവചാതകേ എന്നും പിത്രുപകോശമുണ്ടു്. രസഃ (അ-പു-പ്ര-ഏ) ശൃംഗാരാദികളുടെയും വിഷയത്തിന്റെയും വീര്യത്തിന്റെയും മധുരാമ്ലാദികളുടെയും രാഗത്തിന്റെയും ദ്രവത്തിന്റെയും പേർ. ശൃംഗാരം,, വീരം, കരുണം. അത്ഭുതം, ഹാസ്യം, ഭയാനകം, ബീഭത്സം; രൌ

ളം, ശാന്തം ഇവ ശൃംഗാരാദികം. വിഷശബ്ദംകൊണ്ടു സപ്പാ ദികളുടെ വിഷത്തെയും ജലത്തെയും ഗ്രഹിച്ചുകൊൾക. വീര്യശ ബ്ദംകൊണ്ടു ബലത്തെയും തേജസ്സിനേയും ഗ്രഹിച്ചുകൊൾക. രാഗം=അനുരാഗം. ദ്രവം=ആർദ്രദ്രവ്യം.

പുംസ്യുത്തംസാവതംസൌദ്വൌ കണ്ണപൃഷേപിശേഖരേ
ദേവഭേദേനലേഖശ്ച വസുരത്നേധനേവസു. ൨൯൫

ഉത്തംസഃ അവതംസഃ (അ-പു പ്ര-ഏ) ഇവ പു-ം കണ്ണാഭര ണവിശേഷത്തിന്റെയും ശിരോലങ്കാരത്തിന്റെയും പേർ. വസുഃ (ഉ-പു-പ്ര-ഏ) അഷ്ടാവസുക്കളുടേയും അഗ്നിയുടേയും രശ്മിയുടേയും പേർ. വസു (ഉ-ന-പ്ര-ഏ) രത്നത്തിന്റെയും ധനത്തിന്റെയും പേർ.

വിഷ്ണൌ ച വേധാസ്തീതാശീർഹിതാശംസാഹിദംഷ്ട്രയോഃ
ലാലസേ പ്രാർത്ഥനൌസുൽഭകൃ ഹിംസാചൌത്സ്യാദികർമ്മ ച.

വേധാഃ (സ-പു-പ്ര-ഏ) വിഷ്ണുവിന്റെയും ബ്രഹ്മാവിന്റെ യും പേർ. ആശീഃ (സ-സ്ത്രീ-പ്ര-ഏ) ഹിതാശംസയുടെയും അ ഹിദംഷ്ട്രയുടെയും പേർ. ഹിതാശംസാ=ഹിതത്തിന്റെ ആ ശംസ. ആശംസാ=വചനം. അഹിദംഷ്ട്രാ=പാമ്പിൻപല്ല്. ആശീരുരഗദംഷ്ട്രായാം പ്രിയവാക്യാദിലാഷയോഃ എന്നു കോ ശാന്തരവുമുണ്ടു്. ലാലസാ (ആ-സ്ത്രീ-പ്ര-ഏ) പുല്ലിംഗമായിട്ടു മാം. പ്രാർത്ഥനയുടേയും ഇഷ്ടാർത്ഥത്തെക്കുറിച്ചുള്ള ഉത്സാഹത്തി ന്റെയും പേർ. ഹിംസാ (ആ-സ്ത്രീ-പ്ര-ഏ) മോഷണാദി കർമ്മ ത്തിന്റെയും വധത്തിന്റെയും പേർ.

പ്രസൂരശ്വാപി ഭൂദ്യൌപൌ രോദസൌരോദസീ ച തേ
ജ്വാലാ ഭാസോൻപുംസ്യുച്ചിജ്ജ്യോതിർഭേദ്യോതദുഷ്ട്രിയു.

പ്രസൂഃ(ഉ-സ്ത്രീ-പ്ര-ഏ) പെങ്കുതിരയുടെയും മാതാവിന്റെ യും പേർ. രോദസ്യൌ (ഈ-സ്ത്രീ-പ്ര-ദ്വി) രോദസീ (സ-ന-പ്ര ദ്വി) ഇവ പു-ം ഭൂമിയുടെയും ആകാശത്തിന്റെയും പേർ ദ്വിവ ചനാന്തങ്ങളായിട്ടുതന്നെ പ്രയോഗിക്കയും വേണം. എന്നാൽ മേല്പറഞ്ഞ രണ്ടർത്ഥങ്ങളുടെയും ബോധം മേൽപറഞ്ഞ ശബ്ദങ്ങ ളിൽനിന്നു് ഉണ്ടാകുമെന്നല്ലാതെ ഏകവചനാന്തങ്ങളിൽനിന്നു് ഒന്നിനെവിട്ടു് ഒന്നിന്റെ ബോധംഭവിക്കട്ടെ എന്നു വിചാരിച്ചു് അപ്രകാരം പ്രയോഗിക്കരുതെന്നു ചിലർ പറയുന്നു. രോദശ്യ രോദസീചാപി ദിവിഭൂമൌ പൃഥക് പൃഥക് സഹപ്രയോഗോപ്യ നയോരോദസ്യാവപിരോദസീ എന്നു കോശാന്തരമുണ്ടാകയാൽ ഏകൈകാർത്ഥബോധത്തെ ഉദ്ദേശിച്ചു് ഏകവചനാന്തങ്ങളാ

യിട്ടും പ്രയോഗിക്കാമെന്നു വേറെചിലർ പറയുന്നു. ദ്യാവാപൃഥിവ്യൗരോദസ്യൗരോദസീരോദസീതിച എന്നർത്ഥമുണ്ടാകയാൽ രോദസീ എന്നു് അവയ്യുമായിട്ടുമുണ്ടെന്നും അറിഞ്ഞുകൊൾക. അഹ്നിഃ (സ-ക്ലീ-പ്ര-ഏ) നപുംസകമായിട്ടുമാം. ജ്വാലയുടെയും ദീപ്തിയുടെയും പേർ. ജ്യോതിഃ (സ-ന-പ്ര-ഏ) നക്ഷത്രത്തിന്റെയും പ്രകാശത്തിന്റെയും ദ്യുതിയുടെയും പേർ.

പാപാപരാധയോരാഗഃ ബാല്യാദിനോർവ്വയഃ
രംഹഃപുരീഷയോർവ്വർച്ചോ മഹസ്ത്രുസവരംഹസോഃ.

ആഗഃ (സ-ന-പ്ര-ഏ) പാപത്തിന്റെയും അപരാധത്തിന്റെയും പേർ. വയഃ (സ-ന-പ്ര-ഏ) പക്ഷിയുടെയും ബാല്യം മുതലായവയുടെയും പേർ. വർച്ചഃ(സ-ന-പ്ര-ഏ) തേജസ്സിന്റെയും വിഷ്ഠയുടെയും പേർ. മഹഃ (സ-ന-പ്ര-ഏ) ഉത്സവത്തിന്റെയും തേജസ്സിന്റെയും പേർ.

രജോഗ്രണേച സ്ത്രീപുഷ്പേ രാഗേരുധ്വാന്തേ ഗ്രണേ തമഃ
ചരന്ദഃപദ്യേഭിലാഷേ ച തപഃക്രുഛ്രാദികർമ്മ ച. വനേ

രജഃ (സ-ന-പ്ര-ഏ)ഗ്രണവിശേഷത്തിന്റെയും തീണ്ടാതിയുടെയും പൊടിയുടെയും പേർ. അകാരാന്തമായിട്ടും പ്രയോഗിക്കാം.(രജോടയം രജസാസാദ്ധ്യം സ്ത്രീപുഷ്പഗ്രണധൂളിഷു) എന്നകോശാന്തരമുണ്ടു്. തമഃ (സ-ന-പ്ര-ഏ) രാഹുവിന്റെയും ഇരുട്ടിന്റെയും ഗ്രണവിശേഷത്തിന്റെയും പേർ. ചരന്ദഃ (സ-ന-പ്ര-ഏ) ഗായത്ര്യാദിവൃത്തത്തിന്റെയും ഇച്ഛയുടെയും വേദത്തിന്റെയും സൈരാചാരാഭിലാഷയോഃ) എന്ന മേദിനിയുണ്ടു്. തപഃ (സ-ന-പ്ര-ഏ) സാന്തപനാദികൃച്ഛ്രങ്ങളുടെയും ചാന്ദ്രായണാദികളുടെയും ധർമ്മത്തിന്റെയും ലോകവിശേഷത്തിന്റെയും പേർ.

സഹോബലം സഹാമാഗ്ര്യോ നഭഃഖംശ്രാവണോനഭാഃ
ഓകസ്സുത്മാശ്രയശ്ചൗകഃ പയഃക്ഷീരം പയോംബുച.

സഹഃ (സ-ന-പ്ര-ഏ) ബലത്തിന്റെ പേർ. പുല്ലിംഗമായാൽ മാർഗ്ഗശീർഷമാസത്തിന്റെ പേർ. നഭഃ (സ-ന-പ്ര-ഏ) ആകാശത്തിന്റെ പേർ. പുല്ലിംഗമായാൽ ശ്രാവണമാസത്തിന്റെ പേർ. ഓകഃ (സ-ന-പ്ര-ഏ) ഗൃഹത്തിന്റെയും ആശ്രയത്തിന്റെയും പേർ. പയഃ (സ-ന-പ്ര-ഏ) പാലിന്റെയും വെള്ളത്തിന്റെയുംപേർ.

ഓജോദീപ്ത്യോർബലേസ്രോത ഇന്ദ്രിയേനിമ്നഗാരയേ
തേജഃ പ്രഭാവേ ദീപ്ത്യൗ ച ബലേശുക്ലേച്യുതസ്ത്രിഷു.

ഓജഃ (സ-ന-പ്ര-ഏ) ദീപ്തിയുടെയും ബലത്തിന്റെയും പേർ. സ്രോതഃ (സ-ന-പ്ര-ഏ) ഇന്ദ്രിയത്തിന്റെയും നദീവേഗത്തിന്റെയും പേർ. തേജഃ (സ-ന-പ്ര-ഏ) പ്രഭാവത്തിന്റെയും ദീപ്തിയുടെയും ബലത്തിന്റെയും ശുക്ലത്തിന്റെയും പേർ. അതസ്ത്രിഷു എന്നതിന്റെ ഇനി സാന്തവർഗ്ഗാവസാനംവരെ പറവാൻപോകുന്ന ശബ്ദങ്ങൾ ഒക്കെയും ത്രിലിംഗങ്ങളാകുന്നു എന്നു സാരത്തെ ഗ്രഹിച്ചുകൊൾക.

വിദ്വാൻ വിദുഷ്ടമോ വിദുഷ്ടരോ വിദുഷ്ടമാ
വൃദ്ധപ്രശസ്യയോർജ്ജ്യായാൻ കനീയാംസ്തു യുവാല്പയോഃ.

വിദ്വാൻ (സ-പു-പ്ര-ഏ) അറിഞ്ഞവന്റെയും ആത്മജ്ഞാനിയുടെയും മൂഢിമാന്റെയുംപേർ. (വിദ്വാനാത്മവിദിപ്രാജ്ഞപണ്ഡിതേചാഭിധേയവൽ) എന്നവിശ്വവാക്യമുണ്ട്. ശബ്ദാൽ ആത്മജ്ഞനും പേർ എന്നു തമിഴ്ക്കുഞ്ഞിൽ പറഞ്ഞിരിക്കുന്നു മാണമെന്തന്നറിഞ്ഞില്ല. ബീഭത്സഃ (അ-പു-പ്ര-ഏ) ഹിംസാശീലന്റെയും രസവിശേഷത്തിന്റെയും അർജ്ജുനന്റെയും പേർ. ബീഭത്സോചികുതേകുതേരസേപാർത്ഥോഹ്യണാത്മനി എന്നു കോശാന്തരമുണ്ട്. അതിശയേതമീ എന്നതിന്നു ഇനി പറവാൻപോകുന്ന ജ്യായാൻ ഇത്യാദി ശബ്ദങ്ങൾക്കും അതിശയത്തോടുകൂടിയ വൃദ്ധാദികളെ പറയുന്നവയാകുന്നു എന്നു സാരത്തെ ഗ്രഹിച്ചുകൊൾക. ജ്യായാൻ (സ-പു-പ്ര-ഏ) ഏറ്റവും വൃദ്ധന്റെയും ഏറ്റവും ശ്രേഷ്ഠന്റെയും പേർ. കനീയാൻ (സ-പു-പ്ര-ഏ) ഏറ്റവും യുവാവിന്റെയും ഏറ്റവും അല്പന്റെയുംപേർ.

വരീയാംസ്തുരുവരയോസ്സാധീയാൻ സാധു ബാഢയോഃ
ടക്ഷോവി ബർഹം നിർബ്ബന്ധസ്ഥാപരാഗാക്കാരയോഗ്രഹഃ.

വരീയാൻ (സ-പു-പ്ര-ഏ) ഏറ്റവും ഉരുവായതിന്റെയും ഏറ്റവും ശ്രേഷ്ഠന്റെയും പേർ. സാനീയാൻ (സ-പു-പ്ര-ഏ) ഏറ്റവും സാധുവിന്റെയും അതിദൃഢത്തിന്റെയും പേർ. വിടപാൻ ഇത്യാദികൾ പുല്ലിംഗങ്ങളായി പറകപ്പെട്ടു. അല്ലാകൊണ്ടു വിടുഷ്ടീ ഇത്യാദി സ്ത്രീലിംഗരൂപങ്ങളേയും വിടപൽ ഇത്യാദി നപുംസകരൂപങ്ങളേയും ഉപലക്ഷിച്ചു കൊൾക. ബീഭത്സ ശബ്ദത്തിന സ്ത്രീത്വം വിവക്ഷിച്ചാൽ ബീഭത്സാ എന്ന പ്രയോഗിക്കയും വേണം. ഇതി സാന്തവർഗ്ഗഃ.

ഹാന്തഃ.

ബ്രഹ്മം(അ-ന-പ്ര-ഏ) ഇലയുടെയും മയിൽപീലിയുടെയും പേർ. ഗ്രഹഃ (അ-പു-പ്ര-ഏ) നിർബ്ബന്ധത്തിന്റെയും സൂര്യഗ്രഹണം സോമഗ്രഹണം ഇവയുടെയും സൂര്യൻ, ചന്ദ്രൻ, കുജൻ ഇത്യാദികളുടെയും പേർ.

ഷാന്ത്യാപീഡേ കഷാഥരസേ നിർമ്മൃഷോ നാഗദന്തകേ
തുലാസൂത്രശുഷാദിരശ്മൗ പ്രഗ്രാഹഃ പ്രഗ്രഹോപി ച. ൭൯൦

നിർമ്മൃഷഃ (അ-പു-പ്ര-ഏ) വാതില്പടിയുടെയും ശിരോലങ്കാരത്തിന്റെയും കഷായമെന്ന ഔഷധത്തിന്റെയും ആനക്കൊമ്പിന്റെയും പേർ. പ്രഗ്രാഹഃ പ്രഗ്രഹഃ (അ-പു-പ്ര-ഏ) ഇവ ഉം തുലാസിന്റെയും പിടിച്ചരടിന്റെയും കുതിര മുതലായവയുടെ വായ്കയറിന്റെയും പേർ.

പത്നീപരിജനാദ്യാനമൂലശാപാഃ പരിഗ്രഹാഃ
ദാരേഷു ച ഗ്രഹാശ്ശ്രോണ്യാമപ്യാരോഹോവരസ്ത്രിയാഃ.

പരിഗ്രഹഃ (അ-പു-പ്ര-ഏ) ഭാര്യയുടെയും പരിജനത്തിന്റെയും സ്വീകാരത്തിന്റെയും മൂലധനത്തിന്റെയും ശാപത്തിന്റെയും പേർ. ഗ്രഹാഃ (അ-പു-പ്ര-ഏ) ഭാര്യയുടെയും ഭവനത്തിന്റെയും പേർ. ഏകവചനദ്വിവചനങ്ങൾ ഇല്ലെന്നു അറിഞ്ഞുകൊൾകയുംവേണം. ആരോഹഃ (അ-പു-പ്ര-ഏ) ഉത്തമസ്ത്രീയുടെ കടിപ്രദേശത്തിന്റെയും കയറുക എന്ന ക്രിയയുടെയും പേർ.

വ്യൂഢഃ വ്യന്ദേപ്യൂഹിർവ്യൂത്രേപ്യൂഗ്നീന്ദ്രക്രാസ്ഥമോപഹാഃ
പരിച്ഛദേ ന്യപാഢ്യത്ഥേ പരിബർഹോവ്യയാഃപരേ. ൭൯൧

വ്യൂഢഃ (അ-പു-പ്ര-ഏ) സമൂഹത്തിന്റെയും ബലവിന്യാസത്തിന്റെയും പേർ. അഹിഃ (ഇ-പു-പ്ര-ഏ) വൃത്രാസുരന്റെയും സർപ്പത്തിന്റെയും പേർ. തമോപഹഃ (അ-പു-പ്ര-ഏ) അഗ്നിയുടെയും ചന്ദ്രന്റെയും ആദിത്യന്റെയും പേർ. പരിബർഹഃ (അ-പു-പ്ര-ഏ) പരിവാരത്തിന്റെയും രാജയോഗ്യമായ ചെങ്കൊറ്റക്കുട വെൺചാമരം മുതലായ വസ്തുവിന്റെയും പേർ.
ഇതി ഹാന്തവർഗ്ഗഃ.

നാനാർത്ഥാവ്യയവർഗ്ഗഃ

ആങീഷദർത്ഥഭിവ്യാപ്ത്യൗസീമാർത്ഥേ ധാത്വയോഗജേ
ആപ്രഗൃഹ്യഃ സംമതൌ വാക്യോപന്യാസ്യ സ്യാൽകോപപീഡയോഃ

ആങ് (അവ്യയം) ഈഷദർത്ഥാദികളിൽ പ്രയോഗിക്കാം. ഈഷദർത്ഥത്തിങ്കലെ പ്രയോഗം ആപിംഗല ഇത്യാദി. ഈഷദർത്ഥം=അല്പാർത്ഥം. ആപിംഗലഃ എന്നതിനു കുറഞ്ഞൊന്നു പിംഗലവർണ്ണമെന്നർത്ഥമാകുന്നു. ഇവിടെ കുറഞ്ഞൊന്നു എന്നതിനെ പറയുന്നതു് ആപിംഗലഃ എന്ന ശബ്ദത്തിങ്കലെ ആ എന്ന ശബ്ദമാകുന്നു. ആയതു ആങ് എന്ന അവ്യയമാകുന്നു. ങകാരത്തിനു ശബ്ദശാസ്ത്രത്താൽ ലോപം വിധിക്കപ്പെട്ടിരിക്കയാൽ ആയതു കേൾക്കപ്പെടുന്നില്ല. ആസത്യലോകാൽ സ്നാനാദി ധർമ്മെ ഒസ്സെർഗ്രഹഃമധിനഃ യാന്തിലിംഗേഭൃ ഉൽക്രമൃ യഥാബലമവാതിതാ ഇത്യാദികളിൽ ആങിനു അഭിവ്യാപ്തി അർത്ഥമാകുന്നു. ആസത്യലോകാൽ എന്നതിനു സത്യലോകത്തിങ്കലോളമെന്നർത്ഥമാകുന്നു എങ്കിലും സത്യലോകത്തിങ്കൽനിന്നു താഴെയുള്ള എല്ലാ ലോകങ്ങളെയും പ്രാപിക്കുന്നു. സത്യലോകത്തിങ്കലേക്കു ഗതിയുണ്ടാകയുമില്ല. എന്നു വിവക്ഷിതമല്ലായ്കയാലും ഇഹലോകങ്ങളിൽ എന്നപോലെ സത്യലോകത്തിങ്കലും ഗതിയുണ്ടു എന്നതന്നെ വിവക്ഷിതമായിരിക്കയാലും അവിടെ ആങിനു അഭിവ്യാപ്തി അർത്ഥമാകുന്നു എന്നു ഗ്രഹിച്ചുകൊൾക. ആസമുദ്രം രാജ്ഞഃ ണ്ഡഃ ഇത്യാദികളിൽ സീമാർത്ഥമാകുന്നു. സീമാർത്ഥം=സീമ എന്ന അർത്ഥം. മധ്യാഹ്നഃ എന്നു സാരം. ആസമുദ്രമെന്നതിനു സമുദ്രത്തിങ്കലോളമെന്നു ഭാഷ. ഇവിടെ രാജ്ഞഃണ്ഡത്തിനു സമുദ്രം അവധിയാണു എന്നതല്ലാതെ സമുദ്രത്തിങ്കലും രാജ്ഞഃണ്ഡസംബന്ധമുണ്ടു് എന്നു തോന്നുന്നില്ല. അയതു തോന്നണമെന്നു വക്താവിനു ആഗ്രഹവുമില്ല. അതുഹേതുവായിട്ടു് ഇവടെ ആങിന്റെ അർത്ഥം അഭിവ്യാപ്തിയല്ലെന്നു് അറിഞ്ഞുകൊൾകയും വേണം. ധാത്വയോഗജ ശബ്ദത്തിനു ക്രിയായോഗജമായ അർത്ഥമെന്നു് അർത്ഥത്തെ ഗ്രഹിച്ചുകൊൾക. ധാത്വാച്യമായിരിക്കുന്ന വ്യാപാരത്തിങ്കൽ തന്റെ യോഗത്താൽ സംഭവിപ്പിക്കപ്പെടുന്നതായ വിശേഷമെന്നു് അതിന്റെ സാരമാകുന്നു. ആഹരഃി ഇത്യാദികളിലെ ആങിനു് അർത്ഥം മേൽപറഞ്ഞതാകുന്നു. ആ (അ) ഇതിനു ങ കാരം ഇല്ല. പ്രഗൃഹ്യമെന്ന ഒരു പേരുണ്ടു്. അതു ഹേതുവായിട്ടു സന്ധികാര്യമില്ലെന്നു് അറിഞ്ഞുകൊൾക. സ്മൃതിയും വാക്യപൂരണവും ഇതിന്റെ അർത്ഥമാകുന്നു.

അ ഏവംകിലതൽ ഇത്യാദികളും അഏവംമാന്യസേ ഇത്യാദികളും മേൽപറഞ്ഞ അർത്ഥങ്ങൾക്കു ക്രമേണ ഉദാഹരണങ്ങളാകുന്നു. അഃ (അ) കോപവും പീഡയും ഇതിന്റെ അർത്ഥമാകുന്നു. അഃ പാപ കിം വികർത്തസേ ഇത്യാദികളിൽ അഃ എന്നതു കോപത്തെയും അഃ ശീതം ഇത്യാദികളിൽ പീഡയേയും സൂചിപ്പിക്കുന്നതാകയാൽ മേല്പറഞ്ഞവാക്യങ്ങൾ അഃ എന്നതിന്റെ അർത്ഥങ്ങളുടെ നിദർശനങ്ങളാകുന്നു എന്നു ഗ്രഹിച്ചുകൊൾകയും വേണം.

പാപകൃത്സേഷ്ടർത്ഥേ കുത്സിങ്നിർഭത്സനനിന്ദയോഃ
ച്വാനാ ച്വയസമാഹാരേതരേതരസമുച്ചയേ.

കു(അ)പാപമെന്നും കുത്സിതമെന്നും അല്പമെന്നും ഇതിന്റെ അർത്ഥമാകുന്നു. ഉദാഹരണം—കുകർമ്മ പാപകർമ്മമെന്നർത്ഥം കാപഥം ചീത്തവഴി എന്നത്ഥം. കഷോഷ്ണം അല്പമായ ചൂടോടുകൂടിയതു് എന്നു അർത്ഥം. കഷോഷ്ണമെന്നുള്ളെടുത്തു കഷ എന്നു കേൾക്കപ്പെടുന്നതു കു എന്ന അവ്യയത്തിന്റെ അനുദേശമാകുന്നു എന്നും ഗ്രഹിച്ചുകൊൾക. ധിക് (അ) നിർഭത്സനവും നിന്ദയും ഇതിന്റെ അർത്ഥമാകുന്നു. അപകാരശബ്ദങ്ങളെക്കൊണ്ടു ഭയത്തെ ജനിപ്പിക്ക എന്നതിനെ നിർഭത്സനമെന്നും കേവലമായ ദോഷകഥനത്തെ നിന്ദാ എന്നും ഗ്രഹിച്ചുകൊൾക. ധിക്തപാം താഡനാഹ്മനധ്യയനശീലം ഇത്യാദികളും ധിക്പരസ്ത്രീഗാമിനം പുരുഷം ഇത്യാദികളും മേൽപറഞ്ഞ അർത്ഥങ്ങളുടെ ഉദാഹരണങ്ങളാകുന്നു. ച (അ) അനുച്ചയവും സമാഹാരവും ഇതരേതരയോഗവും സമുച്ചയവും ഇതിന്റെ അർത്ഥമാകുന്നു. രണ്ടു ക്രിയകളിൽ ഒന്നിങ്കലിരിക്കുന്ന പ്രാധാന്യവും മറ്റതിൽ ഇരിക്കുന്ന അപ്രാധാന്യവുമത്രേ അനുച്ചയമാകുന്നതു്. ഉദാഹരണം ഭിക്ഷാമട ഗാഞ്ചാനയ. ഭിക്ഷയെ അടനംചെയ്ത, ഗോക്കളെ ആനയിക്കയും ചെയ്ത എന്നത്ഥം. ഭിക്ഷയ്ക്കായിക്കൊണ്ടുപോയാലും വഴിക്കു പശുക്കളെക്കണ്ടാൽ തെളിച്ചുകൊണ്ടുവരികയും വേണമെന്നു് അതിന്റെ സാരമാകുന്നു. സമാഹാരം സമൂഹം. ഉദാഹരണം സംജ്ഞാ ച പരിഭാഷാ ച സംജ്ഞാപരിഭാഷകളുടെ സമൂഹമെന്നു് അർത്ഥമാകുന്ന പരസ്പരസാപേക്ഷങ്ങളായ രണ്ടു വസ്തുക്കളുടെ ഏകക്രിയാന്വയമത്രേ ഇതരേതരയോഗമാകുന്നതു്. ഉദാഹരണം ധവശ്ച ഖദിരശ്ച ഖദിരാന്വിതമായിരിക്കുന്ന ധവവും ധവാന്വിതമായിരിക്കുന്ന ഖദിരവുമെന്നു് അർത്ഥമാകുന്നു. പരസ്പരനിരപേക്ഷങ്ങളായ രണ്ടുവസ്തുക്കളുടെ ഏകക്രിയാന്വയമത്രേ ഇതരേതരയോഗമാകുന്നതു്. ഉദാഹരണം ഈശ്വരംഗുരുഞ്ചഭ

ജസാ ഇൗശ്വരനെയും ഗുരുവിനെയും ജ്ഞിച്ചുവാമുമെന്നു് അതിന്റെ അർത്ഥമാകുന്നു.

സ്വസ്ത്യാശീഃ ക്ഷേമപുണ്യാദൌ പ്രകർഷേ ലംഘനേപ്യുതി
സ്വിൽപ്രശ്നേചവിതർക്കേച ഇ സ്യാദ്ഭേദേവധാരണേ.

സ്വസ്തി (അ) ആശിസ്സുമുതലായതു ഇതിന്റെ അർത്ഥമാകുന്നു. ആശിസ്സു് എന്നതിനു ഇഷ്ടമായവസ്തു എന്ന അർത്ഥത്തെ ഗ്രഹിച്ചുകൊൾക. ഉദാഹരണം സ്വസ്തിതേഭ്യയാൽ നിനക്കായി ക്കൊണ്ടു സ്വസ്തി ഭവിഷ്യതാക എന്നു അതിന്റെ അർത്ഥമാകുന്നു. ക്ഷേമം=നിരുപദ്രവം. ഉദാഹരണം സ്വസ്തിഗച്ഛ ഉപദ്രവത്തോടുകൂടാതെ ഗമിച്ചാലുമെന്നു അതിന്റെ അർത്ഥമാകുന്നു. പുണ്യം=സുകൃതം. ഉദാഹരണം: സ്വസ്തിമാൻസ്വർഗ്ഗമശ്നുതേ പുണ്യമുള്ളവൻ സ്വർഗ്ഗത്തെ അനുഭവിക്കുന്നു എന്നു അർത്ഥമാകുന്നു. ആദി ശബ്ദംകൂടെ ഉണ്ടാകയാൽ മംഗലമെന്നും സ്വസ്തിശബ്ദത്തിന്റെ അർത്ഥമാകുന്നു എന്നും ഗ്രഹിച്ചുകൊൾക. സ്വസ്തിസ്യാന്മംഗളേ പുണ്യേ ഇത്യാടി മേദിനീവചനവുമുണ്ടു്. അതി (അ) പ്രകർഷവും ലംഘനവും ഇതിന്റെ അർത്ഥമാകുന്നു. പ്രകർഷം=അധികൃം. ഉദാഹരണം അത്യുത്തമോവിഷ്ണുഃ ഏറ്റവും ഉത്തമനാകുന്നു വിഷ്ണു എന്നു് അതിന്റെ അർത്ഥമാകുന്നു. ലംഘനം=അതിക്രമണം. ഉദാഹരണം അതിസർവ്വാൻ സർവ്വത്തെയും അതിക്രമിച്ചുവൻ എന്നു അതിന്റെ അർത്ഥമാകുന്നു. സമ് (അ) പ്രശ്നവും വിതർക്കവും ഇതിന്റെ അർത്ഥമാകുന്നു. പ്രശ്നം=ചോദ്യം. വിതർക്കം=നാനാപക്ഷവിചാരം കിംസമിൽ കുശലമസ്തി? കുശലംഭവിക്കുന്നുവോ എന്നർത്ഥം. ഇവിടെ സമ് എന്നതു പ്രശ്നത്യോതമാകുന്നു. അവ്യയങ്ങൾക്കു പറകപ്പെട്ട അർത്ഥങ്ങളിൽ ചിലതു ദ്യോത്യമായിട്ടും ചിലതു വാച്യമായിട്ടുമിരിക്കുമെന്നു് അറിഞ്ഞുകൊൾകയും വേണം. സവേശത്വം വിഷ്ണ്വാദൌ സമി ഷ്ടിവസ്യ സർവ്വേശ്വരനാവു എന്നുള്ള അവസ്ഥ വിഷ്ണുവിനോ ശിവനോ എന്നർത്ഥം. ഇവിടെ സമിൽ എന്നതു് വിതർക്കാർത്ഥകമാകുന്നു. ഭു (അ) ഭേദവുമവധാരണവും ഇതിന്റെ അർത്ഥമാകുന്നു. ഭേദം=വിശേഷം. ക്ഷീരാന്മാംസന്തുപുഷ്ടികൃത് ഇത്യാടികളിൽ ഭു എന്നതു വിശേഷ്യമാകുന്ന അർത്ഥത്തോടുകൂടിയതാകുന്നു. മാംസമാകട്ടെ ക്ഷീരത്തെക്കാൾ പുഷ്ടിയെ ഉണ്ടാക്കുന്നതാകുന്നു എന്ന മേൽപറഞ്ഞ വാക്യത്തിന്റെ അർത്ഥമാകുന്നു. അവധാരണമെന്ന ശബ്ദത്തിനു് വ്യവച്ഛേദമെന്ന അർത്ഥമാകുന്നു. വ്യവച്ഛേദം=നിഷേധം അയുക്ത അയോഗത്തിന്റെയും അന്യ

യോഗത്തിന്റെയുമാകയാൽ ഉഭയവിധമാകുന്നു. ശംഖഃ പാണ്ഡര ഏവ ഇത്യാദികളിൽ അയോഗവ്യവച്ഛേദമാകുന്നു. ശംഖം വെളുപ്പുനിറത്തോടുകൂടിയതുതന്നെ എന്നു മേൽപറഞ്ഞ വാക്യത്തിന്റെ അർത്ഥമാകുന്നു. പാണ്ഡര ഏവ എന്നതുകൊണ്ടു വെളുപ്പില്ലായ്കയില്ല എന്നതേ നിഷ്കൃഷ്ടമായി ഗ്രഹിക്കപ്പെടേണ്ടതു് എന്നു ധരിച്ചുകൊൾകയും വേണം. പ്രൈത്ര ഏവ പചതി ഇത്യാദികളിൽ അന്യയോഗവ്യവച്ഛേദമാകുന്നു. പ്രൈത്രൻതന്നെ പചിക്കുന്നു എന്നു മേൽപറഞ്ഞ വാക്യത്തിന്റെ അർത്ഥമാകുന്നു. പാകവ്യാപാരത്തിങ്കൽ പ്രൈത്രങ്കൽനിന്നു അന്യന്മാരായവരുടെ സംബന്ധമില്ലെന്നു സാരമാകുന്നു. ഈ ഉഭയവിധമായ വ്യവച്ഛേദം മേൽപറഞ്ഞ വാക്യങ്ങളിൽ ഏവ എന്ന അവ്യയത്തിന്റെ അർത്ഥമാകുന്നു. തന്നെ എന്നു അതിന്റെ കേരളഭാഷയാകുന്നു എന്നും ഗ്രഹിച്ചുകൊൾക. മേൽപറഞ്ഞ വാക്യങ്ങളിൽ ഏവ എന്നതിന്റെ സ്ഥാനത്തിങ്കൽ തു എന്നു പ്രയോഗിച്ചാൽ തു ശബ്ദത്തിന്റെ അവധാരണാർത്ഥതയുടെ ഉദാഹരണങ്ങളായി തീരുന്നതുകളാകയാൽ വേറേ ഉദാഹരണങ്ങളെ കാണിക്കായ്കനിമിത്തമായിട്ടു് ഒരു കുറവുമുണ്ടാകയില്ലെന്നു് വിചാരിച്ചു ചുരുക്കിയിരിക്കുന്നു.

സകൃൽ സഹൈകവാരേ ചാപ്യാരാദ്ദൂരസമീപയോഃ
പ്രതീച്യാം ചരമേ പശ്ചാദൃതാപൃത്ഥഗ്വിനിർണ്ണയേ. രൂ

സകൃൽ (അ) സഹ എന്നതിന്റെ അർത്ഥവും ഒരിക്കൽ എന്നുള്ള അർത്ഥവും ഇതിനു ഉണ്ടെന്നറിക. സഹ എന്നതിനു കൂടെ എന്നർത്ഥമാകുന്നു. സകൃദ്യാന്തി പലരുംകൂടെ യാനംചെയ്യുന്നു എന്നു് അർത്ഥമാകുന്നു. സകൃദുപകൃത്യാൽഗയാശ്രാദ്ധം ഒരിക്കൽ എങ്കിലും ഗയാശ്രാദ്ധത്തെ ചെയ്യണമെന്നു് അർത്ഥമാകുന്നു. ഇങ്ങിനെ സഹാർത്ഥത്തിങ്കലുമേകവാരമെന്ന അർത്ഥത്തിങ്കലും സകൃൽഎന്ന അവ്യയത്തെ പ്രയോഗിച്ചുകൊൾക. ആരാൽ (അ) ദൂരവും സമീപവും ഇതിന്റെ അർത്ഥമാകുന്നു. ആരാച്ഛത്രോസ്സടാവസേൽ ഇത്യാദികളിൽ ആരാൽ എന്നതിനു് ദൂരശബ്ദിങ്കൽ എന്നു അർത്ഥമാകുന്നു. എല്ലാ സമയവും ശത്രുവിന്റെ ദൂരത്തിങ്കൽ വസിക്കണമെന്നു മേൽപറഞ്ഞ വാക്യത്തിന്റെ അർത്ഥമാകുന്നു. സഖ്യായം സ്ഥാപയേദാരാൽ ഇത്യാദികളിൽ സമീപത്തിങ്കൽ എന്നു് അർത്ഥമാകുന്നു. സഖിയെ സമീപത്തിങ്കലിരുത്തണമെന്നു മേൽപറഞ്ഞ വാക്യത്തിന്റെ അർത്ഥമാകുന്നു. പശ്ചാൽ (അ) പടിഞ്ഞാറേ ദിക്കു എന്നും ഒടുക്കത്തതു് എന്നും അർത്ഥമാ

കുന്നു. പശ്ചാദസ്ത്രംഗതോരഥിഃ ഇത്യാദികളിൽ പശ്ചാൽ എ ന്നതിനു് പടിഞ്ഞാറെടിക്കിൽ എന്നു അർത്ഥമാകുന്നു. പശ്ചാ ദ്വയസി നിവ്വിദ്യ ഇത്യാദികളിൽ ഒടുക്കത്തു് എന്നു് അർത്ഥമാ കുന്നു. ഉത (അ) സമുച്ചയവും വികല്പവും ഇതിന്റെ അർത്ഥ മാകുന്നു.

ഉതഭീമ ഉതാർജ്ജുനഃ ഇത്യാദികളിൽ ഉത എന്നതിന്റെ അ ത്ഥം സമുച്ചയമാകുന്നു: ഭീമനും അർജ്ജുനനുമെന്നു മേൽപറഞ്ഞ വാക്യത്തിന്റെ അർത്ഥം. വിഷ്ണുരുതശിവസ്സേവ്യഃ ഇത്യാദികളിൽ വികല്പം അർത്ഥമാകുന്നു. വിഷ്ണുവോ ശിവനോ സേവിക്കപ്പെട്ടു വാൻ യോഗ്യനെന്നു് വാക്യാർത്ഥത്തെ ഗ്രഹിച്ചുകൊൾക.

പുനസ്സഹാർത്ഥയോശ്ശശ്വൽ സാക്ഷാൽ പ്രത്യക്ഷതുല്യയോഃ
ഖേദാനുകമ്പാസന്തോഷവിസ്മയാമന്ത്രണേഽപത. ൫

ശശ്വൽ (അ) പിന്നെയുംപിന്നെയുമെന്നും കൂടെ എന്നും ഇ തിന്റെ അർത്ഥമാകുന്നു. സാക്ഷാൽ (അ) പ്രത്യക്ഷമെന്നും തുല്യമെ ന്നും ഇതിന്റെ അർത്ഥമാകുന്നു. അപത (അ) ഖേദവും ദയയും സന്തോഷവും വിസ്മയവും സംബോധനയും ഇതിന്റെ അർത്ഥ മാകുന്നു.

ഹന്ത ഹർഷേ5നുകമ്പായാം വാക്യാരംഭവിഷാദയോഃ
പ്രതി പ്രതിനിധൌ വീപ്സാലക്ഷണാദൌ പ്രയോഗതഃ. ൬

ഹന്ത (അ) സന്തോഷവും ദയയും വിഷാദവും ഇതിന്റെ അർത്ഥമാകുന്നു അതുമല്ല വാക്യാരംഭത്തിലും പ്രയോഗമുണ്ടു്. ഹ ന്തലാഭ്യുതഗ്രഹണഃ ഇത്യാദികളിൽ ഹന്ത എന്നതു സന്തോഷദ്യോ തകമാകുന്നു. ഹന്ത ദീനോ രക്ഷിതവ്യഃ ഇത്യാദികളിൽ ദയാ ദ്യോതകമാകുന്നു. ഹന്തജാതമജാതാരേഃ പ്രഥമേനതപായാരിണാ ഇത്യാദികളിൽ വിഷാദദ്യോതകമാകുന്നു. ഹന്തതേ കഥയിഷ്യാമി ഇത്യാദികളിൽ ഹന്തശബ്ദം വാക്യാരംഭത്തിലാകുന്നു. വാക്യാ രംഭത്തിൽ പ്രയോഗിക്കപ്പെടുന്നതുകൊണ്ടു് പാദപൂരണാർത്ഥങ്ങളാ യ തുഹ്യാദികൾക്കെന്നപ്പോലെ നിരർത്ഥകത്വം തന്നെ എന്നു അ റിഞ്ഞുകൊൾകയും വേണം. പ്രതി (അ) പ്രതിനിധിയും വീപ്സ യും ലക്ഷണം മുതലായതും ഇതിന്റെ അർത്ഥമാകുന്നു മുപ്പുത്തോ ടുസദൃശമായവസ്തുവിനെ പ്രതിനിധി എന്നു പറയുന്നു. മഹാശ്വ തടീകയിൽ അഭിമന്യുംപ്രതിപരീക്ഷിൽ എന്നു് ഉദാഹരിച്ചിരിക്കു ന്നു. അഭിമന്യുവിനോടു സദൃശനാകുന്ന പരീക്ഷിത്തെന്ന രാജാ

വും ചെയ്യുന്നത്ര ഭരതിന്റെ അഭിപ്രായമാകുന്നതു്. വീപ്സാ=പ്രാപി പ്പാനായിട്ടൊണ്ടുള്ള ഇച്ഛ. തീർത്ഥംതീർത്ഥം പ്രതിഗച്ഛതി എ ന്നു് ഉദാഹരണമെന്നും ചില്ലാ തീർത്ഥത്തെയും പ്രാപിക്കുന്നു എന്നു് അതിന്റെ അർത്ഥമെന്നും ഗ്രഹിച്ചുകൊൾക. വൃക്ഷം പ്രതിവിദ്യോതതേവിദ്യുൽ ഇത്യാദികളിൽ പ്രതി എന്നതു് ലക്ഷണാർത്ഥമാകുന്നു. വൃക്ഷത്തെ കുറിച്ചു് എന്നു് അവിടെ ഭാഷ ചൊല്ലി വരുമാറുണ്ടു്. ഭാഗാദ്യർത്ഥങ്ങൾ കൂടെ ഇതിനു് ഉണ്ടാകയാൽ ആദിശബ്ദത്തെ പ്രയോഗിച്ചിരിക്കുന്നു എന്നു് അറിഞ്ഞുകൊൾകയും വേണം. പ്രയോഗതഃ എന്നതുകൊണ്ടു് ശിഷ്ടപ്രയോഗാനുസാരേണ അതാതു അർത്ഥത്തിങ്കൽ പ്രതിശബ്ദത്തിന്റെ ഉപയോഗത്തെ അറിഞ്ഞുകൊൾക. എന്നു പറകപ്പെട്ടിരിക്കുന്നു.

ഇതി ഹേതു പ്രകരണ പ്രകാശാദിസമാപ്തിഷു
പ്രാച്യാം പുരസ്താൽ പ്രഥമേ പുരാർത്ഥഗ്രത ഇത്യപി.

ഇതി (അ) ഹേതുവും പ്രകരണവും പ്രകാശവും ഇപ്രകാരമെന്നും സമാപ്തിയും ഇതിന്റെ അർത്ഥമാകുന്നു. രാമോഹന്തീതി രാവണഃ പലായതേ ഇത്യാദികളിൽ ഇതി എന്നു ഹേതുപ്രകമാകുന്നു. രാമൻ ഹനിക്കുന്നതു ഹേതുവായിട്ടു് രാവണൻ ഓടുന്നു എന്നു മേൽപറഞ്ഞ വാക്യത്തിന്റെ അർത്ഥമാകുന്നു. പ്രകരണശബ്ദത്തിനു പ്രകാരമെന്നർത്ഥമാകുന്നു. ദ്വിപ്രകൃതിയവിധ്വംശ്ശുദ്ധാ ഇതിവർണ്ണാഃ ഇത്യാദികളിൽ പ്രകാരാർത്ഥമെന്നു് അറിഞ്ഞുകൊൾക. ഇതിഹരി ഇത്യാദികളിൽ പ്രകാശാർത്ഥമാകുന്നു. ഹരിശബ്ദത്തിന്റെ പ്രകാശമെന്നു് അതിന്റെ അർത്ഥമെന്നു് അറിഞ്ഞുകൊൾക. ക്രമാദും നാദഇത്യബോധിസഃ ഇത്യാദികളിൽ ഇതി ശബ്ദത്തിനു ഇപ്രകാരമെന്നു് അർത്ഥമാകുന്നു. ധമ്മമാചരേദിതിഇത്യാദികളിൽ സമാപ്ത്യർത്ഥമാകുന്നു. പുരസ്താൽ (അ) കിഴക്കെ ദിക്കെന്നും ആദിയെന്നും പണ്ടു് എന്നും അഗ്രഭാഗത്തിങ്കലെന്നും ഇതിന്റെ അർത്ഥമാകുന്നു.

യാവത്താവച്ഛസാകല്യേ്യടവധൌ മാനേവധാരണേ
മംഗലാനന്തരാരംഭ പ്രശ്നകാർത്സ്ന്യേഷ്വിഥോ ഇഥ.

യാവൽ (അ) താവൽ (അ) സാകല്യവും അവധിയും മാനവും അവധാരണവും ഇതിന്റെ അർത്ഥമാകുന്നു. യാവദ്ഭക്തം താവദ്ഭുക്തം ഇത്യാദികളിൽ സാകല്യാർത്ഥമാകുന്നു. കൊടുക്കപ്പെട്ടതു് ഒക്കെയും ഭുജിക്കപ്പെട്ട എന്നു മേൽപറഞ്ഞ വാക്യത്തിന്റെ അർത്ഥമാകുന്നു. മൂലാച്ഛാഖാംയാവൽ ഇത്യാദികളിൽ അവധി അർത്ഥമാകുന്നു. മൂലത്തിങ്കൽ നിന്നുതുടങ്ങി ശാഖവരെ എന്നു

മേൽപറഞ്ഞ വാക്യത്തിന്റെ അർത്ഥമാകുന്നു. യാവൽസ്വർണ്ണം താവദ്ഭൂതം ഇത്യാദികളിൽ മാനം അർത്ഥമാകുന്നു. മാനം=പരിമാണം. സ്വർണ്ണം എത്ര തൂക്കമുണ്ടോ അത്ര വെള്ളി ഉണ്ടു് എന്നു് മേൽപറഞ്ഞ വാക്യത്തിന്റെ അർത്ഥമാകുന്നു. ശ്രോത്രിയ ന്താവദോമന്ത്രയസ്വ ഇത്യാദികളിൽ അവധാരണം അർത്ഥമാകുന്നു. അവധാരണത്തിന്നുതന്നെ എന്നു ഭാഷ. ശ്രോത്രിയൻ=വേദത്തെ അധ്യയനം ചെയ്തവൻ. വേദത്തെ അധ്യയനംചെയ്തവനെത്തന്നെ ക്ഷണിക്കണമെന്നു് മേൽപറഞ്ഞ വാക്യത്തിന്റെ അർത്ഥമാകുന്നു. അഥോ (അ) അഥ (അ) മംഗലവും അനന്തരമെന്നുള്ളതും ആരംഭവും പ്രശ്നവും സാകല്യവും, ഇതുകളുടെ അർത്ഥമാകുന്നു. അഥാതോ ബ്രഹ്മജിജ്ഞാസാ ഇത്യാദികളിൽ മംഗലാർത്ഥമാകുന്നു എന്നു ടീകയിൽ ഉണ്ടു്. സ്ഥാനംകൃതാഥ ഭിജ്ഞിത ഇത്യാദികളിൽ അഥശബ്ദത്തിന്നു അനന്തരമെന്നു അർത്ഥമാകുന്നു. അഥശബ്ദാനുശാസനം ഇത്യാദികളിൽ ആരംഭം അർത്ഥമാകുന്നു. അഥവകുത്തും സമർത്ഥോസി ഇത്യാദികളിൽ പ്രശ്നം അർത്ഥമാകുന്നു. പറവാനായിക്കൊണ്ടു നീ സമർത്ഥനായി ഭവിക്കുന്നുവോ എന്നു് അതിന്റെ അർത്ഥമാകുന്നു. അഥ ധാതുൻബ്രൂമഃ എന്ന വാക്യത്തിങ്കൽ സാകല്യം അർത്ഥമാകുന്നു. സകല ധാതുക്കളെയും പറയുന്നു എന്നു് അതിന്റെ അർത്ഥമാകുന്നു.

വൃഥാ നിരർത്ഥകാവിധ്യൈകാനാനേകോഭയോർത്ഥയോഃ
ന പൃച്ഛായാം വികല്പേ ച പശ്ചാൽസാദൃശ്യയോരനു.

വൃഥാ (അ) നിരർത്ഥകമെന്നും വിധിയോടുകൂടാത്തതു് എന്നും ഇതിന്റെ അർത്ഥമാകുന്നു. വെറുതെ എന്നും പഴുതേ എന്നും ഭാഷ പറഞ്ഞുവരുമാറുണ്ടു്. വൃഥാദുശ്ശാസനഡാൻ എന്നും വൃഥാ ദാനമെന്നും ഉദാഹരണങ്ങളാകുന്നു. വൃഥാദുഃശ്ശാസന ഡാൻ എന്ന വാക്യത്തിങ്കൽ അനഡാൻ എന്നതു് ആദിയിൽ ചേർത്തുകൊൾക. കാള വെറുതെ കറക്കപ്പെട്ടു എന്നു അതിന്റെ അർത്ഥമാകുന്നു. വൃഥാ ദാനമെന്നതിന്നു വിധിയോടു കൂടാത്തതായ ദാനമെന്നു് അർത്ഥമാകുന്നു. നാനാ (അ) അനേകമെന്നും രണ്ടു് എന്നും ഇതിന്റെ അർത്ഥമാകുന്നു. ന (അ) പൃച്ഛയും വികല്പവും ഇതിന്റെ അർത്ഥമാകുന്നു. പൃച്ഛാ=പ്രശ്നം. അനു (അ) പിന്നാലെയെന്നും സദൃശമെന്നും ഇതിന്റെ അർത്ഥമാകുന്നു.

പ്രശ്നാവധാരണാനുജ്ഞാനുനയാമന്ത്രണേ നനു
ഗർഹാസമുച്ചയപ്രശ്ന ശംകാസംഭാവനാസ്വപി. ൫൬

നനു (അ) പ്രശ്നവും അവധാരണവും അനുജ്ഞയും അനുനയവും അമന്ത്രണവും ഇതിന്റെ അർത്ഥമാകുന്നു. നനുകിമേതൽ ഇവിടെ നനു എന്നതിനു് പ്രശ്നം അർത്ഥമാകുന്നു ചോദിക്കുന്നു എന്നു് അതിന്റെ അർത്ഥമെന്നു ഗ്രഹിച്ചുകൊൾക. നാനാനം യോഗീ ഇത്യാദികളിൽ അവധാരണം അർത്ഥമാകുന്നു. ഇവൻ യോഗിതന്നെ എന്നു മേൽപറഞ്ഞ വാക്യത്തിന്റെ അർത്ഥം. നനുഗച്ഛ ഇത്യാദികളിൽ അനുജ്ഞ അർത്ഥമാകുന്നു. അനുജ്ഞാ=അനുവാദം. ഞാൻ അനുജ്ഞയെ ചെയ്യുന്നു പോയാലുമെന്നു് മേൽപറഞ്ഞ വാക്യത്തിന്റെ അർത്ഥമാകുന്നു. നനു കോപം മുഞ്ചേദയാംകരു ഇത്യാദികളിൽ അർത്ഥം അനുനയമാകുന്നു. അനുനയം=സാന്ത്വനം. പ്രിയവാക്കുകളെ പറഞ്ഞു കോപാദികളിൽനിന്നു നിവർത്തിപ്പിക്ക എന്നു താല്പര്യം. നനരാജൻ ഇത്യാദികളിൽ അമന്ത്രണം അർത്ഥമാകുന്നു. അമന്ത്രണം=സംബോധനം. അല്ലയോ രാജാവേ എന്നു മേൽപറഞ്ഞതിന്റെ അർത്ഥം. അപി (അ) ഗർഹയും സമുച്ചയവും പ്രശ്നവും ശങ്കയും സംഭാവനയും ഇതിന്റെ അർത്ഥമാകുന്നു. ഗർഹാ=നിന്ദാ. ശംകാ=അനിഷ്ടമായതിന്റെ ഊഹം. സംഭാവനം=ശക്തൃൽക്കർഷത്തെ പ്രകാശിപ്പിപ്പാനായിക്കൊണ്ടുള്ള അത്യുക്തി. ഉദാഹരണം അപിസിഞ്ചേൽ പലണ്ടും എന്നും സ്ത്രിയംപാലയ പുത്രമപി എന്നും അപിജാനാസികിഞ്ചിത്തം എന്നും അപിചോരോ ഭവേൽ എന്നും അപിസ്ഥാണും ജയേദ്ഗ്രാമഃ എന്നുമാകുന്നു.

ഉപമായാം വികല്പേവാ സാമിതപദ്യേ ജുഗുപ്സിതേ
അമാ സഹ്സമീപേ ച കം വാരിണീ ച മൂർദ്ധ്നിച. ൫൭

വാ (അ) സാദൃശ്യവും വികല്പവും ഇതിന്റെ അർത്ഥമാകുന്നു. ഉദാഹരണം ആശീവിഷോവാസംക്രുദ്ധഃ ആശീവിഷമെന്നപോലെ സംക്രുദ്ധനായി എന്നർത്ഥം. ശിവംവാവിഷ്ണുംവാഭജ ശിവനെയോ വിഷ്ണുവിനെയോ ഭജിച്ചാലുമെന്നർത്ഥം. സാമി (അ) അല്പമെന്നും നിന്ദിതമെന്നും ഇതിന്റെ അർത്ഥമാകുന്നു. അമാ (അ) കൂടേ എന്നും സമീപമെന്നും ഇതിന്റെ അർത്ഥമാകുന്നു. കം (അ) ജലമെന്നും ശിരസ്സെന്നും ഇതിന്റെ അർത്ഥമാകുന്നു.

ഇത്വേതദർത്ഥയോരേവം നൂനം തർക്കേർത്ഥനിശ്ചയേ
തൂഷ്ണീമർത്ഥേ സുഖേ ജോഷ്ടംകിംപ്രച്ഛരായാം ജുഗുപ്സനേ.

ഏവം (അ) എന്നപോലെ എന്നും ഇപ്രകാരമെന്നും ഇതിന്റെ അർത്ഥമാകുന്നു. നൂനം (അ) തർക്കവും നിശ്ചയവും ഇതിന്റെ അർത്ഥമാകുന്നു. ക്ഷോഷം (അ) മിണ്ടാതെ എന്നും സുഖേന എന്നും ഇതിന്റെ അർത്ഥമാകുന്നു. കിം (അ) പ്രശ്നവും നിന്ദയും ഇതിന്റെ അർത്ഥമാകുന്നു.

നാമപ്രാകാശ്യസംഭാവ്യ ക്രോധോപഗമകുത്സനേ
അലംഭ്രൂഷണപര്യാപ്തിശക്തിവാരണവാചകം. ൫൨

നാമ (അ) പ്രാകാശ്യവും സംഭാവ്യവും ക്രോധവും ഉപഗമവും കുത്സനവും ഇതിന്റെ അർത്ഥമാകുന്നു. പ്രാകാശ്യം=പ്രസിദ്ധി. സംഭാവ്യം=പണിപ്പെട്ടു എന്നുള്ള അർത്ഥം. സംഭാവ്യകത്വഞ്ചിദർത്ഥേ എന്നു ടീകയിൽ ഉണ്ടു്. ക്രോധം=കോപം. ഉപഗമം=ദോഷത്തോടുകൂടിയതായ അംഗീകാരം. കുത്സനം=നിന്ദാ. അലം (അ) ഭ്രൂഷണവും പര്യാപ്തിയും ശക്തിയും വാരണവും ഇതിന്റെ അർത്ഥമാകുന്നു. ഭ്രൂഷണം=അലംകാരം. പര്യാപ്തി=പരിപൂർണ്ണതാ. ശക്തി=സാമർത്ഥ്യം. വാരണം=തടവു്.

ഹ്ഥം ചിതക്കേ പരിപ്രശ്നേ സമയാന്തികമധ്യയോഃ
പുനരപ്രഥമേഭേദേ നിർണ്ണിശ്ചയനിഷേധയോഃ. ൫൩

ഹ്ഥം (അ) ചിതക്കവും പരിപ്രശ്നവും ഇതിന്റെ അർത്ഥമാകുന്നു. ചിതക്കം=പലപ്രകാരത്തിലുള്ള തക്കം. പരിപ്രശ്നം=പ്രശ്നംതന്നെ സമയാ (അ) സമീപമെന്നും മധ്യമെന്നും ഇതിന്റെ അർത്ഥമാകുന്നു. പുനഃ (അ) പ്രഥമമല്ലാത്തതു് എന്നും വിശേഷവും ഇതിന്റെ അർത്ഥമാകുന്നു. പിന്നെ എന്നും അതുകൊണ്ടു എന്നും ഇതിന്നു ഭാഷകളുമുണ്ടു്. നിഃ(അ) നിശ്ചയവും നിഷേധവും ഇതിന്റെ അർത്ഥമാകുന്നു.

സ്യാൽപ്രബന്ധേ ചിരാതീതേ നികടാഗാമികേപുരാ
ഉരരീകൃതീചോരരീചവിസ്മാരരംഗീകൃതൌ ത്രയം.

പുരാ (അ) പ്രബന്ധവും ചിരവും അതീതവും നികടവും അഗാമികവും ഇതിന്റെ അർത്ഥമാകുന്നു. പ്രബന്ധം=നൈരന്തര്യം. നിരന്തരമാവു എന്നുള്ള അവസ്ഥ. പുരാധീതേ എന്നു് ഉദാഹരണം. എല്ലാസമയവുമധ്യയനം ചെയ്തു എന്നർത്ഥം. ചിരം=ചിരന്തനം. പുരാണമെന്ന സാരം. അതീതം=കഴിഞ്ഞതു്. നികടം=അടുത്തതു്. ആഗാമികം=ഭാവി. വരുവാനിരിക്കുന്നതു് എന്നുസാരം ഉരരീ ഉരീഉരരി (അ) വിസ്മാരവും അംഗീകാരവും ഈ രണ്ടുകളുടെ അർത്ഥമാകുന്നു.

സ്വർഗ്ഗേപരേ ച ലോകേ സ്വാത്താസംഭാവ്യയോഃ കില
നിഷേധവാക്യാലംകാരജിജ്ഞാസാനുനയേ ചലു. ൫൩

സ്വഃ (അ) സ്വർഗ്ഗമെന്നും പരലോകമെന്നും ഇതിൻറ അർത്ഥമാകുന്നു. കില (അ) വാത്തയും സംഭാവ്യവും ഇതിൻറ അർത്ഥമാകുന്നു. വാത്ത=ജനവാദം. പോൽ എന്ന ഭാഷാ. സംഭാവ്യം=സംഭാവനാർഹയോഗ്യം ജുംഘാനകംസംകിലവാസുഃഭവഃ എന്നും ഗ്രഹംകിലാതിശേഷതശിഷ്യഃ എന്നും ക്രമേണ ഉദാഹരണങ്ങളാകുന്നു. ചലു (അ) നിഷേധവും വാക്യാലംകാരവും ജിജ്ഞാസയും അനുനയവും ഇതിൻറ അർത്ഥമാകുന്നു. ചലുരുദിതാ എന്ന വാക്യത്തിൽ ചലു എന്നതിനു നിഷേധം അർത്ഥമാകുന്നു. രോദിക്കരുത് എന്ന മേൽപറഞ്ഞ വാക്യത്തിൻറ അർത്ഥം ഏതൽചലാഹുഃ എന്നവാക്യത്തിങ്കൽ ചലുശബ്ദം വാക്യഭംഗിക്കായിക്കൊണ്ടു ചേർക്കപ്പെട്ടതാകുന്നു. ചലുജാനാസി എന്ന വാക്യത്തിങ്കൽ ചലുശബ്ദാർത്ഥം ജിജ്ഞാസയാകുന്നു ജിജ്ഞാസാ=അറിവാനായിക്കൊണ്ടുള്ള ഇച്ഛാ. ഭേഷജമിഹചലു ഇത്യാദികളിൽ അനുനയമാകുന്നു അർത്ഥം.

സമീപോഭയതശ്ചീല്ല്യ സാകല്യാഭിമുഖേഭിതഃ
ജന്മപ്രാകാശ്യയോഃ പ്രാദുർമ്മിഥഃ സ്ത്രീപുംസയോരഹഃ

അഭിതഃ (അ) സമീപത്തിങ്കൽ എന്നും ഇരുഭാഗങ്ങളിൽ എന്നും പൊടുന്നനവേ എന്നും എല്ലാദേശങ്ങളിൽ എന്നും മുഖത്തിനേരേയുള്ള ഭാഗത്തിങ്കൽ എന്നും ഇതിൻറ അർത്ഥമാകുന്നു. പ്രാദുഃ (അ) ജനനവും പ്രാകാശ്യവും ഇതിൻറ അർത്ഥമാകുന്നു. മിഥഃ (അ) അന്യോന്യമെന്നും രഹസ്സിങ്കൽ എന്നും ഇതിൻറ അർത്ഥമാകുന്നു. മിഥോ Sന്യോന്യരഹസ്യയോഃ എന്ന ചിലർ പാഠിക്കുന്നു.

തിരോന്തർദ്ധൗ തിരസ്ക്രിയാവിഷാദശ്രുഗാത്തിഷു
അഹോഹേത്യദ്ഭുതേ ഖേദേ ഹിഹേതാവവധാരണേ. ൫൫

തിരഃ (അ) അന്തർദ്ധാനവും തിരസ്ക്രിയയും ഇതിൻറ അർത്ഥമാകുന്നു. അന്തർദ്ധാനം=മറവു്. തിരസ്ക്രിയാ=വെലങ്ങത്തിലെന്നുള്ള അർത്ഥം. ഹാ (അ) വിഷാദവും ശോകവും പീഡയും ഇതിൻറ അർത്ഥമാകുന്നു. അഹഹ (അ) അദ്ഭുതവും ഖേദവും ഇതിൻറ അർത്ഥമാകുന്നു. ഹി (അ) ഹേതുവും അവധാരണവും ഇതിൻറ അർത്ഥമാകുന്നു.

അവ്യയവഗ്ഗപ്രാരംഭഃ.

—:*:—

ചിരായ ചിരരാത്രായ ചിരസ്യാദ്യാശ്ചിരാർത്ഥകാഃ
മുഹുർഭ്രുയഃ പുനശ്ശശ്വദഭീക്ഷ്ണമസകൃൽസമാഃ. ൧

ചിരായ ചിരരാത്രായ ചിരസ്യ (അ) വളരെക്കാലമെന്നീ ഇതുകളുടെ അർത്ഥമാകുന്നു. ചിരസ്യാദ്യാഃ എന്ന ആദ്യശബ്ദത്തോടുകൂടെ പ്രയോഗിച്ചിരിക്കയാൽ ചിരം, ചിരേണ, ചിരാൽ ഇവയും വളരെക്കാലമെന്ന അർത്ഥത്തോടുകൂടിയവയാകുന്നു എന്നു് അറിഞ്ഞുകൊൾക. മുഹുഃ ഭ്രുയഃ പുനഃ ശശ്വൽ അഭീക്ഷ്ണം അസകൃൽ (അ) പിന്നെയും പിന്നെയുമെന്നു് ഇതുകളുടെ അർത്ഥമാകുന്നു.

സ്രാഗ്ഝടിത്യഞ്ജസാഹ്നായദ്രാങ്മങ്ക്ഷു സപദിദ്രുതം
ബലവൽ സുഷ്ഠു കിമുത സപദീവച നിർദ്വയേ. ൨

സ്രാക് ഝടിതി അഞ്ജസാ അഹ്നായ ദ്രാക്മങ്ക്ഷു സപദിദ്രുതം (അ) വേഗമെന്നു് ഇതുകളുടെ അർത്ഥം. വേഗം=കാലതാമസമില്ലായ്ക. ബലവൽ സുഷ്ഠു കിമുത സു അതീവ (അ) ഏറ്റവുമെന്നു് ഇതുകളുടെ അർത്ഥമാകുന്നു

പൃഥഗ്വിനാന്തരേണഞ്ച ഹിരുങ്നാനാച വർജ്ജനേ
സത്തദ്ധൃതസ്തതോ ഹേതാവസാകല്യേതു ചിഹ്നേ. ൩

പൃഥക് വിനാ അന്തരേണ ഋതേ ഹിരുക് നാനാ (അ) കൂടാതെ എന്നു് ഇതുകളുടെ അർത്ഥമാകുന്നു. യൽ തൽ യതഃ തതഃ (അ) ഇതുകൊണ്ടു ഹേതു അർത്ഥമാകുന്നു. ചിൽ-ചന (അ) അസാകല്യം ഇതുകളുടെ അർത്ഥമാകുന്നു. അസാകല്യം=തികവില്ലായ്ക.

കദാ ചിജ്ജാതു സാദ്ധ്രുതു സാകം സത്രാ സമം സഹ
ആനുകൂല്യാർത്ഥകം പ്രാഗ്ധ്യം വ്യർത്ഥകേതു വൃഥാ മൃധാ. ൪

കദാചിൽ ജാതു (അ) ഒരുകാലത്തിങ്കൽ എന്നു് ഇതുകളുടെ അർത്ഥമാകുന്നു. സാദ്ധം സാകം സത്രാ സമം സഹ (അ) കൂടെ എന്നു് ഇതുകളുടെ അർത്ഥമാകുന്നു. പ്രാഗ്ധ്യം (അ) ആനുകൂല്യമെന്നു് ഇതിന്റെ അർത്ഥമാകുന്നു. വൃഥാ മൃധാ (അ) വെറുതേ എന്നു് ഇതുകളുടെ അർത്ഥമാകുന്നു.

ആഹോ ഉതാഹോ കിമുത വികല്പേ കിം കിമുത ച
ത്രയഹിച സമുച്ചയെ പാദപൂരണേ പൃച്ഛനേ സ്മൃതി. ൫

ആഹോ ഉതാഹോ കിമുത കിം കിമു ഉത (അ) വികല്പം ഇത്യുകളുടെ അർത്ഥമാകുന്നു. ഇ ഹി ച സ്മ ഹ വൈ (അ) ഇത്യുക്തം പാദപൂരണാർത്ഥങ്ങളാകുന്നു. പാദത്തിന്റെ തികവിനായി ക്കൊണ്ട് പ്രയോഗിക്കപ്പെടുന്നവയാകുന്നു. വേറെ അർത്ഥമൊന്നു മില്ലെന്നു ഗ്രഹിച്ചുകൊൾകെ. സു-ആതി (അം) ഇത്യുക്തം കൂടി പൂജാ അർത്ഥമാകുന്നു.

ദിവാഹ്നീത്യുഭ രോഷാ ച നക്തം ച രജനാവിതി
തിസ്രുഗത്യേഽസാചിതിരമാപ്യുഭ സംബോധനാർത്ഥകാഃ
സ്യുഃപ്യാർത്ഥം പാദപൂരണേഽഹൈഹോഽസ്സ്മയാ നികഷ്ടാഹിരുക്
അതക്കിതേത്തു സഹസാസ്യാൽ പുരഃ പുരതോऽഗ്രതഃ. ൯

ദിവാ (അ) അഹസ്സിങ്കലെന്നു് ഇതിന്റെ അർത്ഥമാകുന്നു. അഹസ്സു്=പകൽ. രോഷാ നക്തം (അ) രാത്രിയിൽ എന്നു് ഇത്യുകളുടെ അർത്ഥമാകുന്നു. സാചി തിരഃ (അ) വിലങ്ങത്തിലെന്നു് ഇത്യുകളുടെ അർത്ഥമാകുന്നു. അഥ സംബോധനാർത്ഥകാ എന്നതിനു് ഇനി പറവാൻപോകുന്ന ആറു ശബ്ദങ്കൾ സംബോധനമാകുന്ന അർത്ഥത്തോടുകൂടിയവയാകുന്നു എന്നു് അർത്ഥത്തെ ഗ്രഹിച്ചുകൊൾകെ. പ്യാർത്ഥം പാദം അംഗ ഹെ ഹൈ രോഃ (അ) ഇങ്ങനെ ആറു അവ്യയങ്കൾക്കു സംബോധനം അർത്ഥമാകുന്നു. അല്ലയോ എടോ ഇത്യാദി ഭാഷകൾ അത്യുകൾക്കു പറഞ്ഞുവരുമാറുണ്ടു്. സമയാ നികഷാ ഹിരുക് (അ) ഇത്യുകൾക്കു സമീപത്തിങ്കലെന്നു് അർത്ഥമാകുന്നു. സഹസാ (അ) അതക്കിതമെന്നു് ഇതിന്റെ അർത്ഥമാകുന്നു. അതക്കിതം=വിചാരിക്കപ്പെടാത്തതു്. പുരഃ പുരതഃ അഗ്രതഃ (അ) മുമ്പിൽ എന്നു് ഇത്യുകളുടെ അർത്ഥമാകുന്നു.

സ്വാഹാ ദേവഹവിർദ്ദാനേഽശ്രൗഷഡ്വൗഷഡ്വഷഡിഹസ്വധാ
കിഞ്ചിദീഷന്നമാഗല്പേ പ്രേത്യാമുത്രേവാന്തരേ. ൯

സ്വാഹാ ശ്രൗഷഡ് വൗഷഡ് വഷഡ് സ്വധാ (അ) ഇവ ദേവന്മാക്കു ഹവിസ്സിനെ കൊടുക്കുന്ന സമയത്തിങ്കൽ പ്രയോഗിക്കപ്പെടുന്നവയാകുന്നു. കിഞ്ചിൽ ഈഷൽ മനാക് (അ) അല്പമെന്നു ഇത്യുകളുടെ അർത്ഥമാകുന്നു. പ്രേത്യ അമുത്ര (അ) ജന്മാന്തരത്തിങ്കൽ എന്നു് ഇത്യുകളുടെ അർത്ഥമാകുന്നു.

വവാ യഥാ തഥൈവം സാമ്യേ ഹോ ഹീതി വിസ്മയേ
മൌനേത്തു തൂഷ്ണീം തൂഷ്ണീകാം സത്യസ്സുപടി തൽക്ഷണേ. ൯

വവാ യഥാ തഥാ ഇവ ഏവം (അ) സാദൃശ്യം ഇത്യുകളുടെ അർത്ഥമാകുന്നു. വദ്യായഥാതഥൈവം എന്നു ചിലർ പഠി

ക്കയും വൽ എന്നതിന്റെ ഉദാഹരണമായി ബ്രാഹ്മണവൽ ക്ഷത്രി
യവൽ ഇത്യാദി പ്രയോഗങ്ങളെ കാണിക്കയും ചെയ്തിരിക്കുന്നു.
അയത്നയുക്തമാകയില്ലെന്നു പണ്ടുള്ളവർതന്നെ പറഞ്ഞിട്ടുമുണ്ട്.
വഎന്നതിന്റെ സാദൃശ്യവാചകത്വമുണ്ട് എന്നതിന്റെ വഃപ്രേത
സിജ്ഞാനീയാദി വാർത്തോത്തടവ്യയം എന്ന മേദിനിയും പ്രമാണ
മാകുന്നു സ്ഫുടോൽപലാഭ്യാമളിരംപതീവതടിദലോചനാഭ്യം
കുചകുഗ്മളാശ്രയാനിപത്യബിന്ദുഹൃദകഞ്ജുള്ളാവിലൊമണീവ നീ
ല്വൊ തരളൈവിരാജതുഃ ഇത്യാദി പ്രയോഗവുമുണ്ട് മേൽപറഞ്ഞ
ശ്ലോകത്തിങ്കൽ അളിരംപതീ ഇവ മണീ ഇവ എന്ന പദച്ഛേ
ദത്തെ സ്വീകരിക്കരുതോ എന്നു സംശയിക്കരുതു്. ഈദൃശദേവി
വചനം പ്രഗൃഹ്യമെന്ന സൂത്രത്താൽ പ്രഗൃഹ്യസംജ്ഞ വിധിക്ക
പ്പെടുക നിമിത്തമായിട്ടും പ്രഗൃഹ്യങ്ങൾക്കു പ്രകൃതിഭാവം സൂത്രാ
ന്തരസിദ്ധമായിരിക്ക നിമിത്തമായിട്ടും സന്ധികാര്യം സംഭവി
ക്കേണ്ടതിന്നു വഴിയില്ലെന്നു് അറിഞ്ഞുകൊൾകയും വേണം. മ
ണീവാദികൾക്കു പ്രഗൃഹ്യസംജ്ഞയില്ലെന്നു ചിലർ പറയുന്നതി
ന്നു മണീവാദീനാംപ്രതിഷേധോ വക്തവ്യോ എന്ന വചനം മൂല
മാകുന്നു. ആ വചനം മുനിത്രയാനുക്തമാകയാൽ പ്രമാണമല്ലെ
ന്നും പണ്ടുള്ളവർ സ്ഥിരപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരമിരിക്ക
മ്പോൾ തമിഴ്ക്കുത്തുകാരൻ വടായഥാതഥമേവൈവമെന്ന പാഠ
ത്തെ സ്വീകരിച്ചതു് അതിസാഹസംതന്നെ എന്നു അറിഞ്ഞു
കൊൾകയും വേണം. മഹേശ്വരടീകയിൽ വവ്വായഥാതഥമേ
വൈവമെന്ന പാഠത്തെ കാണിക്കയും ശാശ്വതംവപുസ്തുശഃ
എന്ന കാളിദാസപ്രയോഗത്തെ ഉദാഹരിക്കയും ചെയ്തിരിക്കുന്നു.
അഹോ ഹി (അ)വിസ്മയം ഇതുകളുടെ അർത്ഥമാകുന്നു. തൂഷ്ണീം
തൂഷ്ണീകാം (അ)മൌനം ഇതുകളുടെ അർത്ഥമാകുന്നു. മിണ്ടാതെ
എന്ന ഭാഷാസദൃഃ സപദി (അ) തൽക്ഷണത്തിങ്കൽ എന്നു്
ഇതുകളുടെ അർത്ഥമാകുന്നു.

ദിഷ്ട്യാസമുപജ്ഞോഷ്ടഞ്ചൈത്യാനന്ദേഥാന്തരേന്തരാ
ആന്തരേണ ച മധ്യേസ്യുഃ പ്രസഹ്യ തു ഹഠാർത്ഥകം. ൫൦

ദിഷ്ട്യാ സമുപജ്ഞോഷം (അ) ആനന്ദമെന്നു് ഇതുകളുടെ
അർത്ഥമാകുന്നു. അന്തരേ അന്തരാ അന്തരേണ (അ) മധ്യനിക
ലെന്ന ഇതുകളുടെ അർത്ഥമാകുന്നു. പ്രസഹ്യ (അ) ബലാൽക്കാ
രേണ എന്നു് ഇതിന്റെ അർത്ഥമാകുന്നു.

യുക്തേതരേ സാന്ത്വനം സ്യാദനേഭീക്ഷ്ണംശശ്വദനാദരേ
അഭീക്ഷ്ണേ നഹ്യനോനാപിമാസ്മ മാലഞ്ച വാരണേ. ൫൧

സാന്വൃതം സ്ഥാനേ (അ) യുക്തമെന്ന ഇതുകളുടെ അർത്ഥമാകുന്നു. അഭീക്ഷ്ണം ശശ്വൽ പ്പില്ലാകാലഞ്ഞിങ്കലും പ്പെന്നു് ഇതിന്റെ അർത്ഥമാകുന്നു. നഹി അനോനു (അ) അഭാവം ഇതുകളുടെ അർത്ഥമാകുന്നു. ഇല്ല ഇത്യാദി ഭാഷയാകുന്നു. അപിശബ്ദമുണ്ടാകയാൽ അനു പ്പെന്നതിനേയും ഗ്രഹിച്ചുകൊൾക. അഭാവേ നനനോനഹി പ്പെന്ന ശബ്ദവ്യൂഹതരംഗിണിയും ന നോനചനഹ്യഭാവേ അനച പ്പെന്ന ഭാഗുരിസൂത്രവുമുണ്ടു്. ഇതിന്റെ പുറമേ അനോപമന്തംഭവതോന്നിക്കേമിത്യാദി പ്രയോഗങ്ങളെയും കണ്ടുകൊൾക. മാസ്മ മാ അലം (അ) വാരണം ഇതുകളുടെ അർത്ഥമാകുന്നു. വാരണം=തടവു്. മാസ്മ ഇത്യാദികൾക്കു് അരുതു് പ്പെന്ന ഭാഷ ചൊല്ലിക്കൊൾക.

പക്ഷാന്തരേ ചേദ്യദി ച തത്രൈ തദ്ധ്യാഞ്ജസാദ്വയം
പ്രകാശേ പ്രാദുരാവിസ്സ്യാദ്ദോമേവ്വം പരമം മതേ. ൨൨

ചേൽ യദി (അ) ഇതുകൾ പക്ഷാന്തരത്തെ പറയുന്നവയാകുന്നു. ചേൽ പ്പെന്നതിന്റെ ഉദാഹരണം സത്യഞ്ചെത്തപസാചകിം ഇത്യാദിയാകുന്നു. സത്യം ഭവിക്കുന്നു പ്പെങ്കിൽ തപസ്സുണ്ടു് പ്പെന്നു് പ്പെന്ന മേൽപറഞ്ഞ വാക്യത്തിന്റെ അർത്ഥമാകുന്നു. യദിശബ്ദത്തിന്റെ ഉദാഹരണം ശുചിമനായദ്യസ്തിതീർത്ഥനകിം ഇത്യാദിയാകുന്നു. ശുദ്ധമായിരിക്കുന്ന മനസ്സു ഭവിക്കുന്നു പ്പെങ്കിൽ തീർത്ഥംകൊണ്ടു പ്പെന്നു? പ്പെന്ന മേല്പറഞ്ഞ വാക്യത്തിന്റെ അർത്ഥമാകുന്നു. അതുകൊണ്ടു് ചേൽ പ്പെന്നതിനും യദി പ്പെന്നതിനും പ്പെങ്കിൽ പ്പെന്ന ഭാഷയാകുന്നു പ്പെന്ന ഗ്രഹിച്ചുകൊൾക. പ്രാദുഃ അവ്യഃ(അ) ഇതുകൾക്കു് പ്രകാശമെന്ന അർത്ഥമാകുന്നു. ഓ പ്പെവം പരമം (അ) ഇതുകൾക്കു അംഗീകാരം അർത്ഥമാകുന്നു.

സമന്തതസ്തു പരിതസ്സർവ്വതോ വിഷ്വഗിത്യപി
അകാമാനുമതൌ കാമമസൂയോപഗമേ/സ്തുച ൨൩

സമന്തതഃ പരിതഃ സർവ്വതഃ വിഷ്വക് (അ) പ്പില്ലായിടത്തുമെന്ന ഇതുകളുടെ അർത്ഥമാകുന്നു. കാമം (അ) ഇതിന്നു ഇച്ഛയോടുകൂടാത്തതായ അംഗീകാരം അർത്ഥമാകുന്നു. അസൂ (അ) ഇതിന്നു അസൂയയോടുകൂടിയതായ അംഗീകാരം അർത്ഥമാകുന്നു. ച ശബ്ദമുണ്ടാകയാൽ ഭവതുകാമം ഇവയും അസൂ പ്പെന്നതിനോടു സമാനാർത്ഥങ്ങളാകുന്നു പ്പെന്നു് അറിഞ്ഞുകൊൾക.

നനുചസ്യാദ്വിരോധോക്തൌ കശ്ചിൽ കാമപ്രവേദനേ
നിഷ്പ്പമം ദുഷ്പ്പമംഗർഹ്യയഥാസ്വന്യായഥായതം. ൨൪

നന്ന (അ) വിരോധവചനം ഇതിന്റെ അർത്ഥമാകുന്നു. കച്ചിൽ (അ) ഇഷ്ടപ്രശ്നം ഇതിന്റെ അർത്ഥമാകുന്നു. നിഷ്ഷമം ദുഷ്ഷമം (അ) നിന്ദ്യമെന്നു ഇതിന്റെ അർത്ഥമാകുന്നു. യഥാ സമ്യഥായഥം (അ) യഥായോഗ്യമെന്നു ഇതുകളുടെ അർത്ഥമാകുന്നു.

മൃഷാമിത്യാ ച വിതഥേയഥാർത്ഥേ യഥാതഥം
സൂരേവന്തൂപുനശ്വൈവേത്യവധാരണവാചകഃ ൪൫

മൃഷാ മിത്ഥ്യാ (അ) സത്യമെന്നു് ഇതുകളുടെ അർത്ഥമാകുന്നു. യഥാർത്ഥം യഥായഥം (അ) സത്യം വിനു് ഇതുകളുടെ അർത്ഥമാകുന്നു. ഏവം തു പുനഃ ചൈ വാ (വാഏവ വിനുമാം) (അ) ഇതുകൾക്കു അവധാരണം അർത്ഥമാകുന്നു.

പ്രാഗതീതാർത്ഥകം നൂനമവശ്യം നിശ്ചയേ ദ്വയം
സംവദ്വത്സരേ വത്സരപർവാഗാമേവം സമ്യമാത്മനാ ൪൬

പ്രാക് (അ) കഴിഞ്ഞതു എന്നു് ഇതിന്റെ അർത്ഥമാകുന്നു. നൂനം അവശ്യം (അ)നിശ്ചയമെന്നു് ഇതുകളുടെ അർത്ഥമാകുന്നു. സംവൽ)അ) സംവത്സരമെന്നു് ഇതിന്റെ അർത്ഥമാകുന്നു. അവ്യക്കു (അ) കീഴായ കാലത്തിങ്കലെന്നും കീഴായ ദേശത്തിങ്കലെന്നും മേൽപ്രകാരമുള്ള കാലദേശങ്ങളിൽ ഭവിച്ചുതെന്നും ഇതിന്റെ അർത്ഥമാകുന്നു. ത്യം ഏവം (അ) അംഗീകാരം ഇതുകളുടെ അർത്ഥമാകുന്നു. സമ്യം (അ) തന്നാലെന്നു് ഇതിന്റെ അർത്ഥമാകുന്നു.

അല്പേ നീചൈർമ്മഹത്യുച്ചൈഃ പ്രായോഭ്രമംസൃദ്ധതേശനൈഃ
സനാനിത്യബഹിർബ്ബാഹ്യേ സ്മാതീതേടസ്മമദർശനേ.

നീചൈഃ (അ) അല്പമെന്നു ഇതിന്റെ അർത്ഥമാകുന്നു. ഉച്ചൈഃ (അ) മഹത്തെന്നു് ഇതിന്റെ അർത്ഥമാകുന്നു. പ്രായഃ (അ) മിക്കതുമെന്നു് ഇതിന്റെ അർത്ഥമാകുന്നു. ശനൈഃ (അ) പതുക്കെ വിനു ഇതിന്റെ അർത്ഥമാകുന്നു. സനാ (അ) വില്ലാസമയമുമെന്നു് ഇതിന്റെ അർത്ഥമാകുന്നു. ബഹിഃ (അ) പുറത്തെന്നു ഇതിന്റെ അർത്ഥമാകുന്നു. സ്മ (അ) കഴിഞ്ഞതെന്നു് ഇതിന്റെ അർത്ഥമാകുന്നു. അസ്മം (അ) കാണാതെയാക വിനു് ഇതിന്റെ അർത്ഥമാകുന്നു.

അസ്തി സ്തേപരുഷ്യോക്താവു ഊം പ്രശ്നേനനയേത്വനി
ഹ്ഹം തർക്കേ സ്യാദുഷാമാത്രേവസാദനനമോ നതൌ

അസ്തി (അ) ഉണ്ടു വിനു ഇതിന്റെ അർത്ഥമാകുന്നു. ഉ (അ) കോപത്തോടുകൂടിയ വാക്യത്തിങ്കൽ പ്രയോഗിക്കപ്പെടുന്നതാകു-

ന്നു. ഊം (അ) ഇതിന്റെ അർത്ഥം പ്രശ്നമാകുന്നു. അസ്തിസതേപ്രശ്നേഷ്വാകുതാവും ഊം പ്രശ്നേ എന്നും അസ്തിസതേപ്രശ്നേഷ്വാകുതാവും പ്രശ്നേ എന്നും പാഠാന്തരങ്ങളാകുന്നു. അയി (അ) അനുനയം ഇതിന്റെ അർത്ഥമാകുന്നു. ഹ്ഹം (അ) ഇതിനു തർക്കം അർത്ഥമാകുന്നു. നുതർക്കേസ്യാൽ എന്നും പാഠമുണ്ടു്. ഉഷാ (അ) രാത്രിയുടെ അവസാനമെന്നു് ഇതിന്റെ അർത്ഥമാകുന്നു. നമഃ (അ) നമസ്കാരമെന്നു് ഇതിന്റെ അർത്ഥമാകുന്നു.

പുനരർത്ഥംഗ നിന്ദായാം ദുഷ്ട സുഷ്ഠു പ്രശംസനേ
സായംസായേപ്രഗേപ്രാതഃ പ്രഭാതേ നികഷാന്തികേ. ൯൯

അംഗ (അ) പിന്നെ എന്നു് ഇതിന്റെ അർത്ഥമാകുന്നു. ദുഷ്ഠു (അ) ഇതിന്റെ അർത്ഥം നിന്ദയാകുന്നു. സുഷ്ഠു (അ) ഇതിന്റെ അർത്ഥം സ്തുതിയാകുന്നു. സായം (അ) ദിനാവസാനത്തിങ്കലെന്നു് ഇതിന്റെ അർത്ഥമാകുന്നു. പ്രഗേ പ്രാതഃ (അ) പ്രഭാതത്തിങ്കൽ എന്നു് ഇതുകളുടെ അർത്ഥമാകുന്നു. നികഷാ (അ) സമീപത്തിങ്കൽ എന്നു് ഇതിന്റെ അർത്ഥമാകുന്നു.

പരുൽ പരാഞ്ചൈഷമാടബ്ദേ പൂർവ്വേപൂർവ്വതരേ യടി.
അദ്യുരാഹ്യഥപൂർവ്വേഹ്നീത്യാദൌപൂർവ്വോത്തരാപരാൽ. ൯൦
തഥാധരാന്യാന്യതരേതരാൽപൂർവ്വേദ്യുരാദയഃ
ഉഭയേദ്യുശ്ച ഭയേദ്യുഃപരേതപരഹ്നിപരേദ്യവി. ൯൧

പരുൽ (അ) കഴിഞ്ഞ സംവത്സരത്തിൽ എന്നു് ഇതിന്റെ അർത്ഥമാകുന്നു. പരാരി (അ) കഴിഞ്ഞതിന്റെ മുമ്പിലെ സംവത്സരത്തിൽ എന്നു് ഇതിന്റെ അർത്ഥമാകുന്നു. ഐഷമഃ (അ) ഈ സംവത്സരത്തിൽ എന്നു് ഇതിന്റെ അർത്ഥമാകുന്നു. അദ്യു (അ) ഈ അഹസ്സിങ്കലെന്നു് ഇതിന്റെ അർത്ഥമാകുന്ന ഇന്നു് എന്ന ഭാഷാ. അഥപൂർവ്വേഹ്നീത്യാദൌ എന്നതുടങ്ങി പൂർവ്വേദ്യുരാദയഃ എന്നതുവരെ ഉള്ളതിന്റെ അർത്ഥം. പൂർവ്വ ഉത്തര അപര അധര ഇതര അന്യതര ഇതര എന്നു് ഈ ശബ്ദങ്ങളിൽനിന്നു് പരമായി ഏദ്യുസ്പ്രത്യയം വിധിക്കനിമിത്തമായിട്ടു് പൂർവ്വേദ്യുഃ ഇത്യാദി അവ്യയങ്ങൾ ഭവിക്കുന്നു. അതുകളിൽവച്ചു് പൂർവ്വേദ്യുഃ എന്നതിനു് പൂർവ്മായിരിക്കുന്ന അഹസ്സിങ്കൽഎന്നും ഉത്തരേദ്യുഃ എന്നതിനു് ഉത്തരമായിരിക്കുന്ന അഹസ്സിങ്കൽ എന്നും അപരേദ്യുഃ എന്നതിനു് അപരമായിരിക്കുന്ന അഹസ്സിങ്കൽ എന്നും അധരേദ്യുഃ എന്നതിനു് അധരമായിരിക്കുന്ന അഹസ്സിങ്കൽ എന്നും അന്യേദ്യുഃ എന്നതിനു് അന്യമായിരിക്കുന്ന അഹസ്സിങ്കലെന്നും അന്യതരേദ്യുഃ എന്നതിനു് അന്യതരമായിരിക്കുന്ന അഹസ്സിങ്കലെന്നും

ഇതരേദ്യുഃ എന്നതിനു° ഇതരമായിരിക്കുന്ന അഹസ്സിങ്കലെന്നും അത്ഥമാകുന്നു എന്ന സാരത്തെ ഗ്രഹിച്ചുകൊൾക. പൂർവ്വം=കഴിഞ്ഞേത്തു°. ഉത്തരം=മേലേത്തു°. അപരം=മറെറാന്നു°. അധരം=താഴേത്തു°. അന്യം=മറൊന്നു°. അന്യതരം=രണ്ടിൽവച്ചൊന്നു°. ഇതരം=അന്യം. അഹസ്സു°=ദിവസം. ഉഭയേദ്യുഃ ഉഭയേദ്യുഃ (അ) രണ്ടു ദിവസമെന്ന ഇതുകളുടെ അർത്ഥമാകുന്നു. പരേദ്യുവി (അ) പരമായിരിക്കുന്ന അഹസ്സിങ്കലെന്നു° ഇതിന്റെ അത്ഥമാകുന്നു.

ഹ്യാ ഗഃ തന്നാഗതേഹ്നിശഃ പരശ്വസ്തൽപരേഹനി
തദാ തദാനീം യുഗപത്തദാനീം സർവ്വദാ സദാ. ൩൨

ഹ്യഃ (അ) ഇന്നലെ എന്നു° ഇതിന്റെ അത്ഥമാകുന്നു. ശഃ (അ) നാളെ എന്നു ഇതിന്റെ അർത്ഥമാകുന്നു. പരശഃ (അ) മറന്നാളെന്നു° ഇതിന്റെ അർത്ഥമാകുന്നു. തദാ തദാനീം (അ) അക്കാലത്തിലെന്നു° ഇതുകളുടെ അർത്ഥമാകുന്നു. യുഗപൽ ഏകകാലത്തിങ്കലെന്നു° ഇതുകളുടെ അർത്ഥമാകുന്നു. സർവ്വദാ സദാ (അ) എല്ലാസമയത്തിങ്കലുമെന്നു ഇതുകളുടെ അർത്ഥമാകുന്നു.

ഏതർഹിസംപ്രതീദാനീം അധുനാ സാമ്പ്രതാം തഥാ
ദിഗ്°ദേശകാലേപൂർവ്വാദൌപ്രാഗ്ദക്പ്രത്യഗാദയഃ

ഏതർഹി സംപ്രതി ഇദാനീം അധുനാ സാംപ്രതം (അ) ഇപ്പോൾ എന്നു° ഇതുകളുടെ അർത്ഥമാകുന്നു. പ്രാക് ഉദക് പ്രത്യക് (അ) ആദിശബ്ദമുണ്ടാകയാൽ അവാക് എന്നതിനെയും ഗ്രഹിച്ചുകൊൾക. പൂർവ്വാദികളായ ദിഗ്°ദേശകാലങ്ങൾ ഇതുകളുടെ അർത്ഥമാകുന്നു. പ്രാക് എന്നതിനു° കിഴക്കേദിക്കെന്നും കിഴക്കുള്ള ദേശമെന്നും കഴിഞ്ഞകാലമെന്നും അർത്ഥമാകുന്നു. ഉദക് എന്നതിനു വടക്കേദിക്കെന്നും വടക്കുള്ള ദേശമെന്നും ഉത്തരകാലമെന്നും അർത്ഥമാകുന്നു. പ്രത്യക് എന്നതിനു° പടിഞ്ഞാറേദിക്കെന്നും പടിഞ്ഞാറുള്ള ദേശമെന്നും പശ്ചിമകാലമെന്നും അർത്ഥമാകുന്നു. അവാക് എന്നതിനു° തെക്കേദിക്കെന്നും തെക്കുള്ള ദേശമെന്നും പിന്നത്തെ കാലമെന്നും അർത്ഥമാകുന്നു. ഇങ്ങിനെ വ്യക്തമായി ഗ്രഹിച്ചുകൊൾക. ഇതി അവ്യയവർഗ്ഗഃ

ലിംഗാദിസംഗ്രഹവഗ്ഗപ്പാരംഭഃ.

സലിംഗശാസ്ത്രസ്സന്നാദികൃത്തദ്ധിതസമാസഞ്ചൈഃ
അനേകൈതസ്സംഗ്രഹേ ലിംഗം സങ്കീർണ്ണവദിഹോന്നയേൽ. ക

അത്ഥം—പാണിന്യാദികളായ ആചാര്യന്മാരാൽ പറകപ്പെട്ടതായ ലിംഗാനുശാസനത്തോടുകൂടിയവയായും സനാദിപ്രത്യയാന്തങ്ങളായും കൃൽ പ്രത്യയാന്തങ്ങളായും തദ്ധിതപ്രത്യയാന്തങ്ങളായും സമാസം നിമിത്തമായി ഉണ്ടായവയായും ഇതിനുമുമ്പിൽ പ്രായേണ പറകപ്പെടാത്തവയുമായ ശബ്ദങ്ങളോടു സഹിതമായ ഈ സംഗ്രഹത്തിങ്കൽ ലിംഗത്തെ സങ്കീർണ്ണവർഗ്ഗത്തിങ്കൽ പറഞ്ഞപ്രകാരം ഊഹിച്ചു കൊള്ളണമെന്നാകുന്നു.

ലിംഗശേഷവിധിവ്യാപീ വിശേഷൈഷ്വബാധിതഃ
സ്ത്രിയാമീദൂദിരാമൈകാച്ച സയാനിപ്രാണിനാമ ച. വ

അ—ലിംഗശേഷവിധിഃ വിശേഷൈഷുഃഅബാധിതഃ യദി വ്യാപീ ച്യുന്ന പൂർവ്വാദ്ധത്തിലെ പദങ്ങളുടെ അനുപയോഗാർത്ഥമാകുന്നു. ലിംഗശേഷവിധി വിശേഷങ്ങളാൽ അബാധിതമാണെങ്കിൽ വ്യാപിയാകുന്നു എന്നു് അനുപയോഗാർത്ഥമാകുന്നു.

ലിംഗശേഷവിധി=ലിംഗശേഷത്തിന്റെ വിധി. ലിംഗശേഷം=മുമ്പറഞ്ഞ ലിംഗത്തിങ്കൽനിന്നു അന്യമായ ലിംഗം. വിധി=ഇന്നപ്രകാരമെന്നുള്ള വചനം. വിശേഷങ്ങൾ=വിശേഷവിധികൾ. അബാധിതം=ബാധിക്കപ്പെടാത്തതു വ്യാപി=ഒരെടത്തും നീക്കമില്ലാതെ പ്രവർത്തിക്കുന്നതു്. ഇങ്ങനെ പരിഭാഷയെഗ്രഹിച്ചുകൊൾക.

സാരം— ഇവിടെ മുൻപറഞ്ഞ ലിംഗവിധികളിൽ അന്തർഭവിക്കാത്തതായ ലിംഗവിധികളുണ്ടു്. അതുകളിൽ ഏതിനെങ്കിലും വിശേഷവിധിയാൽ ബാധയില്ലാതെവന്നാൽ അതു സർവ്വത്ര പ്രവർത്തിക്കുമെന്നും വിശേഷവിധിയാൽ ബാധവന്നുപോയാൽ യാതൊരുവിഷയത്തിങ്കൽ ബാധിതമായി ഭവിച്ചുവോ ആ വിഷയത്തെവിട്ടു് അന്യസ്ഥലങ്ങളിൽ പ്രവർത്തിക്കുമെന്നുമാകുന്ന സ്ത്രിയാം ഇതു് ഇനിപറവാൻപോകുന്നതുകളിൽ സംബന്ധിക്കുന്നതാകുന്നു. ഈദൂദിരാമൈകാച്ച് സ്ത്രിയാം എന്നു് അനുപയമാകുന്നു. ഈകാരാന്തവും ഊകാരാന്തവുമായ ശബ്ദങ്ങൾ ഏകമായിരിക്കുന്ന അച്ചോടുകൂടിയതുകളായിരുന്നാൽ അതുകൾ സ്ത്രീലിംഗങ്ങളാകുന്നു എന്നു് അറിഞ്ഞുകൊൾക എന്നു് സാരമാകുന്നു. ഉദാഹര

ണം:—ധീഃ ശ്രീഃ ഭ്രൂഃ ഭ്രൂഃ ഇത്യാദിയാകുന്നു. സ്ത്രയാനിപ്രാണി നാമച്ച സ്ത്രീയാമെന്നു് അനുവ്യം. യോനിയോടു കൂടിയവരുടെ നാമങ്ങളും സ്ത്രീലിംഗങ്ങളാകുന്നു എന്നു സാരം. ഉദാഹരണം: മാതാ, ദുഹിതാ, ധേനുഃ ഇത്യാദി.

നാമവിദ്യുന്നിശാവല്ലീ വീണാദിഗ്°ഭ്രുനദീഹ്രിയാം
അദന്തൈർടിഗ്ഭിരേകാർത്ഥാ ന സപാത്രയുഗാദിഭിഃ. ന

വിദ്യുന്നിശാവല്ലീ വീണാദിഗ്°ഭ്രുനദീഹ്രിയാം നാമസ്ത്രിയാം എന്നു അനുവ്യം. മിന്നൽപിണരിന്റെയും രാത്രിയുടെയും വള്ളിയുടെയും വീണയുടെയും ദിക്കിന്റെയും ഭ്രമിയുടെയും നദിയുടെയും ലജ്ജയുടെയും നാമങ്ങൾ സ്ത്രീലിംഗങ്ങളാകുന്നു എന്നു സാരം. ഭ്രുനദീധിയംഎന്നും പാഠമുണ്ടു്. അപ്രകാരമായാൽ ലജ്ജയുടെയും എന്നതിനു പകരമായി ബുദ്ധിയുടേയുമെന്നുചേർത്തു ഗ്രഹിച്ചു കൊൾക. തഡിൽ, രാത്രിഃ, ലതാ, വിപഞ്ചി, കക്കുപ്, ഭ്രമിഃ സരിൽ, തൃപാ ഇത്യാദികൾ ഉദാഹരണങ്ങളാകുന്നു. അദന്തൈഃ എകാർത്ഥാഃ ടിഗ്ഭിഃ സ്ത്രിയാം എന്നനുവ്യം. അകാരാന്തങ്ങളായി രിക്കുന്ന ഉത്തരപദങ്ങളോടുകൂടിയതുകളായിരിക്കുന്ന സമാഹാര ടിഗ്ഭസമാസശബ്ദങ്ങൾ സ്ത്രീലിംഗങ്ങളാകുന്നു എന്നു സാരം. ത്രിലോകീ ഇത്യാദികൾ ഉദാഹരണങ്ങളാകുന്നു. ത്രിലോകീ എന്നതിനു മൂന്നു ലോകങ്ങളുടെ സമാഹാരമെന്നു അർത്ഥമാകുന്നു. സമാഹാരം=സമൂഹം. പാത്രയുഗാദിഭിഃ നഃ സ്ത്രിയാം ന എന്നു് അനുവ്യം. പാത്രയുഗാദ്യുത്തരപദമായ ടിഗ്ഭ സ്ത്രീലിംഗമല്ലെന്നുസാരം. പഞ്ചപാത്രം, ചതുർയുഗം ഇത്യാദി ഉദാഹരണം

തല്യുന്തേ യേനികഡ്യുച്ത്രാവൈരൈഫുനികാടിവുൻ
സ്ത്രീഭാവാദാവനിക്ഷിണ്ണ്യുല°ണഞ്ഞിണപുച°കൃമുജുങ്ങിഞ°നിശാ

തല°സ്ത്രിയാം എന്നു അനുവ്യം. തല°പ്രത്യയാന്തം സ്ത്രീലിംഗമാകുന്നു എന്നു സാരം. ഉദാഹരണം-ശുക്ലതാ, ബ്രാഹ്മണതാ, ഗ്രാമതാ 'ദേവതാ, ഇത്യാദി. തല°പ്രത്യയത്തിന്റെ ലകാരത്തിനു ലോപമുണ്ടാകയാൽ അയതു് ഒടുത്തും കേൾക്കില്ല. ശുക്ലതാ എന്നൊടുത്തു് ഭാവത്തിങ്കലും ബ്രാഹ്മണതാ എന്നൊടുത്തു് കർമ്മത്തിങ്കലും ഗ്രാമതാ എന്നൊടുത്തു് സമൂഹത്തിങ്കലും ദേവതാ എന്നൊടുത്തു് സ്വാർത്ഥത്തിങ്കലും തല°പ്രത്യയമാകുന്നു. വൃന്ദയേനി കഡ്യുച° ത്രാസ്ത്രിയാം എന്നു അനുവ്യം. സമൂഹത്തിങ്കൽ വിധിക്കപ്പെട്ടനു, ഇനി കഡ്യുച°, ത്രാ എന്ന ഈ പ്രത്യയങ്ങളാകുന്ന അന്തങ്ങളോടുകൂടിയ ശബ്ദങ്ങൾ സ്ത്രീലിംഗങ്ങളാകുന്നു എന്നു സാരം. പാശ്യാ, ബലിനീ, രഥകഡ്യാ ഗോത്രാ ഇത്യാദികൾ ഉദാഹരണ

ങ്ങൾം—പാശ്യാ ഫ്ലിന്നതിന്നു് പാശസമൂഹമെന്നു് അൎത്ഥമാകുന്നു.. ഉദാഹരണാന്തരങ്ങളുടെ അൎത്ഥത്തെയുമിപ്രകാരം ഊഹിച്ചുകൊൾക. വൈരമൈഥുനികാടിവുൻസ്ത്രിയാം ഫ്ലിന്ന അനുപയം. വൈരത്തിങ്കലും വിവാഹപ്രസംബന്ധത്തിങ്കലും വീപ്സാദിയിലും വിധിക്കപ്പെട്ട വുൻ പ്രത്യയമാകുന്ന അന്തത്തോടുകൂടിയ ശബ്ദങ്ങൾ സ്ത്രീലിംഗങ്ങളാകുന്ന ഫ്ലിന്ന സാരം. ഉദാഹരണം—അശ്വമഹിഷികാ അത്രി ഭരദ്വാജികാ ഇത്യാദി. അശ്വമഹിഷികാ ഫ്ലിന്നതിന്ന അശ്വമഹിഷങ്ങളുടെ വൈരമെന്നു് അൎത്ഥം. അശ്വമഹിഷശബ്ദത്തിങ്കൽനിന്ന വൈരാൎത്ഥത്തിങ്കൽ വുൻ പ്രത്യയം വന്നിരിക്കുന്നു. വുൻ പ്രത്യയത്തിന്റെ നകാരത്തിന്ന ലോപമുണ്ടു്. അവശിഷ്ടമായ ഉ ഫ്ലിന്നതിന്ന അക ഫ്ലിന്ന ആദേശവുമുണ്ടു്. ഇപ്രകാരംതന്നെ വേറെയും ചില വിധികർത്തൃശബ്ദശാസ്ത്രങ്ങൾ ഉണ്ടാകകൊണ്ടു പത്നുവസന്നരുചം അശ്വമഹിഷികാ ഫ്ലിന്നാകുന്ന ഫ്ലിന്ന ഗ്രഹിച്ചുകൊൾക. അത്രിഭരദ്വാജിക ഫ്ലിന്നടത്തു അത്രിഭരദ്വാജശബ്ദത്തിങ്കൽനിന്ന മൈഥുനികാ അൎത്ഥത്തിങ്കൽ വുന്നാകുന്ന ഇതത്രേ ഭേദമുള്ളതു്. മൈഥുനികാ=വിവാഹപ്രസംബന്ധം. സ്ത്രീഭാവാദൌ അനികത്തിണ്ണ്യുലുംണഞ്ണ്യുച്ക്വ്യുഞ്ജങ്ങിഞ്നിശാഃ സ്ത്രിയാം ഫ്ലിന്നു് അനുപയം. പാണിനീയസൂത്രപാഠത്തിങ്കൽ സ്ത്രിയാമെന്ന അധികരിച്ചു ഭാവാദ്യൎത്ഥങ്ങളിൽ വിധിക്കപ്പെട്ട അനി, ക്തിൻ, ണ്യുൽ, ണച്, ണ്വച്, കൃച്, യുച്, അങ്, ഇഞ്, നി, ശ ഫ്ലിന്ന ഈ പ്രത്യയങ്ങളാകുന്ന അന്തങ്ങളോടുകൂടിയ ശബ്ദങ്ങൾ സ്ത്രീലിംഗങ്ങളാകുന്ന ഫ്ലിന്നസാരം. അന്യന്തങ്ങളുടെ ഉദാഹരണം—അകരണിഃ അജനനിഃ ഇത്യാദി. ക്തിന്നന്തങ്ങളുടെ ഉദാഹരണം—കൃതിഃ മതിഃ ഇത്യാദി. ണ്യുലന്തങ്ങളുടെ ഉദാഹരണം—പ്രച്ഛർട്ടികാ, പ്രവാഹികാ ഇത്യാദി. ണഞ്ന്തോദാഹരണം—വ്യാവക്രോശീ ഇത്യാദി. ണ്യുഞന്തോദാഹരണം—ശായികാ ഇത്യാദി. കൃഞന്തോദാഹരണം—പ്രാജ്യാ ഇത്യാദി. യുഞന്തോദാഹരണം—കാരണം ഇത്യാദി. അങന്തോദാഹരണം—പചാ, ഭിദാ ഇത്യാദി ഇഞന്തോദാഹരണം—കാം കാരിമകാഷ്ടീഃ ഇത്യാദി. നിപ്രത്യയാന്തോദാഹരണം. ഗ്ലാനിഃ ഇത്യാദി. ശപ്രത്യയാന്തോദാഹരണം ക്രിയാ, ഇച്ഛാ ഇത്യാദി.

ഉണാദിഷു നിശ്രുമീശ്വങ്ഭ്യോമുങന്തം ചലം സ്ഥിരം
തൽക്രീഡായാം പ്രഹരണമ്പ്വന്മെഷ്ട്യാപാല്ലുവാണദിക്കു. ഇ
അ—ഉണാദിഷു നിഃ ഉഃ ഇഃ ച സ്ത്രിയാം ഫ്ലിന്ന അനുപയം. ഉണാദികളിൽ ചേൎന്ന നിപ്രത്യയമാ ഉ ഇ ഇവയായ അ

കുന്ന അന്തത്തോടുകൂടിയ ശബ്ദങ്ങൾ സ്ത്രീലിംഗങ്ങളാകുന്നു എന്നു സാരം. ശ്രേണിഃ, ചമൂഃ തന്ത്രീ ഇത്യാദികൾ ഉദാഹരണങ്ങളാകുന്നു. ഉണാദിഷ്വ നിരുദിശ്യ എന്നും പാഠമുണ്ട്. അപ്രകാരമായാൽ ശ്രേണിഃ എന്നതിനു പകരമായി ധരണിഃ ഇത്യാദികളെ ഗ്രഹിച്ചുകൊൾക ങ്ങ്യാബ്ഭ്യങന്തം ചലം സ്ഥിരം സ്ത്രിയാം എന്നു അനുപയം. ങ്ങ്യന്തമായിട്ടോ ആബന്തമായിട്ടോ ഊങന്തമായിട്ടോ ഇരിക്കുന്ന ശബ്ദം ജംഗമത്തെപ്പറയുന്നതായാലും സ്ഥാവരത്തെ പറയുന്നതായാലും സ്ത്രീലിംഗങ്ങളായി ഭവിക്കുമെന്നു സാരമാകുന്നു. ങ്ങ്യന്തമെന്നതുകൊണ്ടു ങീബന്തത്തെയും ങീഷ്ണന്തത്തെയും ങീനന്തത്തെയും ഗ്രഹിച്ചുകൊൾക. ങീപ്പും ങീഷും ങീനും പ്രത്യയവിശേഷമാകുന്നു. ആബന്തമെന്നതുകൊണ്ടു ടാബന്തത്തെയും ഡാബന്തത്തെയും ഡാബന്തത്തെയും ഗ്രഹിച്ചുകൊൾക. ടാപ്പും ഡാപ്പും ഡാപ്പും പ്രത്യയവിശേഷമാകുന്നു ഊങന്തം=ഊങ്. പ്രത്യയമാകുന്ന അന്തത്തോടുകൂടിയത് മുറയ്ക്കു ഉദാഹരണങ്ങൾ-കരിണീ, ടാക്ഷായണീ, ശാർങ്ഗരവീ, അജാ, ബാഹുസീമാ, കാരീഷഗന്ധാ, കുമുഭോരുഃ ഇത്യാദികളാകുന്നു. തൽപ്രഹരണം ക്രീഡായാം ചൽമൈഷ്യാ പാല്ലവാണഡിക് എന്നു അനുപയമാകുന്നു. മൃഷ്ടിയാകുന്ന പ്രഹരണത്തോടുകൂടിയതായ ക്രീഡാ എന്ന അർത്ഥത്തിങ്കൽ വിധിക്കപ്പെട്ടതായ ണ പ്രത്യയമാകുന്ന അന്തത്തോടുകൂടിയ മൈഷ്യാശബ്ദവും പല്ലവമാകുന്ന പ്രഹരണത്തോടുകൂടിയ ക്രീഡാ എന്ന അർത്ഥത്തിങ്കൽ വിധിക്കപ്പെട്ടതായ ണ പ്രത്യയമാകുന്ന അന്തത്തോടുകൂടിയ പാല്ലവാ ശബ്ദവും സ്ത്രീലിംഗങ്ങളാകുന്നു എന്നു സാരം. ടിങ് എന്നതുകൊണ്ടു ടാണ്ഡാ ഇത്യാദികളെ ഗ്രഹിച്ചുകൊൾക.

ഘഞ്ഞോ ഞ സ്സാക്രിയാടസ്യാഞ്ചേട്ടണ്ഡപാതാഹിഫാൽഗ്രനീ
ശ്യൈനംപാതാച്ച മൃഗയാതൈലംപാതാസ്ത്രധേതിടിങ്.

അ—ഘഞന്തഃ ഞഃ സാക്രിയാ അസ്യാചേൽസ്ത്രീയാം എന്നു അനുപയം. ഘഞന്തത്തിങ്കൽനിന്നു പരമായിരിക്കുന്ന ഞപ്രത്യയമാകുന്ന അന്തത്തോടുകൂടിയതായ ശബ്ദം ഘഞന്തത്താൽ പറയപ്പെടുന്ന വ്യാപാരത്തിന്റെ അധികരണം മേല്പറഞ്ഞ ശബ്ദത്തിന്റെ അർത്ഥമായിരുന്നാൽ സ്ത്രീലിംഗമായി ഭവിക്കുമെന്നു സാരം. ടാണ്ഡപാതാഫാൽഗ്രനീ എന്നു ഉദാഹരണം ഇവിടെ ടണ്ഡപാത എന്നതു ഘഞന്തമാകുന്നു. ടണ്ഡത്തിന്റെ പതനം എന്നു അതിന്റെ അർത്ഥമാകുന്നു. ടണ്ഡത്തിന്റെ പതനം യാതൊന്നിങ്കൽ ഭവിക്കുന്നുവൊ അതു് എന്ന അർത്ഥത്തിങ്കൽ ടണ്ഡപാ

ത ശബ്ദത്തിങ്കൽനിന്നു പരമായി ഞ പ്രത്യയം ചേരുകയും വേറെയും ചില കാര്യങ്ങൾ ഭവിക്കയും ചെയ്താൽ ദാണ്ഡപാത എന്നു ഞ പ്രത്യയാന്തമായ ഒരു ശബ്ദമുണ്ടാകും. അതു സ്ത്രീലിംഗമാകയാൽ ദാണ്ഡപാതാ എന്നു് അതിന്റെ ഉപയോഗ്യമായ രൂപമാക്കുന്നു എന്നു ഇതുകൊണ്ടു ഗ്രഹിച്ചുകൊൾക. ഇപ്രകാരം ശൈനംപാതാ മൃഗയാ തൈലംപാതാ സ്വധാ എന്നിതുകളും ദാഹരണങ്ങളാകുന്നു. ശൈനംപാതാ എന്നതിനു ശ്യേനപാതശബ്ദത്തോടു കൂടിയതെന്നും തൈലംപാതാ എന്നതിനു തിലപാതത്തോടുകൂടിയതെന്നും അർത്ഥമാകുന്നു. പൂർവ്വോദാഹരണത്തെക്കാൾ ഇതുകൾക്കു ശ്യേനതിലസ്യപാതേഞ എന്ന സൂത്രത്താൽ വിധിക്കപ്പെട്ട മുമാഗമം വിശേഷമാക്കുന്നു. ഇതിങ്കൽ എന്നതിനു് ഇത്യാദി ഉദാഹരണമാകുന്നു എന്നു് അർത്ഥത്തെ ഗ്രഹിച്ചുകൊൾക.

സ്ത്രീ സ്യാൽ കാചിന്മൃണാള്യാദിർവ്വിവക്ഷാപചയേ യടി
ലങ്കാ ശേഫാലികാ ടീകാ ധാതകീ പഞ്ജികാഽധകീ. ൭

അ—അപചയവിവക്ഷായടി മൃണാള്യാദികാചിൽസ്ത്രീ സ്യാൽ എന്നു അനുപയമാകുന്നു. അപചയത്തിങ്കൽ വിവക്ഷ ഭവിക്കുന്നു എങ്കിൽ മൃണാള്യാദികളാകുന്ന ചില ശബ്ദങ്ങൾ സ്ത്രീലിംഗമായി ഭവിക്കുമെന്നർത്ഥം. അപചയം=അല്പത്വം. വിവക്ഷ=വചിപ്പാനായിക്കൊണ്ടുള്ള ഇച്ഛാ. വചിക്ക=പാക. മൃണാളീ എന്നതിനു അല്പമായിരിക്കുന്ന മൃണാളമെന്നർത്ഥമാകുന്നു. ആദിപദമുണ്ടാകകൊണ്ടു വംശീഇത്യാദികളെ ഗ്രഹിച്ചുകൊൾക. സ്ത്രീസ്യാൽകചിന്മൃണാള്യാദിഃ എന്നും പാഠമുണ്ടു്.

ലങ്കാശേഫാലികാ ഇത്യാദ്യുദ്ധരശ്ലോകത്തിനു ലങ്കാദിശബ്ദങ്ങൾ ആറും സ്ത്രീലിംഗങ്ങളാകുന്നു എന്നർത്ഥമാകുന്നു. ലങ്കാ=രാവണരാജധാനി. ശേഫാലികാ=പുഷ്പവിശേഷം. ടീകാ=വ്യാഖ്യാനവിശേഷം. വിഷമപദങ്ങളുടെ വ്യാഖ്യാനമെന്നു ഗ്രഹിച്ചുകൊൾക. ധാതകീ=താതിരിമരം. പഞ്ജികാ=വ്യാഖ്യാനവിശേഷം. സകലപദവ്യാഖ്യാനമെന്നു ഗ്രഹിച്ചുകൊൾക. പഞ്ചിക എന്നും പാഠമുണ്ടു്. ആഢകീ=തുവര.

സിധ്രകാ ശാരികാ വഹ്നികാ പ്രാചികോൽകാ പിപീലികാ
തിന്ദുകീ കണികാ ഭംഗിസ്തുംഗാസൂചിമാഢയഃ. ൮

സിധ്രകാദിമാഢ്യന്തങ്ങളും സ്ത്രീലിംഗങ്ങളാകുന്നു എന്നു

ത്ഥം. സിഗ്രുകാ=വൃക്ഷവിശേഷം. കുവളമത്രേ അങ്കുന്നത്തു്. ശാ
ഖികാ=കിളി. ഛിക്കാ=എക്കിൾ. പ്രാചികാ=കാട്ടീച്ച. പെണ്ണാ
ന്നു് എന്നും മതമുണ്ടു്. ഉൽകാ=തേജഃപുഞ്ജം. തീക്ഷ്ണാള്ളി എ
ന്നും മതമുണ്ടു്. പിപീലികാ=ഉറുമ്പു്. തിന്ദുകീ=വൃക്ഷവിശേഷം.
പനച്ചി എന്ന ഭാഷ. കണികാ=പരമാണു. ഭംഗി=കൌടില്യഭേ
ദം. സൌന്ദര്യമെന്നും മതമുണ്ടു്. സുരംഗാ=ഗ്രഹാവിശേഷം. സൂ
ചി=സൂചിതന്നെ. മാഢി=പത്രസിരാ. ഇലഞരമ്പുള്ള ഞരമ്പു്. മാ
ഢിശബ്ദത്തിന്റെ സ്ഥാനത്തിങ്കൽ ചിലർ മാച്ചിശബ്ദത്തെ പാ
ക്കയും മാച്ചി ദേശവിശേഷമെന്നു വ്യാഖ്യാനിക്കയും ചെയ്തിരി
ക്കുന്നു.

പിച്ഛാചിതണ്ഡാകാകിണ്യശ്ചൂണ്ണിശ്ശാണീ ദ്രുണീ ഭരൽ
സാതിഃ കന്ഥാ തഥാ സന്ദീ നാഭീ രാജസഭാപി ച. ൭൮

പിച്ഛാദിരാജസഭാന്തങ്ങളും സ്ത്രീലിംഗങ്ങളാകുന്നു എന്നർ
ത്ഥം. പിച്ഛാ=പൂളപ്പുശു. വിതണ്ഡാ=വാദവിശേഷം. കാകി
ണീ=പണത്തിന്റെ നാലിലൊരുഭാഗം. ചൂണ്ണി=ചൂർണ്ണികാ. ശാ
ണീ=ശണവസ്ത്രവിശേഷം. ദ്രുണീ=ജലപാത്രവിശേഷം. ഭരൽ=
മ്ലേച്ഛജാതി. സാതി=ദാനം. അവസാനമെന്നുമാം. കന്ഥാ=പ്രാ
വരണ്യവിശേഷം. ആസന്ദീ=ആസനഭേദം. വേത്രാസനമെന്നു
ഗ്രഹിച്ചുകൊൾക. നാഭി=പൊക്കിൾ. രാജസഭാ=രാജാക്കന്മാരു
ടെ സഭാ.

ഝല്ലരീ ചച്ചുരീ പാരീ ഹോരാ ലടാ ച സിദ്ധ്മലാ
ലാക്ഷാ ലിക്ഷാ ച ഗണ്ഡൂഷാ ഗ്രുസീ ചമസീ മസീ. ൭൯

ഝല്ലരീ എന്ന ശബ്ദംമുതൽ മസീ എന്ന ശബ്ദംവരെയുള്ള
വയും സ്ത്രീലിംഗങ്ങളാകുന്നു. ഝല്ലരീ=വാദ്യവിശേഷം. ഝർഝ
രീ എന്നും പാഠം കാണ്മാനുണ്ടു്. ചച്ചുരീ=കരശബ്ദം. ന്യഗ്രോ
ധവിശേഷമെന്നും ചിലർ പറയുന്നു. പാരീ=ആനയുടെ കാൽക്കയറു്.
പാൽ കറക്കുവാനുള്ള പാത്രമെന്നും ഒരു മതമുണ്ടു്. ഹോരാ=ല
ഗ്നം. രാശ്യുദ്ഭമെന്നുമാം. ലടാ=ഉശർകുരീലെന്ന പക്ഷി. സിദ്ധ്മ
ലാ=ക്ഷുദ്രമത്സ്യം. ലാക്ഷാ=ചെമ്പഞ്ഞിച്ചുവർ. കോലരക്കെന്നുമാം.
ലിക്ഷാ=പേൻമുട്ട (ഈരു്.) ഗണ്ഡൂഷാ=മുഖപൂരണം. ഗണ്ഡൂ
ഷഃ എന്നും പ്രയോഗിക്കാം. പുംസ്യപി എന്ന ടീകയിൽ ഉണ്ടു്.
ഗ്രുസീ=വാതവ്യാധിവിശേഷം. ചമസീ=യാഗപാത്രവിശേഷം.
മസീ=മഷി.

ഇതി സ്ത്രീലിംഗപ്രകരണം.

൫൫

അഥ പുല്ലിംഗസംഗ്രഹഃ.

പുംസ്യേവ സപ്തഭേദാനുച്ചരാസ്സുപര്യായാസ്സുരാസുരാഃ
സപ്തൈയാഗാദ്രിമേഘാബ്ധിദ്രുകാലാസിശരാശയഃ. ൧

സപ്തഭേദാനുച്ചരാഃ സുപര്യായാഃ സുരാസുരാഃ പുംസ്യേവ, എ
ന്ന പൂർവ്വാർദ്ധത്തിന്റെ അന്വയം. തൃഷിതാദി ശബ്ദങ്ങളും സുന
ന്ദാദി ശബ്ദങ്ങളും സുരപര്യായശബ്ദങ്ങളും ബലിനാമുച്യാദിശബ്ദ
ങ്ങളും ക്രൂരാണ്ഡമുണ്ഡാദിശബ്ദങ്ങളും അസുരപര്യായശബ്ദങ്ങളും
പുല്ലിംഗങ്ങളാകുന്നു എന്നു സാരം. സുരപര്യായശബ്ദങ്ങൾ=അമ
രാഃ ഇത്യാദികൾ. അസുരപര്യായശബ്ദങ്ങൾ=ദൈത്യാഃ ഇത്യാദി
കൾ. സപ്തൈയാഗാദ്രിമേഘാബ്ധിദ്രുകാലാസിശരാശയഃ പുംസ്യേവ
എന്നു ഉത്തരാർദ്ധത്തിന്റെ അന്വയം. സപ്തൈവാചകശബ്ദങ്ങളും
യാഗവാചകശബ്ദങ്ങളും അദ്രിവാചകശബ്ദങ്ങളും മേഘവാചക
ശബ്ദങ്ങളും അബ്ധിവാചകശബ്ദങ്ങളും വൃക്ഷവാചകശബ്ദങ്ങളും
കാലവാചകശബ്ദങ്ങളും ഖഡ്ഗവാചകശബ്ദങ്ങളും ശരവാചക
ശബ്ദങ്ങളും ശത്രുവാചകശബ്ദങ്ങളും പുല്ലിംഗങ്ങളാകുന്നു എന്നു
സാരം. സപ്തൈവാചകശബ്ദങ്ങൾ=സപ്തൈഃ, നാകഃ ഇത്യാദി
കൾ. യാഗവാചകശബ്ദങ്ങൾ=യാഗഃ യജ്ഞഃ ഇത്യാദികൾ.
യാഗവിശേഷവാചികളായ അഗ്നിഷ്ടോമാദിശബ്ദങ്ങളും പുല്ലിം
ഗങ്ങളാകുന്നു. അദ്രിവാചകശബ്ദങ്ങൾ=പർവ്വതഃ ഇത്യാദികൾ.
പർവ്വതവിശേഷവാചികളായ മേരുസഹ്യാദിശബ്ദങ്ങളും പുല്ലിംഗ
ങ്ങളാകുന്നു. മേഘവാചകശബ്ദങ്ങൾ=മേഘഃ വാരിവാഹഃ ഇ
ത്യാദികൾ. മേഘവിശേഷവാചികളായ പുഷ്കലാവർത്തകാദിശ
ബ്ദങ്ങളും പുല്ലിംഗങ്ങളാകുന്നു. അബ്ധിവാചകശബ്ദങ്ങൾ=സ
മുദ്രഃ ഇത്യാദികൾ. സമുദ്രവിശേഷവാചികളായ ക്ഷീരോദാദിശ
ബ്ദങ്ങളും പുല്ലിംഗങ്ങളാകുന്നു. വൃക്ഷവാചകശബ്ദങ്ങൾ=വൃക്ഷഃ മ
ഹീരുഹഃ ശാഖീ ഇത്യാദികൾ. വൃക്ഷവിശേഷവാചികളായ വ
ടാദിശബ്ദങ്ങളും പുല്ലിംഗങ്ങളാകുന്നു. കാലവാചകശബ്ദങ്ങൾ=
കാലഃ ദിഷ്ടഃ ഇത്യാദികൾ. കാലവിശേഷവാചികളായ മാസാദി
ശബ്ദങ്ങളും പുല്ലിംഗങ്ങളാകുന്നു. ഖഡ്ഗവാചകശബ്ദങ്ങൾ=ഖ
ഡ്ഗഃ കരവാളഃ ഇത്യാദികൾ. ഖഡ്ഗവിശേഷവാചികളായ
നാന്ദകാദിശബ്ദങ്ങളും പുല്ലിംഗങ്ങളാകുന്നു. ശരവാചകശബ്ദ
ങ്ങൾ=ശരഃ ബാണഃ പത്രി ഇത്യാദികൾ. ശരവിശേഷവാചിക
ളായ നാരാചാദിശബ്ദങ്ങളും പുല്ലിംഗങ്ങളാകുന്നു. ശത്രുവാചക

ബ്ബന്തം ശത്രുഃ അമാതിഃ ഇത്യാദികം. ശത്രുവിശേഷവാചികളായ ആതതായീ ഇത്യാദികളും പുല്ലിംഗങ്ങളാകുന്നു.

കരഗണ്ഡാഹ്വദോർദ്ദന്ത കണ്ഠകേശനഖസ്തനാഃ
അഹ്നാഹ്നാന്താഃ സക്ഥിപൂർദ്ദേ രാത്ര്യന്താഃ പ്രാഗ്സംഖ്യകാഃ.

കരാദിവാചകങ്ങൾ പുല്ലിംഗങ്ങളാകുന്നു എന്നർത്ഥം. കരം=(കൈപ്പം, രശ്മി, കൈ.) ഗണ്ഡം=കവിൾ. ആഹ്വം=മുണ്ട്. ദോ സ്=കൈ. ദന്തം=പല്ല്. കണ്ഠം=കഴുത്ത്. കേശം=തലമുടി. നഖം=നഖം തന്നെ. സ്തനം=മുല. അഹ്ന എന്നു ശബ്ദമാകുന്ന അരഭാഗത്തോടുകൂടിയവയും അഹ്ന എന്ന ശബ്ദമാകുന്ന അന്തഭാഗത്തോടുകൂടിയവയും വിഷ്ണുദേവാചകശബ്ദങ്ങളും സംഖ്യാവാചക പൂർവ്വപദങ്ങളല്ലാതെ രാത്രി ശബ്ദമാകുന്ന അന്തഭാഗത്തോടുകൂടിയ ശബ്ദങ്ങളും പുല്ലിംഗങ്ങളാകുന്നു എന്നു ഉദാഹരിപ്പാനാണ് അർത്ഥം. ദ്വയഹ്നം തങ്കരം=പൂർവ്വാഹ്നഃ അപരാഹ്നഃ മധ്യാഹ്നഃ ഇത്യാദികം. അഹ്നാന്തങ്കരം=ദിവസഃ ഇത്യാദികം. വിഷ്ണുദേവാചകം=ദാസരാഥിഷ്ടിക ഇത്യാദികം. സംഖ്യാപൂർവ്വപദമില്ലാത്ത രാത്ര്യന്തങ്കരം=അഹോരാത്രഃ ഇത്യാദികം. പഞ്ചരാത്രമിത്യാദികം സംഖ്യാപൂർവ്വപദങ്ങളാകയാൽ പുല്ലിംഗങ്ങളാകയില്ല.

ശ്രീവേഷ്ട്യാദ്യാശ്ച നിഷ്വാസാ അസന്നന്താ അബാധിതാഃ
കരശേരുജത്രമസ്ത്രീനി ഹിതപ്രാതുരുചിരാമകാഃ.

ശ്രീവേഷ്ടാദികളായ നിഷ്വാസവാചകശബ്ദങ്കരം പുല്ലിംഗങ്ങളാകുന്നു എന്നു് അദ്യപാദത്തിന്റെ അർത്ഥം. ശ്രീവാസുകൃഷ്ണപാദികം അന്ത്യപദാർത്ഥങ്കരം ശ്രീയിനെ വേഷ്ടിക്കുന്നവനെന്ന അർത്ഥമാകുന്ന എങ്കിൽ നിഷ്വാസവാചകമല്ലായ്കയാൽ ശ്രീവേഷ്ട ശബ്ദം പുല്ലിംഗമായിരുന്നാലും അതിനു് ലിംഗാന്തരങ്കരം ഭവിക്കുമെന്നു അറിഞ്ഞുകൊൾക. അസന്തശബ്ദങ്ങളും അനന്തശബ്ദങ്ങളും പുല്ലിംഗങ്ങളാകുന്നു എന്നു് ദ്വിതീയപാദത്തിന്റെ അർത്ഥം. അസന്തങ്കരം=വേധാഃ അംഗിരാഃ ഇത്യാദികം. അനന്തങ്കരം=കൃഷ്ണവർത്മാ മധുവാ ഇത്യാദികം. ശാസ്ത്രാന്തരങ്ങളാൽ ബാധിതപുംസ്കങ്ങളാകുന്നു എങ്കിൽ പുല്ലിംഗങ്ങളാകയില്ല എന്നു അബാധിതാഃ എന്നതുകൊണ്ടു പറകപ്പെട്ടു. അതുഹേതുവായിട്ടു് ഇടംവയഃ ഇടംലോമ ഇത്യാദികളിൽ പുംസ്ത്വമില്ലെന്നു് അറിഞ്ഞുകൊൾക. രണ്ടു് അച്ചുകളോടുകൂടിയ അസന്തത്തിനും അനന്തത്തിനും നപുംസകത്വമുണ്ടെന്നു് ഇവിടെ പറവാൻ വേണ്ടുകുന്നു. ആ വിധി രണ്ടു് അച്ചുകളോടുകൂടിയ ശബ്ദങ്ങളിലല്ലാതെ ഫലതാത്പര്യമാകയുമില്ല. അവിടെയും പുംസ്ത്വവിധി പ്രവൃത്തിയെ സ്വീ

കരിച്ചാൽ നപുംസകത്വവിധി നിഷ്ഫലമായിത്തീരുകയും ചെയ്യും. അതു ഹേതുവായിട്ടു രണ്ടു അച്ചുകളോടുകൂടിയ ശബ്ദങ്ങളെ ഒഴിച്ചു ശിഷ്ടങ്ങൾ മേൽപറഞ്ഞ വിധിയുടെ വിഷയങ്ങളാകുന്നു എന്നു് ഉത്സർഗ്ഗാപവാദന്യായേന സിദ്ധമാകുന്നു. അബാധിതാഃ എന്നു പറഞ്ഞതു സൂക്ഷ്മമായ അറിവിനെ കൊടുപ്പാനായിക്കൊണ്ടുതന്നെ എന്നു അറിഞ്ഞുകൊൾക. വിശേഷവിധി സാമാന്യവിധിയെ ബാധിക്കുമെന്നും വിശേഷവിധിവിഷയങ്ങളെ ഒഴിച്ചു ശിഷ്ടങ്ങളിൽ സാമാന്യവിധിപ്രവൃത്തിക്കും, വീക്കമില്ലെന്നും ആദിയിൽത്തന്നെ പറഞ്ഞിട്ടുമുണ്ടു്. അതിനെ അനുസരിച്ചു് എല്ലാ ശബ്ദങ്ങളുടെയും ലിംഗനിർണ്ണയത്തെ മേൽപറഞ്ഞ പ്രകാരം ചെയ്തുകൊൾക. ഗ്രന്ഥവിസ്തരഭയം ഹേതുവായിട്ടു് അതാതു വിധിവാക്യവ്യാഖ്യാനാവസരത്തിങ്കൽ അപവാദവിധികളെ കാണിച്ചിട്ടില്ല. ഇനിയും കൂടാതെ കഴിയാത്തതു മാത്രമല്ലാതെ കാണിക്കയുമില്ല. കരേരുജതൃമസ്ജക്കളിൽനിന്നു് അന്യങ്ങളായ തൃരുവിരാമകങ്ങൾ പുല്ലിംഗങ്ങളാകുന്നു എന്നു് ഉത്തരാർദ്ധത്തിന്റെ അർത്ഥം. കരേരുജതൃമസ്ജക്കൾ=കരേരു, ജതൃ, മസ്ജ എന്ന ഈ മൂന്നു ശബ്ദങ്ങൾ. തൃരുവിരാമകങ്ങൾ=തൃ എന്നും രു എന്നും അവസാനത്തോടുകൂടിയവ. തൃവിരാമകങ്ങൾ=ഹേതുഃ, സേതുഃ, ധാതുഃ ഇത്യാദികളാകുന്നു എന്നും, രുവിരാമകങ്ങൾ=കുരുഃ, മേരുഃ കിംശാരുഃ ഇത്യാദികളാകുന്നു എന്നും അറിഞ്ഞുകൊൾക. കരേരുജതൃമസ്ജക്കളിൽനിന്നു് അന്യങ്ങളായതുകളിൽത്തന്നെ ചേർന്നതായ ദാരുശ്മശ്രു ഇത്യാദികൾ നപുംസകങ്ങളാകുന്നു. അതു ഹേതുവായിട്ടു കരേവ്യാദാഗ്രഹണം ദാവ്യാദ്യുപലക്ഷണമാകുന്നു എന്നും ഗ്രഹിച്ചുകൊൾക.

കഷ്ണഭമരോപാന്താ യദ്യദന്താ അമീ അഥ
പഥനയസടോപാന്താ ഗോത്രാഖ്യാശ്ച രണാഹ്വയാഃ. ഫ്ര

കകാരഷ്കകാരണകാരഭകാരമകാരരേഫങ്ങളാകുന്ന ഉപാന്തവർണ്ണങ്ങളോടുകൂടിയ ശബ്ദങ്ങൾ അകാരാന്തങ്ങളാകുന്നു എങ്കിൽ പുല്ലിംഗങ്ങളായി ഭവിക്കുമെന്നു് അമീ എന്നതുവരെ ഉള്ളതിന്റെ അർത്ഥമാകുന്നു. ഉപാന്തം=അന്ത്യാക്ഷരസമീപവർത്തിയായ അക്ഷരം. കകാരോപാന്തങ്ങൾ=അർക്കഃ ലോകഃ ഇത്യാദികൾ. ഷ്കകാരോപാന്തങ്ങൾ=ദോഷഃ നികഷഃ ഇത്യാദികൾ. ണകാരോപാന്തങ്ങൾ=ഗണഃ ഗ്രണഃ ഇത്യാദികൾ. ഭകാരോപാന്തങ്ങൾ=ഭർഭഃ കൊസ്തുഭഃ, കളഭഃ ഇത്യാദികൾ. മകാരോപാന്തങ്ങൾ=ഹോമഃ ധൂമഃ ഗ്രാമഃ ഇത്യാദികൾ. രേഫോപാന്തങ്ങൾ=സീരഃ ശീകരഃ

ഇത്യാദികൾ. മേല്പറഞ്ഞ ശബ്ദങ്ങൾ ഒക്കെയും അകാരാന്തങ്ങളു മാകുന്നു. അതു കാരണമായിട്ട് ഒക്കെയും പുല്ലിംഗങ്ങൾതന്നെ യെന്നറിഞ്ഞുകൊൾക. അഢാദിയുടെ അർത്ഥം പകാരോപാന്ത ങ്ങളും ഥകാരോപാന്തങ്ങളും നകാരോപാന്തങ്ങളും യകാരോപാ ന്തങ്ങളും സകാരോപാന്തങ്ങളും ടകാരോപാന്തങ്ങളും ഗോത്രാ ഖ്യാശബ്ദങ്ങളും ചരണനാമങ്ങളും പുല്ലിംഗങ്ങളാകുന്നു യെന്നതത്രേ അതുകൊണ്ടത്. പകാരോപാന്തം=യൂപഃ ബാഷ്പഃ കലാപഃ ഇത്യാടി കൾ ഥകാരോപാന്തങ്ങൾ=അർത്ഥഃ രോമന്ഥഃ ഇത്യാദികൾ. നകാ രോപാന്തങ്ങൾ=ഇന്ദ്രഃ സ്കന്ദഃ ഇത്യാദികൾ. യകാരോപാന്ത ങ്ങൾ=ആത്മാ വ്യയഃ ഇത്യാദികൾ. സകാരോപാന്തങ്ങൾ=മാസഃ ഹാസഃ ഇത്യാദികൾ. ടകാരോപാന്തങ്ങൾ=ഘടഃ പടഃ ഇത്യാദി കൾ. അടന്തായ് ചൊന്നതിന്റെ ഉത്തരത്തു സംബന്ധമില്ലെന്നതിനെ അഢശബ്ദംകൊണ്ട് സൂചിപ്പിച്ചിരിക്കുന്നു. അതു കാരണമായിട്ട് ജ്ഞേ പുഃ, പ്ലക്ഷഃ, ഭാനുഃ, ജായുഃ, വസുഃ, കരേടുഃ ഇത്യാദികൾ സി ദ്ധങ്ങളായി ചൊന്നത് അറിഞ്ഞുകൊൾക. ഗോത്രാഖ്യശബ്ദങ്ങൾ പ്രവരാധ്യായ പ്രസിദ്ധങ്ങളായ ഋഷിനാമങ്ങൾ ഭരദ്വാജ ഇത്യാ ദികൾ ചരണനാമങ്ങൾ ശാഖാന്യൂനവാചികളായ കഠബഹ്വ ചാദിശബ്ദങ്ങൾ.

നാമ്നൃകർത്തൃഭാവേ ച ഘഞ ജമ്നങ്ണ്യാഢ്യുച.
ല്യുകർത്തരിമനിജ്ഭാവേകോഽകിപ്രാദിതോഽന്യതഃ.

സംജ്ഞയിലും കർത്തൃഭിന്നമായിരിക്കുന്ന കാരകത്തിങ്കലും ഭാ വമാത്രത്തിങ്കലും വിധിക്കപ്പെട്ട ഘഞാദി പ്രത്യയങ്ങളാകുന്ന അ ന്തങ്ങളോടുകൂടിയ ശബ്ദങ്ങൾ പുല്ലിംഗങ്ങളാകുന്നു എന്നു പൂർവ്വാ ർത്തിന്റെ അർത്ഥം. ഘഞന്തോദാഹരണങ്ങൾ=പ്രാസഃ, വേടഃ, പ്രപാതഃ ഭാവഃ, പാകഃ, ത്യാഗഃ ഇത്യാദികളാകുന്നു. അജന്തോദാ ഹരണങ്ങൾ=ജയഃ, ഛായഃ, നയഃ ഇത്യാദികളാകുന്നു. അബന്തോ ദാഹരണങ്ങൾ=കരഃ, ഗദഃ, പ്ലവഃ ഇത്യാദികളാകുന്നു. നങന്തോ ദാഹരണങ്ങൾ=യജ്ഞഃ, പ്രശ്നഃ ഇത്യാദികളാകുന്നു. ണാന്തോ ദാഹരണം=ന്യാടഃ എന്നാകുന്നു. ഢാന്തോദാഹരണം=ഉച്ഛ്രൂടഃ ഇത്യാദി. അഢുജന്തോദാഹരണം=ദവപടുഃ ഇത്യാദി. കർത്തൃർത്ഥ ത്തിങ്കൽ വിധിക്കപ്പെട്ട ല്യുപ്രത്യയവും ഭാവത്തിങ്കൽ വിധിക്കപ്പെട്ട മനിച് പ്രത്യയവും ഭാവത്തിങ്കൽ വിധിക്കപ്പെട്ട ക പ്രത്യയവും പ്രാദികളിൽനിന്നും അന്യങ്ങളായ ശബ്ദങ്ങളിൽനിന്നും പരങ്ങളാ യ ഘ്വസംജ്ഞകധാതുക്കളിൽനിന്നു വിധിക്കപ്പെട്ട കി പ്രത്യയവു മാകുന്ന അന്തങ്ങളോടുകൂടിയ ശബ്ദങ്ങൾ പുല്ലിംഗങ്ങളാകുന്നു എ

ന്നു° ഉത്തരാർദ്ധത്തിന്റെ അർത്ഥം. ല്യൂപ്രത്യയാന്തോദാഹരണം=നന്ദനഃ രമണഃ ഇത്യാദി, മനിച്പ്രത്യയാന്തോദാഹരണം=പ്രഥിമാ മഹിമാ ഇത്യാദി. ക പ്രത്യയാന്തോദാഹരണം=ആപൂർത്തഃ, പ്രസ്ഥഃ ഇത്യാദി. കി പ്രത്യയാന്തോദാഹരണം=പ്രധിഃ, നിധിഃ, ജലധിഃ ഇത്യാദി.

ദ്വന്ദ്വടശ്ചബഹുവ്രീശ്ച ബഹുവാനസമാഹൃതേ
കാന്തഃസ്യാന്നപുംസ്യന്യായ പൂർവ്വോടയഃ പൂർവ്വകോപി ച. ൪൩

ദ്വന്ദ്വസമാസത്തിങ്കൽ അശ്രബഹുവശബ്ദം പുല്ലിംഗമാകുന്നു. സമാഹാരദ്വന്ദ്വസമാസത്തിങ്കൽ പുല്ലിംഗമാകയുമില്ലെന്നു പൂർവ്വാർദ്ധത്തിന്റെ അർത്ഥം. അശ്രബഹുവെയ് ഏന്നും അശ്രബഹുവാഃ ഏന്നും ഉദാഹരണങ്ങളാകുന്നു. അശ്രബഹുവെയ് ഏന്നതിന്നു അശ്രവും ബഹുവയുമെന്നും അശ്രബഹുവാഃ ഏന്നതിന്നു അശ്രങ്ങളും ബഹുവകളുമെന്നും അർത്ഥമാകുന്നു. ബഹുവാ=ബഹുൻകൃതിര. സമാഹാരദ്വന്ദ്വസമാസമാകുന്നു എങ്കിൽ അശ്രബഹുവമെന്നതന്നെ ഏന്നു അറിഞ്ഞുകൊൾക. സ്ത്രീവാചകശബ്ദങ്ങളും ചന്ദ്രവാചകശബ്ദങ്ങളും പൂർവ്വങ്ങളായി വരികയോ അന്യവാചകശബ്ദങ്ങൾ പൂർവ്വങ്ങളായി വരികയോ ചെയ്താൽ അതുകളോടുചേർന്ന കാന്തശബ്ദം പുല്ലിംഗമായി ഭവിക്കുമെന്നു ഉത്തരാർദ്ധത്തിന്റെ അർത്ഥം. സ്ത്രീകാന്തഃ, അർക്കകാന്തഃ, ഇന്ദുകാന്തഃ, ചന്ദ്രകാന്തഃ, അയസ്കാന്തഃ, ലോഹകാന്തഃ ഇത്യാദികൾ ഉദാഹരണങ്ങൾ.

വടകശ്ചാനുവാകശ്ച ഗല്ലകശ്ച കടംഗകഃ
പുംഖോന്യുംഖസ്സമുദ്ഗശ്ച വിടപട്ടധടാഃ പടഃ. ൪൪

വടകാദിഷടുപര്യന്തങ്ങളായ ശബ്ദങ്ങൾ പുല്ലിംഗങ്ങളാകുന്നു എന്നു് അർത്ഥം. വടകം=പിഷ്ടപിശേഷം,. ഗ്രന്ഥികാ. അനുവാകം=വേദൈകദേശം. ഗല്ലകം=കരിംപടം. കടംഗകം=ലതാഗൃഹം. കടംഗകഃ എന്നും പാഠമുണ്ടു്. പുംഖം=ശരമൂലം. ഞാൺ വായ് എന്ന ഭാഷ. സുംഖം=മന്ത്രവിശേഷം. സമുദ്ഗം=ചെപ്പു്. വിടൻ=ധൂർത്തൻ. പട്ടം=തുപ്പട്ടം. കാഷ്ഠാദിരചിത ആസനവിശേഷഃ എന്ന ടീകാ. ധടം=തലാസു്. പടം=അന്ധകൂപം. കപഥമെന്നും തൃണമെന്നുമാം.

കോട്ടാരാമ്പട്ടഹട്ടാശ്ച പിണ്ഡഗോണ്ഡപിചണ്ഡവൽ
ഗണ്ഡുഃ കരണ്ഡോമ്ല ഗ്രന്ഥോവരണ്ഡശ്ചകിണോഷ്ണുണഃ. ൪൫

കോട്ട ദിഷ്ണുപര്യന്തങ്ങളായ ശബ്ദങ്ങൾ പുല്ലിംഗങ്ങളാകുന്നു എന്നർത്ഥം. കോട്ടം=കോട്ട. ആരാമ്പട്ടം=കൂപവിശേഷം.

ഹട്ടം=ക്രയവിക്രയസ്ഥാനം. പിണ്ഡം=ഉരുള. ഗോണ്ഡം=പൊ
ക്കിൾ. പിച്ചണ്ഡം=വയർ. ഗഡു=മുഴ. കരണ്ഡം=പെട്ടകം. ലഗ്ഗ
ഡ=കുറുവടി. വരണ്ഡം=മുഖരോഗം. കിണം=തഴമ്പ്. വ്രണം=
കായ്ക്രിമി. മരം തുളയ്ക്കുന്ന വണ്ട് എന്ന ഗ്രഹിച്ചുകൊൾക.

ദ്രതിസീമന്തഹരിതോ രോമന്വോദ്ഗീഥ ബുദ്ബുദാഃ
കാസമർദ്ദോർബ്ബുദഃ കുന്ദഃ ഫേനസ്ത്വപൗ സമൂപകൗ.

ദ്രത്യാദി യൂപാന്തങ്ങളായ ശബ്ദങ്ങൾ പുല്ലിംഗങ്ങളാകുന്ന
എിന്നർത്ഥം. ദ്രതി=തോൽത്തുരുത്തി. സീമന്തം=കേശരേഖാ. ഹ
രിൽ=പച്ചനിറം. രോമന്ഥം=ചവ്വിതചവ്വണം. അന്വവേക്ക എി
ന്ന ഭാഷ. ഉദ്ഗീഥം=സാമദ്വേദം. ബുദ്ബുദം=നീർപോള. കാ
സമർദ്ദം=പൊന്നാവീരം. അർബ്ബുദം=സംഖ്യാവിശേഷം. കാസ
മർദ്ദോർദ്ദനഃ എിന്നും പാഠമുണ്ട്. അപ്രകാരമായാൽ അർദ്ദനി=
അഗ്നി എിന്ന ധരിച്ചുകൊൾക. കുന്ദം=കുരുക്കുന്തിമുല്ല. സ്ത്രീ
വിശേഷമെന്നുമാം ഫേനം=നുര. സ്തൂപം=വടകാടി. വടകം
മുതലായതെന്നർത്ഥം. യൂപം=യജ്ഞസ്തംഭം സമൂപകഃ എിന്നും പാ
ഠമുണ്ട്. അപ്രകാരമായാൽ പൂപം=അപ്പമെന്ന ഗ്രഹിച്ചുകൊൾക.

ആതപഃ ക്ഷുത്രിയസ്നാട്ടിഃ കുണപക്ഷുരകേടവഃ
പൂരക്ഷുരപ്രഭൃക്യശ്ച ഗോലാഹിംഗ്രുലപുല്ംഗലാഃ. ൨൦

ആതപാദി പുല്ംഗലാന്തങ്ങളായ ശബ്ദങ്ങൾ പുല്ലിംഗങ്ങ
ളാകുന്ന എിന്നർത്ഥം. ആതപം=വെയിൽ. നാട്ടി=നാട്ടിയാകുന്ന
രാജാവ്. കുണപം=ശവം. ക്ഷുരം=മൈർവാൾ. കേടവം=വ്യവ
ഹാരപദാർത്ഥവിശേഷം. പൂരം=ജലവൃദ്ധി. ക്ഷുരപ്രം=ശരവി
ശേഷം. ഭൃക്കം=ശാകവിശേഷം. ഗോലം=വൃത്താകാരമായ വി
ണ്ഡം. ഹിംഗ്രുലം=ഇായിലൃം. പുല്ംഗലം=ശരീരം, ആത്മാവെ
ന്നുമാം.

വേതാളഭല്ലമല്ലാശ്ച പുരോഡാശോടപി പട്ടസഃ
കുല്മാഷോരഭസശ്ചൈവ സകടാഹഃ പതദ്ഗ്രഹഃ. ൨൧

വേതാളാദിപതദ് ഗ്രഹാന്തങ്ങളായിരിക്കുന്ന ശബ്ദങ്ങൾ
പുല്ലിംഗങ്ങളാകുന്ന എിന്നർത്ഥം. വേതാളം=സത്വവിശേഷം.
ഭല്ലം=ശരവിശേഷം. മല്ലൻ=ബാഹ്വായുദ്ധത്തിങ്കൽ സമർത്ഥൻ പു
രോഡാശം=ഹവിർവ്വിശേഷം. പട്ടസം=ആയുധവിശേഷം പട്ടി
ശഃ എിന്നും പാഠമുണ്ട്. കുല്മാഷം=അല്പസിന്നയവം പകുതി
വാടിയ യവധാന്യമെന്നർത്ഥം. രഭസം=ഹർഷം. വേഗമെന്നുമാം.
കടാഹം=വളർവട്ടകാ. പതദ്ഗ്രഹം=കോളാമ്പി.

ഇതി പുല്ലിംഗപ്രകരണം.

അഥ നപുംസകലിംഗസംഗ്രഹഃ.

൫൧ ടിഹീനനൃച്ചുഖാരണ്യപണ്ണശാഭ്രഹിമോടകം
ശീതോഷ്ണമാംസരുധിരമുഖാക്ഷിദ്രവീണം ബലം.

ഖാദിബലാന്തങ്ങളായ ശബ്ദങ്ങളും അതാതിന്റെ പര്യായങ്ങളും അനേകലിംഗങ്ങളായിരുന്നാൽ നപുംസകലിംഗങ്ങളായി ഭവിക്കുമെന്നർത്ഥം. ഖം=ആകാശം. അരണ്യം=വനം. പണ്ണം=ഇല. ശാഭ്രം=രന്ധ്രം. ഹിമം=മഞ്ഞ്. ഉടകം=ജലം. ശീതം=തണുപ്പ്. ഉഷ്ണം=ചൂട്. മാംസം=ഇറച്ചി. രുധിരം=ചോര. മുഖം=മുഖംതന്നെ. അക്ഷി=കണ്ണ്. ദ്രവിണം=ധനം. ബലം=ശക്തി. സൈന്യമെന്നുമാം. മേൽപറഞ്ഞതുകളെപ്പറയുന്ന ശബ്ദങ്ങൾ നപുംസകലിംഗങ്ങളാകുന്നു. വിശേഷവിധിയുള്ളതുകൊണ്ട് നപുംസകലിംഗങ്ങളായി ഭവിക്കയില്ല എന്നു ഗ്രഹിച്ചുകൊൾക. ചകാരമുണ്ടാകയാൽ ആഭരണാദിശബ്ദങ്ങളും നപുംസകലിംഗങ്ങളാകുന്നു എന്നതും ഗ്രഹിക്കേണ്ടതു്.

൫൨ ഫലശാകമശ്രുൽബദലോഹ സുഖദുഃഖശുഭാശുഭം
ജലപുഷ്പാന്നിലവണം വ്യഞ്ജനാന്യനുലേപനം.

ഫലാദ്യനുലേപനാന്തങ്ങളെ പറയുന്ന ശബ്ദങ്ങൾ നപുംസകലിംഗങ്ങളാകുന്നു എന്നർത്ഥം. ഫലം=കായ്. ശാകം=സസ്യം. ശ്മശ്രു°ബം=ചെമ്പു്. ലോഹം=ഇരിമ്പു്. ജലപുഷ്പങ്ങൾ=കുമുദാദികൾ. അന്നം മുതലായവ. ലവണം=ഉപ്പു്. വ്യഞ്ജനം=കറി. അനുലേപനം=കുങ്കുമാദി.

൫൩ കോട്യുത്തരാദി സംഖ്യാന്ന്യാവാലക്ഷ്യാനിയുതഞ്ചതൽ
ദ്വ്യഷ്ക മസിസുസന്നന്തം യദനാന്തമകത്തരി.

ശതാദി സംഖ്യാവാചകശബ്ദങ്ങളിൽ കോടിയെ ഒഴിച്ചു ശിഷ്ടങ്ങൾ നപുംസകലിംഗങ്ങളാകുന്നു എന്നു പ്രഥമപാദത്തിന്റെ അർത്ഥം. ലക്ഷശബ്ദം സ്ത്രീലിംഗമായിട്ടും നപുംസകലിംഗമായിട്ടും ഭവിക്കുമെന്നും ലക്ഷപര്യായമായ നിയുതശബ്ദം നപുംസകലിംഗമാകുന്നു എന്നും ദ്വിതീയപാദത്തിന്റെ അർത്ഥം; ഉദാഹരണം, ശതം, സഹസ്രം, അയുത, ഇത്യാദി. കോടിച്ചോടുകൂടിയ അർബുദവും ഖർവവും ഉർവവും അനന്തവും നപുംസകമാകുന്നു എന്നു് തൃതീയപാദത്തിന്റെ അർത്ഥം. ഉദാഹരണം-മനഃ, പയഃ, തേജ്യോതിഃ, സപ്പിഃ, യജുഃ വപുഃ, ചർമ്മശർമ്മ ഇത്യാദി. കത്തൃർത്ഥമല്ലാത്തതായ അന എന്ന അന്തശബ്ദത്തോടുകൂടിയ ശബ്ദവും നപുംസകലിം

ഗമാകുന്നഎന്നചതുർത്ഥപാദത്തിന്റെ അർത്ഥം. ഉദാഹരണം-ഗവനം, ഭരണമിത്യാദി. അകത്തരി എന്ന പദകയാൽ നന്ദന ഇത്യാദികളിൽ നപുംസകത്വമില്ല എന്നു് അറിഞ്ഞുകൊൾക

ത്രാന്തം സലോപധം ശിഷ്ടം ത്രാത്രം പ്രാക് സംഖ്യയാന്വിതം
പാത്രാദ്യന്തമേതദേകാർത്ഥാ ദ്വിഗ്വർല്ലക്ഷ്യാനുസാരതഃ.

ത്ര എന്ന അന്തമായശബ്ദവും സകാരമോ ലകാരമാ ആകുന്ന ഉപധയോടുകൂടിയ ശബ്ദവും മുൻപദകപ്പെട്ട ശബ്ദങ്ങളിൽ നിന്ന അന്യമായ ശബ്ദവും സംഖ്യാപൂർവ്വമായ ത്രാത്രശബ്ദവും പാത്രാദികളാകുന്ന അകാരാന്തശബ്ദങ്ങളാകുന്ന ഉത്തരപദങ്ങളോടുകൂടിയതായ സമാഹാരദ്വിഗുസമാസശബ്ദങ്ങൾ ലക്ഷ്യത്തെ അനുസരിച്ചിട്ടും നപുംസകങ്ങളായി ഭവിക്കുമെന്നു് അറിയുന്നതാകുന്ന എന്നുമിത്യാദി. ത്രാന്താദാഹരണം-പാത്രം, വാഹിത്രം, വസ്ത്രം. ഗാത്രം ഇത്യാദി സകാരോപധോദാഹരണം, വിസം, അന്ധതമസമിത്യാദി. ലകാരോപധോദാഹരണം, കുലം മൂലമിത്യാദി, ഉപധാ അന്ത്യാക്ഷരത്തിങ്കൽ നിന്ന പൂർവ്വമായ അക്ഷരമെന്നുഗ്രഹിച്ചുകൊൾക. ശിഷ്ടമെന്നതു് നിയമാർത്ഥമാകുന്നു. മുൻപറകപ്പെട്ടവയെ ഒഴിച്ചു് ശേഷങ്ങൾതന്നെ നപുംസങ്ങളായി ഭവിക്കുമെന്നതേ നിയമമാകുന്നതു്. അതുഹേതുവായിട്ടു പുത്രവത്രാദിശബ്ദങ്ങൾക്കു് നപുംസകത്വമില്ലെന്ന ഗ്രഹിച്ചുകൊൾക. സംഖ്യാപൂർവ്വമായ ത്രാത്രാന്തം=ത്രിരാത്രം പഞ്ചരാത്രമിത്യാദി. പാത്രാദ്യന്തമായ ദ്വിഗു=പഞ്ചപാത്രം ചതുഷ്പഥമിത്യാദി. ലക്ഷ്യാനുസാരതഃ എന്നുണ്ടാകയാൽ ത്രിലോകി ഇത്യാദികളിൻ നപുംസകത്വം ഭവിക്കില്ലെന്ന ഗ്രഹിച്ചുകൊൾക.

ദ്വന്ദ്വൈകത്വാവ്യയീഭാവൈ പഥസ്സംഖ്യാവ്യയാൽ പരഃ
ഷഷ്ഠ്യാശ്ചരായാബഹ്വന്തച്ഛായം സംഹതൗ സഭാ.

വ്യധികരണനാന്തമായ ദ്വന്ദ്വസമാസവും അവ്യയീഭാവസമാസവും സാഖ്യാവ്യയങ്ങളിൽ നിന്ന പരമായ പരശബ്ദവും നപുംസലിംഗങ്ങളാകുന്ന എന്ന പൂർവ്വാദ്ധത്തിന്റെ അർത്ഥം. ദ്വന്ദ്വസമാസോദാഹരണം=പാണിപാദമിത്യാദി. അവ്യയീഭാവോദാഹരണം=അധിസ്ത്രീ, ഉപകുംഭം ഇത്യാദി. സംഖ്യാപരമായപഥം=ത്രിപഥം ചതുഷ്പഥമിത്യാദി. അവ്യയപരമായപഥം=വിപഥമിത്യാദി. ഷഷ്ഠ്യന്തത്തിങ്കൽനിന്ന പരമായ ച്ഛായാശബ്ദമാകുന്ന അന്തത്തോടുകൂടിയ സമാസം ചരായാശബ്ദത്താൽ പറകപ്പെടുന്ന നിഴൽ ബഹുക്കളുടെയാകുന്ന എങ്കിൽ നപുംസകമായി ഭവിക്കുമെന്ന തൃതീയപാദത്തിന്റെ അർത്ഥം. വിച്ഛായമെന്നുദാഹരണം.

വികള്ടെച്ചായ എന്നു് അതിന്റെ അർത്ഥം. വികർ=പക്ഷികർ. വി-യുടെ ചരായ എന്നർത്ഥമായാൽ ചരായയ്ക്കു ബഹുത്വസംഖ്യ സംബന്ധമില്ലായ്കയാൽ വിച്ചായാ എന്നുമാം. ഇപ്രകാരം മറ്റുള്ളിടങ്ങളിലും ഗ്രഹിച്ചുകൊൾക. സമൂഹവാചകമായ സഭാശബ്ദം സമാസത്തിങ്കൽ ഷഷ്ഠ്യന്തത്തിങ്കൽ നിന്നു പരമായാൽ ആ സമസ്തശബ്ദം നപുംസക ലിംഗമായി ഭവിക്കുമെന്നു ചതുർത്ഥപാദത്തിന്റെ അർത്ഥം. ഉദാഹരണം=ദാസീസഭമിത്യാദി.

ശാലാർത്ഥാപിപരാരാജ്ഞാമനുഷ്യ്യാർത്ഥാദരാജ്ഞകാൽ
ദാസീസഭം നൃപസഭം രക്ഷ്സ്സഭമിമാദിശേ. ൨൭

രാജശബ്ദങ്ങളിൽ നിന്നും അമനുഷ്യ്യാർത്ഥകശബ്ദത്തിങ്കൽ നിന്നും പരമായശാലാർത്ഥമായ സഭാശബ്ദവും നപുംസകലിംഗമാകുന്നു എന്നു് പൂർവ്വാർദ്ധത്തിന്റെ അർത്ഥം. ശാലാ=ഗൃഹം. ദാസീസഭമിത്യാദി മൂന്നുശബ്ദങ്ങൾ ഉദാഹരണങ്ങളാകുന്നു എന്നു ഉത്തരാർദ്ധത്തിന്റെ അർത്ഥം. ദാസീസഭം=ദാസീസമൂഹമെന്നർത്ഥം. നൃപസഭം=നൃപഗൃഹമെന്നർത്ഥം. നൃപസമൂഹമെന്നുമാം. രക്ഷ സ്സഭം=രാക്ഷസഗൃഹമെന്നർത്ഥം. രാക്ഷസസമൂഹമെന്നുമാം. സമാസത്തിങ്കൽ ശ്ചന്താകയും ഷഷ്ഠ്യന്തത്തിങ്കൽനിന്നു പരമായിട്ടുള്ളതാകയും വേണം. രാജശബ്ദത്തിങ്കൽനിന്നു പരമായാൽ രാജസഭാ എന്നരൂപമാകുന്നു. രാജപദ്ധ്യായമാത്രത്തെ ഗ്രഹിക്കേണ്ടതാകയാൽ ചന്ദ്രഗുപ്തസഭാ ഇത്യാദികളിൽ സ്ത്രീത്വംതന്നെ. ഷഷ്ഠ്യന്തത്തിങ്കൽ നിന്നു പരമല്ലാ എങ്കിൽ നൃപതിസഭാ എന്നതന്നെ രൂപമാകുന്നു എന്നു ടീകയിൽ സൂക്ഷ്മമാകുന്നു; മേല്പറഞ്ഞ ഉദാഹരണങ്ങളിൽ ദാസീസഭമെന്നതു് സംഘാത്യർത്ഥമായ സഭാശബ്ദത്തിന്റെ ഉദാഹരണമാകുന്നു എന്നും ശേഷങ്ങൾ ശാലാസംഘാതിസാധാരണങ്ങളുമാകുന്നു എന്നും ഓർിഞ്ഞുകൊൾക.

ഉപജ്ഞോപക്രമാന്താശ്ച തദാദിതപ്രകാശനെ
കോപജ്ഞ കോപകൃമാദികന്ഥാശീനരനാമസു. ൨൮

ഉപജ്ഞാന്തവും ഉപക്രമാന്തവുമായ സമാസം നപുംസകലിംഗമാകുന്നു. ഉപജ്ഞോപക്രമങ്ങളുടെ ആദ്യതപം ദ്യോതിപ്പിക്കപ്പെടുന്നു എങ്കിൽ എന്നു പൂർവ്വാർദ്ധത്തിന്റെ സാരമാകുന്നു. ഉപജ്ഞാശബ്ദത്തിനു പ്രഥമജ്ഞാതമെന്നും ഉപക്രമശബ്ദത്തിനു പ്രഥമോപക്രാന്തമെന്നും അർത്ഥമാകുന്നു എങ്കിൽ ഉപജ്ഞാന്തമായ സമാസവും ഉപക്രമാന്തസമാസവും നപുംസകലിംഗമാകുന്നു എന്നു ഗ്രഹിച്ചുകൊൾക. കോപജ്ഞാകോപക്രമാദി എന്നതിനു് കോപജ്ഞം, കോപക്രമം ഇത്യാദി ഉദാഹരണമാകുന്നു എന്നു

സാരം. കോപജ്ഞം പ്രജാ കോപക്രമംലോകഃ എന്നരണ്ടെടുത്തും വിശേഷ്യം ചേർത്തുകൊൾക. കോപജ്ഞം പ്രജാ എന്നതിനു് പ്രജാകോപജ്ഞമാകുന്ന എന്നർത്ഥം. പ്രജാ=ജനം. കോപജ്ഞം=കനാൽമുമ്പേ അറിക്കപ്പെട്ടതു്. കൻ=ബ്രഹ്മാവു്. കോപക്രമം കനാൽ മുമ്പേ ഉപക്രമിക്കപ്പെട്ടതു്. ഉപക്രമിക്ക=ആരംഭിക്ക ഇങ്ങനെ കോപജ്ഞ കോപക്രമശബ്ദങ്ങളുടെ അർത്ഥത്തെയും ഗ്രഹിച്ചുകൊൾക ഉശീനരനാമങ്ങളിൽ വച്ചു ഷഷ്ഠ്യന്തത്തിങ്കൽ നിന്നു പരമായ കനഥാശബ്ദമാകുന്ന അന്തത്തോടുകൂടിയ സമാസം നപുംസകമാകുന്നു എന്നു കനോശീനരനാമവു എന്നതിന്റെ അർത്ഥമാകുന്നു. സൈശമികനഥമെന്നുദാഹരണം.

ഭാവേനാണകചിങ് ഭ്യോന്യേ സമൂഹാ ഭാവകർമ്മണോഃ
അരന്തപ്രത്യയാഃ പുണ്യസുദിനാഭ്യാന്ത്യഹഃ പരഃ. 2൯൫

ന പ്രത്യയവും ണ പ്രത്യയവും ക പ്രത്യയവും ഭാവാർത്ഥമാകുന്ന അനുബന്ധത്തോടുകൂടിയ പ്രത്യയവുമല്ലാതെ ഭാവാർത്ഥങ്കൽ വിധിക്കപ്പെട്ട അകാരാന്തമായ ധാത്വർത്ഥപ്രത്യയമോ സമൂഹാദാവകർമ്മങ്ങളിൽ വിഹിതമായ അകാരാന്തപ്രത്യയമോ അകുന്ന അന്തത്തോടുകൂടിയ ശബ്ദങ്ങൾ നപുംസകങ്ങളാകുന്നു എന്ന അരന്തപ്രത്യയാഃ എന്നതുവരെയുള്ളതിന്റെ അർത്ഥം. ധാത്വർത്ഥപ്രത്യയാന്തോദാഹരണം. ഭവിതവ്യം, ഭാവ്യം, സഹിതം, ഭക്ഷമിത്യാദി ന പ്രത്യയാന്തമായാൽ പുംസ്ത്വം തന്നെ. പ്രശ്നഃ എന്നുദാഹരണം. ണ പ്രത്യയാന്തോദാഹരണം ന്യായഃ എന്നാകുന്നു; ക പ്രത്യയാന്തോദാഹരണം അഭൂതഃ ഇത്യാദി. ചിൽ പ്രത്യയാന്തോദാഹരണം ഭേപചഃ ഇത്യാദി. ഖഞന്തവുംപുല്ലിംഗംതന്നെഎന്നു ഗ്രഹിച്ചുകൊൾക. ഖഞന്തം പാകഃ ഇത്യാദി, ഭാവത്തിലല്ല എങ്കിൽ നപുംസകം തന്നെ എന്നു നിയമമില്ല; കർത്തവ്യാധർമ്മസംഗ്രഹ എന്ന സ്ഥലത്തിങ്കൽ പുല്ലിംഗമാകുന്നു. മൃതാവൈരീ എന്നിടത്തും മേൽപ്രകാരമാകുന്നു. സമൂഹാർത്ഥത്തിങ്കലെ ഉദാഹരണം ഭൈക്ഷംഗർഭിണമിത്യാദി. ഭാവാർത്ഥത്തിങ്കലെ ഉദാഹരണം. ഗോതമിത്യാദി. കർമ്മാർത്ഥത്തിങ്കലെ ഉദാഹരണം, രാജ്യമിത്യാദി. പുണ്യസുദിന ശബ്ദങ്ങളിൽനിന്നു പരമായ അഹഃ എന്ന ശബ്ദമാകുന്ന അന്തത്തോടുകൂടിയ ശബ്ദങ്ങൾ നപുംസകങ്ങളാകുന്നു എന്ന ശിഷ്ടത്തിന്റെ അർത്ഥം. പുണ്യാഹം, സുദിനാഹം, ഇവ ഉദാഹരണങ്ങളാകുന്നു. സുദിനാഹമെന്നുള്ളെടുത്തു് സുദിന

ശബ്ദംപ്രശസ്തമെന്ന അർത്ഥത്തോട്ടുകൂടിയതാകുന്നു എന്നു ഗ്രഹിച്ചുകൊൾക.

ക്രിയാവ്യയാനാം ഭേകോനേകതേപപ്യുക്ഥതോടകേ
ചോചം പിഞ്ഛം ഗൃഹസ്ഥൂണം തിരീടം മർമ്മയോജനം.

ക്രിയാവിശേഷണവും അവ്യയവിശേഷണവും നപുംസകമാകയും ഏകവചനാന്തമായും ഭവിക്കുമെന്നു ഏകതേപപി എന്നതുവരെ ഉള്ളതിന്റെ അർത്ഥമാകുന്നു. ക്രിയാവിശേഷണോദാഹരണം, മന്ദം പചതി ഇത്യാദി. അവ്യയവിശേഷണോദാഹരണം. രഹസഃ ഇത്യാദി. ഉക്ഥാദി യാജനാന്തങ്ങളായ ശബ്ദങ്ങൾ നപുംസകങ്ങളാകുന്നു എന്നു ശിഷ്ടത്തിന്റെ അർത്ഥം. ക്ഥം=സാമഭേദം. തോടകം=വൃത്തഭേദം. ചോചം=താലഫലം. തളീഫലമെന്നുമാം. പിഞ്ഛം=മയില്പീലി ബർഹമെന്നും പാഠമുണ്ട്. ഗൃഹസ്ഥൂണം=ഗൃഹസ്തംഭം. തിരീടം=വേഷ്ടനം. ശിരോഭൂഷണമെന്നും മതമുണ്ട്. മർമ്മം=സന്ധിസ്ഥാനം. മർമ്മ എന്നതു് പ്രാതിപദികമായിരിക്കുമ്പോൾ മർമ്മൻ എന്നായിരുന്നു. കേവലമകാരത്തിങ്കൽനിന്നു പരമായ അകാരവും സംയുക്തമകാരത്തിങ്കൽനിന്നു പരമായ അകാരവും ഇങ്ങനെ രണ്ടു അച്ചുകളോടുകൂടിയതുമാകുന്നു. ഇതിന്നു നപുംസകത്വം ടപ്രച് കമസിസുസനന്തമെന്നു മുൻപറഞ്ഞതുകൊണ്ടുസിദ്ധമായി. ഇവിടെ സത്രുപോപാദാനേന പിന്നെയും വിധിച്ചതു മുൻപറഞ്ഞതു അനിത്യമാകുന്നു എന്നതിനെ ജ്ഞാപിപ്പിപ്പാനായിക്കൊണ്ടാകുന്നു. അനിത്യതാജ്ഞാപനത്തിന്റെഫലം, തമശ്ശബ്ദം ടപ്രച് കമായി അസന്തമായിട്ടുള്ളതായാലും അതിന്നു അർത്ഥവിശേഷത്തിങ്കൽ പുംസ്ത്വസിദ്ധിയാകുന്നു. ഗുണാന്ധകാരശോകേഷു തമോഽന്വേഷുപുമാനയമെന്നു കോശാന്തരമുണ്ട്. പുമാനയമെന്നതിന്നു് പുല്ലിംഗമായിട്ടുമാമെന്നു അർത്ഥമാകകൊണ്ടു നപുംസകത്വത്തിന്നും വിരോധമില്ല. അതു ഹേതുവായിട്ടു തമസ്തരാഹുമിത്യാദി സപ്രയോഗത്തിന്നും രാഹുസ്തമോഗ്രഭസുരശ്ചേത്യാദി പ്രയോഗത്തിന്നും വ്യാഘാതമില്ലെന്നു അറിഞ്ഞുകൊൾകയും വേണം. യോജനം=ക്രോശചതുഷ്ടയം.

രാജസൂയം വാജപേയം ഗർഗ്ഗ്യപഞ്ചക്രതൂകവേഃ
മാണിക്യമാഷ്ട്യസിന്ധുരചിരച്ഛീവരപിഞ്ഛരം. ന ച

ലോകായതം ഹരിതാലം വിമലസ്ഥാലജ്യാല്ഹികം.

ഇതി നപുംസകസംഗ്രഹഃ.

—:*:—

അഥ പുന്നപുംസകസംഗ്രഹഃ.

പുന്നപുംസകയോശ്ശ്രേഷ്ടല്പ്പുറിണ്യാകകണ്ടകാഃ നവ.
രാജസൂയാദിബ്രാല°ഹികാന്തശബ്ദാങ്കം നപുംസകങ്ങളാ

ക്കുന്നു എന്ന രാജസൂയമിത്യാടി സാല്പശ്ലോകത്തിന്റെ അത്ഥമാകുന്നു. രാജസൂയം=യാഗവിശേഷം. വാജപേയം=യാഗവിശേഷം. ഗദ്യം=പദസമൂഹം. പദ്യം=ശ്ലോകം. മാണിക്യം=പത്മരാഗം. ഭാഷ്യം=പദാർത്ഥവിവൃതി. സിന്ദൂരം=രക്തചൂണ്ണവിശേഷം. ചീരം=വസ്ത്രവിശേഷം. ചീവരം=മുനിവസ്ത്രം. പിഞ്ജരം...പക്ഷ്യാദിബന്ധനാഗാരം. പഞ്ജരമെന്നും പാഠമുണ്ട്°. ശ്ലോകായതം=ഷാഡ്ഗുണ്യശാസ്ത്രം. ഹരിതാലം=ധാതുദ്രവ്യവിശേഷം. വിദലം=വംശദളംകൊണ്ടുണ്ടാക്കപ്പെട്ടതായതായ പാത്രം സ്ഥാലം=ഭാണ്ഡവിശേഷം. ബ്രാല°ഹികം=കുങ്കുമം. ബ്രാൽഹകമെന്നും ബ്രാൽഹവമെന്നും പാഠാന്തരങ്ങളുമുണ്ട്°. ഇതി നപുംസകപ്രകരണം.

പുന്നപുംസകയോശ്ശ്രേഷ്ഠ ഇത്യാദിയുടെ അർത്ഥം. ശേഷങ്ങളായ ശബ്ദങ്ങൾ പുന്നപുംസകലിംഗങ്ങളിൽ ഭവിക്കും. അല്പ്പാടിയുമപ്രകാരംതന്നെ എന്നാകുന്നു. അല്പ്പം=ജ്ഞിന്റെ അല്പം. പിണ്യാകം=തിലകല്കം. കണ്ടകം=രോമാഞ്ചം.

മോടകസ്തണ്ഡകഷ്ടംകശ്ശാടകഃ കുപ്പടോടർബ്ബുദഃ
പാതകോദ്യോഗഷാകതമാലാമലകാ നഡഃ നന.

ഇനി പ്രകരണാവസാനംവരെ പറയുന്ന ശബ്ദങ്ങളൊക്കെയും പ്രാഗുക്തമായ അല്പ്പാദിഗണൈകദേശത്തിന്റെ ശേഷമാകുന്നു. അതുകൊണ്ട° അല്പ്പാദികൾ പുന്നപുംസകങ്ങളാകുന്നു എന്നുപറഞ്ഞതുകൊണ്ടുതന്നെ. ഇതുകളുടെ ലിംഗത്തെ നിശ്ചയിച്ചുകൊൾക. അതാതു ശബ്ദങ്ങളുടെ അർത്ഥത്തെ മാത്രം ഇതിനു താഴെ പറയുന്നു.

മോടകം=ഭക്ഷ്യവിശേഷം. മോടകഃ പാഠ്യഭേദസ്ത്രീഹർഷുകേ പുനരാഖ്യവൽ എന്നു മേദിനിയുണ്ട്°. തണ്ഡകം=വ്യാധിവിശേഷം. (തണ്ഡകഃഖഞ്ജനേഹേനേ സമാസപ്രായവാചി ചഗുഹടാരുതരുസ്കന്ധമായാഖ്യാല്പലകേഷുച) എന്നു മേദിനിയുണ്ട്°. ടണ്ഡകഃ എന്നുപാഠാന്തരം. ടംകം=കല്ലുളി. ശാടകം=വസ്ത്രവിശേഷം. കുപ്പടം=വസ്ത്രവിശേഷം. അർബ്ബുദം=സംഖ്യാവിശേഷം. പാതകം=പാപം. ഉദ്യോഗം=ഉത്സാഹം. ഷാകം=വൈദ്യ

ശാസ്ത്രവിശേഷം. തമാലം=പച്ചിലമരം. ആമലകം=നെല്ലിക്ക. നഡം=തൃണവിശേഷം.

കുഷ്ഠം മുണ്ഡം ശീഥുബുസ്തം ക്ഷേപ്രഡിതം ക്ഷേമകുട്ടിമം
സംഗമം ശതമാനാമ്മശംബല്യാവ്യയതാണ്ഡവം. നാരു

കുഷ്ഠം=രോഗവിശേഷം. മുണ്ഡം=ശിരസ്സ്. ശീഥു=മദ്യം. ബുസ്തം=വറുത്ത മാംസം. പനസാദിഫലങ്ങളുടെ കുരുമുള്ള്; ചക്കിണിക്കുഞ്ഞു മുതലായതതന്നുമാം. പുസ്തമെന്നും പാഠമുണ്ട്. അപ്പുകാരമായാൽ, പുസ്തകമെന്നർത്ഥം. ക്ഷേപ്രഡിതം=വീരന്മാരാൽ ചെയ്യപ്പെട്ടസിംഹനാദം. ക്ഷേമം=കുശലം. കുട്ടിമം=തറ. സംഗമം=സംയോഗം ശതമാനം=മാനവിശേഷം. അമ്മം=നേത്രരോഗവിശേഷം ശംബലം=വണ്ണവിശേഷം. അവ്യയം=സർ ഇത്യാദി. താണ്ഡവം=നൃത്തം.

കവിത്ഥം കന്ദകാപ്പാസം പാരാവാരം യുഗന്ധരം
യൂപം പ്രഗ്രീവപാത്രീച്ച യൂഷം ചമസചിക്കസൌ. നാദി

കവിത്ഥം=കടിഞ്ഞാൺ. കന്ദം=കിഴങ്ങ്. കാപ്പാസം=പരുത്തി. പാരാവാരം=ഇരുകര. യുഗന്ധരം=രഥാവയവവിശേഷം. യൂപം=യജ്ഞസ്തംഭം. പൂയമെന്നപാഠാന്തരം. പ്രഗ്രീവം=കിളിവാതിൽ. പാത്രീവം=യജ്ഞപാത്രവിശേഷം യൂഷം=മണ്ഡം, തെളിഞ്ഞനഭാഷ. ചമസം=പാത്രവിശേഷം. ചിക്കസം=യവംമുതലായവയുടെ മാവ്.

അൽപ്രാദ്യേ ഘൃതാദീനാം പുംസ്ത്വം യച്ചൊദിതം ധ്രുവം
തന്നോക്തമിഹലോകേപിതച്ഛേദസ്ത്രീസ്തുദശേഷവൽ. നാസ

അൽപ്രാദിവസ്തുത്തിങ്കൽ ഘൃതശബ്ദം മുതലായ ശബ്ദങ്ങൾക്കു പുസ്ത്വംകൂടെ ഉള്ളതു് ഇവിടെ പറകപ്പെട്ടില്ല. ഏതു നിമിത്തമായിട്ടെന്നാൽ ഘൃതാദിശബ്ദങ്ങൾ പുല്ലിംഗങ്ങളായിട്ടു ഭേദത്തിങ്കൽ മാത്രമേ ഉള്ളൂ എന്നാണു് വൈയാകരണസിദ്ധാന്തം. അപ്രകാരമല്ല കാവ്യനാടകാദികളിലുമുണ്ടെങ്കിൽ ശേഷങ്ങൾക്കെന്നപോലെ ഘൃതാദിശബ്ദങ്ങൾക്കും പുന്നപുംസകത്വമിരിക്കട്ടെ എന്നർത്ഥം. ഇതി പുന്നപുംസകപ്രകരണം.

—o*o—

അഥ സ്ത്രീപുംസസംഗ്രഹപ്രാരംഭഃ.

സ്ത്രീപുംസയോരപത്യാന്താ ദ്വിചതുഷ്ഷഡുപദോരഗാഃ
ജാതിഭേദോഃ പുമാഖ്യാശ്ച സ്ത്രീയോഗൈസ്സഹമല്ലകഃ. ന൭൦

തസ്യാപത്യം എന്നഅധികരിച്ചു് പാണിനീയസൂത്രങ്ങളാൽ വിധിക്കപ്പെട്ട പ്രത്യയങ്ങളാകുന്ന അന്തങ്ങളോടുകൂടിയ ശബ്ദങ്ങൾ സ്ത്രീലിംഗങ്ങളായിട്ടും പുല്ലിംഗങ്ങളായിട്ടും ഭവിക്കുമെന്ന പ്രഥമപാദത്തിന്റെ അർത്ഥം. ഉപഗോരപത്യം സ്ത്രീ൪ഔപഗവീ, ഉപഗോരപത്യം പുമാൻ ഔപഗവഃ. ഇങ്ങിനെ അപത്യപ്രത്യയാന്തങ്ങളുടെ സ്ത്രീത്വപുംസ്ത്വങ്ങളെ ഗ്രഹിച്ചുകൊൾക. ദ്വിചതുഷ്ഷഡുപദോരഗാഃ ജാതിഭേദാഃ എന്നതിന്നു് ദ്വിപദങ്ങളെയും ചതുഷ്പദങ്ങളെയും ഷഡ്പദങ്ങളെയും ഉരസ്സുകൊണ്ടു് ഗമിക്കുന്നവയെയും പറയുന്നവയായ ജാതിശബ്ദങ്ങൾ സ്ത്രീലിംഗങ്ങളായിട്ടും പുല്ലിംഗങ്ങളായിട്ടും ഭവിക്കുമെന്നർത്ഥം. ദ്വിപദങ്ങൾ=രണ്ടു പദങ്ങളോടുകൂടിയവ. പദങ്ങൾ=കാലുകൾ. ചതുഷ്പദങ്ങൾ=നാലുപദങ്ങളോടു കൂടിയവ. ഷഡ്പദങ്ങൾ=ആറു പദങ്ങളോടു് കൂടിയവ. മാനുഷീ, മാനുഷഃ, ബ്രാഹ്മണീ, ബ്രാഹ്മണഃ ഗൗ, ഗൗഃ, നാഗീ, നാഗഃ, ഉരഗീ, ഉരഗഃ ഇത്യാദികൾ ഉദാഹരണങ്ങളാകുന്നു. പുമാഖ്യാസ്ത്രീയോഗൈഃ സഹ എന്നതിന്നു് സ്ത്രീയോഗങ്ങളോടു സഹിതങ്ങളായ പുരുഷനാമങ്ങൾ പുല്ലിംഗങ്ങളായിട്ടും സ്ത്രീലിംഗങ്ങളായിട്ടും ഭവിക്കുമെന്നർത്ഥം. സ്ത്രീയോഗങ്ങൾ=സ്ത്രീവൃത്തികൾ. ഉദാഹരണം- കേകയ=കേകയീ ഇന്ദ്രഃ ഇന്ദ്രാണീ ഇത്യാദി. മല്ലകഃ ച എന്നതിന്നു് മല്ലകശബ്ദവും മേൽപ്രകാരമെന്നർത്ഥം. മല്ലകാ മല്ലികാ ഇവ രണ്ടുമാം. സഹസല്ലകഃ എന്നും പാഠമുണ്ടു്.

യോനിവ്വരാടകസ്സ്വാതിവ്വർണ്ണകോഡാടലിർമനുഃ
മൂഷാസ്യപാടീകക്കന്ധുസ്ത്വഷ്ടിശ്ശാടീകടീകടീ. ന൭൫

ഇതി സ്ത്രീപുംസസംഗ്രഹഃ.

യോന്യാദികൃദന്തങ്ങളായ ശബ്ദങ്ങൾ സ്ത്രീലിംഗങ്ങളായിട്ടും പുല്ലിംഗങ്ങളായിട്ടും ഭവിക്കുമെന്നർത്ഥം. വരാടകം=കവിടി. സ്ത്രീലിംഗമായാൽ വരാടികാ എന്നരൂപം. സ്വാതി=ചോതിനക്ഷത്രം. വർണ്ണകം=ചന്ദനം. സ്ത്രീലിംഗമായാൽ വർണ്ണിക എന്നരൂപം. ഡാടലി=വൃക്ഷവിശേഷം. മൂഷാ=മൂശ. അത്രമൂഷാ നകാരാന്താ എന്ന ടീകാ. ഇതുകളിൽവച്ചു മൂഷാ എന്നതു് നകാരാ

ന്നമാകും എന്നു് അതിന്റെ അർത്ഥം. സ്വപാടി=പരിമാണവിശേഷം. കക്കന്ധു=ലന്തമരം. യഷ്ടി=കുറുവടി. ശാടി=വസ്ത്രവിശേഷം. കുടി=ഗൃഹം. കൂടി=വീടു്. യോനിർവ്വൃക്ഷാടകസ്ത്രുപാതി എന്ന പാഠത്തിൽ യോനിശബ്ദത്തിന്റെ സ്ഥാനത്തിങ്കൽ ചിമ്പർ ഊർമ്മിശബ്ദത്തെ ചേർത്തു പഠിക്കുന്നു. ഊർമ്മി=തിരമാലാ.

ഇതി സ്ത്രീപുംസകപ്രകരണം.

സ്ത്രീനപുംസകസംഗ്രഹപ്രാരംഭഃ.

സ്ത്രീനപുംസ്കയോർഭാവക്രിയയോഃ ഷ്ണാ ക ചിച്ച വുഞ്
ഔചിത്യമൈ ചിതീമൈത്രീ മൈത്ര്യംവുഞ്പ്രാഗ്ഹ ദാഹൃതഃ

ഭാവകർമ്മങ്ങളിൻ വരുന്ന ഷ്ണാ പ്രത്യയമാകുന്ന അന്തത്തോടുകൂടിയ ശബ്ദങ്ങൾ, സ്ത്രീലിംഗമായിട്ടും നപുംസകലിംഗമായിട്ടും ഭവിക്കും. മേൽപ്രായമുള്ള വുഞ് പ്രത്യയമാകുന്ന അന്തത്തോടുകൂടിയ ശബ്ദവും ഒരേടത്തു സ്ത്രീനപുംസകലിംഗമായി ഭവിക്കുമെന്നു് പൂർവാർദ്ധത്തിന്റെ അർത്ഥം. ഔചിത്യം, ഔചിതീ; മൈത്ര്യം, മൈത്രീ ഇതുകൾ ഷ്ണാന്തോദാഹരണങ്ങളാകുന്നു. ഔചിത്യം=ഉചിതത്തിന്റെ ഭാവം, ഔചിതീ എന്നർത്ഥമാം. മൈത്ര്യം=മിത്രകർമ്മം. മൈത്രി എന്നർത്ഥമാം. വുഞ് പ്രാഗ്ഹ ദാഹൃതഃ എന്നതിന്നു വുഞ്ചന്തം മുമ്പേ ഉദാഹരിക്കപ്പെട്ടു എന്നർത്ഥം. മിഥുനസ്യഭാവഃ കർമ്മവാ മൈഥുനികാ മൈഥുനികം എന്നിങ്ങനെ ഭാവകർമ്മങ്ങളിൽ രൂപഭേദമുണ്ടു് എന്നു ഗ്രഹിച്ചുകൊൾക.

ഷഷ്ട്യന്തപ്രാക്പദാസ്സേനാ ച്ഛായാ ശാലാ സുരാനിശാ
സ്വാദ്വന്നസേനംശ്വനിശം ഗോശാലമിതരേച്ചദികു. ൫൦

ഷഷ്ട്യന്തപൂർവ്വങ്ങളായി സേനാദിശബ്ദാന്തങ്ങളായ സമാസങ്ങൾ സ്ത്രീലിംഗങ്ങളായിട്ടും നപുംസകലിംഗങ്ങളായിട്ടും ഭവിക്കുമെന്നു് പൂർവ്വാർദ്ധത്തിന്റെ അർത്ഥം. നൃസേനം=നരന്മാരുടെ സേന എന്നർത്ഥം. നൃസേനാ എന്നുമാം. ശ്വനിശം=ശ്വാക്കളുടെ നിശാ, ശ്വനിശാ എന്നുമാം. നിശാ=രാത്രി; കൃഷ്ണചതുർദ്ദശിയുടെ പേരാകുന്നു. ഗോശാലം=ഗോക്കളുടെ ശാല. ഗോശാലാ എന്നുമാം. ഇതരേച്ചദികു എന്നതിന്നു് ഇതരങ്ങളും ഉദാഹരണമാകുന്നു എന്നർത്ഥം. ഇതരങ്ങൾ എന്നതുകൊണ്ടു് കുഡ്യച്ഛായം കുഡ്യച്ഛായാ, യവസുരം, യവസുരാ ഇത്യാദികളെ ഗ്രഹിച്ചു

കൊഠിക. കൂഡ്യച്ഛായം=കൂഡ്യത്തിന്റെ ഛായാ. കൂഡ്യം=ഭിത്തി. ഛായാ=നിഴൽ. കൂഡ്യഛായാ എന്നുമാം. യവസുരം=യവത്തിന്റെ സുരം. യവം=യവധാന്യം. സുര=മദ്യം. യവസുരാ എന്നുമാം

അബന്നന്തോത്തരപദോ ദ്വിഗ്വശ്ച പുംസിനശ്ചമൂപ്
ത്രിഖടഞ്ച ത്രിഖടീച ത്രിതക്ഷ്ണഞ്ച ത്രിതക്ഷ്ണ്യപി. രഘ

അബന്തോത്തരപദമായ ദ്വിഗുസമാസവും അന്നന്തോത്തരപദമായ ദ്വിഗുസമാസവും സ്ത്രീലിംഗമായിട്ടും നപുംസകലിംഗമായിട്ടും ഭവിക്കും. അന്നന്തോത്തരപദമായതിന്റെ നകാരത്തിന്നു ലോപമുണ്ടെന്നും പൂർവ്വാല്ത്തിന്റെ അത്തും. ത്രിഖടാ, ത്രിഖടീ, ത്രിതക്ഷം, ത്രിതക്ഷീ ഇവ ഉദാഹരണങ്ങളാകുന്നു. ത്രിഖടമെന്നതിന്നു് മൂന്നു ഖടകളുടെ സമാഹാരമെന്നത്തും. ഇവിടെ ഉത്തരപദമായ ഖടശബ്ദം അബന്തമാകുന്നു. അബന്തം അപ് പ്രത്യയമാകുന്നു അന്തത്തോടുകൂടിയതു്. അപ്പിന്റെ പകാരം കേൾക്കയുമില്ല. ത്രിഖടമെന്നു നപുംസകരൂപമാകുന്നു. സ്ത്രീലിംഗമായാൽ ത്രിഖടീ എന്നാകയും ചെയ്യും! ത്രിതക്ഷമെന്നതിന്നു് മൂന്നു തക്ഷാക്കളുടെ സമൂഹമെന്നത്തും. ത്രിതക്ഷൻ എന്നു സമാസം; നകാരത്തിന്നു ലോപം വരുമെന്നു പറഞ്ഞിട്ടുണ്ടല്ലോ. അതിന്നു ലോപം വന്നാൽ ത്രിതക്ഷ എന്നു ശേഷിക്കും. ഇതു് നപുംസകമാകയാൽ ത്രിതക്ഷ്ണമെന്നാകയും ചെയ്യും. സ്ത്രീലിംഗമായാൽ ത്രിതക്ഷി എന്നുമാകുന്നു.

ഇതി സ്ത്രീനപുംസകലിംഗപ്രകരണം.

അഥ ത്രിലിംഗസംഗ്രഹഃ.

ത്രിഷുപാത്രീപുടീവാടീപേടീകുവലദാഡിമൌ. ഇതി ത്രിലിംഗസംഗ്രഹഃ.

പാത്രീ ഇത്യാദി ദാഡിമാന്തങ്ങളായ ശബ്ദങ്ങൾ ത്രിലിംഗങ്ങളാകുന്നു. എന്നു ത്രിഷുപാത്രി ഇത്യാദ്യർദ്ധശ്ലോകത്തിന്റെ സാരമാകുന്നു. പാത്രഃ പാത്രീ പാത്രം. പുടഃ പുടിപുടം. വാടഃ വാടീ, വാടം. പേടഃ. പേടീ പേടം കുവലഃ കുവലീ, കുവലം. ദാഡിമഃ ദാഡിമീ. ദാഡിമം. ഇങ്ങിനെ അതാതു ലിംഗങ്ങളാകയാൽ വ

നമ

രുൻറ തൃതീയകാണ്ഡം ലിംഗാദിസംഗ്രഹവശ്യം

രുന്ന രൂപഭേദങ്ങളെ ഗ്രഹിച്ചുകൊൾക. ഇതി ത്രിലിംഗപ്രകരണം.

അഥ പരലിംഗാദിസംഗ്രഹഃ.

പരലിംഗംസപ്രധാനേദ്വന്ദ്വതൽ പുരുഷോപിതൽ
പരലിംഗമിത്യാദിയുടെ അത്ഥം.

സപ്രധാനമായ ദ്വന്ദ്വസമാസത്തിങ്കലും തൽപുരുഷ സമാസത്തിങ്കലും ഉത്തരപദത്തിന്റെ യാതൊരു ലിംഗം ഭവിക്കുന്നുവോ അതുതന്നെ ലിംഗമായി ഭവിക്കുന്നു എന്നു് പൂർവ്വാർദ്ധത്തിന്റെ അത്ഥം. സപ്രധാനം ഉഭയപദാത്ഥപ്രധാനം. ദ്വന്ദ്വോദാഹരണം മയൂരീകുക്കുടൌ കുക്കുടമയൂര്യൌ ഇത്യാദി തൽപുരുഷോദാഹരണം ധാന്യാർത്ഥഃ സപ്തഭീതിഃ സപ്തഭയം ഇത്യാദി.

അത്ഥാന്താപ്രാദൃലംപ്രാപ്താപന്നപൂർവ്വാഃ പരോപഗാഃ
തദ്ധിതാർത്ഥോദ്വിഗുസ്സംഖ്യാസർവ്വനാമതദന്തകാഃ. രുന്ന

അത്ഥാന്താഃ പരോപഗാഃ എന്നു. അന്വയം. അത്ഥശബ്ദമാകുന്ന അന്തത്തോടുകൂടിയ സമാസങ്ങൾ വിശേഷ്യലിംഗങ്ങളാകുന്നു. എന്നു സാരം. വിശേഷ്യലിംഗങ്ങൾ=വിശേഷ്യത്തിന്റെ ലിംഗംപോലെ ഇരിക്കുന്ന ലിംഗത്തോടുകൂടിയവ. ദ്വിജാത്ഥഃ സുപഃ ദ്വിജാത്ഥായവാഗ്വഃ ദ്വിജാത്ഥം പയഃ. ഇവ ഉദാഹരണങ്ങളാകുന്നു. പ്രാദൃലംപ്രാപ്താപന്നപൂർവ്വാഃ പരോപഗാഃ എന്നു് അന്വയം. പ്രാദിപൂർവ്വങ്ങളായ സമാസങ്ങളും അലംശബ്ദപൂർവ്വങ്ങളായ സമാസങ്ങളും പ്രാപ്തശബ്ദപൂർവ്വങ്ങളായ സമാസങ്ങളും അപന്നശബ്ദപൂർവ്വങ്ങളായ സമാസങ്ങളും വിശേഷ്യലിംഗങ്ങളാകുന്നു എന്നത്ഥം പ്രാദിപൂർവ്വസമാസോദാഹരണം അതിമാലോഹാരഃ അതിമാലാ ഹാരലതാ അതിമാലം മൌക്തികദാമ ഇത്യാദി. അലംപൂർവ്വസമാസോദാഹരണം അലംകുമാരിഃ ഇത്യാദി. പ്രാപ്തപൂർവ്വസമാസോദാഹരണം.—പ്രാപ്തജീവികഃ ഇത്യാദി. അപന്നപൂർവ്വസമാസോദാഹരണം—അപന്നജീവികഃ ഇത്യാദി. തദ്ധിതാത്ഥദ്വിഗുഃ പരോപഗഃ എന്നു അന്വയം. തദ്ധിതാർത്ഥത്തിങ്കലെദ്വിഗുസമാസം വിശേഷ്യ ലിംഗമാകുന്നു എന്നർത്ഥം. ഉദാഹരണം, പഞ്ചകപാലഃ പുരോഡാശഃ ഇത്യാദി. സംഖ്യാപരോപഗാ എന്നു അന്വയം. സംഖ്യാശബ്ദം വിശേഷ്യലിംഗമാകു

ന്ന എന്നർത്ഥം. ഉദാഹരണം. ഏകഃപുമാൻ. ഏകാസ്ത്രീ ഏകംകുലം ഇത്യാദി. സർവ്വനാമ പരോപഗഃ എന്ന അനുവർത്തനം, സർവ്വനാമണ്ടും വിശേഷ്യലിംഗമാകുന്ന എന്നർത്ഥം. ഉദാഹരണം സർവ്വോദേശഃ സർവ്വാനദി സർവം ജലമിത്യാദി. തദന്തകാഃ പരോപഗാഃ എന്ന അനുവർത്തനം. സംഖ്യാന്തസമാസവും സർവനാമാന്തസമാസവും വിശേഷ്യലിംഗങ്ങളാകുന്ന എന്നർത്ഥം സംഖ്യാന്തസമാസോദാഹരണം. ഉഭനത്രയഃ ഉഭനതിസ്രഃ ഉഭനത്രീണി ഇത്യാദി. സർവനാമാന്തസമാസോദാഹരണം പരമസർവഃ പരമസർവാ പരമസർവം ഇത്യാദി.

ബഹുവ്രീഹിരദിങ്നാമ്നാമുന്നേയം തദുദാഹൃതം
ഗുണദ്രവ്യക്രിയായോഗോപാധിഭിഃ പരഗാമിനഃ.

അദിങ്നാമ്നാം ബഹുവ്രീഹിഃപരോപഗഃ എന്ന അനുവർത്തനം. ദിങ്നാമങ്ങളല്ലാതെ ഇരിക്കുന്ന ശബ്ദങ്ങളെക്കൊണ്ടുള്ള ബഹുവ്രീഹിസമാസം വിശേഷ്യലിംഗമാകുന്ന എന്നർത്ഥം. തദുദാഹൃതം ഉന്നേയം എന്ന അനുവർത്തനം അതിന്റെ ഉദാഹരണത്തെ ഊഹിച്ചുകൊൾക എന്നുസാരം. ഉദാഹരണം—ബഹുധനഃ വൃദ്ധഭാര്യഃ ബഹുധനാ ബഹുധനമിത്യാദി. ദിങ്നാമ ബഹുവ്രീഹിയുടെ ഉദാഹരണം, ഉത്തരപൂർവാ ഇത്യാദി. വടക്കേ ദിക്കിന്റെയും കിഴക്കേദിക്കിന്റെയും അന്തരാളം എന്നു് ഉത്തരപൂർവം എന്നതിന്റെ അർത്ഥം. ഇതിനു വിശേഷ്യലിംഗതയില്ലായ്കയാൽ അദിങ്നാമ്നാമെന്നു പറയേണ്ടിവന്നു എന്നു അറിഞ്ഞുകൊൾക. ഗുണദ്രവ്യക്രിയായോഗോപാധിഭിഃ പരഗാമിനഃ പരോപഗാഃ എന്നു് അനുവർത്തനം. ഗുണയോഗമോ ദ്രവ്യയോഗമോ ക്രിയായോഗമോ ആകുന്ന ഉപാധികൊണ്ടു വിശേഷ്യത്തിങ്കൽ പ്രവൃത്തങ്ങളായ ശബ്ദങ്ങൾ വിശേഷ്യലിംഗങ്ങളാകുന്നു എന്നർത്ഥം. യോഗം=സംബന്ധം. ഗന്ധവതീ പൃഥിവീഗന്ധവാനശ്വാ ഗന്ധവൽ കുസുമം ഇവ നു-ം ഗുണയോഗപ്രവൃത്തങ്ങളുടെ ഉദാഹരണങ്ങളാകുന്നു. ദണ്ഡിനീസ്ത്രീ ദണ്ഡീപുമാൻ ദണ്ഡികുലം ഇവ നു-ം ദ്രവ്യയോഗപ്രവൃത്തങ്ങളുടെ ഉദാഹരണങ്ങളാകുന്നു. പാചികാസ്ത്രീ പാചകഃപുമാൻ പാചകംകുലം ഇവ നു-ം ക്രിയായോഗപ്രവൃത്തങ്ങളുടെ ഉദാഹരണങ്ങളാകുന്നു. ഗുണദ്രവ്യക്രിയായോഗോപാധയഃ പരഗാമിനഃ എന്നും പാഠമുണ്ടു്.

കൃതഃകർത്തൃസംജ്ഞായാം കൃത്യാ കർത്തരികർമ്മണി
അണാദ്യന്താസ്തു നാമക്താദ്യർത്ഥനാനാർത്ഥഭേദകാഃ

അസംജ്ഞായാം കൃത്തദ്ധി കൃൽപ്രത്യയാഃ പരോപഗാഃ എന്നു് അന്വയം. സംജ്ഞാഭിന്നങ്ങളായകർതൃത്വകൃൽപ്രത്യയാന്തങ്ങൾ വിശേഷ്യലിംഗങ്ങളാകുന്നു എന്നർത്ഥം. കർത്താപുമാൻ കർത്രീസ്ത്രീ കർത്തൃകുലം ഇത്യാദി ഉദാഹരണമാകുന്നു. കൃത്തദ്ധി കർമ്മണികൃത്യാഃ എന്നു് അന്വയം. കൃത്തുകർമ്മങ്ങളിൽ വന്നകൃത്പ്രത്യയമാകുന്ന അന്തങ്ങളോടുകൂടിയ ശബ്ദങ്ങൾ വിശേഷ്യലിംഗങ്ങളാകുന്നു എന്നർത്ഥം. തവ്യൽതവ്യ അനീയ ഇത്യാദിക ളായ കൃത്പ്രത്യയങ്ങളാകുന്നതു്. ഉദാഹരണം. വാസ്തവ്യോയംവാസ്തവ്യാസാവാസ്തവ്യമിദം ഇവ ന-ം കർതൃർത്ഥത്തിങ്കലെഉദാഹരണങ്ങളാകുന്നു. കൃത്യവ്യാധർമ്മഃകൃത്യാഭക്തിഃകൃത്യംഭോജനംഇവ ന -ം കർമ്മാർത്ഥത്തിങ്കലെ ഉദാഹരണങ്ങളാകുന്നു. ഉദാഹരണാന്തരങ്ങളെഊഹിച്ചുകൊൾക. തേനരക്താദൃർത്ഥേഅണാദൃന്തഃ നാനാർത്ഥഭേദകഃ പരോപഗഃ എന്നഅന്വയം. അതുകൊണ്ടു രക്തമായതു എന്നു തുടങ്ങിയുള്ള അർത്ഥത്തിങ്കൽ വിധിക്കപ്പെട്ട അണാദിപ്രത്യയങ്ങളാകുന്ന അന്തങ്ങളോടുകൂടിയവയായി പല വസ്തുക്കളുടെ വിശേഷങ്ങളായ്വരുന്ന ശബ്ദങ്ങൾ വിശേഷ്യലിംഗങ്ങളാകുന്നു എന്നർത്ഥം. ഉദാഹരണം.—കുസുംഭേനരക്തഃപടഃ കൌസുംഭഃ കുസുമ്പിൻപൂവിൻെറചായംകൊണ്ടു രക്തമായതെന്നു കൌസുംഭശബ്ദത്തിൻെറ അർത്ഥം. രക്തം=നിറംമാറിയതു്. പടം=വസ്ത്രം വസ്ത്രവാചകശബ്ദം തന്നെ സ്ത്രീലിംഗമായിട്ടും നപുംസകലിംഗമായിട്ടുമിരുന്നാൽ കൌസുംഭശബ്ദവും അപ്രകാരമിരിക്കും. കൌസുംഭീശാടീ കൌസുംഭംവാസഃ എന്നു ഉദാഹരണം. മാധുരഃ പുമാൻ മാധുരീസ്ത്രീ മാധുരം ജനവ്വന്ദം. ഗ്രാമ്യഃപുമാൻ ഗ്രാമ്യാസ്ത്രീ ഗ്രാമ്യംഗീതം. ഇവയും ഉദാഹരണങ്ങളാകുന്നു. മാധുരഃ പുമാനെന്നൊടുത്തു മധുരാശബ്ദത്തിങ്കൽനിന്നു പരമായിട്ടു അൺപ്രത്യയം ആഗതാർത്ഥത്തിങ്കലാകുന്നു. മധുരാരാജധാനിയിൽനിന്നു വന്നവനെന്നർത്ഥം.: ഇപ്രകാരം മാധുരീസ്ത്രീ മാധുരംജനവ്വന്ദം എന്ന ഉദാഹരണങ്ങളുടെയും അർത്ഥങ്ങളെ ഗ്രഹിച്ചുകൊൾക. ഗ്രാമ്യഃപുമാനിത്യാദികളിൽ ഭാവാർത്ഥത്തിങ്കൽ യൽപ്രത്യയമാകുന്നു.

ഷഡംസംജ്ഞകാസ്ത്രിഷു സമായുഷ്മദസ്മത്തിങ്വ്യന്വയം
പരംവിനോദ്യേ ശേഷം തു ജ്ഞേയം ശിഷ്ടപ്രയോഗതഃ

ഇതി ലിംഗാദി സംഗ്രഹവർഗ്ഗഃ.

ഷഡംസംജ്ഞകാഃ ത്രിഷു സമാഃ എന്നു് അന്വയം. ഷഡം എന്ന സംജ്ഞയോടുകൂടിയ ശബ്ദങ്ങൾ മൂന്നു ലിംഗങ്ങളിലും തുല്യരൂ

പങ്ങളാകുന്നു. ഷകാരന്തങ്ങളായ സംഖ്യാശബ്ദങ്ങളും നകാരാന്ത
ത്രപങ്ങളായ സംഖ്യാബ്ദങ്ങളും കതിശബ്ദവും ഷഷ്ഠം എന്നസംജ്ഞ
യോടുകൂടിയവയാകുന്നു. ഷഡിമേ ഷഡിമാഃ ഷഡിമാനി പഞ്ചപു
മാംസഃ പഞ്ചസ്ത്രീയഃ പഞ്ചകുലാനി കതിപുരുഷാഃ കതിസ്ത്രീയഃ
കതികുലാനി ഇവ ഉദാഹരണങ്ങളാകുന്നു. യുഷ്മദസ്മത്തിങ്ങവ്യയം
ത്രിഷു സമം എന്നുഅനാഢ്യം. യുഷ്മച്ഛബ്ദവും അസ്മച്ഛബ്ദവും തിങ
ന്തവുംഅവ്യയവും മൂന്നു ലിംഗങ്ങളിലും തുല്യത്രപങ്ങളാകുന്നു എന്ന
ത്ഥം. തപംപുമാൻ തപംസ്ത്രീ തപംകുലത്രം എന്നു യുഷ്മത്തിന്റെ
ഉദാഹരണങ്ങളാകുന്നു അസ്മത്തിന്റെ ഉദാഹരണങ്ങൾക്കു ത
മെന്നതിനുപകരം അഹമെന്നാക്കിക്കൊൾക. തിങന്തോദാഹര
ണം—പചതോഭവതി സ്ഥാലീഭവതി പാത്രംഭവതി ഇത്യാദി. അവ്യ
യോദാഹരണം—ഉച്ചൈഃദാരാഃ ഉച്ചൈഃസ്ത്രീ ഉച്ചൈഃകുലം ഇ
ത്യാദികുന്നു. സമാനബലങ്ങളായ വിധിവാക്യങ്ങൾ ഏകവിഷയ
ത്തിങ്കൽ പ്രാപിച്ചാൽ പരവാക്യത്താൽ വിധിക്കപ്പെട്ട ലിംഗംത
ന്നെഭവിക്കുമെന്നു പരം വിരോധേ എന്നതിന്റെ അർത്ഥമാകു
ന്നു. മാനുഷഃ മാനുഷി എന്നുദാഹരണം. ഇവിടെ കഷ്ണഭ
രോപാന്താ എന്നവിധിയാൽ പുംസ്ത്വവും ടിഡ്ഢാണ്ഢ്യഷ്ഠഞ്
പ്രത്യയാദിവിധിയാൽ സ്ത്രീപുംസത്വവും പ്രാപിക്കപ്പെട്ടു എ
ങ്കിലും സ്ത്രീപുംസത്വ വിധിവാക്യത്തിനു പരത്വമുണ്ടാക നിമി
ത്തമായിട്ട് സ്ത്രീപുംസത്വംതന്നെ ഭവിക്കുമെന്നറിഞ്ഞുകൊൾക.
ശേഷം തു ശിഷ്ടപ്രയോഗതഃ ജ്ഞേയം എന്നു് അനാഢ്യം ഇവി
ടെ പറയാത്തതൊക്കെയും ഭാഷ്യകാരാദി പ്രയോഗംകൊണ്ടു് അ
റിഞ്ഞുകൊൾക എന്നർത്ഥം. അല്ലാ ഏങ്കിൽ ഇവിടെ പറയാത്ത
ശബ്ദലിംഗത്തെ മഹാകവിപ്രയോഗംകൊണ്ടു് അറിഞ്ഞുകൊൾക
എന്നർത്ഥം.

ഇതി ലിംഗാദി സംഗ്രഹവഗ്ഗഃ.

ഇത്യമരസിംഹകൃതൌ നാമലിംഗാനുശാസനേ
സാമാന്യകാണ്ഡസ്തൃതീയസ്സാംഗ ഏവ സമർത്ഥിതഃ.

ഇപ്രകാരം അമരസിംഹന്റെ കൃതിയായ നാമലിംഗാനു
ശാസനത്തിങ്കൽ സാമാന്യമെന്നു പേരോടുകൂടിയ തൃതീയകാണ്ഡം
അംഗങ്ങളോടുകൂടെത്തന്നെ സമർത്ഥിതമായി എന്നർത്ഥമാകുന്നു.

ഇതി വാഗ്ഭാരസ്വാപനാമക രാമാനന്ദനാഥപണ്ഡിത
വിരചിതാവമരസിംഹവ്യാഖ്യായാം
ബാലപ്രിയാഖ്യായാം തൃതീയകാണ്ഡം
സമാപ്തം..

ഭാഷാപ്രേമികളുടെ എല്ലാവിധ സംശയങ്ങൾക്കും

ഉത്തരം നല്കുന്ന

V. V. ഇംഗ്ലീഷ്—മലയാളം

ഡിക്ഷ്ണറി

അദ്ധ്യാപകന്മാർക്കും വിദ്യാർത്ഥികൾക്കും മറ്റു സാഹിത്യ കുതുകികൾക്കും സ്ഥാപനങ്ങൾക്കും മറ്റും പറ്റിയ ഒരുത്തമ ഗ്രന്ഥം.

5 0 0

ഭാഷയിലും സംസ്കൃതത്തിലും ഇപ്പോൾ നപ്പടിലുള്ള വാക്കുകൾ മുഴുപ്പെടുത്തി എഴുതിയിട്ടുള്ള

വിദ്യാർത്ഥി നിഘണ്ടു.

2 4 0

പരസഹായംകൂടാതെ ഇംഗ്ലീഷ് ഭാഷാഭ്യാസത്തിനാരംഭവും പഠിയ്ക്കുവാൻ

ഇംഗ്ലീഷ് ശതോപാദ്ധ്യായൻ

4 0 0

ഹിന്ദി അഭ്യസിക്കുന്നവർക്ക്

ഇതാ ഒരു പുതിയ പ്രസിദ്ധീകരണം!

ഹിന്ദീ-മലയാളം

ബൃഹത് ശബ്ദകോശം

അദ്ധ്യാപകന്മാർ, വിദ്യാർത്ഥികൾ തുടങ്ങി ഹിന്ദിഭാഷയുമായി ഇടപെടുന്ന എവർക്കും ഏറ്റവും പ്രയോജനകരവും കാലോചിതവുമായ ഒരു നിഘണ്ടു.

1 6 0

62 വയസ്സുള്ള ആരുടേയും ജാതകം അറിയുന്നതിനും ഫലങ്ങളും നിർണ്ണയിക്കുന്നതിനും ഏറ്റവും പറ്റിയ കൊല്ലവർഷം 1061 മുതൽ 1122 വരെയുള്ള

നൂറു വർഷത്തെ പഞ്ചാംഗം.

12 0 0

മാനേജർ, വി. വി. പ്രസ്സ്— കൊല്ലം.

ജ്യോതിഷപുസ്തകങ്ങൾ.

		ഉ	ണ
പ്രശ്നമാർഗ്ഗം	പൂർവ്വാർദ്ധം	2	4
ടി	ഉത്തരാർദ്ധം	2	8
ഫലദീപിക		2	4
ഭാവകുതൂഹലം		1	8
ദൈവജ്ഞവല്ലഭ		0	12
സ്ത്രീജാതകം		0	9
പഞ്ചപക്ഷിശാസ്ത്രം		1	2
സീതാജ്യോതിഷം		0	6
ബൃഹജ്ജാതകപദ്ധതി		2	4
ജാതകാലങ്കാരം		0	12
സാരാവലി		4	0
ദശാഫലമുക്താവലി		2	4
ജാതകചന്ദ്രിക		0	9
ജ്യോതിഷസാരസംഗ്രഹം	ഒന്നാംഭാഗം	0	9
ടി	രണ്ടാംഭാഗം	0	9
ജാതകപാരിജാതകം		2	4
നക്ഷത്രപ്രകാശിക		0	9
ഗണിതന്യായം		5	0

തച്ചുശാസ്ത്രപുസ്തകങ്ങൾ.

ശില്പകൌമുദി	0	12
തന്ത്രസമുച്ചയം	0	12
ശില്പിരത്നം	1	2
മനുഷ്യാലയമഹാചന്ദ്രിക	2	4
വാസ്തുവിദ്യ	0	12

TPL
STOCK VERIFIED
1995

മാനേജർ, വി. വി പ്രസ്സ്—കൊല്ലം.

1 പ്രഥമഖാണ്ഡം-സ്വർഗ്ഗവർഗ്ഗപ്രാരംഭ:
19 വ്യോമവർഗ്ഗ പ്രാരംഭ:
20 ദിഗ്വർഗ്ഗ പ്രാരംഭ:
28 കാലവർഗ്ഗപ്രാരംഭ:
36 ധീവർഗ്ഗപ്രാരംഭ:
42 ശബ്ദാദിവർഗ്ഗപ്രാരംഭ:
49 നാട്യവർഗ്ഗപ്രാരംഭ:
61 പാതാളഭോഗിവർഗ്ഗപ്രാരംഭ:
65 നരകവർഗ്ഗ പ്രാരംഭ:
66 വാരിവർഗ്ഗ പ്രാരംഭ:
81 ദ്വിതീയകാണ്ഡം-ഭൂവർഗ്ഗപ്രാരംഭ:
87 പുരവർഗ്ഗ പ്രാരംഭ:
94 ശൈലവർഗ്ഗ പ്രാരംഭ:
96 വനവർഗ്ഗ പ്രാരംഭ:
101 ഔഷാധിവർഗ്ഗ പ്രാരംഭ:
162 മൃഗവർഗ്ഗ പ്രാരംഭ:
178 മനുഷ്യവർഗ്ഗ പ്രാരംഭ:
225 ബ്രഹ്മവർഗ്ഗ പ്രാരംഭ:
244 ക്ഷത്രിയവർഗ്ഗ പ്രാരംഭ:
278 വൈശ്യവർഗ്ഗ പ്രാരംഭ:
310 ശൂദ്രവർഗ്ഗ പ്രാരംഭ:
325 തൃതീയകാണ്ഡം-വിശേഷ്യനിഘ്നവർഗ്ഗ പ്രാരംഭ:
371 നാനാർത്ഥവർഗ്ഗ പ്രാരംഭ:
451 നാനാർത്ഥവ്യയവർഗ്ഗ പ്രാരംഭ:
461 അവ്യയവർഗ്ഗ പ്രാരംഭ:
468 ലിംഗാതിസംഗ്രഹവർഗ്ഗ പ്രാരംഭ:
474 അഥപുല്ലിംഗസംഗ്രഹ:
485 അഥപുന്നപുംസകസംഗ്രഹ:
487 അഥസ്ത്രീപുംസസംഗ്രഹപ്രാരംഭഹ:
488 സ്ത്രീനപുംസകസംഗ്രഹപ്രാരംഭ:
489 അഥത്രിലിംഗസംഗ്രഹ
490 അഥപരലിംഗാദിസംഗ്രഹ: